ഐതിഹ്യമാല

ഒന്നാംഭാഗം.

മ. രാ. രാ.

കൈട്ടാരത്തിൽ ശങ്കുണ്ണി അവർകൾ

എഴുതിയത്.

പ്രസിദ്ധകൻ

[redacted]

തൃശിവപേരൂർ

[redacted]

അച്ചടിച്ചത്.

1091.

All Rights Reserved.

വില ഉറുപ്പിക ഒന്ന്.

Digitised By Kerala Sahitya Akademi

പുണ്യം

കരുണാ സുരം കല്പിച്ചുതന്ന

അനുവാദപ്രകാരം

പൂരാടം തിരുനാൾ തിരുഅവതാരം

ചെയ്തരുളിയ

സേതുലക്ഷ്മീഭായി

ആറുങ്ങൽ മുത്തതമ്പുരാൻ തിരുമനസ്സിലെ

തൃപ്പാദാരവിന്ദത്തിങ്കൽ

'ലക്ഷ്മീഭായീ' ഗ്രന്ഥാവലിയുടെ

ആജ്ഞാംലക്ഷണമായ

ഈ 'ഐതിഹ്യമല' പുസ്തകത്തെ

സവിനയാദരം

സമർപ്പിച്ചുകൊള്ളുന്നു.

തൃപ്പാദഭക്തനായ

വെള്ളാറ്റുൽ നാരായണൻമേനോൻ

പ്രസാധകൻ.

Digitised By Kerala Sahitya Akademi

മുഖവുര

പ്രസിദ്ധനായ 'ശങ്കുണ്ണി' എന്ന വർഷങ്ങളുടെ തൂലികാപ്രസാദവും ഗ്രന്ഥകർത്താവിന്റെ പ്രസാദവും ഈഗ്രന്ഥത്തിനു ഒരു വിശേഷാൽ ഭൂഷണമായിത്തീർന്നിട്ടുള്ളതുകൊണ്ടും അവയിൽനിന്ന് ചില തിരുത്തുകളുടെ മാഹാത്മ്യങ്ങളും ഈ ഗ്രന്ഥത്തിന്റെ ഉത്ഭവപരിണാമങ്ങളും മറ്റും പ്രായേണ സുഗമഗ്രഹമായിരിക്കുന്നതിനാലും തൽസംബന്ധം ഒന്നുംതന്നെ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല. 'പറയിപെറ്റ പന്തിരുകുലം' മുതലായ പല ഐതിഹ്യങ്ങളും പ്രസിദ്ധപ്പെടുത്തീട്ടുള്ള 'ഭാഷാപോഷിണി' മാസികകളിൽ എന്റെ ചില സ്നേഹിതന്മാർ എന്നോടാവശ്യപ്പെടുകയും അവയെ ഞാൻ അവർക്കു കൊടുക്കുകയും പതിവായിരുന്നു. സ്നേഹിതന്മാർക്ക് ഐതിഹ്യവായനയിൽ ഔത്സുക്യവും തന്നിമിത്തം എനിക്കു ബുദ്ധിമുട്ടും ക്രമേണ വർദ്ധിച്ചുവരികയാൽ രണ്ടുകൂട്ടരുടേയും സൌകര്യത്തിനുവേണ്ടി ഏതാനും ഐതിഹ്യങ്ങൾ ചേർത്ത് ഒരുമിച്ചടിപ്പിക്കുന്നതിന് അനുവദിച്ചാൽ കൊള്ളാമെന്നു ഞാൻ എന്റെ പ്രിയ സുഹൃത്തായ കൊട്ടാരത്തിൽ ശങ്കുണ്ണിയവർകളോടപേക്ഷിക്കയും അദ്ദേഹം അപേക്ഷാനുസരണം പ്രവർത്തിക്കയും ചെയ്തതിനാലാണ് ഈ ഗ്രന്ഥം ഇത്ര വേഗം സുജ്ഞാനസമക്ഷം ആവിർഭവിക്കുവാൻ ഇടയായത് എന്നു സന്തോഷസമേതം പ്രസ്താവിച്ചുകൊള്ളുന്നു.

മലയാളഭാഷാതിവൃദ്ധിക്കുത്സാഹിക്കുന്നവർ 'കൊട്ടുന്ന താളത്തിനെല്ലാം തുള്ളുന്ന' ഒരു സരസനാണ് ഈ ഗ്രന്ഥകർത്താവ് എന്ന് അറിയാത്തവർ ഭാഷാഭിമാനികളിൽ വല്ലവരുമുണ്ടെങ്കിൽ അവർ, വിദ്വാനായ പന്തളം കൃഷ്ണവാരിയർ അവർകളും എഴുതിയതും ഇതിൽതന്നെ ചേർത്തിട്ടുള്ളതുമായ, ഗ്രന്ഥകർത്താവിന്റെ ജീവചരിത്രം ഒന്നു മനസ്സിരുത്തി വായിക്കാൻ ഞാൻ അവരോടു ശിപാർശി ചെയ്യുന്നു. പ്രതിഫലേച്ഛകൂടാതെ ഭാഷാപോഷണാർത്ഥം യഥാശക്തി പ്രവർത്തിപ്പാൻ കച്ചകെട്ടി പുറപ്പെട്ടിട്ടുള്ള ശങ്കുണ്ണി അവർകളുടെ ഈ കൃതി ചില 'യോഗ്യ'ന്മാർക്കു പക്ഷേ രസിക്കയില്ലായിരിക്കാം. എന്നാൽ അതു ഗ്രന്ഥകർത്താവിന്റെയോ ഗ്രന്ഥത്തിന്റെയോ ന്യൂനതയല്ലാഞ്ഞതുകൊണ്ട് പരിഹരിപ്പാൻ നിവൃത്തിയില്ലാത്തതാണല്ലൊ. മഹാജനങ്ങൾ ഈ ഗ്രന്ഥത്തെ വേണ്ടവിധം ആദരിക്കുന്നതായാൽ ഇതിന്റെ രണ്ടാംഭാഗം ഉടനെ പ്രസിദ്ധപ്പെടുത്തുന്നതിനു ശങ്കുണ്ണിയവർകളും ഞാനും തയ്യാറാണെന്നുള്ള വിവരം സജ്ജനങ്ങളെ അറിയിച്ചുകൊള്ളുന്നു.

Digitised By Kerala Sahitya Akademi

'ലക്ഷ്മീഭായി' മാസികയുടെ ആവിർഭാവംമുതൽ അതിനെ പുത്രിനിർവിശേഷം സ്നേഹിച്ചുപോരുന്ന ശങ്കുണ്ണി അവർകൾ (ഇതോടുകൂടി) തന്റെ രണ്ട വിശേഷകൃതികളെക്കൊണ്ടു 'ലക്ഷ്മീഭായി ഗ്രന്ഥാവലി'യെ പോഷിപ്പിച്ചിട്ടുള്ളതിനാൽ എനിക്ക് ആ മഹാത്മാവിനോടുള്ള കൃതജ്ഞത ഇത്രയെന്നു പറഞ്ഞാലൊടുങ്ങുന്നതല്ല. എന്റെ അദ്ധ്യക്ഷയെ ശിരസാ സ്മരിച്ച ഗ്രന്ഥകർത്താവിന്റെ ജീവചരിത്രം എഴുതിത്തരുന്നതിനു കനിവുണ്ടായപന്തളം കുഞ്ഞുവാരിയർ അവർകളോടും വിവിധരസഘടിതസങ്കീർണ്ണമായ ആമുഖോപന്യാസത്താൽ ഈ ഗ്രന്ഥത്തെ അലങ്കരിച്ച കാവ്യസാമ്രാജ്ഞനായ 'കേസരി' അവർകളോടും ഇതിനെ വേണ്ടവിധം അച്ചടിച്ചുതന്ന 'ഭാരതവിലാസം' മുദ്രാലയാദ്ധ്യക്ഷനർവകളോടും എനിക്കുള്ള അകൈതവമായ കൃതജ്ഞതയേയും പ്രസാവിച്ചുകൊണ്ട് ഈ മുഖവുര അവസാനിപ്പിച്ചുകൊള്ളുന്നു. എന്ന് —

പ്രസാധകൻ
വെള്ളാപ്പള്ളി നാരായണമേനോൻ
'ലക്ഷ്മീഭായി' ഉടമസ്ഥൻ.

തൃശ്ശിവപേരൂർ,
1085 ചിങ്ങം 30.

Digitised By Kerala Sahitya Akademi

സംഗതിവിവരം.

	കൊട്ടാരത്തിൽ ശങ്കുണ്ണി	—	—	1
	ആമുഖോപന്യാസം	—	—	i
	പ്രസൂനം	—	—	1
ക.	മെമ്പകശ്ശേരി രാജാവ്	—	—	1
ഖ.	കോട്ടയത്തു രാജാവ്	—	—	5
ഗ.	മഹാഭാഷ്യം	—	—	10
ഘ.	ഭർത്തൃഹരി	—	—	19
ങ.	അദ്ധ്യാത്മരാമായണം	—	—	23
ന.	പറയിപെറ്റ പന്തിരുകുലം	—	—	26
ച	തലക്കുളത്തൂർ ഭട്ടതിരിയും പാഴൂർ പടിപ്പുരയും	—		52
ഛ.	വിലപമംഗലത്തു സ്വാമിയാർ	—	—	68
ജ.	കാക്കശ്ശേരി ഭട്ടതിരി	—	—	71
ഝ.	മുട്ടസ്സനമ്പൂരി	—	—	78
ഞ.	പുളിയാമ്പള്ളി നമ്പൂരി	—	—	88
ട.	കല്ലന്താറ്റിൽ ഗൃഹക്കാർ	—	—	94
ഠ.	കോലത്തിരിയും സാമൂതിരിയും	—	—	103
ഡ.	പാണമ്പാമ്പത്തു കോടൻഭരണിയിലെ ഉപ്പുമാങ്ങ			105
ഢ.	മംഗലപ്പള്ളിമൂത്തതും പൂന്നയിൽ പണിക്കരും	—		112
ണ.	കാലടിയിൽ ഭട്ടതിരി	—	—	117
ത.	വെണ്മണി നമ്പൂരിപ്പാടന്മാർ	—	—	131
ഥ.	കുഞ്ചമൺപോറ്റിയും മറപ്പള്ളിനമ്പൂരിപ്പാടും	—		139
ദ.	വയക്കരെ അച്ഛൻമൂസ്സ്	—	—	143
ധ.	കോഴിക്കോട്ടങ്ങാടി	—	—	152
ന.	കിടങ്ങൂർ കണ്ടുകാരൻ	—	—	154

Digitised By Kerala Sahitya Akademi

Digitised By Kerala Sahitya Akademi

കൊട്ടാരത്തിൽ ശങ്കുണ്ണി.

പുരാതന കാലങ്ങളിൽ ജീവചരിത്രമെഴുതുക എന്നതു വളരെ ചുരുക്കമായിരുന്നവല്ലോ.അതിന്റെ കാരണം, ഓരോ കാലങ്ങളിൽ ഉണ്ടായിരുന്ന മഹാന്മാർ എല്ലാവരും എല്ലാം കൊണ്ടും ഏകദേശം തുല്യകക്ഷ്യന്മാരായിരുന്നതിനാൽ അന്യോന്യം അധികബഹുമാനത്തിന് ഇടയില്ലാതെയിരുന്നതോ, അഥവാ പരസ്പരമുണ്ടായിരുന്ന മത്സരമോ അസൂയയോ ആയിരിക്കാം. തങ്ങളുടെ ജീവചരിത്രം തങ്ങൾതന്നെ എഴുതുകയെന്നുള്ളത് അവർക്കു ലജ്ജാവഹമായിരുന്നതിനാലായിരിക്കാം അവർ അങ്ങിനേയും ചെയ്യാതെയിരുന്നിട്ടുള്ളതെന്നു തോന്നുന്നു.

എല്ലാ അവസ്ഥയിലും കുറഞ്ഞവരായ അർവ്വാചീനന്മാക്കാണ് പൂർവ്വമഹാന്മാരുടെ ജീവചരിത്രം അറിയണമെന്നുള്ള ആഗ്രഹമുണ്ടാകുന്നത്. അപ്പോൾ അതിനു തക്കതായ യാതൊരു ലക്ഷ്യവും ഇല്ലാതെയിരുന്നാൽ അവക്കുണ്ടാകുന്ന ഇച്ഛാഭംഗം എത്രമാത്രമായിരിക്കുമെന്നുള്ളത് ഇപ്പോഴുള്ള ചരിത്രവായനക്കാർക്ക് എല്ലാവർക്കും അറിയാവുന്നതാണല്ലൊ.

ചെറുപ്പകാലംമുതൽ ഒരുമിച്ചു കളിക്കുകയും പഠിക്കുകയും മറ്റും ചെയ്തു വളർന്നുവന്ന എനിക്കു പൂർവ്വകവികളേക്കുറിച്ചുള്ളതുപോലെ ഒരു ബഹുമാനം ശങ്കുണ്ണി അവർകളേക്കുറിച്ചു തോന്നുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ നല്ലനല്ല പ്രബന്ധങ്ങൾ കാണുമ്പോൾ അവയിൽ അദ്ദേഹത്തിന്റെ ഒരു ജീവചരിത്രംകൂടി ചേർത്തിരുന്നുവെങ്കിൽ ഭാവികാലങ്ങളിലുണ്ടാവുന്നവർക്ക് അതു തൃപ്തികരവും സന്തോഷാവഹവുമായിരിക്കും എന്നും മിസ്റ്റർ ശങ്കുണ്ണിയുടെ ജീവചരിത്രം എഴുതുന്നതിന് എല്ലാംകൊണ്ടും ഇക്കാലത്തുള്ളവരിൽ യോഗ്യൻ ഞാൻതന്നെ ആണെന്നും തോന്നാറുണ്ടായിരുന്നു. മറ്റാരുടേയും വിഷയത്തിൽ എനിക്കിങ്ങിനെ തോന്നീട്ടില്ലാത്തതിനാൽ എന്റെ ഈ വിചാരം ശങ്കുണ്ണി അവർകളുമായി ബാല്യംമുതൽ ഇതുവരേയുള്ള സഹവാസംനിമിത്തം സിദ്ധിച്ചിട്ടുള്ള ദൃഢപരിചയംകൊണ്ടുണ്ടായിട്ടുള്ളതല്ലാതെ ചരിത്രമെഴുതുന്നതിന് എനിക്കുള്ള വൈദഗ്ദ്ധ്യാഭിമാനം കൊണ്ടാണെന്നു ഞാൻ വിചാരിക്കുന്നില്ല.

Digitised By Kerala Sahitya Akademi

ശങ്കുണ്ണി അവർകളുടെ ജീവചരിത്രം ഒന്നെഴുതേണ്ടതാണെന്നും അതു മറ്റൊരാളെന്നു വേണ്ടതാണെന്നുമുള്ള വിചാരം എന്റെ മനസ്സിൽ അങ്കുരിച്ചു വളർന്നുതുടങ്ങീട്ടു വളരെക്കാലമായെങ്കിലും ഇതുവരെ ഈ സംഗതിയെപ്പറ്റി ഞാൻ ആരോടും പറഞ്ഞിട്ടില്ല. ഇപ്പോൾ ഇതൊന്നും അറിയാതെ "കുട്ടിഭാരതി" എന്ന മാസികയുടെ മാനേജരും പത്രാധിപരുമായ വെള്ള ക്കുന്ന് നാരായണമേനോനവർകൾ പറയുന്ന പ്രേരണ എന്റെ മനോരഥത്തെ ഘടലീകരിക്കാൻ കാരണമായിത്തീർന്നതിനാൽ എനിക്ക് അദ്ദേഹത്തിന്റെ പേരിലുണ്ടായിരിക്കുന്ന കൃതജ്ഞത സീമാതീതമായിരിക്കുന്നു എന്നുള്ള വാസ്തവംകൂടി പ്രസ്താവിച്ചുകൊണ്ടു പ്രകൃതത്തിലേക്കു പ്രവേശിക്കുന്നു.

ശങ്കുണ്ണി അവർകളുടെ കുടുംബം വളരെ പുരാതനവും, കരയൽ ഗ്രാമസ്ഥാനവും മന്ത്രവാദവുംകൊണ്ട് അത്യന്തം പ്രസിദ്ധവുമായിട്ടുള്ളതാകുന്നു. അഖിലശാസ്ത്രപാരാവാരപാരംഗതനും അതിമാനുഷനും "പൂരാടംതിരുനാൾ" എന്നും പ്രസിദ്ധനുമായിരുന്ന അമ്പലപ്പുഴരാജാവിന്റെ കാലത്താണ് ഈ കുടുംബക്കാർ മന്ത്രവാദവിഷയത്തിലും മറ്റും അദ്ദേഹത്തിന്റെ പ്രീതിബഹുമാനങ്ങൾക്കു പാത്രീഭവിച്ചിട്ടുണ്ടെന്നുള്ള ഐതിഹ്യംതന്നെ ഈ കുടുംബത്തിന്റെ പുരാതനതാദികളെ സൂചിപ്പിക്കുന്നുണ്ട്.

ശങ്കുണ്ണി അവർകളുടെ പിതാവായ വാസുദേവൻ ഉണ്ണി അവർകൾ കുലക്രമാഗതമായ മന്ത്രവാദാതിരിക്കുന്നപോലെ തന്നെ സംഗീതം, കവികൗശലം മുതലായ കലാവിദ്യകളിലും അതിസമർത്ഥനും നല്ല കായ്വസ്ഥൻമായിരുന്നതിനാൽ ഏതദ്ദേശ്യരായ ഒട്ടെല്ലാവരുംതന്നെ അവരവരുടെ കുടുംബസാബന്ധങ്ങളായും സക്കാർസംബന്ധങ്ങളായുമുള്ള സകലകായ്യങ്ങളിലും അദ്ദേഹത്തിന്റെ ഉപദേശങ്ങളേയും സഹായങ്ങളേയും എല്ലായ്പോഴും അപേക്ഷിച്ചുകൊണ്ടിരുന്നിരുന്നു. അദ്ദേഹത്തിന്റെ ദ്വിതീയപുത്രനാണ് ഈ ശങ്കുണ്ണി അവർകൾ.

ശങ്കുണ്ണി അവർകളുടെ സാക്ഷാൽ നാമധേയം "വാസുദേവൻ" എന്നാണ്. അച്ഛന്റെ പേരും അതുതന്നെ ആയിരുന്നതിനാൽ അമ്മ ശൈശവത്തിൽ ഇദ്ദേഹത്തെ "തങ്കം" എന്നു വിളിച്ചുവന്നു. കാലക്രമേണ ആ ഓമനപ്പേരു "തങ്കു" എന്നായിത്തീർന്നു. ഈ പേരിന് അർത്ഥമൊന്നുമില്ലല്ലൊ എന്നു വിചാരിച്ചു പിന്നീടു "ശങ്കു" എന്നു വിളിച്ചുവരികയും അതോടുകൂടി ജാതിപ്പേരായ "ഉണ്ണി" എന്നുകൂടി ചേർത്ത് എല്ലാവരും "ശങ്കുണ്ണി" എന്നു പറഞ്ഞുതുടങ്ങുകയും ആ പേരു നടപ്പായിത്തീരുകയും ചെയ്തു. ശങ്കുണ്ണി അവർകൾക്ക് ഒരു ജ്യേഷ്ഠനും ഒരനുജനും എല്ലാവരിലും ഇളയവരായി രണ്ടു സഹോദരിമാരും ഉണ്ടായിരുന്നു.

ശങ്കുണ്ണി അവർകളുടെ ജനനം കൊല്ലവർഷം ക[illegible]മാണ്ടു മീനമാസം [illegible]-ാംനാൾ വിശാഖം നക്ഷത്രത്തിൽ കോട്ടയത്തു സംഭവിച്ചു

Digitised By Kerala Sahitya Akademi

കൊട്ടാരത്തിൽത്തന്നെ ആയിരുന്നു. ഇദ്ദേഹം പെരുപ്പത്തിൽ നല്ല സാമർത്ഥ്യവും ഗ്രഹണശക്തിയുമുള്ള ആളായിരുന്നുവെങ്കിലും വിദ്യാഭ്യാസവിഷയത്തിൽ വലിയ മടിയനായിരുന്നു. അച്ഛന്റെ നിർബ്ബന്ധനിമിത്തം ഇദ്ദേഹം ഒമ്പതാമത്തെ വയസ്സുമുതൽ പതിനൊന്നാമത്തെ വയസ്സുവരെ ചില ആശാന്മാരുടെ (എഴുത്തച്ഛന്മാരുടെ) അടുക്കൽ പഠിക്കാൻ പോയിക്കൊണ്ടിരുന്നു. അത് തന്നെ മനസ്സോടും സന്തോഷത്തോടുംകൂടി അല്ലായിരുന്നതിനാൽ അത്രയും കാലം കൊണ്ടു മലയാളം കഷ്ടിച്ചു വായിക്കാനും എഴുതാനും വശമായതല്ലാതെ ഗ്രന്ഥങ്ങളിലൊന്നും പഠിക്കാൻ ഇദ്ദേഹത്തിനിടയായില്ല. പാഠശാലകളിൽ ചേർന്നു പഠിക്കുകയെന്നുള്ളത് ഇദ്ദേഹം ഒരിക്കലും ഉണ്ടായിട്ടില്ലെന്നു മാത്രമല്ല; പത്തു വയസ്സു തികഞ്ഞതിനോടു കൂടി ആശാന്മാരുടെ അടുക്കൽ പോയിയുള്ള പഠിത്തം മതിയാക്കുകയും ചെയ്തു. അതിന്റെശേഷം പന്ത്രണ്ടു വയസ്സു കഴിയുന്നതുവരെ ഇദ്ദേഹം കേവലം മൃഗപ്രായമായി കാലക്ഷേപം ചെയ്യുതേ ഉള്ളൂ. ഏകദേശം പതിമൂന്നു വയസ്സായപ്പോൾ തന്റെ സമപ്രായന്മാരായ ചിലർ പഠിക്കാൻ പോകുന്നതു കാണുകയും പഠിത്തത്തിന്റെ ഫലത്തെക്കുറിച്ചുള്ള ബഹുമാനം തോന്നുകയും അപ്പോൾ തന്റെ അനഭിജ്ഞതയെപ്പറ്റി ഇദ്ദേഹത്തിനു പശ്ചാത്താപം ഉണ്ടാവുകയും തനിക്കും വല്ലതും പഠിച്ചാൽക്കൊള്ളാമെന്നുള്ള ഒരാഗ്രഹം സഹജമായി ഇദ്ദേഹത്തിന്റെ മനസ്സിൽ അങ്കുരിക്കുകയും ചെയ്തു.

അതിന്റെ ശേഷം മഹാവിദ്വാനായിരുന്ന "മണർകാട്ടു ശങ്കുണ്ണിവാര്യർ (എന്റെ അച്ഛൻ) അവർകളുടെ അടുക്കൽ സിദ്ധരൂപവും രഘുവംശകാവ്യം ഒന്നാംസർഗ്ഗത്തിൽ ഏതാനും ശ്ലോകങ്ങളും പഠിച്ചു. അപ്പോഴേക്കും ആ ഗുരുനാഥൻ കുറച്ചുകാലത്തേക്കു തന്റെ സ്ഥിരതാമസം പന്തളത്തു കോയിക്കലാക്കിയതിനാൽ പിന്നെയും ഏതാനും കാലത്തേക്കു ശങ്കുണ്ണി അവർകൾക്ക് ഒന്നും പഠിക്കാൻ തരമായില്ല. പതിമൂന്നു വയസ്സു കഴിഞ്ഞതിന്റെശേഷം പതിനാലാണ്ടു മിഥുനമാസത്തിൽ വിദ്വാൻ നാരായണനും വൈദ്യശ്രേഷ്ഠനും പ്രൗഢകവിയും ഗാർഹസ്ഥ്യനുമായിരുന്ന പതിമൂന്നാമാണ്ടു മീനമാസം പൊന്നു പരലോകപ്രാപ്തനായ വയക്കരെ ആയ്മ്മൻനാരായണൻമൂസ്സ് അവർകളുടെ അടുക്കൽ ശങ്കുണ്ണി അവർകൾ പിന്നെയും പഠിച്ചുതുടങ്ങി. അത് പതിമൂന്നാമാണ്ടു വൃശ്ചികമാസമായി നടന്നുകൊണ്ടിരുന്നതിനാൽ അത്രയും കാലംകൊണ്ടു ശങ്കുണ്ണി അവർകൾ രഘുവംശം, മാഘം, നൈഷധം മുതലായ കാവ്യങ്ങളിലെ ഏതാനും സർഗ്ഗങ്ങളും സഹസ്രയോഗം, ഗുണപാഠം, ചികിത്സാക്രമം, അഷ്ടാംഗഹൃദയം മുതലായ വൈദ്യശാസ്ത്രഗ്രന്ഥങ്ങളും പഠിക്കുകയും ഒരു വിധം വ്യൽപത്തി സമ്പാദിക്കുകയും ചെയ്തു. ആയ്മ്മൻനാരായണൻമൂസ്സ് അവർകൾക്കു പഠിപ്പിക്കുന്നതിനുള്ള വാസനയും സാമർത്ഥ്യവും അന്യസാധാരണങ്ങളായിരുന്നു. അപ്രകാരം താനും പഠിക്കുന്നതിനും ശങ്കു

Digitised By Kerala Sahitya Akademi

ണ്ടു. അവർകൾക്കുള്ള മനസ്സും ബുദ്ധിയും ഉത്സാഹവും അന്യാദൃശങ്ങളുമായിരുന്നു. അതിനാൽ ഒരുവിധം ശ്ലോകാർത്ഥം മനസ്സിലാക്കുവാനുള്ള തൊഴുന്നു സമ്പാദിക്കുന്നതിനു ശങ്കുണ്ണി അവർകൾക്ക് അധികമായ കാലതാമസവും പ്രയാസവും വേണ്ടിവന്നില്ല. ശങ്കുണ്ണി അവർകളേക്കാൾ അധികം കാലവും അധികം ഗ്രന്ഥങ്ങളും പഠിച്ചിട്ടുള്ള ചില സഹപാഠികൾ ചില ശ്ലോകങ്ങളുടെ പദം, വിഭക്തി, അന്വയം, അന്വയാർത്ഥം, പരിഭാഷ, ഭാവം(താൽപര്യാർത്ഥം)മുതലായവ അറിയാൻ പാടില്ലാതെ ഇങ്ങനെ വിഷമിക്കുന്ന അവസരങ്ങളിൽ ഗുരുനാഥന്റെ നിയോഗപ്രകാരം ഇദ്ദേഹം അവയെല്ലാം നിഷ്പ്രയാസം പറഞ്ഞുകൊടുക്കുന്നതു കണ്ടും കേട്ടും ഞാൻ മുതലായ സഹപാഠികൾ പലപ്പോഴും സന്തോഷിക്കുകയും അത്ഭുതപ്പെടുകയും ചെയ്യാറുണ്ട്. ശങ്കുണ്ണി അവർകളുടെ ബുദ്ധിശക്തിയുടെ സ്ഥിതിക്കു കുറച്ചുകാലം കൂടി അദ്ദേഹം മുന്നോട്ടു പഠിച്ചിരുന്നുവെങ്കിൽ ഒരു വൈദ്യനെന്നോ വൈയാകരണനെന്നോ താർക്കികനെന്നോ ജ്യോത്സ്യനെന്നോ, അഥവാ ചതുശ്ശാസ്ത്രപണ്ഡിതൻ എന്നോ തന്നെയോ ഉള്ള പരിചയം സമ്പാദിക്കുന്നതിന് അദ്ദേഹത്തിന് ഒരു പ്രയാസവും ഉണ്ടാകുമായിരുന്നില്ല. പക്ഷേ അദ്ദേഹത്തിന് അതിനൊന്നിനും ആഗ്രഹവും സംഗതിയും ഉണ്ടായിരുന്നില്ലെന്നേ ഉള്ളൂ. എങ്കിലും ആ വക സകലശാസ്ത്രങ്ങളിലും അല്പാല്പമായ ജ്ഞാനം അദ്ദേഹം സമ്പാദിച്ചിട്ടുണ്ട്. ഫ്രഞ്ചുകാരുടെ പ്രാബല്യമുണ്ടായപ്പോഴേക്കും വാഗ്ധാടികൊണ്ട് അച്ഛനും ഇതരകുടുംബങ്ങളുടെ ബാഹുല്യവും ഗൃഹഭരണശ്രദ്ധയിലുള്ള വൈമുഖ്യവും കൊണ്ടു ജ്യേഷ്ഠനും ഗൃഹകാര്യങ്ങൾ അന്വേഷിക്കുന്നതിനു സൗകര്യമില്ലാതെ വരികയാൽ ആ ഭാരമേറിയ കുടുംബകാര്യങ്ങൾകൂടി കയ്യേൽക്കേണ്ടതായിവന്ന മുഹൂർത്തം ശങ്കുണ്ണി അവർകൾക്കു ഗുരുമുഖേനയുള്ള വിദ്യാഭ്യാസം അക്കാലം മുതൽ നിഃശ്ശേഷം നിറുത്തേണ്ടതായിവന്നു. അതിനാൽ അഷ്ടാംഗഹൃദയംപോലും മുഴുവൻ പഠിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചില്ല. എങ്കിലും അദ്ദേഹം യഥാവസരം പിന്നെയും സംസ്കൃതങ്ങളായ ചമ്പൂപ്രബന്ധങ്ങളും നാടകങ്ങളും അലങ്കാരശാസ്ത്രങ്ങളും പഠനം സഹായമായി നോക്കി തന്റെ വ്യുൽപത്തിയെ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. ഇപ്പോഴും അദ്ദേഹം ആ വക പരിശ്രമങ്ങൾ കേവലം നിറുത്തിക്കളഞ്ഞിട്ടില്ല.

ശങ്കുണ്ണി അവർകൾ കാവ്യങ്ങൾ പഠിച്ചുതുടങ്ങുന്നതിനു മുമ്പുതന്നെ കേവലം വിനോദത്തിനായി ചില മണിപ്രവാളപദ്യങ്ങളും പാട്ടുകളും ഉണ്ടാക്കിത്തുടങ്ങുകയും അവയിൽ തന്റെ വാസനാബലത്തെ പ്രകടിപ്പിക്കുകയും ചെയ്തിരുന്നതിനാൽ ഇദ്ദേഹം മേലാൽ ഒരു കവിയായിത്തീരണമെന്നായിരുന്ന ഈശ്വരേച്ഛ എന്ന് ഊഹിക്കാൻ വഴിയുണ്ടായിട്ടുണ്ട്. ഇദ്ദേഹം പ്രബന്ധരൂപമായി ഒന്നാമതുണ്ടാക്കീട്ടുള്ള കൃതി ശതകത്രയത്തിലെ സുഭദ്രാഹരണമണിപ്രവാളമാണ്. അത് ഇദ്ദേഹം ഫ്രഞ്ചുകാരുടെ രണ്ടാമതു പ്രാബല്യകാലത്തിൽ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ

Digitised By Kerala Sahitya Akademi

തിരുമനസ്സിലെ നിർബ്ബന്ധംകൊണ്ടുണ്ടാക്കീട്ടുള്ളതുമാണ്. കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരമാണ് ഈ കൃതിപ്രയത്നം ഉണ്ടാക്കീട്ടുള്ളതെന്ന് ആ തിരുമനസ്സിലെ അനുമോദനശ്ലോകംകൊണ്ടും കവിയുടെ ഒരു പ്രാർത്ഥനാശ്ലോകംകൊണ്ടും സ്പഷ്ടമാകുന്നുണ്ട്. ആ ശ്ലോകങ്ങളെ താഴെ ചേർക്കുന്നു.

"കൊട്ടാരത്തിലെഴും കവീന്ദ്രമണിയാം
ശങ്കുണ്ണിയേറെപ്രിയ-
പ്പെട്ടാരെന്നുമാഴികേട്ടതീർത്ഥകൃതിയാ-
മിപ്പുസ്തകം സാദരം
കുട്ടൻതമ്പുരസപ്രമോദകരമായ്-
തീരാതിരിക്കില്ലിതിൻ-
മട്ടോരുന്നാളും മഹത്തരം സരസരേ!
വാങ്ങിച്ചു വായിക്കുവിൻ".

"കുട്ടിക്കീ ലോകമെല്ലാം വൃകനെ പെരിയ പുമാൻ
കോടിലിംഗേശകുഞ്ഞി-
ക്കുട്ടാഖ്യക്ഷോണിപാലൻ കനിവിനൊടരുളി-
ച്ചെയ്കയാൽ വൈകിടാതെ
തുഷ്ടിക്കായ്തീർത്തിടുന്നൊരു കൃതിയധുനാ
മന്ദനാകുന്ന ഞാനി-
ന്നൊട്ടാക്കത്തെറ്റു പാടീടിലുമതു സകലം
സജ്ജനം തീർത്തിടേണം".

ഈ കൃതിയെ ശങ്കുണ്ണി അവർകൾ ഉണ്ടാക്കീട്ടുള്ള പ്രധാനകൃതികളുടെ പേരുകൾ താഴെ ചേർക്കുന്നു.

മണിപ്രവാളകൃതികൾ.

ക. കേശവദാസചരിത്രം. ഖ. ആസന്നമരണചിന്താശതകം. ഗ. കേരളവർമ്മശതകം. ഘ. ലക്ഷ്മീരായീശതകം. ങ. മാടമഹീശശതകം. ച. യാത്രാചരിത്രം. ഛ. അത്ഭുതമയസപ്തതി. ജ. മുറജപചരിതം.

ഭാഷാനാടകങ്ങൾ (ഗദ്യം)

ഝ. മാലതീമാധവം. ഞ. വിക്രമോർവ്വശീയം.

ടി. പുരാണകഥകൾ.

ട. കുചേലഗോപാലം. ഠ. സീമന്തിനീചരിതം. ഡ. പാഞ്ചാലധനഞ്ജയം. ഢ. ഗംഗാവതരണം.

ടി. കല്പിതകഥകൾ.

ണ. ദേവീവിലാസം. ത. ജാനകീപരിണയം.

ആട്ടക്കഥകൾ.

ഥ. ശ്രീരാമപട്ടാഭിഷേകം. ദ. ശ്രീരാമാവതാരം. ധ. സീതാവിവാഹം. ന. ഭൂസുരഗോഗ്രഹണം.

Digitised By Kerala Sahitya Akademi

കൈകൊട്ടിക്കളിപ്പാട്ടുകൾ.

൧൧. നിവാതകവചവധം (൨൯ വൃത്തം). ൧൨. ശ്രീമൂലരാജവിലാസം (൧൦ വൃത്തം). ൧൩. വിക്രമോർവ്വശീചരിതം (൧൨ വൃത്തം). ൧൪. ധ്രുവചരിതം (൧൩ വൃത്തം). ൧൫. ശോണാദ്രീശപരിമാഹാത്മ്യം (൪ വൃത്തം). ൧൬. ഭദ്രോൽപത്തി ൧൭.

തുള്ളൽപ്പാട്ട്.

൧൮. ശ്രീഭൂതനാഥോത്ഭവം (ശീതങ്കൻ)

വഞ്ചിപ്പാട്ട്.

൧൯. കല്യാണോത്സവം.

ഗദ്യപ്രബന്ധങ്ങൾ.

൨൦. നൈഷധം. ൨൧. വിശ്വാമിത്രചരിത്രം.

ഇവ കൂടാതെ ഇദ്ദേഹം അനേകം ഓറഴ്ശോകങ്ങളും ചില്ലറക്കൃതികളും ഉണ്ടാക്കീട്ടുണ്ട്. മേല്പറഞ്ഞവയിൽ ൧൦ വ്യ൦ നമ്പർ കൃതികൾ മലയാളമനോരമാ പത്രത്തിൽ ചേർത്തുമാത്രം അച്ചടിച്ചു പ്രസിദ്ധപ്പെട്ടുത്തീട്ടുള്ളവയും ൧൯൦൨ ൧൦൦൩ ൧൨൦൩ ൧൩൦൩ നമ്പർ കൃതികൾ അച്ചടിക്കപ്പെട്ടിട്ടില്ലാത്തവയുമാണ്. ൧൨൦൩ നമ്പർ 'രാജാകേശവദാസചരിത്ര'വും ശങ്കുണ്ണി അവർകൾ ഫാന്സർ൧൦൦൩മാണ്ടിടയ്ക്കു കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരമുണ്ടാക്കീട്ടുള്ളതാണ്. ഇതിനെസ്സംബന്ധിച്ചു കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു ശങ്കുണ്ണി അവർകളുടെ പേക്കയച്ചിട്ടുള്ള ഒരു തിരുവെഴുത്തിലെ ചില ശ്ലോകങ്ങൾ താഴെ പകർത്തുന്നു.

മുൻപേ നമ്മുടെ കേരളത്തിലധികം
ക്ഷീണംകൊണ്ടു മാല്പോകരിൽ
തൻപേർ കൊണ്ടുനടന്ന യോഗ്യർ ചിലരി-
ങ്ങുണ്ടായിരുന്നില്ലയെ?
അൻപേറുന്നവരിൽ കൃതജ്ഞതയൊടാ-
ത്തീ നമ്മളാ മാന്യരേ
വൻപേറുന്ന ചരിത്രചിത്രമെഴുതി-
ക്കാണിക്കുവാൻ നോക്കണം.

ചിലരുടെ ചരിതം ഞാൻ തീർത്തിടാം പിന്നെവേറെ-
ചിലരുടെ കഥനന്നായ് താങ്കളുണ്ടാക്കിനോക്കൂ
പലരുമൊരുമയോടൊത്തിപ്രകാരം തുനിഞ്ഞാൽ
പലരുടെയ ചരിത്രഗ്രന്ഥവുംതീരുമല്ലൊ.

Digitised By Kerala Sahitya Akademi

ഭ്രജാനിക്കനെത്രുപമന്ത്രിമണിയായ്
നാട്ടാരിലിഷ്ടപ്പെട്ടം
"രാജാകേശവദാസ"നെന്നൊരുമഹാ-
നുണ്ടായിരുന്നില്ലയേം?
വ്യാജാപേതമവന്റെരജീവചരിതം
ശ്ലോകപ്പടിക്കുങ്ങാൻ
ഹേ!ജാത്യത്തൊടുവിസ്തരിച്ചുഴതെടോ!
സാരസ്യസാരാംബുധേ!

൧൦-ാം നമ്പർ "മാലതീമാധവം" ടി. കെ. കൃഷ്ണമേനോൻ ബി. എ., എം. ആർ. എ. എസ്. എഫ്. ആർ. എച്ച്. എസ് അവർകൾ "വിദ്യാവിനോദിനി"യുടെ പത്രാധിപരായിരുന്ന കാലത്ത് ആ മാസികയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്താനായി തർജ്ജമചെയ്യാൻ കൊടുക്കണമെന്ന് അദ്ദേഹം നിർബന്ധപൂർവ്വം ആവശ്യപ്പെടുകയാൽ തർജ്ജമചെയ്തിട്ടുള്ളതും അതോടുകൂടി പുസ്തകമായിട്ടു കൂടി അച്ചടിക്കപ്പെട്ടിട്ടുള്ളതുമാണ്. ൧൫-ാം നമ്പർ നാടകം ശംകുണ്ണി അവർകൾ ഫറന്യവൃത്തികത്തിൽ കോട്ടയത്തു വെച്ചു നടത്തപ്പെട്ട "ഭാഷാപോഷിണീ" സഭയിൽ വെച്ചുണ്ടായ കവിതാപരീക്ഷയിൽ ൪ മണിക്കൂർകൊണ്ടു ഉണ്ടാക്കീട്ടുള്ളതാണ്. ൧൬-ം ൧൭-ം നമ്പ്രു നാടകങ്ങൾ "കവനോദയ"ത്തിൽ ചേർത്തു പ്രസിദ്ധപ്പെടുത്താനായി കടത്തനാട്ടു തീപ്പെട്ടുപോയ ഉദയവർമ്മ ഇളയതമ്പുരാൻ തിരുമനസ്സിലേ കല്പനപ്രകാരവും ൧൮-ം ൧൯-ം നമ്പർ നാടകങ്ങളും ൨൦-ാം നമ്പർ ശതകവും "ഭാഷാപോഷിണീ സഭയുടെ നോട്ടീസിൻ പ്രകാരവും ൨൧-ം ൨൨-ം ൨൩-ം നമ്പർ ആട്ടക്കഥകൾ കീഴിണിപ്പുറത്തു സ്വാമിയാർ തിരുമനസ്സിലേ കല്പനപ്രകാരവും ൨൪-ാം നമ്പർ ആട്ടക്കഥ കൊച്ചി നാലാംകൂർ കുഞ്ഞിക്കിടാവുതമ്പുരാൻ തിരുമനസ്സിലേ കല്പനപ്രകാരവും ൨൫-ാം നമ്പർ ധ്രുവചരിതം ചെങ്ങന്നൂർ വഞ്ചിപ്പുഴത്തമ്പുരാൻ തിരുമനസ്സിലേ താൽപര്യപ്രകാരവും ഉണ്ടാക്കീട്ടുള്ളവയാണ്. ഇവയിൽ ൧൫-ം ൧൬-ം നമ്പർകൾ ഓരോകൊല്ലം ബി. എ. ക്ലാസിലേക്കു മദ്രാസ് സർവ്വകലാശാലക്കാരാലും ൧-ം ൨-ം ൩൦-ം നമ്പർകൾ ഒന്നിലധികം കൊല്ലങ്ങളിൽ സർക്കാർ പാഠശാലകളിലേക്കു തിരുവിതാംകൂർ ഗവർമ്മേണ്ടുവക ബുക്കുകമ്മട്ടിക്കാരാലും പാഠപുസ്തകങ്ങളായി സ്വീകരിക്കപ്പെട്ടിട്ടുണ്ട്.

കവിതാവിഷയത്തിൽ ശങ്കുണ്ണി അവർകൾക്കുണ്ടായിട്ടുള്ള പ്രസിദ്ധിയും ബഹുമതിയും ജനസമ്മതവും ഒട്ടും ചില്ലറയായിട്ടുള്ളവയല്ല. ഫറന്യവൃത്തികത്തിൽ ആദ്യമായി കോട്ടയത്തു കൂടിയ 'ഭാഷാപോഷിണി' സഭയിവെച്ചു നടത്തപ്പെട്ട മൂന്നു കവിതാപരീക്ഷകളിലും ശംകുണ്ണി അവ

Digitised By Kerala Sahitya Akademi

ർക്കും ചേരുകയും ജയിക്കുകയും അവയിൽ ഒന്നിനു സമ്മാനവും രണ്ടി നു പ്രശംസാപത്രങ്ങളും ലഭിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം തന്നെ തൃശ്ശിവപേരൂർ കൂടിയ "ഭാഷാപോഷിണീ" സഭയിൽവെച്ചു നടത്തപ്പെ ട്ട പദ്യപരീക്ഷയിലും ഗദ്യപരീക്ഷയിലും ശങ്കുണ്ണി അവർകൾ ചേരുക യും രണ്ടിലും ജയിക്കുകയും സമ്മാനങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇരുപതാം നമ്പർ നാടകത്തിന് ഒന്നാമതായും നൂറാം നമ്പർ ശതകത്തിനു രണ്ടാമതായും ഭാഷാപോഷിണീ സഭയിൽ നിന്നു ശങ്കുണ്ണി അവർകൾക്കു സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്. തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സു കൊണ്ട് ഒരു വളയും ഫ്രാൻസ്-ൽ നാടുനീങ്ങിപ്പോയ ലക്ഷ്മീഭായി ആറ്റിങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സുകൊണ്ടു രത്നഖചിതമായ ഒരുമോതിര വും കസവുഉത്തരീയവും മുതലായവയും കൊച്ചി വലിയതമ്പുരാൻ തിരുമന സ്സുകൊണ്ടു, വീരകേരള (മൂന്നാംകൂർ) തമ്പുരാൻ തിരുമനസ്സുകൊണ്ടും നാ ലാംകൂർ, എട്ടാംകൂർ, പതിനഞ്ചാംകൂർ മുതലായ തിരുമേനികളും കോഴി ക്കോട്ടു പടിഞ്ഞാറേകോവിലകത്തു വലിയതമ്പുരാനെന്ന മൂന്നാംകൂർ വി ദ്വാൻ മാനവിക്രമ എട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ടും മറവും മുണ്ടുക ളും കടത്തനാട്ടു തീപ്പെട്ടുപോയ ഉദയവർമ്മ ഇളയതമ്പുരാൻ തിരുമനസ്സു കൊണ്ടു പയ്യന്നൂർ പവിത്രമോതിരവും മുണ്ടുകളും മറവുമായി പലപ്പോഴാ യിട്ടു പല സമ്മാനങ്ങളും, കേരളകാളിദാസനെന്ന പ്രസിദ്ധനായിരിക്കു ന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാൻ സി എസ്. ഐ. തിരുമ നസ്സുകൊണ്ടും അവിടുത്തെ ജ്യേഷ്ഠനായ മൂത്ത കോയിത്തമ്പുരാൻ തിരുമ നസ്സുകൊണ്ടും വള, രത്നഖചിതമായ മോതിരം, കസവുഉത്തരീയങ്ങൾ, മുണ്ടുകൾ മുതലായി അനേക സമ്മാനങ്ങളും ശങ്കുണ്ണി അവർകൾക്കു കി ട്ടിച്ചുകൊടുത്തിട്ടുണ്ട്. ഇവ കൂടാതെ വഞ്ചിപ്പുഴത്തമ്പുരാൻ മുതലായ പ്രഭുക്കന്മാരും മറ്റു പല മന്ത്രിമാരും ശങ്കുണ്ണി അവർകൾക്കു പലവിധ സമ്മാനങ്ങൾ കൊടുത്തിട്ടുണ്ട്. തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷുമ ലബാർ എന്നീ മൂന്നു സംസ്ഥാനങ്ങളിലുമായി ഇത്ര വളരെ രാജസമ്മാ നങ്ങളും മറവും ലഭിച്ചിട്ടുള്ള വേറേ ഒരു കവി നമ്മുടെ കേരളത്തിൽ ഇ പ്പോൾ ഉണ്ടെന്നു തോന്നുന്നില്ല.

ശങ്കുണ്ണി അവർകളുടെ കീർത്തി എത്താത്തതായി കേരളഭൂമിയിൽ ഒരു ഭാഗവും അദ്ദേഹത്തേക്കുറിച്ചു കേട്ടിട്ടില്ലാതെ ഭാഷാഭിമാനികളായ കേരളീയരിൽ ഒരാളും ഉണ്ടായിരിക്കയില്ലെന്നു തീർച്ചയായി പറയാവുന്ന താണ്.

ശങ്കുണ്ണി അവർകൾ പ്രവേശിച്ചിട്ടുള്ള സകലകാര്യങ്ങളിലും അദ്ദേ ഹം നല്ല പേരിനേത്തന്നെ സമ്പാദിച്ചിട്ടുണ്ട്. ഏതൊന്നാമണ്ടെ വിദ്യാ ഭ്യാസം മതിയാക്കി അദ്ദേഹം ഗൃഹഭരണം ആരംഭിച്ചപ്പോൾ തറവാട്ടിൽ ധനത്തൌല്ല്യം സാമാന്യത്തിലധികമുണ്ടായിരുന്നതിനാൽ അഹോവൃ ത്തിക്കു വേണ്ടുന്നതിനായി ഒരുദ്യോഗം സമ്പാദിച്ചു കൊണ്ടുചരേണ്ടതായി

Digitised By Kerala Sahitya Akademi

ക്കൂടിവന്നു. അതിനാൽ അദ്ദേഹം ഉടനേ ഒരു പാർട്ടിസാസ്ത്രിനേ മലയാ
ളഭാഷ പഠിപ്പിക്കാനായി ഏർപ്പെട്ടു. അക്കാലം മുതൽ ഫ്രാൻസുവ-ാമാണ്ടു
മകരമാസംവരെ ഏകദേശം ശങ്കുണ്ണി അവർകൾ മാറിമാറി അഞ്ചാറു
സായ്പന്മാരുടെ മലയാളമുൻഷിയായിട്ടാണിരുന്നിട്ടുള്ളത്. ആ സായ്പ
ന്മാരെല്ലാം സന്തോഷിച്ചു സബഹുമാനം ശങ്കുണ്ണി അവർകൾക്കു സർട്ടിഫി
ക്കേറ്റുകൾ കൊടുത്തിട്ടുണ്ട്. ഫ്രാൻസുവ-ാമാണ്ടു മകരമാസത്തിൽകോട്ടയത്തു
"മാർത്തീവന്നാസ്യോസു സിമ്മനാരി" സ്കൂൾ ആരംഭിക്കുകയും ആ
രംഭത്തിൽത്തന്നെ ശങ്കുണ്ണി അവർകളെ അതിൽ മലയാളമുൻഷിയായി
നിയമിക്കുകയും ചെയ്തു. അദ്ദേഹം അവിടെയും നല്ലപേരോടു കൂടിത്ത
ന്നെയാണ് ഇപ്പോഴും ആ ജോലി നടത്തിപ്പോരുന്നത്. ശങ്കുണ്ണി അവ
ർകൾ ക്ലാസിൽ പഠിപ്പിക്കുന്നതു കണ്ടാൽ അദ്ദേഹം പാഠശാലകളിൽവേ
ന്ന വളരെക്കാലം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു പരിചയിച്ചിട്ടു
ണ്ടെന്നല്ലാതെ പാഠശാലകളിൽ മോന്നു പഠിച്ചിട്ടില്ലാത്ത ഒരാളാണെ
ന്ന് ആക്ഷേപം തോന്നുകയില്ല. സംശയങ്ങൾ പറഞ്ഞു വിദ്യാർത്ഥികളേ ധ
രിപ്പിക്കുകയും ക്ലാസുതെറ്റിച്ചുകൊണ്ടുപോകുകയും ചെയ്യുന്നതിനു ശങ്കുണ്ണി
അവർകൾക്കുള്ള വാസനയും സാമർത്ഥ്യവും ഒന്നു വേറേ തന്നെയാണ്.
ഇംഗ്ലീഷുസ്കൂളുകളിൽ കുട്ടികൾ മലയാളമുൻഷികളെ കുരങ്ങാട്ടം കളിപ്പി
ക്കുകയാണല്ലൊ പ്രായേണ എല്ലാടിക്കുകളിലേയും പതിവ്. കുട്ടികളുടെ
ആവക വിദ്യകളൊന്നും ശങ്കുണ്ണി അവർകളുടെ അടുക്കൽ പറകയി
ല്ലെന്നു മാത്രമല്ല; അതൊന്നും അദ്ദേഹത്തിന്റെ അടുക്കൽ ഒരുനാളും പരീ
ക്ഷിച്ചുനോക്കുകയുമില്ല. ശങ്കുണ്ണി അവർകളുടെ അടുക്കൽ ഒരു മണിക്കൂറെ
കിലും പഠിക്കാനിടയാകുന്ന ഏതൊരുത്തനും, അദ്ദേഹത്തിന്റെ പേരിൽ
എന്തെന്നില്ലാതെ ഒരു ഭയവും ഭക്തിയുമുണ്ടാകുമെന്നുള്ളതു തീച്ചയാണ്.
അതു ശങ്കുണ്ണി അവർകൾ തന്റെ അദ്ധ്യാപകസ്ഥാനത്തിന്റെ പേരിൽ
ഒരു രീതിവിശേഷംകൊണ്ടെന്നല്ലാതെ മറ്റൊന്നും പറയാൻ കാണു
ന്നില്ല. ശങ്കുണ്ണി അവർകൾ തന്റെ അടുക്കൽ പഠിക്കുന്ന വിദ്യാർത്ഥി
കൾക്കു താൻ പഠിപ്പിക്കുന്ന ഭാഷയിൽ തന്നാൽ കഴിയുന്ന അറിവുണ്ടാ
ക്കിക്കൊടുക്കണമെന്നുള്ള വിചാരത്തോടുകൂടിയല്ലാതെ ശമ്പളമുണ്ടാ മാത്രം
വിചാരിച്ചു പഠിപ്പിക്കാറില്ല. പുതിയ പുതിയ അറിവുകളെ ഉണ്ടാക്കി
ക്കൊടുക്കുന്ന ഗ്രന്ഥകാരന്മാരിൽ വിദ്യാർത്ഥികൾക്കു ഭയഭക്തിബഹുമാന
ങ്ങൾ ഉണ്ടാകുന്നതു സ്വഭാവമല്ലല്ലൊ. ശങ്കുണ്ണി അവർകളുടെ ശിക്ഷാസാ
മർത്ഥ്യത്തിനു മാർത്തീവന്നാസ്യോസു സിമ്മനാരിയിൽനിന്നു മാറിക്കയറിയ ഫ്രാൻ
പാതിരിയച്ചനും ഒരിക്കലും മലയാളത്തിൽ തോൽക്കാറില്ലെന്നുള്ളതുതന്നെ ഒരു തെളിവുതന്നെയാണ്.

ശങ്കുണ്ണി അവർകളുടെ ഭാഷാകവിതയുടെ മാധുര്യത്തെ ആസ്വദി
ക്കാത്ത വരായി കേരളവാസികളിൽ അധികം പേരുണ്ടായിരിക്കാനിടയി
ല്ലാത്തതിനാൽ അതിനേക്കുറിച്ചു ഞാൻ ഒന്നും തന്നെ പറയണമെന്നു

Digitised By Kerala Sahitya Akademi

വിചാരിക്കുന്നില്ല. "ഇദ്ദേഹം ആട്ടക്കഥകൾ ഉണ്ടാക്കിത്തുടങ്ങിയതുവരെ ഇദ്ദേഹത്തിൻ സംസ്കൃതശ്ലോകവും ഉണ്ടാക്കാമെന്നുള്ളതു തന്നെ അധികമാരും അറിഞ്ഞിരിക്കുമെന്നു തോന്നുന്നില്ല. ഇദ്ദേഹത്തിനു ഭാഷയിലെന്നപോലെ തന്നെ ശബ്ദാർത്ഥലങ്കാരങ്ങൾക്കു യാതൊരു കുറവും കൂടാതെ സംസ്കൃതത്തിലും പദ്യങ്ങൾ രചിക്കുന്നതിനു യാതൊരു പ്രയാസവുമില്ല. അഥവാ സംസ്കൃതത്തിലായാലല്ലയോ ഇദ്ദേഹത്തിനു കുറച്ചുകൂടി എളുപ്പമെന്നുകൂടി വിചാരിക്കേണ്ടിയിരിക്കുന്നു. ദൃഷ്ടാന്തത്തിനായി ചില ശ്ലോകങ്ങൾ താഴെ ചേർക്കുന്നു.

ശ്രീമദ്വിഷ്ണുപദോത്ഥിതം ശരധരം
ശക്രായുധാലംകൃതം
ദൃഷ്ട്യാശ്യാമളമാത്മവിഗ്രഹജിത-
ക്രവ്യാദമേവ്യാഹതം
നിത്യാനന്ദിതനീലകണ്ഠമമലം
വാതോത്തുംഗവാജൃംഭിതം
ഭജാതാത്തിഹരം നമാമി സതതം
ശ്രീരാമധ്യാരാധരം. ൧

ശംഭോരാസ്യം തനൂജം ഗജവരവദനം
പദ്മജാതാണ്ഡജായാ-
മംഭോജാക്ഷാഞ്ച ഭദ്രാം ഭവനയനഭവാം
മൽഗുരുൻ സൽഗുണാഢ്യാൻ
ഡംഭാപേതാൻ ബുധേന്ദ്രാനഖിലമുനിവരാൻ
ഭൂസുരേന്ദ്രാൻ സുരേന്ദ്രാൻ
രംഭാകാന്താരസംസ്ഥം കപികുലവൃഷ്ടം
മാരുതിം ധീരമീഡേ. ൨

ഈ രണ്ടു ശ്ലോകങ്ങളും "ശ്രീരാമപട്ടാഭിഷേക"ത്തിലും "ഭൂസുരഗോഗ്രഹണ"ത്തിലുമുള്ളവയാണ്. "ശ്രീരാമപട്ടാഭിഷേക"ത്തിലെ രണ്ടു ശ്ലോകങ്ങൾകൂടി താഴെ ചേർക്കുന്നു.

ഇത്ഥം ശ്രുത്വാ ജനകതനയാഭാഷണം ഭീഷണാത്മാ
ക്രുദ്ധസ്സദ്യഃ സപദി ഹൃദയേ സ്വസ്യയാ മദ്ധ്യമാംബാം
നത്വാ പാദേ രഘുകുലവരം ലക്ഷ്മണസ്സൽക്ഷണോദ്യൽ-
ബാഷ്പാടോപാജ്ഞലിതനയനോ ശ്രുക്ഷമിത്യാചചക്ഷേ. ൪

വ്യക്തൈസ്സുഗ്രീവവാക്യപ്രചലിതഹൃദയൈ-
ർവ്വാനരേന്ദ്രൈരനേകൈ-
രാനീതാഭിശ്ച താഭിഃ കപിവരവനിതാ-
ർദ്ദിവ്യസൗധം സൽസഭായാം
Digitised By Kerala Sahitya Akademi

താരാ താരാധിപാസ്യാ ബഹുതരമുപഹാ-
രാദിഭിർമ്മോദയിത്വാ
പ്രീതാം സീതാമവാപ്തീൽ പ്രിയതരമിതി താം
ശ്രുത്വിജാം രാമജന്മായാം.

ഇനി ശബ്ദാലങ്കാരപ്രധാനമായും അർത്ഥാലങ്കാരപ്രധാനമായും ര
സുരഭിഗാഗ്രഹണത്തിലുള്ള ചില ശ്ലോകങ്ങൾ കൂടി ഇവിടെ കാണിക്കാം.

വിഹായസാ വിഹായസാ സമന്ത ഗന്ധമാദനം
വിഹായ സാധ്വസാവഹോ! വിരാധിസാധ്വസാവഹം
മഹാശ്രുഗാശ്രുഗം മുദാഗതം തദാശ്രുഗാത്മജം
സഹാസമാഹ സാഞ്ജലീ രുചാഞ്ജനാ വചോഞ്ജനഃ. ക

കുലോന്മുകുലമനുഭൂയ സുഖം വസന്തം
ലീലാലയേ ഹരിസുതഃ പ്രിയയാ വസന്തം
കാലാത്മജം പദനതഃ കലയൻ മുദന്തം
ലോലാശയോ ന്യഗദദേത്യ ഗവാമുനേതം. ഖ

ഇത്ഥം പാർത്ഥരഥോപഗ്രഹമധിക-
ക്രുദ്ധാന്ധപുത്രാനുജ-
ശ്രുത്വാ ബദ്ധവിരോധമുദ്ധതമതി-
സ്സുദ്ധാലുരേത്യാന്തികം
സാദ്ധം തസ്കര നാർത്ഥമിത്രനികരൈ-
ർയ്യുദ്ധാർത്ഥമത്യുൽകട-
പ്രധാനോദ്ധുതകുദ്ധ്രുധാദ്ധിരിരഹഃ
പ്രത്യാഹ വൃത്രാരിജം. ഗ

ഇനി ഭ്രമരഗാഗ്രഹണത്തിലേ രണ്ടു ശ്ലോകം കൂടി ഇവിടെ പ
കത്താം.

കുസുമേഷു ശിലീമുഖപ്രയാശാ-
ദ്രസമാനാം നിജപത്നിനീം വിവർണ്ണാം
പ്രസമീക്ഷ്യ കുതോപി ധാത്തരാഷ്ട്ര-
സ്സുസുമാം ഹന്ത! ജഗാന പുഷ്പവാടീം. ങ

ബാലാം മാധവലാളിതാം കുസുമിതാം
പത്രാങ്കുരാലംകൃതാം
പാർശ്വസ്ഥാം പരമജ്ഞനസ്യ കലിതാ-
മോദാം തദാ മാധവീം
വീക്ഷ്യാനല്പതരേർഷ്യയൈവ കലുഷോ
ഗത്വാ നികുഞ്ജാന്തരം
മോക്ഷ്യാദത്ര വസന്നഭാഷത നിജാം
ഭാര്യാം സ ദുഷ്യോധനഃ.

Digitised By Kerala Sahitya Akademi

അർത്ഥാലങ്കാരസമ്പുഷ്ടങ്ങളായിരിക്കുന്ന ശ്ലോകങ്ങളിൽക്കൂടിയും ശബ്ദാലങ്കാരപ്രധാനങ്ങളായിരിക്കുന്നതിനു ശങ്കുണ്ണി അവർകൾക്കു യാതൊരു പ്രയാസവുമില്ലെന്നും കൈരളീയപ്പോലെ തന്നെ സൈവ്വാണിയും അദ്ദേഹത്തിനു സാധീനയായിട്ടാണിരിക്കുന്നതെന്നും മേൽകാണിച്ച ശ്ലോകങ്ങൾകൊണ്ടു സ്പഷ്ടമാകുന്നുണ്ടല്ലൊ.

ഗൃഹഭരണവും അതോടുകൂടി സപ്രധാനമായ മറ്റു ദിവസപ്രകാശവിചാരവും മൻഷിപ്പണിയും പല വർത്തമാനപത്രങ്ങളേയും മാസികകളേയും പഠിച്ചുകൊണ്ടും ഗദ്യങ്ങൾകൊണ്ടും സഹായിക്കുകയും വിശേഷിച്ചും മ. മനോരമയ്ക്കും ഭാഷാപോഷിണീമാസികയ്ക്കും വേണ്ടുന്ന വിധത്തിലെല്ലാം സഹായിച്ചുകൊടുക്കുകയും മറ്റും നിരന്തരമായി ചെയ്തുകൊണ്ടിരിക്കുന്ന ശങ്കുണ്ണി അവർകൾ ഏതാണ്ടു രണ്ടുമുതൽ വർഷകാലം സംവത്സരകാലംകൊണ്ട് ഇത്ര വളരെ കൃതികൾ ഉണ്ടാക്കിത്തീർത്തതിൽ അത്ഭുതപ്പെടാനില്ലാതെ ഈ കൃതികൾക്കു വല്ല ന്യൂനതയുമുണ്ടെങ്കിൽ അതൊരു കുറവായി പറയാൻ ന്യായം കാണുന്നില്ല. ശങ്കുണ്ണി അവർകൾ ഏതെങ്കിലും ഒരു കൃതി എഴുതിത്തീർത്താൽ അതു വീണ്ടും നോക്കി തിരുത്തിസ്സന്നാക്കുകയും ആലോചിച്ചിരുന്നു കവിതയുണ്ടാക്കുകയും പതിവില്ല. നന്നായാലും മീതിയായാലും അപ്പോഴപ്പോൾ തോന്നുന്നത് എഴുതിയിടുക മാത്രമേ അദ്ദേഹം പതിവുള്ളൂ. ഇതു കവിതാവിഷയത്തിൽ ശങ്കുണ്ണി അവർകൾക്കു പ്രധാനമായിട്ടുള്ള ഒരു ദോഷമാണെന്നു പറയാതെയിരിക്കാൻ നിവൃത്തിയില്ല. ശങ്കുണ്ണി അവർകൾ തന്റെ കൃതികളെ കുറച്ചുകൂടി മനസ്സിരുത്തി ആലോചിച്ചുണ്ടാക്കുകയും ഒന്നുരണ്ടു പ്രാവശ്യം കൂടി നോക്കിത്തിരുത്തി നന്നാക്കി മാറിയെഴുതുകയും ചെയ്യുന്നുവെങ്കിൽ അവയ്ക്ക് ഇപ്പോഴത്തേതിൽ വളരെ കൂടുതലായ ഗുണങ്ങൾ ഉണ്ടാകുമായിരുന്നു. എന്നാൽ ഏതെങ്കിലും ഒരു പ്രബന്ധം എഴുതിത്തുടങ്ങിയാൽ അതു വല്ല വിധവും മുഴുവനാക്കാതെ അതിൽനിന്നു വിരമിക്കുകയില്ലെന്നുള്ളതു ശങ്കുണ്ണി അവർകൾക്കു കവിതാവിഷയത്തിലുള്ള ഒരു പ്രധാനഗുണമാണെന്നുള്ളതും നിസ്സംശയം പറയാവുന്നതാണ്. അനേകം കൃതികൾ ആരംഭിക്കുകയും ഒരിടം മുഴുവനാക്കാതെയിരിക്കുകയും ചെയ്യുന്ന മഹാഗ്രന്ഥകാരന്മാരായ പല കവികളും നമ്മുടെ കേരളത്തിൽ ഉണ്ടായിരുന്നതും ഇപ്പോഴും ഉണ്ടെന്നതും എല്ലാവർക്കും അറിയാവുന്നതാണല്ലൊ. അപ്രകാരം ശങ്കുണ്ണി അവർകളുടെ കൃതികളിൽ അധികമൊന്നും മുഴുവനാകാതെ കിടപ്പുണ്ടെന്നും തോന്നുന്നില്ല.

ശങ്കുണ്ണി അവർകൾക്ക് അർത്ഥാലങ്കാരത്തിലുള്ളതിലധികം ശ്രദ്ധയും പ്രതിപത്തിയും ശബ്ദാലങ്കാരത്തിലാണെന്നു ചിലർ വിചാരിക്കുകയും പറയുകയും ചെയ്യുന്നുണ്ട്. എന്നാൽ വാസ്തവത്തിൽ അദ്ദേഹം അവരണ്ടിനുമായിട്ടും അധികം ശ്രദ്ധിക്കാറില്ലെന്നും അനായാസമായി ലഭിക്കുന്നവയേ

Digitised By Kerala Sahitya Akademi

ഉപേക്ഷിക്കാറില്ലെന്നു മാത്രമേ ഉള്ളൂ എന്നും പരിചിതന്മാർക്കറിയാവുന്നതാണ്.

ഇനി ശങ്കുണ്ണി അവർകളുടെ മനോഗ്രഹണത്തെപ്പറ്റി വിചാരിക്കുകയാണെങ്കിൽ അധികം ഒട്ടും ചില്ലറയല്ല. ഈശ്വരഭക്തി, ഗുരുജനഭക്തി, ഭ്രാതൃത, പരോപകാരപരായണത, മതാചാരനിഷ്ഠ, ഹൃദയനിഷ്കളങ്കത മുതലായ അനേകഗുണങ്ങൾ ശങ്കുണ്ണി അവർകളിൽ പൂർണ്ണമായിട്ടുണ്ട്. ഈശ്വരവിചാരം കൂടാതെ യാതൊരുവിധം പ്രവർത്തിക്കുകയില്ലെന്നുള്ളതു ശങ്കുണ്ണി അവർകൾക്കു പ്രത്യേകമുള്ള ഒരു ഗുണമാണ്. തനിക്കുണ്ടാകുന്ന എത്രവിധമാപത്തുകളെയും ധൈര്യത്തോടും ക്ഷമയോടുംകൂടി സഹിക്കുന്നതിനു ശങ്കുണ്ണി അവർകൾക്കു ധാരാളം ശക്തിയുണ്ടെങ്കിലും അന്യന്മാരുടെ സങ്കടങ്ങൾ കണ്ടോ കേട്ടോ അറിഞ്ഞോ സഹിക്കുന്നതിന് അദ്ദേഹം കേവലം അശക്തനാണ്. ആകപ്പാടെ നോക്കിയാൽ ശങ്കുണ്ണി അവർകൾ ഒരു സൽഗുണനും നിഷ്കളങ്കഹൃദയനും വിശ്വാസപൂർവ്വം സ്നേഹിക്കാൻ കൊള്ളാവുന്ന ഒരു ഉത്തമനാണെന്നു നിസ്സംശയം പറയാവുന്നതാണ്.

വക്രോക്തികളും ഫലിതങ്ങളും പറയുന്നതിനു ശങ്കുണ്ണി അവർകൾക്കു പ്രത്യേകമൊരു വാസനയുണ്ട്. ഇദ്ദേഹം വെടി പറയുന്നതു കേട്ടാൽ രസിക്കാതെ സഹൃദയന്മാരിൽ ആരുമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ആകപ്പാടേ ശങ്കുണ്ണി അവർകൾ സരസപ്രകൃതിപ്രസാദം സിദ്ധിച്ചിട്ടുള്ള ഒരു രസികനും സംഭാഷണപ്രിയനാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു.

ശങ്കുണ്ണി അവർകൾ ഒരു വലിയ കാര്യസ്ഥനാണെങ്കിലും തന്റെ കാര്യങ്ങൾക്കു ദോഷങ്ങൾ വരാതെ നോക്കിനടത്തിക്കൊണ്ടു പോകുന്നതിനു വേണ്ടതായ കാര്യവിചാരം അദ്ദേഹത്തിനുണ്ട്.

മിതവ്യയം ശങ്കുണ്ണി അവർകൾക്കുള്ള ഒരു പ്രധാനഗുണമാണ്. "ആയം ദൃഷ്ട്വാ വ്യയം കുര്യാദായാദല്പതരോ വ്യയഃ" എന്നുള്ള പ്രമാണപ്രകാരമല്ലാതെ കയ്യിൽ കിട്ടുന്നതു മുഴുവനും പോരെങ്കിൽ കടംവേടിച്ചുകൂടി ചെലവുചെയ്യുന്ന സ്വഭാവം അദ്ദേഹത്തെ ലേശംപോലും ബാധിച്ചിട്ടില്ല. വരവിനു തക്കവണ്ണമല്ലാതെ അദ്ദേഹം ഒരിക്കലും ഒരുവകയ്ക്കും ചെലവുചെയ്കയില്ല. "ദരിദ്രി" എന്നു കേൾക്കുന്നതിനേക്കാൾ നല്ലതു "മൂഢൻ" എന്നു കേൾക്കുന്നതാണെന്നാണ് അദ്ദേഹം പ്രസംഗവശാൽ പറഞ്ഞിട്ടുള്ളതു എന്നൊടുതന്നെ പറഞ്ഞിട്ടുണ്ട്. ഇത്രയും പറഞ്ഞിരുന്നാലും ശങ്കുണ്ണി അവർകൾ ലൌകികവും ഔദ്യോഗികവുമില്ലാത്ത ഒരു വിഡ്ഢിയാണെന്നാണ് ആരും തെറ്റിദ്ധരിച്ചുപോകരുത്. തന്റെ സ്ഥിതിക്കു തക്കവണ്ണവും വേണ്ടുന്നേടത്തിൽ വേണ്ടതുപോലെ ചെലവുചെയ്യുന്നതിന് അദ്ദേഹത്തിനു ഒരു മടിയുമില്ല. ആവശ്യകാര്യങ്ങളിലും മാന്യന്മാരിലും അദ്ദേഹം യാതൊരാക്ഷേപവും ചെലവുചെയ്യുകയില്ലെന്നു മാത്രമേ ഉള്ളൂ. ശങ്കുണ്ണി അവർകൾ ഗൃഹത്തിലെന്നും ആശ്രിതപരിവാരങ്ങളുടെ കൂട്ടത്തിൽ

Digitised By Kerala Sahitya Akademi

ൽ നിത്യവൃത്തികഴിക്കുന്നതെന്നതും വളരെ ഞെരുക്കമായിരുന്നു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. കുറച്ചുകാലംകൊണ്ട് ആ സ്ഥിതി വിട്ട് അവിടെ അഹോവൃത്തിക്കു വലിയ ബുദ്ധിമുട്ടൊന്നുമില്ലെന്നുള്ള നിലയിലായിട്ടുള്ളതു പരിശ്രമശീലനും സകലകലാകുശലനും ഭാഗ്യവാനുമായിരുന്ന ജ്യേഷ്ഠന്റെ നിരന്തരപരിശ്രമവും സഹായവും ഈശ്വരന്റെ കാരുണ്യസംയുക്തമായ അനുകൂല്യവും കൊണ്ടാണെന്നാണ് ശങ്കുണ്ണി അവർകൾ വിചാരിക്കുകയും പറയുകയും ചെയ്യുന്നതെങ്കിലും അതിന്റെ പ്രധാനകാരണങ്ങൾ ഇദ്ദേഹത്തിന്റെ ഗൃഹഭരണനിപുണതയും മിതവ്യയശീലവും കൂടിയാണെന്നുള്ള വാസ്തവം പറയാതിരിക്കാൻ നിവൃത്തിയില്ല.

സമയനിശ്ചയം എന്നുള്ളതു ശങ്കുണ്ണി അവർകൾക്കുള്ള ഗുണങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരേറെനാണ്. ഇന്നിന്ന സമയങ്ങളിൽ ഇന്നിന്ന പ്രവൃത്തികൾ ചെയ്യുകയെന്ന ശങ്കുണ്ണി അവർകൾ ഒരു നിശ്ചയം ചെയ്തിട്ടുണ്ട്. ആ നിശ്ചയത്തെ തികഞ്ഞ ദീക്ഷയോടെ തെറ്റിക്കാതെ തന്നെ അദ്ദേഹം പുലർത്തിപ്പോരുന്നുമുണ്ട്. "പ്രതിദിനം അനേകകൃത്യങ്ങൾ വിചാരിക്കുന്നുവെങ്കിലും സമയനിശ്ചയമില്ലെങ്കിൽ ഒരു കാര്യവും ശരിയായിട്ടു ചെയ്യുന്ന സമയത്തുതന്നെ ചെയ്യേണ്ടതുപോലെയും നടക്കുകയില്ലെന്നു മാത്രമല്ല, ഒരിക്കലും മനസ്സിനു സുഖവും സൈര്യവും ഉണ്ടായിരിക്കുകയുമില്ല. ദിനേന വിചാരിച്ച അനേകകൃത്യങ്ങൾ പ്രതിദിനം നിവൃത്തിക്കേണ്ടതായി ഉണ്ടായിരുന്നാലും സമയനിശ്ചയംചെയ്ത് അതിൻപ്രകാരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നപക്ഷം ഒരിക്കലും ഒരു ഭാരമായിരിക്കയില്ലെന്നു മാത്രമല്ല; അവരുടെ കൃത്യങ്ങൾ കൃത്യമായിട്ടു നടന്നുകൊണ്ടിരിക്കുകയും തന്നിമിത്തം അവർക്കു മനസ്സുഖവും സൈര്യവും ഉണ്ടായിരിക്കുകയും ചെയ്യും" എന്നൊരു മഹാൻ പറഞ്ഞിട്ടുള്ളതു മുഴുവനും വാസ്തവമാണെന്നുള്ളതിനു ശങ്കുണ്ണി അവർകളുടെ സ്ഥിതി ഒരുത്തമദൃഷ്ടാന്തമായിട്ടാണിരിക്കുന്നതു. ദുർന്നിവാരങ്ങളായ അനേകകൃത്യങ്ങൾ നിർവ്വഹിക്കപ്പെടാതിരിക്കുന്ന ശങ്കുണ്ണി അവർകൾക്ക് ഇപ്രകാരം ഒരു സമയനിശ്ചയമില്ലായിരുന്നുവെങ്കിൽ സാഹിത്യനിർവ്വഹണത്തിനും മറ്റും യാതൊന്നും പ്രവർത്തിക്കാൻ അദ്ദേഹത്തിന് ഒരിക്കലും സാധിക്കുകയില്ലായിരുന്നു.

മനുഷ്യരുടെ ഇഹലോകജീവിതം സുഖദുഃഖസമ്മിശ്രമായിട്ടല്ലാതെ ഇരിക്കുകയില്ലെന്നുള്ളതു ശങ്കുണ്ണി അവർകളുടെ വിഷയത്തിലും ഏതൃത്തും വാസ്തവമായിട്ടാണിരിക്കുന്നതു. ഗൃഹഭരണത്തിന് അത്യന്തം നിപുണയും ഭർത്തൃവത്സലയും ഭാഗവതകീർത്തിയുമായിരുന്ന പ്രിയതമാതാവ് ഹരിപുരം എന്ന ഗ്രാമത്തിൽ പാർവതീകല്യാണത്തിനോടടുക്കുമ്പോൾ കാലധർമ്മത്തിനു വിധേയയായതിനെത്തുടർന്നു ശങ്കുണ്ണി അവർകളുടെ മനസ്സുഖം തികച്ചുമില്ലാതെ അസുഖപ്രായമായി.

Digitised By Kerala Sahitya Akademi

തങ്ങളുടെ മാതാവിനേപ്പോലെ നിരുപാധികമായ വാത്സല്യം പ്രപഞ്ചത്തിൽ മറാക്കുമുണ്ടാവുകയില്ലെന്നുള്ളതു് എല്ലാവർക്കും അനുഭവസിദ്ധമായിട്ടുള്ളതാണല്ലോ.

ജ്യേഷ്ഠൻ വിവാഹം ചെയ്തിട്ടുണ്ടായിരുന്നുവെങ്കിലും അതിൽ സന്താനമുണ്ടാകുന്ന കാര്യം സംശയസ്ഥിതിയിലാകയാൽ പിതൃനിയോഗപ്രകാരം ഹരിനാ-ാമാണ്ടു മകരമാസത്തിൽ ശങ്കുണ്ണി അവർകളും വിവാഹം കഴിക്കുകയും ആ ആണ്ടു മേടമാസത്തിൽത്തന്നെ ആ യുവതിയെ സഗൃഹത്തിൽ കൂടി വെക്കുകയും ചെയ്തു. ആ സ്ത്രീ പഠിപ്പു, ബുദ്ധി, കാര്യദക്ഷി, ഗൃഹഭരണസാമർത്ഥ്യം, ഭർതൃഹിതാനുവർത്തനം, ഭർതൃശുശ്രൂഷാദൈവപുണ്യം മുതലായ ഗുണപൌഷ്കല്യംകൊണ്ടു ശങ്കുണ്ണി അവർകളുടെ മാതൃവിയോഗദുഃഖത്തെ കുറച്ചുകാലത്തിനിടയിൽ വിസ്മരപ്രായമാക്കിത്തീർത്തു. അക്കാലത്തു ശങ്കുണ്ണി അവർകളുടെ മാതൃവിയോഗാഗ്നി ഭദ്ധമായ ഹൃദയവൃക്ഷം വീണ്ടുമൊന്നു തളിർത്തു. എങ്കിലും ആ സ്ഥിതി അധികകാലം നീണ്ടുനിൽക്കുന്നതിനു ദുഷ്ടനായ ദുർവിധി അനുവദിച്ചില്ല. ഹരിമാണ്ടു മിഥുനമാസം ഹ-ാനു- ശങ്കുണ്ണി അവർകളുടെ ആ പ്രിയതമ സന്നിപാതജ്വരത്താൽ ബാധിതയായിമൃതിയടയുകയും ഹ-ാംനു- പരലോകത്തെ പ്രാപിക്കുകയും ചെയ്തു.

പ്രഥമപുത്രന്റെ ഭാര്യ വന്ധ്യയായിത്തീരുകയും ദ്വിതീയപുത്രന്റെ പ്രിയപത്നിയായ ഗുണവതി അകാലകാലഗതിയെ പ്രാപിച്ചുപോവുകയും ചെയ്തുകയാൽ ദുഃഖിതനും വിഗതഭാര്യനും വയോവൃദ്ധനുമായ പിതാവിന്റെ ശുശ്രൂഷ ഒന്നുമാത്രമായിരുന്ന ശങ്കുണ്ണി അവർകൾക്കു മനസ്സമാധാനത്തിനു പിന്നീടുണ്ടായിരുന്ന ഒരുപായം. ആ പിതാവും ഹസ്യ-ാമാണ്ടു മകരമാസത്തിൽ പരലോകത്തെ പ്രാപിച്ചു.

തദനന്തരം ശങ്കുണ്ണി അവർകൾ സന്താനാർത്ഥം ഹസ്യവ-ാമാണ്ടു മിഥുനമാസത്തിൽ ഒന്നുകൂടി വിവാഹം കഴിക്കുകയും സ്വ-വൃശ്ചികത്തിൽ സഭവനത്തിൽ കൂടിവെക്കുകയും ചെയ്തു. ആ യുവതിയും ഗൃഹഭരണനൈപുണ്യം, ഭർതൃസ്നേഹം, ക്ഷമ, ക്ലേശസഹനശക്തി മുതലായ സൽഗുണങ്ങളാൽ പ്രശോഭിതയായിരുന്നു. തന്റെ സകലസുഖങ്ങൾക്കും നിദാനമായിട്ടുള്ളതു ഭർത്താവാണെന്നുള്ള ദൃഢവിശ്വാസത്തോടു കൂടിയിരുന്ന ആ ഗുണവതിക്കു ഭർത്താവിന്റെ മനഃശരീരസുഖങ്ങൾക്കായി കൃത്യങ്ങളേ നടത്തുന്ന സംഗതിയിൽ തന്റെ ഊണും ഉറക്കവുംകൂടി അന്യങ്ങളായിരുന്നു. ഇപ്രകാരമുള്ള ധർമ്മപത്നിയുടെ സഹവാസം നിമിത്തം ശങ്കുണ്ണി അവർകൾ പൂർവ്വകഷ്ടദശകളേ അധികം സ്മരിക്കാതെ ഒരുവിധം സുഖമായിട്ടുതന്നെ കുറച്ചുകാലത്തേക്കു കാലക്ഷേപം ചെയ്തുകൊണ്ടിരുന്നു.

അതിനിടയ്ക്കു ശങ്കുണ്ണി അവർകൾ തന്റെ സഹോദരിമാരേ രണ്ടു

Digitised By Kerala Sahitya Akademi

പേരെയും വിവാഹം കഴിച്ചുകൊടുക്കുകയും മൂത്ത സഹോദരി പ്രസവിച്ച പുരുഷന്മാരും സ്ത്രീകളുമായി പത്തും ഇളയ സഹോദരി പ്രസവിച്ച് അഞ്ചു കുട്ടികളും ഉണ്ടാവുകയും ചെയ്തു. ആ ഭാഗിനേയന്മാരേയും ഭാഗിനേയികളേയും അവരുടെ മാതാക്കന്മാരോടുകൂടി ഇങ്ങോട്ടു വരുത്തിയും അങ്ങോട്ടുചെന്നും കൂടക്കൂടെ കണ്ടു ശങ്കുണ്ണി അവർകളും ആനന്ദിക്കുകയും തന്റെ അനപത്യതാദുഃഖത്തെ ഒരുവിധം ശാന്തപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.

ശങ്കുണ്ണി അവർകളും ഈ സ്ഥിതിയിൽ ഇരിക്കുന്നതിനും ഹതവിധി അധികകാലത്തേക്ക് തുനുവദിച്ചില്ല. ക്രൗന്യവ-ാമാണ്ടു കർക്കടകമാസത്തിൽ മസൂരികാബാധിതനായി ഇദ്ദേഹം അത്യന്തം കഷ്ടപ്പെട്ടു. എങ്കിലും രാത്രിയും പകലും ഒരുപോലെ ഊണും ഉറക്കവുമുപേക്ഷിച്ചു ജ്യേഷ്ഠൻ കൂടെ അടുക്കലിരുന്നു രക്ഷിച്ചതുകൊണ്ടും ഈശ്വരകാരുണ്യംകൊണ്ടും ആയുസ്സിന്റെ ബലംകൊണ്ടും അദ്ദേഹം അതിൽനിന്ന് ഒരുവിധം രക്ഷപ്പെട്ടുകറ. എങ്കിലും തന്റെ സകലഭാഗ്യങ്ങൾക്കും കാരണഭൂതനും താൻ തന്റെ അച്ഛനേക്കാളധികം സ്നേഹിച്ചും വെച്ചിരുന്ന ആളും ഗുണവാനുമായിരുന്ന പ്രിയജ്യേഷ്ഠൻ ആ മാരാവ്യാധിയാൽത്തന്നെ ബാധിതനായി ആ കർക്കടകത്തിൽത്തന്നെ പരലോകപ്രാപ്തനായിപ്പോയതിനാൽ ശങ്കുണ്ണി അവർകൾക്കുണ്ടായ ദുഃഖം അത്യന്തം ദുസ്സഹമായിരുന്നു. ഇതിനും പുറമേ രണ്ടു സഹോദരിമാരും മൂത്ത സഹോദരിയിലുണ്ടായ പത്തു കുട്ടികളും ഇളയ സഹോദരിയിലുണ്ടായ ഒരു പുത്രനും ഒരു പുത്രിയുമൊഴിച്ചു ശേഷം മൂന്നുകുട്ടികളുംകൂടി കുറച്ചുകാലത്തിനിടകൊണ്ടു തുടരെത്തുടരെ അകാലനിര്യാണത്തെ പ്രാപിച്ചുപോവുകയാൽ ശങ്കുണ്ണി അവർകൾക്കുണ്ടായ മനസ്താപം അവാങ്മനാഗോചരമെന്നല്ലാതെ ഒന്നും പറയാൻ കാണുന്നില്ല.

മുമ്പേതന്നെ വന്ധ്യയെന്ന് ഏകദേശം നിശ്ചയിക്കപ്പെട്ടിരുന്ന പൂവ്വജഭാര്യ വിധവയുംകൂടി ആയിത്തീരുകയും തന്റെ ഭാര്യ യഥാകാലം പ്രസവിക്കാതെയിരിക്കുകയും ചെയ്തുകയാൽ ശങ്കുണ്ണി അവർകൾ സന്തത്യർത്ഥം ക്രൗരെ-ാമാണ്ട് അനുജനെക്കൊണ്ടുകൂടി വിവാഹംചെയ്യിക്കുകയും ആ സ്ത്രീയേയും സഗൃഹത്തിൽ കൂടിവെയ്ക്കുകയും ചെയ്തു. അവരിലും സന്താനമുണ്ടാകാതെതന്നെ ക്രൗതൊ-ാമാണ്ടു മകരമാസത്തിൽ ആ സഹോദരനും ക്രൗവ്വം-ാമാണ്ട് ഇടവമാസത്തിൽ ആ സഹോദരപത്നിയും പരലോകത്തെ പ്രാപിച്ചു. മനുഷ്യപ്രയത്നംകൊണ്ടുമാത്രം ഒരു കാര്യവും സാധിക്കുകയില്ലെന്നും ഈശ്വരേച്ഛപോലെയല്ലാതെ ഒന്നും സംഭവിക്കുകയില്ലെന്നും ശങ്കുണ്ണി അവർകൾക്കു മുമ്പേതന്നെ ഉണ്ടായിരുന്ന വിശ്വാസം അനുഭവംകൊണ്ടു ദൃഢീഭവിക്കുകയും അതോടുകൂടി

Digitised By Kerala Sahitya Akademi

അദ്ദേഹം മിക്കവാറും ഒരു വിരക്തന്റെ നിലയിലായിരിക്കയും സന്തത്യുത്പത്തിമായി ഇനി ഒന്നും പഠിശ്രമിക്കാൻ കഴികയില്ലെന്നും "യൽഭാവി തൽ ഭവതു" എന്നും വിധേയം തീച്ചുറപ്പെടുത്തുകയും ചെയ്തു. എങ്കിലും അങ്ങിനെ വിചാരിച്ചാൽപ്പോരാത്തതാണല്ലോ കഴിയുന്നതെല്ലാം ഇനിയും ചെയ്തുകൊണ്ടിരിക്കേണ്ടതാണെന്നും മറ്റും ഞാൻ മുതലായ സ്നേഹിതന്മാരുടെയും മറ്റു പല മാന്യസുഹൃത്തുക്കളുടെയും നിർബന്ധവും ഉപദേശവും നിമിത്തം ശങ്കുണ്ണി അവർകൾ മൂന്നാമതായി ഒന്നുകൂടി വിവാഹംചെയ്തു. മാസത്തിൽ മൂന്നാമതായി ഒന്നുകൂടി വിവാഹംചെയ്തു.

തദനന്തരം ശങ്കുണ്ണി അവർകൾ അനിർവ്വചനീയമായ ഒരു കഷ്ടതകൂടി അനുഭവിക്കേണ്ടതായിവന്നു. അദ്ദേഹം രണ്ടാമത്തെ വിവാഹംചെയ്തു സകല സൽഗുണസമ്പൂർണ്ണയായ ആ ദ്വിതീയഭാര്യ കഴിഞ്ഞ മേടമാസത്തിൽ മസൂരികാഠിന്യത്താൽ പരലോകപ്രാപ്തയായി ഇതു ശങ്കുണ്ണിഅവർകൾക്കുണ്ടായിട്ടുള്ള കഷ്ടാനുഭവസൌധങ്ങളുടെ ഏറ്റവുംകൂടിയുള്ള ഒരു താഴികക്കുടമായിട്ടാണ് പരിണമിച്ചത്. സൽഗുണനിധിയായിരുന്ന ആ പ്രിയതമയേക്കുറിച്ചോർത്തു ദിവസത്തിൽ ഒരിക്കലെങ്കിലും കുറെ കണ്ണീർ പൊഴിക്കാതെയിരിക്കാൻ ശങ്കുണ്ണി അവർകൾക്ക് ഇപ്പോഴും കഴിയുന്നുണ്ടെന്നു തോന്നുന്നില്ല.

ഇപ്പോൾ ശങ്കുണ്ണി അവർകളുടെ കുടുംബത്തിൽ അദ്ദേഹവും അദ്ദേഹം മൂന്നാമത്തെ വിവാഹം ചെയ്ത ആ ധർമ്മപത്നിയും വിധവയായ ജ്യേഷ്ഠത്തിയുമല്ലാതെ വേറെ ആരുമില്ല. അദ്ദേഹത്തിനു സന്താനലാഭം ഇതുവരെ സിദ്ധിച്ചിട്ടുമില്ല. എങ്കിലും അദ്ദേഹം സന്തത്യുത്പത്തിക്കു വളരെ നാളായിട്ടു ശക്തിക്കു തക്കവണ്ണവും അതിലധികവും അനേകസൽകർമ്മങ്ങളും അവിച്ഛിന്നമായി ചെയ്തുകൊണ്ടാണിരിക്കുന്നത്. അതിനാൽ അനേകസജ്ജനങ്ങളുടെ അനുഗ്രഹവും ആശീർവാദവും അചിരേണ സഫലീഭവിച്ച് അനേകം ശുഭസന്താനങ്ങളോടും തന്മൂലമായുള്ള സൽസമൃദ്ധിയോടുംകൂടി ശങ്കുണ്ണി അവർകൾ ഇനിയും വളരെക്കാലം സുഖമായി ജീവിച്ചിരിക്കുന്നതിനു സർവ്വേശ്വരൻ സദയം കടാക്ഷിക്കുമാറാകട്ടെ.

പന്തളം കൃഷ്ണവാര്യർ.

Digitised By Kerala Sahitya Akademi

അനുബന്ധം.

ഇന്നു കഴിഞ്ഞ കണക്കു പരീക്ഷയിൽ നിങ്ങൾക്കു അയച്ച എഴുത്ത് ഇന്നാ കാലത്തെയാണു് എനിക്കു കിട്ടിയത്. അതു വായിച്ചപ്പോൾ "നിങ്ങളുടെ അപേക്ഷപ്രകാരമായ ഒരു മറുപടി എഴുതാൻ തൽക്കാലം തരമില്ലാതെ വന്നതിനെപ്പറ്റി നിവ്യാജം വ്യസനിച്ചു" ഒന്നെഴുതാം എന്നായിരുന്ന "പ്രഥമമായി" വിചാരിച്ചുപോയത്. എന്തായാലും ഒന്നു വായിച്ചുനോക്കട്ടെ, വ്യസനിക്കുന്നതു പിന്നേയും ആ പാഴ്ലോ എന്നാലോചിച്ച്, "ഫൈനിംഗ്മാല" മുഴുവനെ ഒരിക്കൽ വായിച്ചുനോക്കി. ആ കപ്പാടെ സന്താപത്തിനു പകരം, സത്യമല്ലേ പറയേണ്ടതു്, വല്ലാതെ സന്തോഷമാണുണ്ടായതു്. എന്തുതന്നെ "ദുഃഖഭൂയിഷ്ഠമായ ഈ ലോകത്തിൽ"—കഷ്ടകാലത്തിൽ വിശേഷിച്ചും—വ്യസനിക്കാനായി അനവധി സംഗതികൾ പോരെന്നെന്നുള്ള അവസ്ഥയ്ക്കു തൽക്കാലം അതുകൂടാതെ കഴിക്കുന്നതുതന്നെയാണു് നല്ലതെന്നും തീച്ചപ്പെടുത്തി.

എന്നാൽ "പ്രസ്തുതവ്യസനകരത്തെ"പ്പറ്റി ഒല്ലുത്തും ഒന്നെഴുതാമെന്നുവെച്ചാൽ അതിനുള്ള യോഗ്യതയോ അവസ്ഥയോ ഒന്നും നമുക്കില്ല. അങ്ങിനെയുള്ളവർ എന്തൊരാമുഖോപന്യാസമാണെഴുതേണ്ടതു്. വല്ല മുഖവുരയോ പീഠികയോ അഥവാ ഒരവതാരികയോ ആണെങ്കിൽ ഒന്നു ശ്രമിച്ചുനോക്കാമായിരുന്നു. പക്ഷേ നിങ്ങൾ ഒരാമുഖോപന്യാസം വേണമെന്നാണല്ലോ താൽപര്യപ്പെട്ടതു്. എന്താണീശ്വരാ വേണ്ടതു്! ഒരു സമാധാനമുണ്ട്. ഇപ്പഴ് ഒരുവിധം എഴുതാനറിയുന്നവരൊക്കെ വലിയ "ലേഖകന്മാര"ാണല്ലൊ. ചില അപൂർവ്വസംസ്കൃതപദങ്ങളും ദുഷ്കടങ്ങളായ ചില സമാസങ്ങളും പ്രയോഗിക്കാനറിയുമെങ്കിൽ "മഹാപ്രസിദ്ധനായ ഗദ്യ എഴുത്തുകാരൻ"ആവാൻതന്നെ പ്രയാസമില്ല. പിന്നെ ഓരോരുത്തരുടെ പേരിന്റെ അന്ത്യത്തിൽ ചില അക്ഷരമാലകളുണ്ടായാലത്തെ കഥ പറയണോ, ആ വക മഹാന്മാരുടെ ലേഖനങ്ങൾക്കും അഭിപ്രായത്തിനും "വിലയേറിയില്ല"ന്നല്ല വളരെ മാനം കൂടുകയും ചെയ്യും. കുറെക്കാലമായി ഓരോ സംഗതിവശാൽ പലരും എനിക്കെഴുതുമ്പോൾ അവരുടെ പേരിന്റെ അവസാനം രണ്ടും നാലും ചിലപ്പോൾ അതിലധികവും അക്ഷരങ്ങൾ ചേർക്കുന്നതു കണ്ടു ഭ്രമിച്ചു് ഈ വൃതിയ "മൊസ്സുറിനു"മസരിച്ചു ഞാനും ഇതിനൊടെ നേരംപോക്കായി കൊമ്പിഗ്രീമയിൽ ഓരോ സ്നേഹിതന്മാർക്കെഴുതുമ്പോൾ നമ്മുടെ പേരിന്റെ അവസാനം F C F. B. F. G എന്നൊക്കെ എഴുതിയതു്

Digitised By Kerala Sahitya Akademi

ഫ്രെഞ്ചോ കുറച്ചധികം മറ്റുഗതികളായ ഭാരതവിലാസം രാച്ചക്കൂടം മാനേജരുമർക്കും കണ്ടു് അന്ധാളിച്ചു. ഞാനാ യോഗ്യന്മാരുടെ കൂട്ടത്തിലൊരു വനായിരുന്നുവെങ്കിൽ ഫ്രഞ്ച ധരിച്ചുവശായതുകൊണ്ടോ, ഫ്രഞ്ചോടിക്കിടെ യുശ്രദ്ധപ്പെട്ടതുകൊണ്ടോ ഫ്രഞ്ചം സംശയിക്കേണ്ടിവന്നിരിക്കയുമില്ല. ഇതു രക്ഷിക്കുവിൻ ഒരു പാൻക്ലൂബംകൊണ്ടു നടുക്കുസ്ഥിച്ചു ഫ്രഞ്ചല്ലാതെ, സംസ്കൃതമോ ശാലുക്കോ, പേരാ വല്ല സംഘ്ലക്കുരുമോ, രാജാക്കന്മാരുടെ ആസ്ഥാനമല്ല. ഈ അക്ഷരങ്ങളുടെ ഗൂഢാർത്ഥമെന്തറിവാൻ വളരെ ഞാനും ഭ്രമിക്കയുംചെയ്തതാണ്. Father of Eight Children, Four Boys Four Girls. ഫ്രഞ്ചേ അതിനർത്ഥമുള്ളൂ. ഇതൊരു യോഗ്യതയാണെങ്കിൽതന്നെ, ഇത്രമാത്രംകൊണ്ടു ഞാൻ ഒരന്തരാമുഖോപന്യാസമാണെഴുതേണ്ടതു്! പുസ്തകമെഴുതുകയോപോലെ ഇപ്പഴ് അവതാരികയുമുണ്ടാകണമെന്നു നിർബന്ധമുണ്ടു്. അതിനൊക്കെ ഗദ്യമായിട്ടും പദ്യമായിട്ടും ഗദ്യപദ്യസമ്മിശ്രമായിട്ടും ഒരുപാടു സർട്ടിഫിക്കറുകളും കാണാം. ഇങ്ങിനെയുള്ള സർട്ടിഫിക്കറിന്റെ പലരും എനിക്കെഴുതി അയയ്ക്കുന്നതുകൊണ്ടും, മറിച്ചുപ്പോൾ ഒരുപാടി രണ്ടുപ്പാനുപേക്ഷ വന്നുപോയാൽ ചിലരെ മുഷിയുന്നതുകൊണ്ടും, ഒന്നുരണ്ടു ദിവസം മുഷിഞ്ഞിരുന്നു് അവരുടെ സർട്ടിഫിക്കറുകളും തന്നായി എഴുതിക്കൊടുക്കുന്നു. ഓരോരുത്തരും പുസ്തകം തരുമ്പോൾ തന്നെ അവരുടെ യോഗ്യതയ്ക്കനുസരിച്ചു് ഏതെങ്കിലും തന്നായിട്ടുകൊടുക്കാറാണു് പതിവു്. "ദോഷൈകദൃക്കായാതിനുള്ള വൈരൂപ്യം" നമുക്കു പരിചയപ്രസിദ്ധമാണല്ലോ. അതുകൊണ്ടൊരു മുറിയാവിടെ വന്നില്ല. ഇപ്പഴ് അതുപോലെ ഓരോന്നു് എഴുതിപ്പിച്ചതും തിന്നു. എന്നുമാത്രമല്ല ഇപ്പഴത്തെ ഗദ്യത്തിന്റെ സമ്പ്രദായവും എനിക്കത്ര പിടിയുള്ള ഗദ്യത്തിലും 'ദ്വിതീയാക്ഷരപ്രാസം" ഉണ്ടായാൽ തരക്കേടില്ലെന്നാണു് ചിലരുടെ പക്ഷം. അതുകൊണ്ടായിരിക്കണം ഞാൻ മിക്കവാറും പ്രാസം പ്രയോഗിച്ചിട്ടുള്ളതു്. പക്ഷേ ഒടുവിൽ വായിച്ചിട്ടില്ലാത്തതാണെന്നും പറയുന്നതുകൊണ്ടാരും പരിഭവിക്കയില്ലായിരിക്കും.

ഇപ്പഴത്തെ ഗദ്യരചയിതാക്കന്മാരുടെ കൂട്ടത്തിലെന്നെ മാന്യസ്ഥാനത്തിനു് അർഹനായ കൊച്ചാരത്തിൽ രാമകൃഷ്ണപിള്ളയുടെ പുസ്തകത്തിനു് ഒരാമുഖപ്രബന്ധം എഴുതുന്നതു മറിച്ചുപ്പോയില്ല. അതുകൊണ്ടു "നിർബ്ബന്ധം വഴിക്കുക" യല്ല നല്ലതു്. എന്തെങ്കിലും വല്ലതും എഴുതുകതന്നെ. പക്ഷേ ഒരു വല്ലതും ഞാനെന്താണു് എഴുതിവിട്ടാൽ "ഗ്രന്ഥകാരാഭിപ്രായം വ്യക്തമാക്കുന്നു" മില്ലെന്നുവേണ്ട "ഗ്രന്ഥകാരന്റെ അഭിപ്രായം—വല്ല വിവരക്കേടും—ഇവിടെയെങ്കിലും ഒരു സ്ഥലത്തെഴുതാത്തതു" എന്നൊക്കെ പറയുമായിരുന്നു. അതുകൊണ്ടു് എഴുതാനും പ്രയാസമില്ലാത്ത കാര്യമാണു്. അതിനു പ്രത്യേകം ഒരു വായനയോ തൊഴിലോ ഒന്നും വേണ്ടതില്ല!. കുറഞ്ഞൊരു കാലമായി മഴ

Digitised By Kerala Sahitya Akademi

കുറായത്തുകൊണ്ടോ "കലിയുടെ മൂർദ്ധന്യം" കൊണ്ടോ എന്തോ "സംസ്കൃതഭാഷാഹരിഗിരി" വല്ലാതെ കണ്ടൊന്നുരുകി, പൊട്ടി, ഒലിച്ചു, മലയാളംമുഴുവനേ കുത്തി, കലക്കി കുട്ടിച്ചോറാക്കിയതുകൊണ്ടു, നമ്മളെപ്പോലെയുള്ള കുട്ടർ ഒരു തുമ്പും വാലും അമരവും തുമ്പും ഒന്നുമില്ലാതെ കിടന്ന് "അന്ധനായിട്ടഴലുന്ന കരകാണാതെ" എന്ന പാകത്തിലായിരിക്കുന്നു. വല്ലതും ഒന്നൊഴുതിയാൽതന്നെ, പണ്ടൊരു മഠാകവിയെപ്പറ്റി "പട്ടന്മലിനൻറെ ഒന്നിച്ചു വാഴനായരു കുട്ടിപ്പിരിച്ചു" എന്നുള്ള ഐതിഹ്യംപോലെ ആയിത്തീരും.

ഇപ്പഴും ചിലർ നാടന്മാർക്കു, നാടന്മാർ എന്നു പറഞ്ഞതുകൊണ്ടൊരാളും മുഷിയരുത്, പഠിപ്പില്ലാത്തവർ എന്നല്ല അതിനർത്ഥം, ഇംഗ്ലീഷ് അറിയാത്തവരെന്നോ മറ്റോ യുക്തംപോലെ ധരിച്ചാൽ മതി, ഇപ്പഴും ചിലർ നാടന്മാർക്കു സംസ്കൃതം മലയാളത്തിൽനിന്ന് അന്യമായിട്ടുള്ള ഒരു ഭാഷയാണെന്നുള്ള ധാരണകുറയും—.രണ്ടുനാലു കൊല്ലംമുമ്പെ ഒരു സ്നേഹിതൻറെ വീട്ടിൽ പോയപ്പോൾ ഒരാൾ പ്രസംഗവശാൽ:—

"കുട്ടികളൊക്കെ കുറെ പ്രായമായല്ലോ; എന്താ സ്കൂളിലൊന്നും അയയ്ക്കാറില്ലേ?" എന്നു ചോദിച്ചു. "ഇല്ല, അവർ മലയാളം പഠിക്കുകയാണ്" എന്നുത്തരം പറഞ്ഞപ്പോൾ, എന്താണീശ്വരാ! മലയാളം ഇത്രയൊക്കെ പഠിക്കാനുണ്ടോ. "പന—നന—ഒരു നനഞ്ഞ കൂടാരം—ഒരു കുറക്കനും ആമയും—കടവാതിലിൻറെ കഥ" മുതലായതൊക്കെ സമർത്ഥന്മാരായ സായ്പന്മാർ പഠിക്കുന്നതല്ലേ എളുപ്പം. പിന്നെ എന്തുമലയാളമാണ് വീട്ടിൽനിന്നും പഠിക്കാനുള്ളത് എന്നറിയാതെ ഒന്നുകൂടെ ചോദിച്ചു—

"മലയാളം— ഇവരെന്താണാവോ വായിക്കുന്നത് എന്നറിഞ്ഞില്ല".

"മൂത്തകുട്ടി നൈഷധമാണ് വായിക്കുന്നത്. നാലഞ്ചുസർഗ്ഗം കഴിഞ്ഞതു. അപ്പുക്കുട്ടൻ കുമാരസംഭവം തിടങ്ങി. അവൻ ബാലഭാരതമാണ് കുറച്ചാദ്യം നോക്കിയതു. കല്യാണി ഭോജചരിതം വായിക്കുന്നതുകൂടാതെ കുറച്ചു വ്യാകരണവും ഇടിക്കെട്ടു പിടിച്ചുവെച്ചു.

ഇതാണെത്ര മലയാളം!! മദ്ധ്യരാശി സർവ്വകലാശാലക്കാർ ഇങ്ങനെത്തഞ്ഞാംകല്ലാ മുമ്പെ ഭട്ടതിരിപ്പാട്ടിലെ ശ്രീനാരായണീയത്തിൻറെ ഒരുഭാഗമെങ്കിലും. പിന്നെ പരീക്ഷക്കു "മലയാളമാക്കിയ" അവസ്ഥയ്ക്കു ഇതൊരാശ്വാസമാണെന്നും വിചാരിച്ചുകൂടാ. കുറെക്കാലമായി സർവ്വകലാശാലക്കാരുടെ പ്രവൃത്തി നിമിത്തം വല്ലതരക്കേടും ഒരു "അവിഭക്തകുടുംബ"ക്കാരുടെ വീടുകളിലെ വിദ്യാഭ്യാസക്രമമായി കഴിഞ്ഞതിനാലും സംസ്കൃതവും മലയാളവും തമ്മിൽ ഗുണദോഷിത്വമുണ്ടായത്, അധികമായ വ്യവഹാരംകൂടാതെ, ഭാഗം കഴിഞ്ഞു വീതിനുതന്നതിൽപിന്നെ കാര്യസ്ഥന്മാർകണ്ണുവായി

Digitised By Kerala Sahitya Akademi

കരണം സന്ദർഭോചിതം കേവലം പുനരുദ്ധരിച്ചുവെന്നു മാത്രമേ പറയാം. ഇപ്പഴത്തെ പ്രേക്ഷകരുടെ അഭിരുചി വല്ല "കോമിക ഹാസ്യമോ, ഫാർസിക" മോ "മലയാളമദ്ദളമോ, മാസിക" മോ വായിച്ചു സ്വാദനുഭവിക്കുന്നതിലാണ്. ഇങ്ങിനെയുള്ള വിദ്വാന്മാർ സംസ്കൃതത്തിലും മലയാളത്തിലും അതിഗംഭീരന്മാരായ നടന്മാരുടെ അഭിനയകൗശലം ഉപയോഗിച്ചു് പുരാണത്തിൽ പ്രസിദ്ധന്മാരായിക്കളയാമെന്നുവെച്ചു്, യാതൊരു "ഭയാദാക്ഷിണ്യവു"മില്ലാതെ സംസ്കൃതം ലേശംപോലും ചേർക്കാതെ അങ്ങിനെതന്നെ മുറുകെപ്പിടിച്ചു് ഒരു പ്രകൃതിരീതിയുംകൂടാതെ കോരി ഒടിച്ചു വിളമ്പുന്നതു കാണുമ്പോൾ— എന്താ പറയേണ്ടതു്—ചിരിക്കാതെ കണ്ടുനിവൃത്തി!! ഈ വക മഹാന്മാരുടെ അഭിപ്രായത്തിനും വല്ലവരും ഒരു പുസ്തകം തയ്യാറാക്കിക്കൊടുത്താൽ പൂവലേശം മടിയില്ലാതെ "നിങ്ങൾ സദയം അയച്ച പുസ്തകം സസന്തോഷം കൈപ്പറ്റി. അപരിഹാര്യമായ ഓരോ കൃത്യാന്തരപ്രാരബ്ധം നിമിത്തം സരസമായും സരളമായും എഴുതിയിരിക്കുന്ന നിങ്ങളുടെ നിസ്തുലമായിരിക്കുന്ന പുസ്തകം കുലശ്രേഷ്ഠായമായി വായിക്കാൻ പ്രഥമകാലപര്യന്തം അവസരമില്ലാത്തതുകൊണ്ടു് ആകപ്പാടെ സ്ഥൂലമായി ഒന്നു വായിച്ചു പരിശോധിച്ചു നോക്കിയതിൽ അപൂർവ്വം ചില സ്ഖലിതങ്ങൾ ദുർല്ലഭമായി വന്നുപോയിട്ടുള്ളതു വേറെ ചില മഹാന്മാർ കരുണാസാകം സവിസ്തരമായി ചൂണ്ടിക്കാണിച്ചതു പിഷ്ടപേഷണന്യായേന ഞാനും ചവിട്ടിച്ചവുണം ചെയ്യണ്ടതില്ലെന്നു വിശിഷ്യ പ്രസ്താവിക്കേണ്ടതില്ലല്ലൊ. കിംബഹുനാ—മലയാളത്തിൽ ഗ്രന്ഥദൗർല്ലഭ്യം കൊണ്ടു കഷ്ടപ്പെടുന്നതു് എത്രയും ശോചനീയമായ ഒരവസ്ഥയാകകൊണ്ടു് അതിനൊരു നിവൃത്തിയുണ്ടായി നിർമ്മൂലം നിരാകരിക്കാനായി നിങ്ങളുടെ പ്രശംസാർഹമായ അശ്രാന്തപരിശ്രമം വളരെ ശ്ലാഘനീയംതന്നെ. അതുകൊണ്ടു് ഈ പുസ്തകം സർവ്വകലാശാലകളിൽ ഒരു പാഠപുസ്തകമാക്കിത്തീർക്കണമെന്നു വിശ്വസിക്കുന്നു. യോഗ്യരസികനായ നിങ്ങൾ ആയുരാരോഗ്യസമ്പൽക്ഷേമത്തോടുകൂടി വളരെക്കാലം ജീവിച്ചിരുന്നു് അനേകകോടി ബ്രഹ്മാണ്ഡനായികനായി സർവ്വാന്തര്യാമിയായിരിക്കുന്ന ജഗദീശ്വരനെ എല്ലായിപ്പോഴും സദാ പ്രാർത്ഥിച്ചുംകൊണ്ടു തൽക്കാലം ഇത്രമാത്രംകൊണ്ടു വിരമിക്കുന്നു" എന്നൊക്കെ പൊടിപാറി എഴുതുന്നവരാകട്ടെ സരസ്വതി മലയാളത്തിലെങ്ങാൻ ഇപ്പഴുണ്ടെങ്കിൽ വല്ലതിനിടയിലും ഓടി ഒളിക്കാതെകണ്ടെന്തോ നിവൃത്തി.

വിഭക്തിക്രമവും പോയിട്ടു പ്രയോഗത്തിൽ അന്വർത്ഥാനക്ഷരംതന്നെ നേരാംവണ്ണം പഠിക്കാത്ത പാവങ്ങളെക്കൊണ്ടു പരീക്ഷയടുക്കുമ്പോൾ ആജ്ഞയിൽ കഷ്ടിച്ചു് ഏഴനാഴിക ദുർഘടങ്ങളായ ശ്ലോകങ്ങളുണ്ടാക്കിപ്പോലിപ്പിച്ചു്, ഉദാക്രാന്ത, വിഷ്ണുക്രാന്തി, ശാർദ്ദൂലവിക്രീഡിത, ഹരിണപ്ലുതി, കാ

Digitised By Kerala Sahitya Akademi

കളി, കാകാക്ഷി, ജഗണം മഗണം, തഗണം—ഫി നൊല്ലാം ആരോടൊ
ക്കെയോ ചോദിച്ചുമെച്ചപ്പെടുത്തിക്കൊണ്ടു വന്നു പൊല്ലിക്കെട്ടിത്തു ബുദ്ധിമുട്ടിച്ചു,
അവസാനം "ഓട്ടംതുള്ളലിന്റെ ആദ്യകർത്താവ് ആരാണെ"ന്നു ചോ
ദിക്കുമ്പോൾ "കുചേലനെ, മുയൽ, ശാർദ്ദൂലം" ഫിനെന്നാക്കെ ഉത്തരം ഫിഴ
ത്തിക്കൊണ്ടെടുക്കേണ്ടിവരുന്നതു ഗണവും വൃത്തവുമൊക്കെ
പഠിക്കുന്നതിനും ഫുമായി ഫി നെപ്പോലുള്ളവർക്കുണ്ടു്—ശരി! അതി
നു മനോരഥം വേണ്ടേ—അതു വയസ്സായവരുടെയാഴ്ച്ച" കാറ്റ്=പൂച്ച, മാറ്റ്=
പായ, ഒരു നനഞ്ഞതുടാരം" ഫിനൊക്കെ ഉരുവിടാൻ തുടങ്ങിയില്ലേ.
ആകപ്പാടെ ആണും പെണ്ണും അല്ലാത്ത പാകത്തിലാണു്—സാസ്തുമല്ല;
നാടനുമല്ല. ഇവക "യോഗ്യന്മാക്കു" മലയാളം ഫിഴയുന്നതു ഏതളവു
കോലാണെന്നുപോലും. സംസാരിക്കാനോ അറിഞ്ഞുകൂടാ. ശുദ്ധ പാലക്കാടൻ
തമിഴുപോലെ പതിനെ മൂന്ന് ഇംഗ്ലീഷായിരിക്കും.

പതിനെട്ടുപത്തുകൊല്ലം മുമ്പുവരെ ഓരോ തറകളിലും തറവാടുകളിലും
പ്രത്യേകം പ്രത്യേകം വ്യാഖ്യാധികന്മാരായ ഫിഴത്തശ്ശന്മാരോ മുത്തശ്ശന്മാ
രോ ഉണ്ടായിരുന്നു. ആ വക വിദ്വാന്മാരുടെ കീഴിൽ ഒന്നോ രണ്ടോ കാവ്യം വായിക്കുന്നതായാൽ സാമാന്യം നല്ല വ്യുൽപത്തി ഉണ്ടാ
കുമെന്നുമാത്രമല്ല, സാധാരണ പുസ്തകങ്ങളിലോ ഗ്രന്ഥങ്ങളിലോ കാ
ണാത്തതായ പല നാട്ടുതിവുകളും ഒറ്റശ്ലോകങ്ങളും കൂടി ധരിക്കാം.
മിക്ക ശ്ലോകങ്ങളുടെ ഭാവം പറയുമ്പോഴോ, പുരാണങ്ങൾ വായിച്ചു് അ
ത്ഥം പറയുമ്പോഴോ, ഫിനെല്ലാം രസങ്ങൾ വായാറുണ്ടു്. ആ വക സ
മ്പ്രദായമേ വിട്ടുപോയി. ഇപ്പഴ് ഫിഴത്തശ്ശന്മാരുണ്ടെങ്കിൽതന്നെ, അ
ധികവും കൈക്കുള്ളങ്ങരെ രാമവാരിയർമാർക്കുള്ളതുപോലെ ശ്ലോകം, പദ്യം, വച
നം, വിഭക്തി, അന്വയം— ആയിട്ടില്ല, ശബ്ദാസം കഴിഞ്ഞുപോട്ടെ— അന്വ
യാത്ഥം, പരിഭാഷ, സാരം, ഇതൊക്കെ ഒന്നായിട്ടിടിച്ചു ഫിഴിഞ്ഞരിച്ചു
കലക്കി കുടിച്ചുവരായിരിക്കും. അവരതങ്ങിനെതന്നെ മക്കളോടിക്കൂടി
പോക്കാതെ, ശിഷ്യന്മാരുടെ തൊള്ളയിൽ കൊണ്ടെഴിക്കും. ഗ്രഹഭാ
രം പിടിച്ച ഗ്രാമസ്തുള്ള , മേഷ്ട്രോ, മുൻഷിയും, മുച്ചിയും, മസാലച്ചിയും ക
ണ്ടമാലയും ഒക്കെ വന്നതിൽപിന്നെ അത്രമാത്രമുള്ളതും പോയി എന്നു
പറഞ്ഞാലായല്ലൊ. ഇപ്പഴ് നമ്മളുടെ ശാസ്ത്രങ്ങളും പുരാണങ്ങളും ഇം
ഗ്ലീഷിൽ ആരെങ്കിലും തർജ്ജമചെയ്യുന്നു വായിക്കുക എന്നുള്ള പാകത്തി
ലായി! കഷ്ടം!! സ്വദേശിഭ്രമം ഈവക കാര്യത്തിലായിരുന്നു വേണ്ടതു്.
നമ്മളുടെ പുരാവൃത്തകഥകളും ചരിത്രങ്ങളും ഓരോ ആഗമങ്ങളും അന്യഭാ
ഷയിലെഴുന്നതിനെ പകരം, എത്രയെന്നെ നല്ലവണ്ണം തർജ്ജമചെയ്താൽക്കൂടി
നമുക്കു് ഫിഷ്ടപ്പെടുന്നതിൽ മനസ്സിലാവാൻ തരമില്ലാത്തതായ അന്യഭാഷക
ളിലെ പുസ്തകങ്ങൾ ഭാഷാന്തരം ചെയ്തു പ്രസിദ്ധി സമ്പാദിക്കാനാണു്
അധികമാളുകളും ഉത്സാഹിക്കുന്നതു്. അവസാനമില്ലാത്ത നമ്മളുടെ പു

Digitised By Kerala Sahitya Akademi

രാണങ്ങളിലും ഇതിഹാസങ്ങളിലും അറിയത്തക്കതായി യാതൊന്നുമില്ലെന്നാണ് ആ വകയാശ്രന്മാരുടെ പക്ഷം! പണ്ടു മെക്കാളെയോ, മെക്കാഫ്രിയോ, മക്കാച്ചിയെയാ—ഭദ്രകാളിയല്ല നിശ്ചയം—ആരെങ്കിലും ആയിക്കോട്ടെ, ഒരു ചരിത്ര സാസ്യാഷൻ, അത്ര പറഞ്ഞാൽ മതിയല്ലോ, ഈ സാസ്യന്മാരുടെ നാളും പേരും പഠിക്കാനും പറഞ്ഞൊപ്പിക്കാനുമാണ് പെരുത്തു പണി. എഴുതിയതുപോലെയല്ല ഉച്ചരിക്കേണ്ടത്, ഉച്ചരിക്കുന്നപോലെയല്ല എഴുതേണ്ടത്, അതാണത്ര ആ ഭാഷയുടെ ഒരു മിടുക്ക്! ഇംഗ്ലീഷിൽ കഴുത എന്നെഴുതിയാൽ ചിലപ്പോൾ കുതിര എന്നാണത്രെ വായിക്കേണ്ടത്! എന്തൊരുദ്ധടമാണ്. അട്ടെ, അതങ്ങിനെ ഇരിക്കട്ടെ. ആ സാസ്യിന്റെ അഭിപ്രായത്തിൽ, സംസ്കൃതത്തിലുള്ള സകല ഗ്രന്ഥങ്ങളിലും കൂടി ഈ സാറ്റ് സാസ്യിന്റെയോ, എന്തോ മറ്റൊരു സാസ്യിന്റെ കെട്ടുകഥയിലടങ്ങിയ സാരമില്ലത്രെ! "സുഹാനുള്ള!—എന്താ പറയേണ്ടത്! പാവം!!

കാളിദാസൻ, ഭോജരാജാവ്; ഭവഭൂതി, ബണ്ഡി മുതലായ മഹാന്മാർ, ഓരോ സന്ദർഭങ്ങളിൽ ഉണ്ടാക്കിയ ചില ശ്ലോകങ്ങളും അതു സംബന്ധമായ കഥകളും അവർ തമ്മിലുണ്ടായിരുന്ന ഓരോ സംഭാഷണങ്ങളും അറിയുന്നവർ പറഞ്ഞുകേൾക്കേണ്ടതുതന്നെയാണ്, സംശയമില്ല. പണ്ടുപണ്ടുള്ള വേദം ഇന്നും പഠിക്കുന്നതു പുസ്തകംനോക്കി വായിച്ചിട്ടൊന്നുമല്ല, കേട്ടുപഠിക്കുകാണ്. അങ്ങിനെതന്നെ ഈവക കഥകളും ഇപ്പഴാരും ഉണ്ടാക്കിയതൊന്നുമല്ല. അതൊന്നും ഒരു ഗ്രന്ഥത്തിലോ, രിക്കാട്ടിലോ കാണാത്തതുകൊണ്ട്, തെളിവുശാസ്ത്രപ്രകാരം "വിശ്വാസയോഗ്യ"മല്ലെന്നു കല്പിച്ചുതള്ളുന്നതു വലിയ സങ്കടമാണ്! അങ്ങിനെയാണെങ്കിൽ സാമൂതിരി കോവിലകത്തെ പഴേ റിക്കാട്ട് പരിശോധിക്കുന്നതായാൽ പറങ്കികളുടെയോ ഡിപ്പസുൽത്താന്റെയോ കഥകളൊന്നും വിശ്വസിച്ചുകൂടാ എന്നു വരും. ഇങ്ങിനെയുള്ള കഥകളും മറ്റും എഴുതിവെക്കുന്ന സമ്പ്രദായം നമുക്കിന്നും പതിവില്ല. അക്കാലത്തൊട്ടുണ്ടായിരുന്നില്ല. സാമൂതിരികോവിലകത്തെ കലവറയിൽ അന്നെഴുതിവെച്ചതായ കണക്കുകളും വല്ലതും കണ്ടുകിട്ടുമെങ്കിൽ "കൊല്ലം സ്വന്തം-ാമാണ്ട് എടവം മുതൽ-ാംനു- 'വംസക്കോട്ട് കോമക്കും" കൂടവന്നവക്കും പഴയരി എടങ്ങഴി പതിമൂന്നേമുക്കാൽ പക്കമരി ഇരുപത്താമ്പതരേമാഫാണി—വെള്ളരിക്കാ പതിനൊന്ന്" എന്നൊക്കെ കാണാമായിരുന്നു. റജിസ്ട്രറും കോടതിയും വക്കീലന്മാരുമൊക്കെ ഈയടെ ഉണ്ടായതല്ലേ. "ഡസ്സനായിട്ടു പീസ്" മേടിക്കുന്ന ഇപ്പഴത്തെ ചില പുതിയ വക്കീലന്മാരുടെ പഴയ ഗുമസ്തന്മാരാരെങ്കിലും അന്നുണ്ടായിരുന്നുവെങ്കിൽ ഈ വക ഐതിഹ്യങ്ങളെപ്പറ്റി വേണ്ടപ്പെട്ട തെളിവുകളും, പൊളിഞ്ഞു, മൂലയ്ക്കു കിടക്കുന്ന കരണപ്പെട്ടി പരതിനോക്കിയാൽ ആവശ്യംപോലെ "കിട്ടിയേനെ".

Digitised By Kerala Sahitya Akademi

ഭട്ടതിരിപ്പാട്ടിലെപ്പറ്റി അനവധി കഥകളുണ്ട്. അദ്ദേഹത്തിന്റെ ഓരോ ശ്ലോകത്തെ സംബന്ധിച്ചും അനേകം ഐതിഹ്യങ്ങൾകേട്ടിട്ടുണ്ട്. ആ പായ്യസ്വാമി, പാക്കനാർ, തുഞ്ചത്തെഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, ഉണ്ണായിവാര്യർ, കടത്തനാട്ട് അപ്പുത്തനുവാൻ, കോട്ടയത്തു രാജാവ് ഇങ്ങിനെ എണ്ണിയെണ്ണിപ്പറയാമെന്നുവച്ചാൽ അവസാനിക്കില്ല. രാമയ്യൻ ദളവ, റായി കേശവദാസൻ, മാർത്താണ്ഡവർമ്മ മഹാരാജാവ്, റാണി പാർവ്വതീഭായി, കൊച്ചി ശക്തൻതമ്പുരാൻ, ശക്തൻ സാമൂതിരിപ്പാട്ടീന്ന്, മങ്ങാട്ടച്ചൻ, നിട്ടൂർ രാമനമ്പ്യാർ, കൊയ്യോടൻ ചോയി എഴുത്തച്ഛൻ ഇവരെപ്പറ്റിയൊക്കെയുള്ള കഥകൾ ഓരോരുത്തർ ശേഖരിക്കുന്നതായാൽ എത്ര രസമുണ്ടാകും. മലയാളത്തിലുള്ള അനവധി മാഹാത്മ്യങ്ങളുടെ ആഗമം അറിയുന്നതായാൽതന്നെ വലിയ കാര്യമാണ്. ഇങ്ങിനെയൊക്കെ ഓരോന്നു സൂചിപ്പിച്ചുകൊണ്ടു മാത്രം കാര്യമാവുല്ലല്ലൊ.

ആകപ്പാടെ നമ്മുടെ ഈ തോന്ന്യാസം—അല്ല. ഉപന്യാസം— സാമാന്യത്തിലധികം ദീർഘിച്ചുപോയോ എന്നറിഞ്ഞില്ല. ശങ്കുണ്ണി അവർകളുടെ പുസ്തകത്തിന്റെ ഗുണദോഷത്തെപ്പറ്റി അധികമൊന്നും പറയേണ്ടുന്നാവശ്യമില്ല. വേണമെങ്കിൽ, അല്പകാലത്തിനുള്ളിൽ "പാം"വക്കീലന്മാരെന്ന പ്രസിദ്ധന്മാരായ മൂന്നാംതരം വക്കീലന്മാരുടെ വാഗ്ധോരണിപോലെമതി. "ഈ കാര്യത്തിലും മൂന്നു സംഗതികളാണ് മുഖ്യമായി ബോധിപ്പിക്കാനുള്ളത്. അന്യായക്കാരൻ വലിയ ജന്മിയാണ്, പ്രബലനാണ്; പ്രതി സാധുവാണ്, കുടിയാനാണ്; രണ്ടാമത്തെ സംഗതി രേഖാലക്ഷ്യങ്ങളെക്കൊണ്ടു തെളിയുന്നതാണ്; മൂന്നാമത്തേതു പ്രത്യക്ഷം ബോധിപ്പിക്കേണ്ടതില്ല. ഇത്രമാത്രമാണ് ഈകാര്യത്തിൽ ബോധിപ്പിക്കാനുള്ളത്". ശങ്കുണ്ണി അവർകളും മുമ്പേതന്നെ പ്രസിദ്ധനാണല്ലൊ. ഈ പുസ്തകത്തിന്റെ പ്രചാരത്തിനോ പ്രസിദ്ധിക്കോ മറ്റാരാളുടെ ശിപാശിയോ സർട്ടിഫിക്കേറ്റോ ആവശ്യമില്ല. ഏതായാലും ചില "യോഗ്യന്മാരുടെ അഭിപ്രായപ്രകടനം"കൊണ്ടു" ശങ്കുണ്ണി അവർകൾക്ക് എന്നായും "ഇച്ഛാഭംഗത്തിനോ നിരുത്സാഹത്തിനോ ഏടവരാതിരുന്നാൽ" മതിയായിരുന്നു എന്നേ നമുക്കും പ്രാർത്ഥനയുള്ളൂ. ഈ ഒന്നാം ഭാഗം വായനക്കാർക്കു രുചിക്കുന്ന "പക്ഷം" എന്നു സംശയിച്ചു പഠയാനൊന്നും അവകാശമില്ല; രുചിക്കും, നിശ്ചയം. "ശുഭസ്യശീഘ്രം" എന്നുണ്ടല്ലൊ. അതുകൊണ്ടു രണ്ടാംഭാഗത്തിന്റെ പട്ടം വേഗത്തിൽ കൂട്ടിക്കൊള്ളുകതന്നെ. അതും വെള്ളാശ്ശേരി നാരായണമേനോനവർകൾതന്നെ പ്രസിദ്ധപ്പെടുത്താനൊരുങ്ങിയിരിക്കുകൊണ്ടു ശങ്കുണ്ണി അവർകൾ ഒട്ടും മടിക്കില്ലെന്നു വിശ്വസിക്കുന്നു.

എന്ന്"—കേസരി.

Digitised By Kerala Sahitya Akademi

അവശേഷം:—ഒന്നൊരണ്ടു ശ്ലോകങ്ങൾകൂടി ചേർക്കണമെന്നു വിചാരിച്ചിരുന്നു. ബാഹ്യപ്പാടിൽ തൽക്കാലം ഒന്നും തോന്നുന്നില്ല. നമ്മുടെ ജനരഞ്ജിനീമാരനെജർ ഏതിടേയാണെന്നറിയുന്നതുമില്ല. അതുകൊണ്ടു കൂടിയേ കഴിയുമെങ്കിൽ ഈ പുസ്തകത്തിലെ 12-ാംഭാഗം കാണുന്ന ആദ്യത്തെ ശ്ലോകം ചേർത്താൽ തരക്കേടില്ല. സഹൃദയഹൃദയഹ്ലാദത്തോടെ—നിസർഗ്ഗമധുരമായി—അക്ലിഷ്ടത—ഏതാവൽപദ്ധതംവരെ—വിനയപുരസ്സരമായി—പ്രായേണ—കവികുലാലങ്കാരചൂഡാമണി—അഖിലഗുണസമ്പന്നൻ—അപിച—എല്ലാവരും—ഐകകണ്ഠ്യേന—അഘടിതഘടനാചാതുര്യം—സംഭാവ്യാവസ്തു—ശേഷമെല്ലാം പരമ്പരസ്സൽ—ഈശ്വരോരക്ഷ—ഈ വക പദങ്ങളും വാക്യങ്ങളും ഈ ലേഖനത്തിൽ യുക്തംപോലെ പ്രയോഗിക്കാനായി ആദ്യമേ കുറിച്ചുവെച്ചതു ചേർക്കാൻ തരമായില്ല. തരമുണ്ടെങ്കിൽ നിങ്ങൾ വേണ്ടവിധം ചെയ്തുകൊള്ളുമല്ലോ.

കേസരി

84 മേടം 28-ാംനാ-

Digitised By Kerala Sahitya Akademi

ഉപോദ്ഘാതം.

മിസ്റ്റർ ഗ്രേഗ്സണുടെ പരിഷ്കാരാഭിവൃദ്ധികർക്കായി സർവ്വത്തനനാ പരിശ്രമിച്ചുകൊണ്ടിരുന്ന മഹാനായ "മലയാളമനോരമ" പത്രം, "ഭാഷാപോഷിണി" മാസിക എന്നിവയുടെ നിർമ്മാതാവുമായ ഉപജ്ഞാതനായ കെ. സി. മാമ്മൻമാപ്പിള തരവർകൾ കോട്ടയത്തു വന്നു സ്ഥിരവാസം തുടങ്ങിയ കാലംമുതൽ ആജീവനാന്തം അദ്ദേഹം ഭാഷാവിഷയമായി ചെയ്തിട്ടുള്ള പരിശ്രമങ്ങളിലെല്ലാം എന്നെക്കൂടി ഒരു ഭാഗമാക്കി വെച്ചിരുന്നുവെന്ന് ഇതിനുമുമ്പുള്ള വാസ്തവം അദ്ദേഹത്തേയും എന്നെയുമറിയാവുന്ന ചുരുക്കം ചിലരെങ്കിലും അറിയുന്നതാണ്. ഞങ്ങൾ രണ്ടുപേരുംകൂടി മദ്രാസിൽനിന്നു മലയാളമനോരമ പത്രത്തിന്റെ സഹായത്തിനും മറ്റും വേണ്ടി ഇടയ്ക്കിടയ്ക്കു വരുന്നതും, വായിക്കുക, തിരുത്തുക മുതലായി അവിടത്തെ തീരാത്ത ജോലികൾ തീർത്തുതീർത്താൽ പകലെല്ലാം നാലുമണിക്കൂർ മാത്രം കുറച്ചു സമയം, തമ്മിൽ സല്ലാപം ചെയ്തു വിശ്രമിക്കുന്നതിനുവേണ്ടി അദ്ദേഹം നിശ്ചയിച്ചിരുന്നു. ആ സമയത്ത് അദ്ദേഹത്തിന്റെയും എന്റെയും സ്നേഹിതന്മാരും സരസന്മാരുമായ ചില മാന്യന്മാർകൂടി വന്നുചേരുകയും പതിവായിരുന്നു. അങ്ങിനെ ഞങ്ങൾ എല്ലാവരുംകൂടി ചില നേരമ്പോക്കുകളും ഫലിതങ്ങളും പറഞ്ഞു രസിച്ചുകൊണ്ടിരുന്ന മദ്ധ്യാഹ്ന സംഗമങ്ങൾ ഒന്നരമണിക്കൂർവീതം ഞാൻ ചില ഐതിഹ്യങ്ങൾ പറയുകയും അവ വരഗീസുമാപ്പിള അവർകൾക്കു വളരെ രസിക്കുകയും അതിനാൽ പിന്നെയും ചിലപ്പോൾ വല്ല ഐതിഹ്യങ്ങളും പറയുന്നതിനു് അദ്ദേഹം ഇടയ്ക്കിടയ്ക്കു പ്രേരിപ്പിക്കുകയും ഞാൻ പറയുകയും ചെയ്തു. ക്രമേണ ഇതു പതിവായിത്തീർന്നു. അങ്ങിനെ കുറച്ചുകാലം കഴിഞ്ഞശേഷം ഒരു ദിവസം മിസ്റ്റർ വരഗീസുമാപ്പിള "ഈ ഐതിഹ്യങ്ങളെല്ലാം ഇങ്ങിനെ വെറുതേ പറഞ്ഞുകളഞ്ഞാൽപോരാ. ഇവയിൽ അധികം നേരമ്പോക്കുകളും അതിശയോക്തികളും അസംബന്ധങ്ങളും ഉണ്ടെങ്കിലും നാം അറിഞ്ഞിരിക്കേണ്ടതായ പല തത്വങ്ങളും സാരാംശങ്ങളുംകൂടിയുണ്ട്. അതിനാൽ ഇവയെല്ലാം ഒന്നെഴുതണം, നമുക്കു മദ്രാസിലെയോ ഭാഷാപോഷിണിയിലെയോ പ്രസിദ്ധപ്പെടുത്താം. എല്ലാതരം വായനക്കാർക്കും ഈവക ഐതിഹ്യങ്ങൾ രുചികരമാകുമെന്നതിനാന്നില്ല സാരാംശങ്ങൾ ഗ്രഹിക്കാൻ ശക്തിയുള്ളവർ അവയെ ഗ്രഹിക്കും. അതില്ലാത്തവർ നേരമ്പോക്കിനായിട്ടെങ്കിലും ഈവക ഉപന്യാസങ്ങൾ വായിക്കാതെ ഇരിക്കുകയില്ല" എന്നു പറയുകയും മറ്റുചിലബന്ധുക്കൾ അങ്ങനെ അനുമതിച്ചു പറയുകയും ചെയ്തു. അതിന്റെ ശേഷം ചുരുക്കം ചില ഐതിഹ്യോപന്യാസങ്ങൾ ഞാൻ എഴുതാ

Digitised By Kerala Sahitya Akademi

നം മിസ്റ്റർ വക്കീലുമായിട്ടുള്ള അഭിപ്രായ വ്യത്യാസം കാരണമായിട്ടാണ് ഞാൻ "ഭാഷാപോഷിണി" മാസികയിലുമായി പ്രസിദ്ധപ്പെടുത്താൻ തുടങ്ങിയത്. ആ ശ്രമപരമ്പരയിൽ ഞാൻ എഴുതിയ "പാരമ്പര്യകേരളം" എന്നു ഉപന്യാസം ക്രമേണ കുംഭം, മീനം, മേടം എന്നീ മാസങ്ങളിലെ "ഭാഷാപോഷിണി" മാസികയിൽ മേൽപ്പറഞ്ഞപ്രകാരം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിനുശേഷമാണ് ഒരു "യോഗ്യൻ" ഒരു പത്രമാസപത്രത്തിൽ, "ഭാഷാപോഷിണീസഭയുടെ മാസിക മിസ്റ്റർ വക്കീൽ സുബ്രഹ്മണ്യപ്പിള്ളയുടെയും കൊട്ടാരത്തിൽ ശങ്കുണ്ണി അവർകളുടേയും താവാട്ടുവക അല്ലാഞ്ഞതിനാൽ കേവലം നിസ്സാരങ്ങളും യാതൊരുപയോഗവും ഇല്ലാത്തവയുമായ "പാരമ്പര്യകേരളം പന്തിരുകുലം" എന്നും മറ്റുമുള്ള ഉപന്യാസങ്ങൾ അതിൽ ചേർക്കുന്നതു ന്യായമല്ല. മിസ്റ്റർ ശങ്കുണ്ണിയുടെ ഈ വക ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയതിലേക്കു മാത്രമുണ്ടായിട്ടുള്ള കടക്കാരുവിലയും അച്ചടിക്കൂലിയും ശങ്കുണ്ണി അവർകളിൽനിന്നു ഈടാക്കി, "കേരളപാണിനീയ"കർത്താവിന്റെയും മറ്റും പ്രൌഢങ്ങളായ ലേഖനങ്ങളെ ഴുതുന്ന ശൈലിയിൽ പ്രവർത്തിക്കുവാൻ അവർകൾക്കു കൊടുക്കുവാനാണ്" എന്നു പ്രസ്താവിച്ചിരിക്കുന്നതായി കണ്ടു. എങ്കിലും അതിനു മുമ്പായിത്തന്നെ മഹാമഹോപാധ്യായനായിരുന്ന സി. എസ്. ഐ. തിരുമനസ്സുകൊണ്ടു മുതലായ പല മഹാന്മാരും പ്രൌഢഭാഷാപനകത്താവായ ശൈലി ഗതിപ്പെട്ട എഴുതിയ അവർകളെന്നയും മിസ്റ്റർ സുബ്രഹ്മണ്യപ്പിള്ളയുടെ പേക്ഷ. "കൊട്ടാരത്തിൽ ശങ്കുണ്ണി അവർകൾ എഴുതുന്ന "പാരമ്പര്യകേരളം പന്തിരുകുലം" മുതലായ ലേഖനങ്ങൾ സാധുജനങ്ങൾക്കു സാരസമ്പുഷ്ടങ്ങളായിരിക്കുന്നു. ഈ വക ചെറിയപുസ്തകങ്ങൾ ഒരു കാലത്തു വളരെ വിലയുള്ളവയായിത്തീരുന്നതു ഇപ്പോൾത്തന്നെ നമുക്കു അനുഭവമായിരിക്കുന്നതുകൊണ്ടാണ്" അതിനാൽ മിസ്റ്റർ ശങ്കുണ്ണിയെ ഉത്സാഹിപ്പിച്ചു ഈ വക ലേഖനങ്ങളെ കഴിയുന്നതും വിസ്തരിച്ചു എഴുതിക്കൊൾവാൻ ഞങ്ങൾ പ്രേരിപ്പിച്ചതാകുന്നു" എന്നതു മാറ്റം എഴുതിയതു മറ്റിരുന്ന അഭിനവകവിമഴത്തുള്ളുകൾ ഞാൻ കണ്ടിട്ടുണ്ടായിരുന്നതിനാൽ മേൽപ്പറഞ്ഞ "യോഗ്യ"ന്റെ അഭിപ്രായപ്രകടനം എനിക്കു ഈ വിഷയത്തിനെ സംബന്ധിച്ചു യാതൊരു വിരുദ്ധാഭിപ്രായത്തിനും കാരണമായില്ല. അതിനാൽ വീണ്ടും ഞാൻ ഒരു കാരണം എഴുതിക്കൊണ്ടും മിസ്റ്റർ സുബ്രഹ്മണ്യപ്പിള്ള അഭിപ്രായപ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നു.

മേൽപ്രകാരമുള്ള എഴുത്തുകുത്തുകൾ നടന്നുവരുമ്പോൾ ഞാൻ ഒരു പുസ്തകത്തിന്റെ സ്ഥലത്തെപ്പറ്റി വിചാരിച്ചു. ഞാൻ അധികം വിസ്തരിക്കാതെ ചുരുക്കിയെഴുതുന്നതായിക്കണ്ടിട്ട് ഒരിക്കൽ മിസ്റ്റർ സുബ്രഹ്മണ്യപ്പിള്ള, "ഈവക ചെറുതിനുകളെ ചുരുക്കിയെഴുതിയതുകൊണ്ടു വലുതായിരിക്കുകയില്ല. കഴിയുന്നതും വിസ്തരിച്ചുതന്നെ എഴുതിക്കൊള്ളുക. സ്ഥലം മതിയാകാതെ വന്നാൽ രണ്ടോ മൂന്നോ ലക്കങ്ങളിലായി തുടരെ ചേ

Digitised By Kerala Sahitya Akademi

ത്തു പ്രസിദ്ധപ്പെടുത്താമല്ലോ. ഇവയെല്ലാംകൂടെ ചേത്ത് ഒടുക്കം ഒരു പുസ്തകമാക്കി പ്രസിദ്ധപ്പെടുത്തണമെന്നുകൂടി ഞാൻ വിചാരിച്ചിട്ടുണ്ട്. അതിനാൽ ഒട്ടും പുതുക്കണമെന്നില്ല" എന്നുപറഞ്ഞു. അപ്പോൾ ഞാൻ, "ഇതു പുസ്തകമാക്കണമെങ്കിൽ എല്ലാം മാറിയെഴുതണമല്ലോ. ഇപ്പോൾ ഞാൻ ഇവയെല്ലാം ലേഖനരീതിയിലാണല്ലോ എഴുതിയിരിക്കുന്നത്" എന്നുപറഞ്ഞു. അതിനു വരഗീസുമാപ്പിള അവർകൾ, "മാറ്റിയെഴുതുകയും വേണ്ട. പുസ്തകമാക്കുമ്പോൾ കുറച്ചുകൂടി പ്രൌഢതയും അർത്ഥഗാംഭീര്യവും മാമൂൽക്കാരവുമൊക്കെ ഉണ്ടായിരുന്നാൽ കൊള്ളാം. എങ്കിലും ഈ രീതിയിൽത്തന്നെ ഇരുന്നാലും പോരെന്നില്ല. പിന്നെ പുസ്തകമായി അച്ചടിക്കുന്ന കാലത്തു വല്ലതും തിരുത്തണമെന്നു തോന്നിയാൽ നമുക്ക് അങ്ങിനെയും ചെയ്യാമല്ലോ. അതൊക്കെ അപ്പോൾ നിശ്ചയിക്കാം. ഇപ്പോൾ ഈ രീതിയിൽത്തന്നെ കഴിയുന്നതും വിസ്തരിച്ചെഴുതിക്കൊള്ളൂ; അത്രമതി" എന്നാണ് മറുപടി പറഞ്ഞത്. അതിനാൽ ഞാൻ അതിൽപ്പിന്നെ എഴുതിയ ഉപന്യാസങ്ങൾ അധികം പുതുക്കാതെയും മുൻരീതിയിൽത്തന്നെയുമാണ്. എങ്കിലും വരഗീസുമാപ്പിള അവർകളുടെ അകാലനിര്യാണം നിമിത്തം എന്റെ ആ ഉപന്യാസങ്ങൾകൊണ്ടു പുസ്തകരൂപേണ പുറത്തു വരുവാനുള്ള ഭാഗ്യം ഇതുൽകാലപര്യന്തം സിദ്ധിച്ചില്ല. മിസ്റ്റർ വരഗീസുമാപ്പിളയുടെ വിയോഗത്തോടുകൂടി ഈവക ഉപന്യാസങ്ങൾ എഴുതുവാൻ എനിക്ക് തീരെ ഉത്സാഹമില്ലാതെയുമായി. എങ്കിലും ചില ഉപന്യാസങ്ങൾ അതിൽപ്പിന്നെയും ഞാനെഴുതീട്ടുണ്ട്. വരഗീസുമാപ്പിള അവർകൾ കുറച്ചുകാലംകൂടി സ്വസ്ഥശരീരനായി ജീവിച്ചിരുന്നിരുന്നുവെങ്കിൽ ഞാൻ ഈവക ഉപന്യാസങ്ങൾ ഇതിലധികമായി എഴുതുന്നതിനും അവയെല്ലാം ഇതിനുമുമ്പു പുസ്തകരൂപത്തിൽ പുറത്തു വരുന്നതിനും ഇടയാകുമായിരുന്നു എന്നുള്ളതിനു സംശയമില്ല. വരഗീസുമാപ്പിള അവർകൾ കഴിഞ്ഞതിന്റെ ശേഷം ഈ ഉപന്യാസങ്ങൾ പുസ്തകരൂപേണ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തണമെന്നോ അതുകൊണ്ടു പ്രസിദ്ധപ്പെടുത്തുകകൊണ്ടോ ഉള്ള വിചാരം ഒരിക്കലും ലേശംപോലും എനിക്കുണ്ടായിരുന്നില്ല.

അങ്ങിനെയിരിക്കുമ്പോൾ ഇക്കഴിഞ്ഞ മകരമാസത്തിൽ "ലക്ഷ്മീഭായി" എന്ന മാസികയുടെ മാനേജരായ വെള്ളപ്പാട്ടുൽ നാരായണമേനോനവർകൾ എന്റെ ഈവക ഉപന്യാസങ്ങൾ അത്രയും പ്രസിദ്ധപ്പെടുത്തിയിരുന്നു "ലക്ഷ്മീഭായിഗ്രന്ഥാവലി"യിൽച്ചേർത്തു പുസ്തകരൂപേണ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനു നിവൃത്തിയുണ്ടോ എന്നു ചോദിച്ചെഴുതിയയയ്ക്കുകയും അതിനു ഞാൻ സന്തോഷസമ്മതം സമ്മതിച്ചു മറുപടി അയച്ചു കൊടുക്കുകയും ചെയ്തു. ഞാൻ മേനോനവർകളുടെ ഭാര്യാപോഷിണിയിലും മറ്റുമായി എഴുതിയിട്ടുള്ള ചെറിയ

Digitised By Kerala Sahitya Akademi

മറ്റുപന്യാസങ്ങളെല്ലാം ശേഖരിക്കുന്നതിന് അദ്ദേഹത്തിനു സൌകര്യമില്ലാത്തതിനാൽ അതുകൂടി ഞാൻ ചെയ്യാൽക്കൊള്ളാമെന്ന് അദ്ദേഹം വീണ്ടും എഴുതിയയയ്ക്കുകയാൽ ഈ ഒന്നാംഭാഗം പുസ്തകത്തിലേക്ക് ആവശ്യപ്പെട്ട ഇരുപത്തൊന്ന് ഉപന്യാസങ്ങളും ഉടനേ ഞാൻ ശേഖരിച്ചയച്ചുകൊടുക്കുകയും ചെയ്തു. എന്നാൽ എന്റെ ഇതരകൃത്യങ്ങളുടെ ബാഹുല്യം നിമിത്തം അവയെ ആകപ്പാടെ മാറിയെഴുതി ശരിപ്പെടുത്തുന്നതിന് എനിക്കു സാധിച്ചില്ല. സൌകര്യമായി ചില ഭേദഗതികൾ വരുത്തി ക്രമപ്പെടുത്തുന്നതിനു മാത്രമേ താമസിച്ചിട്ടുള്ളൂ. അതിനാൽ വാചകരീതിയിലും മറ്റും ഇതിൽക്കാണുന്ന ന്യൂനതകൾ സജ്ജനങ്ങളായ വായനക്കാർ ക്ഷമിച്ചുകൊള്ളുമെന്നു വിശ്വസിക്കുന്നു.

ഇതുമുഴുവൻ പറഞ്ഞുതുകൊണ്ട് "ഐതിഹ്യമാല" എന്ന ഈ പുസ്തകത്തിൽക്കാണുന്ന ഉപന്യാസങ്ങൾ ഞാൻ പലപ്പോളായി എഴുതുകയും മലയാളമനോരമ, ഭാഷാപോഷിണീമാസിക മുതലായ പത്രങ്ങളിൽ ചേർത്തു പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളവയാണെന്നും ഇവയെ ഇപ്പോൾ ഇപ്രകാരം അച്ചടിപ്പിച്ചു പുസ്തകരൂപത്തിലാക്കീട്ടുള്ളതു ഭാഷാപോഷണാർത്ഥം പല പ്രകാരത്തിൽ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന എന്റെ പ്രിയമിത്രമായ വെള്ളായണ്ണൽ നാരായണമേനോനവർകളാണെന്നും സൂചിപ്പിക്കേണ്ടതില്ലല്ലോ. എങ്കിലും ഇതിൽ ഇരുപത്തൊന്നാമതായി ചേർത്തിരിക്കുന്ന "കിടങ്ങൂർ കണ്ടങ്കോരൻ" എന്ന ആനയേക്കുറിച്ചുള്ള ഉപന്യാസം "വിദ്യാവിനോദിനി" എന്ന പ്രസിദ്ധിയോടുകൂടി പ്രചരിച്ചിരുന്ന മാസികയിലേക്കു ഞാൻ 'ക്ഷേത്രപ്രിയൻ' എന്ന പേരുവെച്ച് എഴുതിയയയ്ക്കുകയും പിന്നെ തുലാത്തിലെ വിനോദിനിയിൽ ചേർത്തു പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം ഞാൻ എഴുതുകയും മറ്റാരുമായിലും ഭാഷാപോഷിണിയിലും മറ്റും ചേർത്തു പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളവയും ഈ ഒന്നാം ഭാഗത്തിൽ ഉൾപ്പെടാത്തവയുമായി ഇനി ചില ഉപന്യാസങ്ങൾ കൂടിയുണ്ട്. ഈ ഒന്നാംഭാഗം വായനക്കാർക്കു രുചിക്കുന്ന പക്ഷം അവയെല്ലാംകൂടിചേർത്തു രണ്ടാംഭാഗമായി ഒരു പുസ്തകംകൂടി പ്രസിദ്ധപ്പെടുത്താൻ ഈ പ്രസാധകൻതന്നെ വിചാരിച്ചിട്ടുണ്ടെന്നുള്ള വിവരവും വായനക്കാരേ അറിയിച്ചുകൊണ്ടും എന്റെ ഈ ഉപന്യാസങ്ങളേ ഇപ്രകാരം പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തുകയും ഇതിൽ എന്റെ ജീവചരിത്രസംക്ഷേപംകൂടി എഴുതിച്ചേർക്കുകയും ചെയ്തിട്ടുള്ളതിൽ പ്രസാധകന്റെ പേരിൽ എനിക്കുള്ള കൃതജ്ഞതയ്ക്കു സീമാതീതയായിരിക്കുന്നു എന്നുള്ള വാസ്തവം കൂടി പ്രസ്താവിച്ചുകൊണ്ടും ഈ പ്രസ്താവനയേ ഇവിടെ സമാപിപ്പിച്ചുകൊള്ളുന്നു.

കോട്ടയം
കേ—ൻ—വ്യ.

കൊട്ടാരത്തിൽ ശങ്കുണ്ണി,
പുസ്തകകർത്താ.

Digitised By Kerala Sahitya Akademi

Digitised By Kerala Sahitya Akademi

ചെമ്പകശ്ശേരി രാജാവ്.

ഏ. ചെമ്പകശ്ശേരി രാജാവ്.

പണ്ടു തെക്കുംകൂർ രാജ്യത്ത് (ഇപ്പോൾ തിരുവിതാംകൂറിൽ) ഏറാമാന്തർതാലൂക്കിൽ ചേന്ന കുമാരനല്ലൂർ പടിഞ്ഞാറെഭാഗത്തു "പുല്ലിക്കൽ ചെമ്പകശ്ശേരി" എന്ന് ഇല്ലപ്പേരായിട്ട് ഒരു നമ്പൂരിയുണ്ടായിരുന്നു. ആ നമ്പൂരിയുടെ ഇല്ലത്ത് ഒരു കാലത്ത് ഒരുണ്ണിയും ആ ഉണ്ണിയുടെ മാതാവായിട്ട വിധവയായ ഒരന്തർജ്ജനവുമല്ലാതെ പ്രായംതികഞ്ഞ പുരുഷന്മാരാരും ഇല്ലാതെയായിത്തീർന്നു. ആ കുടുംബത്തിൽ അതികഠിനമായ ദാരിദ്ര്യവുമുണ്ടായിരുന്നു. ആ കുടുംബത്തിലെ ഏകസന്താനമായ ഉണ്ണി ഉപനയനം കഴിഞ്ഞു ബ്രഹ്മചാരിയായിവേദാദ്ധ്യയനം ചെയ്തുകൊണ്ടു താമസിച്ചിരുന്ന കാലത്ത് ഒരു ദിവസം മദ്ധ്യാഹ്നസമയത്ത് ആയുധപാണികളും രണ്ടുനാട്ടുകാരുമായ അഞ്ഞൂറോളം നായന്മാർ കുമാരനല്ലൂർ വന്നുചേർന്നു. അവർ കോഴിക്കോട്ടുരാജാവും കൊച്ചിരാജാവും തമ്മിലുണ്ടായ ഒരു യുദ്ധത്തിൽ പരാജിതന്മാരായി പ്രാണരക്ഷാർത്ഥം ഓടിപ്പോന്ന സൈനികന്മാരായിരുന്നു. രണ്ടുമൂന്നു ദിവസമായിട്ട ഭക്ഷണം കഴിക്കായ്കയാൽ അവർ അത്യന്തം പരവശന്മാരായിത്തീർന്നിരുന്നു. അവർ കുമാരനല്ലൂർ വന്നപ്പോൾ ചില ബ്രഹ്മചാരികളായ ഉണ്ണികളും ചില ഉണ്ണിനമ്പൂരിമാരും കുളത്തിൽനിന്നിറങ്ങി മദ്ധ്യാഹ്നസ്നാനംകഴിച്ചു കേറിപ്പോകുന്നതായി കണ്ട് അവരുടെ അടുക്കൽച്ചെന്നു "ഞങ്ങൾക്ക് ഭക്ഷണം കഴിച്ചിട്ട് ഇന്നു രണ്ടുമൂന്നുദിവസമായി. എവിടെച്ചെന്നാൽ ആഹാരം കിട്ടുമെന്നു ചോദിച്ചാലാണ് ഞങ്ങൾക്ക് ഒരു നേരത്തെ ആഹാരം കിട്ടുന്നത്?" എന്നു ചോദിച്ചു. ചില ഉണ്ണിനമ്പൂരിമാരും ബ്രഹ്മചാരികളും അതു കേട്ടിട്ട് ഒന്നും മിണ്ടാതെപോയി. ചിലർ തിരിഞ്ഞുനിന്ന് "ഇതാ ആ പുറകേ വരുന്ന ബ്രഹ്മചാരിയോടു ചോദിച്ചാൽമതി. അദ്ദേഹം നിങ്ങൾക്കു ഭക്ഷണം കഴിക്കുന്നതിന്, എന്തെങ്കിലും മാർഗ്ഗമുണ്ടാകുമെന്നല്ലാതെ പറയുകയില്ല. അദ്ദേഹം ധാരാളം സമ്പത്തും ഔദാര്യവുമുള്ള ആളാണ്" എന്നു പറഞ്ഞു. ഇവർ ഈ പറഞ്ഞതു പരിഹാസമായിട്ടാണെന്ന് ആ സൈനികന്മാർക്കു മനസ്സിലായില്ല. അവർ ആ ബ്രഹ്മചാരിയുടെ അടുക്കൽച്ചെന്നു തങ്ങൾക്കു ഭക്ഷണത്തിനു വല്ലതും തരണമെന്ന് അപേക്ഷിച്ചു. ആ ബ്രഹ്മചാരി പുല്ലിക്കൽച്ചെമ്പകശ്ശേരിലെ ആയിരുന്നു. ആ ഇല്ലത്ത് അക്കാലത്തു വളരെ ദാരിദ്ര്യമായിരുന്നു എന്നു മുമ്പു പറ

Digitised By Kerala Sahitya Akademi

ഞെട്ടിക്കണമല്ലോ. ഈ ഭടന്മാരെ തന്റെ അടുക്കലേക്കു പറഞ്ഞയച്ചതു തന്റെ സഹപാഠികളിൽ ചിലരാണെന്നും താൻ ദരിദ്രനായിരിക്കുന്നതുകൊണ്ടു തന്റെ പേരിൽ അവക്കുള്ള പുച്ഛംനിമിത്തം അവർ ഇപ്രകാരം ചെയ്യുതാണെന്നും ആ ബ്രഹ്മചാരിക്കു മനസ്സിലായി. ഉടനെ അദ്ദേഹം തന്റെ കഴുത്തിൽ കിടന്നിരുന്ന പുലിനഖമാതിരം അഴിച്ചു് ആ ഭടന്മാർക്കു കൊടുത്തിട്ടു "നിങ്ങൾ ഇതു കൊണ്ടുപോയി വിറ്റു്, അംഗിയും സാമാനങ്ങളുമെല്ലാം വാങ്ങി, ഇപ്പോഴത്തെ ഭക്ഷണം കഴിക്കണം; നൈകുന്നേരത്തേക്കു വേറെ ഞാൻ എന്തെങ്കിലും മാർഗ്ഗമുണ്ടാക്കിത്തരാം. ഈ ണം കഴിച്ചു നിങ്ങൾ വേഗത്തിൽ വരണം. കാണാതെ പൊയ്ക്കളയരുതു്" എന്നു പറഞ്ഞയച്ചു.

ആ ഭടന്മാർ പുലിനഖമാതിരം കൊണ്ടുപോയി വിറ്റു് അരി മുതലായവ എല്ലാം വാങ്ങി ഭക്ഷണം കഴിക്കുകയും ഇപ്രകാരം ഔഷധസിദ്ധിയുള്ള ഈ ബ്രഹ്മചാരി എങ്ങിനുള്ളതാണെന്നും അദ്ദേഹത്തിന്റെ സ്ഥിതി എങ്ങനെപ്രകാരമാണെന്നും മറ്റും അന്വേഷിച്ചറിയുകയും ചെയ്തതിനുശേഷം അവർ വേഗത്തിൽ വീണ്ടും ആ ബ്രഹ്മചാരിയുടെ അടുക്കൽച്ചെന്നു വന്ദിച്ചു് "ഇനി അടിയങ്ങൾ എന്തു വേണമെന്നു കല്പിക്കണം. കല്പനപോലെ ചെയ്യുവാൻ അടിയങ്ങൾ സന്നദ്ധരാണു്. ഇന്നുമുതൽ അവിടുന്നു് അടിയങ്ങളുടെ തമ്പുരാനും അടിയങ്ങൾ അവിടുത്തെ ആജ്ഞാകരന്മാരുമാണു്. ഇനി അടിയങ്ങൾ മറ്റൊരാളെ ആശ്രയിച്ചു് ഉപജീവിക്കണമെന്നു വിചാരിക്കുന്നില്ല" എന്നു പറഞ്ഞതു കേട്ടു ബ്രഹ്മചാരി "നിങ്ങൾ അങ്ങിനെ നിശ്ചയിച്ചുവെങ്കിൽ ഞാനും അപ്രകാരംതന്നെ സമ്മതിച്ചിരിക്കുന്നു. നിങ്ങൾക്കു ഭക്ഷണത്തിനു തരുന്നതിനല്ല; എനിക്കു് അദ്ധ്വാനിച്ചു കഴിക്കുന്നതിനുപോലും എന്റെ കൈവശവും തറവാട്ടിലും യാതൊന്നുമില്ല. എനിക്കു വേണ്ടതുക്കൂടി നിങ്ങളുണ്ടാക്കിത്തരേണ്ടതായിട്ടാണിരിക്കുന്നതു്. അതിനാൽ നിങ്ങൾ ആശ്രമമായി വേണ്ടതു് ഉച്ചയ്ക്കു നിങ്ങളെ എന്റെ അടുക്കലേക്കു പറഞ്ഞയച്ചവരുടെ ഇല്ലങ്ങളിൽനിന്നു കൊള്ളയിട്ടു സർവ്വസ്വവും അപഹരിക്കുകയാണു്. അതുകഴിഞ്ഞിട്ടു വേണ്ടതു പിന്നെ ഞാൻ പറയാം" എന്നു പറഞ്ഞു. ഉടനെ ആ ഭടന്മാർ "കല്പനപോലെ" എന്നു പറഞ്ഞു് ആ ബ്രഹ്മചാരിയെ വീണ്ടും വന്ദിച്ചുകൊണ്ടു് അവിടെനിന്നു പോയി ഓരോ നമ്പൂരിമാരുടെ ഇല്ലങ്ങളിൽക്കയറി കൊള്ളയിടുവാൻ തുടങ്ങി. ആ പ്രദേശത്തിൽ അവർ ചില ഇല്ലങ്ങളിലെ സർവ്വസ്വവും അപഹരിച്ചു എന്നു മാത്രമല്ല, ചില സ്ത്രീകളെയും നിഗ്രഹിക്കുകയും ചെയ്തു.

തൽക്കാലം വെണ്മണിക്കു തെക്കുള്ള ഏണ്ണി ഒരു പ്രദേശം അക്കാലത്തു് ആ പ്രദേശങ്ങളുടെ അധിപതിയായിരുന്ന തെക്കുംകൂർരാജാവിന്റെ അടുക്കൽനിന്നു, താമസിക്കുന്നതിനു സ്വന്തമായി ഒരു സ്ഥലമില്ലാ

Digitised By Kerala Sahitya Akademi

ന്നും വിലകൊടുത്തു വാങ്ങാൻ തനിക്കു സ്വത്തില്ലെന്നും താനൊരു ദരിദ്രനാണെന്നും ഇല്ലത്തു താനും തന്റെ മാതാവുമല്ലാതെ വേറെ ആരുമില്ലെന്നും അതിനാൽ ഒരു പുരയിടം ദാനമായിട്ടു തരണമെന്നും അറിയിച്ചു. രാജാവ് ഇതുകേട്ട് "ഉണ്ണിക്ക് ഒരു ദിവസംകൊണ്ടു വെട്ടിയെടുക്കാവുന്നിടത്തോളം വിസ്താരത്തിൽ ഒരു പുരയിടം നമ്മുടെ രാജ്യത്തിനകത്ത് എവിടെയെങ്കിലും വെട്ടിവച്ചുകൊള്ളുന്നതിനു നാം അനുവദിച്ചിരിക്കുന്നു" എന്നുപറഞ്ഞു. ഉടനെ ഉണ്ണി "എന്നാൽ അപ്രകാരം ഒരു പ്രമാണംകൂടിത്തരണം. അല്ലാഞ്ഞാൽ എനിക്കൊരുറപ്പില്ലല്ലൊ" എന്നറിയിച്ചു. രാജാവ് ഇതു കേട്ട് ഉടനെ തന്റെ മന്ത്രിയായ പൂതിയിടത്തിൽ ഉണ്ണ്യാരിച്ചിയെ വരുത്തി മേല്പറഞ്ഞപ്രകാരം അനുവദിച്ചിരിക്കുന്നതായി ഒരു നീട്ടെഴുത്തുകൊണ്ടു വരുവാൻ ആജ്ഞാപിച്ചു. ബുദ്ധിമാനായ മന്ത്രി ഇതുകേട്ടു രാജാവിനോടു സപ്രകാശ്യമായിട്ട് "ഇതിൽ എന്തോ ചതിവുണ്ടെന്നാണ് തോന്നുന്നത്. ഈ ഉണ്ണിക്ക് ഇപ്രകാരം ഒരു പുരയിടം കൊടുക്കാനനുവദിച്ചാൽ വാമനമൂർത്തിക്കുണ്ടായിരുന്നടിച്ചുമി കൊടുത്ത മഹാബലിക്കു പറ്റിയതുപോലെ പറ്റിയേക്കും. ഈ ഉണ്ണി ഒട്ടും കുറഞ്ഞവനല്ലെന്ന് അദ്ദേഹത്തിന്റെ മുഖലക്ഷണങ്ങൾകൊണ്ടു സ്പഷ്ടമാകുന്നുണ്ട്" എന്നറിയിച്ചു. രാജാവു മന്ത്രിയുടെ ഈ ഉപദേശത്തെ അത്ര സാരമുള്ളതായി ഗണിച്ചില്ല. ഉടനെ മന്ത്രി നീട്ടെഴുത്തിക്കൊണ്ടുവരികയും രാജാവ് ഒപ്പും മുദ്രയും വെച്ചു നീട്ട് ഉണ്ണിക്കു കൊടുത്തയയ്ക്കുകയും ചെയ്തു. അതിന്റെ പിറ്റേദിവസം രാവിലെ ആ ബ്രഹ്മചാരി ഒരു ഉടവാളുമായി പുറപ്പെട്ട് അക്കാലത്തു കുമാരനല്ലൂർ പടിഞ്ഞാറേഭാഗമെന്നു പറഞ്ഞുവന്നിരുന്ന പ്രദേശത്തിനു ചുറ്റും ആ വാളുകൊണ്ട് ഓരോന്നു വെട്ടിക്കൊണ്ട് ഒരു പ്രദക്ഷിണമായിട്ടു വന്നു. ഒരു ദിവസംകൊണ്ടു വെട്ടിയെടുക്കാവുന്ന സ്ഥലം എടുത്തുകൊള്ളാനാണല്ലൊ തെക്കുംകൂർ രാജാവു പ്രമാണം കൊടുത്തിരിക്കുന്നത്. അതിനാൽ മേല്പറഞ്ഞപ്രകാരം വെട്ടിയെടുത്തസ്ഥലം മുഴുവനും ആ ഉണ്ണി കൈവശപ്പെടുത്തുകയും ഉടവാളുകൊണ്ടു വെട്ടിയെടുത്ത ഊര് (ദേശം) ആകയാൽ ആ പ്രദേശത്തിന് "ഉടവാളൂര്" എന്നു പേരിടുകയും ചെയ്തു. ഉടവാളൂര് എന്നുള്ളതു കാലക്രമേണ "കുടമാളൂര്" എന്നായിത്തീർന്നു. ഇപ്പോഴും ആ പ്രദേശത്തിനു കുടമാളൂരെന്നുതന്നെ പേർ പറഞ്ഞുവരുന്നു. പിന്നെ അവിടെ ഒരു ഭവനം പണിയിക്കുകയും ആ പ്രദേശത്തിനു ചുറ്റും ഒരു കോട്ട കെട്ടിക്കുകയും ചെയ്ത് ആ ഉണ്ണി തന്റെ മാതാവോടുകൂടി സ്ഥിരതാമസം അവിടെ ആക്കുകയുംചെയ്തു. ഭടന്മാർ ഓരോ സ്ഥലങ്ങളിൽകേറികൊള്ളചെയ്തുകൊണ്ടുവന്ന അളവറ്റ ധനംകൊണ്ട് അദ്ദേഹത്തിനു സമ്പത്സമൃദ്ധിയും ധാരാളമായി. അങ്ങിനെ ആ ദേശത്തിന്റെ ആധിപത്യത്തോടും രാജപദവിയോടും കൂടി ആ ഉണ്ണി സൈന്യസമേതം അവിടെ താമ

Digitised By Kerala Sahitya Akademi

സിച്ചുതുടങ്ങിയ കാലംമുതൽ അദ്ദേഹത്തെ എല്ലാവരും പുളിക്കൽചെമ്പകശ്ശേരിലെകൊച്ചുതമ്പുരാൻ എന്നും വിളിച്ചുതുടങ്ങി. അനന്തരം അദ്ദേഹത്തിന്റെ സമാവർത്തനം കഴിയുകയും ഇല്ലപ്പേരിൽ "പുളിക്കൽ" എന്നുണ്ടായിരുന്നതു ലോപിച്ചുപോവുകയും അദ്ദേഹത്തെ എല്ലാവരും "ചെമ്പകശ്ശേരിത്തമ്പുരാൻ" എന്നും "ചെമ്പകശ്ശേരി രാജാവ്" എന്നും പറഞ്ഞുതുടങ്ങുകയും ചെയ്തു. ഇങ്ങിനെ ചെമ്പകശ്ശേരിനമ്പൂരി ചെമ്പകശ്ശേരി രാജാവായിത്തീർന്നു.

അനന്തരം ആ ഭടന്മാർ വെമ്പനാട്ടുകായലിന്റെ പടിഞ്ഞാറേക്കരെ "വെമ്പനാട്ട്" രാജാവിന്റെ അധീനത്തിലിരുന്ന അമ്പലപ്പുഴനാട്ടുമ്പുറം ആ രാജാവിനെ ജയിച്ചു കൈവശപ്പെടുത്തുകയും ചെമ്പകശ്ശേരി രാജാവിന്റെ സ്ഥിരതാമസവും രാജധാനിയും അവിടെയാക്കുകയും ചെയ്തു. അതിനാൽ ആ പ്രദേശത്തിനും "ചെമ്പകശ്ശേരിരാജ്യം" എന്ന നാമം സിദ്ധിച്ചു.

ചെമ്പകശ്ശേരിരാജാവായിത്തീർന്ന ആ നമ്പൂരി വിവാഹംകഴിച്ചു കുടിപെമ്പുതു കുടമാളൂർ മഠത്തിൽത്തന്നെയാണു്. (ചെമ്പകശ്ശേരിരാജാവിന്റെഭവനത്തിനു "മഠം" എന്നാണു് പണ്ടേതന്നെ പേരുപറഞ്ഞുവന്നിരുന്നതു്.) എന്നുമാത്രമല്ല (രാജാവിന്റെ താമസം മിക്കപ്പോഴും അമ്പലപ്പുഴയാണെങ്കിലും) അന്തർജ്ജനങ്ങൾ എന്നും കുടമാളൂർതന്നെ താമസിച്ചാൽമതിഎന്നു് ഏർപ്പാടുചെയ്കയും ചെയ്തു.

പുളിക്കൽചെമ്പകശ്ശേരിനമ്പൂരി കുമാരനല്ലൂർക്ഷേത്രത്തിൽ ഒരു ഊരാണ്മക്കാരനായിരുന്നു. അദ്ദേഹം തന്റെ ഭടന്മാരെക്കൊണ്ടു കൊള്ളയും ഹിംസയും ചെയ്യിപ്പിച്ചു ഇല്ലങ്ങളിലെ നമ്പൂരിമാരും ആ ക്ഷേത്രത്തിൽ ഊരാണ്മക്കാരായിരുന്നു. ഊരാണ്മക്കാരായ നമ്പൂരിമാരെ അദ്ദേഹമിപ്രകാരം ദ്രോഹിക്കുകനിമിത്തം ശേഷമുള്ള ഊരാളരായ നമ്പൂരിമാർ കൂടി ഇദ്ദേഹത്തിന്റെ ഊരാണ്മസ്ഥാനം വേണ്ടെന്നു വെയ്ക്കുകയും അദ്ദേഹത്തെ മേലാൽ ക്ഷേത്രത്തിൽ കടത്തിക്കൂടാ എന്നു നിശ്ചയിക്കുകയും ചെയ്തു. എന്നുമാത്രമല്ല; പുളിക്കൽചെമ്പകശ്ശേരിനമ്പൂരിക്കു കുമാരനല്ലൂർക്ഷേത്രത്തിന്റെ വടക്കെ നടയിൽ മതിൽക്കുപുറത്തു മതിലിനോടു ചേർന്നു് ഒരു മഠമുണ്ടായിരുന്നതു ശേഷമുള്ള നമ്പൂരിമാർ തീവെയ്പ്പിച്ചു ചുട്ടു ഭസ്മമാക്കിച്ചുകളയുകയും ചെയ്തു. ആ മഠമിരുന്നിരുന്ന പുരയിടത്തിനു് ഇന്നും "പുളിക്കൽമഠത്തിൽപുരയിടം" എന്നാണു് പേരു പറഞ്ഞുവരുന്നതു്. ചെമ്പകശ്ശേരിത്തമ്പുരാൻ ബ്രഹ്മചാരിയായിരുന്ന കാലത്തു കുമാരനല്ലൂർ ക്ഷേത്രത്തിലെ ഊരാണ്മക്കാരായ നമ്പൂരിമാരേ ദ്രോഹിക്കുകയാൽ കുമാരനല്ലൂർഭഗവതിയുടെ അനിഷ്ടം നിമിത്തം കാലാന്തരത്തിൽ ആദ്ദേഹത്തിനു പലവിധത്തിലുള്ള അനർത്ഥങ്ങളുണ്ടായിത്തുടങ്ങി. അ

Digitised By Kerala Sahitya Akademi

നതഭഗവതിയുടെ അനിഷ്ടമാണെന്നും അതിനു കുമാരനല്ലൂർ നടയിൽ വിളിച്ചു ചൊല്ലി പ്രായശ്ചിത്തം ചെയ്കയും ക്ഷേത്രം നടപ്പിനുള്ളതുകയും ചെയ്യുന്നതായി നിവൃത്തിയുണ്ടാകുന്നതല്ലെന്നും പ്രശ്നക്കാർ വിധിക്കുകയാൽ തമ്പുരാൻ അപ്രകാരം ചെയ്യുന്നതിനായി കുമാരനല്ലൂർ ചെന്നു എങ്കിലും അദ്ദേഹം മതിലകത്തു കടക്കുന്നതിന് ഊരാണ്മക്കാരായ നമ്പൂതിമാർ അനുവദിച്ചില്ല. ഉടനെ ചെമ്പകശ്ശേരിത്തമ്പുരാൻ മതിലകത്തു നിന്നു പ്രായശ്ചിത്തം ചെയ്കയും നടപ്പിനുള്ളതാനായി കൊണ്ടു ചെന്നിരുന്ന ആനയെ ഒരു പൊന്നരഞ്ഞാണത്തിൽക്കെട്ടി കെട്ടിച്ചു മതിൽക്കകത്തേയ്ക്ക് അടിച്ചു വിടുകയും ചെയ്തിട്ടു കുടമാളൂക്ക പോവുകയും ചെയ്തു. ആ തളയിൽക്കെട്ട് ഇന്നും കുമാരനല്ലൂർ ഭണ്ഡാരത്തിലിരിക്കുന്നുണ്ട്. വിശുദ്ധിനു കണിവെക്കുവാനും ഉത്സവകാലത്തും അതു പുറത്തെടുത്തു് ഉപയോഗിക്കാറുമുണ്ട്. ആ തളയിൽക്കെട്ടിലെ കമ്പികളുടെ ആകൃതികൊണ്ടു തന്നെ അതു കുമാരനല്ലൂർ പണിയിച്ചിട്ടുള്ളതല്ലെന്നും അന്യലോഹപ്പണിയിച്ചിട്ടുള്ളതാണെന്നും അറിയാമെന്നുമാത്രമല്ല; അതിൽ "ചെമ്പകശ്ശേരിവക" എന്നു പേരുവെട്ടീട്ടുമുണ്ട്.

ഇപ്രകാരം ആദ്യം അമ്പലപ്പുഴരാജാവായിരുന്നതിന്നു മുമ്പായിട്ടു കുമാരനല്ലൂർ സിമന്തപുത്രനായിരുന്ന അമ്പലപ്പുഴെ "മൂരാടു പുറന്ന തമ്പുരാൻ" എന്നു പ്രസിദ്ധനും സർവ്വജ്ഞനുമായിരുന്ന ഗംഭീരമാനസൻ. അങ്ങിനെ നാലോ അഞ്ചോ തലമുറ കഴിഞ്ഞപ്പോഴേക്കും അമ്പലപ്പുഴരാജ്യം തിരുവിതാംകൂറിലേക്കായി ഒടുക്കം ആ വംശത്തിൽ ഒരു തമ്പുരാട്ടിമാത്രം ശേഷിക്കുകയും ആ തമ്പുരാട്ടി പത്തു പതിനഞ്ചു കൊല്ലം മുമ്പേ കുടമാളൂർ മഠത്തിൽവെച്ചു തിരുപ്പെട്ടുപോവുകയും ചെയ്തു. ഇപ്പോൾ അവിടെയുള്ളവർ "വേലിയാംകോൽ" എന്നൊരു നമ്പൂരിയുടെ ഇല്ലത്തുനിന്നു് ഇവിടെ ദത്തെടുക്കപ്പെട്ടവരും അവരുടെ സന്താനങ്ങളുമാണ്. അമ്പലപ്പുഴരാജാവിന്റെ സ്ഥാനം ഇപ്പോൾ വഹിച്ചു പോരുന്നതു (ക്ഷേത്രകാര്യങ്ങൾക്കുമാത്രം) തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ പ്രതിനിധിയായിട്ടു കുടമാളൂർ തെക്കേടത്തു ഭട്ടതിരിപ്പാടന്മാർക്കുമാണ്.

൨. കോട്ടയത്തു രാജാവ്.

കോട്ടയത്തു രാജകുടുംബം ബ്രിട്ടിഷുമലബാറിന്റെ വടക്കേ അറ്റത്തുള്ള താലൂക്കുകളിൽ ഒന്നായ കോട്ടയം താലൂക്കിലാകുന്നു. ഈ കുടുംബത്തിലുള്ള സ്ത്രീപുരുഷന്മാർ യഥാകാലം വിദ്യാഭ്യാസം ചെയ്തുകൊണ്ടിരുന്നതിനാൽ മുൻകാലങ്ങളിൽ അവിടെ വിദ്വാന്മാരില്ലാതെ ഉണ്ടായിരിക്കയുണ്ടായിരുന്നിട്ടില്ല. എങ്കിലും ഒരു കാലത്ത് ആ രാജകുടുംബത്തിൽ കേ

Digitised By Kerala Sahitya Akademi

[illegible] മനുഷ്യനിയായ ഒരു രാജകുമാരൻ തമ്പുരാട്ടിയുമായി സംഭവിക്കുന്നതിനിടയായി അദ്ദേഹത്തിന്റെ ചരിത്രമെന്തെക്കുറിച്ചാണ് കുറഞ്ഞൊന്നും ഇവിടെ പ്രസ്താവിക്കാൻ ഭാവിക്കുന്നത്.

തക്കോലനാണ് ആ രാജകുടുംബത്തിൽ രാജ്യാധിപത്യം ഉണ്ടായിരുന്നതെങ്കിലും ചില ദുരഭിപ്രായക്കാർ അവിടെ ഇദ്ദേഹത്തെക്കാൾ ശ്രേഷ്ഠരായി ഇരുന്നുകൊണ്ടും ഈ രാജകുമാരനെ ബാല്യകാലത്തിൽ സാധാരണ [illegible] വിദ്യാഭ്യാസത്തോടുകൂടി വിദ്യാഭ്യാസം ചെയ്തിച്ചു പുറപ്പെടുവിച്ചതിനാൽ അതൊരു ഫലവുമുണ്ടായില്ല. രാജ്യഭാരം വഹിക്കുവാൻ പ്രാപ്തരായ പുരുഷകുടുംബക്കാരിലായ ഒരു കഥാനായകൻ കേവലം ഒരു ഗ്രാമ്യനായിത്തന്നെ വർത്തിക്കുവാൻ സംഗതിയായി. അത്യന്തം വിദുഷിയായ ഒരു രാജ്ഞിയുടെ പുത്രനും ആ മഹാവിദ്വാൻമാരാൽ യഥോചിതം വിദ്യാഭ്യസിപ്പെട്ടയാളും സകലശാസ്ത്രപാരംഗതന്മാരായ പണ്ഡിതവര്യന്മാരാൽ യഥാകാലം അതിശ്രദ്ധയോടുകൂടി ശിക്ഷിക്കപ്പെട്ടയാളുമായ ഈ രാജകുമാരൻ, മന്ദബുദ്ധികളുടെ പുത്രനെന്ന ജാഗ്രതയോടുകൂടി വിദ്യാഭ്യാസം ചെയ്തിച്ചാലും യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ലെന്നുള്ളതിലേക്ക് ഒരു നല്ല ദൃഷ്ടാന്തമായിരുന്നു.

ഈ രാജകുമാരന് ഏകദേശം പതിനാറു വയസ്സു പ്രായസമയം തന്റെ ജ്യേഷ്ഠൻ രാജ്യാധിപനായ തന്നെത്തന്നെ കോഴിക്കോട്ടു സാമൂതിരിപ്പാടു തന്നെയാൻ തീപ്പെട്ടു. ഈ രണ്ടു രാജകുടുംബങ്ങളും തമ്മിൽ മുമ്പിനാലേ വളരെ ബന്ധുത്വത്തോടുകൂടിയ സ്ഥിതിയാകയാൽ ഇങ്ങിനെയുള്ള അവസരങ്ങളിൽ അടിയന്തിരം അന്വേഷിക്കാനായി പരസ്പരം പോവുക പതിവുണ്ട്. അങ്ങിനെപോവുകയോ വരികയോ ചെയ്താൽ രണ്ടു സ്ഥലത്തുള്ള രാജാക്കന്മാരും നല്ല വ്യുൽപന്നന്മാരായിരിക്കുന്നതിനാൽ അവരുടെ പരസ്പരസംഭാഷണം സംസ്കൃതഭാഷയിലാണ് പതിവ്. അതിനാൽ സാമൂതിരിപ്പാടു തന്നെയാൻ തീപ്പെട്ടുപോയി എന്നുള്ള വർത്തമാനം കേട്ടപ്പോഴേക്കും ഈ രാജകുമാരന്റെ അമ്മയായ രാജ്ഞിക്ക് അപരിമിതമായ മനസ്താപം സംഭവിച്ചു. സാമൂതിരിപ്പാടു തീപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് അടിയന്തിരം അന്വേഷിക്കുന്നതിനായി കീഴ്വഴക്കപ്രകാരം ഒരാൾ പോകാതെയിരുന്നാൽ അത്തലൗകികത്തിനും പേഴ്ചയുടെ സ്ഥിതിക്കും വളരെ പോരായ്മയാണ്. പോവുകയെന്നുവെച്ചാൽ ഏകദേശം പുരുഷപ്രായം തികഞ്ഞിട്ട് ഈ മൂഢാഗ്രസരനായകുമാരനല്ലാതെ ആരുമില്ല താനും. ഇയ്യാൾ അവിടെ ചെന്നാൽ വല്ലതുമൊരു വാക്കു ഗീർവ്വാണഭാഷയിൽ സംസാരിക്കണമെങ്കിൽ അറിഞ്ഞുകൂടാ. അവർ വല്ലതും പറഞ്ഞെങ്കിൽ അതു മനസ്സിലാവുകയുമില്ല. ഈശ്വരാ! എന്താണ് വേണ്ടത്? വലിയ കഷ്ടമായിത്തീർന്നുവല്ലൊ എന്നിങ്ങിനെ വിചാരിച്ചു രാജ്ഞി വ്യസനിച്ചു. ഉടനെ ഈ രാജകുമാരനോടന്നൊ പറഞ്ഞു

Digitised By Kerala Sahitya Akademi

ന്നുള്ളതെന്നും അവിടെച്ചെന്നാൽ വല്ലതും ഒരു വാക്കു പറഞ്ഞാൽ മതി യെന്നും പിന്നെ വേണ്ടുന്നതൊക്കെ പറയുന്നതിനു നല്ല വിദ്വാന്മാരായ ചില ആളുകളുടെ അയച്ചുതരാമെന്നും രാജകുമാരൻ ഗ്രഹിപ്പിച്ചു നടിച്ചു തന്നെകൊണ്ടു ചെന്നും മറ്റും തീർച്ചപ്പെടുത്തി. അപ്പോൾ തന്റെ പുത്രനെ അടുക്കൽ ഇരുത്തി കോഴിക്കോട്ടു ചെന്നാൽ ചോദിക്കേണ്ടതാവ "മയാ കിം കർത്തവ്യം" എന്ന ഒരു വാക്യം ഉരുവിടുവിച്ചു തുടങ്ങി. അങ്ങിനെ മൂന്ന് അഹോരാത്രം ഉരുവിട്ടുറപ്പാക്കിയ അതു രാജകുമാരനു ഒരുവിധം പാഠമായി. പിന്നെയും അധികം താമസിച്ചാൽ പിന്നെ കഴിയുന്നതിനു മുമ്പായി അവിടെ ചെന്നു കാണുന്നതിനു ദിവസം മതിയാകാതെ ഇരുന്നതിനാൽ അവിടെ എത്തുന്നതുവരെ ഈ വാക്യം ഉരുവിട്ടു കൊള്ളുന്നതിനു തന്റെ പുത്രനോടും ശേഷം വേണ്ടുന്ന കാര്യങ്ങളെല്ലാം മാറ പിന്നെ വിദ്വാന്മാരോടും പറഞ്ഞേൽപ്പിച്ചു രാജ്ഞി യാത്ര അയയ്ക്കുകയും ചെയ്തു.

പരിവാരസമേതം രാജകുമാരനെയുംകൊണ്ട് അതിവിദ്വാന്മാരായ ചില യോഗ്യന്മാർ പുറപ്പെട്ടു. കോഴിക്കോട്ടെത്തുന്നതുവരെ ഇവർ ആ വാക്യം ഇടവിടാതെ പറഞ്ഞു കൊടുക്കുകയും രാജകുമാരൻ ഉരുവിടുകയും ചെയ്തു. അവിടെ എത്തിയ ഉടൻ തന്നെ സാമൂതിരിസ്ഥാനം വിട്ടു നാടുവാഴാനിരിക്കുന്ന ആളായ ഇളക്കൂറരാജാവു വന്നു യഥോചിതം എതിരേറ്റു കൊണ്ടു പോയി സൽകരിച്ചിരുത്തി. ഉടനേ രാജകുമാരൻ തന്റെ അമ്മ ഉപദേശിച്ചിരുന്നതും താൻ അതുവരെ ഉരുവിട്ടുകൊണ്ടിരുന്നതുമായ ആ വാക്യംപോലും ശരിയായി പറയാൻ കഴിയാതെ "മയാ കിം കർത്തവ്യം" എന്നു ചോദിച്ചു. രാജകുമാരൻ മയാ എന്നുള്ളതിന്റെ ദീർഘാക്ഷരം കൂടാതെ മണാ എന്നായി പറഞ്ഞതുകൊണ്ട് ഇദ്ദേഹം ഒരു മൂഢനാണെന്നും മയാ (എന്നാൽ) കിം (എന്ത്) കർത്തവ്യം (ചെയ്യപ്പെടേണ്ടത്) എന്നാണ് ഇദ്ദേഹത്തിനു ചോദ്യമെന്നും മനസ്സിലാവുകയാൽ കോഴിക്കോട്ടരാജാവു പരിഹാസമായിട്ട് "തീർച്ചയായും കാരണമാകർത്തവ്യം" എന്ന മറുപടി പറഞ്ഞു. ഞാനുള്ളപ്പോൾ നിങ്ങൾക്കു വരുന്ന ആപത്തിനെ നിവൃത്തിക്കുന്നതിനായി ചെല്ലുന്ന സമയം "ഞാനിരിപ്പാൻ ഇവിടെ എന്തുസഹായമാണ് ചെയ്യേണ്ടതു്" എന്നു ചോദിക്കുന്നതിനു പകരം "എന്തുകൊണ്ടു നിങ്ങൾ എന്തും ചെയ്വാൻ തയ്യാറാണു്" എന്നു വേണമല്ലോ പറയാൻ എന്നു വിചാരിച്ചാണ് രാജ്ഞി ആ അർത്ഥം ഒക്കെ വരത്തക്കതായ ഈ വലിയ വാക്യം പഠിപ്പിച്ചയച്ചത്. പക്ഷേ അതിങ്ങിനെ പരിണമിച്ചു.

കോഴിക്കോട്ടു രാജാവിന്റെ പരിഹാസവചനംകേട്ടു ക്ഷുഭിതരായിരുന്ന വിദ്വാന്മാർ വല്ലാതെ ലജ്ജിച്ചു. ഉടനേ രാജകുമാരനും കൂട്ടി കൊണ്ടു തിരിച്ചുപോന്നു കോട്ടയത്തെത്തി വിവരം രാജ്ഞിയെ അറിയിക്കുകയും ചെയ്തു. ഇതുകേട്ടപ്പോൾ രാജ്ഞിക്കുണ്ടായ വ്യസനവും ലജ്ജയും

Digitised By Kerala Sahitya Akademi

ഇത്രമാത്രമെന്നു പറയേണ്ടതില്ലല്ലൊ. ഞാനെന്നാണു ചെയ്യേണ്ടതെന്നു രഹസ്യമായിട്ടു താൻ ശ്രീശൈലക്കുട്ടി ഉപദേശിച്ചാൽ മതി എന്നുള്ള ആ മകനോടു എത്രയും വാത്സല്യമുള്ളവനായിരിക്കുന്നു. ഇതിലധികം ആശ്വാസം ഇനി ഈ സ്ഥാനാർത്ഥിക്കു ചേരേണ്ടതില്ല. ഇതിനുമുമ്പ് ഇങ്ങിനെ ഒരു വമാനം ഈ പാരമ്പര്യത്തിലുള്ള വർക്കു സിദ്ധിച്ചിട്ടില്ല. ഇപ്പോൾ ഈ കുമാരൻ നിമിത്തമാണല്ലൊ ഇത്ര സൗഭാഗ്യമായതു്. ഇങ്ങിനെയുള്ള പുത്രൻ ഉണ്ടായിരുന്നിട്ടു യാതൊരു പ്രയോജനവുമില്ല. എന്നിങ്ങിനെ വിചാരിച്ചു വ്യസനാകുലനായ രാജ്ഞി താൻറെ പുത്രനെ പിടിച്ചുകെട്ടി കുമാരധാരയിൽ കൊണ്ടുപോയി ഇടുന്നതിനു് ഉടനേ രാജഭടന്മാർക്കു കല്പന കൊടുത്തു. അവർ തൽക്ഷണംതന്നെ അപ്രകാരം ചെയ്കയും ചെയ്തു.

കുമാരധാര എന്നു പറയുന്നതു കോട്ടയത്തുതന്നെ ഉള്ള ഒരു അരുവിയുടെ വെള്ളച്ചാട്ടമുള്ള പുണ്യസ്ഥലത്തിൻറെ പേരാണു്. അവിടെ ഒരു മലയുടെ മുകളിൽനിന്നു തുമ്പിക്കൈവണ്ണത്തിൽ സദാ, യാതൊരു പ്രതിബന്ധവും കൂടാതെ, ഒരു വെള്ളച്ചാട്ടമുണ്ടു്. അതിൻറെ തട്ടവസ്ഥാനത്തുനിന്നു് ഉദ്ദേശം പതിനാറു മാഴ്ചയിലധികം ആഴമുണ്ടു്. അതു വെള്ളം താഴേക്കു വീഴുന്നതു്. അവിടെ മാത്രമേതാ കിടന്നാൽ ഏതു പ്രാണിയും മരംപോലെ ആയിപ്പോകും. നേരത്തോടുനേരം അവിടെകിടന്നിട്ടു മരിക്കാതെ ജീവിച്ചു കേറുന്നതിനു സംഗതിയായാൽ ഏതു മൂഢനായ മനുഷ്യനും അതിവിദ്വാനും ഒരു നല്ല കവിയുമായിത്തീരും. അങ്ങിനെയാണു് ആ സ്ഥലത്തിൻറെ മാഹാത്മ്യം. പക്ഷേ ഒരു നാഴികയധികം അവിടെ കിടന്നാൽ ഏതൊരുത്തനായാലും മരിച്ചുപോകുമെന്നുള്ളതും തീർച്ചയാണു്.

നമ്മുടെ കഥാനായകനായ രാജകുമാരനേ കുമാരധാരയിൽ കെട്ടിയിട്ടതിൻറെ പിറേറദിവസം ആ സമയത്തു ചെന്നെടുത്തു നോക്കിയപ്പോൾ അദ്ദേഹം തോറും ആസകലം മരവിച്ചു മിണ്ടാൻപോലും വാറിയാതെ നിശ്ചേഷ്ടനായിരുന്നു എങ്കിലും ശ്വാസം പോയിട്ടില്ലെന്നു് അറികയാൽ രാജഭടന്മാർ എടുത്തു തൽക്ഷണം രാജ്ഞിയുടെ അടുക്കൽ കൊണ്ടുചെന്നു. ഉടനേ രാജ്ഞിയുടെ കല്പനപ്രകാരം അദ്ദേഹത്തിൻറെ തണുപ്പു മാറുന്നതിനു തക്കതായ പ്രതിവിധികൾ ചെയ്യുതുടങ്ങി. എന്തിനു വള്ളരെ പറയുന്നു കുറച്ചു സമയം കഴിഞ്ഞപ്പോഴേക്കു രാജകുമാരനു പൂർണ്ണസുഖം സിദ്ധിച്ചു. അതോടുകൂടി ബുദ്ധിയുടെ മാന്ദ്യവും തീർന്നു. അതിക്ഷമയുണ്ടായിരുന്നാലും ഇല്ലാത്ത അദ്ദേഹത്തിനു ബോധം വീണു നാലുപേടുത്തു സംസാരിക്കാറായപ്പോൾ അദ്ദേഹത്തിൻറെ വചനങ്ങളിൽ അമ്മയിനു തീരെ തൃപ്തിയാകുന്നവിധം മാധുര്യമുണ്ടാകുന്നുകൂടി കവിതാരൂപേണ പ്രവർത്തിച്ചുതുടങ്ങി. അപ്പോൾ മാതാവായ രാജ്ഞിക്കും തനിക്കുള്ള സകല ദുഃഖങ്ങൾക്കും ഉണ്ടായ സന്തോഷവും തൃപ്തിയും ഒരിക്കലെഴുതുവാനും

Digitised By Kerala Sahitya Akademi

പിന്നെ അതിയോഗ്യനായ ഒരു ശാസ്ത്രികൾ ആ രാജകുമാരനെ യഥാക്രമം വിദ്യാഭ്യാസം ചെയ്തിക്കുകയും, കുറഞ്ഞൊരു കാലംകൊണ്ട് അദ്ദേഹം സകല ശാസ്ത്രപാരദൃശ്വാവും, ഒരു പ്രസിദ്ധകവിയുമായിത്തീരുകയും ചെയ്തു. ഇദ്ദേഹമാണ് കോട്ടയം കഥകൾ എന്ന പ്രസിദ്ധകളായ നാലാട്ടക്കഥകളുടെ നിർമ്മാതാവ്.

"മന്ദാൽകണ്ഠാ കൃതാസ്മിന ഗ്രണാധികതയാ ഗ്രന്ഥെ
ഫലേന സഹകാരസ്യ പുഷ്പോൽഗമ ഇവപ്രജാഃ"

എന്നു പറഞ്ഞതുപോലെ കോട്ടയത്തു രാജകുടുംബത്തിൽ അതിനു മുമ്പ് ഉണ്ടായിരുന്ന രാജാക്കന്മാരെ എല്ലാവരേയുംകാൾ കീർത്തിയോടും, പ്രതാപത്തോടുകൂടി വേണ്ടുംവണ്ണം രാജ്യപരിപാലനവുംചെയ്ത് ഇദ്ദേഹം സുഖമാകും വണ്ണം വസിച്ചു. ഈ കോട്ടയത്തുതമ്പുരാൻ ഒറ്റശ്ലോകങ്ങളായിട്ടും മറ്റും അനേകം കൃതികൾ ഉണ്ടാക്കീട്ടുണ്ടെങ്കിലും മേൽ പറഞ്ഞ നാലാട്ടക്കഥകളോളം പ്രസിദ്ധിയും പ്രചാരവും മറ്റൊന്നിനുമില്ല.

ഇദ്ദേഹം ഒന്നാമതുണ്ടാക്കിയ ആട്ടക്കഥ "ബകവധ"മാണ്. ഇത് ഉണ്ടാക്കിത്തീർന്ന ഉടനേ ഗ്രന്ഥനാഥനെ കാണിച്ചു. അപ്പോൾ അദ്ദേഹം മുഴുവൻ വായിച്ചുനോക്കിട്ട് "ഇതു സ്ത്രീകൾക്കു കൈകൊട്ടിക്കളിക്കു വളരെ നന്നായിരിക്കുന്നു" എന്നു പറഞ്ഞു. ഇതുകേട്ടപ്പോൾ തന്റെ കവിതയ്ക്കു ഗാംഭീര്യവും, അർത്ഥപുഷ്ടിയും മതിയായില്ലെന്നാണ് ഗ്രന്ഥനാഥന്റെ അഭിപ്രായമെന്നു തമ്പുരാനു മനസ്സിലായി. ഇനി അങ്ങിനെ പോരാ എന്നു വിചാരിച്ചു പിന്നെ ഉണ്ടാക്കിയതാണ് "കുമ്മീരവധം" അതും തീർന്ന ഉടനേ ഗ്രന്ഥനാഥനെ കാണിച്ചു. ഗ്രന്ഥനാഥൻ അതു നോക്കീട്ടു ഇതു മുമ്പിലത്തേപ്പോലെയല്ല. ഒരു വ്യാഖ്യാനം കൂടെ വേണം. എന്നാൽ പഠിക്കുന്നവർക്കു വ്യുൽപത്തിയുണ്ടാകാൻ നല്ലതാണ് എന്നു പറഞ്ഞു. ഈ വാക്കിന്റെ സാരം കാഠിന്യം അധികമായിപ്പോയി എന്നാണല്ലൊ. ആദ്യത്തേതിനു പോരായ്മയും പോയി. ഇതിനു അധികവുമായി. എന്നാൽ ഇനി ഇടമട്ടിലൊന്നു ഉണ്ടാക്കി നോക്കാം. എന്നു വിചാരിച്ചു മൂന്നാമത് അദ്ദേഹം ഉണ്ടാക്കിയതാണ് "കല്യാണസൌഗന്ധികം" ആട്ടക്കഥ. അതു ഗ്രന്ഥനാഥൻ കണ്ടിട്ട് "കഥ ഇതായതുകൊണ്ടു കവി ഒരു സ്ത്രീജിതനാണെന്നു ജനങ്ങൾ പറയും" എന്നുപറഞ്ഞു. പാഞ്ചാലിയുടെ വാക്കു കേട്ട ഭീമസേനൻ കല്യാണസൌഗന്ധികം കൊണ്ടുവരാൻ പോയ കഥയായതുകൊണ്ടാണല്ലൊ ഇങ്ങിനെ പറഞ്ഞത്. എന്നാൽ ഇനി ഉർവ്വശിയുടെ അപേക്ഷയെ അർജ്ജുനൻ നിരാകരിച്ച കഥ ആയിക്കളയാം എന്നുവിചാരിച്ചു തമ്പുരാൻ വീണ്ടുമൊരു "നിവാതകവചവധം" കഥയുണ്ടാക്കിക്കൊണ്ടുവന്നു. അപ്പോൾ ഗ്രന്ഥനാഥൻ ഇതു ആട്ടക്കഥക്ക് ആടാൻ കൊള്ളാം. ആട്ടം കണ്ടുകൊണ്ടിരിക്കുമ്പോൾ

Digitised By Kerala Sahitya Akademi

മുറക്കളഞ്ഞുവക്കു മുറക്കാനും, മൂത്രമൊഴിക്കാൻ പോകേണ്ടവകയ്ക്കു അതിനും സമയം വേണമല്ലൊ എന്നു വിചാരിച്ചിട്ടായിരിക്കും വങ്കണ്ണാവു വങ്കുകേളുക്കളെ കൂടെസ്സൂചിപ്പിച്ചത് എന്നു പാണ്ഡ്യൻ. ഇതു കേട്ടപ്പോൾ ഈ കവിത ഗ്രന്ഥനാഥനാണെന്നു ബോധിച്ചു എന്നു മനസ്സിലാവുകയാൽ തമ്പുരാനു വളരെ സന്തോഷമുണ്ടായി.

കല്യാണസൗഗന്ധികം ആട്ടക്കഥയിൽ "പഞ്ചസായകനിലയേ" എന്നുള്ളതു് അബദ്ധപ്രയോഗമാണെന്നു ഗ്രന്ഥനാഥൻ പറകയും, എന്നാൽ അതു് അവിടുന്നാണെന്നു മാറ്റിത്തരണമെന്നു തമ്പുരാൻ അപേക്ഷിക്കുകയും, ഗ്രന്ഥനാഥൻ വളരെക്കാലം വിചാരിച്ചിട്ടും അർത്ഥവും ഭംഗിയുള്ള രണ്ടു പദം അതിനു പകരം അവിടെ ചേർക്കാൻ കഴിയായ്കയാൽ ഒടുക്കം അതുതന്നെ മതിയെന്നു സമ്മതിക്കുകയും ചെയ്തതായി കേട്ടിട്ടുണ്ടു്. പിന്നെ "ബകവധം" ആട്ടക്കഥയിൽ "കാടേ ഗതി നമുക്ക്" എന്നുള്ള പ്രയോഗത്തിൽ "അറം" വരികയാലാണ് ടിപ്പുസുൽത്താനെ ഭയപ്പെട്ട നാടുവിട്ടു കാടുകേറുന്നതിനും രാജ്യം കൈവിട്ടു പോകുന്നതിനും സംഗതിയായതെന്നും പ്രബലമായ ഒരു ജനവാദം ഇപ്പോഴും നടന്നുവരുന്നു. ഇങ്ങിനെ ഈ തമ്പുരാനേയും അദ്ദേഹത്തിന്റെ കവിതകളേയും കുറിച്ചു് അനേകം സംഗതികൾ പറയാനുണ്ടു്. വിസ്തരഭയത്താൽ മുതുകുന്നു.

പ്രസിദ്ധനായ ഈ കോട്ടയത്തുതമ്പുരാൻ, മഹാകവിയായ മേപ്പത്തൂർ നാരായണഭട്ടതിരിയുടെ കാലത്തു ജീവിച്ചിരുന്നതായി കേൾവിയുണ്ടു്. അതിനാൽ ഇദ്ദേഹത്തിന്റെ ജീവിതകാലം കഴിഞ്ഞിട്ടു് ഇപ്പോൾ മുന്നൂറിച്ചില്വാനം സംവത്സരത്തിൽ അധികമായിട്ടില്ലെന്നു തെളിവാകുന്നു.

ഇപ്പോൾ രാജ്യാധിപത്യവും മറ്റും ഇല്ലെങ്കിലും കോട്ടയത്തു രാജകുടുംബം ഇന്നും ഉണ്ടു്. ബ്രിട്ടീഷുഗവർമ്മെന്റിൽനിന്നുള്ള മാസിപ്പാനും പറഞ്ഞു സുഖമായി ആ വംശക്കാർ പൂർവ്വസ്ഥാനമായ കോട്ടയത്തുതന്നെ താമസിച്ചുവരുന്നു.

൨. മഹാഭാഷ്യം.

ആര്യാവർത്തശ്രേഷ്ഠനായ സാക്ഷാൽ പതഞ്ജലിമഹർഷി വ്യാകരണമഹാഭാഷ്യമുണ്ടാക്കി തന്റെ ആയിരം ശിഷ്യന്മാരേയും അടുക്കലിരുത്തി പറഞ്ഞുകൊടുത്തു പഠിപ്പിച്ചു്, ഉരുവിടുവിച്ചും കൊണ്ടിരിക്കുമ്പോൾ ആ ശിഷ്യന്മാരിൽ ഒരാൾ അനുവാദംകൂടാതെയെണീറ്റു പാഠശാലയിൽനിന്നു പുറത്തുപോയി. ശിഷ്യന്റെ ഈ ദുസ്സഭാവത്തിലുള്ള പ്രവൃത്തി മ

Digitised By Kerala Sahitya Akademi

ഥനഷ്ക്ക് ഒട്ടും രസിച്ചില്ല. അതിനാൽ അദ്ദേഹത്തിന്റെ ഹൃദയത്തിൽ പെട്ടെന്നു കോപാഗ്നി ജ്വലിച്ചു. അദ്ദേഹം ആ കോപത്തോടുകൂടി കമണ്ഡലുകം മിഴിച്ചു് ഒന്നു നോക്കി. അപ്പോൾ സമീപത്തിരുന്നിരുന്ന ശിഷ്യന്മാരെല്ലാം അദ്ദേഹത്തിന്റെ കോപാഗ്നിയിൽ ഭസ്മാവശേഷന്മാരായി ഭവിച്ചു. തന്റെ പ്രിയ ശിഷ്യന്മാരെല്ലാം നശിച്ചുപോയതിനാൽ ശുദ്ധാത്മാവായ മഹർഷിയുടെ ഹൃദയത്തിൽ പെട്ടെന്നു് അപാരമായ പശ്ചാത്താപവുമുണ്ടായി. ജനോപകാരാർത്ഥം താനുണ്ടാക്കിയ മഹാഭാഷ്യമെല്ലാം ഗ്രഹിച്ചവരായ പ്രിയശിഷ്യന്മാരെല്ലാവരും നശിച്ചുപോയല്ലൊ എന്നു വിചാരിച്ചു മഹർഷി വിഷാദിച്ചുകൊണ്ടിരിക്കുമ്പോൾ മുമ്പു പുറത്തയച്ചിരുന്നിപ്പോയ ശിഷ്യൻ വിവരമറിഞ്ഞു് അദ്ദേഹത്തിന്റെ അടുക്കൽ വന്നു്, "അല്ലയോ സ്വാമിൻ! അവിടുന്നു് ഒട്ടും വിഷാദിക്കേണ്ട. അവിടേയ്ക്കു ശിഷ്യനായിട്ടു ഞാനുണ്ടല്ലൊ. മഹാഭാഷ്യം മുഴുവനും എനിക്കു ഹൃദിസ്ഥമായിട്ടുണ്ടു്. ഞാനിതിനെ ജനോപകാരാർത്ഥം ശിഷ്യപരമ്പരയാ പ്രചരിപ്പിച്ചുകൊള്ളാം" എന്നു പറഞ്ഞു. അപ്പോൾ മഹർഷിയുടെ മനസ്സിൽ വീണ്ടും കോപാഗ്നി ജ്വലിക്കയാൽ "എടാ! ദ്രോഹി! നീ വിമിത്തമല്ലേ എന്റെ പ്രിയശിഷ്യന്മാരെല്ലാം നശിച്ചുപോയതു്? അതിനാൽ നീയും ഭസ്മമായിപ്പോട്ടെ" എന്നു് ആ ശിഷ്യനേയും ശപിച്ചു ഭസ്മമാക്കി. പിന്നെയും മഹർഷിക്കു വലിയ വിഷാദമായി. ശുദ്ധാത്മാക്കൾക്കു കോപവും പശ്ചാത്താപവും പെട്ടെന്നുണ്ടാകുമല്ലൊ.

മഹർഷി പിന്നെയും അങ്ങിനെ വിഷാദിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഗന്ധർവ്വൻ അദ്ദേഹത്തിന്റെ അടുക്കൽവന്നു് "അല്ലയോ ഭഗവാനേ! അവിടുന്നു് ഒട്ടും വിഷാദിക്കേണ്ട. അവിടേക്കു പ്രിയശിഷ്യനായിട്ടു് ഈ ഞാനുണ്ടു്. ഞാനൊരു ഗന്ധർവ്വനാണു്. ഞാൻ വളരേക്കാലമായി ഈ ആശ്രമസമീപത്തിങ്കൽ നിൽക്കുന്ന അശ്വത്ഥവൃക്ഷത്തിന്മേലിരുന്നിരുന്നു. അവിടുന്നു മഹാഭാഷ്യം ശിഷ്യന്മാർക്കു ചൊല്ലിക്കൊടുക്കുന്നതു കേട്ടുകേട്ടു് അതെല്ലാം ഞാൻ ഗ്രഹിച്ചിരിക്കുന്നു. അതിനാൽ എന്നെ അവിടുന്നു് ഒരു ശിഷ്യനായി സ്വീകരിച്ചുകൊണ്ടാലും" എന്നു പറഞ്ഞു. അപ്പോൾ പിന്നെയും മഹർഷിക്കു കോപമാണുണ്ടായതു്. "നീ എന്റെ മനസ്സുകൂടാതെയും ഞാൻ ഉപദേശിക്കാതെയും എന്റെ ഭാഷ്യം ഒളിച്ചിരുന്നു ഗ്രഹിച്ചതിനാൽ നീയൊരു ബ്രഹ്മരാക്ഷസനായിപ്പോകട്ടെ" എന്നു മഹർഷി ആ ഗന്ധർവ്വനെ ശപിച്ചു. ഇതു കേട്ടപ്പോൾ ഗന്ധർവ്വൻ ഏറ്റവും പരവശനായിത്തീരുകയാൽ വിനയസമേതം മഹർഷിയുടെ കാൽക്കൽ വീണു നമസ്കരിച്ചിട്ടു ശാപമോക്ഷത്തിന്നായി അപേക്ഷിച്ചു. ശുദ്ധഹൃദയനായ മഹർഷി ഉടനെ പ്രസാദിച്ചു, "നീ എന്റെ ഭാഷ്യം അതു ഗ്രഹിക്കാൻ യോഗ്യതയുള്ള ഒരാൾക്കു് ഉപദേശിച്ചുകൊടുക്കണം. ഭാഷ്യം മുഴുവനും ഉപദേശിച്ചു കഴിയുമ്പോൾ നീ ശാപമുക്തനാ

Digitised By Kerala Sahitya Akademi

നായി നിജസ്ഥിതിയെ പ്രാപിക്കും" എന്നു പറഞ്ഞു ഗന്ധർവ്വനെ അനുഗ്രഹിച്ചു. ബ്രഹ്മരാക്ഷസനായ ഗന്ധർവ്വൻ വീണ്ടും മഹർഷിയെ വന്ദിച്ചിട്ട് അവിടെനിന്നു പോയി യഥാപൂർവ്വം ആ ആലിന്റെ മുകളിൽചെന്ന് ഇരിപ്പായി. ഭാഷ്യം ഗ്രഹിക്കുന്നതിനു തക്ക യോഗ്യതയുള്ളവർക്കു വേണമെല്ലാ അതുപദേശിച്ചുകൊടുക്കാൻ എന്നുവിചാരിച്ച് ആ ബ്രഹ്മരാക്ഷസൻ അതിലെ കടന്നുപോകുന്ന ബ്രാഹ്മണരെ ഓരോരുത്തരെ വിളിച്ച് അവരുടെ യോഗ്യതയെ പരീക്ഷിച്ചുകൊണ്ടിരുന്നു.

ബ്രഹ്മരാക്ഷസന്റെ പരീക്ഷ എങ്ങിനെയെന്നാൽ, തന്റെ അടുക്കൽ വരുന്നവരോടു "പചേന്നിഷ്യായാം കിം രൂപം" എന്നൊരു ചോദ്യം ചോദിക്കും. അതിനു ശരിയായ ഉത്തരം പറയാത്തവരെ അവൻ പിടിച്ചു ഭക്ഷിക്കുകയും ചെയ്യും. ഇങ്ങിനെയാണ് ഏർപ്പാട്. ഈ ചോദ്യത്തിനു 'പക്തം' എന്നോ മറ്റോ ചില അബദ്ധങ്ങളായ ഉത്തരങ്ങളെല്ലാതെ ശരിയായി ആരും പറയായ്കയാൽ ആ ബ്രഹ്മരാക്ഷസൻ അസംഖ്യം മഹാബ്രാഹ്മണരെപ്പിടിച്ചു ഭക്ഷിച്ചു. അങ്ങിനെ വളരെ കാലവും കഴിഞ്ഞു.

അങ്ങിനെയിരിക്കുന്ന കാലത്ത് ഒരു ദിവസം സർവ്വശാസ്ത്രപാരംഗതനും വേദജ്ഞനും വേദാന്തിയും യോഗശാസ്ത്രവാരാശിയും വിരക്തനുമായ ഒരു ബ്രാഹ്മണശ്രേഷ്ഠൻ അതിലേ വന്നു. അദ്ദേഹം സന്ന്യസിക്കണമെന്നു നിശ്ചയിച്ചു തനിക്കു ക്രമസന്ന്യാസം തരുന്നതിനും തന്റെ ഗുരുവായി സ്വീകരിക്കുന്നതിനും തക്ക യോഗ്യതയുള്ള ഒരാളെ കണ്ടുകിട്ടുന്നതിനായി അന്വേഷിച്ചു നടക്കുകയായിരുന്നു. ആ ബ്രാഹ്മണനേയും കണ്ടയുടനെ ബ്രഹ്മരാക്ഷസൻ തന്റെ അടുക്കൽ വിളിച്ചു മേൽപ്പറഞ്ഞ ചോദ്യം ചോദിച്ചു. അദ്ദേഹം 'പാകപം' എന്നു ഉത്തരം പറഞ്ഞു. ഇതു കേട്ടപ്പോൾ ഈ ബ്രാഹ്മണനു മഹാഭാഷ്യം ഗ്രഹിക്കാൻതക്ക യോഗ്യതയുണ്ടെന്നു നിശ്ചയിച്ച ബ്രഹ്മരാക്ഷസൻ അദ്ദേഹത്തിന് ഉപദേശിച്ചുകൊടുക്കാൻ ആരംഭിച്ചു. ബ്രഹ്മരാക്ഷസൻ ആലിന്മേലും ബ്രാഹ്മണൻ ആൽത്തറയിലുമിരുന്നു. ആദ്യംതന്നെ ബ്രഹ്മരാക്ഷസൻ ബ്രാഹ്മണനു വിശപ്പും ദാഹവും ഉറക്കവും പിടിക്കാതെയിരിക്കാനായി ഒരു ദിവ്യൗഷധം കൊടുത്തു സേവിപ്പിച്ചിട്ടാണ് ഭാഷ്യം ഉപദേശിക്കാൻ തുടങ്ങിയത്. ബ്രഹ്മരാക്ഷസൻ ആ ആലിന്റെ ഇലകൾ പറിച്ചു ഭാഷ്യം കുറേശ്ശെ എഴുതിയിട്ടുകൊടുക്കുകയും ബ്രാഹ്മണൻ അതു നോക്കി ധരിക്കുകയുമായിട്ടാണ് പഠിപ്പിക്കുകയും പഠിക്കുകയും ചെയ്തത്. ബ്രഹ്മരാക്ഷസൻ എഴുതിയിട്ടതു ബ്രാഹ്മണൻ നോക്കി ധരിച്ചുകഴിഞ്ഞാൽ പിന്നെയും ബ്രഹ്മരാക്ഷസൻ എഴുതിയിട്ടുകൊടുക്കും. ഇങ്ങിനെ ആറുമാസകാലം കഴിഞ്ഞപ്പോൾ മഹാഭാഷ്യം മുഴുവനും ഉപദേശിക്കുകയും ബ്രാഹ്മണൻ ധരിക്കുകയും കഴിഞ്ഞു. അപ്പോൾ ബ്രഹ്മരാക്ഷസൻ ശാപമുക്തനായി പൂർവ്വ

Digitised By Kerala Sahitya Akademi

സ്ഥിതിയിൽ ഗന്ധർവ്വത്വത്തെ പ്രാപിക്കുകയും ചെയ്തു. ഉടനെ ബ്രാഹ്മണൻ തന്റെ ഗുരുവായ ഗന്ധർവ്വനെ വന്ദിച്ചു യാത്രയും പറഞ്ഞു ദൂരെയിനിന്നു യാത്രയായി. അപ്പോൾ ആ ഗന്ധർവ്വൻ തന്റെ പ്രിയശിഷ്യനായ ബ്രാഹ്മണനെ വീണ്ടും വണ്ണം അനുഗ്രഹിച്ചിട്ട്, 'അല്ലയോ ബ്രാഹ്മണോത്തമ! നിങ്ങൾക്കു ക്ഷുൽപിപാസകളുടേയും നിദ്രയുടേയും ബാധ ഉണ്ടാകാതെയിരിക്കുവാനായി ഞാൻ തന്ന ആ ദിവ്യൗഷധത്തിന്റെ ശക്തി അങ്ങേയ്ക്കു ജലസ്പർശമുണ്ടായാൽ നശിച്ചുപോകും. ഉടൻ ഭവാൻ നിദ്ര പ്രാപിക്കുകയും ചെയ്യും. പിന്നെ അഞ്ച് ആറുമാസം കഴിയാതെ ഉണരുകയുമില്ല. അതിനാൽ ഇനി വെള്ളത്തിലിറങ്ങുന്ന കാര്യം വളരെ സൂക്ഷിച്ചുവേണം എന്നു പറഞ്ഞിട്ട് അന്തർദ്ധാനവും ചെയ്തു. ഉടനെ ബ്രാഹ്മണൻ താൻ പഠിച്ച മഹാഭാഗ്യത്തിന്റെ ഒരംശമെങ്കിലും വിസ്മരിച്ചുപോയെങ്കിൽ പിന്നെയൊരാൾ ആരും ഉണ്ടായിരിക്കാത്തതുകൊണ്ടു ഗന്ധർവ്വൻ എഴുതിത്തന്നവയായ ഈ ആലിലകൾകൂടി കൊണ്ടുപോയി ഇതൊന്നു പകർത്തിയെഴുതി സൂക്ഷിക്കണം എന്നും നിശ്ചയിച്ച് ആ ആലിലകളും കെട്ടിയെടുത്ത് അവിടെനിന്നും പോവുകയും ചെയ്തു.

ആ ബ്രാഹ്മണൻ പിന്നെയും പല സ്ഥലങ്ങളിൽ സഞ്ചരിച്ച് ഒരു ദിവസം ഒരു ദിക്കിൽ ചെന്നപ്പോൾ മാർഗ്ഗമദ്ധ്യേയുള്ള ഒരു നദി ഇറങ്ങിക്കടക്കേണ്ടതായി വന്നു. നദിയിൽ ഇറങ്ങാതെ അക്കരെ കടക്കുന്നതിന് ആ ദിക്കിലെങ്ങും തോണിയും വഞ്ചിയുമൊന്നുമില്ലായിരുന്നു. നദിയിൽ വെള്ളമധികമില്ലാത്തതുകൊണ്ട് അവിടെയെല്ലാവരും അക്കരെയിക്കരെ കടക്കുന്നതു നദിയിലിറങ്ങിയാണ് പതിവ്. നദി വീതി വളരെ കുറഞ്ഞതുമായിരുന്നു. അതിനാൽ ആ ബ്രാഹ്മണൻ കുണ്ഠതയിൽ ഇറങ്ങിക്കടന്നുകളയാമെന്നു വിചാരിച്ച നദിയുടെ വക്കത്തുചെന്ന് ആലിലച്ചുമടു് അവിടെ ഇറക്കിവെച്ചിട്ടു കുറച്ചു വെള്ളം കയ്യിലെടുത്തു മുഖം കഴുകി. ഉടനെ ആ ബ്രാഹ്മണൻ ഗാഢനിദ്രയെ പ്രാപിച്ച് അവിടെ വീണു. അപ്പോൾ ആ കടവിൽ കുളിച്ചുകൊണ്ടിരുന്ന നാഗരാജാവിന്റെ യുക്തയായ ഒരു ശൂദ്രകന്യക അതുകണ്ട് അടുത്തുചെന്നു നോക്കിയപ്പോൾ അദ്ദേഹം ഉറങ്ങുകയാണെന്നും അല്ലാതെ മഹാലസ്യവും മറ്റുമല്ലെന്നും മനസ്സിലായി. എങ്കിലും ഒരു ബ്രാഹ്മണൻ ഇപ്രകാരം മാർഗ്ഗമദ്ധ്യേ വീണുകിടക്കുന്നതു കണ്ടിട്ട് ഇട്ടുംവെച്ചു പോകുന്നതു യുക്തമല്ലെന്നു വിചാരിച്ച് അവൾ അവിടെ നിന്നുംകൊണ്ടു തന്റെ ദാസിമാരിൽ ഒരുത്തിയെ തന്റെ വീട്ടിലേക്കു പറഞ്ഞയച്ചു, നാലു ഭൃത്യന്മാരെ വരുത്തി, അവരേക്കൊണ്ട് ഈ ബ്രാഹ്മണനെ കെട്ടിയെടുപ്പിച്ചു സംഗ്രഹത്തിലേക്കു കൊണ്ടുപോയി. അവിടെ അവൾ ധാരാളം വിസ്താരവും വൃത്തിയുമുള്ളതും കാറ്റും വെളിച്ചവും നിർബ്ബാധമായി കടക്കുന്നതുമായ ഒരു മുറിക്കകത്തു കട്ടിലിൽ മെത്തവിരിച്ച് അതിൽ ആ ബ്രാഹ്മണനെ കിട

Digitised By Kerala Sahitya Akademi

രുന്നി. ആ കന്യക നാടുവാഴിയായ ഒരു ശൂദ്രപ്രഭുവിന്റെ പുത്രിയും സൌന്ദര്യ ; സൌശീല്യം, സൌജന്യം, ഔദാര്യം, ധൈര്യം, ആഭിജാത്യം മുതലായ സൽഗുണങ്ങളും തികഞ്ഞ ഒരു മനസ്വിനിയുമായിരുന്നു. അവളുടെ വിട് ആ പ്രദേശത്തുതന്നെ വഴിക്കട്ടിക്കലുമായിരുന്നു.

ബ്രാഹ്മണനു കാച്ചിയരിയും കഴിയുമ്പോൾ ഉണങ്ങരുതെന്നായിരുന്ന ആ കന്യക വിചാരം. അദ്ദേഹം നേരത്തോടുനേരമായിട്ടും ഉണരായ്കയാൽ ഇതെന്തു കഥയാണെന്നു വിചാരിച്ച്, അവൾക്കു വളരെ പരിഭ്രമമായി. ഉടനെ ഈ വിവരമെല്ലാം അവൾ അവളുടെ അച്ഛന്റെ അടുക്കൽച്ചെന്നു പറഞ്ഞു. പ്രഭു ഉടനെ ഒരു വൈദ്യനെ വരുത്തിക്കാണിച്ചപ്പോൾ "ഇദ്ദേഹത്തെ ബാധിച്ചിരിക്കുന്നതു വിദ്വത്തന്നെയാണ്. അല്ലാതെ ഇതെന്തെങ്കിലും രോഗവും ബാധയുമൊന്നുമല്ല. എന്നാൽ നേരത്തോടുനേരമായിട്ടും ഇദ്ദേഹം ഉണരാതെയിരിക്കുന്നതിന്റെ കാരണം മനസ്സിലാകുന്നില്ല. എന്തെങ്കിലും പരിഭ്രമിക്കാനൊന്നുമില്ല. എങ്കിലും ഇദ്ദേഹം ഇനിയും ഉണരാതെ താമസിക്കുന്നപക്ഷം ദിവസംതോറും മൂന്നു പ്രാവശ്യം വീതം തണ്ണീരുതളിച്ചു (പോറുച്ച ദേഹമാസകലം തേക്കുന്നു) കൊണ്ടിരുന്നാൽ താമസിയാതെ ഇദ്ദേഹം മരിച്ചുപോയേക്കാം. അതുകൊണ്ടു ശരിയായി ചെയ്തുകൊണ്ടിരുന്നാൽ ഇദ്ദേഹം എത്രനാൾ ഉണരാതെയിരുന്നാലും യാതൊരു തരക്കേടും വരുന്നതല്ല. എന്നു മാത്രമല്ല ഇദ്ദേഹം ഉണരുന്നതിനു മുമ്പായി ഇദ്ദേഹത്തിനു ഭക്ഷണം കഴിക്കുവാനിരുന്നുകൊണ്ടുള്ള ക്ഷീണം ഉണ്ടായിരിക്കുകയുമില്ല" എന്നു പറഞ്ഞു വൈദ്യൻ പോയി. പിന്നെ ആ വൈദ്യൻ പറഞ്ഞതുപോലെ ചെയ്തുകൊണ്ടു ബ്രാഹ്മണനെ രക്ഷിക്കുന്നതിനു മറ്റാൾമായാൽ ശരിയാവുകയില്ലെന്നു വിചാരിച്ച് ആ ശൂദ്രപ്രഭു തന്റെ പുത്രിയെത്തന്നെ അതിനു നിയോഗിച്ചു. വൈദ്യവിധിപ്രകാരം ചെയ്തു ബ്രാഹ്മണനെ രക്ഷിക്കുന്നതിനു താൻതന്നെ അല്ലാഞ്ഞാൽ ശരിയാവുകയില്ലെന്നു വിചാരിച്ച് അതിനായി സപത്നിമാരെ സന്നദ്ധയായിരുന്ന ആ ശൂദ്രകന്യകയ്ക്കു പിതൃനിയോഗം കൂടി കിട്ടിയപ്പോഴേക്കും വളരെ സന്തോഷമായി. അതിനാൽ അവൾ തന്നെ വളരെ ജാഗ്രതയോടുകൂടി പ്രതിദിനം മൂന്നുനേരവും അന്നലേപനവും മറ്റും ചെയ്ത് ആ ബ്രാഹ്മണനെ രക്ഷിച്ചുകൊണ്ടിരുന്നു.

ഇങ്ങിനെ ആറുമാസം കഴിഞ്ഞപ്പോൾ ആ ബ്രാഹ്മണൻ ഉണർന്നു. അപ്പോൾ അദ്ദേഹത്തിനു ഒന്നാമതുണ്ടായ വിചാരം തന്റെ ആലില കെട്ടിനെക്കുറിച്ചായിരുന്നു. അതിനാൽ അദ്ദേഹം പെട്ടെന്നെണീറ്റ് ആ നദീതീരത്തിങ്കലേക്കു പോയി. അവിടെച്ചെന്നു നോക്കിയപ്പോൾ ആലിലക്കെട്ട് അവിടെത്തന്നെ കിടക്കുന്നുണ്ടായിരുന്നു. എങ്കിലും

Digitised By Kerala Sahitya Akademi

അതൊരു പശുവിനെ തിന്നുകൊണ്ടിരിക്കുന്നതായിട്ടാണ് അദ്ദേഹം കണ്ടത്. പശുവിനെപ്പിടിച്ചുമാറ്റി യാഗശിയപ്പോൾ മിക്കവാനും ഭാഗമൊക്കെ പശു തിന്നുകഴിഞ്ഞിരിക്കുന്നു. അതിനാൽ ബ്രാഹ്മണനാകട്ടെ വിഷാദത്തോടുകൂടി പൊയ്പോയതിനെക്കുറിച്ച് ഇനി വിചാരിച്ചു വിഷാദിച്ചിട്ടുകൊണ്ടു ഫലമൊന്നുമില്ലല്ലോ എന്നു വിചാരിച്ച് അദ്ദേഹം ശേഷമുണ്ടായിരുന്ന ആലിലകളെല്ലാം പൊറുക്കിയെടുത്തു യഥാക്രമം അടുക്കിക്കെട്ടിക്കൊണ്ടിരിക്കുമ്പോൾ ഈ ബ്രാഹ്മണൻ എങ്ങോട്ടാണ് പോകുന്നതെന്ന് അറിയുന്നതിനായി ആ ശൂദ്രകന്യകയാൽ അയയ്ക്കപ്പെട്ട രണ്ടു ഭൃത്യന്മാർ അവിടെ വന്നു. അവരോട് "ഈ പശു ആരുടെ വകയാണ്" എന്നു ബ്രാഹ്മണൻ ചോദിക്കുകയും "ഇതു ഞങ്ങളുടെ യജമാനന്റെ വകയാണ" എന്ന് അവർ ഉത്തരം പറയുകയും ചെയ്തു. പിന്നെ ബ്രാഹ്മണൻ ആ ആലിലകളെടുത്തുകൊണ്ടു പ്രഭുവിന്റെ ഗൃഹത്തിൽത്തന്നെ വന്നു. അപ്പോൾ ആ ശൂദ്രകന്യക ബ്രാഹ്മണനെ യഥാക്രമം വന്ദിച്ചു പൂജിച്ചിരുത്തി. പിന്നെ അവർ തമ്മിലുണ്ടായ സംഭാഷണംകൊണ്ട് ഈ ബ്രാഹ്മണന്റെ സ്ഥിതികളും അദ്ദേഹം ഇത്രവളരെക്കാലം ഉറങ്ങിപ്പോകുവാനുള്ള കാരണവും മറവും ശൂദ്രകന്യകയും ഈ ശൂദ്രകന്യകയുടെ സ്ഥിതികളും അവളുടെ ഗുണങ്ങളും തന്നെ രക്ഷിച്ചത് ഇവളാണെന്നും മറവും ബ്രാഹ്മണനും മനസ്സിലായി. വിവരങ്ങളെല്ലാം അറിഞ്ഞപ്പോൾ അവൾക്കു പരമസ്നേഹവും വളരെ സ്നേഹവും ബഹുമാനവുമുണ്ടായി. പിന്നെ ബ്രാഹ്മണന്റെ താൽപര്യപ്രകാരം ആ ആലിലതിന്ന പശുവിനെ ശൂദ്രകന്യക പ്രത്യേകമൊരു സ്ഥലത്തു പിടിച്ചു കെട്ടിക്കയും ബ്രാഹ്മണൻ അന്നും അവിടെത്തന്നെ താമസിക്കുകയും ചെയ്തു. ബ്രാഹ്മണന് അഭ്യംഗത്തിനും അത്താഴത്തിനും വേണ്ടതെല്ലാം ഈ കന്യകതന്നെ തയാറാക്കിക്കൊടുത്തതിനാൽ അന്നത്തെ രാത്രിയിലും അദ്ദേഹം സുഖമായിട്ടുറങ്ങി.

പിറ്റേദിവസം രാവിലെ ബ്രാഹ്മണൻ എണീറ്റപ്പോൾ പശു തിന്നു കെട്ടിയിരിക്കുന്ന സ്ഥലത്തു ചെന്നുനോക്കിയപ്പോൾ പശു തിന്ന ആലിലകളെല്ലാം യാതൊരു കേടുംകൂടാതെ പച്ചനിറത്തോടുകൂടി കിടക്കുന്നതു കണ്ടു. അദ്ദേഹം അവയെല്ലാം പൊറുക്കിയെടുത്ത കഴുകിത്തുടച്ചുകൊണ്ടുവന്നു. ശേഷിച്ചുള്ള ആലിലകളോടു കൂട്ടിവച്ചതിനുശേഷം കുറച്ചുനേരം കഴിഞ്ഞപ്പോൾ ഒന്നും നഷ്ടപ്പെട്ടുപോയിട്ടില്ലെന്നറിയുകയാൽ അദ്ദേഹത്തിനു വളരെ വിസ്മയമായി. ഈ ആലിലകളെല്ലാമെന്നും ഇതുപോലെ കാലത്തായിട്ടു പോയാൽ പശു തിന്നിട്ടു ഭക്ഷിക്കാതെയും ഇരുന്നാൽ അതുകൊണ്ടു ഭാഗ്യപുഷ്ടിയുള്ള ഗന്ധർവന്റെ ദിവ്യതേജസ്സുണ്ടായിരിക്കുമെന്നു മാത്രമല്ലാതെ മറ്റെന്തുകൊണ്ടോ എന്തുകൊണ്ടാണെന്നു നിശ്ചയമില്ല. എങ്കിലും ഒരു ദിവ്യരഹസ്യമുണ്ടായിരിക്കണം. അപ്പോൾ ഈ ബ്രാഹ്മണൻ

Digitised By Kerala Sahitya Akademi

പിന്നെ ആ ബ്രാഹ്മണൻ ആ ആലിലകളെല്ലാം കൂടി കെട്ടിത്തയ്യാറാക്കിവെച്ച യാത്രപറയാറായി ആ ശൂദ്രകന്യകയെ അടുക്കൽ വിളിച്ചു. "ഇപ്പോൾ അസ്വാരസ്യമായതെല്ലാം ഞാനിവിടെ വന്നിട്ട്. ഇനി ഇപ്പോൾ ഞാൻ പോകുവാൻ ഭാവിക്കുകയാണ്. ഇത്രയും കാലം നീ എന്നെ വേണ്ടുന്ന ശുശ്രൂഷകളെല്ലാം ചെയ്തു രക്ഷിച്ചു. എന്നല്ല, നീ എന്റെ പ്രാണരക്ഷചെയ്തു എന്നു തന്നെ പറയാം. നീ എനിക്കു ചെയ്തിട്ടുള്ള ഉപകാരത്തിനു തക്കതായ പ്രതിഫലമൊന്നും ഞാൻ കാണുന്നില്ല. എങ്കിലും ഇതിനെക്കുറിച്ച് ഒന്നും പറയാതെ പോയാൽ ഞാൻ കേവലം കൃതഘ്നനാകുമെല്ലാ. അതുകൊണ്ടു ചോദിക്കുന്നതാണ്. നിന്റെ ആഗ്രഹം എന്താണെന്നു പറഞ്ഞാൽ അതു സാധിക്കുന്നതിന്നായി നിന്നെ ഞാൻ അനുഗ്രഹിക്കാം. എന്റെ അനുഗ്രഹം ഒരിക്കലും വിഫലീഭവിക്കുന്നതല്ല. ഇതല്ലാതെ ഒന്നും തരാനായിട്ട് ഞാൻ കാണുന്നില്ല. അതിനാൽ നിന്റെ ആഗ്രഹം എന്താണെന്നു പറയണം" എന്നുപറഞ്ഞു. അപ്പോൾ ആ കന്യക വിനയസമേതം തൊഴുതുകൊണ്ട് "അല്ലയ്യോ സ്വാമിൻ! ഞാൻ ജനിച്ചതിൽപിന്നെ ഒരു പുരുഷന്റെ പാദശുശ്രൂഷ ഇതുവരെ ചെയ്തിട്ടില്ല. ആദ്യമായി അവിടുത്തെ ശുശ്രൂഷചെയ്യുന്നതിനാണ് എനിക്കു ഭാഗ്യം സിദ്ധിച്ചത്. അതിനാൽ ഇനി ഈ ജന്മത്തിൽ മറ്റൊരു പുരുഷന്റെ ശുശ്രൂഷചെയ്വാൻ സംഗതിയാകാതെയിരുന്നാൽ കൊള്ളാമെന്നല്ലാതെ വേറെ യാതൊരാഗ്രഹവും എനിക്കില്ല. അതിനാൽ അവിടുന്നു കൃപയുണ്ടായി ഞാൻ അവിടുത്തെ ഭാര്യയായിത്തീരാനായിട്ട് എന്നെ അനുഗ്രഹിക്കണം. ഇതിലധികമായി ഒരനുഗ്രഹവും വേണമെന്നു ഞാനാഗ്രഹിക്കുന്നില്ല. ഇതിൽ വലിയതായ ഒരനുഗ്രഹമുണ്ടെന്നു ഞാൻ വിചാരിക്കുന്നുമില്ല. ഈ അനുഗ്രഹം എനിക്കു ലഭിക്കുന്നു എങ്കിൽ എന്റെ ജന്മം സഫലമായി" എന്നുപറഞ്ഞു.

ആ ശൂദ്രകന്യകയുടെ ഈ വാക്കു കേട്ടപ്പോൾ ബ്രാഹ്മണനു വളരെ വിചാരമായി. "കഷ്ടം! ഇഹലോകസുഖങ്ങളെ അശേഷം ഉപേക്ഷിച്ചു സന്ന്യാസം വാങ്ങിക്കുന്നതിനായി ഗുരുവിനെ അന്വേഷിച്ചുനടക്കുന്ന ഞാൻ ഇവളെ വിവാഹംചെയ്യുന്നതെങ്ങിനെയാണ്. പ്രാണരക്ഷചെയ്ത ഇവളുടെ അപേക്ഷയെ ഉപേക്ഷിക്കുന്നതെങ്ങിനെയാണ്. നാലാമതെത ആശ്രമത്തെ ആഗ്രഹിച്ചുനടക്കുന്ന ഞാൻ രണ്ടാമത്തെ ആശ്രമത്തെ കൈക്കൊള്ളുന്നതെന്നായിരിക്കുമോ ഈശ്വരവിധി. അങ്ങിനെ ആയാൽതന്നെയും ബ്രഹ്മകുലജാതനായ ഞാൻ ശൂദ്രകുലജയായ ഇവളെ ആദ്യമായി വിവാഹം ചെയ്യുന്നതു വിഹിതമല്ലല്ലോ. ഒരു ബ്രാഹ്മണനു ബ്രാഹ്മണസ്ത്രീയെക്കൂടാതെ ക്ഷത്രിയകുലത്തിൽ നിന്നു ദ്വിതീയം ഓരോ വിവാഹവും ചെയ്യുന്നതിനു ഒരു ശൂദ്രകന്യകയെ വിവാഹംചെയ്വാൻ പാടില്ല എന്നാണല്ലോ ശാസ്ത്രം. അതിനാൽ ഇവളെ വിവാഹം ചെയ്യണമെങ്കി

Digitised By Kerala Sahitya Akademi

ൽ ഒരുത്തനുവായി മൂന്നു ജാതിയിലുള്ളതായിട്ടു മൂന്നു കന്യകമാരെ വിവാഹം ചെയ്യേണ്ടിയിരിക്കുന്നു. ഒരു വിവാഹവും വേണ്ടെന്നു വിചാരിച്ചിരുന്ന എനിക്ക് ഇങ്ങിനെ വേണ്ടിവന്നതു അത്യാശ്ചര്യമായിരിക്കുന്നു. ഇത് ഈശ്വരൻ എന്നെ പരീക്ഷിക്കുകയായിരിക്കുമോ. അഥവാ ഒരു പ്രകാരം വിചാരിച്ചാൽ ഇതും നല്ലതുതന്നെയാണ്. ശാസ്ത്രംകൊണ്ടും യുക്തികൊണ്ടും അനുഭവംകൊണ്ടും സംസാരത്തിന്റെ നിസ്സാരത അറിഞ്ഞിട്ട മനസ്സിലുണ്ടാകുന്ന വിരക്തിക്കു കുറച്ചുകൂടി ബലമുണ്ടായിരിക്കുമല്ലോ. അതിനാൽ എന്തായാലും ഇവളുടെ ആഗ്രഹം സാധിപ്പിച്ചിട്ടു പിന്നെ നമ്മുടെ ആഗ്രഹവും സാധിക്കാം. അല്ലാതെ നിവൃത്തിയില്ല" എന്നിങ്ങിനെ വിചാരിച്ചിട്ട് ആ ബ്രാഹ്മണൻ ശൂദ്രകന്യകയോട് "അല്ലയോ ഭദ്രേ! നിന്റെ ഹിതത്തെ അനുവർത്തിക്കുന്നതിനു ഞാൻ സർവ്വഥാ സന്നദ്ധനാണ്. എങ്കിലും ഒരു ബ്രാഹ്മണനായ ഞാൻ ശൂദ്രകന്യകയായ നിന്നെ വിവാഹം ചെയ്യുന്നതിനു ബ്രാഹ്മണകുലത്തിൽനിന്നും, ക്ഷത്രിയകുലത്തിൽനിന്നും, വൈശ്യകുലത്തിൽനിന്നും ഓരോ കന്യകമാരെ വിവാഹം ചെയ്യിട്ടല്ലാതെ പാടില്ല. അങ്ങിനെയാണ് ശാസ്ത്രവിധി. അതിനാൽ ഞാൻപോയി മൂന്നു വിവാഹം ചെയ്യുതിനുശേഷം നിന്നെയും വിവാഹം ചെയ്തുകൊള്ളാം. അത്രവരെ നീ ക്ഷമിക്കണം" എന്നുപറഞ്ഞു. ഇതു കേട്ടു സന്തോഷസമേതം ശൂദ്രകന്യക "ശാസ്ത്രവിധിപ്രകാരമല്ലാതെ ഒന്നും ചെയ്യണമെന്നു എനിക്കു നിർബന്ധമില്ല. എന്റെ അപേക്ഷയെ സദയം അവിടുന്നു സ്വീകരിക്കുന്നു എങ്കിൽ അതിനായിട്ട് എത്രകാലം വേണമെങ്കിലും കാത്തിരിക്കുന്നതിന് എനിക്കു യാതൊരു വിരോധവുമില്ല" എന്നു പറഞ്ഞു. "എന്നാൽ അങ്ങിനെയാവട്ടെ" എന്നുപറഞ്ഞു ബ്രാഹ്മണൻ അദ്ദേഹത്തിന്റെ ആലിലക്കെട്ടെടുത്തു സ്വദേശത്തേക്കുതന്നെ തിരിച്ചുപോവുകയും ചെയ്തു.

അനന്തരം ആ ബ്രാഹ്മണൻ സ്വഗൃഹത്തിൽചെന്നു താമസിച്ചുകൊണ്ടു ബ്രാഹ്മണകുലത്തിൽനിന്നും, ക്ഷത്രിയകുലത്തിൽനിന്നും, വൈശ്യകുലത്തിൽനിന്നും ഓരോ കന്യകമാരെ യഥാക്രമം വിവാഹം ചെയ്തതിന്റെശേഷം ഒടുക്കം ഈ ശൂദ്രകന്യകയേയും യഥാവിധി വിവാഹംകഴിച്ചു. (മുൻകാലങ്ങളിൽ ബ്രാഹ്മണൻ നാലു ജാതിയിൽനിന്നും അഗ്നിസാക്ഷികമായിത്തന്നെ വിവാഹം കഴിക്കാറുണ്ടെന്നുള്ളതു പ്രസിദ്ധമാണല്ലോ.)

അങ്ങിനെ ആ ബ്രാഹ്മണൻ നാലുഭാര്യമാരോടുംകൂടി യഥാസുഖം സ്വഗൃഹത്തിൽ താമസിച്ച കാലത്ത് ആ നാലു ഭാര്യമാരിൽനിന്നും അദ്ദേഹത്തിന് ഓരോ പുത്രന്മാരുണ്ടായി. പുത്രന്മാരുടെ ജാതകർമ്മംമുതൽ സമാവർത്തനം വരേയുള്ള സകലക്രിയകളും അദ്ദേഹം യഥാകാലം വേണ്ടതുപോലെ ചെയ്തു. പുത്രന്മാരെ യഥാക്രമം ആദ്യാഹംതന്നെ വിദ്യാഭ്യാസവും ചെയ്യിച്ചു. ആ പുത്രന്മാർ നാലുപേരും ജാതിയോഗ്യന്മാരും

Digitised By Kerala Sahitya Akademi

സകലശാസ്ത്രപാരംഗതന്മാരും പിതൃതുല്യഗുണന്മാരുമായിരുന്നതിനുപുറമേ ചെയ്തു. ആ ഭട്ടതിരിപുത്രനായ ബ്രാഹ്മണകുമാരനെ അദ്ദേഹം വിശേഷിച്ചു വേദാധ്യയനവും ചെയ്യിച്ചു. ഒടുക്കം നാലുപേരുടെയും മഹാഭാഷ്യവും പഠിപ്പിച്ചു. എന്നാൽ "നാലാമത്തെപുത്രൻ ശൂദ്രകുലജാതനും മഹാഭാഷ്യം വേദാംഗവുമാകയാൽ ആ പുത്രനെ അഭിമുഖമായ രുന്ന ഭാഷ്യം പഠിപ്പിക്കുന്നതു വിഹിതമല്ലല്ലൊ എന്നു വിചാരിച്ചു അദ്ദേഹം ആ പുത്രനെ പ്രത്യേകം ഒരു മാവുള്ള സ്ഥലത്തിരുത്തിയാണു മഹാഭാഷ്യം ഉപദേശിച്ചുകൊടുത്തത്. എന്നു മാത്രമല്ല മഹാഭാഷ്യം ശൂദ്രവംശജന്മാക്ക് ഉപദേശിച്ച പരമ്പരയാ ശ്രോത്രിയന്മാരല്ലാത്ത ആവക ഇടയിൽ അതിനു പ്രചാരം വരുത്തുകയില്ലെന്നു ആ പുത്രനോടൊരുമ്പെട പ്രതിജ്ഞ ചെയ്യിക്കുകകൂടി ചെയ്തിട്ടാണു അദ്ദേഹം മഹാഭാഷ്യം ആ പുത്രനു ഉപദേശിച്ചുകൊടുത്തത്" എന്നു ചിലർ പറയുന്നു.

ഇങ്ങിനെ പുത്രന്മാർ അതിയോഗ്യന്മാരും ധൈര്യവാന്മാരുമായിത്തീർന്നതിനുശേഷം ആ ബ്രാഹ്മണൻ അവിടെനിന്നു പോവുകയുംചെയ്തു. പിന്നെ അദ്ദേഹം പല സ്ഥലങ്ങളിലും സഞ്ചരിച്ചു ഒടുക്കം ശ്രീഗൌഡപാദാചാര്യന്മാരിൽനിന്നു ക്രമസന്ന്യാസത്തെ സ്വീകരിച്ചു ബ്രഹ്മധ്യാനവും ചെയ്തുകൊണ്ടു ബദര്യാശ്രമത്തിങ്കൽ താമസിച്ചു. കേരളാചാരകർത്താവായ ശ്രീശങ്കരാചാര്യസ്വാമികളുടെ ഗുരുവായ സാക്ഷാൽ ഗോവിന്ദസ്വാമികളെക്കുറിച്ചു കേട്ടിട്ടില്ലാത്തവർ അധികമുണ്ടായിരിക്കാനിടയില്ലാത്തതിനാൽ യോഗിശ്രേഷ്ഠരിരോമണിയായ ഗോവിന്ദസ്വാമികൾ എന്നു പറയപ്പെടുന്ന ആ മഹാൻ ഈ ബ്രാഹ്മണബാലൻ തന്നെയാണെന്നുകൂടി പറഞ്ഞാൽ പിന്നെ അദ്ദേഹത്തിന്റെ യോഗ്യതകളെക്കുറിച്ചു അധികം വിസ്തരിച്ചിട്ടു ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അപ്രകാരമുള്ള അദ്ദേഹത്തിനു നാലു ജാതിയിലുമായി നാലു ഭാര്യമാരുണ്ടായിരുന്നവരിൽനിന്നു ജനിച്ച നാലു പുത്രന്മാരിൽ ബ്രാഹ്മണസ്ത്രീയിൽനിന്നു ജനിച്ച പുത്രൻ സാക്ഷാൽ വരരുചിയും ക്ഷത്രിയസ്ത്രീയിൽനിന്നു ജനിച്ച പുത്രൻ വിശ്വവിശ്രുതനായ വിക്രമാദിത്യമഹാരാജാവും വൈശ്യസ്ത്രീയിൽനിന്നു ജനിച്ച പുത്രൻ വിക്രമാദിത്യന്റെയുമെന്നും പ്രസിദ്ധനായ ഭട്ടിയും ശൂദ്രസ്ത്രീയിൽനിന്നു ജനിച്ച പുത്രൻ മഹാവിദ്വാനായ ഭർതൃഹരിയുമാണെന്നുള്ള വാസ്തവംകൂടി പറഞ്ഞാൽ പിന്നെ ആവരുടെ യോഗ്യതകളേക്കുറിച്ചും പറഞ്ഞിട്ടറിയേണ്ടവരായി അധികമാരുമുണ്ടായിരിക്കാനിടയില്ല. പറയി പെറവണ്ടായ പന്തിരുകുലത്തിലൊരാളായിരുന്ന വരരുചിയെക്കുറിച്ചും അനേകം കഥകൾക്കു വിഷയീഭൂതനായ വിക്രമാദിത്യഭട്ടികളേക്കുറിച്ചും കേട്ടിട്ടില്ലാത്തവർ കേരളത്തിലെ പാമരന്മാരുടെ ഇടയിൽപ്പോലും ആരുമുണ്ടായിരിക്കാനിടയില്ല. ഭർതൃഹരിയുടെ ശതകത്രയം മലയാളത്തിലും തർജ്ജമ ചെയ്യപ്പെട്ടിട്ടുള്ളതിനാൽ അദ്ദേഹത്തെക്കുറിച്ചും പലരും അറിഞ്ഞിരിക്കാനിടയുണ്ട്. അതു

Digitised By Kerala Sahitya Akademi

വിദ്വാന്മാരും സംസ്കൃതത്തിൽ വ്യാകരണസംബന്ധമായും മറ്റും അനേകം ഗ്രന്ഥങ്ങളുടെ നിർമ്മാതാക്കളുമായ ഇവർ സംസ്കൃതപണ്ഡിതന്മാരുടെ ഇടയിൽ ഇന്നും നിത്യപരിചിതന്മാരായിട്ടാണ് ഭവിക്കുന്നത്. വാക്യപദീയം, പ്രകീർണ്ണകപ്രകാശം, ധാതുപാരായണം മുതലായി പല ഗ്രന്ഥങ്ങളും വരരുചിയും ഭട്ടികാവ്യം (രാമായണംകഥ) എന്ന പ്രസിദ്ധഗ്രന്ഥവും മറ്റ് അനേകം കൃതികളും ഭട്ടിയും ഹരിടീക, വാക്യപദീയം മുതലായ വ്യാകരണഗ്രന്ഥങ്ങളും വേദാന്തംവകയായി മറ്റ് അനേകഗ്രന്ഥങ്ങളും മേല്പറഞ്ഞ ശതകത്രയവും മറ്റും ഭർത്തൃഹരിയും ഉണ്ടാക്കീട്ടുണ്ട്. പ്രസിദ്ധമായ അമരുകശതവും ഭർത്തൃഹരിയുടെ കൃതിയാണെന്നു വിദ്വാന്മാരുടെ ഇടയിൽ ഒരഭിപ്രായമുണ്ട്. ഇപ്രകാരമുള്ള മഹാന്മാരുടെ മാംസശരീരം പൊടിയായാലും അവരുടെ യശശ്ശരീരത്തിനു ലോകാവസാനംവരെയും ഒരു ഹാനിയും സംഭവിക്കയില്ലെന്നുള്ളതു രീച്ച്യയാണല്ലൊ. മഹാഭാഷ്യത്തിന്റെ പ്രചാരത്തിനു കാരണഭൂതന്മാർ ഇവർ തന്നെയാണെന്നുള്ളതും പറയണമെന്നില്ലല്ലൊ.

മേല്പറഞ്ഞ നാലു മഹാന്മാരും അവരുടെ അച്ഛനായ ഗോവിന്ദസ്വാമികളുടെ അടുക്കൽനിന്നു മഹാഭാഷ്യം പഠിച്ചുകഴിഞ്ഞതിന്റെശേഷം അവർക്ക് ഭാഷ്യകർത്താവായ സാക്ഷാൽ പതഞ്ജലിമഹർഷിയെ ഒന്നു കണ്ടാൽ കൊള്ളാമെന്ന് അതികലശലായിട്ട് ഒരാഗ്രഹമുണ്ടായി. അതിനാൽ അവർ അന്വേഷിച്ചപ്പോൾ പതഞ്ജലിമഹർഷി അതിനു വളരെ മുമ്പുതന്നെ സ്വർഗ്ഗാരോഹണം ചെയ്തുകഴിഞ്ഞിരിക്കുന്നതായി അറിഞ്ഞു. അപ്പോൾ ഭർത്തൃഹരി ചൊല്ലിയതായ ഒരു ശ്ലോകം താഴെക്കുന്നു.

"അഹോ ഭാഷ്യമഹോ ഭാഷ്യമഹോ വയമഹോ വയം
നദൃഷ്ടവാന്മാൻഗതസ്സ്വർഗ്ഗമകൃതാത്മാ പതഞ്ജലിഃ".

൪. ഭർത്തൃഹരി

ഭർത്തൃഹരി ആദ്യമേ തന്നെ നിത്യബ്രഹ്മചാരിയായിരുന്നു എന്നും അതല്ല; അദ്ദേഹം ആദ്യം വിവാഹം കഴിക്കുകയും ഗൃഹസ്ഥാശ്രമത്തെ സ്വീകരിച്ചു കുറച്ചുകാലം ഇരിക്കുകയും ചെയ്തതിന്റെ ശേഷം, പിന്നീടു വിരക്തനും സന്ന്യാസിയുമായിത്തീർന്നതാണെന്നും ഇങ്ങിനെ രണ്ടുവിധം കേൾവിയുണ്ട്. അദ്ദേഹം ഐഹികസുഖങ്ങളെ ഉപേക്ഷിച്ചു വിരക്തനായിത്തീർന്നതിന് ഒരു കാരണവും ചിലർ പറയുന്നുണ്ട്. അതു താഴെ പറഞ്ഞുകൊള്ളുന്നു.

ഭർത്തൃഹരി ഭാര്യാസമേതം സുഖമായി സ്വഗൃഹത്തിൽ താമസിച്ചിരുന്ന കാലത്ത ഒരുദിവസം ഒരു യോഗീശ്വരൻ അകസ്മാൽ അദ്ദേഹത്തിന്റെ ഗൃഹത്തിൽ വന്നു. ആ യോഗി ഒരു മാമ്പഴം ഭർത്തൃഹരിയുടെ

Digitised By Kerala Sahitya Akademi

കയ്യിൽ കൊടുത്തിട്ട്, "ഈ മാമ്പഴം തിന്നാൽ ജരാനരകൾ കൂടാതെ എ
ന്നും ജീവിച്ചിരിക്കാം. സകലവിധയോഗ്യതകളും ഭാഗ്യവും തികഞ്ഞ
ഒരു ലോകോപകാരാത്മാ എന്നും ജീവിച്ചിരിക്കണമെന്ന ആളാകയാ
ലാണ് ഞാൻ അങ്ങേക്കിതുതന്നത്" എന്നു പറഞ്ഞ് ഉടനേ ഇറങ്ങി
പ്പോവുകയും ചെയ്തു.

യോഗി പോയതിന്റെ ശേഷം ഭർത്തൃഹരി, "കുറച്ചുകാലം കഴിയു
മ്പോൾ എന്റെ പ്രിയതമ വാർദ്ധക്യംനിമിത്തം ജരാനരകളാൽ ബാധി
തയായി മരിച്ചുപോകുമല്ലോ. അവൾ മരിച്ചിട്ടുപിന്നെ ഞാൻ ജീവി
ച്ചിരിക്കുന്നതെന്തിനാണ്? അതിനാൽ ഈ മാമ്പഴം അവൾക്കു കൊ
ടുക്കണം. അവൾ എന്നും ജീവിച്ചിരിക്കട്ടെ" എന്നു വിചാരിച്ച് ആ
മാമ്പഴം ഭാര്യയ്ക്കു കൊടുക്കുകയും അതിന്റെ മാഹാത്മ്യം ഇന്നപ്രകാരമാ
ണെന്ന് അവളെ ധരിപ്പിക്കുകയും ചെയ്തു. ഭർത്തൃഹരി അസാമന്യമാ
യി സ്നേഹിച്ചും പതിവ്രതാശിരോമണിയെന്നു വിശ്വസിച്ചും വെച്ചിരു
ന്ന ആ ഭാര്യയ്ക്ക് ഒരു ജാരൻ ഉണ്ടായിരുന്നു. അവൻ ഭർത്തൃഹരിയുടെ
അശ്വപാലൻ (കുതിരക്കാരൻ) തന്നെയായിരുന്നു. മാമ്പഴം കയ്യിൽ
കിട്ടുകയും അതിന്റെ മാഹാത്മ്യത്തെപ്പറ്റി അറിയുകയും ചെയ്യുമ്പോൾ
വൃംശമുലിയായ ആ സ്ത്രീ, "നമ്മുടെ ജാരൻ മരിച്ചിട്ടു പിന്നെ ഞാൻ ജീ
വിച്ചിരിക്കുന്നതെന്തിനാണ്? അവൻ എന്നും ജീവിച്ചിരിക്കട്ടെ" എ
ന്നു വിചാരിച്ച് അവൾ ആ മാമ്പഴം ആരുമറിയാതെ ജാരനേ വരുത്തി,
അവനു കൊടുക്കുകയും അതിന്റെ മാഹാത്മ്യത്തെ ഗ്രഹിപ്പിക്കുകയും
ചെയ്തു. ആ കുതിരക്കാരൻ, "എന്റെ ഭാര്യ മരിച്ചിട്ടു പിന്നെ ഞാൻ
ജീവിച്ചിരിക്കുന്നതെന്തിനാണ്? അവൾ എന്നും ജീവിച്ചിരിക്കട്ടെ"
എന്നു വിചാരിച്ച് അത് അവന്റെ ഭാര്യയ്ക്കു കൊടുത്തു. കുതിരക്കാര
ന്റെ ഭാര്യ ഭർത്തൃഹരിയുടെ ഭവനത്തിലേ അടിച്ചുതളിക്കാരത്തിയുമായി
രുന്നു. അവൾ അവിടെ വന്ന് അടിച്ചുതളി കഴിഞ്ഞ് അവളുടെ വീ
ട്ടിലേയ്ക്കു പോയ സമയത്താണ് കുതിരക്കാരൻ ഈ മാമ്പഴം അവൾക്കു
കൊടുത്ത് അതിന്റെ മാഹാത്മ്യത്തെ ധരിപ്പിച്ചത്. ഭർത്തൃഹരി പുറ
ത്ത് എവിടെയോ പോയി തിരിച്ചുവരുമ്പോൾ മദ്ധ്യമാർഗ്ഗം ആ സ്ത്രീ ആ
മാമ്പഴവുംകൊണ്ടു പോകുന്നതു കണ്ടു. മാമ്പഴം കണ്ടപ്പോൾ അതു ത
നിക്കു യോഗി തരികയും താൻ ഭാര്യയ്ക്കു കൊടുക്കുകയും ചെയ്തതാണെ
ന്ന് അദ്ദേഹത്തിനു മനസ്സിലാവുകയാൽ അദ്ദേഹം അവളോട്, "നി
നക്ക് ഈ മാമ്പഴം എവിടെനിന്നു കിട്ടി?" എന്നു ചോദിച്ചു. അവൾ,
"ഇത് എനിക്ക് എന്റെ ഭർത്താവുതന്നതാണ്" എന്നു പറഞ്ഞിട്ടു മാ
മ്പഴവുംകൊണ്ടു പോവുകയും ചെയ്തു.

ഭർത്തൃഹരി സഭാഗൃഹത്തിൽ വന്നതിന്റെശേഷം കുതിരക്കാരനേ
വരുത്തി, ആ മാമ്പഴം അവന് എവിടെനിന്നു കിട്ടി എന്നു ചോദിച്ചു.

Digitised By Kerala Sahitya Akademi

ആത്മഗതമൊടെ അവൻ ചില വ്യാജങ്ങൾ പറഞ്ഞുവെങ്കിലും ഭർത്തൃഹരിയുടെ നിർബന്ധവും ശിവണനിയും കാരണം വാസ്തവമെന്നു പറഞ്ഞു. അതു കേട്ടപ്പോൾ ഭർത്തൃഹരിക്കു വളരെ വ്യസനമുണ്ടായി എന്നുള്ളതു പറയണമെന്നില്ലല്ലോ. "കഷ്ടം! ഞാൻ അതിവാത്സല്യ. സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്നത് ഈ കുലടയെ ആണല്ലോ. സ്ത്രീകളെ ഒരിക്കലും വിശ്വസിക്കാൻ പാടില്ല. കഷ്ടം! ഇവരുടെ വിചിത്രമനം തന്നെ ഭയങ്കരമായ ഈ നീചകൃത്യങ്ങളാണല്ലോ അങ്ങനിടവരുത്തുണ്ടായത്. ആശ്ചര്യം തന്നെ! ഇവൻ ഇവളുടെ ജാരനല്ലെങ്കിൽ ഇവൾക്ക് ഇവനോട് ഇത്രയും സ്നേഹം തോന്നാനും ഈ രാത്രിയിൽ ഇവനെ കൊടുക്കാനും ഇടയില്ല. എന്തെങ്കിലും ഇതിനെക്കുറിച്ച് ഇപ്പോൾ ഒന്നും പറയരുത്. ഇനി വേണ്ടതു പിന്നീട് ആലോചിച്ചു നിശ്ചയിക്കാം" എന്നിങ്ങനെ വിചാരിച്ച് അദ്ദേഹം കുതിരക്കാരനോടു പറഞ്ഞതുപോലെ ശയനഗൃഹത്തിൽപ്പോയി വിചാരമഗ്നനായിട്ടു കിടന്നു. കുതിരക്കാരൻ ഈ ഉണ്ടായ സംഗതികളെല്ലാം ഒരു ദാസിമുഖേന ഉടനെ ഭർത്തൃഹരിയുടെ ഭാര്യയെ ഗ്രഹിപ്പിച്ചു. തന്റെ വ്യാജപ്രവൃത്തികളെല്ലാം ഭർത്താവറിഞ്ഞു എന്നറിഞ്ഞപ്പോൾ അവൾക്കു വളരെ വ്യസനവും ഭയവുമുണ്ടായി. ഇതുനിമിത്തം തന്റെ ജാരനെ കഠിനശിക്ഷയും തനിക്കു ദുഷ്കീർത്തിയുണ്ടാകുമെന്നും ഇവരണ്ടും ഉണ്ടാകാതെയിരിക്കണമെങ്കിൽ ഭർത്താവിന്റെ കഥ ഉടനെ കഴിക്കണമെന്നും അവൾ നിശ്ചയിച്ചു. ഉടനെ അവൾ വിഷം ചേർത്ത് ഒരു ഓട്ടട (ഒരു പലഹാരം) ഉണ്ടാക്കി, അതുംകൊണ്ടു ഭർത്താവിന്റെ അടുക്കൽച്ചെന്നു സ്നേഹഭാവത്തോടുകൂടി, "ഭക്ഷണം തയ്യാറാകാൻ കുറച്ചു താമസമുണ്ട്. വയറു കായാതിരിക്കട്ടെ. ഇതു തിന്നാലും" എന്നും പറഞ്ഞ് ആ പലഹാരം ഭർത്തൃഹരിയുടെ കയ്യിൽ കൊടുത്തു. "അനാജനത്താലും ദുർബുദ്ധി മറാക്കുള്ള".

ഭർത്തൃഹരി പലഹാരം കയ്യിൽ വാങ്ങിക്കൊണ്ട്, "ഇത് ഇവൾ എന്നെ കൊല്ലാനായി വിഷംകൂട്ടി ഉണ്ടാക്കിയതായിരിക്കണം. ഇനി ഇവളുടെ സഹവാസം ഉപേക്ഷിക്കുകതന്നെയാണ് യുക്തം; സംശയമില്ല. നാലാശ്രമങ്ങളിലുള്ളതിൽ ഉത്കൃഷ്ടവും സുഖപ്രദവും ദുഃഖരഹിതവുമായിരിക്കുന്നതു ചതുർത്ഥാശ്രമംതന്നെയാണ്. അതിനാൽ അചിരേണ അതിനെത്തന്നെ സ്വീകരിക്കണം" എന്ന മനസ്സുകൊണ്ടു നിശ്ചയിച്ചിട്ട്, "ഓട്ടട്ടെ വിട്ടേച്ചേക്കാം" എന്നു പറഞ്ഞുകൊണ്ട് അവിടെ നിന്നെണീറ്റു പുറത്തുവന്നു. ആ പലഹാരം പുരയുടെ ഇറമ്പിൽ തിരുകിവെച്ചിട്ട് അദ്ദേഹം ഭിക്ഷാടനത്തിനു പുറപ്പെടുകയും ചെയ്തു. ഭർത്തൃഹരി പടിക്കു പുറത്തിറങ്ങിയപ്പോൾ അദ്ദേഹത്തിന്റെ പുരുഷാകൃതി പിടിക്കുകയും സർവ്വസ്വവും ഭസ്മാവശേഷമായിത്തീരുകയും ചെയ്തു.

Digitised By Kerala Sahitya Akademi

അനന്തരം ഭർത്തൃഹരി സന്ന്യാസവൃത്തിയോടുകൂടിയും ഭിക്ഷയെടുത്തു ഭക്ഷണം കഴിച്ചും പല സ്ഥലങ്ങളിൽ സഞ്ചരിച്ചു. ഒടുക്കം അദ്ദേഹം ഭിക്ഷ യാചിച്ചുവാങ്ങി ഭക്ഷണം കഴിക്കുന്നതു യുക്തമല്ലെന്നും വല്ലവരും വല്ലതും കൊണ്ടുവന്നു തന്നെങ്കിൽ മാത്രം ഭക്ഷിക്കുവാൻ മതിയെന്നും നിശ്ചയിച്ചു പാശ്ചാത്യത്തുള്ള ഒരു മഹാക്ഷേത്രത്തിൽ(ചമ്പംബൊരത്താണെന്നു ചിലർ പറയുന്നു) ചെന്നുചേർന്നു. അവിടെ കിഴക്കേ ഗോപുരത്തിൽ "പട്ടണത്തുപിള്ള" എന്നു പ്രസിദ്ധനായ സന്ന്യാസിശ്രേഷ്ഠൻ ഇരിക്കുന്നുണ്ടായിരുന്നു. അതിനാൽ ഭർത്തൃഹരി പടിഞ്ഞാറേ ഗോപുരത്തിൽ പോയി തന്റെ ചട്ടിയും മുമ്പിൽവെച്ചു് അവിടെയിരുന്നു. ആ ചട്ടിയിൽ വല്ലവരും വല്ല ഭക്ഷണസാധനവും കൊണ്ടുചെന്നിട്ടാൽ ഭർത്തൃഹരി അതെടുത്തു ഭക്ഷിച്ചിരുന്നു. അതിൽ ആരും ഒന്നും കൊണ്ടുചെന്നിട്ടു കൊടുത്തില്ലെങ്കിൽ അദ്ദേഹം ഭക്ഷിക്കാറുമില്ല. ഭക്ഷണം കൂടാതെ അദ്ദേഹം അനേകം ദിവസങ്ങൾ കഴിച്ചുകൂട്ടാവുന്നതായിരുന്നു. എന്നാൽ ഭാര്യകൊണ്ടു് അദ്ദേഹത്തിന്നു വിശേഷിച്ചു യാതൊരു സുഖക്കേടും ക്ഷീണവും ഉണ്ടാകാറുമില്ല.

അങ്ങിനെയിരിക്കുന്ന കാലത്തു് ഒരു ദിവസം ഒരു ഭിക്ഷക്കാരൻ ആ പടിഞ്ഞാറെ കിഴക്കേ ഗോപുരത്തിൽ ചെന്നു പട്ടണത്തുപിള്ളയോടു ഭിക്ഷ യാചിച്ചു. അപ്പോൾ പട്ടണത്തുപിള്ള "ഞാനും തന്നേപ്പോലെതന്നെ ഒരു ഭിക്ഷക്കാരനാണ്. തനിക്കു തരുന്നതിന് എന്റെ കൈവശം യാതൊന്നുമില്ല. എന്നാൽ പടിഞ്ഞാറേ ഗോപുരത്തിൽ ഒരു ധനികൻ ഇരിക്കുന്നുണ്ടു്. അവിടെച്ചെന്നു ചോദിച്ചാൽ അദ്ദേഹം വല്ലതും തരുമായിരിക്കും" എന്നു പറഞ്ഞു. ഉടനേ ആ ഭിക്ഷക്കാരൻ പടിഞ്ഞാറേ ഗോപുരത്തിൽ ഭർത്തൃഹരിയുടെ അടുക്കൽച്ചെന്നു ഭിക്ഷ ചോദിച്ചു. അപ്പോൾ ഭർത്തൃഹരിയും "ഭിക്ഷ കൊടുക്കുന്നതിന് എന്റെ കൈവശം യാതൊന്നുമില്ല. ഞാനും തന്നേപ്പോലെ ഒരു ദരിദ്രനാണ്" എന്നു പറഞ്ഞു. ഉടനേ ഭിക്ഷക്കാരൻ "അങ്ങ് ഒരു ധനവാനാണെന്നു കിഴക്കേ ഗോപുരത്തിലിരിക്കുന്ന മനുഷ്യൻ പറഞ്ഞതല്ലോ" എന്നു പറഞ്ഞു. അതുകേട്ടപ്പോൾ, താനൊരു ചട്ടി വെച്ചുകൊണ്ടിരിക്കുന്നതിനാലാണ് പട്ടണത്തുപിള്ള ഇങ്ങിനെ പറഞ്ഞതെന്നും, വിരക്തന്മാർക്ക് ഇങ്ങിനെ ഒരു ചട്ടി വെച്ചുകൊണ്ടിരിക്കുക അയുക്തവും അനാവശ്യകവുമാണെന്നും ഇങ്ങിനെ ഒരു പാത്രം വെച്ചുകൊണ്ടിരുന്നാൽ വല്ലവരും വല്ലതും തരുന്നതുകൊണ്ടു തനിക്കൊരു ഗൃഹമുണ്ടെന്നു് അർത്ഥമാകുന്നതാണെന്നുമാണ് പിള്ളയുടെ അഭിപ്രായമെന്നും മനസ്സിലാക്കുകയാൽ "ഇനി ഇതിരുന്നാട്ടു് ആരും ഇങ്ങിനെ പറയാനിടയാകരുത്" എന്നും പറഞ്ഞു് അദ്ദേഹം ആ ചട്ടിയെടുത്തു് ദൂരെകൊടുത്തു. മണ്ണാത്രമായ ചട്ടി ഉടഞ്ഞു തകരുമാറായി എന്നുള്ളതു പറയണമെന്നില്ലല്ലോ. പിന്നെ

Digitised By Kerala Sahitya Akademi

ത്തുഹരി തൽജീവനാന്തം ആ കുണ്ഡോദരത്രസന്നിധിയിൽതന്നെ ഇരുന്നിരുന്നുവെന്നും അദ്ദേഹത്തിന്റെ വിശിഷ്ടക്രിയകളെല്ലാം അദ്ദേഹം അവിടെയിരുന്നു ഉണ്ടാക്കിട്ടുള്ളവയാണെന്നുമാണ് കേൾവി.

൫. അദ്ധ്യാത്മരാമായണം.

ശ്രീവാത്മീകിമഹർഷിയാൽ ഉണ്ടാക്കപ്പെട്ട ഗായത്രിരാമായണം, അത്ഭുതരാമായണം, ആനന്ദരാമായണം മുതലായവപോലെ അദ്ധ്യാത്മരാമായണം ഒരു ഋഷിപ്രോക്തമായിട്ടുള്ളതല്ലെന്നാണ് വിചാരിക്കപ്പെട്ടിരിക്കുന്നത്. അദ്ധ്യാത്മരാമായണത്തിന്റെ കവിതാരീതിയും മറ്റും കൊണ്ടു ഇതു മറ്റുള്ള രാമായണങ്ങളോട് വളരെ വ്യത്യാസപ്പെട്ടുമാണിരിക്കുന്നതു. ഋഷിപ്രോക്തങ്ങളായിട്ടുള്ള രാമായണങ്ങളിൽ ശ്രീരാമൻ വിഷ്ണുഭഗവാന്റെ ഒരവതാരമാണെന്നതന്നെയാണ് പറയുന്നതെങ്കിലും അദ്ദേഹത്തെ ഒരു നീതിമാനും ധീരോദാത്തനുമായ രാജാവായിട്ടു പ്പെടുത്തിട്ടുള്ളു. അദ്ധ്യാത്മരാമായണകർത്താവു ശ്രീരാമനേ ഒരു ഈശ്വരനായിട്ടു തന്നെയാണ് വർണ്ണിച്ചു കഥ വിസ്തരിക്കുന്നത്. ഈ വ്യത്യാസങ്ങളെക്കൊണ്ട് അദ്ധ്യാത്മരാമായണം ഋഷിപ്രോക്തമല്ലെന്നുള്ള വാദം വാസ്തവം തന്നെയെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഈ ഗ്രന്ഥമുണ്ടാക്കിയതു് ആരാണെന്നു സൂക്ഷ്മമായി ആരും പറഞ്ഞു കേൾക്കുന്നുമില്ല. എങ്കിലും ചിലവ്യക്തികൾ പറഞ്ഞുപോരുന്നതിനേ താഴെ പറയുന്നു.

വിഷ്ണുഭക്തനായ ഒരു ബ്രാഹ്മണനാണ് അദ്ധ്യാത്മരാമായണം ഉണ്ടാക്കിയതു. തന്റെ രാമായണത്തിൽ മറ്റുള്ള രാമായണങ്ങളേക്കാൾ ഭക്തിരസം ഉള്ളതിനാൽ ഇതിനു ജനങ്ങൾ അധികം ആദരിക്കയും, തന്നിമിത്തം ഇതിന് അധികം പ്രചാരം വരികയും ചെയ്യുമെന്നാണ് അദ്ദേഹം ആദ്യം വിചാരിച്ചിരുന്നതു്. പക്ഷേ ഗ്രന്ഥം തീർന്നപ്പോൾ ഉണ്ടായ അനുഭവം വളരെ വ്യത്യാസപ്പെട്ടതായിരുന്നു. തന്റെ ഗ്രന്ഥം ഒന്നു നോക്കണമെന്നും പറഞ്ഞു. വിദ്വാന്മാരുടെയും അടുക്കൽ അദ്ദേഹം സ്വയമേവ കൊണ്ടുചെന്നു കൊടുത്തു. എങ്കിലും ആരും അതിനു ലേശംപോലും ആദരിച്ചില്ല. എന്നുമാത്രമല്ല, "ഋഷിപ്രോക്തങ്ങളായിട്ടുള്ള വാല്മീകിരാമായണങ്ങളും ഉള്ളപ്പോൾ ഈ വിഡ്ഢാൻ ഇതിനായിട്ടു പുറപ്പെട്ടത്" അത്ഭുതം തന്നെ. ഇതാരെങ്കിലും നോക്കുമോ" എന്നും മറ്റും പറഞ്ഞു പലർ പരിഹസിക്കാനും തുടങ്ങി. എന്തിനധികം വളരെപ്പറയുന്നതെന്തു ഗ്രന്ഥത്തെ ആരും സ്വീകരിച്ചില്ലെന്നു മാ

Digitised By Kerala Sahitya Akademi

ന്നുപ്പ് കാച്ചി ദിവസം കഴിഞ്ഞുപോന്നു. ഈ ബ്രാഹ്മണന്റെ പരിഹാസം അദ്ദേഹത്തിനു സഹിക്കുവാറായാതെ ആയിത്തീരുകയും ചെയ്തു. ജനപരിഷത്തിന്റെ ദുസ്സഹത്വം നിമിത്തം ഒടുക്കം അദ്ദേഹം ആ പ്രദേശം വിട്ടുപോവുകയും ചെയ്തു.

അങ്ങിനെ അല്പം നടന്നു ഈ ബ്രാഹ്മണൻ ഒരു ദിവസം മദ്ധ്യാഹ്നത്തായപ്പോൾ ഇല്ലാരുതായ ഒരു കൊടുങ്കാട്ടിൽ ചെന്നു പെട്ടു. പോരാഞ്ഞു കൊണ്ടു. മനുഷ്യാധിവാസമുള്ള സ്ഥലത്തു് എത്തുന്നതിനു് അവിടുന്നിനും വളരെ ദൂരമുള്ളതിനാൽ ആ രാത്രി അവിടെത്തന്നെ കഴിച്ചുകൂട്ടുകയെന്നു തീച്ചപ്പെടുത്തി. ആ വനാന്തരത്തിൽ കൂടിയുള്ള ഊടുവഴിയിൽ അല്പകലമായിട്ട് ഒരു കുളവും ആൽത്തറയും കണ്ടു. കുളത്തിലിറങ്ങി കുളിച്ചു സന്ധ്യാവന്ദനാദികളും കഴിച്ചു് ആ ആൽത്തറയിൽ തന്റെ രാമായണഗ്രന്ഥവും തലയ്ക്കു വെച്ചു കിടന്നു, വിശപ്പും, ദാഹവും, വഴി നടന്നിട്ടുള്ള ക്ഷീണവും എല്ലാം കൂടി കിടന്ന ഉടനേ അദ്ദേഹം ഉറങ്ങിത്തുടങ്ങുകയും ചെയ്തു.

പാതിരാത്രി കഴിഞ്ഞപ്പോൾ അവിടെ തേജോമയനായ ഒരു ദിവ്യപുരുഷൻ വന്നു ആൽത്തറയിൽ കിടക്കുന്ന ബ്രാഹ്മണനെ കണ്ടിട്ട് "ആരാണിവിടെ വന്നു കിടക്കുന്നത്" എന്നുചോദിച്ചു. ഉടനേ ബ്രാഹ്മണൻ ഞെട്ടിയുണർന്ന് എണീറ്റിരുന്നു. അതിന്റെ ശേഷം താഴെ വരുന്നപ്രകാരം അവർ തമ്മിൽ സംഭാഷണം തുടങ്ങി.

ദിവ്യൻ—"ഹേ! അങ്ങാരാണ്? ഇവിടെ വന്നു കിടക്കുന്നതെന്തിനായിട്ടാണ്?"

ബ്രാഹ്മണൻ—"ഞാൻ ഒരു ബ്രാഹ്മണനാണ്. ഓരോരോ ദേശങ്ങളിൽ സഞ്ചരിച്ചു് ഇന്നു ദൈവഗത്യാ ഇവിടെ വന്നു ചേർന്നു. മനുഷ്യരുള്ള ഒരിടത്തിൽ എത്തുന്നതിനു നേരം മതിയാകാതെ വന്നതിനാൽ ഇവിടെത്തന്നെ കിടന്നു എന്നേയുള്ളൂ".

ദിവ്യൻ—"അങ്ങയുടെ അടുക്കൽ ഇരിക്കുന്ന ഗ്രന്ഥം എന്താണ്?"

ബ്രാഹ്മണൻ—"അതു ഞാൻ പറഞ്ഞാൽ അവിടുന്നെന്നെ പരിഹസിക്കും. അതിനാൽ ഞാൻ പറയുകയില്ല".

ദിവ്യൻ—"ഛെ, അതൊന്നുമില്ല, കേൾക്കട്ടെ. പറയൂ".

ഇപ്രകാരം ആ ദിവ്യപുരുഷന്റെ വാക്കു കേട്ടിട്ടു ബ്രാഹ്മണൻ ആ ഗ്രന്ഥം ഇന്നതാണെന്നും, അതുനിമിത്തം തനിക്കുണ്ടായ അപേക്ഷ [illegible] പറഞ്ഞു. ഉടനേ ആ ദിവ്യപുരുഷൻ ബ്രാഹ്മണനോടു പറഞ്ഞതു.

"ഇതിനെന്താണു് ഇത്ര വ്യസനിക്കുവാൻ ഉള്ളതു്. ഞാൻ

Digitised By Kerala Sahitya Akademi

ഒരു കൌശലം പറഞ്ഞുതരാം. അത്രപോലെ ചെയ്താൽ അങ്ങയുടെ ഈ ഗ്രന്ഥത്തെ എപ്പോഴും ആദരിക്കുന്നതിനും തന്നിമിത്തം ഗ്രന്ഥത്തിനു പ്രചാരം സിദ്ധിക്കുന്നതിനും ഇടവരും. എന്തെന്നാൽ ഈ വരുന്ന ശിവരാത്രിനാൾ അങ്ങ് ഈ ഗ്രന്ഥവും കൊണ്ടു ഗോകർണ്ണത്തു പോകണം. നേരം വെകുന്നേരമാകുമ്പോൾ കിഴക്കേ നടയിൽ പോയി നിന്നാൽ അസംഖ്യം ജനങ്ങളും വരുന്ന കൂട്ടത്തിൽ തേജോമയനായ ഒരു ബ്രാഹ്മണൻ വരുന്നതു കാണാം. അദ്ദേഹത്തിന്റെ പിന്നാലെ നാലു പട്ടികളും കൂടെ ഉണ്ടായിരിക്കും. അദ്ദേഹത്തിന്റെ കയ്യിൽ ഈ ഗ്രന്ഥം കൊണ്ടുചെന്നു കൊടുത്തു വിവരം പറയണം. എന്നാൽ അദ്ദേഹം ഇതിലേക്കു നിവൃത്തിയുണ്ടാക്കിത്തരും. ഇതാരുപറഞ്ഞുതന്നു എന്നു ചോദിച്ചാൽ ഒന്നും പറയുകയുമരുത്" എന്നു പറഞ്ഞു ദിവ്യപുരുഷൻ ഉടനേ അന്തർദ്ധാനവും ചെയ്തു.

ഈ ഉപദേശം ആ ബ്രാഹ്മണന് എന്നാലും സന്തോഷകരമാണെന്നു എന്നുള്ളതു പറയേണ്ടതില്ലല്ലോ. അരുണോദയമായപ്പോൾ അവിടെനിന്നു പുറപ്പെട്ടു പിന്നെ ഓരോരോ ദേശങ്ങളിൽ സഞ്ചരിച്ചു ക്രമേണ ശിവരാത്രി ആയപ്പോഴേക്കു ഗോകർണ്ണത്തു ചെന്നുചേർന്നു. പാതിരാ വെളുക്കാറായപ്പോൾ മുമ്പ് ആ ദിവ്യപുരുഷൻ പറഞ്ഞിരുന്നതുപോലെ ഒരു ബ്രാഹ്മണൻ വരുന്നതു കണ്ടു, ഗ്രന്ഥം അദ്ദേഹത്തിന്റെ കയ്യിൽ കൊണ്ടുചെന്നു കൊടുത്തു വിവരമെല്ലാം പറഞ്ഞു. ആ ബ്രാഹ്മണൻ "ഇത് എന്റെ കയ്യിൽ കൊണ്ടുവന്നു തരുന്നതിന് അങ്ങയോടാരാണ് പറഞ്ഞത്?" എന്നു ചോദിച്ചു. ഗ്രന്ഥകർത്താവായ ബ്രാഹ്മണൻ ഒന്നും മിണ്ടാതെ നിന്നു. അപ്പോൾ മറ്റേ ബ്രാഹ്മണൻ "ആട്ടെ പറയണമെന്നില്ല. കാര്യമൊക്കെ എനിക്കു മനസ്സിലായി. അങ്ങോട്ടു ഈ ഉപായം പറഞ്ഞുതന്നതാരാണെന്നു ഞാൻ ഒരു ഗന്ധർവ്വനാണ്. അവൻ ഇപ്രകാരം വ്യാജോപദേശം ചെയ്തതിനായി ഞാൻ അവനെശപിക്കുന്നു. അവൻ ഒരു ശൂദ്രനായി ഭൂമിയിൽ ജനിക്കാൻ സംഗതി വരട്ടെ" ഇപ്രകാരം ശപിച്ചതിന്റെ ശേഷം തന്റെ കയ്യിലുണ്ടായിരുന്ന കമണ്ഡലുവിങ്കൽനിന്നു കുറേവെള്ളമെടുത്തു ഗ്രന്ഥത്തിന്മേൽ തളിച്ചു ഗ്രന്ഥകർത്താവായ ബ്രാഹ്മണന്റെ കയ്യിൽ കൊടുത്തിട്ടു പിന്നേയും പറഞ്ഞു. "ഇനി ഇതുകൊണ്ടു പ്രയാസപ്പെട്ടു അങ്ങയുടെ മനസ്സാപം തീരുന്നതിനും ഈ ഗ്രന്ഥനിമിത്തം അങ്ങേക്കു വളരെ ബഹുമാനം ഉണ്ടാകുന്നതിനും സംഗതിയാകും" എന്നു പറഞ്ഞു ക്ഷേത്രത്തിലേക്കു കടന്നുപോകുകയും ചെയ്തു.

അതിന്റെ ശേഷം അദ്ധ്യാത്മരാമായണത്തെ എല്ലാവരും ആദരിച്ചു പാരായണത്തിന് ഉപയോഗപ്പെടുത്തിത്തുടങ്ങുകയും ജ്യേഷ്ഠപ്രാകൃതങ്ങളായ രാമായണങ്ങളേക്കാൾ അതിനു പ്രചാരം സിദ്ധിക്കുകയും ചെയ്തു.

Digitised By Kerala Sahitya Akademi

അഭ്യാത്മരാമായണകർത്താവായ ബ്രാഹ്മണന് ആ ഉപായം ഒ.റ ഞ്ഞുകൊടുത്ത ഗന്ധർവ്വനാണ് പിന്നെ ശൂദ്രനായി ഭൂമിയിങ്കൽ "തുഞ്ച ത്തെഴുത്തച്ഛൻ" എന്നുള്ള നാമധേയത്തോടുകൂടി അവതരിച്ചത്. എഴു ത്തച്ഛനു് അഭ്യാത്മരാമായണത്തോടു മറവുള്ള രാമായണങ്ങളോടുള്ളതി ലധികം പ്രതിപത്തി ഉണ്ടാകുന്നതിനും തന്റെ കിളിപ്പാട്ട് അഭ്യസ്തമാ കുന്നതിനും ഉള്ള കാരണവും മേൽപറഞ്ഞ പ്രകാരം അദ്ദേഹത്തിനു് അതിനോടുള്ള പൂർവ്വസംബന്ധമാകുന്നു.

ഗോകർണ്ണത്തു ശിവരാത്രിനാൾ നാലു പട്ടികളോടുകൂടി വന്ന ആ ബ്രാഹ്മണൻ സാക്ഷാൽ വേദവ്യാസമഹർഷിയായിരുന്നു. ആ നാലു പ ട്ടികൾ നാലു വേദങ്ങളും ആയിരുന്നു. അഭ്യാത്മരാമായണം മൂലം ഉ ണ്ടാക്കിയതു സാക്ഷാൽ വരരുചി ആണെന്നും ചിലർ പറയുന്നുണ്ട്.

൩൰. പറയിപെറ്റ പന്തിരുകുലം.

ചരിത്രപ്രസിദ്ധനായ ഗോവിന്ദസ്വാമിയുടെ പുത്രനാണല്ലോ ചാണ ക്യൻ. നടപ്പുള്ള വാക്യം രചിച്ച മൂലരായ ജ്യോതിശ്ശാസ്ത്രഗ്രന്ഥങ്ങളു ടെ നിർമ്മാതാവെന്നു പറയപ്പെടുന്നതു് ആര്യഭടൻ വരരുചി വ്യാസ ന്മാരൊഴിച്ചു കേട്ടിട്ടില്ലാത്തവർ അധികമുണ്ടെന്നു തോന്നുന്നി ല്ല. ഇദ്ദേഹം വിക്രമാദിത്യരാജാവിന്റെ സേവനത്തിൽ താമസിച്ചിരുന്നു. വരരുചി സകലശാസ്ത്രപാരംഗതനും, നല്ല പൌരാണികനും ആയിരു ന്നതിനാൽ രാജാവിനു ശാസ്ത്രസംബന്ധമായോ പുരാണസംബന്ധമാ യോ വല്ല സംശയവും തോന്നിയാൽ ഇദ്ദേഹത്തോടു ചോദിച്ചാണ് അതു തീർക്കുക പതിവു്.

അങ്ങിനെയിരിക്കുന്ന കാലത്തു് ഒരു ദിവസം രാജാവു "ഓം എന്ന ത്തിൽ പ്രധാനമായ ശ്ലോകമേതാണു് അതിൽ തന്നെ പ്രധാനമായ വാക്യമേതാണു്" എന്നു് ഈ ബ്രാഹ്മണനോടു ചോദിച്ചു. ഈ ചോ ദ്യത്തിനു തക്കതായ ഉത്തരം പറയാൻ തോന്നായ്കയാൽ വരരുചി വള രെ വിഷണ്ണനായിത്തീർന്നു. ഉടനെ രാജാവ് "എന്നാൽ എവിടെയെ ങ്കിലും പോയി ആരോടെങ്കിലും ചോദിച്ചറിഞ്ഞു നാല്പത്തൊന്നാംദിവസം കഴിയുന്നതിനുമുമ്പു് ഇവിടെ വന്നു പറയണം. അങ്ങിനെ പറയുന്നി ല്ലെങ്കിൽ പിന്നെ താൻ ഇവിടെ വരണമെന്നില്ല. എനിക്കു തന്നെ കാണ കയും ചെയ്യാം" എന്നു പറഞ്ഞു. രാജാവിന്റെ ഈ കല്പന കേട്ടപ്പോൾ വരരുചിയുടെ ഹൃദയം വിഷാദവും വിചാരവുംകൊണ്ടു നിറഞ്ഞു. ഉട നെ അദ്ദേഹം അവിടെനിന്നു പുറപ്പെട്ടുപോവുകയും ചെയ്തു.

Digitised By Kerala Sahitya Akademi

തരുവാന്തരം വരരുചി പല സ്ഥലങ്ങളിലും സഞ്ചരിച്ചു, പല യോഗ്യന്മാരേയും കണ്ടുമുട്ടി. എങ്കിലും, രാമായണത്തിലെ എല്ലാ ശ്ലോകങ്ങളും വാക്യങ്ങളും പ്രധാനങ്ങൾതന്നെ. അല്ലാതെ അതിനപ്പുറം വ്യത്യാസം "നഹി ഗുളഗുളികായാം കപർദ്ദി മാധുര്യമേതി" എന്നും മറ്റും പലരും പല വിധം പറഞ്ഞതല്ലാതെ ശരിയായ മറുപടി ആരിൽനിന്നും കിട്ടിയില്ല. അങ്ങിനെ നാല്പത്തൊടിവസവും കഴിഞ്ഞു. ബ്രാഹ്മണനു വ്യസനം സഹിക്കുവഹിയാതെയും ആയിത്തീർന്നു. രാജാവിന്റെ അടുക്കലുള്ള സേവ പോകുമെന്നതന്നെയുമല്ല സർവ്വജ്ഞനെന്ന സർവ്വരാലും സമ്മതിക്കപ്പെട്ടിരിക്കുന്ന തനിക്ക് ഇതറിഞ്ഞുകൂടാതെന്നു വരുന്നതു് ഏറ്റവും അപമാനകരവും ആണല്ലോ. ഈ അപമാനം സഹിച്ചുകൊണ്ടു സ്വദേശത്തു താമസിക്കുന്നതിൽ ഭേദം മരിക്കുതന്നെയാണ് എന്നിങ്ങിനെയൊക്കെ വിചാരിച്ചുംകൊണ്ടു ഭക്ഷണവുംകൂടാതെ ആ സംശുദ്ധബ്രാഹ്മണൻ പകൽ മുഴുവനും അലഞ്ഞുനടന്നു. രാത്രിയായപ്പോൾ ഒരു വനാന്തരത്തിൽ ഒരാൽത്തായുടെ അടുക്കൽ ചെന്നുചേർന്നു. വിശപ്പും, ദാഹവും ക്ഷീണവും വ്യസനവും സഹിക്കുവഹിയാതെ ആ ആൽത്തറയിൽ കയറിക്കിടന്നു. ഉടനെ ക്ഷീണംകൊണ്ടു മയക്കവുമായി. അദ്ദേഹം കിടന്നസമയം "വനദേവതമാർ" എന്നെ രക്ഷിക്കട്ടെ എന്നു പറഞ്ഞുംകൊണ്ടാണ് കിടന്നത്.

നേരം ഏകദേശം പാതിരയായപ്പോഴേക്കു ചില ആകാശസഞ്ചാരിണികളായ ദേവതമാർ ആ ആലിന്മേൽ വന്നുകൂടി. ആ ആലിന്മേൽ സ്ഥിരവാസിനികളായ ദേവതമാരെ വിളിച്ചു. നിങ്ങൾ വരുന്നില്ലേ? അപ്പോൾ ഒരു സ്ഥലത്ത് ഒരു പ്രസവമുണ്ട് ഞങ്ങൾ അവിടെപ്പോവുകയാണ്. മോരും നീരും കൂടിക്കണമെങ്കിൽ വരുവിൻ എന്നു പറഞ്ഞു. അപ്പോൾ ആ ആലിന്മേലിരുന്ന ദേവതമാർ ഞങ്ങൾക്കു വരാൻ നിവൃത്തിയില്ല. ഇവിടെ ഒരു വിശിഷ്ടനായ ബ്രാഹ്മണൻ വന്നുകിടക്കുന്നു. ഇദ്ദേഹം സപരിക്ഷാർത്ഥം ഞങ്ങളെ പ്രാർത്ഥിച്ചുകൊണ്ടാണ് കിടക്കുന്നതു്. അതിനാൽ നിങ്ങൾ പോയി തിരിച്ചുവരുമ്പോൾ ഇതിലെ വന്നു വിവരം പറഞ്ഞു വേണം പോകാൻ എന്നു പറഞ്ഞു. എന്നാലങ്ങിനെയാവട്ടെ എന്നു പറഞ്ഞ് ആ വനദേവതമാർ പോവുകയും ചെയ്തു.

അന്ത്യയാമമായപ്പോൾ വരരുചി ഉണർന്നു എങ്കിലും വ്യസനത്തോടുകൂടി ഓരോന്നു വിചാരിച്ചു കണ്ണുമടച്ചു കിടന്നതല്ലാതെ എണീറ്റില്ല. അപ്പോൾ മുമ്പുപോയ ദേവതമാർ വീണ്ടും അവിടെ വന്നുചേർന്നു. ഉടനെ ആലിന്മേൽ ഉണ്ടായിരുന്ന ദേവതമാർ "പ്രസവമെവിടെയായിരുന്നു കുട്ടിയെന്താണ്" എന്നു ചോദിച്ചു. അപ്പോൾ വന്ന ദേവതമാർ "ഒരു പറയന്റെ അവിടെ ആയിരുന്നു പ്രസവം. കുട്ടി പെണ്ണാണ്" എന്നു പറഞ്ഞു. "അവളെ വിവാഹം ചെയ്യുന്നത് ആരാധി

Digitised By Kerala Sahitya Akademi

രിക്കും" എന്നു് ആലിന്മേലുണ്ടായിരുന്നവർ വീണ്ടും ചോദിച്ചപ്പോൾ വന്നവർ "വരരുചി എന്നറിഞ്ഞുകൂടാത്ത ഈ വരരുചി ആണ്. നേരം വെളുക്കാറായി. ഞങ്ങൾ ഇനി താമസിക്കുന്നില്ല. ശേഷമൊക്കെ പിന്നെപ്പറയാം" എന്നു പറഞ്ഞു് ഉടനെ പോവുകയുംചെയ്തു.

ഏറ്റവും ബുദ്ധിശാലിയായ വരരുചിക്കു ദേവതമാരുടെ ഈ വാക്കു കേട്ടപ്പോൾ തന്റെ കാര്യം സാധിച്ചതിനാലുള്ള സന്തോഷവും ഭാവിയായ അധഃപതനത്തെക്കുറിച്ചു വിചാരിച്ചിട്ടുള്ള വിഷാദവും ഒന്നുപോലെ ഹൃദയത്തിൽ തിങ്ങിവശായി. അധഃപതനംകൂടാതെ കഴിക്കുന്നതിനു തക്കതായ ഒരുപായം ആലോചിച്ചു നിശ്ചയിച്ചുംകൊണ്ടു സന്തോഷത്തോടുകൂടി എണ്ണീറ്റു. അപ്പോഴേക്കു നേരവും വെളുക്കയാൽ ഉടനെ അവിടെനിന്നു പുറപ്പെട്ടു.

നാല്പത്തൊന്നാം ദിവസമായിട്ടും വരരുചിയെ കാണാഞ്ഞിട്ടു രാജാവിനു വളരെ വിഷാദമായിത്തീർന്നു എങ്കിലും സഭാവാസികളായിരുന്ന വിദ്വാന്മാർക്കെല്ലാം വളരെ സന്തോഷമാണുണ്ടായതു്. വരരുചി അവിടെ ഉണ്ടായിരുന്നിട്ടാണു് രാജാവു് അവരെ വേണ്ടുംവണ്ണം ആദരിക്കാത്തതും അവരുടെ ഖ്യാതി പൊങ്ങാത്തതും എന്നും മറ്റും വിചാരിച്ചു് അവർക്കെല്ലാവർക്കും വരരുചിയെക്കുറിച്ചു് അത്യന്തം അസൂയയുണ്ടായിരുന്നു. രാജസഭ കൂടിയപ്പോൾ രാജാവു "കഷ്ടം നമ്മുടെ വരരുചിയെ കണ്ടില്ലല്ലോ. അദ്ദേഹം അപമാനം വിചാരിച്ചു പ്രാണത്യാഗം ചെയ്യുതോ, രാജ്യം വിട്ടുപോയതോ എന്തോ. അതില്ല സർവ്വശാസ്ത്രതത്വജ്ഞനും വിശിഷ്ടനുമായ അദ്ദേഹം ഏതുവിധവും നമ്മുടെ ചോദ്യത്തിനു തക്കതായ മറുപടി മനസ്സിലാക്കിക്കൊണ്ടു വരാതെയിരിക്കയില്ല" എന്നും മറ്റും പറഞ്ഞുകൊണ്ടിരിക്കുമ്പോൾ സന്തോഷസമേതം വരരുചിയും അവിടെയെത്തി. അദ്ദേഹത്തിന്റെ മുഖപ്രസന്നത കണ്ടപ്പോൾ തന്നെ കാര്യം സാധിച്ചു എന്നു രാജാവിനും സഭാവാസികളായ എല്ലാവർക്കും മനസ്സിലായി. ഉടനെ രാജാവു് "എന്തായി, മനസ്സിലായോ?" എന്നു ചോദിച്ചു.

വരരുചി— ദൈവകാരുണ്യത്താലും ഗുരുകടാക്ഷംകൊണ്ടും മാന്യന്മാരായ നിങ്ങളുടെയൊക്കെ അനുഗ്രഹമാഹാത്മ്യത്താലും ഒരുവിധം മനസ്സിലായി എന്നു തന്നെ പറയാം.

രാജാവു്—"ഏതു ശ്ലോകമാണു്, ഏതു വാക്യമാണു്? കേൾക്കട്ടെ".

വരരുചി—"രാമായണത്തിൽ പ്രധാനമായ ശ്ലോകം—

"രാമം ദശരഥം വിദ്ധി മാം വിദ്ധി ജനകാത്മജാം
അയോദ്ധ്യാമടവീം വിദ്ധി ഗച്ഛ താത യഥാസുഖം"

എന്നുള്ളതാണു്. ഇതിൽ പ്രധാനമായിട്ടുള്ള വാക്യം 'മാം വിദ്ധി ജനകാത്മജാം' എന്നുള്ളതുമാത്രമാണു്.

Digitised By Kerala Sahitya Akademi

ഇതു കേട്ടപ്പോൾ സഭയിലുണ്ടായിരുന്നവരെല്ലാം ശരി ശരി എന്ന് പ്രകടിപ്പിച്ചു. രാജാവു സന്തോഷപൂർവ്വം എണീറ്റ വരരുചിയുടെ കൈക്കുപിടിച്ച് അർഹമായ സ്ഥാനം കൊടുത്തിരുത്തി പിന്നെ പല തീരുമാനങ്ങളും ആലോചിച്ചുണ്ടാക്കുന്നതിനു സഹായിച്ചതിനും അദ്ദേഹത്തിനു സമ്മാനം കൊടുത്തു സന്തോഷിപ്പിക്കയും തന്നോടുകൂടിത്തന്നെ യഥാപൂർവ്വം താമസിച്ചുകൊള്ളുന്നതിനു നിയമിക്കയും ചെയ്തു.

തദനന്തരം വരരുചി മേല്പറഞ്ഞ ശ്ലോകത്തിന്റെ അർത്ഥം പത്തു വിധത്തിൽ വ്യാഖ്യാനിച്ചു രാജാവിനെക്കേൾപ്പിച്ചു. അവയിൽ രണ്ടു വിധം അർത്ഥമാത്രം താഴെ ചേർക്കുന്നു. ഈ ശ്ലോകം ശ്രീരാമനും സീതയും ലക്ഷ്മണനുംകൂടി വനവാസത്തിനായി പുറപ്പെട്ടപ്പോൾ മാതൃപാദങ്ങളെ വന്ദിച്ചു യാത്രപറഞ്ഞ ലക്ഷ്മണനോടു സുമിത്ര പറഞ്ഞതാണ്.

കല്യേയാ രാമ (വത്സ) രാമം ദശരഥം വിദ്ധി. (രാമനെ ദശരഥനെന്നു കരുതിക്കൊള്ളുക.) നിന്റെ ജ്യേഷ്ഠനായ രാമനെ അച്ഛനായ ദശരഥനെപ്പോലെ വിചാരിച്ചു കൊള്ളണം എന്നു താല്പര്യം. ജനകാത്മജാം പുത്രീം വിദ്ധി: ജനകാത്മജയെ (സീതയെ) എന്നേപ്പോലെ വിചാരിച്ചുകൊള്ളണം. കാടവിം അയോദ്ധ്യാം വിദ്ധി. കാടിനെ (വനത്തെ) അയോദ്ധ്യയെപ്പോലെ വിചാരിച്ചുകൊള്ളണം എന്നു യഥാസുഖം എന്നർത്ഥം. സുഖമാകംവന്നും ഗമിച്ചാലും.

എന്ന് ഒരർത്ഥം. പിന്നെ—

രാജം ദശരഥം വിദ്ധി. രാമനെ ദശരഥൻ (പകുതിവാഹനമായിരിക്കുന്ന മനുഷ്യൻ) എന്നറിഞ്ഞാലും. ജനകാത്മജാം വിദ്ധി. ജനകാത്മജയെ (സീതയെ) ചാ (ഛായ) എന്നറിഞ്ഞാലും. കാടയോദ്ധ്യാം കടപീം വിദ്ധി. കാടയോദ്ധ്യയെ (രാക്ഷസപോയാർ പിന്നെ) പേടി (കാട്) എന്നറിഞ്ഞാലും. (അതിനാൽ കല്യേയാ വത്സ! നി സുഖമാകംവന്നും പോയാലും

എന്ന രണ്ടാമത്തെ അർത്ഥം.

ഇപ്രകാരം യഥാക്രമം പത്തുവിധത്തിൽ വരരുചിയുടെ വ്യാഖ്യാനം കേട്ടപ്പോൾ രാജാവു മൂറ്റാധികം സന്തോഷിക്കയും വരരുചിയെ ബഹുമാനിക്കയും ചെയ്തു. പിന്നെ എല്ലാവരുംകൂടി ഓരോ രാജ്യവൃത്താന്തങ്ങളും പറഞ്ഞു. അങ്ങിനെയിരിക്കുമ്പോൾ വരരുചി— "അല്ലയോ മഹാരാജാവേ! ഇന്നലെ രാത്രിയിൽ ഒരു പറയന്റെ മാടത്തിൽ ഒരു പറയി പ്രസവിച്ചു ഒരു പെൺകുട്ടിയുണ്ടായിട്ടുണ്ട്. അതിന്റെ ജാതകഫലം നോക്കിയതിൽ ആ കുട്ടിക്കു മൂന്നുവയസ്സു തികയുമ്പോഴേക്കും ഈ രാജ്യം നശിക്കുമെന്നു കണ്ടിരിക്കുന്നു. ഇന്നുമുതൽതന്നെ ഓരോ നാശകാരണങ്ങൾ തുടങ്ങും. അല്ലെങ്കിൽ ആ പ്രജയെ ഉടനെ കൊല്ലിക്കണം" എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ ജ്യോതിശ്ശാസ്ത്രം

Digitised By Kerala Sahitya Akademi

ത ങ്ങുന്നും വിശിഷ്ടനുമായ ഈ ബ്രഹ്മണോത്തമന്റെ വചനം ഒരിക്കലും മിഥ്യയാകുന്നതല്ലെന്നുള്ള വിശ്വാസത്താൽ രാജാവിനും സഭാവാസികൾക്കും വളരെ വ്യസനമായിത്തീർന്നു. ബാലനിഗ്രഹം കഷ്ടം. വിശ്വസിച്ചു പെൺകുട്ടിയായിരിക്കുന്ന സ്ഥിതിക്ക് അതാരിക്കലും വിഹിതമല്ല. അതിനാൽ എന്തുചെയ്യേണ്ടു എന്ന് എല്ലാവരുംകൂടി ആലോചിച്ച് ഒരു കൌശലം വിചാരിച്ചു. എങ്ങിനെയെന്നാൽ, വാഴപ്പിണ്ടികൊണ്ട് ഒരു ചെറിയ പന്തലുണ്ടാക്കി, ഈ കുട്ടിയുടെ തലയിൽ ഒരു ചെറിയ പന്തവും കൊടുപ്പിക്കുന്നതിനു അതിൽ കിടത്തി നദിയിലൊഴുക്കുക. ഈ നിശ്ചയത്തിനു രാജാവും സമ്മതിച്ചു. ഉടനേ രണ്ടു ഭടന്മാരെ വിളിച്ച് അപ്രകാരം ചെയ്യുവാൻ കല്പനയും കൊടുത്തു. കുട്ടിയുണ്ടായിരിക്കുന്ന സ്ഥലത്തിനു കുറേ ദൂരെയുള്ള ഒരു കടവിലാണെന്നും വരരുചി പറഞ്ഞുകൊടുത്തു. രാജഭടന്മാർ അപ്രകാരം ചെന്നു കുട്ടിയെ എടുത്തു കല്പനപ്രകാരം ചെയ്കയും ചെയ്തു. ഉടനെ വിവരം രാജസന്നിധിയിൽ അറിയിക്കയും ചെയ്തു. തനിക്കു വരരുചിയെ വിശ്വാസം അധികമായതിനാൽ അവനെ കൂടാതെ കഴിഞ്ഞുവല്ലോ എന്നുവിചാരിച്ചു വരരുചിക്കു വളരെ സന്തോഷവുമായി. പിന്നെയും അദ്ദേഹം രാജാവിന്റെ അടുക്കൽത്തന്നെ സേവനായി താമസിച്ചു. അങ്ങിനെ കുറഞ്ഞൊരു കാലം കഴിഞ്ഞതിന്റെ ശേഷം വരരുചി സ്ഥിരതാമസം സംഗ്രഹാരാധികാരത്തെന്നു തീർക്കി.

അങ്ങിനെയിരിക്കുന്നകാലത്ത് ഒരു ദിവസം വരരുചി ഒരു വഴിയാത്രയിൽ ഭക്ഷണംകഴിക്കാനായി ഒരു ബ്രാഹ്മണന്റെ ഗൃഹത്തിൽചെന്നു. ഉടനെ ബ്രാഹ്മണൻ "വേഗത്തിൽ കുളികഴിച്ചുവരാം. ഇവിടെ ഊണുകാലമായിരിക്കുന്നു" എന്നുപറഞ്ഞു. അപ്പോൾ വരരുചി ഈ ബ്രാഹ്മണന്റെ ബുദ്ധിശക്തിയെ പരീക്ഷിക്കുവാനായിട്ട് "ഞാൻ ഊണുകഴിക്കണമെങ്കിൽ ചില ദുഷ്കടങ്ങളുണ്ട് അതൊക്കെ ഇവിടെ സാധിക്കുമോ എന്നറിഞ്ഞിട്ടു യാതൊന്നും കുളിക്കാൻപോകാവൂ" എന്നുപറഞ്ഞു.

ബ്രാഹ്മണൻ— "ദുഷ്കടങ്ങൾ എന്തെല്ലാമാണാവോ? ഇവിടെ നിവൃത്തിയുള്ള കാര്യമാണെങ്കിൽ സാധിക്കാം. എന്താണെങ്കിലും കേൾക്കട്ടെ".

വരരുചി— "മറ്റൊന്നുമല്ല. കുളികഴിഞ്ഞാൽ ഉടുക്കാൻ വീരവാളിപ്പട്ടു വേണം നൂറുപേർക്കു ഭക്ഷണംകൊടുത്തിട്ടുവേണം എനിക്ക് ഊണുകഴിക്കുവാൻ. എന്നുമാത്രമല്ല എന്റെ ഊണിനു നൂറൊട്ടുകൂട്ടം കൂട്ടാൻവേണം. ഊണുകഴിഞ്ഞാൽ പിന്നെയെനിക്കു മൂന്നുപേരെ തിന്നാണം. നാലു ചെവിയൻ വ്യാക്കുകയും വേണം. ഇത്രയുള്ളൂ".

ഇതു കേട്ടുപ്പാടെ ബ്രാഹ്മണൻ വല്ലാതെ അന്ധാളിച്ച് ഒന്നും മിണ്ടാതെ നിന്നു. ഉടനെ ഒരു കപ്പുക അകത്തിരുന്നുകൊണ്ട് "അച്ഛനൊട്ടും അന്ധാളിക്കുകയും പരിഭ്രമിക്കുകയുംവേണ്ട. ഇതിനെല്ലാം ഇവിടെ തയാറുണ്ടെന്നു പറഞ്ഞേക്കൂ" എന്നു പറഞ്ഞു. ബ്രാഹ്മണൻ അപ്രകാരം പ

Digitised By Kerala Sahitya Akademi

റയുകയും വരുമ്പോൾ കുളിക്കാൻ പോകുകയും ചെയ്തു. ഉടനെ ബ്രാഹ്മണൻ കന്യകയെ വിളിച്ചു, "നിയെന്താണിങ്ങിനെ പറഞ്ഞത്?. ഇതെല്ലാമി വിടെ സാധിക്കുമോ" എന്നു ചോദിച്ചു. അപ്പോൾ കന്യക "എല്ലാംസാധിക്കും. ഇതൊന്നിനും അശക്യമായില്ല. അദ്ദേഹം പറഞ്ഞതിന്റെ സാരം അച്ഛനു മനസ്സിലാകാഞ്ഞിട്ടാണ് പരിഭ്രമിക്കുന്നത്. വീരവാളിപ്പട്ട വേണമെന്നു പറഞ്ഞതിന്റെ സാരം ചീന്തൽകോണകം വേണമെന്നാണ്. നൂറുപേർക്കു ഭക്ഷണംകൊടുക്കണമെന്നു പറഞ്ഞതിന്റെ സാരം അദ്ദേഹത്തിനു ചൈശദ്യം (വൈശദ്യം) കഴിക്കണമെന്നാണ്. വൈശദ്യംകൊണ്ടു നൂറുദേവന്മാരുടെ പ്രീതിയുണ്ടാകുന്നതിനാലാണ് അങ്ങിനെ പറഞ്ഞത്. പിന്നെ നൂറെട്ടുക്കുട്ടംകുട്ടാൻ വേണമെന്നു പറഞ്ഞതിന്റെ സാരം ഇഞ്ചിക്കറി വേണമെന്നാണ്. ഇഞ്ചി ഉണ്ടായാൽ നൂറെട്ടുകുട്ടം കുട്ടാമല്ലോ. ഫലമുണ്ടെന്നാണ് വെച്ചിരിക്കുന്നത്. പിന്നെ അദ്ദേഹത്തിനു മൂന്നുപ്രാവശ്യം തിന്നണമെന്നു പറഞ്ഞതിന്റെ സാരം വെറിലയും അടയ്ക്കയും നൂറുകുട്ടി മുറുക്കണമെന്നാണ്. (പുകയില അക്കാലത്തില്ലായിരിക്കും). പിന്നെ അദ്ദേഹത്തെ നാലുപേരു ചുമക്കണമെന്നു പറഞ്ഞതിന്റെ സാരം ഊണുകഴിഞ്ഞാൽ കുറച്ചു കിടക്കണം അതിനൊരു കട്ടിലുവേണമെന്നാണ്. കട്ടിലിൽ കിടക്കുമ്പോൾ കട്ടിൽക്കാലുകൾ നാലുംകൂടിയാണല്ലോ ചുമക്കുന്നത്. ഇത്രയൊക്കെയുള്ളൂ. ഇതിനിടയിൽ എന്താവിഷമം?" എന്നുപറഞ്ഞു. ഇതു കേട്ടപ്പോൾ ബ്രാഹ്മണൻ വളരെ സന്തോഷിക്കയും, കന്യകയുടെ ബുദ്ധിവിശേഷങ്ങളറിഞ്ഞ് അത്യന്താനന്ദത്തെപ്പെടുകയും ചെയ്തു. "എന്നാൽ എന്റെ മകനോടു പിള്ളാരുവേഗം തയ്യാറാകട്ടെ" എന്നു പറഞ്ഞു കന്യകയെ അയച്ചു. വീരനുപിള്ളയും മറ്റും കഴിഞ്ഞു വന്നപ്പോഴേക്കും ചീന്തൽകോണകവും ചൈശദ്യത്തിനു വേണ്ടുന്ന സാധനങ്ങളും വീരനുപിള്ളയുടെ പുത്തനായ ചന്ദനം മുറുക്കാനുള്ള സാധനങ്ങളും തയ്യാറാക്കിയിരുന്നു. ഊണിന് ഇഞ്ചിക്കറിയും ഉണ്ടായിരുന്നു. ഊണു കഴിഞ്ഞപ്പോഴേക്കും പുറത്തളത്തിൽ മുറുക്കാനുള്ള സാമാനങ്ങളും ഒരു കട്ടിലും പായും തലയിണയും പിള്ളാർ തയ്യാറാക്കിയിരുന്നു. വീരനുപിള്ള ചൈശദ്യവും, ഊണും കഴിച്ചു, പുറത്തളത്തിൽചെന്നു മുറുക്കി കട്ടിലിൽ കയറിക്കിടന്നു. താൻ പറഞ്ഞതിന്റെ സാരം മനസ്സിലാക്കി, ഇപ്രകാരമെല്ലാം തയ്യാറാക്കിയത് ഈ കന്യകയുടെ ബുദ്ധിസാമർത്ഥ്യം കൊണ്ടാണെന്നു മനസ്സിലാക്കുകയാൽ പിന്നുവിടാതെ ഈ കന്യകയെ വിവാഹം കഴിക്കണമെന്ന് അദ്ദേഹം മനസ്സുകൊണ്ടുറപ്പിച്ചുറച്ചു. വീരനുപിള്ള ചൈശദ്യത്തിനുള്ള സാധനങ്ങൾ കന്യകയുടെ അച്ഛനു പ്രയോഗിക്കയും, അദ്ദേഹം സമ്മതിക്കയും, കാലതാമസംകൂടാതെ മുഹൂർത്തംനിശ്ചയിക്കയും ആ കന്യകയെ വിവാഹം കഴിക്കയും, സപത്നീഭാവത്തിൽ കൊണ്ടുപോകയും ചെയ്തു.

Digitised By Kerala Sahitya Akademi

അങ്ങിനെ ആ ദമ്പതിമാർ യഥാസുഖം സഹോദരത്തിൽ താമസിക്കുന്ന കാലത്ത് ഒരു ദിവസം രക്ഷണാർത്ഥം മറ്റൊരു കഴിഞ്ഞു രണ്ടുപേരും കൂടി സൈരസല്ലാപവും ചെയ്തു സന്തോഷിച്ചിരിക്കുന്ന സമയത്തിങ്കൽ വരരുചി തന്റെ പ്രേമഭാജനമായ ധർമ്മദാരനെ കൂടെ തലമുടി ഭംഗിയാക്കുവണ്ണം ചീകിക്കൊണ്ടിരുന്നു. അപ്പോൾ തലയുടെ മദ്ധ്യത്തിൽ വലിയതായ ഒരു വ്രണം കാണുകയാൽ അതെന്താണെന്നു ചോദിച്ചു. അപ്പോൾ ആ സാദ്ധ്വി "അതൊരു രത്നം തറച്ചിരുന്ന പാടാണെന്നാണ് അമ്മ പറഞ്ഞിട്ടുള്ളത്". അമ്മ കുളിച്ചുകൊണ്ടു നിന്നപ്പോൾ പിണ്ടിപ്പുഴുപോലെ നമ്മൾ ആറ്റിൽ കൂടി ഒഴുകിവരുന്നതു കണ്ട് എന്നെ പിടിച്ചുകേറ്റി രക്ഷിയ്ക്കയാണെന്നും, അല്ലാതെ പ്രസവിച്ചതല്ലെന്നും ഒരിക്കൽ അമ്മ എന്നോടു പറഞ്ഞിട്ടുണ്ട്. അന്ന് എന്റെ തലയിൽ ഒരു രത്നവും തറച്ചിരുന്നുവത്രെ" എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ ബുദ്ധിശാലിനിയായ വരരുചിക്കു തന്റെ ഈ ധർമ്മദാരങ്ങൾ ആ പറയനുടെ അപത്യം തന്നെയാണെന്നു നിശ്ചയമായി. തൽകാലം മനസ്സിൽ കുറച്ചു വിഷാദമുണ്ടായി. എങ്കിലും "ലിഖിതമപി ലലാടേ പ്രോജ്ഝിതും കഃ സമർത്ഥഃ" എന്നു വിചാരിച്ചു സമാധാനപ്പെട്ടുകൊണ്ടു വിവരമെല്ലാം തന്റെ ധർമ്മപത്നിയെയും ധരിപ്പിച്ചു. "ഇനി നമുക്കേതായാലും ഇവിടെയിങ്ങിനെ താമസിയ്ക്കണ്ട. ആയുശ്ശേഷിയുള്ള ദേശമന്വേഷിച്ചു കൊണ്ടുതന്നെ നയിക്കണം". എന്നും പറഞ്ഞു വരരുചി ഭാര്യാസമേതം ഉടനേ അവിടെനിന്നു പുറപ്പെടുകയും ചെയ്തു. പിന്നെ അവരുടെ സഞ്ചാരം മ്ലേച്ഛദേശങ്ങളിലായിരുന്നു എന്നു പറഞ്ഞാൽ അവർ പാരശീകന്മാരായിരുന്നു എന്നും മേൽപറഞ്ഞ കഥകളെല്ലാം പാരശീകത്തുവെച്ചു നടന്നതാണെന്നും വിശേഷിച്ചു പറയണമെന്നില്ലല്ലൊ.

അങ്ങിനെ അവർ ഓരോരോ ദിക്കുകളിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നകാലത്തു ഭാര്യ ഗർഭം ധരിച്ചു. ഗർഭം പൂർണ്ണമായി, പ്രസവവേദനയുടെ ആരംഭമായപ്പോൾ ഒരു കാട്ടിൽകിടക്കയിട്ടു പ്രസവിച്ചുകൊള്ളാൻ പറഞ്ഞുംവെച്ചു ഭർത്താവു വഴിയിൽ ഇരുന്നു. ഭാര്യ അപ്രകാരം ഒരു വനാന്തരത്തിൽ പ്രവേശിക്കയും ഉടനെ പ്രസവിക്കയും ചെയ്തു. പിള്ള വാങ്ങുന്നോരാരും തുണയുണ്ടായിരുന്നില്ലെന്നുള്ളതു പറയണമെന്നില്ലല്ലൊ "ആരുമില്ലാത്തവക്കു ദൈവം തുണ" എന്നുണ്ടല്ലൊ. പ്രസവം കഴിഞ്ഞപ്പോൾ "കുട്ടിക്കു വായുണ്ടോ?" എന്നു വരരുചി ചോദിച്ചു. "ഉണ്ട്" എന്നു ഭാര്യ മറുപടിയും പറഞ്ഞു. "വായുള്ള പിള്ളയ്ക്കു ദൈവം ഇരയും കൊടുത്തിട്ടുണ്ട്. അതിനാൽ കുട്ടിയെ എടുക്കണമെന്നില്ല" എന്നും പറഞ്ഞു കുട്ടിയെ അവിടെതന്നെ ഇട്ടുവെച്ചു ഭാര്യയോടുകൂടി വരരുചി അവിടുന്നു പുറപ്പെടുകയും ചെയ്തു. പൊറെ കിടക്കുകയല്ലാതെ ഒരനക്കവും ആ കുട്ടിയിൽനിന്നുണ്ടായില്ല. പ്രസവരക്തമുള്ള ഒരുന്നകളും,

Digitised By Kerala Sahitya Akademi

കുട്ടികളിലേയ്ക്കുള്ള വെള്ളവും, കാട്ടിലെ കായ്കനികളും, ഭിക്ഷയെടുത്തു കിട്ടുന്ന സല്പമായ അന്നവും തറവാടില്ലാതെ വിശേഷിച്ച് യാതൊന്നും ഇല്ലായിരുന്നു. എങ്കിലും അതുകൊണ്ട് ആ പതിവ്രതയ്ക്കു യാതൊരു തരക്കേടുമുണ്ടായില്ല.

ഇങ്ങിനെ തന്നെ പല സ്ഥലങ്ങളിലായി പതിനൊന്നു പ്രസവം കഴിഞ്ഞു. കുട്ടികളെയെല്ലാം കാട്ടിലിട്ടുംപൊച്ചുതന്നെ പോവുകയും ചെയ്തു. ആ പതിനൊന്നു കുട്ടികളേയും ബ്രാഹ്മണർ മുതൽ പതിനൊന്നു ജാതിക്കാക്കായിട്ട കിട്ടുകയും അവർ എടുത്തുകൊണ്ടു പോയി വളർത്തുകയും ചെയ്തു.

പന്ത്രണ്ടാമതേത ഗർഭമുണ്ടായപ്പോൾ ആ സാധു, കഷ്ടം! ഞാൻ പതിനൊന്നു പ്രസവിച്ചിട്ടും ഒരു കുട്ടിയും എനിക്കില്ലല്ലൊ. ഈ പ്രാവശ്യം പ്രസവിക്കുമ്പോൾ "കുട്ടിക്കു വായുണ്ടോ? എന്നു ഭർത്താവു ചോദിച്ചാൽ ഇല്ലെന്നു പറയണം. എന്നാൽ ആ കുട്ടിയെങ്കിലും എടുത്തു കൊഞ്ചുവാൻ ഇദ്ദേഹം അനുവദിക്കുമായിരിക്കും. പിന്നീട് പരമാർത്ഥം പറഞ്ഞ് ഇദ്ദേഹത്തെ സമ്മതിപ്പിക്കയും ചെയ്യാം" എന്നു നിശ്ചയിച്ച ഗർഭം പൂർണ്ണമായപ്പോൾ പതിവുപോലെ പ്രസവിക്കയും, "കുട്ടിക്കു വായുണ്ടോ?" എന്നു ഭർത്താവു ചോദിക്കയും, "ഇല്ല" എന്നു മാത്രം പറയുകയും, ആ കുട്ടിയെ എടുത്തുകൊള്ളുന്നതിനു ഭർത്താവനുവദിക്കയും ചെയ്തു. ഉടനെ കുട്ടിയെയുമെടുത്തു രണ്ടു പേരും കൂടിപ്പുറപ്പെട്ടു. കുറച്ചു സമയം കഴിഞ്ഞപ്പോൾ വാസ്തവമായിട്ടു തന്നെ കുട്ടിക്കു വായില്ലാതെയായിത്തീർന്നു. വിശിഷ്ടന്മാരായ സാധുക്കളുടെ വാക്കു മിഥ്യയായി പോകുന്നതല്ലല്ലൊ. വാരുകുറി ആ കുട്ടിയെ ഒരു കുന്നിന്റെ മുകളിൽ കൊണ്ടുപോയി പ്രതിഷ്ഠിച്ചു. അതാണ് 'വായില്ലാക്കുന്നിലപ്പൻ' എന്നു പ്രസിദ്ധപ്പെട്ട ദേവൻ. ഈ വായില്ലാക്കുന്നിലപ്പൻ ഉത്പത്തിയാണ് 'പറയി പെറ്റ പന്തിരുകുലം' എന്നു പറയുന്നത്. ഈ പന്ത്രണ്ടു പേരുടേയും പേരുകൾ പറയുന്നതായ ഒരു ശ്ലോകം കേട്ടിട്ടുള്ളതു താഴെ ചേർക്കുന്നു.

"കേശിപ്പ(ട്ട)ത്തോരഗനിരന്ത്രീ രജകനുപ്പിനന്തർ
തരുമ്പനം പിടനാ വായില്ലാക്കുന്നിലപ്പൻ വടുതല മരുതും
നായർ കാരയ്ക്കാ മാതാ
പെരുമ്പേ കള്ളിപ്പൂക്കുറവൻ പെരിയ തിരുവേ-
കരത്തുഴും പാണനാരും
ചേരുന്നാരായണബ്രാഹ്മണനുടനാകയുമി-
ഹാത്തനാം പാക്കനാരും".

ഇവർ പല ദിക്കുകളിലായിട്ടാണ് താമസിച്ചിരുന്നതു് എങ്കിലും ഏല്ലാവർക്കും ബാല്യം കഴിഞ്ഞപ്പോഴെക്കും തങ്ങൾ പരസ്പരം സഹോദരന്മാരാണെന്നു് അറിയുകയും, തമ്മിൽ തമ്മിൽ സ്നേഹത്തോടു കൂടിത്തന്നെ

Digitised By Kerala Sahitya Akademi

പാത്തു വരികയും ചെയ്തു. ഇവരുടെ ദിവ്യതപങ്ങളും, അത്ഭുതകർമ്മങ്ങളും അവസാനമില്ലാതെയുണ്ട്. വരരുചിയും ഭാര്യയും പിന്നെയും അവരുടെ ജീവിതശേഷിച്ച ദേശസഞ്ചാരം കൊണ്ടു തന്നെ കഴിച്ചുകൂട്ടി. അതാതു പ്രാതഃകാലങ്ങളിൽ അന്നന്നത്തെ ശ്രാദ്ധത്തിനു മേൽപറഞ്ഞ പന്ത്രണ്ടുപേരിൽ വായില്ലാക്കുന്നിലപ്പനെ ഒഴിച്ച ശേഷമെല്ലാവരും ഒരുമിച്ചു കൂടുകയും ഒരു പുല്ലിന്മേൽതന്നെ വെലിയിടുകയുമാണ് പതിവ്. അന്തു മേളത്തിലാളഗ്നിഹോത്രിയുടെ ഇല്ലത്തുമാണ്. അഗ്നിഹോത്രി ബ്രാഹ്മണനായിരുന്നതിനാൽ പ്രാതഃതത്തിനും ബ്രാഹ്മണർ തന്നെയാണ് പതിവ്. പറയൻ വരെയുള്ള നാനാജാതികളും കൂടി പാത്തമൂട്ടുകയാൽ പ്രാതഃരാശിനു ക്ഷണിച്ചാൽ ചെല്ലുന്നതിനു ബ്രാഹ്മണർക്കെല്ലാം മടിയായിത്തുടങ്ങി. അഗ്നിഹോത്രികളുടെ ഭാര്യയായ അന്തർജ്ജനത്തിനും ഈ സഹോദരന്മാരുടെ മേളനം വളരെ കഷ്ടമെന്നു തോന്നിത്തുടങ്ങി. എന്നു മാത്രമല്ല ഈ വിവരം അന്തർജ്ജനം ഒരു ദിവസം ഭർത്താവിനോടു പറയുകയും ചെയ്തു. "ആട്ടെ അതിനു സമാധാനമുണ്ടാക്കാം" എന്നു അഗ്നിഹോത്രി മറുപടിയും പറഞ്ഞു.

അങ്ങിനെയിരിക്കുമ്പോൾ അവരുടെ അച്ഛന്റെ ശ്രാദ്ധമായി. ശ്രാദ്ധത്തിന്റെ തലേദിവസം വൈകുന്നേരമായപ്പോഴേക്കും ശേഷമുള്ള സഹോദരന്മാർ പത്തുപേരും, പ്രാതഃകാരനായ ബ്രാഹ്മണനും അഗ്നിഹോത്രികളുടെ ഇല്ലത്തു വന്നു ചേർന്നു. ഈ സഹോദരന്മാർ വന്നാൽ രാത്രിയിൽ കിടക്കുന്നതിനായി അഗ്നിഹോത്രികൾ പ്രത്യേകം പണിയിച്ചു വെച്ചിരുന്ന പുരയിലും അവിടെ മുമ്പുതന്നെ ഉണ്ടാക്കിട്ടുണ്ടായിരുന്നു. എല്ലാവരും അവരവരുടെ നിയമാനുഷ്ഠാനങ്ങളും മറ്റും കഴിച്ചു് അതാതുള്ള ശയനസ്ഥലങ്ങളിൽ പോയി കിടക്കുകയും ചെയ്തു. എല്ലാവരും ഉറക്കമായപ്പോൾ അഗ്നിഹോത്രികൾ അന്തർജ്ജനത്തിനെയും പ്രാതഃകാരനായ ബ്രാഹ്മണനെയും വിളിച്ചു് ഒരു വിളക്കുമായി പത്തുപേരും കിടക്കുന്ന സ്ഥലത്തു കൊണ്ടുപോയി "എന്നെ തൊട്ടുകൊണ്ടു നോക്കുവിൻ" എന്നു പറഞ്ഞു. അന്തർജ്ജനവും പ്രാതഃകാരനും അഗ്നിഹോത്രികളെ തൊട്ടുംകൊണ്ടു നോക്കിയപ്പോൾ പത്തുപേരും ഒന്നുപോലെ ശംഖചക്രഗദാപദ്മാദികളായ ആയുധങ്ങളോടുകൂടി ചതുർബ്ബാഹുക്കളായി അനന്തന്റെ മേൽ കിടന്നുറങ്ങുന്നതായിട്ടു കണ്ടു. രണ്ടുപേരും വിസ്മയവിവശരായിട്ടു പെട്ടെന്നു വീണു നമസ്കരിച്ചു. അങ്ങിനെ അന്തർജ്ജനത്തിനും മറ്റുള്ള ബ്രാഹ്മണർക്കും ഉണ്ടായിരുന്ന ദുശ്ശങ്കയും സംശയവും തീരുകയും, ഇവർ എല്ലാവരും സാക്ഷാൽ മഹാവിഷ്ണുവിന്റെ അവതാരമൂർത്തികളാണെന്നു മനസ്സിലാവുകയും ചെയ്തു.

മേപ്പത്തൂരാളഗ്നിഹോത്രിയുടെ ഭവനം പൊന്നാനിതാലൂക്കിൽ മേഴത്തൂരംശത്തിലാണത്രെ. വള്ളുവനാട്ടുതാലൂക്കിൽ ഒറ്റപ്പാലത്തിനു സമീപത്തുള്ള കൊടുമുണ്ടയിൽ നമ്പൂതിരിമാർ ഈ അഗ്നിഹോത്രിയുടെ വിദ്വത്തി

Digitised By Kerala Sahitya Akademi

ത്തമാണത്രെ. അഗ്നിഷ്ഠാത്രികളുടെ ഭാഗ്യമായ അന്നഭ്ഞ്ജനം ഒരിക്കൽ അടുക്കലുള്ള പുഴയിൽ കുളിക്കാൻ പോയപ്പോൾ ഒരു താലം കൂടി കൊണ്ടുപോയിരുന്നു. ആ താലം തേച്ചു മുക്കി വെള്ളത്തിലിട്ട് ഒഴുക്കിപ്പോകാതെയിരിപ്പാൻ അതിൽ കുറെ മണലും വാരിയിട്ടു കുളിച്ചുകേറി. പോകാൻകാലത്തു താലമെടുത്തപ്പോൾ വരികയില്ല അത് അവിടെ ഉറച്ചു പോയി. അങ്ങിനെയുണ്ടായതാണ് "തൃത്താലപ്പൻ" എന്നു ലോകപ്രസിദ്ധനായ ദേവൻ. തൃത്താലപ്പന്റെ വിഗ്രഹം ഇന്നും മണൽകൂട്ടിയതുപോലെ തന്നെയാണിരിക്കുന്നത്. ശിലപോലെ ഉറപ്പുണ്ടുതാനും.

നാറാണത്തു ഭ്രാന്തന്റെ ഭിന്നതകളും പറഞ്ഞാൽ വളരെയുണ്ട്. അദ്ദേഹത്തിന്റെ പതിവായിട്ടുള്ള പ്രവൃത്തി വലിയ കല്ലുകളുരുട്ടി മലയുടെ മുകളിൽ കൊണ്ടുചെല്ലുകയും മുകളിലാകുമ്പോൾ കൈവിടുകയും കല്ലു സ്വയമേവ കീഴ്ട്ട് ഉരുണ്ടുപോകുന്നതു കണ്ടു കൈകൊട്ടിച്ചിരിക്കയുമാണ്. ഇതുകണ്ടാൽ—

"ഏതുമൊരു കനത്തൊരു കല്ലു മുട്ടിനാ—
ലന്ദ്രിതാൽ മുകൾപ്പാട്ടിരുത്തുവാൻ പാരു ഭണ്ഡാ
രത്തെ നീയ്ട്ടുടയ്ക്കു ചാടിപ്പാനെടുപ്പാ—
രാരു സാ ചെറുവിരൽ വേണ്ടാ താഴത്തു വീണിടുമ്പോൾ".

എന്നുള്ള സാരോപദേശത്തെ ദൃഷ്ടാന്തപ്പെടുത്തി മനുഷ്യസ്ഥിതി ഇതിനോടു സദൃശമാണെന്ന് എല്ലാവരേയും ബോധപ്പെടുത്താനാണോ എന്നും തോന്നും. "ആക്കിയും മഹാന്മാരുടെ മനോഗതം".

ഇദ്ദേഹത്തിന്റെ ഉപജീവനം ഭിക്ഷതന്നെയെടുത്തുതന്നെ ആയിരുന്നു. കയ്യിൽ ഒരു ചെമ്പുപാത്രമുണ്ട്. ഭിക്ഷയാചിച്ചിട്ട് അന്നന്നുകിട്ടുന്നതുകൊണ്ടു മുഴുവനും, വൈകുന്നേരമാകുമ്പോൾ എവിടെയെത്തുന്നുവോ അവിടെവെച്ചു സ്വയംപാകം ചെയ്തു ഭക്ഷിക്കും. സ്വയംപാകഭക്ഷണമല്ലാതെ പതിവില്ല. അത് ഒരുനേരമേ ഉള്ളുതാനും. ഊണു കഴിഞ്ഞാൽ അവിടത്തന്നെ കിടക്കും. നേരം വെളുത്താൽ പുറപ്പെടും. ഉച്ചവരെ കല്ലു മലയിൽ ഉരുട്ടിക്കേറുകയായി. പിന്നെ ഭിക്ഷ യാചിക്കയും ഇങ്ങിനെയൊക്കെയാണ് അദ്ദേഹത്തിന്റെ ദിനചര്യ. അങ്ങിനെ ഇരിക്കുമ്പോൾ ഒരുദിവസം വൈകുന്നേരമായപ്പോൾ ഇദ്ദേഹം ഒരു ശ്മശാനത്തിൽ ചെന്നുചേർന്നു. അത് ഒരു ശവദാഹം കഴിച്ചു ജനങ്ങളെല്ലാവരും പോയ ഉടനേ ആയിരുന്നതിനാൽ അവിടെ ധാരാളമായി തിയ്യും മുറിക്കൊള്ളികളും ഉണ്ടായിരുന്നു. ഇതു കണ്ടു നാറാണത്തു ഭ്രാന്തൻ സ്വയംപാകത്തിന് ഇവിടെത്തന്നെ തരം എന്നു നിശ്ചയിച്ചു മൂന്നു കല്ലെടുത്ത് ആ പട്ടടയുടെ ഒരറ്റത്തു തന്നെ ഒരടുപ്പു കൂട്ടി. അടുക്കലുള്ള നദിയിൽനിന്നു വെള്ളവും കൊണ്ടുവന്നു അരിയും വെള്ളവും ഒരുമിച്ചു തന്നെ ആ ചെമ്പുപാത്രത്തിൽ അടുപ്പത്തു വെച്ചു. കുറെ തീക്കനലും നീ

Digitised By Kerala Sahitya Akademi

ക്കിക്കൂട്ടി. മുറിക്കൊള്ളികളും പെറുക്കി അടുപ്പിലിട്ടു. ഇടത്തുകാലിന്മേൽ കുറച്ചു മന്തുള്ളതിനാൽ ആ കാലു വലിച്ചു് അടുപ്പുകല്ലിന്മേൽ വെച്ചു തീയും കാഞ്ഞു മൂളിപ്പാട്ടും പാടി കുറേശ്ശ ഉറക്കവും തൂക്കി ആടി രാഞ്ചിനെ അവിടെ ഇരുന്നു. മഞ്ഞുകാലമായിരുന്നതിനാൽ തീ കായാൻ നല്ല രസമുണ്ടായിരുന്നു. അങ്ങിനെയിരുന്ന നേരം ഒരു യാമം കഴിഞ്ഞപ്പോഴേക്കും ഭൂതപ്രേതപിശാചുക്കളോടുകൂടി തൃത്തു തിമൃത്തു ചുടലഭദ്രകാളിയുടെ വരവായി. അവരുടെ അട്ടഹാസങ്ങളും അലർച്ചകളുമൊക്കെ കേട്ടിട്ടും നാറാണത്തുഭ്രാന്തന് ഒരു കൂസ്സലുമുണ്ടായില്ല. അവരെല്ലാവരും അടുത്തു വന്നപ്പോൾ പണ്ടെങ്ങുമില്ലാത്തവിധം അവിടെ ഒരു മനുഷ്യൻ നിൽക്കുന്നതുകണ്ടിട്ടു "ആരാണവിടെ വന്നിരിക്കുന്നത്? വേഗത്തിൽ എണ്ണീറ്റുപോണം" എന്നു പറഞ്ഞു.

നാറാണത്തുഭ്രാന്തൻ—"നിങ്ങൾക്കു കണ്ണുകണ്ടുകൂടേ? ഇവിടെയിരിക്കുന്നതു് ആരാണെന്നു കണ്ടുകൂടെന്നുണ്ടോ? ഞാനൊരു മനുഷ്യനാണു്. ഇപ്പോൾ പോകാൻ ഭാവവുമില്ല".

ഭദ്രകാളി—"അതില്ലേ? എന്നാൽ ഞങ്ങൾ നിന്നെ പേടിപ്പിക്കും"

ഭ്രാന്തൻ—"നിങ്ങൾ പേടിപ്പിച്ചാൽ ഞാൻ പേടിച്ചില്ലെങ്കിലോ".

ഭദ്രകാളി—"ഞങ്ങൾ പേടിപ്പിച്ചാൽ പേടിക്കാതെ അങ്ങിനെ ആരെങ്കിലുമുണ്ടോ?"

ഭ്രാന്തൻ—"ആവോ. ഒന്നു പരീക്ഷിച്ചുനോക്കുവിൻ. എന്നാലറിയാമല്ലോ?"

ഇതു കേട്ടപ്പോൾ അവർക്കു കോപം സഹിക്കവയ്യാതയായിട്ടു് എല്ലാവരും കൂടി തീക്കട്ടപോലെയിരിക്കുന്ന ആ കണ്ണുകൾ തുറിച്ചുമിഴിച്ചും, രക്തവർണ്ണങ്ങളായി ആയതങ്ങളായിരിക്കുന്ന നാവുകളെ വളച്ചു കടിച്ചും, ചന്ദ്രക്കലപോലെ വളഞ്ഞ വലിയ ദംഷ്ട്രകളേയും വാൾമുകളേയും പുറത്തേക്കു തള്ളിച്ചും, വലിയ അട്ടഹാസത്തോടുകൂടിയും നാറാണത്തു ഭ്രാന്തനെ പേടിപ്പിക്കാനായിട്ടു് അദ്ദേഹത്തിന്റെ നേരെ പാഞ്ഞുചെന്നു. അദ്ദേഹം ഇതു കണ്ടിട്ടു യാതൊരു ക്ഷോഭവുംകൂടാതെ ചിരിച്ചുകൊണ്ടു് അവിടെ ഇരുന്നു. ലവലേശം പേടിച്ചില്ല. അപ്പോൾ ചുടലഭദ്രകാളിയും ഭൂതങ്ങളുമെല്ലാം ലജ്ജ സഹിക്കവഹിയാതെ മുഖം താഴ്ത്തിക്കൊണ്ടുനിന്നു.

ഭ്രാന്തൻ—"എന്താ പേടിപ്പിച്ചു കഴിഞ്ഞുവോ?"

ഭദ്രകാളി—"അല്ലയോ മഹാനുഭാവ! അങ്ങു് ഒരു സാധാരണമനുഷ്യനാണെന്നു വിചാരിച്ചു് ഇങ്ങിനെ പറയുകയും പ്രവർത്തിക്കുകയുംചെയ്തതാണു്. അവിടുന്നു സാമാന്യനല്ലെന്നു് ഇപ്പോൾ ഞങ്ങൾക്കു മനസ്സിലായി. അതിനാൽ ഇതാ ഞങ്ങളുപേക്ഷിക്കുന്നു, അവിടുന്നു കൃപയുണ്ടായി ഇവിടെനിന്നു മാറിത്തരണം. ഞങ്ങൾ ഈ ചുടലയിൽ നൃത്തംചെയ്യാനായി വന്നിരിക്കയാണു്".

ഭ്രാന്തൻ. "നിങ്ങളവിടെ ഒരറ്റത്തു നൃത്തം ചവിട്ടിക്കോളിൻ, അതിനു ഞാൻ പോണമെന്നുണ്ടോ?"

Digitised By Kerala Sahitya Akademi

ഭദ്രകാളി—"മനുഷ്യർ കാൺകെ ഞങ്ങൾക്കൊരു വൃത്തം ചെയ്തു വിടുന്നതമല്ല. അതിനാലാണ് ഇങ്ങിനെ താമസിക്കുന്നത്".

ഭ്രാന്തൻ—"എന്നാൽ വൃത്തം നാളെ മതി. ഏതുപക്ഷിമൃഗാദികളും ഇന്നു ഞാറിവിടെനിന്നു പോവുകയില്ല".

ഭദ്രകാളി—"വൃത്തം നാളെയായാൽ പോരാ ഇന്നാണ് പതിവ്".

ഭ്രാന്തൻ—"എന്നാൽ പതിവുപോലെയായിട്ടെ ഞാൻ പോയിട്ടുണ്ടാവുകയില്ല. എനിക്കും ചില പതിവുകളുണ്ട്. തീയും വെള്ളവും കിട്ടുന്നടിക്കിൽ അരി വെക്കുക, അരി വെക്കുന്നടിക്കിൽ ഉണ്ണുക, ഉണ്ണുന്നടിക്കിൽ കിടക്കുക ഇങ്ങിനെയാണ് നമ്മുടെ പതിവ്. അതും വ്യത്യാസപ്പെടുത്തുകയില്ല".

ഒരു വിധത്തിലും ഭ്രാന്തൻ ഒഴിച്ചുപോവുകയില്ലെന്നു തീർച്ചയായപ്പോൾ ഭദ്രകാളി "അല്ലയോ മഹാനുഭാവ! അവിടുന്ന് ഒരുവിധത്തിലും സമ്മതിക്കൊള്ളുകയാൽ ഞങ്ങൾതന്നെ ഒഴിച്ചു പൊള്ളുകയാമെന്നു നിശ്ചയിച്ചു. എന്നാൽ; മനുഷ്യരെ നേരിട്ടുകണ്ടു മുട്ടിപ്പോയാൽ അവരെ ശപിക്കയോ അനുഗ്രഹിക്കയോ ഒന്നുചെയ്യാതെ ഞങ്ങൾക്കു പോകാൻ പാടില്ല. ദിവ്യനായിരിക്കുന്ന അങ്ങേ ഞങ്ങൾ ശപിക്കണമെന്നു വിചാരിക്കുന്നില്ല. അനുഗ്രഹിക്കണമെന്നാണ് ഞങ്ങളുടെ വിചാരം. അതിനാൽ അവിടേക്ക് ആഗ്രഹമുള്ളതെന്താണെന്നു പറഞ്ഞാലും" എന്നു പറഞ്ഞു.

ഭ്രാന്തൻ—"എനിക്കു നിങ്ങളുടെ അനുഗ്രഹമൊന്നും വേണ്ട നിങ്ങൾ പോയ്ക്കോളിൻ. എനിക്കു ചോറുകാലമായിരിക്കുന്നു ഞാനുണ്ണട്ടെ".

ഭദ്രകാളി—"അയ്യോ! അവിടുന്നങ്ങിനെ പറയരുത്. ഉടയുണ്ടായി എന്തെങ്കിലും ഒരു വരം ഞങ്ങളോടു വാങ്ങണം. അല്ലാതെ ഞങ്ങൾക്കിവിടെനിന്നു പോകാൻ നിവൃത്തിയില്ല".

ഭ്രാന്തൻ—"നാശം! ഉപദ്രവമായിട്ടു തീർന്നല്ലൊ. അതെങ്കിൽ എന്നാൽ വല്ലതുമൊരു വരം വാങ്ങിച്ചുകൊള്ളുക. ഞാനവിടം പോകുന്നതിനിടയാക്കരുതെ?"

ഭദ്രകാളി—"ഓഹോ ഇനി മുപ്പത്താറു സംവത്സരവും, ആറുമാസവും, പന്ത്രണ്ടുദിവസവും, അഞ്ചുനാഴികയും, മുപ്പതു വിനാഴികയും കഴിയുമ്പോൾ മരിക്കും".

ഭ്രാന്തൻ—"എന്നാൽ അതു കൂടാതെ ഒരു ദിവസംകൂടി എനിക്കു ജീവിച്ചിരുന്നാൽ കൊള്ളാമെന്നാഗ്രഹമുണ്ട്. അങ്ങിനെ അനുഗ്രഹിക്കണം".

ഭദ്രകാളി—"അതു ഞങ്ങൾ വിചാരിച്ചാൽ കഴികയില്ല. ഒരു ദിവസമെന്നല്ല, ഒരു മാത്രാസമയംകൂടി ആയുസ്സു തരാൻ ഞങ്ങൾക്കു ശക്തിയില്ല".

ഭ്രാന്തൻ—"എന്നാൽ അതുവേണ്ട. നിങ്ങൾ പറഞ്ഞതിനാൽ

Digitised By Kerala Sahitya Akademi

രാത്രിയിലോദിവസം ഞാൻ മരിച്ചാലും മതി. അങ്ങിനെ അനുഗ്രഹിക്കുവിൻ".

ഭദ്രകാളി—"അതും ഞങ്ങൾക്കു നിവൃത്തിയില്ല".

ഭ്രാന്തൻ—"എന്നാൽ നിങ്ങളുടെ അനുഗ്രഹം എനിക്കെന്തിനാണ്? നിങ്ങൾ വിചാരിച്ചാൽ ഒന്നും ചെയ്യാൻ കഴികയില്ലെന്നും എനിക്കറിയാം. അതാണ് ആദ്യമേ എനിക്കു നിങ്ങളുടെ അനുഗ്രഹമൊന്നും വേണ്ടെന്നു ഞാൻ പറഞ്ഞത്"

ഭദ്രകാളി—"അവിടുന്നു കൃപയുണ്ടായി ഞങ്ങൾ വിചാരിച്ചാൽ കഴിയുന്നതായ ഒരു വരത്തെ വരിക്കണം".

ഭ്രാന്തൻ—"എന്നാലാവട്ടെ. ഈ ശനികളിവിടെനിന്നൊഴിഞ്ഞു പോകണമല്ലൊ. എന്റെ ഈ ഇടത്തുകാലിന്മേലുള്ള മന്ത്രവലത്തുകാലിന്മേലാവാനും അനുഗ്രഹിച്ചിട്ടു പൊയ്ക്കൊൾവിൻ. ഇതു നിങ്ങൾ വിചാരിച്ചാൽ കഴിയും".

ഇതുകേട്ടു ചുടലഭദ്രകാളിയും മറ്റും സന്തോഷിച്ചു അപ്രകാരം അനുഗ്രഹിച്ചിട്ടു മറഞ്ഞുപോയി. അനുഗ്രഹപ്രകാരം മന്ത്രവലത്തുകാലിന്മേലാവുകയും ചെയ്തു. നാറാണത്തുഭ്രാന്തൻ ഊണുംകഴിച്ചു അവിടെത്തന്നെ കിടന്നുറങ്ങി. അരുണോദയമായപ്പോൾ എണീറ്റു കല്ലുപിടിക്കാൻപോവുകയുംചെയ്തു. ഈ കഥയിൽനിന്ന് ഈശ്വരകല്പിതത്തെ നീക്കാൻ മനുഷ്യർ വിചാരിച്ചാലും കഴിയുന്നതല്ലെന്നു സ്പഷ്ടമാകുന്നു.

ഒരിക്കൽ നാറാണത്തുഭ്രാന്തൻ ഒരു നീചജാതിക്കാരന്റെ ചാത്തമുണ്ണാൻ പോകുന്നതറിഞ്ഞു മറ്റാരാൾകൂടെ ഒരുമിച്ചുചെന്നു. രണ്ടുപേരുംകൂടി മുക്കുമുട്ടെ ഊണുകഴിച്ചു. ഉടനെ രണ്ടുപേരും ഒരുമിച്ചുതന്നെ അവിടെനിന്നു പുറപ്പെട്ടു. വഴിക്കു നാറാണത്തുഭ്രാന്തൻ "എനിക്കു ദാഹിക്കുന്നു" എന്നു പറഞ്ഞു. "എനിക്കും ദാഹം സഹിക്കവഹിയാതെ ആയിരിക്കുന്നു" എന്നു മറ്റേ ആളും പറഞ്ഞു. അപ്പോൾ നാറാണത്തുഭ്രാന്തൻ "ആട്ടെ നിവൃത്തിയുണ്ടാക്കാം" എന്നുപറഞ്ഞു. പിന്നെയും രണ്ടുപേരും കൂടി കുറച്ചു ചെന്നപ്പോൾ ഒരു മൂശാരിയുടെ ആലയിൽ ഒരു വലിയ വാറ്റു വാക്കാറായി ഓടു ചൂളയിൽ വെച്ചുരുക്കുന്നതു കണ്ടു. ഉടനെ നാറാണത്തുഭ്രാന്തൻ അവിടെക്കേറിച്ചെന്ന് ഉരുകിത്തിളച്ചു മറിയുന്ന ഓടു കുറെ കൈകൊണ്ടു കോരിക്കുടിച്ചു. മറ്റേ ആളോടും കുടിക്കാൻ പറഞ്ഞു. "അയ്യോ! പൊള്ളിച്ചുതുപോകും. എനിക്കു പ്രയാസമുണ്ട്" എന്നു മറ്റേയാൾ പറഞ്ഞപ്പോൾ "എന്നാൽ തനിക്കു ഭ്രഷ്ടുണ്ട്. ഞാനുണ്ണുന്നടത്താക്കെയുണ്ടാൽ ഞാൻ കുടിക്കുന്നതാക്കെക്കുടിക്കയും വേണം" എന്നുപറഞ്ഞു നാറാണത്തുഭ്രാന്തൻ പോവുകയും ചെയ്തു.

"ഗുരുചൊന്നതൻ പ്രവർത്തിച്ചതിനൊന്നു
മൂലമെന്നല്ല വിചാരവും കൂടാതെ
മറ്റവൻ തൂടെ പ്രവർത്തിക്കിലിങ്ങിതൊ
കാരം ഭവിക്കുമെന്നാത്തുകൊണ്ടീടുവിൻ"

Digitised By Kerala Sahitya Akademi

എന്നുള്ള സാമാന്യോപദേശത്തിന് ഈ കഥ ഒരു ദൃഷ്ടാന്തമാകുന്നു.

നാറാണത്തുഭ്രാന്തൻ ചിലപ്പോൾ കട്ടറുമ്പുകൾ കൂട്ടംകൂടി വരിവരിയായിപ്പോകുമ്പോൾ അവയെയെല്ലാം എണ്ണിക്കൊണ്ടിരിക്കും. അങ്ങിനേയും ഒരു പരിചുണ്ട് അങ്ങിനെ ഒരു ദിവസം നാറാണത്തുഭ്രാന്തൻ ഉറുമ്പുകളെ എണ്ണിക്കൊണ്ടിരിക്കുമ്പോൾ ഒരാൾ അടുക്കെച്ചെന്ന് "എത്രയായി" എന്നു ചോദിച്ചു. ഉടനെ നാറാണത്തുഭ്രാന്തൻ "പതിനായിരം പോയി ഇനി പതിനായിരമുണ്ട്. അതുകൂടെപ്പോണം. എന്നാൽ സുഖമായി" എന്നു മറുപടി പറഞ്ഞു. ഈ ചെന്നുചോദിച്ച ആൾക്കു വളരെക്കാലമായി വയറ്റിൽ ഒരു വേദനയുണ്ടായിരുന്നു. അതിനു ചികിത്സിക്കും മാറുമായി പതിനായിരം രൂപ ചിലവായിട്ടുമുണ്ടായിരുന്നു. പിന്നെ അയാൾ പതിനായിരം രൂപ കെട്ടിവെച്ചിട്ടുമുണ്ടായിരുന്നു. നാറാണത്തുഭ്രാന്തൻ പറഞ്ഞതിന്റെ സാരം ആ പതിനായിരം കൂടി ചിലവായാൽ ഇയ്യാൾക്കു വയറ്റിൽവേദന ഭേദമായി സുഖമാകുമെന്നായിരുന്നു. ആ സാരം ഈ മനുഷ്യൻ മനസ്സിലാക്കി ശേഷമുണ്ടായിരുന്ന പതിനായിരം കൂടി ചികിത്സിക്കും സൽക്കർമ്മങ്ങൾക്കുമായി ചിലവാക്കുകയും, വയറ്റിൽവേദന ഭേദമാവുകയും ചെയ്തു.

അകവൂർ ചാത്തനും ഇതുപോലെതന്നെ ഒരു ദിവ്യനായിരുന്നു. അദ്ദേഹം അകവൂർ നമ്പൂരിപ്പാട്ടിലെ ഭൃത്യനായി ആ മനയ്ക്കലാണ് താമസിച്ചിരുന്നത്. അന്നദേഹത്തിന്റെ തറവാട്ടിൽനമ്പൂരിപ്പാട്ടിലേക്ക് അനർഹമായ ഒരു സ്വത്തിൽ മനസ്സു പ്രവർത്തിക്കയാൽ തൽപാപപരിഹാരാർത്ഥം ഗംഗാസ്നാനം ചെയ്യണമെന്നു തീർച്ചയാക്കി. നമ്പൂരിപ്പാട്ടിനു പോകുമ്പോൾ ഭൃത്യനായ ചാത്തനേയും കൊണ്ടുപോയി. ചാത്തൻ ഒരു പുരുഷായുസ്സു മുഴുവൻ നമ്പൂരിപ്പാട്ടിന്റെ സ്വന്തമായിട്ടുണ്ടായിരുന്നു. നമ്പൂരിപ്പാട്ടിന്റെ സ്നാനംകഴിച്ച പുണ്യതീർത്ഥങ്ങളിലൊക്കെയും ചാത്തൻ ഈ പുരുഷായുസ്സും മുഴുവൻ; ചാത്തൻ വിട്ടുപോയി സ്നാനംകഴിച്ചതുമില്ല. നമ്പൂരിപ്പാട്ടിന്റെ തിരിയെ സന്ദർശനത്തിൽ പ്രീതി, കാലത്തെ രുചിപ്രീതിയും മാറാതേകമായിരുന്നിച്ച ചാത്തനും വന്നു വിനയപൂർവ്വം ഇരിപ്പുമായി. അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം ചാത്തൻ ഈ പുരുഷായുസ്സുമുഴുവനുമുള്ള കറിക്കു നേരമെടുത്തു. അതുവരെ കണ്ണൻ പുരുഷായുസ്സായിരുന്നതിനാൽ കൂട്ടാൻ കണ്ടുകാണിച്ചു കൂട്ടുവാൻ പാടില്ലായിരുന്നു. കൂട്ടാൻ കൈച്ചതിനാൽ നമ്പൂരിപ്പാട്ടിനു് അരുതാഞ്ഞതിനു ദേഷ്യപ്പെട്ടു. "ചാത്തൻ നോക്കിയതുകൊണ്ടാണ് ഞാൻ വെച്ചത്. കഷ്ടമെന്തെന്നറിഞ്ഞില്ല. ഈ കഷ്ടത്തിന്റെ കുറ്റമായിരിക്കണം. അല്ലാതെയൊന്നുമല്ല" എന്നദ്ദേഹം പറഞ്ഞു. നമ്പൂരിപ്പാട്ടിന്നു് ഊണുകഴിഞ്ഞു പുറത്തുവന്നുടനെ ചാത്തനെ വിളിച്ചു "കൂട്ടാനിന്നു നോക്കിക്കൊടുത്ത കഷ്ടമെന്തായിരുന്നു" എന്നും, "ഈ കഷ്ടമുണ്ടായതിന്റെ കാരണമെന്തെ"ന്നും ചോദിച്ചു. അപ്പോൾ ചാത്തൻ "കൂട്ടാന്റെ കുറ്റമാണെങ്കിൽ തിരുമനസ്സിലെ പാപവും തീർന്നിട്ടില്ല. തി

Digitised By Kerala Sahitya Akademi

അമേരി സ്നാനം കഴിച്ച പുണ്യാത്മാക്കളിലെല്ലാം അടിയൻ ആ കസ്തൂരിപുഷ്പത്തെയാണു മുക്കിയതല്ലോ. ആ മുഴുപ്പായാണ് കുട്ടാനിനു നരകത്തിൽക്കൊടുത്തതു്" എന്നു പറഞ്ഞു.

ഇതു കേട്ടപ്പോൾ ചാത്തൻ തന്നെ പരിഹസിക്കാനായിട്ടാണ് പുരുഷൻ മുക്കിക്കൊണ്ടുപോന്നതെന്നു മനസ്സിലാകയാൽ നമ്പൂരിപ്പാട്ടിലെ കോപം അതിശയിച്ചു പോയി എന്നു തന്നെയല്ല വല്ലാതെ ലജ്ജയുണ്ടായി. തന്റെ പാപം തീർന്നിട്ടില്ലെന്നു സത്യമേവ നമ്പൂരിപ്പാട്ടിനു സമ്മതിച്ചു. "ഇനി പാപം തീരുവാൻ എന്തു വേണമെന്നു നീതന്നെ പറഞ്ഞുതരണം" മെന്നു നമ്പൂരിപ്പാടിനു പറയുകയാൽ ചാത്തൻ, തിരുമേനി യാതൊരു സാധനത്തെ ആഗ്രഹിച്ചുവോ അതിന്റെ പ്രതിമ ഇരുമ്പുകൊണ്ടുണ്ടാക്കിച്ചു്, അതു തീയിലിട്ടു നല്ലപോലെ പഴുപ്പിച്ചെടുത്തു നീട്ടി, അനേകം ജനങ്ങൾ കൂടി നിൽക്കുമ്പോൾ ഇന്ന സംഗതിയുടെ പാപം തീരാനാണെന്നു് ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ടു് അതിനെ ആലിംഗനംചെയ്യണം. അല്ലാതെ ഈ പാപം ഒരിക്കലും തീരുന്നതല്ല" എന്നു പറഞ്ഞു. നമ്പൂരിപ്പാട്ടിന്നു് ഇതു കേട്ടു അങ്ങിനെതന്നെ ചെയ്യാമെന്നു തീച്ചപ്പെടുത്തു. പിന്നെ ഇരുമ്പുകൊണ്ടു് ഒരാളോളം വലിപ്പത്തിൽ ഒരു സ്ത്രീപ്രതിമയുണ്ടാക്കിച്ചു. ഈ പ്രതിവിധി ഇന്നദിവസം ചെയ്യുമെന്നു നിശ്ചയിച്ച മലയാളരാജ്യമൊട്ടുക്കു് ഒരു പരസ്യവും പ്രസിദ്ധപ്പെടുത്തി. സമയമായപ്പോഴേക്കും അസംഖ്യം ജനങ്ങൾ അവിടെ വന്നുകൂടി. പ്രതിമയും പഴുപ്പിച്ച വലിയ കൂടിലുകൾകൊണ്ടും മാറും പിടിച്ച സഭയിൽ നാട്ടുവെച്ചു. നമ്പൂരിപ്പാട്ടിനു തനിക്കു പാപം സംഭവിക്കാനുള്ള കാരണവും, ഇതു് അതിനുള്ള പരിഹാരമാണെന്നും ഉറക്കെ വിളിച്ചു പറഞ്ഞുംകൊണ്ടു തീക്കട്ടപോലെ ജ്വലിച്ചുകൊണ്ടിരിക്കുന്ന പ്രതിമയെ കെട്ടിപ്പിടിക്കുവാനായി ഓടിച്ചെന്നു. തൊട്ടു തൊട്ടില്ലെന്നായപ്പോൾ അടുത്തു നിന്നിരുന്ന ചാത്തൻ നമ്പൂരിപ്പാട്ടിലെ തടുത്തു നിറുത്തിക്കൊണ്ടു് "ഇത്രയും മതി. ഇപ്പോൾ അവിടുത്തെ പാപമെല്ലാം തീർന്നിരിക്കുന്നു" എന്നു പറഞ്ഞു. അതിനെ അവിടെ കൂടിയിരുന്ന സകലജനങ്ങളും കൈകൊട്ടുന്നു സമ്മതിക്കയും ചെയ്തു. ഇതിനാൽ പാപപരിഹാരത്തിനു പശ്ചാത്താപവും മനഃസ്തുതിയുമാണു് വേണ്ടതെന്നും, ശരീരക്ലേശമായ ഗംഗാസ്നാനം മുതലായവ ചെയ്യുന്നതുകൊണ്ടു ശരിയാകുന്നതല്ലെന്നും സ്പഷ്ടമാകുന്നുവല്ലോ. നമ്പൂരിപ്പാട്ടിനു പരിവാരമായി ഏഴര നാടിക വെള്ളപ്പാനയുള്ളപ്പോൾ കൂലിയ്ക്കു് ഉപ്പയാകുന്നതുവരെ തോവാളം കഴിക്കുന്നതിന്റെ ഉദ്ദേശമെന്താണെന്നു് ഒരു ദിവസം ചാത്തൻ ചോദിച്ചു. "ഞാൻ പാരമ്പര്യമായുള്ള സമ്പ്രദായമാണെ"ന്നു നമ്പൂരിപ്പാട്ടിനു പറഞ്ഞു. അപ്പോൾ "പാരമ്പര്യമെങ്ങിനെയിരിക്കും" എന്നു ചാത്തൻ ചോദിക്കയാൽ നമ്പൂരിപ്പാട്ടിനു പരിഹാസമായിട്ടു "നമ്മുടെ മാടൻപോത്തിനേപ്പോലിരിക്കും" എന്നുപറഞ്ഞു. പിന്നെ നമ്പൂരിപ്പാട്ടിനു കുട്ടി

Digitised By Kerala Sahitya Akademi

ക്കുമ്പോൾ ചാത്തനും കൂടിച്ചെന്നു പതിവായി പരബ്രഹ്മത്തെ സേവിച്ചുതുടങ്ങി. അങ്ങിനെ നാല്പത്തൊരുദിവസം കഴിഞ്ഞപ്പോൾ ചാത്തന്റെ ധ്യാനപ്രകാരം മാടൻപോത്തിന്റെ സത്രുപത്തിൽ പരബ്രഹ്മം അയാൾക്കു പ്രത്യക്ഷമായി. പിന്നെ സദാ പരബ്രഹ്മം ചാത്തന്റെകൂടെ നടക്കുകയും, അയാൾ പറയുന്ന വേലകൾ ചെയ്കയും തുടങ്ങി. നമ്പൂരിപ്പാട്ടീന്ന് ഈ വിവരമൊന്നും അറിഞ്ഞുമില്ല. അദ്ദേഹത്തിന് ഈ മാടൻപോത്ത് അപ്രത്യക്ഷമായിട്ടാണ് ഇരുന്നതും.

അങ്ങിനേയിരിക്കുമ്പോൾ നമ്പൂരിപ്പാട്ടീന്നു തെക്കേദിക്കിലേക്ക് ഒരു യാത്രയുണ്ടായി. ഭാണ്ഡമെടുക്കുന്നതിനു ചാത്തനേയും കൊണ്ടുപോയി. ചാത്തൻ ഭാണ്ഡം മാടൻപോത്തിന്റെ പുറത്തു കെട്ടിയിട്ടു ചുമട്ടിച്ചുകൊണ്ടു നമ്പൂരിപ്പാട്ടിലേ കൂടെപ്പോന്നു. ഓമല്ലൂർപ്പടനിലം എന്നു പ്രസിദ്ധമായ സ്ഥലത്തുചെന്നപ്പോൾ അവിടെ ഒരു വിസ്താരം കുറഞ്ഞ വാതുക്കൽ കൂടിക്കടന്നു പോകേണ്ടിയിരുന്നു. നമ്പൂരിപ്പാട്ടീന്നു മുമ്പേകടന്നു. പിന്നാലെ ചാത്തനും കടന്നു. മാടൻപോത്തിന്റെ കൊമ്പുകൾ അവിടെത്തടഞ്ഞതിനാൽ അതിനു കടക്കുവാൻ പാടില്ലാതെ അവിടെനിന്നു. അപ്പോൾ ചാത്തൻ തിരിഞ്ഞുനിന്നു "മുറിച്ചു കടത്തു" എന്നുപറഞ്ഞു. നമ്പൂരിപ്പാട്ടീന്ന് ഇതുകേട്ടു തിരിഞ്ഞുനോക്കിയപ്പോൾ മാടൻപോത്തിനെ അദ്ദേഹത്തിനു കാണ്മാൻ പാടില്ലാതെ ഇരുന്നതിനാൽ "നീ ആരോടാണ് പറയുന്നത്?" എന്നുചോദിച്ചു. "നമ്മുടെ മാടൻപോത്തിനോട്" എന്നു ചാത്തൻ മറുപടിപറഞ്ഞു.

നമ്പൂരിപ്പാട്— "മാടൻ പോത്തവിടെ? ഏതു മാടൻ പോത്ത്?"

ചാത്തൻ— "ഇതാ നില്ക്കുന്നു. അവിടുന്നു കാണുന്നില്ലേ? തിരുമനസ്സിലെ കല്പനപ്രകാരം അടിയൻ സേവിച്ചു പ്രത്യക്ഷമാക്കിയ മാടൻപോത്താണിത്".

ഇതുകേട്ട നമ്പൂരിപ്പാട്ടീന്നു ചാത്തനേ തൊട്ടുകൊണ്ടു നോക്കിയപ്പോൾ മാടൻപോത്തിന്റെ ആകൃതിയിൽ പ്രത്യക്ഷമായിരുന്ന പരബ്രഹ്മത്തെക്കണ്ടു. നമ്പൂരിപ്പാട്ടീന്ന് "എനിക്കുപോലും ഭക്തിവിനയങ്ങളുണ്ടാകുന്നതിനാൽ ഞാൻ നിന്നേയും വന്ദിക്കുന്നു" എന്നുപറഞ്ഞു ചാത്തനേ നമസ്കരിച്ചു. ഉടനെ മാടൻപോത്തു് അവിടെത്തന്നെ ഭൂമിയിൽത്താണുപോയി. "അടിയന്റെ മാടൻപോത്തില്ലാതെ അടിയൻ വരികയില്ല" എന്നു പറഞ്ഞു ചാത്തൻ അവിടെ ഇരിപ്പായി. "എനിക്കിനി എന്താണു ഗതി". എന്നു നമ്പൂരിപ്പാട്ടീനും ചോദിച്ചു. അപ്പോൾ ചാത്തൻ "മല്പട്ടു കേറാൻ ആളുണ്ടല്ലോ. അതു പിടിച്ചു കേറിക്കൊള്ളണം" എന്നു പറഞ്ഞു. അതിന്റെ സാരം ഗ്രഹിച്ചുകൊണ്ടു മോക്ഷത്തെ പ്രാപിച്ചുകൊള്ളാമെന്നാണെന്നു മനസ്സിലാക്കി നമ്പൂരിപ്പാട്ടീന്നു ചാത്തനേയും കൂട്ടി വിഷ്ണുക്ഷേത്രത്തോടുകൂടി പോവുകയും ചെയ്തു. ചാത്തൻ

Digitised By Kerala Sahitya Akademi

പിന്നെയും കുറഞ്ഞൊരുകാലം പരബ്രഹ്മത്തെ ധ്യാനിച്ചുകൊണ്ട് അവിടെയിരുന്നു. ഒടുക്കം അവിടെ ആനന്ദരൂപമായ പരിപൂർണ്ണ പടയിൽച്ചെന്നു മരിച്ചു സായൂജ്യം പ്രാപിക്കയും ചെയ്തു.

ഉച്ചിയനൂർ പെരുന്തച്ചനും അനേകം അത്ഭുതകർമ്മങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. സപ്തഭൂതത്തെന്ന ഒരു ക്ഷേത്രത്തിന്റെ ഉപയോഗത്തിലേക്കായി അവിടുത്തെ ഊരാണ്മക്കാർ പറഞ്ഞിട്ട് ഒരു കുളം പെരുന്തച്ചൻ ഉണ്ടാക്കിയിട്ടുണ്ട്. കുളം കുഴിച്ചു കല്ലുകെട്ടിത്തുടങ്ങിയപ്പോൾ ഊരാണ്മക്കാരിൽ ചിലർ കുളം നിലത്തിലിറക്കണമെന്നും, ചിലർ ചതുരത്തിൽ വേണമെന്നും, മറ്റുചിലർ വട്ടത്തിൽ വേണമെന്നും പറവാൻ തക്കംപാർത്തു. അപ്പോൾ പെരുന്തച്ചൻ, "നിങ്ങളാരും വഴക്കുപിടിക്കേണ്ട. എല്ലാവരുടെയും ഇഷ്ടപ്രകാരം കുളം വട്ടത്തിൽ നിലത്തിൽ സമചതുരമായിട്ടു കാണായിട്ട് കഴിയുമെങ്കിൽ ഉണ്ടാക്കിയേക്കാം. എന്നാൽ പോരേ?" എന്നു പറഞ്ഞ് അങ്ങിനെ ഒരു കുളവും കെട്ടിത്തീർത്തു. ആ കുളത്തിന്റെ ഓരോരോ ഭാഗത്തുനിന്നു നോക്കിയാൽ പെരുന്തച്ചൻ പറഞ്ഞതുപോലെ ഓരോന്നും തോന്നും. കുളത്തിലിറങ്ങിയാൽ ഇപ്പോഴും ആ കുളം കിഴക്കു പടിഞ്ഞാറ് അറിയാൻ പാടില്ലാതെയാണിരിക്കുന്നത്. അതിനാൽ ബ്രാഹ്മണർ ആ കുളത്തിൽ കുളിച്ചു നിത്യകർമ്മം കഴിക്കാറില്ല. പെരുന്തച്ചന് അതിഭിന്നനായിട്ട് ഒരു പുത്രനുണ്ടായിരുന്നു. ഈ കുളം പെരുന്തച്ചൻ കുഴിച്ചപ്പോൾ, മകൻ, "പുഴകടന്ന് ഈ കുളത്തിലേക്കു വെള്ളമൊഴുകുമോ?" എന്നു ചോദിച്ചു. അന്നു കുളം ക്ഷേത്രത്തിനടുത്തും പുഴ വളരെ അകന്നും ആയിരുന്നതിനാൽ "ഇതെന്തൊരു കഥ! ഭ്രാന്തു പറയുന്നതു കണ്ടില്ലേ? പുഴ എത്ര ദൂരെക്കിടക്കുന്നു" എന്നു പെരുന്തച്ചൻ പറഞ്ഞു. "അതെ, കാണാം" എന്നു മകനും പറഞ്ഞു. കുറച്ചുകാലം കഴിഞ്ഞപ്പോൾ ദൂരെക്കൂടി ഒഴുകിക്കൊണ്ടിരുന്ന നദി കുത്തിവഴിഞ്ഞ് അമ്പലത്തിന്റെയും കുളത്തിന്റെയും മദ്ധ്യേ ഒഴുകിത്തുടങ്ങി. അപ്പോൾ അമ്പലവാസികളും കുളമടക്കാരുമായിരുന്നു. അതു കണ്ട് ആകെ കുളത്തിലേക്കു പോകാതെയുമായി. ഇപ്പോഴും ആ സ്ഥിതിയിൽത്തന്നെ ഇരിക്കുന്നു.

പിന്നെ പെരുന്തച്ചൻ ഒരു നദിയിൽ ഒരു പാലം പണിതു. അതിനും കൗതുകമുണ്ട്. പാലത്തിന്റെ ഒരറ്റത്ത് ഒരു പാവയുണ്ട്. മറ്റേ അറ്റത്ത് ആൾ കേറുമ്പോൾ പാവ കീഴ്പ്പോട്ടു താണുതുടങ്ങും. ആൾ പാലത്തിന്റെ മദ്ധ്യത്തിലാകുമ്പോൾ പാവ വെള്ളത്തിൽ മുങ്ങും. അങ്ങേ അറ്റത്തു ചെല്ലുമ്പോഴേക്കും പാവ വായിൽ നിറച്ചു വെള്ളവുമായിട്ടുണ്ടു പൂർവ്വസ്ഥിതിയിൽ മുകളിൽ വന്നു നില്ക്കും. ആൾ അടുത്തു ചെല്ലുമ്പോൾ പാലുന്ന ആളുടെ മുഖത്ത് ഒരു തുപ്പും കൊടുക്കും. ഇങ്ങിനെയാണ് അതിന്റെ സൂത്രം. ഇതു പെരുന്തച്ചന്റെ മകൻ കണ്ടുപിടിച്ചു പെരുന്തച്ചനെ ഉണ്ടാക്കി പാലത്തിന്റെ ഇങ്ങേ അറ്റത്തും വെച്ചു-

Digitised By Kerala Sahitya Akademi

ആ പാവ പാലത്തിന്മേൽ ആളുകടക്കുമ്പോൾ മുമ്പേ നടന്നുതുടങ്ങും. ആളുകൾ അങ്ങേ അറ്റത്തു ചെല്ലുന്നതിനുമുമ്പേ അവിടെ എത്തും. മറേറ പ്രാവ തുറ്റുന്നതിനുമുമ്പേ അതിന്റെ പെകിട്ടത്ത് ഈ പാവ ഓടിവെച്ചുകൊടുക്കും. അപ്പോൾ ആ തുറ്റുന്ന പാവയുടെ മുഖം തിരിഞ്ഞുപോകുന്നതിനാൽ ആരുടെയും മുഖത്തു തുപ്പുവാൻ ഒരുമ്പെടുകയില്ല.

പെരുന്തച്ചൻ ഒരിക്കൽ ഒരു വഴിയാത്ര പോകുമ്പോൾ ഒരു ദിക്കിൽ ചില ആശാരിമാർകൂടി ഒരമ്പലം പണിയുന്നതു കണ്ട് അവിടെ ചെന്നു നോക്കിക്കൊണ്ടിരുന്നു. ആശാരിമാരാരും പെരുന്തച്ചനെ ബഹുമാനിക്കയും, കണ്ടതായി നടിക്കുകപോലും ചെയ്തില്ല. അവർക്ക് ഊണു കഴിക്കുമായപ്പോൾ പെരുന്തച്ചനെ വിളിക്കാതെ പോകുകയുംചെയ്തു. ഉടനെ ശ്രീകോവിലിനുള്ള കഴുക്കോലിന്റെ അറ്റത്താക്കെ ആരോ വരക്കുടി വരച്ചുംവെച്ചു പെരുന്തച്ചനും പോയി. ആശാരിമാർ ഊണുകഴിഞ്ഞു വന്നു പണിതുടങ്ങി. പെരുന്തച്ചൻ വരച്ച വര അവിടുത്തക്കണക്കനാശാരി വരച്ചതാണെന്നു വിചാരിച്ച് അവിടെവച്ചു മുറിച്ചു കഴുക്കോലെല്ലാം പണിതീർത്തു കൂട്ടുകേറിയപ്പോൾ കഴുക്കോലിനു നീളം പോരായ്കയാൽ കൂടം പിടിക്കയില്ല. കണക്കനും പണിക്കാരുംകൂടി പഠിച്ച വിദ്യയെല്ലാമെടുത്തിട്ടും കൂടം പിടിച്ചില്ല. ഈ അബദ്ധം എങ്ങിനെ വന്നു എന്നറിയാതെ എല്ലാവരും വളരെ വ്യസനിച്ചു. ഒടുക്കം കഴുക്കോലുകൾ മാറണമെന്നുതന്നെ തീർച്ചപ്പെടുത്തി. ശ്രീകോവിലിന്റെ കൂട്ടുകേറിയ വിധത്തിൽത്തന്നെ കൂടം പിടിക്കാതെ ആ നിലയിൽ വെച്ചും വെച്ചു വേറെ പണികൾ തുടങ്ങി.

പെരുന്തച്ചൻ പോയി ആരുമറിയാതെ കുറേക്കുറ്റിതുടികൾ ഉണ്ടാക്കിക്കൊണ്ടു പുറപ്പെട്ടു. യാത്രയായപ്പോൾ "എങ്ങോട്ടാ യാത്ര?" എന്നു മകൻ ചോദിച്ചു. ഒന്നും മിണ്ടാതെ പെരുന്തച്ചൻ പോയി. പിന്നാലെ മകനും പുറപ്പെട്ടു. ഒരു ദിവസം ഉച്ചയായപ്പോൾ ഈ അമ്പലം പണിയുന്ന സ്ഥലത്തു വന്നു. അപ്പോൾ ആശാരിമാരെല്ലാം ഉണ്ണാൻ പോയിരിക്കയായിരുന്നു. അവിടെ ആരുമില്ലെന്നു മനസ്സിലായപ്പോൾ, പെരുന്തച്ചൻ ശ്രീകോവിലിന്റെ മുകളിൽ കേറി ഈ കുറ്റിതുടികളെല്ലാം വെച്ചിണക്കി കരടികൊട്ടുത്തു. പെട്ടെന്നു കൂടം പിടിക്കയുംചെയ്തു. അപ്പോഴേക്കും മകനും അവിടെയെത്തി. ഉടനെ പെരുന്തച്ചൻ "കണ്ടോ മകനേ കൂടം പിടിച്ചത്" എന്നു ചോദിച്ചു. "ഓഹോ കാണ്മാൻ ശക്തിയുണ്ടാകുന്നതു തന്നെ പഠിക്കയും ചെയ്യുന്നതിനാണെന്നു ഞാനറിയുന്നു" എന്നു മകൻ ഉത്തരം പറഞ്ഞു.

ഇങ്ങിനെ പലവിധത്തിലും മകൻ അസാമാന്യനാണെന്നറിഞ്ഞപ്പോൾ തന്റെ ആദ്യപുത്രനാണെങ്കിലും പെരുന്തച്ചനു കുറേക്കൂടുതൽ അസൂയയും വൈരവുമുണ്ടായി. മകൻ ജീവിച്ചിരുന്നാൽ തന്റെ യശസ്സിനു ഹാനി വരുമെന്നും

Digitised By Kerala Sahitya Akademi

നാൽ ഏതുവിധവും ഇവന്റെ കഥ കഴിക്കണമെന്നും പെരുന്തച്ചൻ തീച്ചയായി മനസ്സിൽ ഉറച്ചു.

കൂടം പിടിച്ച ശബ്ദംകേട്ട് ആശാരിമാരെല്ലാം ഓടിവന്നു നോക്കിയപ്പോൾ കൂടംപിടിമ്പിരിക്കുന്നതായിക്കണ്ടു. അപ്പോൾ ഇതെല്ലാം പെരുന്തച്ചന്റെ കൌശലങ്ങളാണെന്നു മനസ്സിലാവുകയാൽ ആശാരിമാരെല്ലാം പെരുന്തച്ചനേ വന്ദിച്ചു ബഹുമാനിച്ചു. അന്നുമുതൽ പെരുന്തച്ചനേയും മകനേയുംകൂടി പണിക്കു പ്രധാന്മാരായി മേക്കുകയും അവർകൂടി പണിതുതുടങ്ങുകയും ചെയ്തു. അക്കാലംമുതൽ ആശാരിമാർ പണിതുകൊണ്ടിരിക്കുന്ന സ്ഥലത്തു മറ്റാശാരിമാർ വന്നാൽ അവർക്കൂടി ചോറുകൊടുക്കാതെ ഇവർ ഉണ്ണുകില്ലെന്ന് ഒരേർപ്പാടുംവെച്ചു.

പിന്നെ അമ്പിടപ്പണിതുകൊണ്ടിരിക്കുന്ന കാലത്തു പെരുന്തച്ചൻ അമ്പലത്തിന്റെ മുകളിലിരുന്നുംകൊണ്ടു താഴെക്കുനിഞ്ഞിരുന്നു പണിയുന്ന മകന്റെ കഴുത്തിലേക്ക് ഒരു വലിയ ഉളി കൈമാശം വന്നു പോയി എന്നുള്ള ഭാവത്തിൽ ഇട്ടു. ഉളി വന്നുവീണു കഴുത്തു രണ്ടായി മുറിഞ്ഞു മകൻ മരിക്കയുംചെയ്തു. ഈ സംഭവങ്ങൾ ഉണ്ടായതു തിരുവല്ലായിൽവെച്ചാണെന്നാണ് കേട്ടിരിക്കുന്നത്.

പെരുന്തച്ചൻ സപ്തഗോത്രത്തിലുള്ള നമ്പൂരിമാരുടെ ആവശ്യപ്രകാരം അമ്പിടയും ഒരമ്പലം പണിതിട്ടുണ്ട്. അമ്പിടെ സോപാനത്തിങ്കൽ നിന്നു ശ്രീകോവിലകത്തേക്കു കേറുമ്പോൾ ഇടത്തിടയ്ക്കു തലമുട്ടുമെന്നു തോന്നും കണ്ടാൽ. സാധാരണയായി കേറുകയും ഇറങ്ങുകയുംചെയ്യുമ്പോൾ തല മുട്ടുകില്ല. തല മുട്ടിയേക്കുമെന്നു സംശയിച്ചു നിൽക്കയോ, കുനിയുകയോ മറ്റോ ചെയ്യുമ്പോൾ തല മുട്ടുകയും ചെയ്യും. അങ്ങിനെ ഒരു വിദ്യയുണ്ട് അമ്പിടെ പ്രതിഷ്ഠിച്ചിരിക്കുന്ന ബിംബവും പെരുന്തച്ചനുണ്ടാക്കിയതാണ് നമ്പൂരിമാരെല്ലാവരുംകൂടി ഒരു ബിംബമുണ്ടാക്കിക്കൊടുക്കണമെന്നു പെരുന്തച്ചനോടു പറഞ്ഞു. അങ്ങിനെയാവാമെന്നു പെരുന്തച്ചനും സമ്മതിച്ചു. ഏഴു മൂർത്തിയുടെ വിഗ്രഹമാണ് വേണ്ടതെന്നു നമ്പൂരിമാർ പറഞ്ഞതുമില്ല, പെരുന്തച്ചൻ ചോദിച്ചുമില്ല. അമ്പലം പിണിഞ്ഞു കഴിഞ്ഞപ്പോഴാണ് പെരുന്തച്ചൻ അതിനേക്കുറിച്ചു വിചാരിച്ചത്. എല്ലാവരും അത്താഴം കഴിഞ്ഞു കിടക്കുന്നസമയം അവരവരുടെ ഇഷ്ടദേവതമാരുടെ നാമം പറഞ്ഞു പ്രാർത്ഥിക്കുമല്ലോ. അതിനാൽ നമ്പൂരിമാർ കിടക്കുന്നസമയം ഏതു പറയുന്നു എന്നറിയണം. അതറിഞ്ഞാൽ അവരുടെ ഇഷ്ടദേവതയുടെ വിഗ്രഹം ഉണ്ടാക്കിക്കൊടുക്കാമല്ലോ എന്നിങ്ങിനെ വിചാരിച്ചു പെരുന്തച്ചൻ പല ദിവസമായി നമ്പൂരിമാർ കിടക്കുന്ന സമയത്ത് അമ്പിടെയൊക്കെപ്പോയി ഒളിച്ചുനിന്നു. അവരെല്ലാവരും കിടക്കുന്ന സമയത്ത് "അവിടെക്കിടെ" എന്നു പറഞ്ഞുകൊണ്ടാണ് കിടക്കുക പതിവ്. അല്ലാതെ ഈശ്വരനാമം ഒന്നും ചൊല്ലുക പതിവില്ല. ഒടുക്കം പെരുന്തച്ചൻ "എന്നാലവിടെക്കിടെ" എ

Digitised By Kerala Sahitya Akademi

ന്നും പറഞ്ഞ് ഒരു ബിംബവും ഉണ്ടാക്കിക്കൊടുത്തു. അങ്ങിനെ ഒരു ബിംബം അവിടെ ഇരുപ്പുറപ്പിച്ചു കിടക്കുന്നുണ്ട്. മൂത്തതിയെന്താണെന്നു ഒരു നിശ്ചയവുമില്ല.

പെരുന്തച്ചൻ ഒരുദിവസം രാവിലെ അഗ്നിഹോത്രിയെ കാണാനായി അദ്ദേഹത്തിന്റെ ഇല്ലത്തു ചെന്നിരുന്നു. പെരുന്തച്ചനും മറ്റും അഗ്നിഹോത്രിയുടെ ഇല്ലത്തു ചെന്നാൽ ശ്രാദ്ധമൂട്ടേണ്ടുന്ന ദിവസങ്ങളിലല്ലാതെ അകത്തു കടക്കാറില്ല. മറ്റുള്ള ദിവസങ്ങളിൽ അവിടെ ചെന്നാൽ യഥാക്രമം പുറത്തു നില്ക്കുകയാണ് പതിവുള്ളു. അതിനാൽ പെരുന്തച്ചൻ അന്നു ചെന്നിട്ടു പടിക്കപുറത്താണ് നിന്നത്. അവിടെ നിന്നുകൊണ്ട്, അഗ്നിഹോത്രി അപ്പോൾ എന്തുചെയ്തുകൊണ്ടിരിക്കുന്നു എന്നന്വേഷിച്ചു. അപ്പോൾ അദ്ദേഹം സന്ധ്യാവന്ദനം കഴിക്കുകയാണെന്നു ഭൃത്യന്മാർ പറഞ്ഞു. ഉടനെ പെരുന്തച്ചൻ അവിടെയിരുന്ന നിലത്തു ചെറുതായിട്ട് ഒരു കുഴികുഴിച്ചു. പെരുന്തച്ചൻ പിന്നെ അന്വേഷിച്ചപ്പോൾ അഗ്നിഹോത്രി ആദിത്യനമസ്കാരമായിരുന്നു. അപ്പോഴും പെരുന്തച്ചൻ ഒരു കുഴികുഴിച്ചു. പിന്നെ അന്വേഷിച്ചപ്പോൾ ഗണപതിഹോമമായിരുന്നു. പെരുന്തച്ചൻ അപ്പോഴും ഒരു കുഴികുഴിച്ചു. ഇങ്ങിനെ പെരുന്തച്ചൻ അന്വേഷിച്ചപ്പോഴൊക്കെ അഗ്നിഹോത്രി വിഷ്ണുപൂജ, ശിവപൂജ, സാളഗ്രാമപൂജ തുടങ്ങി മുതലായി ഓരോന്നു കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴെല്ലാം പെരുന്തച്ചൻ ഓരോ കുഴികൾ കുഴിക്കുകയും ചെയ്തു. ഒടുവിൽ ഉച്ചയായപ്പോഴേക്കും അഗ്നിഹോത്രി പുറത്തുവന്നു. അപ്പോൾ പെരുന്തച്ചൻ "ഭവാനാരെയെല്ലാം കഴിഞ്ഞോ?" എന്നു ചോദിച്ചു.

അഗ്നിഹോത്രി—"ഓ! ഏകദേശമെല്ലാം കഴിഞ്ഞു. പെരുന്തച്ചൻ വന്നിട്ടു വളരെ നേരമായി അല്ലേ? ഇങ്ങനെ മുഷിഞ്ഞതായിരിക്കും".

പെരുന്തച്ചൻ— "കഷ്ടം മുഷിഞ്ഞില്ല. എനിക്കും ഇവിടെ മറ്റൊക്കേടുണ്ടായില്ല. ഇവിടെ ഞാൻ അനേകം കുഴികൾ കുഴിച്ചു. പക്ഷേ ഒന്നിലും വെള്ളം കണ്ടില്ല. ഇതുമാത്രം നാലഞ്ചുകൊല്ലം മുമ്പു ഞാൻ ഒരു കുഴി കുഴിച്ചിരുന്നുവെങ്കിൽ ഇപ്പോൾ വെള്ളം കാണുമായിരുന്നു".

ഇതു കേട്ടപ്പോൾ പെരുന്തച്ചൻ തന്നെ അപേക്ഷിക്കുകയാണ് ചെയ്തതെന്നും പെരുന്തച്ചൻ പറഞ്ഞതിന്റെ സാരം, അനാവശ്യകർമ്മങ്ങൾ രണ്ടാമതു കൂടി ചെയ്യുന്നതു വൈരുദ്ധ്യമാണെന്നും ഒരു ശാസ്ത്രത്തിനോ വേദവിച്ചാൽ മതിയെന്നും അതു നല്ലപോലെയായാൽ വേണ്ടതുണ്ടാകുമെന്നുമാണെന്നും ഇതു തന്റെ തോന്നിയതുപോലെ പറഞ്ഞതാണെന്നും അഗ്നിഹോത്രിക്കു മനസ്സിലാവുകയാൽ താൻ, "വല കുഴികളായാലും അവയിലൊക്കെ കുറേശ്ശ കുഴിച്ചുകൊണ്ടിരുന്നാൽ കാച്ചുകാലം കുഴിയുമ്പോഴേക്കും എല്ലാത്തിലും വെള്ളം കാണുമെന്നാണ് തോന്നുന്നു

Digitised By Kerala Sahitya Akademi

ന്ന്. എന്നാൽ അവയുടെ അടിയിലുള്ള ഉറവുകൾക്കു പരസ്പരസംബന്ധമുണ്ടായിരിക്കുന്നതുകൊണ്ട് എല്ലാത്തിന്റെയും മുകൾ ഒന്നുതന്നെയെന്നു വിചാരിക്കാവുന്നതുമാണ്" എന്നു മറുപടി പറഞ്ഞു.

പെരുന്തച്ചൻ—"മുകൾ ഒന്നാണെന്നുള്ള കാര്യം വിട്ടു പോകാതെയിരുന്നാൽ മതി. പിന്നെ എത്ര വേണമെങ്കിലും കഴിക്കാം. എല്ലാത്തിലും വെള്ളവും കാണും".

ഇങ്ങിനെ കുറെക്കാലം പെരുന്തച്ചൻ അഗ്നിഹോത്രിയുടെ യുക്തി ശരിയാണെന്നു സമ്മതിക്കുകയും പിന്നെ വന്നകാര്യം പറഞ്ഞു പോവുകയും ചെയ്തു.

ഇനി പ്രസിദ്ധനായ പാക്കനാരുടെ മിക്ക കഥകളും കൂടിപ്പറയാതെ ഈ ഉപന്യാസം സമാപിപ്പിക്കുന്നതു ശരിയല്ലെന്നു തോന്നുന്നതിനാൽ അതു മിക്കതും പറയാം. പാരയന്മാരായ പാക്കനാരുടെ ഉപജീവനം മുറം വിറ്റാണെന്നാണ് ചെമ്പിരിക്കുന്നത്. കുലാചാരപ്രകാരമുള്ള പ്രവൃത്തികൊണ്ട് ഉപജീവിക്കുന്നതാണെന്നു ശ്രേഷ്ഠരെന്നു കാണിക്കാനായിരിക്കാം അങ്ങിനെ ചെയ്തിരിക്കുന്നത്.

മാതാപിതാക്കന്മാരുടെ ശ്രാദ്ധമൂട്ടാനായി അഗ്നിഹോത്രികളുടെ ഭവനത്തിൽ ചെല്ലുമ്പോൾ പത്തുപേരും ഓരോ വിശിഷ്ടപദാർത്ഥങ്ങൾ കൊണ്ടുചെല്ലുക പതിവുണ്ട്. പാക്കനാർ മാംസമാണ് കൊണ്ടുചെല്ലുക പതിവ്. അത് അഗ്നിഹോത്രികളുടെ അനഭിജ്ഞതയിനാം ശ്രാദ്ധക്കാർക്കും വല്ലാത്ത വ്യസനമാണ്. എങ്കിലും പാക്കനാരുടെ ദിവ്യത്വം വിചാരിച്ച് ആരുമൊന്നും പറയുകയില്ല. കൊണ്ടുചെല്ലുന്നതെല്ലാം അനഭിജ്ഞനാം പാകംചെയ്യുകയും ശ്രാദ്ധക്കാരൻ ഭക്ഷിക്കയുമാണ് പതിവ്. ഒരിക്കൽ പാക്കനാർ ചെന്നപ്പോൾ ഒരു പശുവിന്റെ മുല അറുത്തെടുത്ത് ഒരിലയിൽ പൊതിഞ്ഞുകെട്ടി കൊണ്ടുകൊടുത്തു. വെലിക്കു വേണ്ടുന്ന സാധനങ്ങൾ ചെയ്തുതുടങ്ങിയപ്പോൾ അനഭിജ്ഞനും ഈ പൊതിയഴിച്ചുനോക്കി. പശുവിന്റെ മുലയാണെന്നറിഞ്ഞപ്പോൾ എന്തായാലും ഇതു പാകംചെയ്യാൻ കഴികയില്ലെന്നു നിശ്ചയിച്ച് അത് അങ്ങിനെ തന്നെ പൊതിഞ്ഞുകെട്ടി നടുമുറത്തു കൊണ്ടുപോയി കഴിച്ചിട്ട്. ശ്രാദ്ധക്കാരനെ ഇരുത്തി ചെല്ലിയും തുടങ്ങി. ശ്രാദ്ധക്കാരൻ ഓരോ സാധനങ്ങൾ വിളമ്പിത്തുടങ്ങിയപ്പോൾ പാക്കനാർ കൊണ്ടുവന്ന സാമാനംകൊണ്ടുള്ള കറിയെന്നും കാണായ്കയാൽ "ഞാൻ കൊണ്ടുവന്നതെവിടെ" എന്നു പാക്കനാർ ചോദിച്ചു. അനഭിജ്ഞനാം ഒന്നും മിണ്ടാതെ നിന്നതിനാൽ സത്യം പറയാനായി അഗ്നിഹോത്രികൾ നിർബ്ബന്ധിക്കയും അനഭിജ്ഞനാം പരമാർത്ഥമൊക്കെ പറയുകയും ചെയ്തു. അപ്പോൾ പാക്കനാർ "എന്നാൽ അതു കിളിത്തോറ്റിന്നു നോക്കൂ" എന്നുപറഞ്ഞു. അനഭിജ്ഞനാം നോക്കിയപ്പോൾ അതു കിളിത്തുള്ള അവിടെയൊക്കെപ്പാടന്നു നിറച്ചു കായുമായികിടക്കുന്നതു കണ്ടു. വിവരം പറഞ്ഞപ്പോൾ "അതിന്റെ കായ് പറിച്ച് ഒരുപ്പേരിയെ

Digitised By Kerala Sahitya Akademi

ങ്കിലും ഉണ്ടാക്കിക്കൊണ്ടുവരു," എന്നു പാക്കനാർ പറഞ്ഞു. ചാത്തുക്കുറുപ്പൻറെ ഊണുകഴിയുന്നതിനുമുമ്പ അതിൻറെ കായ്ക്കും കൊണ്ട് ഉറ്റുചെന്നു ഉണ്ടാക്കിക്കൊണ്ടുവന്നു വിളമ്പി. അങ്ങിനെ ഉണ്ടായതാണ് കോവല്. കോവല്ലാ ഇപ്പോഴും വെലിക്കു പ്രധാനമാണല്ലൊ. "കോവലും കോഴിയുമുള്ള സ്ഥലത്തു പെലിയിടണപ്പെടില്ല" എന്നൊരു വാക്കു പ്രസിദ്ധമാണ്. കോവലുള്ള പുരയിൽ പെലിയിട്ടില്ലെങ്കിലും പിതുക്കൾ പ്രസാദിച്ചു കൊള്ളുമെന്നും കോഴിയുള്ള പുരയിൽ ശുദ്ധമായിട്ടു വെലിയിടാൻ പ്രയാസമുണ്ടാകയാൽ പെലിയിട്ടതുകൊണ്ടും വിശേഷമില്ലെന്നുമാണ് ഇതിൻറെ സാരം. ഇതിൽനിന്നു പാക്കനാരുടേയും കോവലിൻറെയും മാഹാത്മ്യം എത്രയുണ്ടെന്നു സ്പഷ്ടമാകുന്നുണ്ടല്ലൊ.

ഒരുദിവസം പാക്കനാരും ഭാര്യയുംകൂടി ഒരു കാട്ടിൽ വിറകൊടിച്ചും കൊണ്ടു നില്ക്കുമ്പോൾ അതിനടുത്തുള്ള വഴിയിൽകൂടി ഒരു നമ്പൂരിവന്നു. അദ്ദേഹം ഇവരെ കണ്ടു വഴിമാറാൻ പറഞ്ഞു. അപ്പോൾ പാക്കള്ളി നമ്പൂരി കേൾക്കാതെ പതുക്കെ "മക്കളെ ഭാര്യയാക്കി വെച്ചുകൊണ്ടിരിക്കുന്ന ഇയ്യാൾക്കെന്തിനാണ് വഴിമാറിക്കൊടുക്കുന്നത്" എന്നുപറഞ്ഞു. അപ്പോൾ പാക്കനാർ "ചീ! അങ്ങിനെ പറയരുത്; ഒരട്ട ശേഷിച്ചിട്ടുണ്ടായിരുന്നു; അതു നിനക്കുമായി" എന്നുപറഞ്ഞു. രണ്ടുപേരും വഴിമാറി കൊടുക്കുകയും നമ്പൂരി കടന്നുപോവുകയും ചെയ്തതിൻറശേഷം പാക്കള്ളി "ഒരട്ടയുണ്ടെന്നു പറഞ്ഞതിൻറ സാരമെന്താണ്? അതെനിക്കു മനസ്സിലായില്ല" എന്നുപറഞ്ഞു. ഉടനെ പാക്കനാർ "അതു പറയാം കേട്ടോളൂ" എന്നുപറഞ്ഞു താഴെ വരുന്നപ്രകാരം പറഞ്ഞു.

"ഈ നമ്പൂരിയുടെ അനന്തരവനു മരുമക്കത്തായം അനുസരിച്ചു് അരിപ്പെണ്ണിൽ ഒരട്ട വീണു. ഉടനെ അനന്തരവൻ ആ വിവരം ഈ നമ്പൂരിയോടു പറഞ്ഞു. ഇദ്ദേഹം ആ പേരാൽ ഭൂസ്വത്തുക്കൾ കൊടുക്കുന്നതിനും തങ്ങൾക്കു വേറെ അരിപ്പെണ്ണുണ്ടാകുന്നതിനും ശട്ടംകെട്ടി. അനന്തരവനും അപ്രകാരം ചെയ്തുകയും ചെയ്തു. ആ അട്ടവീണ പേരാൽ ഭൂസ്വത്തുക്കൾ കൊടുപ്പിച്ചതിനാലുള്ള പാപഫലത്തെ ഇദ്ദേഹത്തേ അനുഭവിപ്പിക്കുന്നതിനായി പരലോകത്തിൽ ഒരു കുന്നായ്മയെ കൂട്ടിട്ടുണ്ടായിരുന്നു. ഇദ്ദേഹം മരിച്ചു് അധികമാകുമ്പോൾ ആ അട്ടയേ മുഴുവനും ഇദ്ദേഹത്തിനു തിരിച്ചുണ്ടാക്കണമെന്നാണ് നമധർമ്മരാജാവു നിശ്ചയിച്ചിരുന്നത് ആ വിവരം ചിത്രഗുപ്തനു മനസ്സിലായി. ഈ നമ്പൂരി ദിവസംതോറും അത്താഴംകഴിഞ്ഞു കിടക്കുന്നസമയം "ചിത്രഗുപ്തായ നമഃ" എന്നു പറഞ്ഞുകൊണ്ടാണു കിടക്കുക പതിവ്. അതിനാൽ ചിത്രഗുപ്തൻ ഈ നമ്പൂരി ദിവസംതോറും വിഷ്ണുനെ പ്രാർത്ഥിച്ചുകൊണ്ടാണല്ലൊ കിടക്കുന്നത്. അദ്ദേഹത്തിനു് എങ്ങനെങ്കിലും ഞാനൊരു സഹായം ചെയ്തുകൊടുക്കാതിരുന്നാൽ കഷ്ടമാണ്. അദ്ദേഹം മരിച്ചിരിക്കുമ്പോൾ ഈ അട്ടയെയാകെ തിരുമണ്ണുതായും വന്നിരിക്കുന്നു. അതിനാൽ അദ്ദേഹത്തിൻറ അടുക്കൽ ചെന്നു്

Digitised By Kerala Sahitya Akademi

ഈ വിവരം ധരിപ്പിക്കയും ഇതിനൊരു പ്രതിവിധി പറഞ്ഞുകൊടുക്കുകയും ചെയ്യണം എന്നു വിചാരിച്ചു നിശ്ചയിച്ചു. ഉടനെ ചിത്രഗ്രീവൻ പ്രത്യക്ഷമായി നമ്പൂരിയുടെ അടുക്കൽ വന്നു. ചിത്രഗ്രീവനെക്കണ്ടപ്പോൾ കുറെ സാധാരണമനുഷ്യനല്ലെന്നു തോന്നുകയാൽ നമ്പൂരി എണീറ്റു വന്ദിച്ചു "അല്ലയോ മഹാത്മാവേ! അവിടുന്ന്, ആരാണെന്നും ഇവിടെ വന്നതെന്തിനായിട്ടാണെന്നും ഞാനറിയുന്നില്ല. അതിനാൽ അവിടുന്നരുളിച്ചെയ്യുവാൻ" എന്നപേക്ഷിച്ചു.

ചിത്രഗ്രീവൻ—"ഞാൻ ചിത്രഗ്രീവനാണ്. അങ്ങു പ്രതിവിധിനാകുന്നതിനുവേണ്ടി എന്നെ പ്രാർത്ഥിക്കുന്നുണ്ടായിരുന്നില്ലെങ്കിലും. അങ്ങുക്കു വലിയതായിരിക്കുന്ന ഒരു കഷ്ടസംഭവം വരാറായിരിക്കുന്നു. അതറിയിക്കുന്നതിനായിട്ടാണ് ഇപ്പോൾ ഞാനിവിടെ വന്നത്".

നമ്പൂരി—(വീണ്ടും വന്ദിച്ചിട്ട്) "അയ്യോ! അതെന്താണാവോ? അവിടുന്നതൊന്നു ചുരുക്കിപ്പറയുവാൻ ഞാനപേക്ഷിക്കുന്നു".

ചിത്ര—"അങ്ങ് ഒരുദിവസം അട്ടയിണചേരുന്ന ഭൃത്യന്മാരെ കൊല്ലിച്ചിട്ടില്ലേ. അതിനാൽ അങ്ങു മരിച്ചു പരലോകത്തു വരുമ്പോൾ തീറാനായിട്ട് അവിടെ ഒരു കുന്നിനെ കൂട്ടിയിട്ടുണ്ട്. രക്ഷതായ പ്രതിവിധി എന്തെങ്കിലും ചെയ്യുന്നപക്ഷം ആ അട്ടയെ എല്ലാം അങ്ങു തിന്നണ്ടിവരും. അവരവർ ചെയ്യുന്ന പാപത്തിന്റെ ഫലം അവരവർ അനുഭവിക്കാതെ നിവൃത്തിയില്ല. ഈ സംഗതിയിൽ ഞാൻ വിചാരിച്ചാലും അങ്ങേക്ക് ഒരു സഹായവും ചെയ്യുവാൻ കഴിയുന്നതല്ല. അതിനാലാണ് മുൻകൂട്ടി അറിയിച്ചത്".

നമ്പൂരി—"അയ്യോ സ്വാമിൻ! ഞാനെന്തുവേണ്ടു? എന്റെ അറിവില്ലായ്മകൊണ്ട് അങ്ങിനെ ചെയ്തുപോയി. ഇനി അതിനെന്തു പ്രതിവിധിയാണ് ചെയ്യേണ്ടത്? അതും അവിടുന്നുതന്നെ പറഞ്ഞുതരണം. അല്ലാതെ എനിക്കൊന്നും അറിഞ്ഞുകൂടാ".

ചിത്ര—"അതിനു, ഞാനൊരു കായ്യം പറയാം. അപ്രകാരം ചെയ്യുവാൻ മതി. അങ്ങേക്ക് പുത്രിയും യൌവനയുക്തയുമായ ഒരു കന്യക ഇവിടെയുണ്ടല്ലോ. ഇവിടുന്നു കാലം കൂടിക്കഴിഞ്ഞതിനുശേഷം ആ കന്യകയെ വിവാഹം കഴിച്ചുകൊടുക്കാവു. വരനെക്കൊണ്ടു അങ്ങയുടെ ശ്രാദ്ധാദികളെല്ലാം ആ കന്യകയെക്കൊണ്ടു ചെയ്യിക്കണം. എന്നാൽ മതി. ഈ സംഗതി യൊന്നും മറ്റാരോടും പറയുകയുമരുത്".

എന്നിങ്ങിനെ പറഞ്ഞ ഉടനെ ചിത്രഗ്രീവൻ മറയുകയുംചെയ്തു. ഈ പറഞ്ഞതുപോലെ വിവാഹദിവസം മുതൽ പല്ലുതേക്കാനുള്ളതുണ്ടാക്കിക്കൊടുക്കുക, മുറുക്കാനുണ്ടാക്കിക്കൊടുക്കുക, പ്രാതൽ വിളമ്പിക്കൊടുക്കുക, കിടക്കാൻ വിരിച്ചുകൊടുക്കുക, മുതലായ സകല പ്രവൃത്തികളും നമ്പൂരി തന്നെ പുത്രിയെക്കൊണ്ടു ചെയ്യിച്ചുതുടങ്ങി. ഈ വക പ്രവൃത്തികൾ പോലും ചെയ്യുവാൻ നമ്പൂരി സമ്മതിക്കയില്ല. പുത്രിയുടെ പുതിവി

Digitised By Kerala Sahitya Akademi

ലധികം സ്നേഹവും ഭാവിച്ചുതുടങ്ങി. ഇങ്ങിനെ കുറച്ചുദിവസം കഴിഞ്ഞ പ്പോഴേക്കു ബ്രാഹ്മണർക്കു കുശുമ്പു മുളയ്ക്കുവാൻ തുടങ്ങി. ആളുകളുടെയിടയിലും കുറേ കുശുകുശുപ്പും തുടങ്ങി. എന്തിനു വളരെ പറയുന്നു? കുറഞ്ഞോരു ദിവസംകൊണ്ടു നീ പറഞ്ഞതുപോലെ പരദേശം ഹീനസ്വഭാവം പറഞ്ഞുതുടങ്ങി. തന്റെ പുത്രിയെക്കുറിച്ചു ക്രമവിരുദ്ധമായ യാതൊരു വിചാരവും ആശ്ചര്യവും നമ്പൂരിയുടെ മനസ്സിൽ ഉണ്ടായിട്ടുമില്ല. പെരുമ ഇതു ബ്രഹ്മണനെക്കുറിച്ചു ദോഷാരോപണം ചെയ്യുന്നവർക്കായി പരലോകത്തിൽ കൂട്ടിയിരുന്ന അട്ടകളെ അവിടെ വീഴിച്ചുതുടങ്ങി. അങ്ങിനെ ഓരോരുത്തക്കു വീതിച്ചുവീഴിച്ചു് ഒരട്ട അവിടെ ശേഷിച്ചിട്ടുണ്ടായിരുന്നു. അതിപ്പോൾ വിനകളായി എന്നാണു് ഞാൻ പറഞ്ഞതിന്റെ സാരം".

ഇങ്ങിനെ പാക്കനൊരു പറഞ്ഞുകേട്ടപ്പോൾ പരമേശ്വരിക്കു പരമാത്മാ മനസ്സിലാവുകയും, പെരുമ നമ്പൂരിയെ ദുഷിച്ചു പാപം സമ്പാദിച്ചതിനെക്കുറിച്ചു പശ്ചാത്താപമുണ്ടാവുകയും ചെയ്തു. ഇതുകൊണ്ടു പാക്കനൊക്കെ പരലോകകാര്യങ്ങൾകൂടി അറിയാമെന്നു സ്പഷ്ടമാകുന്നു.

പിന്നെ ഒരുദിവസം പാക്കനാർ തന്റെ മാടത്തിലിരിക്കുമ്പോൾ അതിനടുത്തുള്ള വഴിയിൽക്കൂടി ചില ബ്രാഹ്മണർ പോകുന്നതുകണ്ടു പാക്കനാർ എണീറ്റുചെന്നു വന്ദിച്ചു "തമ്പുരാക്കന്മാർ എങ്ങോട്ടാണ് എഴുന്നള്ളുന്നത്" എന്നുചോദിച്ചു.

ബ്രാഹ്മണർ—"ഞങ്ങൾ കാശിയിൽ ഗംഗാസ്നാനത്തിനു പോവുകയാണ്".

പാക്കനാർ—"എന്നാൽ അടിയനും ഒരു വടിക്കൂടി അങ്ങയ്ക്കായയയ്ക്കാം. അതുകൂടി ആ ഗംഗാനദിയിൽ ഒന്നു മുക്കിക്കൊണ്ടുവരാൻ തരാമെങ്കിൽ വലിയ ഉപകാരമായിരുന്നു".

ബ്രാഹ്മണർ—"ഓഹോ അതിനെന്തു വിരോധം? എന്നാൽ ഇതെന്തിനുവേണ്ടിയാണെന്നുകൂടി അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്".

പാക്കനാർ—"അതൊക്കെ തിരിയെ എഴുന്നള്ളുമ്പോൾ അറിയിക്കാം".

ഓഹോ, എന്നാലതു മതി എന്നുപറഞ്ഞു ബ്രാഹ്മണർ പാക്കനാരോട് ഒരു വടിയും വാങ്ങിക്കൊണ്ടുപോയി. അവർ കാശിയിലെത്തി ഗംഗയിൽ സ്നാനത്തിനായിച്ചെന്ന സമയം പറഞ്ഞതിരുന്നതുപോലെ ആ വടി ഗംഗയിൽമുക്കി. അപ്പോൾ വെള്ളത്തിനടിയിൽ നിന്നുകൊണ്ട് ഒരാൾ പിടിച്ചുവലിച്ചാലത്തെപ്പോലെ വടി വെള്ളത്തിനടിയിലേക്കു താണുപോയി. അപ്പോൾ ബ്രാഹ്മണർക്കു വല്ലാതെ വിഷാദമായി. "കഷ്ടം! പാക്കനാരുടെ വടി പോയല്ലൊ. ഇനി തിരിച്ചുചെല്ലുമ്പോൾ അവനോടെന്തു പറയുന്നു; ഉണ്ടായ പരമാർത്ഥം പറയാം. അല്ലാതെ നിവൃത്തിയില്ലല്ലൊ" എന്നൊക്കെപ്പറഞ്ഞുകൊണ്ട് എല്ലാവരും സ്നാനംകഴിച്ചുകേറി. പിന്നെ വിശ്വനാഥദർശനം മുതലായതെല്ലാം കഴിച്ചു. അവർ പിന്നെയും പല പു

Digitised By Kerala Sahitya Akademi

ണ്യാധ്വങ്ങളിൽ സഞ്ചരിക്കയും, തീർത്ഥങ്ങളിൽ സ്നാനം ചെയ്കയും, പല ദേവാലയങ്ങളിൽ ദർശനം കഴിക്കയും മറ്റും ചെയ്തു തിരിച്ചു പാക്കനാർ തന്റെ പടിക്കൽവന്നു. ഉടനെ പാക്കനാരെണീറ്റചെന്നു വന്ദിച്ചിട്ട് "അടിയന്റെ വടിയെവിടെ?" എന്നു ചോദിച്ചു.

ബ്രാഹ്മണർ—"വടി പൊയ്പ്പോയല്ലൊ പാക്കനാരേ! പാക്കനാക്കു മുഷിമ്പിൽ തോന്നരുത്. ഞങ്ങൾക്കു തൈക്കമോശം വന്നുപോയതാണ്".

പാക്കനാർ—"അതെട്ട, എവിടെയാണത്തു പോയതു?".

ബ്രാഹ്മണർ—"ഞങ്ങൾ കാശിയിലോളം ഭദ്രമായി സൂക്ഷിച്ചു കൊണ്ടുപോയി. അവിടെക്കൊണ്ടുചെന്ന ഗംഗയിൽ മുക്കിയപ്പോൾ വെള്ളത്തിൽ താണുപോകയാണു ചെയ്തത്".

ഉടനെ പാക്കനാർ "ഗംഗയിലാണോ പോയതു? എന്നാൽ വിവരത്തിയുണ്ട്" എന്നു പറഞ്ഞു, പാക്കനാരുടെ പടിക്കലുള്ള കുളത്തിന്റെ വക്കത്തു ചെന്നു "എന്റെ വടി ഇങ്ങോട്ടു കാണട്ടെ" എന്നു പറഞ്ഞു. ഉടനെ ആകുളത്തിലെ വെള്ളത്തിൽനിന്നു വടി പൊങ്ങിവരികയും പാക്കനാരെടുക്കയും ചെയ്തു. ഇതു കണ്ടപ്പോൾ, ലോകത്തിൽ വെള്ളമായി കാണുന്നതെല്ലാം ഗംഗയാണെന്നും, ഭക്തിയുള്ളവർക്കു ഗംഗാസ്നാനത്തിനു കാശിയിൽ പോകണമെന്നില്ലെന്നും തങ്ങളെ ബോധപ്പെടുത്താനായിട്ടാണു പാക്കനാർ വടി തന്നയച്ചതെന്നും ബ്രാഹ്മണർക്കു മനസ്സിലായി. പിന്നെ പാക്കനാരുടെ മാഹാത്മ്യബുദ്ധിയെയും, ഭക്തിവിശ്വാസങ്ങളെയും, ദിവ്യതപശ്ശക്തിയും കുറിച്ചു ശ്ലാഘിക്കയും വിസ്മയിക്കയും തങ്ങളുടെ അന്ധതയെക്കുറിച്ചു ലജ്ജിക്കയും തന്നെത്താൻ നിന്ദിക്കയും ചെയ്തുകൊണ്ടു ബ്രാഹ്മണർ പോവുകയും ചെയ്തു.

ബ്രാഹ്മണകുലാഗ്രസരനായ ആഴ്വാഞ്ചേരിത്തമ്പ്രാക്കൾക്കു "തമ്പ്രാക്കൾ" എന്നുള്ള ഈ പേരു സിദ്ധിച്ചതു ഈ പാക്കനാരിൽ നിന്നാണെന്നു കേട്ടിട്ടുണ്ടു്. തമ്പ്രാക്കൾ എവിടെയോ ഒരു രാജാവിന്റെ ഹിരണ്യഗർഭം കഴിഞ്ഞു കിട്ടിയ സ്വർണ്ണംകൊണ്ടുള്ള ഒരു പശുവിനെ ഭൃത്യന്മാരെക്കൊണ്ടു കെട്ടിയെടുപ്പിച്ചു കൊണ്ടുപോകുമ്പോൾ പാക്കനാരു കണ്ടു ഉടനെ വഴിയിൽച്ചെന്നു തടുത്തുകൊണ്ടു "ഈ പശുവിന്റെ അവകാശം അടിയനാണു്. അതിനാൽ ഇതിനെ തന്നയയ്ക്കുകയില്ല" എന്നു പറഞ്ഞു.

തമ്പ്രാക്കൾ—"അതല്ല. അതു ജീവനുള്ളതാണു്".

പാക്കനാർ—"എന്നാൽ കെട്ടിയെടുക്കണമെന്നില്ലല്ലൊ. ജീവനുള്ളതാണെങ്കിൽ നടത്തിക്കൊണ്ടുപോകണം"

ഇങ്ങനെ തമ്പ്രാക്കൾ പശുവിനെ അവിടെ നിറുത്താൻ പറഞ്ഞു, ഭൃത്യന്മാർ താഴെ നിറുത്തി, തണ്ടും കയറുമഴിച്ചെടുത്തു മാറിനിന്നു. തമ്പ്രാക്കൾ കുറച്ചു പുല്ലു പറിച്ചെടുത്തു കാട്ടി പശുവിനെ വിളിച്ചുകൊണ്ടു മുമ്പേ നടന്നു. അദ്ദേഹത്തിന്റെ തപശ്ശക്തികൊണ്ടു് ആ പശു

Digitised By Kerala Sahitya Akademi

അചേതന വസ്തുവായ സ്വർണ്ണമാണെങ്കിലും പിന്നാലെ നടന്നുചെന്നു. അതുകണ്ടപ്പോൾ പാക്കനാർ ദൂരെ മാറിനിന്നു തൊഴുതുകൊണ്ട് "എല്ലാത്തവണ്ണം തമ്പ്രാക്കളും തമ്പ്രാക്കൾ. ആഴിഞ്ഞിരിത്തമ്പ്രാക്കൾ തമ്പ്രാക്കൾ" എന്നുപറഞ്ഞു. അന്നുമുതല്ക്കാണ് തമ്പ്രാക്കളെന്നുള്ള പേരു നടപ്പായതു്. ഇപ്പോഴും എല്ലാവരും അങ്ങിനെയാണല്ലോ പറഞ്ഞുവരുന്നത്. തമ്പുരാക്കൾ എന്നുള്ളതു പറയൻ പറഞ്ഞപ്പോൾ തമ്പ്രാക്കൾ എന്നായതായിരിക്കും. പാക്കനാരുപറഞ്ഞ ആ വാക്കിനെ എല്ലാവരും സ്വീകരിക്കയും, ഏതൽകാലപര്യന്തം അങ്ങിനെ തന്നെ പറഞ്ഞുവരികയും ചെയ്യുന്നതുകൊണ്ടുതന്നെ പാക്കനാർ സാമാന്യനല്ലെന്നു തെളിവാകുന്നു.

ഇങ്ങിനെ ഈ മഹാന്മാരുടെ കഥകൾ അവസാനമില്ലാതെയുണ്ട്. മേല്പറഞ്ഞ അഗ്നിഹോത്രി, നാരാണത്തുഭ്രാന്തൻ, അകവൂർ ചാത്തൻ, പെരുന്തച്ചൻ, പാക്കനാർ എന്നിവരേപ്പോലെ തന്നെ ശേഷമുള്ള വട്ടത്തലനായർ, കാരയ്ക്കലമ്മ, ഉപ്പുകൂറൻ തിരുവരങ്കത്തു പാണനാർ, വള്ളോൻ, രജകൻ എന്നിവരും ഭവ്യന്മാരാകയാൽ പല അത്ഭുതകർമ്മങ്ങളും ചെയ്തിട്ടുണ്ടായിരിക്കണം. എങ്കിലും ഒടുവിൽപറഞ്ഞ ആറുപേരുടേയും കഥകൾ അത്ര പ്രസിദ്ധമായി ഒന്നും കേട്ടിട്ടില്ല. അഗ്നിഹോത്രി, രജകൻ, പെരുന്തച്ചൻ, വള്ളോൻ, പാണനാർ, പാക്കനാർ ഇവർ ഇന്നിന്ന ജാതിക്കാരാണെന്ന് അവരുടെ പേരുകൾ കൊണ്ടും ചരിത്രങ്ങൾ കൊണ്ടും സ്പഷ്ടമാകുന്നുണ്ട്. എന്നാൽ ശേഷമുള്ളവർ ഏതേത ജാതിക്കാരാണെന്നറിയുന്നതിനു തക്കതായ ലക്ഷ്യമൊന്നും കാണുന്നില്ല. കാരയ്ക്കലമ്മ ക്ഷത്രിയസ്ത്രീയും, നാരാണത്തുഭ്രാന്തൻ ഇളയതും, അകവൂർ ചാത്തൻ വൈശ്യനും, വട്ടത്തലനായർ ശൂദ്രനും, ഉപ്പുകൂറൻ മാപ്പിളയും ആണെന്നു ചിലർ പറയുന്നു. ഇതൊരടിസ്ഥാനമില്ലാത്ത ധാരണയായതിനാൽ വിശ്വസിക്കാമെന്നു തോന്നുന്നില്ല.

ഇപ്രകാരം തന്നെ വരരുചിയുടെ ചരിത്രത്തിലും ചില സംശയങ്ങളുണ്ട്. മലയാളത്തിൽ നടപ്പുള്ള വാക്യം, പരശ്ശുരാമൻ മുതലായവയുടെ കർത്തൃത്വം വരരുചിയല്ലെന്നും, ഇദ്ദേഹം ഉണ്ടാക്കീട്ടുള്ള സൂത്രവാക്യങ്ങൾക്കു വാക്യങ്ങളെന്നു പറയാവുള്ളതിനാൽ ഇങ്ങിനെ ഒരു സംസാരം നടപ്പാകാനിടയായതാണെന്നും ചില വിദ്വാന്മാർക്കഭിപ്രായമുണ്ട്. ഭാഷാചരിത്രകർത്താവ് ഈ അഭിപ്രായം അറിഞ്ഞിട്ടുണ്ടെന്നു തന്നെ തോന്നുന്നില്ല.

പിന്നെ വരരുചി പറയി ആയ ആ കന്യകയെ വിവാഹം കഴിക്കുന്നതിനു മുമ്പു വിവാഹം ചെയ്തിരുന്നുവോ, ചെയ്തിരുന്നില്ലെങ്കിൽ, വൈശ്യം കഴിക്കാനാവശ്യപ്പെട്ടതെന്തുകൊണ്ടു വിവാഹം കഴിഞ്ഞിട്ടില്ലാത്തവർക്കു വൈശ്യം പതിവുണ്ടോ, മുമ്പു വിവാഹം കഴിച്ചിരുന്നുവെങ്കിൽ പരദേശബ്രാഹ്മണർക്കു രണ്ടാമതു ഒരു വിവാഹംകൂടി കഴിക്കുവിധിതമാണോ,

Digitised By Kerala Sahitya Akademi

ആങ്ങിനെ നടപ്പുണ്ടോ എന്നിങ്ങിനെ ചില സംശയങ്ങളുണ്ട്. ഇവയേക്കുറിച്ചെല്ലാം നിശ്ചയവും അറിവുമുള്ള മഹാന്മാർ യുക്തിയുക്തമായി പ്രസ്താവിക്കുന്നതായാൽ അതൊരു പരോപകാരമായിരുന്നതാണ്.

൭. തലക്കുളത്തൂർ ഭട്ടതിരിയും പാഴൂർ പടിപ്പുരയും.

പ്രസിദ്ധനായ തലക്കുളത്തൂർ ഭട്ടതിരിയുടെ ഇല്ലം ബ്രിട്ടീഷ്മലയാളത്താണ്. ഇദ്ദേഹം നല്ല വ്യുൽപന്നനും ജ്യോതിശ്ശാസ്ത്രപാരംഗതനും ആയിരുന്നു എന്നു പ്രസിദ്ധമാണല്ലൊ. ഭട്ടതിരിക്കു പ്രശ്നം പറയുന്നതിന് ഒരു വിശേഷവാസന ബാല്യത്തിൽതന്നെ ഉണ്ടായിരുന്നു. അദ്ദേഹം ബ്രഹ്മചാരിയായി വേദാദ്ധ്യയനം ചെയ്തു താമസിക്കുന്ന കാലത്ത് അനദ്ധ്യായദിവസങ്ങളിൽ തന്റെ സഹപാഠികളുമൊരുമിച്ചു കളിക്കുമ്പോൾ ഓരോരുത്തർ ഓരോ നേരമ്പോക്കുകൾ കാണിക്കുന്ന ശേഖരത്തിൽ ഇദ്ദേഹം പ്രശ്നംവെച്ചു ഫലം പറയുകയാണ് പതിവ്. ആ പതിവിൻപ്രകാരം ഒരുദിവസം ഓതിക്കോൻ പുറത്തുവിടെയോ ഇറങ്ങിപ്പോയിരുന്ന സമയം ബ്രാഹ്മണക്കുട്ടികൾ എല്ലാവരും കൂടി ഓരോ കളികൾ തുടങ്ങി. ഭട്ടതിരി കവുടിക്കു പകരം കുറേ ചെറിയ പാറക്കല്ലുകൾ പെറുക്കിയെടുത്തു പ്രശ്നം വെക്കാനും തുടങ്ങി. അപ്പോഴേക്കും ശേഷമെല്ലാവരും പ്രശ്നം കേൾക്കാനായി പുറകേ ചെന്നുകൂടി. അപ്പോൾ ഒരുണ്ണിനമ്പൂരി "ആട്ടെ നമ്മുടെ ഓതിക്കോന് ഉണ്ണിയുണ്ടാകാതെ ഇരിക്കുന്നതിന്റെ കാരണമെന്താണെന്ന് ഒന്നു വാർത്തവെച്ചു നോക്കിയാൽ കൊള്ളാം" എന്നു പറഞ്ഞു. ഉടനേ ഭട്ടതിരി പ്രശ്നംവെക്കുന്ന ഭാവങ്ങളൊക്കെ കാണിച്ചിട്ട് "ബാലശാപംകൊണ്ടാണ്" എന്നുപറഞ്ഞു. അപ്പോൾ മറ്റൊരാൾ "അതിനു പ്രതിവിധികൂടി അറിഞ്ഞാൽ കൊള്ളാം" എന്നുപറഞ്ഞു. ഭട്ടതിരി ഒന്നുകൂടി വായിവെച്ചു വിചാരിച്ചിട്ട് "പഞ്ചാരപ്പായസമുണ്ടാക്കി ഒരു സംവത്സരം മുടങ്ങാതെ ദിവസംതോറും ബ്രാഹ്മണക്കുട്ടികൾക്കു ധാരാളമായി കൊടുക്കണ്ടും മേലിൽ കുട്ടികളെ അടിക്കാതിരിക്കയും ചെയ്യുൽ ഉണ്ണിയുണ്ടാകും" എന്നു പറഞ്ഞു. ഭട്ടതിരിയുടെ പ്രശ്നാരംഭിച്ചപ്പോഴേക്കും ഓതിക്കോൻനമ്പൂരി തിരിച്ചുവന്നു ഇവരുടെ കളി എന്തെല്ലാമാണെന്നറിയുന്നതിനായി ഒളിച്ചു നിന്നിരുന്നതിനാൽ പ്രശ്നവും പ്രതിവിധിയും എല്ലാം കേട്ട മനസ്സിലാക്കി പിന്നെയും അവിടെനിന്ന് ഒന്നുംകാണാതെ ഇറങ്ങിപ്പോയി ഒന്നും അറിയാത്ത ഭാവത്തിൽ വീണ്ടും എല്ലാവരും കാണാത്തക്ക വിധത്തിൽ തിരിച്ചുവന്നു. ഓതിക്കോൻനമ്പൂരി വരുന്നതുകണ്ടു എല്ലാവരും കളി നിറുത്തി അവരവർക്കു നിശ്ചയിച്ചിട്ടുണ്ടായിരുന്ന പ്രവൃത്തികൾ ചെയ്തുകൊണ്ടിരിപ്പായി. ഓതിക്കോൻനമ്പൂരിപ്രതിവുപോലെ അല്ലാതെ ഒന്നും ഭാവിക്കയും പഠകനും

Digitised By Kerala Sahitya Akademi

ചെയ്യുമില്ല. എങ്കിലും അദ്ദേഹം കുട്ടികളെ കഠിനമായി ശിക്ഷിക്കുമെന്നുള്ളതിനാൽ ഭട്ടതിരിയുടെ പ്രശ്നം വാസ്തവമായിരിക്കുമോ എന്നു സംശയം തോന്നുകയാൽ പിറ്റേ ദിവസം മുതൽ പണ്ഡിതസഭയിലെത്തുകയും തന്റെ ശിഷ്യന്മാരായ ബ്രാഹ്മണകുട്ടികൾക്കു ധാരാളമായി കൊടുത്തുതുടങ്ങി. കുട്ടികളെ അടിക്കാതെയുമായി. അങ്ങിനെ ഒരു സംവത്സരം കഴിഞ്ഞപ്പോഴേക്കും ഓതിക്കാരന്റെ മുഖത്ത് ഉണ്ണിയുണ്ടാവുകയും ചെയ്തു. അപ്പോഴേക്കും അദ്ദേഹത്തിനു വളരെ സന്തോഷം തോന്നുകയാൽ ഭട്ടതിരിയേ വിളിച്ചു "ഉണ്ണി! നീ ജ്യോതിശ്ശാസ്ത്രം പഠിക്കണം. നീ നല്ല പ്രശ്നക്കാരനായിരിക്കും" എന്നു തലയിൽ തൊട്ട് അനുഗ്രഹിച്ചയച്ചു.

ഗുരുനാഥന്റെ ഈ അനുഗ്രഹത്തെ സഫലീകരിക്കണമെന്നു വിചാരിച്ചു ഭട്ടതിരി വേദാദ്ധ്യയനം കഴിഞ്ഞയുടനേതന്നെ ജ്യോതിശ്ശാസ്ത്രം പഠിക്കുവാനാരംഭിച്ചു. അതോടുകൂടി കാവ്യനാടകാലങ്കാരങ്ങളും വ്യാകരണശാസ്ത്രങ്ങളും അഭ്യസിച്ചുതുടങ്ങി. സമാവർത്തനം കഴിഞ്ഞ് വിവാഹശേഷം യൌവനാരംഭത്തോടെ അതിവിദ്വാനും ഒരു നല്ല ജ്യോത്സ്യനുമായിത്തീർന്നു.

തദനന്തരം ഭട്ടതിരി വിവാഹം ചെയ്തു ഗൃഹസ്ഥനായി താമസിക്കുന്ന കാലത്ത് ഒരു പുത്രനുണ്ടായി. പുത്രന്റെ ജാതകം അദ്ദേഹം വളരെ സൂക്ഷ്മമായി ഗണിച്ചെഴുതുകയും ആയുർബലം വളരെ ഉള്ളതായി കാണപ്പെടുകയും ചെയ്തു എങ്കിലും തൃപ്തികരമുന്നതിനു മുമ്പുതന്നെ ആശിശു മരിച്ചുപോയി. അപ്പോൾ ഭട്ടതിരിക്കു വളരെ വ്യസനമുണ്ടായി എന്നു മാത്രമല്ല, ജ്യോതിശ്ശാസ്ത്രം വിശ്വാസയോഗ്യമല്ലായിരിക്കുമോ എന്നൊരു ശങ്കയും ജനിച്ചു. ഉടനേ ഈ സംശയം തീർക്കുന്നതിനായി മൃതജാതകവുംകൊണ്ടു പരദേശത്തു കുഞ്ഞന്നൂരിൽ ആഢ്യവാര് എന്ന പ്രസിദ്ധനായ മഹാന്റെ അടുക്കലേക്കു പുറപ്പെട്ടു. ഭട്ടതിരി അവിടെ എത്താറായപ്പോൾ ചില ലക്ഷണങ്ങൾകൊണ്ട് ഇദ്ദേഹത്തിന്റെ ആഗമനം ആഢ്യവാര്ക്കു മനസ്സിലാവുകയാൽ തന്റെ ശിഷ്യരോട് "ഒരു മൃതജാതകവുംകൊണ്ട് ഒരു മലയാളബ്രാഹ്മണൻ ഇപ്പോൾ ഇവിടെവരും. അദ്ദേഹം വന്നാൽ ആ മൃതജാതകം പുറത്തു പെച്ചും പൊത്തു് ഇവിടെക്കയറി ഇരിക്കാൻ പറയണം" എന്നു പറഞ്ഞിട്ടു നിത്യകർമ്മാനുഷ്ഠാനാദികൾക്കായിപ്പോയി. ഭട്ടതിരി അവിടെ എത്തിയ ഉടനേ ഗുരുനാഥന്റെ കല്പനയേ ശിഷ്യർ ഭട്ടതിരിയെ അറിയിക്കയും ആഢ്യവാരുടെ യോഗ്യതയിൽ വിസ്മയാകുലനായി ഭട്ടതിരി മൃതജാതകം ഭദ്രമെടുത്തു ഗൃഹത്തിനുള്ളിൽ പ്രവേശിച്ചിരിക്കയും ചെയ്തു.

കുറച്ചു സമയം കഴിഞ്ഞപ്പോൾ ആഢ്യവാർ വന്നു. തമ്മിൽ സംസാരിച്ചു ഭട്ടതിരിക്കുണ്ടായ സംശയം തീർത്തു. ജ്യോതിശ്ശാസ്ത്രം ഒരിക്കലും അബദ്ധമായി വരുന്നതല്ലെന്നും ജ്യോത്സ്യന്മാർക്ക് ഇഷ്ടദേവതയേ ഉപാസ

Digitised By Kerala Sahitya Akademi

ന്നായും മന്ത്രസിദ്ധിയും ഇല്ലാതെയിരുന്നാൽ അതിന്റെ ഫലം ശരിയായി കണ്ടില്ലെന്നും വന്നുപോകുമെന്നും ഉള്ള ഏന്നും ആലോചിച്ചാൽ പഠകയാൽ താൻ എഴുതിയ ജാതകം തെറ്റിപ്പോയതു തന്നിക്ഷേ ദേവതോപാസനയും മന്ത്രസിദ്ധിയും ഇല്ലാഞ്ഞിട്ടാണെന്നും മനസ്സിലാക്കി ഭട്ടതിരി തിരിച്ചുപോരികയും ചെയ്തു.

ഭട്ടതിരി തിരിച്ചു വരും വഴി തന്നെ തൃശ്ശിവപേരൂർ വന്നു വടക്കുന്നാഥനെ തൊഴുതുകൊണ്ട് ഒരു വിശിഷ്ടമന്ത്രം അക്ഷരസംഖ്യ കഴിച്ചു താമസിച്ചു. അക്കാലത്ത് അവിടെ ചേന്നു ചാത്തിയിരുന്ന ഒരു തുക്കണ്ണൻ പോറ്റിയും പോയുകയും അനേകം പ്രശ്നക്കാരേ വരുത്തി പ്രശ്നം വെപ്പിച്ചു നോക്കിക്കയും ചെയ്തു. പ്രശ്നക്കാർ പോഷ്ടാവിന്റെ നിറം കറുത്താണെന്നും, നാമാക്ഷരങ്ങൾ രണ്ടു മാത്രമേ ഉള്ളു എന്നും അവയിൽ ആദ്യത്തേതു ക എന്നും രണ്ടാമത്തേതു ക്ക എന്നും ആണെന്നും വിധിച്ചു. അതിനാൽ ക്ഷേത്രസംബന്ധികളിൽ ഒരുവനും കറുമ്പനുമായ "കാക്ക" എന്നൊരുവനെ പിടികൂടി ബന്ധനത്തിലാക്കി ദിവസംതോറും ഓരോ വിധത്തിൽ ഹോമങ്ങൾ ചെയ്തുതുടങ്ങി എങ്കിലും യാതൊരു തെളിവും ഉണ്ടായില്ല. ഭട്ടതിരി ഭയം കൂടാഞ്ഞല്ലാതെ പ്രശ്നം വെക്കുകയില്ലെന്നു പ്രതിജ്ഞ ചെയ്തിരുന്നതിനാലും അക്കാലത്തു മൌനവ്രതമായിരുന്നതു കൊണ്ടും അദ്ദേഹത്തെക്കൊണ്ടു പ്രശ്നം വെപ്പിക്കുന്നതിനു തരമില്ലായിരുന്നു.

ഇങ്ങനെ കാലം കുറേ കഴിഞ്ഞതിന്റെ ശേഷം ഭട്ടതിരിയെക്കൊണ്ടു പ്രശ്നം വെപ്പിക്കയും തുക്കണ്ണൻ കൊണ്ടുപോയതു് ഒരു കാക്കയാണെന്നും വടക്കുമാറി ഒരു തെങ്ങിന്റെ മുകളിൽ കൊണ്ടുപോയി വെച്ചിട്ടുണ്ടെന്നും വിധിക്കുകയും അപ്രകാരം മേൽപ്പണ്ടാരവും കിട്ടുകയുംചെയ്തു. അതിനാൽ കൊച്ചി മഹാരാജാവു സന്തോഷിച്ചു ഭട്ടതിരിക്ക് അനേകം വിരുതുകൾ കല്പിച്ചു കൊടുത്തു.

അതിന്റെശേഷം ഭട്ടതിരി തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ സന്നിധിയിലും പല പ്രശ്നങ്ങൾ പറകയും ജാതകങ്ങൾ എഴുതിക്കൊടുക്കുകയും എല്ലാം ശരിയായി ഭവിക്കുകയാൽ അനേകസമ്മാനങ്ങൾ വാങ്ങുകയും ഉണ്ടായിട്ടുണ്ട്.

ഭട്ടതിരി തിരുവനന്തപുരത്തു ചെന്നു താമസിച്ചിരുന്ന കാലത്ത് ഒരുദിവസം മഹാരാജാവു തിരുമനസ്സുകൊണ്ടു ഭട്ടതിരിയോടു, "ഞാൻ നാളെ പദ്മനാഭസ്വാമിക്ഷേത്രത്തിൽ തൊഴാൻ പോകുമ്പോൾ മതിൽക്കകത്തുള്ള കടക്കുന്നത് ഏതിലെ കൂടിയായിരിക്കും?" എന്നു കല്പിച്ചു ചോദിച്ചു. ഇതിനു മറുപടിയായി ഭട്ടതിരി, "അതെനിക്കറിയാം. എങ്കിലും ഇപ്പോൾ തിരുമനസ്സറിയിക്കുന്നില്ല. നാളെ എഴുന്നെള്ളുന്നസമയം, എനിക്കറിയാമെന്നു ഞാനിപ്പോൾ അറിയിച്ചതു വാസ്തവമാണെന്ന് അവിടുക്കു ബോധപ്പെട്ടും" എന്നു തിരുമനസ്സറിയിച്ചു. തിരുമന

Digitised By Kerala Sahitya Akademi

സ്സുകൊണ്ടു പതിവായി മതിൽക്കകത്തുകൂടെ കിഴക്കെഗോപുരത്തിൽക്കൂടിയായിരുന്നു. മേല്പറഞ്ഞപ്രകാരം സംഭാഷണം നടന്നതിന്റെ പിറ്റേദിവസം കൊട്ടാരത്തിൽനിന്നെഴുന്നെള്ളി, കിഴക്കേഗോപുരത്തിന്റെ തെക്കുഭാഗത്തായി എഴുന്നെള്ളിനിന്നുകൊണ്ട് "ഇന്നു ഞാൻ ഇതിലേയാണ് മതിൽക്കകത്തേക്കുപോകാൻ നിശ്ചയിച്ചിരിക്കുന്നത്. ഇവിടെ മതിൽ വെട്ടിപ്പൊളിക്കട്ടെ" എന്നുകല്പിച്ചു. ഉടനെ മഴുവും തൂമ്പയുമെല്ലാംകൊണ്ടു വേലക്കാരെത്തി മതിൽ വെട്ടിപ്പൊളിച്ചുതുടങ്ങി. മതിലിന്റെ കല്ലുകൾ കുറെ പൊളിച്ചുവീഴ്ത്തുമ്പോൾ ഒരു കല്ലിന്റെ ഇടയിൽ ഒരോലത്തുണ്ട് ഇരിക്കുന്നതുകണ്ടു. ഉടനെ "അതെന്താണ്? കാണട്ടെ" എന്നു കല്പിച്ചു. കൂടെയുണ്ടായിരുന്ന ഹരിക്കാരൻ ഓലക്ഷണമെടുത്തു തുക്കയ്യിൽ കൊടുത്തു. തിരുമനസ്സുകൊണ്ടു വാങ്ങിനോക്കിയപ്പോൾ അതിൽ ഭട്ടതിരി സ്വഹസ്തം കയ്യക്ഷരത്തിൽ "ഇതിലേ എഴുന്നെള്ളും" എന്ന് എഴുതിയിരിക്കുന്നതായിക്കണ്ടു തിരുമനസ്സുകൊണ്ടു വളരെ സന്തോഷിക്കുകയും വിസ്മയിക്കുകയും ചെയ്തു. ഭട്ടതിരി അപ്പോൾ അടുക്കൽത്തന്നെ ഉണ്ടായിരുന്നതിനാൽ തിരുമനസ്സുകൊണ്ട് അവിടെ വിളിക്കാണ്ടതന്നെ രണ്ടു വീരശൃംഖല വരുത്തി ഭട്ടതിരിയുടെ രണ്ടുകയ്യിന്മേലും ഇടുവിച്ചു. അതിന്റെ ശേഷം അതിലേതന്നെ മതിൽക്കകത്തേക്ക് എഴുന്നെള്ളുകയും "ഇനി ഇവിടം കെട്ടിയടയ്ക്കുണ്ട. ഭട്ടതിരിയുടെ സ്മാരകമായിട്ട് ഇവിടെ ഒരു വാതിൽ വെപ്പിക്കണം" എന്നു കല്പിക്കുകയും അപ്രകാരം അവിടെ ഒരു വാതിൽ വെപ്പിക്കുകയും ചെയ്തു. ഇപ്പോൾ "തെക്കുവകത്തിൻമൂട്ടിൽനട" എന്നുപറഞ്ഞുവരുന്ന വാതിൽ ഇപ്രകാരമുണ്ടായിട്ടുള്ളതാണ്. മഹാരാജാക്കന്മാർ മതിൽക്കകത്തേക്ക് ഇപ്പോഴും അതിലേയാണ് എഴുന്നെള്ളുക പതിവ്. ഇങ്ങിനെ പല കാരണവശാൽ തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു ഭട്ടതിരിക്കു പല സമ്മാനങ്ങളും കൊടുത്തിട്ടുണ്ട്.

അപ്രകാരംതന്നെ കോഴിക്കോട്ടു സാമൂതിരിമുതലായ രാജസന്നിധികളിൽനിന്നും അദ്ദേഹത്തിനു കിട്ടീട്ടുള്ള സമ്മാനങ്ങൾക്കു സംഖ്യയില്ല. കിംബഹുനാ കാലക്രമേണ ഭട്ടതിരി ജാതകമെഴുത്തുകൊണ്ടു, പ്രശ്നംകൊണ്ടും വിശ്വവിശ്രുതനായിത്തീർന്നു എന്നു പറഞ്ഞാൽ മതിയല്ലൊ.

ഭട്ടതിരിയുടെയും, പ്രസിദ്ധനായ വില്വമംഗലത്തു സ്വാമിയാരുടെയും ജീവിതകാലം ഒന്നായിരുന്നു എന്നാണ് സൂക്ഷ്മാന്വേഷികളായിട്ടുള്ളവർ തീർച്ചപ്പെടുത്തിയിരിക്കുന്നത്. സ്വാമിയാരുടെ ജീവിതകാലം കൊല്ലവർഷം എണ്ണൂറിന്റെ അവസാനിനും നാന്നൂറിന്റെ മദ്ധ്യേ ആയിരുന്നു എന്നു പല ലക്ഷ്യങ്ങൾകൊണ്ടും ഉള്ളതും, ഭട്ടതിരി പാഞ്ഞിട്ടുള്ളതായി കേട്ടിട്ടുള്ള "രക്ഷേൽഗോവിന്ദമക്ക" എന്നുള്ള കലിസംഖ്യ ഈ കാലത്തോടു ചേർത്തിരിക്കുന്നതുകൊണ്ടു മേൽപറഞ്ഞതുപോലെ ഇവർ രണ്ടുപേരും ഒരു കാലത്തു ജീവിച്ചിരുന്നിരുന്നവരാണെന്നുതന്നെ ഊഹിക്കാം. ഇവ

Digitised By Kerala Sahitya Akademi

സംഗതി ബോധപ്പെടുത്തുന്നതായി ഒരു കഥ കേട്ടിട്ടുള്ളതുകൂടി ഇവിടെ പറഞ്ഞുകൊള്ളുന്നു.

വില്വമംഗലത്തു സ്വാമിയാർക്ക് അതികഠിനമായ ഒരു വയറുവേദന ഉണ്ടായിരുന്നു. അദ്ദേഹം അതിന്റെ ദുസ്സഹത്വം നിമിത്തം ഇതിനൊരു വേണ്ടപോലെ ഏതാനും ശ്രീകൃഷ്ണസ്വാമിയുടെ അടുക്കൽ പല പ്രാവശ്യം ചോദിച്ചിട്ടും ഒന്നും മറുപടി അരുളിച്ചെയ്തില്ല. (സ്വാമിയാർക്കു ശ്രീകൃഷ്ണൻ പ്രത്യക്ഷനാണെന്നു പ്രസിദ്ധമാണല്ലൊ) അതിനാൽ സ്വാമിയാർ തന്റെ പ്രിയശിഷ്യനും, ദക്ഷിണാമൂർത്തിഭക്തനുമായിരുന്ന "ശിവാങ്കൻ" എന്ന മഹായോഗീശ്വരനോട് ഈ വിവരം പറഞ്ഞു. ആ യോഗീശ്വരൻ ഒരു സിന്ദൂരം കൊടുക്കുകയും, സ്വാമിയാർ അതു വാങ്ങി സേവിക്കുകയും ഉദരവ്യാധി ശമിക്കുകയും ചെയ്തു. പിന്നെ ഒരു ദിവസം സ്വാമിയാർ തന്റെ ദീനം ഭേദമായ വിവരം ശ്രീകൃഷ്ണസ്വാമി പ്രത്യക്ഷമായപ്പോൾ അറിയിച്ചു. അപ്പോൾ "ഈ ജന്മം കൊണ്ടു തീർന്നോട്ടെ എന്നാണ് ഞാൻ വിചാരിച്ചത്. അതു മൂന്നുജന്മംകൂടെ അധികം ആക്കിത്തീർത്തു" എന്നു ഭഗവാൻ അരുളിച്ചെയ്തു് ഉടനെ മറയുകയും ചെയ്തു. ഇതു കേട്ടപ്പോൾ സ്വാമിയാർക്കു വളരെ വ്യസനമായി. ഇനിയുള്ള ജന്മങ്ങളിൽ താൻ ആരായിരിക്കുമെന്നു് അറിയുന്നതിനായി ഉടനെ തലക്കുളത്തൂർ ഭട്ടതിരിയെ വരുത്തി വിചാരിപ്പിച്ചു നോക്കി. അപ്പോൾ ഭട്ടതിരി "ഇനി അവിടേക്കു ചെറുപ്പാന്വു, കാള, തുളസി ഇങ്ങിനെയാണ് മൂന്നു ജന്മങ്ങൾ ഉള്ളതു്. ആ മൂന്നു ജന്മങ്ങളിലും മനുഷ്യനായിട്ടു ഞാനുണ്ടാകും. അവിടേക്ക് അന്നു് ഓരോ ആപത്തുകൾ സംഭവിക്കുകയും അപ്പോൾ രക്ഷിക്കുന്നതിനു ഞാൻ അടുക്കൽ ഉണ്ടായിരിക്കയും ചെയ്യും. തുളസിയായിട്ടുള്ള മൂന്നാമത്തെ ജന്മത്തിൽ അവിടേക്കു സായൂജ്യം കിട്ടുകയുംചെയ്യും. പിന്നെ സംസാരദുഃഖം അനുഭവിക്കേണ്ടല്ലൊ" എന്നു പറഞ്ഞു.

(ഭട്ടതിരി പറഞ്ഞതുപോലെതന്നെ സ്വാമിയാർക്കു പിന്നെ മൂന്നു ജന്മങ്ങൾകൂടി ഉണ്ടായി എന്നും, അപ്പോൾ എല്ലാം മനുഷ്യജന്മത്തോടുകൂടി ഭട്ടതിരിയും ഉണ്ടായിരുന്നു എന്നും കേട്ടിരിക്കുന്നു. സ്വാമിയാരുടെ മൂന്നാമത്തെ ജന്മത്തിൽ തുളസിയായിട്ടു ജനിച്ചതു് ഒരു വിഷ്ണുക്ഷേത്രത്തിൽ ശ്രീകോവിലിൽ നിന്നു തീർത്ഥമൊലിച്ചു വീഴുന്ന ഓവിങ്കലായിരുന്നു. ഒരു ദിവസം ശാന്തിക്കാരൻ കുളിച്ചുവന്നു് അഭിഷേകം കഴിഞ്ഞു ചന്ദനവും പൂവുമായിട്ടായി ഭാവിച്ചപ്പോൾ തുളസി കാണാഞ്ഞതുകൊണ്ടു് തിരുമുറ്റത്തെങ്ങാനുമുണ്ടോ എന്നു നോക്കി. അപ്പോൾ ഓവിങ്കൽ വെള്ളം പോകുന്നതിനു ചെറിയതായി ഒരു തുളസി നിൽക്കുന്നതു കണ്ടു് അതിനെ ഒടിച്ചു പിടിക്കാനായി കൈനീട്ടിപ്പിടിച്ചപ്പോൾ അതു ചേരോടുകൂടി പറഞ്ഞു പോന്നു. അതുകണ്ടു മണ്ഡപത്തിൽ ജപിച്ചുകൊണ്ടിരുന്ന ഒരു ബ്രാഹ്മണൻ "അ

Digitised By Kerala Sahitya Akademi

തുമുഴുവനും ബിംബത്തിങ്കൽ ചാർത്തിയേക്കണം" എന്നു പറയുകയും, ശാന്തിക്കാരൻ അപ്രകാരം ചെയ്യുകയും, ആ തുളസി ബിംബത്തോടുകൂടി ചേർന്നുപോരുകയും ചെയ്തു. ആ തുളസി സ്വാമിയാരായിരുന്നു എന്നും ജപിച്ചുകൊണ്ടിരുന്ന ബ്രഹ്മണൻ ഭട്ടതിരി ആയിരുന്നു എന്നും പറയേണ്ടതില്ലല്ലൊ.)

ജന്മാന്തരങ്ങളെക്കുറിച്ചു ഭട്ടതിരി പറഞ്ഞതു കേട്ടപ്പോൾ സ്വാമിയാരുടെ മനസ്സിലെ വ്യസനം അല്പം ശാന്തമായി ഭട്ടതിരിയെ യഥാക്രമം ബഹുമാനിച്ചു സ്വഗൃഹത്തിലേക്ക് അയയ്ക്കുകയും ചെയ്തു.

അങ്ങിനെയിരിക്കുന്ന കാലത്ത് അദ്ദേഹത്തിന്റെ ജാതകം തന്നെ സ്വയമേവ ഒന്നു ഗണിച്ചു നോക്കണമെന്നു നിശ്ചയിച്ചു. ഗണിച്ചു നോക്കിയപ്പോൾ ഇന്നപ്പോൾ തനിക്കു ജാതിഭ്രംശം സംഭവിക്കുമെന്നായിക്കണ്ടു. ജാതകമെല്ലാം വീണ്ടുമെഴുതി കുറേ തീർത്തു സൂക്ഷിച്ചുവെച്ചു എങ്കിലും തനിക്കു വരാനിരിക്കുന്ന അധഃപതനത്തെക്കുറിച്ച് ആരോടും പറഞ്ഞില്ല.

അതിന്റെ ശേഷം കുറഞ്ഞൊരു കാലം കഴിഞ്ഞപ്പോൾ ഘോരവും ദരിദ്രനും, സ്വഗൃഹസ്ഥനുമായ ഒരു ബ്രഹ്മണൻ ദാരിദ്ര്യദുഃഖം സഹിക്കവഹിയാതെയായിട്ടു ഭട്ടതിരിയുടെ അടുക്കൽ വന്നു ചോദിച്ചു "ഹേ! അവിടുന്നു പലരോടും പല സംഗതിക്കും പ്രശ്നം പറയുന്നണ്ടല്ലൊ. ഒന്നും തെറ്റാറുമില്ല എന്നാൽ എനിക്ക് ഈ ദാരിദ്ര്യദുഃഖം തീർന്ന് ഒരു ദിവസമെങ്കിലും ജീവിച്ചിരിക്കാൻ സംഗതി വരുമോ? ഇതിനെക്കുറിച്ചു ഒന്നു ചിന്തിച്ചു പറഞ്ഞാൽ കൊള്ളാം. ഞാൻ ഇതിലധികം വലയേണ്ടതില്ല." ഇപ്രകാരം ആ ബ്രാഹ്മണന്റെ വാക്കു കേട്ട് ആദ്യാവസനായി ഭവിച്ച ഭട്ടതിരി കുറഞ്ഞൊരു നേരം കണ്ണടച്ചു വിചാരിച്ചതിന്റെ ശേഷം പറഞ്ഞു. "അങ്ങ് ഒട്ടും വ്യസനിക്കേണ്ട. അങ്ങയുടെ ദാരിദ്ര്യം അശേഷം തീരുന്നതിനുള്ള കാലം അടുത്തിരിക്കുന്നു. ഞാൻ ഒരു ഉപായം പറഞ്ഞു തരാം. അതുപോലെ പ്രവർത്തിച്ചാൽ മതി. എന്തെന്നാൽ ഈ വരുന്ന പ്രദോഷദിവസം അർദ്ധരാത്രി ആകുമ്പോൾ തൃശ്ശിവപേരൂർ വടക്കുന്നാഥക്ഷേത്രത്തിന്റെ വടക്കുഗോപുരത്തിങ്കൽ ചെന്നു നിൽക്കണം. അപ്പോൾ അതിലെ രണ്ടു ബ്രാഹ്മണർ വരും. അവരുടെ പിന്നാലെ കൂടിക്കൊള്ളണം. എന്തൊക്കെ പറഞ്ഞാലും ഒഴിച്ചു പോകരുത്. അവർ അങ്ങേ കബളിപ്പിച്ചു പോകാൻ കഴിയുന്നതും ശ്രമിക്കും. എങ്കിലും വിട്ടു പിരിയരുതു്. അവർ പോകുന്നിടത്തുക്കു് അങ്ങയും കൊണ്ടുപോകണമെന്നു പറഞ്ഞുകൊള്ളണം. ഈ കൌശലം പറഞ്ഞു തന്നതു് ആ ബ്രാഹ്മണനെ ചോദിച്ചാൽ പറകയുമരുതു്. ഇപ്രകാരം ചെയ്യുൽ അങ്ങയുടെ ഈ ദാരിദ്ര്യദുഃഖം അശേഷം തീർന്നു സുഖമായിട്ടിരിക്കാൻ സംഗതിവരും." ഇങ്ങിനെ ഭട്ടതിരി പറഞ്ഞപ്പോൾ

Digitised By Kerala Sahitya Akademi

ം ബ്രാഹ്മണനു വളരെ സന്തോഷമുണ്ടായി എന്നു പറയേണ്ടതില്ലല്ലൊ. ഭട്ടതിരിയുടെ പ്രശ്നം ഒരിക്കൽ പോലും ആക്ഷേപം തെറ്റാറില്ലാത്തതിനാൽ കാര്യം സഫലമാകുമെന്നു ബ്രാഹ്മണൻ നല്ലപോലെ വിശ്വസിച്ചു. "എന്നാൽ ഇനി പോയി വന്നിട്ടു കണ്ടു കൊള്ളാം" എന്നും പറഞ്ഞു പോയ്കയും ചെയ്തു.

ഭട്ടതിരി പറഞ്ഞതു പോലെ പോരശിനാൾ അർദ്ധരാത്രിക്കുമുമ്പെ ബ്രാഹ്മണൻ തൃശ്ശൂർ വടക്കെ ഗോപുരത്തിങ്കലെത്തി. കുറച്ചു സമയം കഴിഞ്ഞപ്പോൾ പരദേശത്തുനിന്നുമായിട്ടുള്ള രണ്ടു ബ്രാഹ്മണർ അതിലേ കടന്നു പോകുന്നതായി കണ്ടു് അവരുടെ പിന്നാലെ ചെന്നു. അവർ ഇദ്ദേഹത്തെ വിട്ടു പിരിയുന്നതിനായി പലവിധത്തിലും ഉപായങ്ങൾ നോക്കി. ഒന്നും ഫലിക്കയില്ലെന്നു തീർച്ചയായപ്പോൾ അവർ ചോദിച്ചു "ഭവാൻ! അങ്ങു് എവിടേക്കായിട്ടാണു് പുറപ്പെട്ടിരിക്കുന്നതു്. ഞങ്ങളുടെ പിന്നാലെക്കൂടിയിരിക്കുന്നതിന്റെ ഉദ്ദേശമെന്താണു്?"

ബ്രാഹ്മണൻ—"നിങ്ങൾ എങ്ങോട്ടാണു് പോകുന്നതു്."

ബ്രാഹ്മണർ—"ഞങ്ങൾ ബദര്യാശ്രമത്തിങ്കലേക്കാണു്."

ബ്രാഹ്മണൻ—"എന്നാൽ, ഞാനും അങ്ങോട്ടുതന്നെയാണു്."

ബ്രാഹ്മണർ—എന്നാൽ അതു ഞങ്ങളുടെ കൂടെ വേണമെന്നുണ്ടോ?"

ബ്രാഹ്മണൻ—"ഉണ്ടു്. ഞാനിങ്ങിനെയാണു് നിശ്ചയിച്ചിരിക്കുന്നതു്. നിങ്ങൾ കൃപയുണ്ടായി എന്നെക്കൂടെ കൊണ്ടുപോകണം".

ബ്രാഹ്മണർ—"ഞങ്ങളെ ഇപ്പോൾ ഇവിടെകാണുമെന്നു് അങ്ങോടു പറഞ്ഞു തന്നതാരാണു്?"

ബ്രാഹ്മണൻ—"അതു ഞാൻ പറയുകയില്ല. നിങ്ങൾ അതിനായി എന്നോടു നിർബ്ബന്ധിക്കയുമരുതു്."

ഇപ്രകാരം ആ ബ്രാഹ്മണന്റെ വാക്കുകൾ കേട്ടപ്പോൾ മറ്റു ബ്രാഹ്മണർ കുറച്ചുനേരം വിചാരിച്ചിട്ടു പറഞ്ഞു "ആട്ടെ കാര്യമൊക്കെ മനസ്സിലായി അങ്ങേക്കു് ഈ കൌശലം ഉപദേശിച്ചതു നമ്മായാകും് അവർ വരുമ്പോട്ടെ. നേരിട്ടു കണ്ടുപറയുന്നതുകൊണ്ടു് ഇവിടെ അങ്ങേ കാത്തിരിക്കയും പോകാൻ നിവൃത്തിയില്ല. അതിനാൽ കൊണ്ടു പോകാം. കണ്ണടച്ചുംകൊണ്ടു ഞങ്ങളുടെ തൊട്ടോളണം."

ഇങ്ങിനെ ബ്രാഹ്മണരുടെ വാക്കു കേട്ടയുടനെ ആ ബ്രാഹ്മണൻ അപ്രകാരം ചെയ്തു. മുഹൂർത്തനേരം കഴിഞ്ഞപ്പോൾ കണ്ണു തുറക്കാമെന്നവർ പറഞ്ഞു. കണ്ണുതുറന്നുനോക്കിയപ്പോൾ മൂന്നുപേരും ബദര്യാശ്രമത്തിൽ ഒരു ഗൃഹത്തിൽ പ്രവേശിച്ചിരിക്കുന്നു. ഉടനെ ആ ദിവ്യന്മാരായ ബ്രാഹ്മണർ പറഞ്ഞു. "ഇതാ ഈ ഗൃഹത്തിനകത്തു് ഒരാൾ മരിക്കാറായി ശരീരം വലിച്ചും കൊണ്ടു കിടക്കുന്നുണ്ടു്. അദ്ദേഹം അങ്ങയുടെ അച്ഛനാണു്. അങ്ങയുടെ അച്ഛൻ കാശിക്കു പോയിട്ടുള്ളതായി ഓർക്കുന്നുണ്ടല്ലൊ. അദ്ദേഹം തന്നെയാണിതു്. അദ്ദേഹം ഗംഗാസ്നാനം ക

Digitised By Kerala Sahitya Akademi

ഴിഞ്ഞ് ഓരോരോ സ്ഥലങ്ങളിൽ സഞ്ചരിച്ചു, ക്രമേണ ഇവിടെ വന്നു ചേർന്നു. പിന്നെ വല്ലരെക്കാലമായി ഇവിടെ ശാന്തികഴിച്ചു താമസിക്കയായിരുന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ മരണസമയം അടുത്തിരിക്കുന്നു. ഞങ്ങളെ അദ്ദേഹത്തെ കൊണ്ടുപോകാനായി വന്ന വിഷ്ണുദൂതന്മാരാണ്. അരനാഴികക്കുള്ളിൽ ഞങ്ങളെ കൊണ്ടുപോകും. അതിനു മുമ്പെ കാണേണമെങ്കിൽ കണ്ടോളണം". ഇങ്ങിനെ ആ ബ്രാഹ്മണവേഷം ധരിച്ചിരുന്ന വിഷ്ണുദൂതന്മാരുടെ വാക്കു കേട്ടു ബ്രാഹ്മണൻ അകത്തുകടന്നു നോക്കിയപ്പോൾ അവർ പറഞ്ഞതുപോലെ തന്റെ അച്ഛൻ ശ്വാസം വലിച്ചുംകൊണ്ടു കിടക്കുന്നതു കണ്ടു. മരിക്കാറായി കിടക്കുന്ന ബ്രാഹ്മണനു ബോധം കെട്ടിട്ടില്ലായിരുന്നതിനാൽ തന്റെ പുത്രനേ കണ്ടപ്പോൾ ആളറികയും ചെയ്തു. ഏകാകിയായി പരദേശത്തു താമസിക്കുന്ന ഒരാൾക്കു വിചാരിച്ചിരിക്കാതെ പെട്ടെന്നു കാണ്മാൻ സംഗതിയായാൽ ഉണ്ടാകുന്ന സന്തോഷം അളവില്ലാത്തതായിരിക്കുമെന്നു പറയേണ്ടതില്ലല്ലൊ. ആ വൃദ്ധബ്രാഹ്മണൻ തന്റെ ഭ്രാതൃപുത്രനേ കണ്ടയുടനെ താൻ വളരെക്കാലമായി സംഖ്യയില്ലാതെ സമ്പാദിച്ചു ജാളികളിലാക്കിക്കെട്ടി വെച്ചു പൂട്ടിയിരിക്കുന്ന പെട്ടിയുടെ താക്കോൽ തലയിണയുടെ താഴെ വെച്ചിരുന്നതെടുത്തു കയ്യിൽ കൊടുത്തു. ഉടനേ പ്രാണനും പോയി. ബ്രാഹ്മണൻ അച്ഛന്റെ സംസ്കാരം മുതലായതു യഥാക്രമം കഴിച്ചതിന്റെശേഷം തനിക്കു കിട്ടിയ അപരിമിതമായ ദ്രവ്യവും കൊണ്ടു തന്റെ ഗൃഹത്തിൽ വന്നുചേർന്നു. ഉടനേ ഭട്ടതിരിയെക്കണ്ടു വിവരങ്ങൾ എല്ലാം പറഞ്ഞു കേൾപ്പിച്ചു. വിഷ്ണുദൂതന്മാർ, അധഃപതനം വന്നുപോകട്ടെ എന്നു തന്നെ ശപിച്ചു എന്നുകേട്ടപ്പോൾ ഭട്ടതിരി "അത്രേ ഉള്ളോ? അതു ഞാൻ മുമ്പുതന്നെ വിശ്വസിച്ചിട്ടുള്ളതാണല്ലൊ" എന്നു പറഞ്ഞു തൻ എഴുതിവെച്ചിരുന്ന ജാതകമെടുത്തു ബ്രാഹ്മണനേ കാണിച്ചു. ബ്രാഹ്മണൻ എല്ലാംകൊണ്ടും ഭട്ടതിരിയക്കുറിച്ചു് ഏറ്റവും വിസ്മയിച്ചു തന്റെ ഗൃഹത്തിൽ വന്നു സുഖമായി വസിച്ചു. തന്റെ അധഃപതനദിവസത്തെ പ്രതീക്ഷിച്ചുംകൊണ്ടു ഭട്ടതിരിയും ഇരുന്നു.

ജാതകഫലം അനുഭവിക്കാതെ കഴികയില്ലെന്നു നല്ല നിശ്ചയമുണ്ടായിരുന്നു എങ്കിലും കഴിയുന്നതും പരീക്ഷിക്കണമെന്നു വിചാരിച്ചു ഭട്ടതിരി ഒരുപായം നിശ്ചയിച്ചുകൊണ്ടു സപ്തദേശം വിട്ടു പാഴൂർ വന്നു താമസിച്ചു തനിക്കു അധഃപതനം സംഭവിക്കുന്നതിനു യോഗ്യമുള്ളതായ ആദിവസം രാവിലെ കുളിച്ചു നിത്യകർമ്മാനുഷ്ഠാനാദികളും ഭക്ഷണവും കഴിഞ്ഞതിന്റെശേഷം ചില സ്നേഹിതന്മാരോടുകൂടി തോണികളിക്കാനായിപ്പോയി. അന്നു് അഹോരാത്രം തോണിയിൽതന്നെ കഴിച്ചുകൂട്ടണമെന്നായിരുന്നു ഭട്ടതിരിയുടെ ഉദ്ദേശം. പാഴൂർ പുഴയിലായിരുന്നു വഞ്ചിക

Digitised By Kerala Sahitya Akademi

ളി. പകൽ മഴ വന്നാ അങ്ങിനെ പുഴയിൽത്തന്നെ കഴിച്ചുകൂട്ടി. സന്ധ്യാ സമയമായപ്പോൾ കരയ്ക്കുടുത്തു കുളിച്ചു സന്ധ്യാവന്ദനാദികഴിച്ചു വീണ്ടും എല്ലാവരുംകൂടി വഞ്ചിയിൽ കയറി കളിതുടങ്ങി. നല്ല നിലാവുള്ള കാലമായിരുന്നതിനാൽ തൽക്കാലം ഒരു വിഷമതയും ഉണ്ടായിരുന്നില്ല. നേരം പാതിരാ കഴിഞ്ഞപ്പോൾ ആ വിധമൊക്കെ ഒന്നു മാറി. അകസ്മാൽ അതികഠിനമായി മഴക്കാറും കാറ്റും തുടങ്ങി. കാർമേഘങ്ങളാൽ ചന്ദ്രമണ്ഡലം അശേഷം മൂടപ്പെടുകയാൽ ചന്ദ്രികയില്ലാതെയായി എന്നുമാത്രമല്ല അതിഘോരമായ അന്ധകാരം ലോകമാസകലവും നിറയുകയും ചെയ്തു. വഞ്ചിയിൽ ഇരിക്കുന്നവർക്കുതന്നെ പരസ്പരം കാണ്മാൻ വഹിയാതെയായിത്തീർന്നു. ഉടനെ അതിശക്തമായി മഴയും തുടങ്ങി. പുഴയിൽ ഒഴുക്കും ഓളവും കലശലായി. വഞ്ചിയിൽ വെള്ളം നിറഞ്ഞു മുങ്ങുമെന്നുള്ള ഭീതിയായി. മരണഭയംനിമിത്തം എല്ലാവർക്കും വല്ലപ്രകാരവും കരയ്ക്കടുക്കണമെന്നു തോന്നിത്തുടങ്ങി. ഇരുട്ടുകൊണ്ടു കരയും കടവും കാണാനും പാടില്ല. ഒഴുക്കും ഓളവുംകൊണ്ട് ഊന്നിയാലും തുഴഞ്ഞാലും വഞ്ചി നേരേ പോകുന്നുമില്ല. ആകപ്പാടെ വലിയ കുഴപ്പത്തിലായിത്തീർന്നു എന്നുപറഞ്ഞാൽ മതിയല്ലോ. എന്തിനു വളരെ പറയുന്നു. കുറച്ചുസമയം കഴിഞ്ഞപ്പോൾ ഒരു വിധം വഞ്ചി ഒരു കരയിൽ ചെന്നടുത്തു. കരയ്ക്കിറങ്ങിയ ഉടനെ എല്ലാവരും നാനാഞ്ഞാലിച്ചു കിടുകിടാ വിറച്ചുകൊണ്ട് അടുക്കലുള്ള ഓരോ ഗൃഹങ്ങളിലേക്കു കയറിപ്പോയി. കൂട്ടുകാരെല്ലാം പിരിഞ്ഞു ഭട്ടതിരി തനിച്ചായി. കാറ്റും മഴയുംകൊണ്ടു തണുപ്പു സഹിക്കവഹിയാതെ വിറച്ചുകൊണ്ട് അദ്ദേഹവും ഇരുട്ടത്തു തപ്പിത്തപ്പി പുറപ്പെട്ടു. തൽക്കാലമുണ്ടായ ഇടിമിന്നലിന്റെ പ്രകാശംകൊണ്ടു കാണപ്പെട്ടതായ ഒരു വീട്ടിന്റെ തിണ്ണയിൽ അങ്ങിനെ ചെന്നു കയറി. മുണ്ടും മറവും പിഴിഞ്ഞു ധരിച്ചു കുറച്ചുസമയം അവിടെ ഇരുന്നു. അപ്പോൾ ഒരിടിമിന്നലുണ്ടായതിനാൽ ആ ഇറയത്ത് ഒരു കയറുകട്ടിലും പായും തലയിണയും ഇരിക്കുന്നതായി കണ്ടു. ഇതാരുടെയെങ്കിലുമാവട്ടെ, എടുത്തു കിടക്കുകതന്നെ എന്നു നിശ്ചയിച്ച് ആ കട്ടിലിൽ കയറിക്കിടപ്പുമായി. അത്താഴമുണ്ണായ്കകൊണ്ടും വഞ്ചികളിയാലുണ്ടായ അദ്ധ്വാനം നിമിത്തവും ഭട്ടതിരി വളരെ ക്ഷീണിച്ചിരുന്നതിനാൽ കിടന്ന ഉടനെ ഉറക്കവുമായി. ഭട്ടതിരി കിടന്നതായ ആ കട്ടിലും പായും ആ വീട്ടുടമസ്ഥൻതായിരുന്നു. അവൻ ഒരു മദ്യപൻ ആയിരുന്നതിനാൽ ഭാര്യയോടു കലഹിച്ച് അന്ന് എവിടെയോ പോയിരുന്നതിനാലാണ് അതൊഴിവായിരുന്നത്.

ഭട്ടതിരി ഉറക്കമായി കുറച്ചുസമയം കഴിഞ്ഞപ്പോൾ മഴ മാറി. മുമ്പിലുദിച്ചപ്പോലെ നിലാവും തെളിഞ്ഞു. ആ സമയം ഒരു സ്ത്രീ പുരയുടെ വാതിൽ തുറന്നു മൂത്രമോ മറ്റോ ആയി പുറത്തിറങ്ങി. അപ്പോൾ കട്ടിലിൽ ഒരാൾ കിടക്കുന്നതു കണ്ടു. അതു തന്റെ ഭർത്താവാണെന്നും,

Digitised By Kerala Sahitya Akademi

തിരിയേ വന്നപ്പോൾ രാത്രി അധികമായതിനാൽ വാതിൽക്കൽ ചെന്നു വിളിച്ചു കയറിപ്പോരുന്നതാണെന്നുള്ള വിചാരത്തിൽ ആ സ്ത്രീയും ഇദ്ദേഹത്തിന്റെ കൂടെപ്പോയിക്കിടന്നു. സ്ത്രീ വീട്ടുടമസ്ഥനെ ഭർത്താവായിട്ടുതന്നെ എന്നുള്ളതു പറയേണ്ടതില്ലല്ലോ. ഇതൊന്നു ബുദ്ധിമുട്ടി ഇദ്ദേഹത്തോടുകൂടി പുതപ്പാനൊരുമ്പിടാതെ വിചാരിച്ചുകൊണ്ടു കിടന്നിരുന്ന ഭട്ടതിരിക്ക് ഇവളുടെ സഹശയനം എറ്റവും സുഖകരമായി ഭവിച്ചു. തൽക്കാലം തന്റെ നിശ്ചയങ്ങളെക്കുറിച്ചാലോചിക്കുവാൻ ഒരുമ്പെടാതുമില്ല. പിറ്റെന്നാൾ, ഭട്ടതിരി തൽക്കാലത്തേക്ക് ആ സ്ത്രീയേ ഭാര്യയായി സ്വീകരിക്കയും ചെയ്തു. "പ്രായസ്സമാപന്ന വിചാരങ്ങൾക്കല്ല ധീരന്മാരുടെ പുംസാംഗലിനാ ഭവന്തി" എന്നുണ്ടല്ലോ.

സുഖാനുഭവങ്ങളിൽ എല്ലാം കഴിഞ്ഞതിന്റെശേഷം ഭട്ടതിരി നാലുപാടും നോക്കി സമയം അറിഞ്ഞിട്ട് ആ സ്ത്രീയോടു "നീ ആരാണ്, നിന്റെ ജാതിയെന്താണ്" എന്നൊക്കെ ചോദിച്ചു. ശബ്ദം കേട്ടപ്പോഴേ ആളെ മറിയാമെന്നു് അവൾക്കു മനസ്സിലായിട്ടുള്ളൂ. ഉടനെ പരിഭ്രമിച്ചു് എഴുന്നേറ്റു വന്ദിച്ചു് അടുക്കൽ നിന്നുകൊണ്ടു ലജ്ജാവനതമുഖിയായി മന്ദമായി കുറുങ്ങുന്നപോലെ അവൾ "അടിയൻ കണിയാട്ടിയാണു്. അറിയാതെ ചെയ്തുപോയ ഈ അപരാധത്തെ തിരുമനസ്സു ക്ഷമിക്കണം" എന്നപേക്ഷിച്ചു. ഇതു കേട്ടപ്പോഴേ ഭട്ടതിരിക്കു തന്റെ സ്ഥിതിയേക്കുറിച്ചു് ഓർമ്മവന്നുള്ളൂ. "ലിഖിതമഹി ലലാടേ പ്രോജ്ഝിതും കസ്സമർത്ഥഃ" എന്നു വിചാരിച്ചു ധൈര്യത്തോടുകൂടി അദ്ദേഹം പറഞ്ഞു. "ആട്ടെ, നീ ഇതുകൊണ്ടു് ഒട്ടും പരിഭ്രമിക്കയും വ്യസനിക്കയും വേണ്ട. ഇതു് ഒരു ഈശ്വരവിധിയാണു്. നീ ഇപ്പോൾ എങ്കൽനിന്നു ഗർഭം ധരിച്ചിരിക്കുന്നു. അതിയോഗ്യനായ ഒരു പുത്രൻ നിനക്കു ജനിക്കും. അവൻനിമിത്തം നിനക്കും നിന്റെ കുടുംബത്തിനും എല്ലാവിധ അഭ്യുദയവും സിദ്ധിക്കും. ഇതാ അരുണോദയമായിരിക്കുന്നു. ഞാൻ ഇനി ഇവിടെ താമസിക്കുന്നില്ല. ഈശ്വരേച്ഛയുണ്ടെങ്കിൽ ഇനിയൊരു കാലത്തു ഞാൻ ഇവിടെ വന്നു കണ്ടുകൊള്ളാം" എന്നും താൻ ആരാണെന്നുള്ള വിവരവും പറഞ്ഞതിന്റെ ശേഷം വെള്ളപ്പാൻ കാലത്തുതന്നെ ഭട്ടതിരി അവിടെനിന്നു പോവുകയുംചെയ്തു.

അതിന്റെശേഷം അദ്ദേഹം ശ്രീകാശി മുതലായ പുണ്യസ്ഥലങ്ങളിൽ സഞ്ചരിച്ചു് ഒടുക്കം പാണ്ഡ്യരാജ്യത്തു ചെന്നുചേർന്നു. പിന്നെ കുറഞ്ഞൊരുകാലം അവിടെ താമസിക്കയും അവിടേയും ഒരു ശൂദ്രസ്ത്രീയേ ഭാര്യയായി സ്വീകരിക്കയും അവളിലും ഒരു പുത്രൻ ജനിക്കയും ചെയ്തു. ആ പുത്രനെ അദ്ദേഹംതന്നെ യഥാക്രമം വിദ്യാഭ്യാസം ചെയ്യിക്കയും, വിശേഷിച്ചു ജ്യോതിശ്ശാസ്ത്രം ഉപദേശിക്കയുംചെയ്തു. ആ പുത്രനാണു് പ്രസിദ്ധനായ "ഉള്ളടയാൻ" എന്നു ചിലർ പറയുന്നു. ഉള്ളടയാൻ ഭട്ടതിരിയുടെ പുത്രനല്ല, ശിഷ്യനാണു് എന്നും ചിലർ പറയുന്നുണ്ടു്. എന്തെങ്കിലും ഭട്ടതിരി വളരേക്കാലം പരദേശങ്ങളിൽ താ

Digitised By Kerala Sahitya Akademi

ശസിച്ചതിന്റെശേഷം കാശിവാസിയുടെ വേഷമായിട്ടതന്നെ സ്വദേശ ത്തേക്കു പുറപ്പെട്ടു.

ഭട്ടതിരിയിൽനിന്നു ഗർഭം ധരിച്ച കണിയാട്ടി, പത്തുമാസം കഴി ഞ്ഞപ്പോൾ ഗർഭം പൂർണ്ണമായി പ്രകാശവും തേജോമയനും കോമളനുമായ ഒരു പുത്രനെ പ്രസവിച്ചു. യഥാകാലം ആ ബാലനെ വിദ്യാഭ്യാസം ചെയ്യിക്കയും, അവനാകട്ടെ ബുദ്ധിസാമർത്ഥ്യത്താൽ അവൻ ഒരു നല്ല വിദ്വാനും ജ്യോത്സ്യനുമായിത്തീരുകയും ചെയ്തു. ജാതകമെഴുത്തു, പ്രശ്നപ ഠനം മുതലായതിൽ അവൻ പിതൃതുല്യനായിത്തീർന്നു.

അങ്ങിനെയിരിക്കുന്ന കാലത്ത് ഒരു നമ്പൂരി, താൻ വിവാഹംചെ യ്തിരിക്കുന്ന അന്തർജ്ജനത്തിനു ഗർഭമുണ്ടായിരിക്കുമ്പോൾ യദൃച്ഛയാ കണി യാരെ കാണുന്നതിനു സംഗതിയായി. അപ്പോൾ "അന്തർജ്ജനം പ്രസ വിക്കുന്നത് ഉണ്ണിയോ പെണ്ണോ" എന്നു ചോദിച്ചു. ഉടനെ കണി യാർ "സ്ത്രീപ്രജയാണെന്നും, താമസിയാതെ ജാതകമെഴുതിത്തരാമെ ന്നും" പറഞ്ഞു. അപ്രകാരം ഒരു സ്ത്രീജാതകമെഴുതിക്കൊടുക്കയും, ആ ജാതകത്തിൽ പറഞ്ഞിരിക്കുന്ന സമയത്ത് അന്തർജ്ജനം പ്രസവിക്ക യും പെൺകുട്ടിതന്നെ ആയിരിക്കയും ചെയ്തതിനാൽ നമ്പൂരിക്കു നല്ല വിശ്വാസമായി. പിന്നെയും അന്തർജ്ജനത്തിനു ഗർഭമുണ്ടാകുന്ന സമയ മൊക്കെ കണിയാരെക്കണ്ടു പറകയും, പ്രസവിക്കുന്നതിനു മുമ്പുതന്നെ കണിയാർ ജാതകമെഴുതി കൊടുക്കയും എല്ലാം ഒത്തുവരികയും ചെയ്തു. അങ്ങിനെ നമ്പൂരിക്ക് ഒമ്പതു പെൺകിടാങ്ങളുണ്ടായി. അത്യന്തം ദരിദ്രനായ നമ്പൂരിക്ക് ഒമ്പതു പെൺകിടാങ്ങളെ അടുപ്പിച്ചുണ്ടാവുകയും ഒരു പുത്രൻ പോലും ഉണ്ടാകാതെയിരിക്കയും ചെയ്യുന്നതിൽ ഉണ്ടായ വ്യ സനം ഇത്രമാത്രമെന്ന് എങ്ങിനെ പറയുന്നു. പത്താമത്തും അന്തർജ്ജ നത്തിനു ഗർഭമായപ്പോൾ കണിയാരെപ്പോയിക്കണ്ടു വിവരം പറഞ്ഞു. അതും സ്ത്രീപ്രജതന്നെയാണെന്നു പറഞ്ഞു കണിയാർ പതിവുപോലെ ജാതകവും എഴുതിക്കൊടുത്തു. കണിയാർ പറഞ്ഞാൽ പിന്നെ കടുകി ടയ്ക്കു വ്യത്യാസം വരികയില്ലെന്നു നിശ്ചയമുള്ളതിനാൽ നമ്പൂരിക്കു വ്യ സനം സഹിക്കുവാറായാതെ ആയിത്തീർന്നു.

ഇപ്രകാരമിരിക്കുന്ന കാലത്തു യദൃച്ഛയാ ഒരു വഴിപോക്കൻ ഈ നമ്പൂരിയുടെ ഇല്ലത്തു വന്നു. ആ വഴിപോക്കൻ തെക്കൊട്ടശേരിൽ തെക്കൊട്ടനമ്പൂരിയായിരുന്നു എന്നാണ് കേട്ടിരിക്കുന്നതു്. അദ്ദേഹം എവിടെയോപോയി വരുംവഴി ഊണുകഴിച്ചുപോകാനായി അവിടെക്കേ റിയതാണു്. വഴിപോക്കൻനമ്പൂരിയേ കണ്ടയുടനേ ഗൃഹസ്ഥൻനമ്പൂരി യഥായോഗ്യം ആദരിച്ചു, "വേഗത്തിൽ കുളികഴിച്ചുവരാം, ഊണിന്നു് അധികം താമസമില്ല" എന്നു പറഞ്ഞു. ദാരിദ്ര്യം അതികഠിനമായിട്ടു ണ്ടെങ്കിലും ആ ഗൃഹസ്ഥൻനമ്പൂരി ഏറ്റവും ഔദാര്യമുള്ള ആളായി

Digitised By Kerala Sahitya Akademi

രുന്നു. വഴിപോക്കൻനമ്പൂരി കുളിയും തേവാരവും കഴിഞ്ഞുവന്നപ്പോ ഴേക്കും ഭക്ഷണം തയാറായിരുന്നു. രണ്ടുപേരും ഊണുംകഴിഞ്ഞു പുറത്ത ളത്തിൽപോയി മുക്കുകയും വത്തമാനങ്ങളും പറഞ്ഞിരിക്കുമ്പോൾ ഗൃഹസ്ഥ ൻനമ്പൂരി തന്റെ കഷ്ടാവസ്ഥകളെല്ലാം വഴിപോക്കൻനമ്പൂരിയെ പറ ഞ്ഞുകേൾപ്പിച്ചു. ഉടനെ വഴിപോക്കൻനമ്പൂരി "ആട്ടെ, ഇപ്പോൾ അ കായിലേക്ക ഗർഭം തികഞ്ഞമാസമായി" എന്നു ചോദിച്ചു. "നാളെപോയിട്ട് ഒരുമാസം കഴിഞ്ഞു" എന്നു ഗൃഹസ്ഥൻപറഞ്ഞു. "അതെയുള്ളോ എ ന്നാൽ ഈ പ്രാവശ്യത്തെത് ഒരു ഉണ്ണിയാകുമെന്നുമില്ല. എനിക്ക് ഒ രു നാല്പതുദിവസം ചിലവനതന്ന് ഇവിടെ താമസിപ്പിക്കാമെങ്കിൽ ഈ പ്രാവശ്യം പുരുഷപ്രജയെ പ്രസവിപ്പിക്കാമെന്നു" എന്നു വഴിപോക്കൻ പറഞ്ഞു. അപ്പോൾ ഗൃഹസ്ഥൻ "സ്ത്രീപ്രജയെന്നു കണിയാൻ ജാതക മെഴുതിഞ്ഞനിരിക്കുന്ന സ്ഥിതിക്ക് അതു മാറിച്ചുവരാൻ പ്രയാസമാണ്. കണിയാൻ സാമാന്യക്കാരനല്ല" എന്നുപറഞ്ഞു. "ആട്ടെ, അതൊക്കെ ശരിതന്നെ, എനിക്കു നാല്പതുദിവസം ഭക്ഷണംതന്ന് ഇവിടെ താമസി പ്പിക്കാമോ? എന്നാൽ കണിയാനല്ല, ബ്രഹ്മാവുതന്നെ പറഞ്ഞാലും ഞാ ൻ നിവൃത്തിയുണ്ടാക്കിക്കൊള്ളാം" എന്നു വഴിപോക്കൻ ഉറപ്പായി വീ ണ്ടും പറഞ്ഞപ്പോൾ അങ്ങിനെ ആവാമെന്നു ഗൃഹസ്ഥൻ സമ്മതിച്ചു. അതിന്റെശേഷം വഴിപോക്കൻനമ്പൂരി നാല്പതുദിവസം അവിടെ താമ സിച്ച് അന്തർജനത്തിനു പെറ്റു ജാതിച്ചുകൊടുത്തു. പ്രസവദിവസം ഞാ നും വരാം, കണിയാനോടും വരുത്തണം, ആരുപറഞ്ഞതാണ് ഒക്കുന്നതെ ന്നറിയാമല്ലോ, എന്നുപറഞ്ഞു വഴിപോക്കൻ നമ്പൂരി പോവുകയും ചെയ്തു.

അന്തർജനത്തിന്റെ പ്രസവദിവസം മുമ്പേ ആ നമ്പൂരി വീ ണ്ടും വന്നുചേർന്നു. അദ്ദേഹം ഇവിടെ വന്നിരിക്കുന്ന വിവരവും, അദ്ദേ ഹം പറഞ്ഞിട്ടുള്ളതും മറ്റും കണിയാനോടു പറയരുതെന്നും പറഞ്ഞ് അ ദ്ദേഹം പുറത്തുനിന്നുതന്നെ പുറത്തളത്തിൽ ഇരുന്നു. കണിയാൻ വിവര മൊന്നും അറിയാതെ പടിക്കലും വന്നിരുന്നു. അപ്പോൾ തന്നെ ഒരു കാ ശിവാസിയും അവിടെവന്നു മുറത്തിലിരുന്നു. ഉടനെ അന്തർജനത്തിനു പ്ര സവശുശ്രൂഷയും ആരംഭിച്ചു. അപ്പോൾ ഗൃഹസ്ഥൻനമ്പൂരി കണിയാനോ ട് "എന്താ കണിയാരേ! പെണ്ണുതന്നെയാണ് അല്ലേ?" എന്നു ചോദി ച്ചു. "അടിയൻ എഴുതിനോക്കിട്ടുള്ള ജാതകമൊന്നും ഇതുവരെ തെറ്റിട്ടി ല്ലല്ലോ. പിന്നെ എന്തിനു സംശയിക്കുന്നു. അങ്ങിനെതന്നെയാണ് ഇ ന്നും" എന്നു കണിയാൻ പറഞ്ഞപ്പോൾ കാശിവാസി "ഇതുവരെ തെ റ്റീട്ടില്ലെങ്കിലും ഈ പ്രാവശ്യം കുറച്ചു തെറ്റിപ്പോയി. അന്തർജനം പ്ര സവിക്കുന്നത് ഒരു ആൺകുട്ടിയേ ആണ്. സംശയമില്ല" എന്നുപറ ഞ്ഞു. "ഒരുനാളും അങ്ങിനെ വരുന്നതല്ല"ന്നു കണിയാനും വാദിച്ചു. ഇങ്ങിനെ അവർ വാദിച്ചുകൊണ്ടിരിക്കുമ്പോൾ അവിടെ ഒരു പാത്തു മി

Digitised By Kerala Sahitya Akademi

ന പ്രസവവേദനതുടങ്ങി പ്രസവിക്കാനുള്ള ഭാവമായി. അപ്പോൾ ഗൃഹ
സ്ഥനായ കണിയാർ "ആട്ടെ കണിയാരേ! എന്നാൽ ഈ പശു പ്രസവിക്കുന്ന
കിടാവ് എന്തായിരിക്കും" എന്നുചോദിച്ചു. ഉടനെ കണിയാർ "കാള
ക്കിടാവാണ്, നെറ്റിയിൽ ചാന്തുള്ളതായിരിക്കും" എന്നുപറഞ്ഞു.
അപ്പോൾ കാശിവാസി "നെറ്റിയിൽ ചാന്തല്ല. വാലിൽ കൊടിയാ
ണ്" എന്നുപറഞ്ഞു. "ആട്ടെ നമുക്കിപ്പോൾ അറിയാമല്ലൊ" എന്നാ
യി കണിയാൻ. കുറച്ചു സമയം കഴിഞ്ഞപ്പോൾ പശു പ്രസവിച്ചു. കിടാ
വു കാളയാണെങ്കിലും പെണ്ണിലും കാശിവാസി പറഞ്ഞതുപോലെ
വാലിൽ കൊടിയായിരുന്നു ഉണ്ടായിരുന്നത്. അപ്പോൾ കണിയാരുടെ
മനസ്സിൽ കുറച്ചു ലജ്ജയും, വിസ്മയവും, കാശിവാസിയെക്കുറിച്ചു ബഹു
മാനവും, അനഭിജ്ഞനം പ്രസവിക്കുന്നതു് ഉണ്ണിയായിത്തീർന്നേക്കുമോ എ
ന്നുള്ള വിചാരവും എല്ലാംകൂടി വലിയ പരിഭ്രമമായിത്തീർന്നു. ഉടനേ അ
നഭിജ്ഞനായ പ്രസവിച്ചു. ഉണ്ണിയായിരുന്നതിനാൽ കണിയാരുടെ മനോ
വികാരങ്ങൾ ദ്വിഗുണീഭവിച്ചു. താൻ ശാസ്ത്രപ്രകാരം പറഞ്ഞതു് എങ്ങി
നെ തെറ്റി എന്നു വിചാരിച്ചു കാശിവാസിയോടു ചോദിച്ചു. "ഹേ മഹാ
ത്മാവേ! ഇതെന്തുകൊണ്ടിങ്ങനെ വന്നതു? ഞാൻ ശാസ്ത്രപ്രകാരമാണല്ലൊ
രാഹുസംഗതികൾ പറഞ്ഞതു്. അതുരണ്ടും തെറ്റിപ്പോയല്ലൊ. ആ കിടാ
വിനു നെറ്റിയിൽ ചാന്തില്ലാതെയും വന്നു, ഇവിടെ പുരുഷപ്രജ ജനി
ക്കയും ചെയ്തു. ശാസ്ത്രം അബദ്ധമാണെന്നു വരുമോ?" ഇതു കേട്ടപ്പോൾ
കാശിവാസി "ശാസ്ത്രം അബദ്ധമെന്നു് ഒരിക്കലും വരുന്നതല്ല. ശാസ്ത്രം
ഗ്രഹിച്ചിരുന്നാലും സയുക്തികമായി ആലോചിക്കാതെയും മറ്റും പറ
ഞ്ഞാൽ ഇങ്ങിനെ തെറ്റിപ്പോകുമെന്നേ ഉള്ളു. ഇതുരണ്ടും നിന്റെ വി
ചാരക്കുറവുനിമിത്തം തെറ്റിയതാണ്" എന്നുപറഞ്ഞു. ഉടനേ കണി
യാൻ ഇതിന്റെ കാരണം വ്യക്തമായി പറഞ്ഞുകേട്ടാൽ കൊള്ളാമെന്നു
അപേക്ഷിച്ചതിനാൽ കാശിവാസി വീണ്ടുംപറഞ്ഞു. "ഗർഭമുണ്ടായി മൂന്നുമാ
സം കഴിയുന്നതിനുമുമ്പു വിചാരിച്ചാൽ പ്രജയേ സ്ത്രീയോ പുരുഷനോ ഏ
തെങ്കിലും ഇഷ്ടംപോലെ ആക്കിത്തീർക്കുന്നതിനു ബ്രാഹ്മണർക്കു ശക്തിയു
ണ്ടു്. അതു് അവരുടെ വിചാരത്തിന്റെ മാഹാത്മ്യമാണു്. അതിനാൽ ഗ
ർഭം മൂന്നുമാസം ആകാതെ ജാതകം ഒഴുതിക്കൊടുക്കരുതാത്തതാണു്. ഇവി
ടെ ഇപ്രകാരം രണ്ടുവിധത്തിലായാൽ ഇപ്പോൾ അകത്തിരിക്കുന്നുണ്ടു്. വീ
ണ്ടും നാലുമാസം വിചാരിക്കാതെ ആദ്യം ജാതകം ഗണിച്ചപ്പോൾ
കണ്ട ലക്ഷണം വിചാരിച്ചു തന്നെയാണു് ഇപ്പോഴും പറഞ്ഞതു്. രൽ
ക്ഷാലസ്ഥിതിയെക്കുറിച്ചു വിചാരിക്കാഞ്ഞതിനാൽ ഇങ്ങിനെ തെറ്റിപ്പോ
യതാണു്. പിന്നെ ആ കിടാവു ഗർഭത്തിൽ കിടന്നിരുന്നപ്പോൾ അതി
ന്റെ വാലു പുറത്തെ നെറ്റിയിലേക്കിരുന്നിരുന്നതിനാലാണു് നെറ്റിയി
ൽ ചാന്തുണ്ടെന്നും വിനക്കു തോന്നിയതു്. ഇതും ആലോചനക്കുറവുത
ന്നെ. കുറച്ചുകൂടി മനസ്സിരുത്തി ആലോചിച്ചിരുന്നെങ്കിൽ നിനക്കും ഇ

Digitised By Kerala Sahitya Akademi

തൊക്കെ അറിയാവുന്നതായിരുന്നു" ഇപ്രകാരം കാശിവാസിയുടെ വാക്കുകേട്ടപ്പോൾ ഇദ്ദേഹം തന്റെ അച്ഛനായ തലക്കുളത്തൂർ ഭട്ടതിരിതന്നെ ആയിരിക്കുമോ എന്ന സംശയംതോന്നുകയാൽ കണിയാൻ വിവരം ചോദിക്കുകയും അദ്ദേഹം അതിനസമ്മതിച്ചു തന്റെ വാസ്തവം പറകയും ചെയ്തു. ഭട്ടതിരിയെക്കുറിച്ചു പലരും വിശേഷിച്ചു തന്റെ അമ്മയും പറഞ്ഞു കണിയാൻ നല്ലപോലെ കേട്ടറിഞ്ഞിട്ടുണ്ടായിരുന്നു. അദ്ദേഹംതന്നെയാണു് ഈ കാശിവാസിയെന്നറിഞ്ഞപ്പോൾ കണിയാൻ പാദത്തിങ്കൽ വീണു നമസ്കരിച്ചു. അവരുടെ പിതൃപുത്രസംബന്ധത്തെ പരസ്പരം അറിഞ്ഞതിന്റെശേഷം രണ്ടുപേരുംകൂടി കണിയാന്റെ ഗൃഹത്തിലേക്കു പോയി. ഈ സംഗതിയുണ്ടായതു മൂവാറ്റുപുഴെ താലൂക്കിൽ പിറവത്തു പുളിമറ്റത്തുനമ്പൂരിയുടെ ഇല്ലത്തുവെച്ചാണെന്നാണു് കേട്ടിരിക്കുന്നതു്.

പിന്നെ അവർ രണ്ടുപേരുംകൂടി പോകുന്നവഴിയിൽവെച്ചു കണിയാർ "ഇന്നു നമുക്കു പാല്പായസം കിട്ടും" എന്നുപറഞ്ഞു. ഉടനെ കാശിവാസി "പാല്പായസമാണെങ്കിലും കുറിഞ്ഞതായിരിക്കുമല്ലൊ" എന്നുപറഞ്ഞു. അപ്രകാരംതന്നെ അവർക്കു് ഒരു നമ്പൂരി കുറേ പാല്പായസം കൊടുക്കുകയും അതു കുറിഞ്ഞതായിരിക്കുകയും ചെയ്തു. അപ്പോൾ കണിയാർ "ഇതെന്താണു് ഇന്നു ഞാൻ പറയുന്നതൊന്നും ശരിയാകാത്തതു്. ഞാൻ എല്ലാം ശാസ്ത്രപ്രകാരം ലക്ഷണംനോക്കിയാണല്ലൊ പറയുന്നതു്" എന്നുപറഞ്ഞു. ഉടനെ കാശിവാസി "ലക്ഷണം പറയുന്നതിനു ശാസ്ത്രം ഗ്രഹിച്ചാൽമാത്രം മതിയാവുകയില്ല. ഓരോന്നിനേക്കുറിച്ചും സൂക്ഷ്മമായും പൂർണ്ണമായും ആലോചിച്ചും ഗ്രഹിച്ചും യുക്തിയോടുകൂടി പറഞ്ഞെങ്കിൽ മാത്രമേ ശരിയായിരിക്കയുള്ളു" എന്നുപറഞ്ഞു. പിന്നെ അദ്ദേഹം ഓരോ സംഗതികളേക്കുറിച്ചും വിവരിച്ചു കണിയാക്കു മനസ്സിലാക്കിക്കൊടുത്തു. "നമ്പൂരി ആദ്യമായിട്ടു് അന്തർജ്ജനത്തിനു ഗർഭമുണ്ടെന്നു പ്രശ്നത്തിൽ ലക്ഷണംകൊണ്ടു് അതൊരു സ്ത്രീപ്രജയാണെന്നു നിശ്ചയിക്കാനല്ലാതെ മാറ്റില്ലായിരുന്നു. പിന്നീടു് ഒരു ബ്രാഹ്മണൻ ആ അന്തർജ്ജനത്തിനു് എന്തോ ജപിച്ചുകൊടുത്തു് ആ പ്രജയെ പുരുഷനാക്കിയതാണു്. നീ ആദ്യത്തെ ലക്ഷണത്തെ മാത്രം അടിസ്ഥാനമാക്കിയും പിന്നീടു നടന്ന സംഗതിയെക്കുറിച്ചു വിചാരിക്കാതെയും പറഞ്ഞതിനാലാണു് അതു തെറ്റിപ്പോയതു്. ആ കാളക്കിടാവു പശുവിന്റെ വയറ്റിൽ കിടന്നപ്പോൾ അതിന്റെ വാൽ വളഞ്ഞു നെറിയിലുണ്ടായിരുന്നതിനാലാണു് തെറ്റിയിൽ ചാത്താണെന്നു നിനക്കു തോന്നിയതു്. ആലോചനയും യുക്തിയും പോരാതെപോയതിനാലാണു് നിനക്കു് അതു തെറ്റിയതു്". ഇത്രയും കാശിവാസി പറഞ്ഞപ്പോൾ "പാല്പായസം കുറിഞ്ഞതായിരിക്കും എന്നെങ്ങിനെയറിഞ്ഞു?" എന്നുചോദിച്ചു. അപ്പോൾ കാശിവാസി "പാല്പായസം കിട്ടുമെന്നു നീ എങ്ങിനെ നിശ്ചയിച്ചു?" എന്നുചോദിച്ചു. ഉടനെ കണിയാർ "നമ്മൾ ഇങ്ങോട്ടു പോന്നപ്പോൾ നമ്മുടെ വലത്തു ഭാഗത്തായി

Digitised By Kerala Sahitya Akademi

ഒരു ചക്രവാകമിഥുനം വന്ന് ഒരു പാലുള്ള വൃക്ഷത്തിന്മേൽ ഇരുന്നതു കൊണ്ടാണ് ഞാനിത്ര വിശ്വസിച്ചത്" എന്നുപറഞ്ഞു. അപ്പോൾ കാശിവാസി "ആ ചക്രവാകമിഥുനം ഒരു ഉണങ്ങിയ കൊമ്പിന്മേലാണ് വന്നിരുന്നത്. അതിനാലാണ് പാല്പായസം കരിഞ്ഞതായിരിക്കുമെന്നു ഞാൻ വിശ്വസിച്ചത്. ഇങ്ങിനെ ഓരോ സംഗതിയുടേയും സൂക്ഷ്മംനോക്കിട്ടുവേണം ഒരു ലക്ഷണംപറയാൻ" എന്നുപറഞ്ഞു. കാശിവാസിക്കല്പം ഭ്രാന്തുണ്ടെന്നു വിചാരിച്ചു പിന്നീടു കണിയാരും ഓരോന്നും സൂക്ഷ്മംവരെ നോക്കിയും ആലോചിച്ചും പറഞ്ഞുതുടങ്ങുകയും എല്ലാം ശരിയായി ഒത്തു കണ്ടുതുടങ്ങുകയും ചെയ്തു.

പിന്നെ ജീവാവസാനംവരെ ഭട്ടതിരി ആ കണിയാന്റെ പടിപ്പുരയിൽതന്നെ താമസിക്കയും ജ്യോതിശ്ശാസ്ത്രസംബന്ധമായി അനേകസംഗതികൾ തന്റെ പുത്രനു് ഉപദേശിച്ചുകൊടുക്കയും ചെയ്തു. താൻ മരിച്ചാൽ ശവം ആ പടിപ്പുരയിൽതന്നെ സ്ഥാപിച്ചുകൊള്ളണമെന്നും, ആ സ്ഥലത്തിരുന്നു പ്രശ്നംവച്ചു പറയുന്നതെല്ലാം സൂക്ഷ്മമായിരിക്കുമെന്നും ഭട്ടതിരി ജീവിച്ചിരുന്നപ്പോൾതന്നെ പറഞ്ഞിരുന്നതുപോലെ അദ്ദേഹം മരിച്ചതിന്റെശേഷം ശവം ആ പടിപ്പുരയിൽതന്നെ സ്ഥാപിച്ചു. അതിന്റെശേഷം അവിടെയിരുന്നല്ലാതെ പ്രശ്നം വെക്കുകയില്ലെന്നു് ഏർപ്പാടുംചെയ്തു. ഇതിനാലാണ് പാഴൂർപടിപ്പുര പ്രശ്നത്തിനു വിശേഷവും പ്രസിദ്ധിയുമുണ്ടായിത്തീർന്നത്. ഈ പടിപ്പുരകൂടാതെ അവിടെ വേറെയും പടിപ്പുരയുണ്ട്. അതിനു മാഹാത്മ്യമുണ്ടാകുന്നതിനു വേറെ കാരണവുമുണ്ട്. അതും താഴെ പറഞ്ഞുകൊള്ളുന്നു.

പാഴൂർകണിയാരുടെ അവിടെ പടിപ്പുര മൂന്നുണ്ട്. അവയിൽ ഒന്നു കണിയാരുടെ വാസഗൃഹത്തിന്റെ തെക്കുവശത്തു നദീതീരത്താണ്. അവിടെവെച്ചാണ് ഭട്ടതിരിയും കണിയാട്ടിയാരുംകൂടി സഹശയനമുണ്ടായിട്ടുള്ളത്. ആ അത്ഭുതസംഗതിയുടെ സ്മാരകമായിട്ട് ആ സ്ഥലം ഇപ്പോഴും കെട്ടിസൂക്ഷിച്ച് ഇട്ടിരിക്കുന്നു എന്നല്ലാതെ ആ സ്ഥലത്തെ യാതൊരു കാര്യത്തിനും ഉപയോഗപ്പെടുത്താറില്ല. പിന്നെ രണ്ടു പടിപ്പുരകളുള്ളതു ഗൃഹത്തിന്റെ കിഴക്കുവശത്തു കിഴക്കും പടിഞ്ഞാറുമായി പടിപ്പുരസ്ഥാനത്തുതന്നെയാണ്. അവയിൽ പടിഞ്ഞാറുള്ള പടിപ്പുരയിലാണ് ഭട്ടതിരിയുടെ മൃതശരീരം സ്ഥാപിച്ചിട്ടുള്ളത്. കണിയാർ അവിടെയിരുന്നാണ് ഇന്നും താശിവെക്കുകയും ഒഴിവുകാണുകയും ചെയ്യുന്നത്. പ്രസിദ്ധമായ പടിപ്പുരയും അതുതന്നെയാണ്. പ്രശ്നത്തിന്റെ ഫലം പറയുന്നതിനു് ആ പടിപ്പുരയിലും അതിന്റെ കിഴക്കുവശത്തുള്ള പടിപ്പുരയിലുമിരിക്കാറുണ്ട്. സാക്ഷാൽ പടിപ്പുരയുടെ കിഴക്കുവശത്തുള്ള പടിപ്പുരയ്ക്കും മാഹാത്മ്യം ഒട്ടും കുറവില്ല. ആ പടിപ്പുരയ്ക്കു മാഹാത്മ്യമുണ്ടായതിന്റെ കാരണമാണ് ഇവിടെ പറയാൻപോകുന്നത്

Digitised By Kerala Sahitya Akademi

ഭട്ടതിരിയുടെ അനുഗ്രഹവും മാഹാത്മ്യവുംകൊണ്ടും ശാസ്ത്രജ്ഞതകൊണ്ടും പാഴൂർകണിയാൻ ഏറ്റവും പ്രസിദ്ധനായിത്തീർന്നതിനുശേഷം അവരൊന്നു പരീക്ഷിക്കണമെന്നു നിശ്ചയിച്ചു ബുധശുക്രന്മാർ ബ്രാഹ്മണവേഷം ധരിച്ചു കണിയാരുടെ അടുക്കൽ ചെന്നു. അവർ ചെന്നിരുന്നത് ആ കിഴക്കേ അറത്തുള്ള പടിപ്പുരയിലാണ്. രണ്ടു ബ്രാഹ്മണർ തന്നെക്കാണാനായി വന്നിരിക്കുന്നു എന്നു കേട്ടയുടനെ കണിയാർ പടിപ്പുരയ്ക്കൽച്ചെന്ന് ആദരപൂർവ്വം വന്ദിച്ച് ആഗമനകാരണത്തെ ചോദിച്ചു. അപ്പോൾ ബ്രാഹ്മണർ "ഇപ്പോൾ ബുധശുക്രന്മാർ ഏതു രാശിയിലാണെന്നറിഞ്ഞാൽ കൊള്ളാമെന്നു വിചാരിച്ചാണ് ഞങ്ങൾ വന്നത്" എന്നു പറഞ്ഞു. ഉടനെ കണിയാർ പഞ്ചാംഗമെടുത്തുനോക്കി, ഇന്നിന്ന രാശികളിലാണെന്നു പറഞ്ഞു.

ബ്രാഹ്മണർ—"അതുകൊണ്ടു മതിയായില്ല. ഗ്രഹങ്ങളെ ഗണിക്കാനും മറ്റും ഞങ്ങളും കുറേശ്ശ വശമാക്കീട്ടുണ്ട്. ഞങ്ങൾ ഗണിച്ചിട്ട് അങ്ങിനെയല്ല കണ്ടത്. അതിനാൽ കണിയാർ ഒന്നു ഗണിച്ചുനോക്കിത്തന്നെ പറയണം".

കണിയാർ— "ഗണിച്ചുനോക്കാനൊന്നുമില്ല. ഈ പഞ്ചാംഗം അടിയൻ സൂക്ഷ്മമായി ഗണിച്ചിട്ടുള്ളതാണ്".

ബ്രാഹ്മണർ—"ഈ പഞ്ചാംഗം അത്ര സൂക്ഷ്മമാണെന്നു ഞങ്ങൾക്കു തോന്നുന്നില്ല. കണിയാർ ഒന്നു ഗണിച്ചുനോക്കിത്തന്നെ പറയണം".

ഇങ്ങിനെ ബ്രാഹ്മണർ നിർബ്ബന്ധിച്ചതിനാൽ കണിയാർ ബുധശുക്രന്മാരെ ഗണിച്ചുനോക്കി. അപ്പോൾ പഞ്ചാംഗത്തിലുള്ളതുപോലെ അല്ല കണ്ടത്. ഉടനെ ബ്രാഹ്മണർ "പഞ്ചാംഗം ശരിയല്ലെന്നു ഞങ്ങൾ പറഞ്ഞതു് ഇപ്പോൾ സമ്മതമായില്ലെ? എന്നാൽ ഇപ്പോൾ ഗണിച്ചതും നല്ല ശരിയാണെന്നു തോന്നുന്നില്ല. കണിയാർ നല്ലപോലെ മനസ്സിരുത്തി ഒന്നുകൂടി ഗണിക്കണം" എന്നു പറഞ്ഞു. കണിയാർ വീണ്ടും ഗണിക്കാൻ തുടങ്ങി. അപ്പോൾ ബ്രാഹ്മണർ മുമ്പിരുന്നിരുന്ന സ്ഥലത്തുനിന്ന് ഒന്നു മാറിയിരുന്നു. കണിയാർ രണ്ടാമതു ഗണിച്ചപ്പോൾ പഞ്ചാംഗത്തിലുള്ളതുപോലെയും ആദ്യം ഗണിച്ചതുപോലെയുമല്ല കണ്ടത്. അപ്പോൾ ബ്രാഹ്മണർ "ഇതും ശരിയായില്ല. ഒന്നുകൂടി ഗണിക്കണം" എന്നു പറഞ്ഞു. ഇങ്ങിനെ കണിയാർ പലപ്രാവശ്യം ഗണിക്കുകയും ഗണിക്കാൻതുടങ്ങുമ്പോൾ ബ്രാഹ്മണർ മാറിമാറി ഇരിക്കുകയാൽ ബുധശുക്രന്മാരുടെ സ്ഥിതി മാറിമാറിക്കാണുകയും ചെയ്തു. ഇപ്രകാരം അനേകം തവണയായപ്പോൾ ഈ വന്നിരിക്കുന്നവർ കേവലം ബ്രാഹ്മണരല്ലെന്നും ബുധശുക്രന്മാർ തന്നെ പരീക്ഷിക്കാനായി വേഷം മാറി വന്നിരിക്കുകയാണെന്നും മനസ്സിലായിട്ട് കണിയാർ "അടിയന് ഒരു ഗ്ര

Digitised By Kerala Sahitya Akademi

നഥാ ഒന്നു നോക്കാനുണ്ട. അതു നോക്കി ഗണിച്ചാൽ ഒരിക്കലും തെറ്റുകില്ല. അതു വിശേഷപ്പെട്ട ഒരു ഗണിതശാസ്ത്രഗ്രന്ഥമാണ". അകത്തു ചെന്ന് അതുകൂടി എടുത്തുകൊണ്ടു വന്നിട്ട് ഇവിടെ ഗണിക്കാം. അതുവരെ തമ്പുരാക്കന്മാർ ഇവിടെ ഇരിക്കണം" എന്നു പറഞ്ഞു. അങ്ങിനെയാവട്ടെന്നു ബ്രാഹ്മണർ സമ്മതിച്ചപ്പോൾ വീണ്ടും കണിയാർ "അങ്ങിനെ കല്പിച്ചതുകൊണ്ടു മതിയായില്ല. ഇതിന്റെ തീച്ചയാകാതെ എഴുന്നെള്ളിക്കല്ലേഞ്ഞെങ്കിൽ അടിയനു വലിയ കുറച്ചിലായിട്ടു തീരും. അതിനാൽ തിരിച്ചുവന്നല്ലാതെ എഴുന്നെള്ളുകയില്ലെന്നു സത്യംചെയ്യണം" എന്നു പറഞ്ഞു. അപ്രകാരം ബ്രാഹ്മണർ സത്യംചെയ്യുകയും കണിയാർ അകത്തുചെന്ന് ഒരു തൊണ്ടെടുത്തു നിറച്ചു തന്നെത്താൻ വെടിവെച്ചു മരിക്കുകയും ചെയ്തു. കണിയാർ തിരിച്ചുവരാതെ പോകാൻ പാടില്ലാത്തതിനാൽ ബുധശുക്രന്മാർ ആ പടിപ്പുരയിൽത്തന്നെ ലയിക്കുകയും ചെയ്തു. അതിനാൽ ആ പടിപ്പുരയിൽ ബുധശുക്രന്മാരുടെ സാന്നിദ്ധ്യം ഇന്നും ഉണ്ടെന്നാണ് വിശ്വാസം. ഇപ്രകാരമാകുന്നു ആ പടിപ്പുരയ്ക്കും മാഹാത്മ്യം സിദ്ധിച്ചതു്.

൨൪. വില്വമംഗലത്തു സ്വാമിയാർ.

ഇന്നുശ്വരന്മാരെ മാംസചക്ഷുസ്സുകൊണ്ടു കാണാമായിരുന്ന ദിവ്യനായ വില്വമംഗലത്തു സ്വാമിയാരേക്കുറിച്ചു കേട്ടിട്ടില്ലാത്തവർ കേരളീയരിൽ അധികംപേരുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ഈ സ്വാമിയാർ നിമിത്തം കേരളത്തിൽ അനേകം ക്ഷേത്രങ്ങളും ഐതിഹ്യപ്പാട്ടുകളും ഉണ്ടായിട്ടുണ്ട്. അവയേക്കുറിച്ചു കേട്ടിട്ടില്ലാത്തവരും ചിലർ ഉണ്ടായിരിക്കാം. അങ്ങിനെയുള്ളവരുടെ അറിവിലേക്കായി ഇവിടെ അറിയുകിട്ടീട്ടുള്ള ചില സംഗതികൾ പറഞ്ഞുകൊള്ളുന്നു.

ഒരിക്കൽ ഒരു വൃശ്ചികമാസത്തിൽ കാർത്തികനാൾ വില്വമംഗലത്തു സ്വാമിയാർ തൃശ്ശിവപേരൂർ വടക്കുന്നാഥക്ഷേത്രത്തിൽ ദർശനത്തിനായിട്ടു ചെന്ന സമയം ഭഗവാനെ ശ്രീകോവിലിനകത്തു കാണാനില്ലായിരുന്നു. ഭഗവാനേക്കാണാതെ വന്ദിക്കുന്നതെങ്ങിനെയാണെന്നു വിചാരിച്ച സ്വാമിയാർ ഉടനെ ക്ഷേത്രത്തിൽ നിന്നു പുറത്തിറങ്ങി പ്രദക്ഷിണത്തിനായി ചെന്നപ്പോൾ ഭഗവാൻ തെക്കേ മതിലിന്മേൽ കേറി തെക്കോട്ടു തിരിഞ്ഞിരിക്കുന്നതായി കണ്ടു. ഉടനെ സ്വാമിയാർ അവിടെച്ചെന്നു വന്ദിച്ചിട്ട് "ഇതെന്താണു് ഇവിടെ എഴുന്നെള്ളിയിരിക്കുന്നത്?" എന്നു ചോദിച്ചു. അപ്പോൾ ഭഗവാൻ "നമ്മുടെ പ്രിയതമയായ 'കുമാരനല്ലൂർ കുത്ത്യാ'യിനി' കുളിയും കഴിഞ്ഞു വരുന്ന ആഡംബരവും ഐശ്വര്യവും കാണുന്നതിനായിട്ടിവിടെ വന്നിരുന്നതാണു്" എന്നരു

Digitised By Kerala Sahitya Akademi

ളിച്ചെയ്യു. (ഉത്സവത്തിന്റെ അവസാനദിവസം എല്ലാ സ്ഥലങ്ങളിലും മുഖ്യത്തുപോലെ ആറാട്ടു രാത്രിയില്ലാണെങ്കിലും കുമാരനല്ലൂരുത്സവത്തിൽ എല്ലാദിവസവും രാവിലെ ഒരാറാട്ടും ആറാട്ടു കഴിഞ്ഞു കേറുമായിട്ടുള്ള എഴുന്നെള്ളത്തും പതിവുണ്ട്. അതിന്റെ പ്രാധാന്യവും കേമത്തവും ഒമ്പതാമുത്സവദിവസമായ കാർത്തികനാൾ അധികമുണ്ട്) അന്നു മുതൽ ആണ്ടുതോറും വൃശ്ചികമാസത്തിൽ കാർത്തികനാൾ തൃശ്ശിവപേരൂർ വടക്കുന്നാഥനു രാവിലെ ഒരു പൂജ തെറ്റുമെതിലിന്മേൽ വെച്ചു പതിവായി. ആണ്ടുതോറും ഭഗവാൻ കാർത്തികനാൾ കുമാരനല്ലൂർ ഭഗവതിയുടെ എഴുന്നെള്ളത്തു കാണുന്നതിനായിട്ട് ആ മതിലിന്മേൽ എഴുന്നെള്ളിയിരിക്കുമെന്നാണ് സങ്കല്പം. ഈ സംഗതി ജനങ്ങൾ അറിയുന്നതിനും മറവും കാരണഭൂതൻ ഈ സ്വാമിയാരാണെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ.

ഒരഷ്ടമിനാൾ വില്വമംഗലത്തു സ്വാമിയാർ വൈക്കത്തു ക്ഷേത്രത്തിൽ ദർശനത്തിനായി ചെന്നസമയം അമ്പലത്തിനകത്തുവിറച്ചു ബ്രാഹ്മണർ ഊണുകഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. എങ്കിലും സ്വാമിയാർ അകത്തു കടന്നു നടയിൽ ചെന്നപ്പോൾ ഭഗവാനേ ശ്രീകോവിലിനകത്തു കാണ്മാനില്ലായിരുന്നു. ഇതെന്താണിങ്ങിനെ വരാൻ എന്നു വിചാരിച്ചുകൊണ്ടു സ്വാമിയാർ അമ്പലത്തിലെല്ലാം സൂക്ഷിച്ചുനോക്കിയപ്പോൾ ഭഗവാൻ ഒരു വൃദ്ധബ്രാഹ്മണന്റെ വേഷമായിട്ടു വടക്കേച്ചുറ്റമ്പലത്തിൽ ഒരു തൂണിന്റെ ചുവട്ടിലിരുന്നു സദ്യയുണ്ണുന്നതായി കണ്ടു. ഭഗവാൻ വേഷച്ഛന്നനായിരുന്നെങ്കിലും സ്വാമിയാർ ദിവ്യനായതുകൊണ്ടു കണ്ടമാത്രയിൽത്തന്നെ അദ്ദേഹത്തിനു മനസ്സിലായി. ഉടനെ സ്വാമിയാർ അവിടെച്ചെന്നു ഭഗവാനെ വന്ദിക്കുകയും വിവരം ജനങ്ങളറിയിക്കുകയും ചെയ്തു. അന്നു മുതൽ വൈക്കത്തു ക്ഷേത്രത്തിൽ നടയുള്ളദിവസങ്ങളിലെല്ലാം ആ തൂണിന്റെ അടുക്കൽ ഭഗവാനെ സങ്കല്പിച്ചു ഒരിലവെച്ചു സകലവിഭവങ്ങളും വാളമ്പുകപതിവുണ്ടു. വൈക്കത്തഷ്ടമിക്കു വടക്കേച്ചുറ്റിലിരുന്നു ഊണു കഴിക്കുക വളരെ മുഖ്യമായിട്ടുള്ളതാണെന്നു ബ്രാഹ്മണക്കു ഒരു വിശ്വാസം ജനിക്കുകയും ചെയ്തു.

ഇപ്രകാരം തന്നെ വില്വമംഗലത്തു സ്വാമിയാർ സ്വാമിദർശനത്തിനായി ഒരുത്സവകാലത്തു് അമ്പലപ്പുഴെക്കുപുറപ്പെടുകയുണ്ടായി. അവിടെയും സ്വാമിയാർ അമ്പലത്തിൽചെന്നപ്പോൾ ഭഗവാൻ ശ്രീകോവിലിനകത്തില്ലായിരുന്നു. സ്വാമിയാർ പ്രദക്ഷിണമായി ചെന്നപ്പോൾ ഭഗവാൻ ഒരു പട്ടരുടെ വേഷമായിട്ടു നാടകശാലയിൽ ഭാരതന്മാരുടെ സദ്യയ്ക്കു വിളമ്പിക്കൊണ്ടു നിൽക്കുന്നതായി കണ്ടു. ഉടനെ സ്വാമിയാർ അവിടെച്ചെന്നു വന്ദിച്ചിട്ടു, "ഇവിടെ വെക്കാനും വിളമ്പാനുമൊക്കെ ധാരാളമാളുകളുണ്ടല്ലോ. പിന്നെ അവിടുന്നു കൂടി ഇങ്ങിനെ കഷ്ടപ്പെ

Digitised By Kerala Sahitya Akademi

ടുന്നതെന്തിനാണ്?" എന്നു ചോദിച്ചു. അപ്പോൾ ഭഗവാൻ "ഇവർ (മാധവന്മാർ) നമ്മുടെ ഉത്സവം ഭംഗിയാക്കാനായിട്ടു വളരെ അദ്ധ്വാനം ചെയ്യുന്നവരാണ്. ഇവർക്കു തൃപ്തിയാകുംവണ്ണം ഭക്ഷണം കൊടുക്കുകയെന്നുള്ളതു നമുക്കു വളരെ സന്തോഷകരമായിട്ടുള്ളതാണ്. ആണ്ടുതോറും ഇവരുടെ സന്തുഷ്ടി വിചാരിപ്പാൻ നാം കൂടെ വരിക പതിവുണ്ട്" എന്നു തുടങ്ങിച്ചൊല്ലി. അന്നു മുതലാണ് അമ്പലപ്പുഴയുത്സവത്തിൽ നാടകശാലയിൽ മാധവന്മാരുടെ സന്തുഷ്ടി ഇത്ര പ്രാധാന്യംസിദ്ധിച്ചതു്. മാധവന്മാരുടെ സന്തുഷ്ടിസമയത്തു ഭഗവാൻഅവിടെ എഴുന്നെള്ളുന്നുണ്ടെന്നുതന്നെയാണ് ഇപ്പോഴുള്ള വിശ്വാസം.

ഇങ്ങിനെ വില്വമംഗലത്തു സ്വാമിയാരെ സംബന്ധിച്ചു് അനേകം കഥകളുണ്ട്. തിരുവനന്തപുരം, തിരുവാറ്റു മുതലായ ക്ഷേത്രങ്ങൾ ഉണ്ടാകുവാനുള്ള കാരണംതന്നെ വില്വമംഗലത്തു സ്വാമിയാരാണെന്ന് ആ പിടങ്ങളിലെ സ്ഥലപുരാണങ്ങൾകൊണ്ടു പ്രസിദ്ധമാണല്ലോ. ചേത്തലെ കാർത്ത്യായിനിയും വില്വമംഗലത്തു സ്വാമിയാരുടെ പ്രതിഷ്ഠയാണെന്നാണ് കേട്ടിരിക്കുന്നതു്. ഒരിക്കൽ സ്വാമിയാർ എവിടെയോ പോകുന്നതിനായി കരമാർഗ്ഗം ചേർത്തലവഴി പുറപ്പെട്ടു. അങ്ങിനെ പോകുമ്പോൾ അവിടെ ഒരു വനപ്രദേശത്തു് ഏഴു കന്യകമാർ കൂടിച്ചേർന്നിരിക്കുന്നതായിക്കണ്ടു. ഈ കന്യകമാരെ കണ്ടപ്പോൾത്തന്നെ ഇവർ കേവലം മാനുഷികളെല്ലെന്നും ദിവ്യസ്ത്രീകളാണെന്നും തോന്നുകയാൽ സ്വാമിയാർ അടുത്തുചെന്നു. ഉടനെ അവർ ഏഴുപേരും അവിടെനിന്നു് ഓടിത്തുടങ്ങി. സ്വാമിയാരും പിന്നാലെ ഓടി. കന്യകമാർ ഏഴുപേരും ഓടിച്ചെന്ന ഓരോ കുളത്തിൽ ചാടി. സ്വാമിയാരും പിന്നാലെ ചാടി. ഓരോരുത്തരെപ്പിടിച്ചു് ഓരോസ്ഥലത്തിരുത്തി. ഒടുക്കം ഏഴാമത്തെ കന്യക ചാടിയതു് ഒരു ചേറുള്ള കുളത്തിലായിരുന്നതിനാൽ ആ കന്യകയുടെ തലയിലൊക്കെ ചേറായി. ആ കന്യകയേ സ്വാമിയാർ പിടിച്ചിട്ടു ചെല്ലാതെ കുറെ ബലപ്രയോഗിച്ചുനിന്നു. ഒടുക്കം സ്വാമിയാർ "എടീ ചേറിൽത്തുടയായോടീ! പു . ടീ! ഇവിടെ ഇരിക്കൂ" എന്നുപറഞ്ഞുകൊണ്ടു് ആ കന്യകയേയും പിടിച്ചുകേറി അവിടെയിരുത്തി. ചേറിൽ തലയായതുകൊണ്ടു 'ചേർത്തലഭഗവതി' എന്നു് ആ ഭഗവതിക്കും 'ചേർത്തല' എന്നു് ആ ദേശത്തിനും നാമം സിദ്ധിച്ചു. ഇങ്ങിനെ ചേർത്തലെ വില്വമംഗലത്തു സ്വാമിയാരാൽ പ്രതിഷ്ഠിക്കപ്പെട്ട ഏഴു ഭഗവതികൾ ഉണ്ടായിതീരുകയും ചെയ്തു. അതിൽ ഏഴാമതായി പ്രതിഷ്ഠിക്കപ്പെട്ട ദേവിയാണ് പ്രസിദ്ധപ്പെട്ട സാക്ഷാൽ ചേർത്തലെ കാർത്ത്യായിനി. പ്രതിഷ്ഠാസമയത്തു സ്വാമിയാർ പുംശ്ചലി (പു . . ടി) എന്ന അസഭ്യവാക്കു പറഞ്ഞുകൊണ്ടു പ്രതിഷ്ഠിച്ചതിനാലാണ് ഇന്നും ആ ദേവിക്കു് അസഭ്യങ്ങളായ പാട്ടുകളും ശകാരങ്ങളുമൊക്കെ സന്തോഷകരങ്ങളായിരിക്കുന്നതു് ചേർത്തലെ വൃത്താന്തത്തിന്റെ പാട്ടുകളും പ്രസിദ്ധങ്ങളാണല്ലോ.

Digitised By Kerala Sahitya Akademi

ഇങ്ങിനെ വില്വമംഗലത്തു സ്വാമിയാരുടെ അത്ഭുതകർമ്മങ്ങളും അദ്ദേഹത്തെ സംബന്ധിച്ച കഥകളും വളരെയുണ്ട്. ഇവയെല്ലാം വാസ്തവത്തിൽ നടന്നവയാണെങ്കിൽ ഈ കഥകൾക്കെല്ലാം വിഷയീഭൂതനായ സ്വാമിയാർ ഒരാൾതന്നെയല്ലെന്നോ അനേകം വില്വമംഗലത്തു സ്വാമിയാന്മാരുണ്ടായിരുന്നു എന്നോ അഥവാ ഒരാൾതന്നെ ആയിരുന്നു എങ്കിൽ അദ്ദേഹത്തിന്റെ ജീവിതകാലം ഒരു മനുഷ്യായുഷ്കാലത്തിൽ വളരെ കൂടുതലായിരുന്നു എന്നോ വിചാരിക്കേണ്ടിവരുന്നു. എന്തെന്നാൽ തിരുവനന്തപുരം, തിരുവാപ്പ്, ഏറ്റുമാനൂർ, ചേർത്തല മുതലായ സ്ഥലങ്ങളിലായി അനേകം ക്ഷേത്രങ്ങൾ ഉണ്ടാകുന്നതിനു കാരണഭൂതൻ ഈ ഒരു സ്വാമിയാർതന്നെ ആയിരിക്കണമെങ്കിൽ ഈ ക്ഷേത്രങ്ങളെല്ലാം ഉണ്ടായ കാലങ്ങൾക്ക് ഏറിയാൽ ഒരു നൂറുകൊല്ലങ്ങളിലധികം അന്തരം വരാൻ പാടില്ലല്ലൊ. അപ്രകാരം തന്നെ തൃപ്പൂണിത്തുറയപ്പൻ, തലക്കുളത്തൂർ ഭട്ടതിരി മുതലായി അനേകം മഹാന്മാരുടെ കാലത്തെല്ലാം വില്വമംഗലത്തു സ്വാമിയാരും ഉണ്ടായിരുന്നതായി അനേകം കഥകളുണ്ട്. ഇവയും വാസ്തവമായിരിക്കണമെങ്കിൽ ഈ മഹാന്മാരുടെ ജീവിതകാലവും ഏകദേശം ഒന്നായിരിക്കണമല്ലൊ. ചരിത്രപ്രകാരം കാലങ്ങൾക്കു വളരെ അന്തരമുള്ളതായിട്ടാണ് കാണുന്നത്. ഇതിന്റെ വാസ്തവം അറിവുള്ളവർ വല്ല പത്രമുഖേനയും പ്രസ്താവിച്ചാൽകൊള്ളാം.

൯. കാക്കശ്ശേരിഭട്ടതിരി.

കോഴിക്കോട്ടു (മാനവിക്രമൻ) ശക്തൻതമ്പുരാന്റെ കാലത്തു കാശ്യാദശാസ്ത്രപുരാണതത്പരന്മാരായ മഹാബ്രാഹ്മണരുടെ ഒരു യോഗം ആണ്ടിലൊരിക്കൽ അവിടെ കൂടണമെന്ന് ഒരേർപ്പാടുണ്ടാക്കിയിരുന്നു. ആ യോഗം കോഴിക്കോട്ടു തളിയിൽക്ഷേത്രത്തിലാണ് കൂടുക പതിവ്. ബ്രാഹ്മണർ അവിടെ കൂടിയാൽ വേദം ശാസ്ത്രം പുരാണം മുതലായവയെക്കുറിച്ചു വാദം നടത്തുകയും വാദത്തിൽ ജയിക്കുന്നവർക്കു സംഭാവനയായി ഓരോ പണക്കിഴി തമ്പുരാൻ കൊടുക്കുകയും പതിവായിരുന്നു. വേദശാസ്ത്രപുരാണങ്ങളുടെ ഓരോ ഭാഗങ്ങളെ വേർതിരിച്ചു നാലായിട്ടു വിഭജിച്ചു അവയിൽ ഓരോ ഭാഗങ്ങൾക്കും പ്രത്യേകം പ്രത്യേകം വാദവും അവയ്ക്കെല്ലാം ഓരോ പണക്കിഴിയുമാണ് പതിവ്. അതുകൂടാതെ നാലാമതായുള്ള വ്യാഖ്യാനഗ്രന്ഥങ്ങൾക്ക് ഒരു കിഴി വിശേഷിച്ചും പതിവുണ്ട്

ഇങ്ങിനെ കുറഞ്ഞതാതു കാലം കഴിഞ്ഞപ്പോൾ മലയാളബ്രാഹ്മണരിൽ എല്ലാവേദങ്ങളും എല്ലാ ശാസ്ത്രങ്ങളും മറ്റും അറിയാവുന്ന യോഗ്യന്മാർ കുറഞ്ഞു തുടങ്ങുകയും തമ്പുരാന്റെ ഈ വിവാദശാസ്ത്രപ്രസിദ്ധമാകയാൽ പരദേശങ്ങളിൽനിന്നു യോഗ്യന്മാരായബ്രാഹ്മണർ

Digitised By Kerala Sahitya Akademi

ഈ യോഗത്തിൽ കൂടുന്നതിനായി ഇങ്ങോട്ടുവന്നു തുടങ്ങുകയും ചെയ്തു. അങ്ങിനെ മലയാളബ്രാഹ്മണരും പരദേശബ്രാഹ്മണരും കൂടി ആ നൂറെമ്പതു കിഴിയും കുറച്ചു കാലത്തേക്കു വാങ്ങി വന്നു. പിന്നെയും കുറച്ചുകാലം കൂടി കഴിഞ്ഞപ്പോൾ വാദത്തിൽ ജയിച്ചു കിഴിവാങ്ങാൻ തക്ക യോഗ്യതയുള്ളവർ മലയാളബ്രാഹ്മണരിൽ ആരുമില്ലാതെയായി.

അങ്ങിനെയിരിക്കുന്ന കാലത്തു സർവ്വജ്ഞനായി, വാഗ്മിശനായി, കവികുലശിഖാമണിയായി "ഉദ്ദണ്ഡൻ" എന്ന നാമത്തോടു കൂടിയ ഒരു ശാസ്ത്രിബ്രാഹ്മണൻ ഈ സഭയിൽ ചെന്നു വാദം നടത്താനായി പരദേശത്തുനിന്നു വന്നു. അദ്ദേഹം വളരെ അറിവുള്ള ആളായിരുന്നു. എങ്കിലും അത്യന്തം ഗർവ്വിഷ്ഠനുമായിരുന്നു. അദ്ദേഹം കേരളദേശത്തേക്കു കടന്നു വന്നതുതന്നെ

"പലായദ്ധ്വം പലായദ്ധ്വം രേ രേ ദുഷ്ടവികുഞ്ജരാഃ
ഘോരാന്തരവനസഞ്ചാരീ ഹന്ത്യായാത്യു ദ്ദണ്ഡകേസരീ"

എന്നൊരു ശ്ലോകം ചൊല്ലിക്കൊണ്ടാണു്. ഇതിന്റെ അർത്ഥം— അല്ലയോ അല്ലയോ ദുഷ്ടവികളാകുന്ന ആനകളേ! നിങ്ങൾ ഓടിക്കൊൾവിൻ ഓടിക്കൊൾവിൻ; എന്തെന്നാൽ ഘോരാന്തരമാകുന്ന വനത്തിൽ സഞ്ചരിക്കുന്ന ഉദ്ദണ്ഡനാകുന്ന സിംഹം ഇതാ വരുന്നു— എന്നാകുന്നു. ഇദ്ദേഹം സഭയിൽ വന്നു സകല വിഷയത്തിലും വാദിച്ചു. മലയാളികളും പരദേശികളുമായ സകല യോഗ്യന്മാരേയും ജയിച്ചു കിഴികളെല്ലാം വാങ്ങി. ഇദ്ദേഹത്തിന്റെ ഇപ്രകാരമുള്ള യോഗ്യത കണ്ടപ്പോൾ രാജാവിനു വളരെ ബഹുമാനം തോന്നുകയാൽ ശാസ്ത്രികളെ തന്റെ കൂടെത്തന്നെ സ്ഥിരമായി താമസിപ്പിച്ചു. ആണ്ടുതോറും ശാസ്ത്രികൾ എല്ലാവരേയും ജയിച്ചു കിഴികളെല്ലാം വാങ്ങിയും വന്നു.

ഇപ്രകാരമായപ്പോൾ മലയാളബ്രാഹ്മണർക്കെല്ലാം വളരെ ലജ്ജയും വ്യസനവുമായിത്തീർന്നു. തങ്ങളുടെ കൂട്ടത്തിൽ യോഗ്യന്മാരില്ലാതെയായിട്ടാണല്ലോ പരദേശത്തുനിന്നു് ഒരാൾ വന്നു് ഈ രാജസംഭാവനകളെല്ലാം വാങ്ങുകയും എപ്പോഴും ബഹുമതിയോടു കൂടി രാജസന്നിധിയിൽ താമസിക്കുകയും ചെയ്യുന്നതിടയായതു് എന്നു വിചാരിച്ചു് ഇതിലേക്കു് ഒരു നിവൃത്തിമാർഗ്ഗം ആലോചിച്ചു നിശ്ചയിക്കുന്നതിനായി മലയാളബ്രാഹ്മണരിൽ പ്രധാനന്മാരായിട്ടുള്ളവരെല്ലാം കൂടെ ഗുരുവായൂർ ക്ഷേത്രത്തിൽകൂടി. പിന്നെ അവർ എല്ലാവരും കൂടി അവരുടെ കൂട്ടത്തിൽ, ഉദ്ദണ്ഡശാസ്ത്രികളെ ജയിക്കുവാൻ തക്ക യോഗ്യതയുള്ള ഒരാൾ ഉണ്ടാകുന്നതിനു് ഒരു മാർഗ്ഗം ആലോചിച്ചു നിശ്ചയിച്ചു. അന്നു കാഞ്ഞിരിട്ടത്തിരിയുടെ ഇല്ലത്തു് ഒരന്തർജ്ജനത്തിനു ഗർഭശങ്കയുള്ള വിവരം അറിഞ്ഞു് അവർ എല്ലാവരും കൂടി ഒരു ദിവ്യമന്ത്രം (ബാല)കൊണ്ടു ചെണ്ണ ജപിച്ചു് ആ അന്തർജ്ജനം [illegible]

Digitised By Kerala Sahitya Akademi

ന്തി ഗുരുവായൂരപ്പനെ പ്രാർത്ഥിക്കയും ചെയ്തുകൊണ്ടിരുന്നു. അങ്ങിനെ മന്ത്രശക്തിയോടും ഈശ്വരാനുഗ്രഹത്തോടുകൂടി ആ അനുഷ്ഠാനം പ്രസവിച്ച് ഒരു പുരുഷപ്രജയുണ്ടായി. ആ ശിശുവാണ് കാക്കശ്ശേരിഭട്ടതിരി യെന്ന ലോകപ്രസിദ്ധമായ നാമധേയത്തിനു വിഷയമായിത്തീർന്നതെന്നു പ്രത്യേകം വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

കാക്കശ്ശേരിഭട്ടതിരി ബാല്യത്തിൽതന്നെ അത്യന്തം ബുദ്ധിമാനായിരുന്നു. അദ്ദേഹത്തിനു മൂന്നുവയസ്സായപ്പോൾ അച്ഛൻ മരിച്ചു. പിന്നെ ഒരു സംവത്സരം ഭിക്ഷാടനമില്ലാ. ഭിക്ഷക്കാലത്തു ബലിയിട്ടു പിണ്ഡം കൊണ്ടുചെന്നു വെച്ചു കൈകൊട്ടുമ്പോൾ പിണ്ഡം കൊത്തിത്തിന്നുവാനായി വരുന്ന കാക്കകളെ കണ്ടാൽ തലേദിവസം വന്നിരുന്നവയെന്നും അല്ലാത്തവയെയും പ്രത്യേകം മനസ്സിലാക്കിക്കൊണ്ട് ആ ബ്രാഹ്മണശിശു തന്റെ അമ്മയോടു പറയുക പതിവായിരുന്നു. അദ്ദേഹത്തിനു "കാക്കശ്ശേരി" എന്നു പേരു സിദ്ധിച്ചതുതന്നെ ഇതുനിമിത്തമാണ്. അതിനു മുമ്പ് ഇല്ലപ്പേരു വേറേ വല്ലതുമുണ്ടായിരുന്നു. ഒരിക്കൽ കണ്ട കാക്കയെ വീണ്ടും കണ്ടാൽ അറിയുവാൻ സാധാരണ മനുഷ്യർക്കു കഴിയുന്നതല്ലല്ലോ. ഈ ശിശുവിനു് അതു സുകരമായിരുന്നതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ബുദ്ധിയുടെ സൂക്ഷ്മത എത്രമാത്രമായിരുന്നു എന്നു സ്പഷ്ടമാകുന്നു.

ബ്രാഹ്മണർക്കു സാധാരണയായുള്ള ഉപനയനത്തിനുശേഷം കുറച്ചധികം വയസ്സിലെന്നാണ് വെച്ചിരിക്കുന്നതു്. "ഏഴുവയസ്സിനുമുമ്പു പഠിയ്ക്കരുതു് പ്രാണനാശമുണ്ടാകും" എന്നും ശാസ്ത്രമുണ്ട്. ഈ പറഞ്ഞവനംകഴിഞ്ഞാൽ നിത്യകർമ്മാനുഷ്ഠാനങ്ങൾകൂടി ശരിയാംവണ്ണം പഠിക്കുകയും വേദാദ്ധ്യയനം ചെയ്യുകയും വേണ്ടതാകയാൽ കുറഞ്ഞതു പ്രായംകൂടി വരണമല്ലോ എന്നു വിചാരിച്ചായിരിക്കാം അങ്ങിനെ വെച്ചിരിക്കുന്നത്. എന്നാൽ കുശാഗ്രബുദ്ധിയായിരുന്ന കാക്കശ്ശേരി ഉദ്ദിഷ്ടമായ മൂന്നാമത്തെവയസ്സിൽ എഴുത്തിനിരുത്തുകയും അഞ്ചാമത്തെവയസ്സിൽ ഉപനയനം ചെയ്കയുംചെയ്തു. അദ്ദേഹത്തിന് അതായതുകാലത്തു പഠിയ്ക്കേണ്ടതിനെ പഠിക്കുവാൻ യാതൊരു പ്രയാസവും ഉണ്ടായില്ല. അദ്ദേഹത്തിന്റെ ബാല്യകാലത്തിലെ ബുദ്ധിയുടെ മാഹാത്മ്യത്തിനേയും ശക്തിയുടെയും വൈശിഷ്ട്യത്തിനേയും ലക്ഷ്യമായി ഒരു സംഗതികൂടി പറയാം.

കാക്കശ്ശേരിഭട്ടതിരിയുടെ ബാല്യംമുതൽതന്നെ അദ്ദേഹത്തിനു അടുക്കളയുള്ള "തൃക്കൊറ്റിയൂർ" ഭഗവതിക്ഷേത്രത്തിൽ ദിവസംതോറും തൊഴിയിക്കാൻ കൊണ്ടുപോകുക പതിവുണ്ടായിരുന്നു. ആ പതിവിനു പ്രകാരം ഒരുദിവസം ഒരു ഭൃത്യനോടുകൂടി പോയി തൊഴുത തിരിച്ചുവരുന്നേരം വഴിയിൽ വെച്ച് അദ്ദേഹം "എവിടെ പോയിരുന്നു" എന്നു ചോദിച്ചു. അപ്പോൾ അഞ്ചുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഈ ഉണ്ണി "ഞാൻ ഭഗവതിയെ തൊഴാൻപോയിരുന്നു" എന്നുത്തരം പറഞ്ഞതു. അപ്പോൾ അദ്ദേഹം

Digitised By Kerala Sahitya Akademi

"എന്ട്ട ഭഗവതി എന്തു പറഞ്ഞു" എന്നു വീണ്ടും ചോദിച്ചു. ഉടനെ ഉണ്ണി

"യോഗിമാർ സതതം പൊത്തും തുമ്പത്തതള്ളുമാരഹോ!
നാഴിയിൽപ്പാതിയാടീല പലാകാശന വാ ന വാ"

എന്നൊരു ശ്ലോകം ചൊല്ലി. ശ്ലോകത്തിന്റെ അർത്ഥം മനസ്സിലാകാതെ ചോദ്യക്കാരൻ വിഷമിച്ചു. പിന്നെ അതിന്റെ അർത്ഥം ആ ഉണ്ണിതന്നെ താഴെ പറയുംപ്രകാരം പറഞ്ഞു. യോഗിമാർ സതതം (എല്ലാ സ്ഥലത്തും) പൊത്തുന്നതു മൂക്കു (യോഗികൾ എല്ലാസ്ഥലത്തും മൂക്കുപിടിച്ചു പിച്ചകൊണ്ടാണല്ലൊ ഇരിക്കുന്നതു) തുമ്പത്തെ (അറ്റത്തെ) തള്ളുമാർ (ഭഗവതി) എല്ലാക്കൂടി മൂക്കറ്റാത്തു ഭഗവതി എന്നർത്ഥം. നാഴിയിൽ പാതി (ഉരി) ആടീല (ആടിയില്ല) ഉരിയാടിയില്ല. പല (ബഹു) ആകാശത്തെ (മാനത്തെ) ആകാശത്തെ മാനം എന്നും പടയാറുണ്ടല്ലൊ. വാ എന്നു കൂടി ചേർത്തു ബഹുമാനംകൊണ്ടോ വാ വാ (അല്ലയോ) ബഹുമാനംകൊണ്ടോ അല്ലയോ. ഏതായാലും മിണ്ടിയില്ല എന്നു താൽപര്യം. ഈ അർത്ഥം കേട്ടപ്പോൾ ചോദ്യക്കാരൻ ഈ ഉണ്ണി സാമാന്യനല്ല എന്നുപറഞ്ഞു പോവുകയും ചെയ്തു.

കാക്കശ്ശേരിഭട്ടതിരിയുടെ സാധാരണം കഴിയുന്നതിനുമുമ്പുതന്നെ അദ്ദേഹം സർവ്വജ്ഞനും വല്ല വാക്കിയും യുക്തിമാനുമായിത്തീർന്നു. അതിനാൽ ശക്തൻതമ്പുരാന്റെ ബ്രഹ്മസഭയിൽ ഉദ്ദണ്ഡശാസ്ത്രികളുമായി വാദിക്കുന്നതിനു പോകണമെന്നും മലയാളബ്രാഹ്മണരെല്ലാംകൂടി അദ്ദേഹത്തിനോടു പറഞ്ഞു. അങ്ങിനെതന്നെ ചെയ്യാമെന്ന് അദ്ദേഹം സമ്മതിക്കയും ചെയ്തു. സഭകൂടുന്നദിവസം അനേകമാളുകളറിഞ്ഞു കാക്കശ്ശേരിഭട്ടതിരി തന്റെ ഭൃത്യനോടുകൂടി തളിയിൽ ക്ഷേത്രത്തിലെത്തി. ഉദ്ദണ്ഡശാസ്ത്രികളുടെ ഭാഗം വാദിക്കുന്നതിന് അദ്ദേഹത്തിന്റെ പ്രതിനിധിയായിട്ട് ഒരു തത്തക്കിളിയുണ്ട്. ശാസ്ത്രികൾ വാദത്തിനു പോകുമ്പോൾ ആ കിളിയെക്കൂടെ കൊണ്ടുപോകും. ഇങ്ങിനെയാണ് പതിവ്. കാക്കശ്ശേരിഭട്ടതിരി ആ വിവരം അറിഞ്ഞതിനാൽ തന്റെ ഭൃത്യനെക്കൊണ്ട് ഒരു പൂച്ചയെക്കൂടെ എടുപ്പിച്ചുകൊണ്ടുപോയിരുന്നു. ഭൃത്യനെ ക്ഷേത്രത്തിനു പുറത്തു നിർത്തിട്ടു ഭട്ടതിരി അകത്തുകടന്നു ചെന്നു. അപ്പോൾ ശക്തൻതമ്പുരാനും ഉദ്ദണ്ഡശാസ്ത്രികളും മറ്റ് അനേകം യോഗ്യന്മാരും അവിടെ കൂടിയിരുന്നു.

തമ്പുരാൻ ഭട്ടതിരിയെ കണ്ടിട്ട് (അന്ന് ഇദ്ദേഹം ബ്രഹ്മചാരിയായിരുന്നതിനാൽ) "ഉണ്ണി എന്തിനാണ് വന്നതു വാദത്തിൽ ചേരാനാണോ" എന്നു ചോദിച്ചു. "അതെ" എന്ന് അദ്ദേഹം ഉത്തരംപറഞ്ഞു. അപ്പോൾ ശാസ്ത്രി "ആകാരോഹ്രസ്വഃ" എന്നുപറഞ്ഞു. ഉടനെ ഭട്ടതിരി "നഹിനഹ്യകാരോദീഘ്വഃ അകാരോഹ്രസ്വഃ" എന്നർത്ഥംപറഞ്ഞു. ശാസ്ത്രികൾ ഭട്ടതിരിയെ കണ്ടിട്ട് അദ്ദേഹം കുട്ടിയായിരുന്നതിനാൽ ആ

Digitised By Kerala Sahitya Akademi

കാരം(ശരീരം) ഹ്രസ്വം (നീളംകുറഞ്ഞത്) മുണ്ടൻ ആയിരിക്കുന്നുഎന്നാണ് പറഞ്ഞത്. അതിനു ഭട്ടതിരി ആകാരം 'ആ' എന്നുള്ള അക്ഷരമെന്ന് അർത്ഥമാക്കി ഉത്തരംപറഞ്ഞു. ഈ യുക്തിയിൽ ശാസ്ത്രികൾ മടങ്ങിലജ്ജിച്ചുപോയി. ഉടനെ എല്ലാവരുമിരുന്നു. വാദം ആരംഭിക്കാറായപ്പോൾ ശാസ്ത്രികൾ തന്റെ കിഴിയെ എടുത്തു മുമ്പിൽവെച്ചു. ഉടനെ ഭട്ടതിരി തന്റെ പൂച്ചയേയും കൊണ്ടുവന്ന് അദ്ദേഹത്തിന്റെ മുമ്പിലും വെച്ചു. പൂച്ചയെ കണ്ടപ്പോഴേക്കും കിഴി ഭയപ്പെട്ട നിശ്ശബ്ദമായിരുന്നു. പിന്നെ ശാസ്ത്രികൾതന്നെ വാദംതുടങ്ങി. ശാസ്ത്രികൾ പറഞ്ഞ പൂർവ്വപക്ഷത്തെ എല്ലാം ഭട്ടതിരി ഖണ്ഡിച്ചു. ശാസ്ത്രികൾ എന്തുപറഞ്ഞതൊ അതെല്ലാം ഭട്ടതിരി അബദ്ധമാണെന്നു പറയുകയും യുക്തികൊണ്ടു സർവ്വും സാധിക്കുകയും ചെയ്തു. ഒന്നുകൊണ്ടും ശാസ്ത്രി വാചാരിച്ചാൽ ഭട്ടതിരിയെ ജയിക്കാൻ കഴികയില്ലെന്നു തീച്ചയായപ്പോൾ തമ്പുരാൻ "ഇനി അധികം വാദിക്കണമെന്നില്ല. രഘുവംശം കാവ്യത്തിലെ ആദ്യത്തെ ശ്ലോകത്തിന് അധികം അർത്ഥം പറയുന്നതു നിങ്ങളിലാരൊ അവർ ജയിച്ചു എന്നു തീച്ചപ്പെടുത്തിയക്കാം" എന്നുപറഞ്ഞു. ശാസ്ത്രികൾ ആ ശ്ലോകത്തിന് അർത്ഥം പറയുന്നതുപോലെ മറാരും പറയുകയില്ലെന്നു തമ്പുരാനു വിശ്വാസമുണ്ടായിരുന്നതുകൊണ്ടും മഹായോഗ്യനായ അദ്ദേഹത്തെ അശേഷം മടക്കി എന്നു വരുത്തുന്നതു കഷ്ടമാണല്ലൊ എന്നു വിചാരിച്ചിട്ടുമാണ് ഇപ്രകാരം പറഞ്ഞത്. ഉടനേ തമ്പുരാൻ പറഞ്ഞതിനെ രണ്ടുപേരും സമ്മതിച്ചു. ശാസ്ത്രികൾ അർത്ഥംപറയാനും തുടങ്ങി. ശാസ്ത്രികൾ ആ ശ്ലോകത്തിനു നാലുവിധത്തിൽ അർത്ഥംപറഞ്ഞു. അതുകേട്ടപ്പോൾ ഇതിലധികം ഭംഗി ആരും പറയുകയില്ലെന്നും കിഴിയെല്ലാം ശാസ്ത്രികൾക്കായിപ്പോയി എന്നും സഭയിലുണ്ടായിരുന്ന സകലശാസ്ത്രജ്ഞന്മാരും തമ്പുരാനും തീച്ചപ്പെടുത്തി. ശാസ്ത്രികൾ പറഞ്ഞു കഴിഞ്ഞയുടനെ ഭട്ടതിരി പറഞ്ഞുതുടങ്ങി. ഭട്ടതിരി ആ ശ്ലോകത്തിനു ശാസ്ത്രികൾ പറഞ്ഞതിലധികം വ്യക്തമായും പൂർണ്ണമായും അക്ലിഷ്ടമായും എട്ടർത്ഥം പറഞ്ഞു. ഉടനെ ശാസ്ത്രികൾ മടങ്ങിയെന്നു സഭയേവ സമ്മതിച്ചു. കിഴി നൂറൊട്ടും ഭട്ടതിരിതന്നെ വാങ്ങുകയും ചെയ്തു. അപ്പോൾ ശാസ്ത്രികൾ "വയോവൃദ്ധന്മാർക്കുള്ള ആ കിഴിക്ക് അർഹത എനിക്കുണ്ടുള്ളത്. ഇന്നു ഇവിടെ കൂടീട്ടുള്ളതിൽ എന്നോളം വയോവൃദ്ധനായിട്ട് ആരുമില്ല" എന്നുപറഞ്ഞു. ഉടനേ ഭട്ടതിരി "വയസ്സു കൂടുതലാണ് നോക്കുന്നതെങ്കിൽ ഈ കിഴിക്ക് അർഹത എന്റെ ഭൃത്യനാണ്. അവന് എൺപത്തഞ്ചുവയസ്സു കഴിഞ്ഞിരിക്കുന്നു. വിദ്യാവൃദ്ധത എന്നോളം മറാർക്കുമില്ലെന്നു നിങ്ങൾ എല്ലാവരും സമ്മതിക്കുകയും ചെയ്തുവല്ലൊ" എന്നുപറഞ്ഞു. എന്തിനു വളരെ പറയുന്നു. യുക്തികൊണ്ടു ഭട്ടതിരിയെ ജയിക്കാൻ ആരുമില്ലാതെയായതുകൊണ്ട് ഒടുക്കം നൂറൊരുവരാമത്തെക്കിഴിയും അദ്ദേഹംതന്നെ വാങ്ങി എന്നുപറഞ്ഞാൽ മതിയ

Digitised By Kerala Sahitya Akademi

ല്ലൊ. ഉദ്ദണ്ഡശാസ്ത്രികൾ മുതലായ പരദേശബ്രാഹ്മണരെല്ലാം ലജ്ജയോടും മലയാളബ്രാഹ്മണരെല്ലാം സന്തോഷത്തോടുംകൂടി പിരിയുകയുംചെയ്തു.

പിന്നെയും പല സ്ഥലത്തുവെച്ചും പല സംഗതികളാലും ശാസ്ത്രികളും ഭട്ടതിരിയുമായി വളരെ വാദങ്ങൾ ഉണ്ടായിട്ടുണ്ട്. ഒന്നിലും ഭട്ടതിരി മടങ്ങിട്ടില്ല. അവർ തമ്മിൽ നടത്തിയതായി കേട്ടിട്ടുള്ള മിക്കവാദങ്ങളിലും കുറേശ്ശ അസഭ്യങ്ങൾകൂടി അനുഭവിച്ചിട്ടുള്ളതിനാലും വിസ്തരഭയത്താലും അവയെ ഇവിടെ പ്രത്യേകമെടുത്തു വിവരിക്കുന്നില്ല.

ഭട്ടതിരി പിരിഞ്ഞുവാങ്ങിത്തുടങ്ങിയതിൽപിന്നെ ആണ്ടുതോറും കിഴികൾ എല്ലാം അദ്ദേഹം തന്നെ വാങ്ങിവന്നു. അദ്ദേഹത്തെ ജയിക്കുന്നതിനു മലയാളത്തും പരദേശത്തും ആരും ഉണ്ടായിരുന്നില്ല. ഭട്ടതിരിയുടെ ബുദ്ധിയുടെയും ജ്ഞാനത്തിന്റെയും ശക്തി വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ വൃദ്ധപ്രായമായപ്പോഴേക്കും അദ്ദേഹം കേവലം ഒരദ്വൈതിയായിത്തീർന്നു. സമാവർത്തനം കഴിഞ്ഞതിന്റെശേഷം അദ്ദേഹം ഇല്ലത്തു സ്ഥിരമായി താമസിക്കയുണ്ടായിട്ടില്ല. സർവ്വം ബ്രഹ്മമയം എന്നുള്ള ബുദ്ധിയോടുകൂടി പല സ്ഥലങ്ങളിലും സഞ്ചരിച്ചുകൊണ്ടിരുന്നു. ഒരിക്കൽ അദ്ദേഹം പരദേശത്ത് എവിടെയോ ഒരു സത്രത്തിൽ ഇരിക്കുമ്പോൾ അവിടെ പല ദേശക്കാരും പല ജാതിക്കാരുമായ അനേകം വഴിപോക്കർ വന്നുകൂടി. കുറച്ചുകഴിഞ്ഞപ്പോൾ എന്തോ കാരണവശാൽ ഈ പാന്ഥന്മാർതമ്മിൽ ഒരടികലശലുണ്ടായി. പരസ്പരം വളരെ അസഭ്യം പറയുകയും ചെയ്തു. ഉടനെ അവരിൽ ഒരുകൂട്ടക്കാർ ഓടിച്ചെന്നായി സത്രോദ്യോഗസ്ഥന്മാരോടു പറഞ്ഞു. ഉദ്യോഗസ്ഥന്മാർ ശേവുകക്കാരെ വിട്ട് എല്ലാവരെയും പിടിപ്പിച്ചുവരുത്തി. അപ്പോൾ രണ്ടുകൂട്ടക്കാരും അവരവരുടെ സങ്കടങ്ങളെ ബോധിപ്പിക്കുകയും താന്താങ്ങൾ നിർദ്ദോഷികളാണെന്നു വാദിക്കുകയും ചെയ്തു. അപ്പോൾ ഉദ്യോഗസ്ഥൻ "നിങ്ങൾക്കു സാക്ഷികളുണ്ടോ?" എന്നുചോദിച്ചു. ഉടനെ ഈ രണ്ടുകൂട്ടക്കാരും "ആ സത്രത്തിൽ ഒരു മലയാളി ഇരിക്കുന്നുണ്ട്. അദ്ദേഹം ഇതെല്ലാം കണ്ടുംകേട്ടും അറിഞ്ഞിട്ടുള്ള ആളാണ്" എന്നുപറഞ്ഞു. ഉദ്യോഗസ്ഥൻ ഭട്ടതിരിയേയും പിടിപ്പിച്ചുവരുത്തി ചോദിച്ചു. അപ്പോൾ ഭട്ടതിരി അവിടേനടന്ന സംഗതികളെല്ലാം വിവരമായി പറഞ്ഞു. പിന്നെ ഇവർ തമ്മിൽപറഞ്ഞ അസഭ്യങ്ങളെന്തെല്ലാമാണെന്ന് ഉദ്യോഗസ്ഥൻ ചോദിച്ചു. അപ്പോൾ ഭട്ടതിരി "എനിക്കവരുടെ ഭാഷ അറിഞ്ഞുകൂടാ. അതിനാൽ അവർ പറഞ്ഞതിന്റെ അർത്ഥം മനസ്സിലായില്ല. എങ്കിലും അവർതമ്മിൽ പറഞ്ഞ വാക്കുകളൊക്കെ ഞാൻ പറയാം" എന്നുപറഞ്ഞിട്ട് ആ രണ്ടുഭാഗക്കാരും പരസ്പരംപറഞ്ഞ വാക്കുകളെ എല്ലാം അദ്ദേഹം അവിടെപറഞ്ഞു. കണ്ണാടകം, തെലുങ്ക്, മഹാരാഷ്ട്രം, ഹിന്ദുസ്ഥാനി, തമിഴ് മുതലായി ഭട്ടതിരിക്കറിഞ്ഞുകൂടാതവയായ അനേകം ഭാഷകളിൽ അനേകം പേർകൂടി ഒരു ഘട്ടത്തിൽവെച്ചു നടന്ന സംഭാഷണം മുഴുവനും യഥാക്രമം കേട്ടുധരിച്ച മ

Digitised By Kerala Sahitya Akademi

ൊരുസ്ഥലത്ത് ഒരക്ഷരംപോലും തെറ്റാതെ പാതെന്റെ ഏിന്നുള്ളതുംആ ദ്ദേഹത്തിന്റെ ധാരണാശക്തി ഏിത്രമാത്രമുണ്ടായിരുന്നു ഏിന്നുള്ളതിനു ഒരു ലക്ഷ്യമാണ്.

രണ്ടുദിവസത്തിനകത്തെന്നും തൊടിയെന്നും മാറുമുള്ള അക്ഷരങ്ങളൊന്നുമില്ലായിരുന്നു. അദ്ദേഹം ആർ പോയാലും കൊടുത്താലും ഉണ്ണും. ക്ഷേത്രങ്ങളിലും ബ്രാഹ്മണാലയങ്ങളിലുമെല്ലാം കേറുകയും ഏിഷ്ടപ്രകാരമെല്ലാം തൊടുകയും ഏിഷ്ടംപോലെന്നും. കുളി സുഖത്തിനായി ശരീരശുദ്ധിയില്ലെ അഴുക്കു പോകുന്നതിനുമെന്നുള്ളതായി ശ്രദ്ധിക്കായ്കയാൽ അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഇങ്ങിനെയായതിനാൽ ചിലപ്പോഴെങ്കിലും മലയാളബ്രാഹ്മണർക്കുകേട്ടുള്ള വിചാരമുണ്ടായിരുന്നു. "ശൂദ്രഗൃഹത്തിലുണ്ടാ കുടാതെയും, മലയാളത്തിലെ ആചാരങ്ങളുള്ള ചിലതൊന്നും തൊടാതെയും തൊട്ടതിനു നടക്കുന്ന ഇയ്യാളെ നമ്മുടെ ഇല്ലങ്ങളിലും ക്ഷേത്രങ്ങളിലുമെങ്ങും കേറ്റിക്കൂടാ" ഏിങ്ങനെയാണ് ഭട്ടതിരി അടുപ്പൽ ഇല്ലാത്തപ്പോൾ ഏിഷ്ടാനുസരണം വിചാരിക്കുകയും പറയുകയുമൊക്കെചെയ്യും. ഏിങ്കിലും ഭട്ടതിരി വന്നുകേറുമ്പോൾ വിരോധിക്കാൻ ആർക്കും ധൈര്യമുണ്ടാകാറില്ല. ആരെല്ലാം ഏിന്തെല്ലാംപറഞ്ഞാലും ശാസ്ത്രംകൊണ്ടും യുക്തികൊണ്ടും ഭട്ടതിരി അവരെ മടക്കുമെന്നും ഭട്ടതിരിക്കു ഭ്രഷ്ടുണ്ടെന്നു സാധിക്കാൻ ആരുവിചാരിച്ചാലും കഴികയില്ലെന്നും ഏിഷ്ടാപക്ഷം നിശ്ചയമുണ്ടായിരുന്നതിനാൽ ശരിപ്പെട്ട് ആരും ഒന്നും അദ്ദേഹത്തോടു പറയാറുമില്ല.

ആണ്ടുതോറും പതിവുള്ള സഭാമേളനത്തിനായി ഒരിക്കൽ ശങ്കരൻ തമ്പുരാനും യോഗ്യന്മാരായ അനേകം ബ്രാഹ്മണരുംകൂടി തളിയിൽക്ഷേത്രത്തിൽ കൂടിയിരുന്നപ്പോൾ പതിവുപോലെ ഭട്ടതിരിയും അവിടെ ഏിത്തി. ഭട്ടതിരി കിഴിച്ചെല്ലുന്ന വാർത്ത യാത്രയായപ്പോൾ ബ്രാഹ്മണരുമായി.

ബ്രാഹ്മണർ—"അയമാഗച്ഛതി കിം കരണീയം"

ഭട്ടതിരി—"സ്മരണീയം പാദനയുഗളമംബായാഃ"

ബ്രാഹ്മണർ—"തൽസ്മരണം കിം കുരുതേ"

ഭട്ടതിരി—"ബ്രഹ്മാദീനപി പാംക്തേയീകുരുതേ".

ഏിന്നു ശ്ലോകത്രയപ്രമാണ പോദ്ധ്യരൂപമായിട്ട് ഒരു സംഭാഷണമുണ്ടായി. ഭട്ടതിരിയുടെ സമ്പ്രദായം അവർക്കെല്ലാം അപഹാസ്യമായിത്തീർന്നിരുന്നതുകൊണ്ടും അദ്ദേഹത്തെ പരിഹസിക്കുന്നതിനു നിവൃത്തിയില്ലാതെ വന്നതുകൊണ്ടുമാണ് ബ്രാഹ്മണർ അങ്ങിനെ ചോദിച്ചതു്. "ആപത്തിങ്കൽ ഏന്താണ് ചെയ്യേണ്ടതു്" ഏിന്നാണ് ബ്രാഹ്മണരുടെ പോദ്ധ്യത്തിന്റെ അർത്ഥം. 'ദേവിയുടെ പാദങ്ങളെ സ്മരിക്കണം' ഏിന്നു ഭട്ടതിരിയുടെ ഉത്തരം. "ആ പാദങ്ങളെക്കുറിച്ചുള്ള സ്മരണം ഏന്തിനെ ചെയ്യും" ഏിന്നു പിന്നത്തെ പോദ്ധ്യം. "അതു ബ്രഹ്മാവു മുതലായവരേ

Digitised By Kerala Sahitya Akademi

ക്കൂടിയും ഭൃത്യന്മാരാക്കിച്ചെയ്യും" എന്നു ഭട്ടതിരിയുടെ പിന്നത്തെ ഉത്തരം. ഇങ്ങിനെ പറഞ്ഞ് എല്ലാവരും പിരിയുകയുംചെയ്തു.

പിറേറദിവസംതന്നെ ബ്രാഹ്മണർ എല്ലാവരുംകൂടി പത്മമിട്ടു വിളക്കുംവെച്ചു ഭഗവതിയെ പൂജിക്കുകയും പലവിധത്തിലുള്ള മന്ത്രങ്ങളെക്കൊണ്ടു പുഷ്പാഞ്ജലിചെയ്തുയും തൃപ്പന്നിവൃത്തിക്കായി പ്രാർത്ഥിക്കയുംചെയ്യുന്നതുടങ്ങി. അങ്ങിനെ നാല്പത്തുദിവസത്തെ ഭഗവൽസേവകഴിഞ്ഞു നാല്പത്തൊന്നാംദിവസം ഭട്ടതിരി അവിടെച്ചെന്ന പുറത്തുനിന്നുംകൊണ്ടു കൂടിക്കാൻ കുറച്ചു വെള്ളം വേണമെന്നുപറഞ്ഞു. ഉടനെ ഒരാൾ ഒരു പാത്രത്തിൽ കുറെ വെള്ളം കൊണ്ടുചെന്നുകൊടുത്തു. ഭട്ടതിരി അതെടുത്തുകുടിച്ചു പാത്രം കമഴ്ത്തിവെച്ചിട്ട് "എനിക്കു ഭ്രാന്തുണ്ട്. അങ്ങോട്ടെങ്ങും കേറുകയും വിദ്വാന്മാരെ ആരെയും തൊടുകയും ചെയ്യുന്നില്ല" എന്നുപറഞ്ഞ് അവിടെനിന്നു പോവുകയുംചെയ്തു. അതിൽ പിന്നെ അദ്ദേഹത്തെ ആരും കണ്ടിട്ടില്ല. അതിനാൽ ഭട്ടതിരിയുടെ പരമഗതി എവിടെവെച്ചായിരുന്നു എന്നും എത്രകാലത്തായിരുന്നു എന്നും തീർച്ചയില്ല. ഇദ്ദേഹത്തിന്റെ ജീവിതകാലത്തേക്കുറിച്ചും തക്കതായ ലക്ഷ്യമൊന്നും കാണുന്നില്ല. എങ്കിലും കൊല്ലവർഷം അറനൂറിനും ഏഴുനൂറിനും മദ്ധ്യേ ആണെന്നു ഊഹിക്കപ്പെട്ടിരിക്കുന്നു. ഈ ഭട്ടതിരിക്കു സന്തതി ഉണ്ടാകാൻ ഇടയാകാഞ്ഞതുകൊണ്ടും വേറെ പുരുഷന്മാർ ആ ഇല്ലത്ത് ഇല്ലാതെയിരുന്നതുകൊണ്ടും ഇദ്ദേഹത്തിന്റെ കാലം കഴിഞ്ഞതിനോടുകൂടി ആ ഇല്ലം അന്യന്നിന്നു പോവുകയുംചെയ്തു.

മുട്ടസ്സുനമ്പൂരി.

വികടസരസ്വതിയുടെ നടനരംഗമായ നാവിനാൽ അത്യന്തം കീർത്തിമാനായിരുന്ന ഈ ബ്രാഹ്മണന്റെ ഇല്ലം തിരുവിതാംകൂറിൽ പ്രസിദ്ധമായിട്ടുള്ള വൈക്കത്തു ക്ഷേത്രത്തിനു സമീപത്താകുന്നു. എന്നു മാത്രമല്ല വൈക്കത്തുക്ഷേത്രത്തിലേ സദ്യകളുടെ ഭോഹണങ്ങൾക്കുള്ള ഭാരവാഹിത്വവും ഇദ്ദേഹത്തിന്റെ ഇല്ലത്തേക്കു കാരാണ്മയായിട്ടുള്ളതുമാണ്. ഇപ്പോഴും വലിയ മടപ്പള്ളിയിൽ അടുപ്പിൽ തീയിടുന്നതിനു മുട്ടസ്സു നമ്പൂരി വന്നല്ലാതെ പാടില്ലെന്നാണ് വെച്ചിരിക്കുന്നത്. ഈ തറവാട്ടിൽ ഉദ്ദേശം അമ്പതുകൊല്ലം മുമ്പു വരെ ജീവിച്ചിരുന്ന ഒരു നമ്പൂരിയെക്കുറിച്ചാണ് ഇവിടെ കുറഞ്ഞൊന്നു പറയാൻ പോകുന്നത്.

പ്രസിദ്ധനായ ഈ മുട്ടസ്സു നമ്പൂരിക്ക് അനന്യസാധാരണമായ ഒരു വാഗ്വിലാസം സംഭവിക്കാനുണ്ടായ കാരണത്തെത്തന്നെ ആദ്യമായി പറയാം. ഇദ്ദേഹം സമാവർത്തനം കഴിഞ്ഞ് ഉണ്ണിനമ്പൂരിയായി താമസി

Digitised By Kerala Sahitya Akademi

ക്ഷന കാലത്തു മൂകാംബിയിൽ പോയിരുന്നു മണ്ഡലഭജനം കഴിക്കേണ്ടതായി. അക്കാലത്ത് അവിടുത്തെ ദിവ്യശാന്നിധ്യമായിരിക്കുന്ന ശ്രീധുരാ സേവിക്കാൻ സാഗതിയായതിനാലാണ് ഇപ്രകാരമതിന് ഇത്ര മാഹാത്മ്യം സിദ്ധിച്ചത്. മൂകാംബിയിലേ ദിവ്യമായിരിക്കുന്ന ആ ശ്രീധുരം മലയാളികൾക്ക് അസുലഭമാണെന്നു പ്രസിദ്ധമാണല്ലോ. ആ ശ്രീധുരത്തിനു ള്ള മാഹാത്മ്യമെന്താണെന്നുകൂടി പറയാം.

മൂകാംബിയിൽ പതിവായി അത്താഴപൂജ കഴിഞ്ഞു നടയടച്ചാറാകുമ്പോൾ ശക്കര, കല്ലിപ്പഴം, തേൻ ഇവകലർന്നുള്ള മധുരദ്രവ്യങ്ങൾ ഒരു പാത്രത്തിലാക്കി ബിംബത്തിന്റെ മുൻഭാഗത്തായിട്ടാണ് നടയടയ്ക്കുന്നത്. ദിവസംതോറും രാത്രികാലങ്ങളിൽ ദേവന്മാർ അവിടെവന്നു ദേവിയേ പൂജിക്കാ പതിവുള്ളതിനാൽ ആ ശ്രീധുരം നേദ്യം കഴിക്കുന്നതും ദേവന്മാർ തന്നെയാണ് പതിവ്. അതിനാലാണ് ആ ശ്രീമധുരത്തിനു അസാധാരണമായ ദിവ്യത്വമുള്ളത്. അതു സേവിക്കുന്ന മലയാളികൾക്ക് അന്യാദൃശമായ വാണീവിലാസമുണ്ടാകുമെന്നുള്ളതുകൊണ്ടു പരദേശികൾക്ക് ഇവരോടുള്ള അസൂയനിമിത്തം ആർക്കും കൊടുക്കാതെ അത് അവിടെ ഒരു അഗാധമായ കിണറ്റിൽ ഇട്ടുകളയുകയാണ് പതിവ്. ദിവസംതോറും രാവിലെ നട തുറക്കുമ്പോൾ, തലേന്നാൾ രാത്രിയിൽ ദേവന്മാരാൽ ആരാധിക്കപ്പെട്ട പാരിജാതാദി ദിവ്യപുഷ്പങ്ങൾ കാണപ്പെടുന്നതിനാൽ, അവിടെ തലേദിവസം ശാന്തികഴിച്ച ആൾക്ക പിറേദിവസം ശാന്തികഴിക്കാൻ പാടില്ലെന്ന് ഒരേർപ്പാടുണ്ട്. എന്നുമാത്രമല്ല, "അകത്തു കണ്ടതു പുറത്തുപായുകയില്ല" എന്ന് ഒരു സത്യവും ചെയ്യിപ്പിച്ചിട്ടാണ് ദിവസംതോറും ശാന്തിക്കാരെ അകത്തോക്കു കടത്തി വിടുന്നത്.

നമ്പൂരി അവിടെ എത്തി കുറച്ചുദിവസം ഭജനംകഴിഞ്ഞപ്പോഴേക്കും അവിടുത്തെ പതിവുകളെല്ലാം മനസ്സിലായി. എങ്ങനെയും ഈ ശ്രീധുരം സേവിക്കണമെന്നു നിശ്ചയിച്ച് അതിനു തരം നോക്കിക്കൊണ്ടു താമസിച്ചു. അങ്ങനെയിരിക്കുമ്പോൾ ഒരുദിവസം പതിവുപോലെ പ്രഭാതമായപ്പോഴേക്കും നമ്പൂരി കുളികഴിച്ചു മണ്ഡപത്തിൽ എഴുന്നള്ളി കണ്ണുമടച്ചിരുന്നു ജപം തുടങ്ങി. അപ്പോൾ ശാന്തിക്കാരൻ വന്നു നട തുറന്നു. തലേദിവസത്തെ പൂവും മാലയും ശ്രീധുരവും എല്ലാം എടുത്തു കിണറ്റിൽകൊണ്ടുപോയി ഇടുന്നതിന് ഒരു കുടം വെള്ളം കോരിക്കൊണ്ടുവന്നിട്ടാവാമെന്നു വിചാരിച്ച് അദ്ദേഹം കിണറകപുരയിലേക്കുപോയി. ആ തരത്തിനു നമ്പൂരി ശ്രീകോവിലകത്തേക്കു കടന്നു കുറെ ശ്രീമധുരമെടുത്തു വായിലാക്കി. അപ്പോഴേക്കും ശാന്തിക്കാരൻ ഓടിവന്നു നമ്പൂരിയുടെ കഴുത്തിൽ പിടിയുംകൂടി. പിന്നെ രണ്ടുപേരുംകൂടെ അവിടെവച്ചു യഥാശക്തി ഒരു ഭീമദ്വന്ദ്വയുദ്ധമുണ്ടായി. എങ്കിലും നമ്പൂരി ഒ

Digitised By Kerala Sahitya Akademi

ങ്ങവിധത്തിൽ വായിലാക്കിയെടുത്തോളും തൃമധുരം വയറിലുമാക്കി. ശാന്തികാരൻ, വിളിച്ച വിലവിളിച്ചു. സംഖ്യയില്ലാതെ ആളുകളുംകൂടി. എല്ലാവരുംകൂടി നമ്പൂരിയെപ്പിടിച്ചു പ്രഹരവും തുടങ്ങി. ആകപ്പാടെ നമ്പൂരി കുഴങ്ങി. മല്പയാളിയായിട്ടു താനൊരുത്തനല്ലാതെ ആരുമില്ല. എല്ലാം പരദേശികൾ. ഒരു പരിചയമില്ല ഭാഷകിക്കും. ഈശ്വരാ! എന്തുചെയ്യേണ്ടു. എന്നിങ്ങിനെ വിചാരിച്ചു വിഷാദിക്കുമ്പോൾ ദേവിയുടെ അനുഗ്രഹത്താൽ അദ്ദേഹത്തിനു് ഒരുപായം തോന്നി. ശാസ്ത്രങ്ങളെല്ലാം അടക്കിപ്പിടിച്ചു, കണ്ണുമിഴിച്ചു പാത്തതുപോലെ കിടന്നു. അപ്പോഴേക്കും എല്ലാവക്കും ഭയമായി. വേഗമെടുത്തു് അമ്പലത്തിനു പുറത്തു കൊണ്ടുപോയി. എന്നിട്ടും ശാസ്ത്രമില്ലാതെ ഇരിക്കുന്നതുകണ്ടു പാത്തു എന്നു തീർച്ചപ്പെടുത്തി എല്ലാവരുംകൂടെ എടുത്തു് ഒരു വലിയ വണ്ടിയുടെ തത്തിൽ കൊണ്ടുപോയി ഇട്ടുംവെച്ചു പോരികയുംചെയ്തു. ആളുകളൊക്കെപ്പോയെന്നു കണ്ടപ്പോൾ നമ്പൂരി പതുക്കെ എണീറ്റു, തല്ലും ഇടിയുംകൊണ്ടു് എല്ലെല്ലാം തകർന്നിരുന്നു എങ്കിലും പ്രാണഭീതിയോടുകൂടി അവിടെനിന്നു് ഓടിപ്പോരികയുംചെയ്തു. എത്രയും ദിവസങ്ങൾകൊണ്ടു് ഇല്ലത്തു വന്നുചേർന്നു. പിന്നെ ചില ചികിത്സകളും മറ്റും ചെയ്തു ദേഹസുഖം വല്ലപോലെയായി. ഉണ്ടായതിന്റെ ശേഷമാണു് ഓരോ ദിവ്യതപ്രയോഗങ്ങൾ തുടങ്ങിയതു്. എന്നാൽ, ഇദ്ദേഹത്തിന്റെ മനസ്സുകൊണ്ടും മിക്കവാറും അസഭ്യങ്ങളാകയാൽ അങ്ങിനെയല്ലാത്ത ചില സംഗതികൾ മാത്രമേ ഇവിടെ പറയാൻ നിവൃത്തിയുള്ളൂ.

ഒരിക്കൽ ഈ നമ്പൂരി ഒരു ദിക്കിൽ പോയപ്പോൾ അവിടെ ഒരു ശാസ്ത്രികളും ചില കുട്ടികളെ കാവ്യങ്ങളും വായിപ്പിച്ചുംകൊണ്ടിരിക്കയായിരുന്നു. ശാസ്ത്രികളുടെ പഠിപ്പിക്കലും, കുട്ടികളുടെ പഠിക്കലും ഒക്കെ കണ്ടും കേട്ടുംകൊണ്ടു നമ്പൂരി കുറച്ചുസമയം അവിടെ ഇരുന്നു. അപ്പോൾ ശാസ്ത്രികളും മൂത്രശങ്കയ്ക്കായി കുളക്കടവിലേക്കു പോയി, ആ സമയം രഘുവംശം പഠിച്ചുകൊണ്ടിരുന്ന ഒരു കുട്ടിക്കു് ഒരു പദത്തിന്റെ പരിഭാഷ തോന്നാതെ വന്നതിനാൽ തിണ്ടാതെയിരിക്കുന്നതുകണ്ടിട്ടു് "എടാ തിണ്ടാതെ ഇരിക്കുന്നതു" എന്നു നമ്പൂരി ചോദിച്ചു.

കുട്ടി — "ഒരു പദത്തിന്റെ പരിഭാഷ തോന്നിയില്ല".

നമ്പൂരി — "ഏതു പദത്തിന്റെയാണു്?"

കുട്ടി — "കരി എന്നുള്ളതിന്റെയാണു്".

നമ്പൂരി — "അതു ഞാൻ പറഞ്ഞുതരാം. കർക്കട്ട എന്നു തുടങ്ങിയാൽ മതി".

മാഷും നിന്നുകൊണ്ടിരുന്ന മറ്റൊരു കുട്ടി "അച്ഛസ്സടികാക്ഷാ എന്നുള്ളതിന്റെ പരിഭാഷ എനിക്കും തോന്നുന്നില്ല".

നമ്പൂരി — അച്ഛസ്സടികാക്ഷമാണോ, അച്ഛന്റെ സ്സടികാക്ഷമല്ല.

Digitised By Kerala Sahitya Akademi

അച്ഛൻ അമ്മേടെ നായര്. സ്ഥടികാക്ഷമാല ഫിറതാണെന്നു എനിക്കും നല്ല നിശ്ചയമില്ല. അതു ശാസ്ത്രികളോടു ചോദിക്കണം".

നമ്പൂരി യാതൊരു സംശയവും കൂടാതെ ഇങ്ങിനെ പറഞ്ഞതിനെ വിശ്വസിച്ച കുട്ടികൾ അങ്ങിനെതന്നെ ഉരുവിട്ടും തുടങ്ങി. അപ്പോഴേക്കും ശാസ്ത്രികൾ തിരിച്ചുവന്നു. ഉടനേ കുട്ടികൾ ഈ അബദ്ധം പറയുന്നതു കേട്ട് അദ്ദേഹം ദേഷ്യപ്പെട്ടപ്പോൾ നമ്പൂരി പൊല്ലിക്കൊടുത്തതാണെന്നു കുട്ടികൾ പറയുകയാൽ പിന്നെ ശാസ്ത്രികളും നമ്പൂരിയും തമ്മിലായി വാദം.

ശാസ്ത്രികൾ— "ഇതെന്താ നമ്പൂരി കുട്ടികൾക്കിങ്ങിനെ അബദ്ധം പറഞ്ഞുകൊടുത്തത്?"

നമ്പൂരി— "തനിക്കൊന്നും അറിഞ്ഞുകൂടാഞ്ഞിട്ടാണ് ഇത് അബദ്ധമെന്നു തോന്നുന്നത്. വലിയ ശാസ്ത്രികളാണെന്നും പറഞ്ഞ് ആശാനായിട്ടു ഞെളിഞ്ഞിരുന്നാൽ പോരാ. വല്ലതും കാണാപ്പാഠമെങ്കിലും പഠിച്ചിട്ടുവണം മറ്റാരാളെ പഠിപ്പിക്കാൻ പുറപ്പെടാൻ. അല്ലാഞ്ഞാൽ അറിവുള്ളവർ പഠിയുന്നതെല്ലാം അബദ്ധമാണെന്നു തോന്നും".

ശാസ്ത്രികൾ— "ആഹ! അപ്പോൾ എന്നേക്കാൾ വ്യുൽപത്തി നമ്പൂരിക്കുണ്ടെന്നാണോ ഭാവം?".

നമ്പൂരി— "എന്താ അതു സംശയം? ഞാനൊരു ചോദ്യം ചോദിച്ചാൽ താൻ നക്ഷത്രം നോക്കിപ്പോകുമല്ലൊ".

ശാസ്ത്രി— "എന്നാലാട്ടെ, എന്നെങ്കിലും ചോദിച്ചുകളയണം".

നമ്പൂരി— "താൻ അമരേശം പഠിച്ചിട്ടുണ്ടോ?".

ശാസ്ത്രി— "ഉണ്ട്. അതിനെന്താവണം?".

നമ്പൂരി— "അതിൽതന്നെ ഞാനൊന്നു ചോദിക്കാം. "ഇന്ദിരാലോകമാതാമാ" എന്നും, "ഭൂഗ്ലൗലോകജനനീ" എന്നും ഉള്ളിടത്തു "ലോകമതാ" എന്നും "ലോകജനനീ" എന്നും രണ്ടുകൂടി പ്രയോഗിച്ചിരിക്കുന്നത് എന്തിനായിട്ടാണ്? അവയിൽ ഏതെങ്കിലും ഒന്നായാലും മതിയാകുന്നതല്ലേ?"

ശാസ്ത്രി— "ഒന്നായാലും മതിയായിരുന്നു".

നമ്പൂരി— "ഇതാണ് തനിക്കൊന്നും അറിഞ്ഞുകൂടെന്നു ഞാൻ പറയുന്നത്. ഏറ്റവും ചുരുക്കമായി ഉണ്ടാക്കിയിരിക്കുന്ന ഈ ഗ്രന്ഥത്തിൽ അതിഗംഭീരനായിരിക്കുന്ന തൽകർത്താവു വെറുതേ ഇങ്ങിനെയൊരു പദം പ്രയോഗിക്കയില്ല".

ശാസ്ത്രി— എന്നാൽ ഇതിന്റെ പ്രയോജനമെന്താണെന്നു നമ്പൂരി പറയണം".

നമ്പൂരി— (മല്പിട്ടു കീഴ്പ്പോട്ടു നൂണ്ടിക്കൊണ്ടിരുന്നുകൊണ്ട്) "ആ ലോകമാതാ എന്നും, ഈ ലോകജനനീ എന്നുമാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ടു മഹാലക്ഷ്മി ഒരു ലോകത്തിലേക്കു മാത്രമല്ല, പരലോകത്തി

Digitised By Kerala Sahitya Akademi

ലേ മാതാവും ഇഹലോകത്തിലെ ജനനിയുമാണെന്നാണ് അതിന്റെ അർത്ഥം. ഒന്നു മാത്രം പറഞ്ഞാൽ ഒരു ശ്ലോകത്തിലല്ലാതെ ആകുമോ? എടോ ഇതൊക്കെ വല്ലതും പഠിച്ചെങ്കിലേ മനസ്സിലാകൂ" എന്നും പറഞ്ഞ് ഇറങ്ങിപ്പോവുകയും ചെയ്തു.

പിന്നെയൊരിക്കൽ ഒരു ദിവസം വൈകുന്നേരം ബ്രാഹ്മണർ അമ്പലപ്പുഴെച്ചെന്നു മേപ്പത്തു കുളിച്ചു സന്ധ്യാവന്ദനാദികളും കഴിച്ച് അമ്പലത്തിൽ എത്തി. അന്നു ചതുർദ്ദശി ആയിരുന്നതിനാൽ അത്താഴമില്ലാത്ത ഒരു ദിവസമായിരുന്നു. ഉപായത്തിൽ പലഹാരം വല്ലതും കഴിക്കണം എന്നു വിചാരിച്ചുംകൊണ്ടിരിക്കുമ്പോൾ അത്താഴപ്പൂജ കഴിഞ്ഞു ശാന്തിക്കാരൻ നേദ്യം കഴിച്ച അപ്പവുമെടുത്തുംകൊണ്ടു തിടപ്പള്ളിയിലേക്കു പോകുന്നതു കണ്ടു. അവിടെ ബ്രഹ്മസ്വമായിട്ടു പതിവുള്ള അപ്പം വഴിപോക്കർക്കു കൊടുക്കാതെ ശാന്തിക്കാരനെന്നു അവഹരിക്കയാണ് പതിവ്. അഥവാ കൊടുത്താലും ഒന്നോ ഒരു മുറിയോ അല്ലാതെ കൊടുക്കുകയില്ല. ഈ പതിവുകൾ മുട്ടസ്സുനമ്പൂരി മുമ്പേതന്നെ അറിഞ്ഞിരുന്നതുകൊണ്ട് അപ്പവും കൊണ്ടുപോയ ശാന്തിക്കാരന്റെ പിന്നാലെ അദ്ദേഹവും തിടപ്പള്ളിയിലെത്തി.

നമ്പൂരി— "എടോ ശാന്തിക്കാരൻ! ഇവിടുത്തെ അപ്പം ഒരാൾ തിന്നുകയാണെങ്കിൽ എത്രയെണ്ണം തിന്നും?".

ശാന്തിക്കാരൻ— "ഞങ്ങടെയാൾ രണ്ടിരുപതെണ്ണം തിന്നുമായിരിക്കും".

നമ്പൂരി— "എടോ, അതൊന്നുമല്ല. നൂറെണ്ണത്തിനു സംശയമില്ല എന്നപ്പോലെയുള്ളവരാണെങ്കിൽ ഒരു സമയം ഇരുനൂറെണ്ണം കിട്ടിയെന്നും വരാം".

ശാന്തിക്കാരൻ— "എടോ ഒരുകാലത്തുമില്ല. അത്ര മിടുക്കന്മാരിപ്പോൾ ഭൂമിയിൽ ജനിച്ചിട്ടില്ല. എത്ര പെരുവയറനായാലും മുപ്പതെണ്ണത്തിൽ അധികം തിന്നുകയില്ല. നിശ്ചയം തന്നെ".

നമ്പൂരി— "അതൊന്നുമല്ലെടോ. ഇരുനൂറെണ്ണം ഈ ഞാൻതന്നെ തിന്നുകാണിച്ചുതരാം. യാതൊരു സംശയവുമില്ല".

ഇങ്ങിനെ അവർത്തമ്മിൽ ഇല്ലെന്നും, ഉവ്വെന്നും വലിയ തർക്കമായി. ഒടുക്കം വാദം മൂത്തു അയ്യഞ്ഞൂറുരൂപ പന്തയവും പറഞ്ഞു. "എന്നാൽ ഇപ്പോൾതന്നെ അതറിയണം" എന്നും പറഞ്ഞു ശാന്തിക്കാരൻ ഇരുനൂറപ്പം ഒരുരുളിയിലാക്കി നമ്പൂരിയുടെ മുമ്പിൽ വെച്ചുകൊടുത്തു. നമ്പൂരി അവിടെയിരുന്നു പതുക്കെ തിന്നാനും തുടങ്ങി. പത്താറപ്പം തിന്നപ്പോഴേക്കും നമ്പൂരിക്കു വയറുനിറഞ്ഞു തൃപ്തിയായി. അപ്പോൾ നമ്പൂരി "എടോ ശാന്തിക്കാരാ! താനിത്ര മിടുക്കനാണെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഞാൻതന്നെ വിഡ്ഢി. എന്റെ വയറിനോക്കുറിച്ച് എന്നെക്കാൾ നിശ്ചയം തനിക്കാണല്ലോ. ഇതാ എനിക്കി

Digitised By Kerala Sahitya Akademi

പ്പോഴേക്കും വയസ്സനായിരുന്നു കഴിഞ്ഞു. ഇനി ഒറ്റപ്പോലും തിന്നാൻ പ്രയാസമാണ്".

ശാന്തിക്കാരൻ— "എന്നാൽ രൂപ [illegible] ന്ന് മുമ്പുതന്നെ പറഞ്ഞിട്ടുപോ

നമ്പൂരി— "എടോ [illegible] തന്നാൽ തിന്നുന്നതിന്റെ വില [illegible] രൂപ എനിക്കു തന്നാൽ കണക്കായിത്തീരുകയാണോ? രണ്ടാമത് [illegible] ന്റെ ഈ അഞ്ചു രൂപ എടുത്തുകൊണ്ടു ശേഷം ഇഷ്ടമുള്ളതു തരണമെന്നു" എന്നും പറഞ്ഞ് ഇറങ്ങിപ്പോകയും ചെയ്തു.

പിറ്റേന്നായാരിക്കൽ ഇദ്ദേഹം പോരോ ഒരു ദിക്കിൽ ഒരമ്പലത്തിൽ ചെന്നു. അതു രാവിലെ ആയിരുന്നു. ആ ക്ഷേത്രം സക്കാർവക ആണെങ്കിലും അവിടുത്തെ സകലാധികാരവും അവിടുത്തെ വാഴ്ക്കായിരുന്നു. വാഴ്വരു വലിയ ധനവാനും, എറാവും ഗർവ്വിഷ്ടനും ആയിരുന്നു. നമ്പൂരി കുളിക്കാനായി കുളക്കടവിൽ ചെന്നപ്പോൾ വാഴ്വരു മുണ്ടുടുക്കാതെ ഇരുന്ന് എണ്ണതേക്കാൻ ഭാവിക്കയാണ്. നമ്പൂരിയേ കണ്ടിട്ടു യാതൊരാചാരവും ഭാവിച്ചില്ല. ആ ദേശത്തേക്കു വാഴ്വര് ഒരു പ്രധാനനും ക്ഷേത്രാധികാരിയും ആയിരുന്നതുകൊണ്ട് അങ്ങിനെയാണ് പതിവ്. നമ്പൂരിക്ക് അതൊക്കെ അറിവുണ്ടായിരുന്നതിനാൽ അദ്ദേഹവും അട്ടുകൽ ചെന്നിരുന്നു. "തേച്ചുകുളി നമുക്കു പങ്കായിട്ടായിക്കളയാം. ഞാനും തേച്ചുകുളിച്ചിട്ടു വളരെ ദിവസമായി" എന്നും പറഞ്ഞു നമ്പൂരിയും എണ്ണയെടുത്തു തേച്ചുതുടങ്ങി. വാഴ്വരു കോപമായിട്ടു ദേഷ്യംവന്നു എങ്കിലും ഒന്നും മിണ്ടിയില്ല. നമ്പൂരി വേഗം വേഗം എണ്ണയും തേച്ചു കോണ്ടയും താളിയും ഇട്ടുകൊണ്ടിരുന്നു ക്ഷണനേരത്തിൽ തേച്ചുകുളിയും കഴിച്ച് അമ്പലത്തിലെത്തി. അപ്പോഴേക്കും ഉച്ചപൂജയും കഴിയാറായി. തേവാരമെല്ലാം കഴിഞ്ഞപ്പോഴേക്കും നമസ്കാരം കാലമായി എന്നു ശാന്തിക്കാരൻ വന്നു പറഞ്ഞു. ഉടനെ നമ്പൂരി പോയി ഉണ്ണാനിരുന്നു. അവിടെ ഉച്ചപൂജയ്ക്കു സക്കാർവകയായി ഒരു പാൽപ്പായസം പതിവുണ്ട്. അതു വഴിപോക്കരായി വരുന്ന ബ്രാഹ്മണക്കു ബ്രഹ്മസ്വമായി നമസ്കാരത്തിനു വിളമ്പണമെന്നാണ് ഏർപ്പാടുള്ളത്. എങ്കിലും ദിവസംതോറും വാഴ്വരു കൊണ്ടുപോയി സ്വാപ്പാടു കഴിക്കയാണ് പതിവ്. അതും മുട്ടസ്സു നമ്പൂരി അറിഞ്ഞിരുന്നതിനാൽ ഊണു പകുതിയായപ്പോൾ പാൽപ്പായസം വിളമ്പാൻ ശാന്തിക്കാരനോടു പാഞ്ഞു. വാഴ്വരു പറഞ്ഞല്ലാതെ പാൽപ്പായസം തരാൻ പാടില്ലെന്നു ശാന്തിക്കാരൻ പറഞ്ഞപ്പോൾ "വാഴ്വരു പറഞ്ഞിട്ടതന്നെയാണ് ഭയപ്പെടേണ്ട. വിളമ്പിക്കോളൂ", എന്നു നമ്പൂരി പറഞ്ഞു. ശാന്തിക്കാരൻ പാൽപ്പായസം വിളമ്പിക്കൊടുത്തു. നമ്പൂരി മുക്കുമുട്ടെ സാപ്പാടും കഴിച്ചു വെലിക്കൽപുരയിൽ പോയി കിടപ്പുമായി.

Digitised By Kerala Sahitya Akademi

വായ്പുരു കുളിയും ജപവും എല്ലാം കഴിഞ്ഞ് ഉണ്ണാൻ ചെന്നിരുന്നു. ഊണു പകുതിയായപ്പോൾ പതിവുപോലെ പാൽപ്പായസം വിളമ്പാൻ പറഞ്ഞു. അപ്പോൾ വിളമ്പിക്കൊണ്ടുനിന്ന സ്ത്രീ "പാൽപ്പായസം ആ വഴിപോക്കൻനമ്പൂരിക്കു കൊടുത്തു" എന്നു ശാന്തിക്കാരൻ പറഞ്ഞു എന്നു പറഞ്ഞു.

വായ്പുർ—"അതുവ്വാ. ആരുപറഞ്ഞിട്ടാണ് കൊടുത്തത്?".

സ്ത്രീ—"അമ്മാവൻ പറഞ്ഞു എന്ന് ആ നമ്പൂരി പറഞ്ഞിട്ടാണ് കൊടുത്തതെന്നു ശാന്തിക്കാരൻ പറഞ്ഞു".

വായ്പുർ—"ആാ! ദ്രോഹി വ്യാജംപറഞ്ഞു പറിക്കയാണല്ലേ ചെയ്തത്? എന്നാൽ അയാളോടൊന്നു ചോദിച്ചിട്ടുതന്നെ വേണം വിടാൻ. എന്നിട്ടേ ഇനി ഊണു ഭാവമുള്ളൂ.

ഇങ്ങനെപറഞ്ഞു വായ്പുര് എഴുന്നേൽക്കയും മടക്കിപ്പിടിച്ചുംകൊണ്ടു ദേഷ്യപ്പെട്ടുണീറ്റ വെലിക്കംൽപുരയുടെ വാതിക്കൽ ചെന്നു "പാൽപ്പായസം മേടിച്ചുണ്ടോളാൻ ഞാൻ നമ്പൂരിയോടു പറഞ്ഞുവോ" എന്നു ചോദിച്ചു.

നമ്പൂരി—"ഛേ, കൊശവാ! നീയെന്തിനു വായ്പുരാണ്? നിനക്കുണ്ടോ അഷ്ടാംഗഹൃദയം? ഏഭ്യാ! മോനപ്പള്ളി ശങ്കുവായ്പുരു മഹായോഗ്യൻ, നല്ല അഷ്ടാംഗഹൃദയക്കാരൻ. അയാളാണ് തേച്ചുകുളിച്ചാൽ പാൽപ്പായസമുണ്ണണമെന്നു പറഞ്ഞിരിക്കുന്നത്. അല്ലാതെ നീ പറഞ്ഞാൽ ആരു കേൾക്കും? ഞാൻ നിന്റെ വാലിയക്കാരനോ?".

ഇപ്രകാരം യാതൊരു തടസ്സവുംകൂടാതെ നമ്പൂരിയുടെ ശകാരം കേട്ടപ്പോൾ വായ്പുരു വല്ലാത്ത അന്ധനായിത്തീർന്നു. അതിനുമുമ്പ് ഒരിക്കൽപോലും ആരും ഇങ്ങിനെ തന്നെ പറഞ്ഞിട്ടില്ലാത്തതിനാൽ ഇത് ഏറ്റവും ദുസ്സഹമായി ഭവിക്കയാൽ ഇനിയും നമ്പൂരി വല്ലതും പറയുന്നതിനും വല്ലവരും വന്നു കേൾക്കുന്നതിനും ഇടയാകേണ്ടെന്നു വിചാരിച്ച് അത്യന്തം ലജ്ജയോടുകൂടി അഭിമാനനിധിയായ വായ്പുർ ക്ഷണത്തിൽ വായ്പുത്തേക്കുതന്നെ മടങ്ങിപ്പോയി. നമ്പൂരിയുടെ വഴിക്കു നമ്പൂരിയും പോയി.

പിന്നെ ഒരിക്കൽ ഇദ്ദേഹം ഒരു ക്ഷേത്രത്തിൽ ചെന്നപ്പോൾ അവിടെ ഉത്സവമായിരുന്നു. എന്തോ കാരണവശാൽ അവിടെ കൂത്തിനു വന്നിരുന്ന നമ്പ്യാരുമായി മുഷിയുന്നതിനിടയായി. അതിനാൽ നമ്പ്യാരേ ഒരു പാഠംപഠിപ്പിക്കണമെന്നു നിശ്ചയിച്ചു. അവിടെ ഉത്സവം നടത്തിക്കൊണ്ടിരുന്ന തഹശീൽദാർ ക്ഷേത്രമര്യാദകൾ ഒന്നും നിശ്ചയമില്ലാതെയും ക്ഷേത്രത്തിന്റെ മതിൽക്കകത്തുപോലും കടക്കാൻ പാടില്ലാതെയും ഉള്ള ഒരു സാധുമനുഷ്യനായിരുന്നു. നമ്പൂരി ആ തഹശീൽദാരുടെ അടുക്കൽ ചെന്നുകൂടി ഒന്നാംതരത്തിൽ ഉണ്ടയില്ലാത്ത ഒരു വെടിപറഞ്ഞു പിടിപ്പിച്ചു. എങ്ങിനെയെന്നാൽ, "ഇവിടെ ഉത്സവകാലത്തു വിളക്കിന്റെ ഇടക്കുള്ള പ്രദക്ഷിണത്തിനുമുമ്പോടുകൂടി നമ്പ്യാർ മിഴാവുവാദ്യക്കൂടെ എ

Digitised By Kerala Sahitya Akademi

ടുത്തുസേവിക്കപതിവുണ്ടായിരുന്നു. ഇക്കൊല്ലം അതു കാണുന്നില്ല. ക്ഷേത്രങ്ങളിൽ ഈ വാദ്ധ്യം വളരെ മുഖ്യമായിട്ടുള്ളതാണ്. യജമാനന് ഇതിന്റെ നിശ്ചയമില്ലായിരിക്കുമെന്നു വിചാരിച്ച നമ്പ്യാർ ഇതു കണ്ടുകൂടിക്കയാണ് ചെയ്യുന്നത്. അതിനാൽ അതുകൂടെ നടത്താനായി പട്ടംകെട്ടാത്തപക്ഷം യജമാനനു വളരെ കോപ്പിലാണ്".

ഇപ്രകാരം നംപൂരിയുടെ വ്യാജവചനത്തുകേട്ടു വിശ്വസിച്ചു സാധുവായ തഹശീൽദർ പാവപ്പെട്ട നമ്പ്യാരേക്കൊണ്ടു മഹാരാജാവിനേപ്പോലെയിരിക്കുന്ന ഗിഴാവ് ഒരുലിവസം കെട്ടിയെടുപ്പിച്ചുവരുത്തി. പിറേറലിവസമായപ്പോഴേക്കും നമ്പ്യാർ നംപൂരിയെ ശരണംപ്രാപിച്ചു. പിന്നെ അദ്ദേഹംതന്നെ തഹശീൽദാരുടെ അടുക്കൽ പറഞ്ഞു നമ്പ്യാരുടെ ഈ ഗ്രഹപ്പിഴ ഒഴിച്ചുവിടുകയും ചെയ്തു.

പിന്നെയൊരിക്കൽ മുട്ടസ്സു നംപൂരി വഴിയാത്രയിൽ ഒരു ലുബ്ധനായ നംപൂരിയുടെ ഇല്ലത്ത് ഊണുകഴിക്കാനായി കേറി. അവിടുത്തെ നംപൂരി വഴിപോക്കർക്കു പച്ചവെള്ളംപോലും കൊടുക്കാത്ത കൃപണനാണെന്നു മുട്ടസ്സു നംപൂരി അറിഞ്ഞിരുന്നതിനാൽ അവിടേയും അദ്ദേഹം ഒരുപായമാണു പ്രയോഗിച്ചത്. മുട്ടസ്സു നംപൂരി മുറത്തു ചെന്നപ്പോൾ അകത്തു തേവാരം കഴിച്ചുകൊണ്ടിരുന്ന ഗൃഹസ്ഥൻനംപൂരി ദുർമ്മുഖവും കാണിച്ചുംകൊണ്ടു പതുക്കെ പുറത്തുവന്നു "എന്തിനാ വന്നത്" എന്നുചോദിച്ചു.

മുട്ടസ്സുനംപൂരി—"ഞാൻ കൂച്ചുട്ടരെ ഒരു സ്ഥലത്തുപോയി വരികയാണ്. നമ്മുടെ അമ്മയുടെ ശ്രാദ്ധം ഇന്നാണ്. നിവൃത്തിയുണ്ടെങ്കിൽ അതു മുട്ടിക്കാതെ ഇവിടെക്കഴിച്ചുപോയാൽ കൊള്ളാമെന്നുണ്ട്. പണം എത്ര വേണമെങ്കിലും ചിലവുചെയ്യാൻതയ്യാറാണ്. മുസ്സു കുപയുണ്ടായി അതു കഴിപ്പിച്ചുതരണം. ശ്രാദ്ധവും മുസ്സുതന്നെ വേണമെന്നാണ് എന്റെ ആഗ്രഹം".

ഇതുകേട്ടപ്പോൾ ദക്ഷിണയായിട്ടും, സാമാനവിലയായിട്ടും പണം കുറെ തട്ടിയെടുക്കാമെന്നു വിചാരിച്ച് "എന്നാൽ പതുവ്വിധമായിട്ടുതന്നെ വേണ്ടേ?" എന്നു ഗൃഹസ്ഥൻ ചോദിച്ചു.

മുട്ടസ്സു നംപൂരി—"അമ്മയുടെ ശ്രാദ്ധം തരങ്ങിനെയല്ലാതെ ഉണ്ടായിട്ടില്ല. അതുകൊണ്ട് അങ്ങിനെതന്നെ ആയാൽ കൊള്ളാമെന്നാണ് ആഗ്രഹം. പണം എത്ര വേണമെങ്കിലും ഉണ്ട്".

ഗൃഹസ്ഥൻ—"എന്നാൽ വേണ്ടതുപോലെ കണക്കു ആവാം".

മുട്ടസ്സുനംപൂരി—"എന്നാൽ മുസ്സു തേച്ചുകുളിക്കണം. എണ്ണയുടെ വിലകൂടി എത്രയാണെന്നുവെച്ചാൽ താനേകൊടുക്കാം".

ഉടനേ ഗൃഹസ്ഥൻ അങ്ങിനെതന്നെ ആവാമെന്നു സമ്മതിച്ചു പിന്നെ അകത്തുപോയി വേണ്ടതെല്ലാം ക്ഷണത്തിൽ വെച്ചുണ്ടാക്കുന്നതിനു പട്ടംകെട്ടി എണ്ണയുമെടുത്തു രണ്ടുപേരുംകൂടി കുളിക്കാനുംപോയി.

Digitised By Kerala Sahitya Akademi

മുട്ടസ്സനംപൂരി ക്ഷണത്തിൽ കുളികഴിച്ചു. "എന്നാൽ ഞാൻ പോയി എല്ലാം ചട്ടംകൂട്ടട്ടെ. മൂസ്സു കുളികഴിഞ്ഞു വേഗത്തിൽ വന്നേക്കൂ" എന്നുംപറഞ്ഞു് ഇല്ലത്തെത്തി. ശംഭ്വപ്പുഴക്കരെ അന്തർജ്ജനം വെലിക്കു വേണ്ടതെല്ലാം വെച്ചുണ്ടാക്കി വാലുകെട്ടിൽ കൊണ്ടുവന്നുവെച്ചു വാതിലുംചാരി അടുക്കളയിലേക്കു പോയി "ഇവിടെ അകത്തേക്കു കടക്കാമെന്നു പറഞ്ഞേക്കണേ" എന്നുപറഞ്ഞു. ഉടനെ മുട്ടസ്സനംപൂരി അകത്തേക്കുകടന്നു നാലുകെട്ടിന്റെ പുറത്തുള്ള വാതിലെല്ലാമടച്ചു സാക്ഷയുമിട്ടു അവിടെ ഇരുന്നു തൊന്നതാൻ വിളമ്പി വെടിപ്പായിട്ടു് ഊണുംതുടങ്ങി. കുറച്ചു കഴിഞ്ഞപ്പോഴേക്കു ഗൃഹസ്ഥൻനംപൂരി തേച്ചുകുളിയുംകഴിഞ്ഞു വാതിൽക്കൽവന്നു മുട്ടിവിളിക്കാൻ തുടങ്ങി. മുട്ടസ്സനംപൂരി "ഇതാ ഞാൻ വരുന്നു. കുറച്ചു അവിടെ നില്ക്കണം. ഇതൊന്നും മുഴുവനായിക്കോട്ടെ" എന്നുംപറഞ്ഞു സാവധാനത്തിൽ ഊണുകഴിച്ചു. ഊണുകഴിഞ്ഞു കയ്യും മടക്കിപ്പിടിച്ചുംകൊണ്ടാണു് ഇടയ്ക്കിടയ്ക്കു കൈകൊണ്ടു വാതിൽ തുറന്നപ്പോൾ ഗൃഹസ്ഥൻനംപൂരി "അല്ല! താനിക്കു ശ്രാദ്ധമൂട്ടാനുണ്ടെന്നുപറഞ്ഞിട്ടു് ഇങ്ങിനെയാണോ?" എന്നുചോദിച്ചു.

മുട്ടസ്സനംപൂരി—"എന്റെ മൂസ്സു ദേഷ്യപ്പെടരുതു്. അന്ധാളിത്തംകൊണ്ടു് പ്യാറിക്കു് അല്പം തെറ്റിപ്പോയി. ഇവിടെ വന്നപ്പോഴാണു് ഓർമ്മയുണ്ടായതു്. ഇന്നു് അമ്മയുടെ ശ്രാദ്ധമല്ല. എന്റെ പുറന്നാളാണു്. അതുകൊണ്ടു തരക്കേടൊന്നുമുണ്ടായില്ല. ഭക്ഷണം കേമമായി. അടപ്രഥമൻ ധാരാളം. ദോഷണ്ഡമെല്ലാം അതിശായി".

ഇതുകേട്ടപ്പോൾ ഗൃഹസ്ഥൻനംപൂരി കോപാന്ധനായി കണ്ണുംപൂവത്തികൊണ്ടു് എന്താണിതിനു മറുപടി പറയേണ്ടതെന്നു വിചാരിച്ചുംകൊണ്ടു നില്ക്കുമ്പോൾ മുട്ടസ്സനംപൂരി കയ്യുംകഴുകി പടിക്കലിറങ്ങിപ്പോവുകയും ചെയ്തു.

ഇദ്ദേഹം ഒരിക്കൽ ആറാട്ടുപുഴപൂരംകാണാൻ പോവുകയുണ്ടായി. ആറാട്ടുപുഴപ്പൂരത്തിനു പോകുന്നവർ തങ്ങൾക്കുള്ളവയെല്ലാം കഴിഞ്ഞുകിട്ടുന്നിടത്തോളം ഇരുപതും കൂടിപ്പാഞ്ഞു സർവ്വാഭരണഭൂഷിതന്മാരായിട്ടാണല്ലൊ പോവുക പതിവു്. എന്നാൽ മുട്ടസ്സനംപൂരി പോയതു അങ്ങിനെയല്ല. അദ്ദേഹത്തിന്റെ താവാട്ടവകയായിട്ടുള്ള സകലവസ്തുക്കളുടേയും ആധാരപ്രമാണങ്ങൾ എല്ലാം ഒരു പെട്ടിയിലാക്കിക്കെട്ടിയെടുത്തുംകൊണ്ടാണു് ഗൃഹസ്ഥത്തു് ഒരാൾത്തോളിൽകയറി ആധാരപ്പെട്ടിയും തലയിൽവച്ചു പൂരം കണ്ടുകൊണ്ടുനിന്നു. അനന്യസാധാരണമായ ഈ പ്രവൃത്തിയുടെ താത്പര്യമെന്താണെന്നു ചിലർ ചോദിച്ചപ്പോൾ "അവരവർക്കുള്ള ദ്രവ്യവസ്തുക്കൾ എത്രമാത്രമുണ്ടെന്നറിയ്ക്കേണ്ടതു്. അപ്പോൾ ഈ ആളുകളെല്ലാം ഇത്ര വളരെ സമ്പന്നനായിക്കൊണ്ടു വന്നിരിക്കുന്നതെന്തിനാണു്? അതിനാൽ നമുക്കുള്ള സമ്പാദ്യങ്ങളുടെ ആധാരങ്ങൾ ഞാൻ കൊണ്ടുപോന്നതാണു്. ഞാൻ കുറച്ചു സമ്പാദിച്ചിട്ടുള്ള

Digitised By Kerala Sahitya Akademi

തു വസ്തുക്കളൊയിട്ടാണ്. സ്വർണ്ണമായിട്ടല്ല. പിന്നെ ഇങ്ങിനെയല്ലാതെ നിവൃത്തിയില്ലല്ലൊ" എന്നുപറഞ്ഞു. എട്ടപ്പതിലധികം സ്വർണ്ണാഭരണങ്ങളുമണിഞ്ഞു വന്നിരുന്ന പല യോഗ്യന്മാരും ഇതുകേട്ടു സാമാന്യത്തിലധികം മര്യാദയായി എന്നുള്ളതു പറയേണ്ടതില്ലല്ലൊ.

ഇദ്ദേഹം ആട്യം തിരുവനന്തപുരത്തുപോയപ്പോൾ ഒരുദിവസം പൊന്നുതമ്പുരാൻ തിരുമനസ്സിലെ കോവിലകത്തെന്നുള്ളതുസമയം മുണ്ടുകൊണ്ടു തല മൂടിക്കെട്ടി ശീവലിപ്പുരയിലുള്ള ഒരു വലിയ കൽത്തൊട്ടിയിലിറങ്ങി മുഖംമാത്രം പുറത്തേക്കു കാണിച്ചുകൊണ്ടിരുന്നു. ഒരിക്കൽ തിരുമനസ്സുകൊണ്ട് അങ്ങോട്ടു നോക്കിയപ്പോൾ ഈ മുഖംകണ്ടു. "അതാരാണ് കൽത്തൊട്ടിയിലിറങ്ങിയിരിക്കുന്നതു. വിളിക്കട്ടെ" എന്നു കല്പിച്ചു. ഉടനേ ഒരു ഹരിജനെ നമ്പൂരിയെ വിളിച്ചു തിരുമുമ്പാകെ കൊണ്ടുചെന്നു. "എന്തിനായിട്ടാണ് അതിൽ ഇറങ്ങിയിരുന്നത്?" എന്നു കല്പിച്ചു ചോദിച്ചു.

നമ്പൂരി—"ഇവിടെവന്നാൽ മുഖംകാണിക്കണമെന്നു കേട്ടിട്ടുണ്ട്. അതിലിറങ്ങിയിരിക്കാഞ്ഞാൽ മുഖം മാത്രമായിട്ടു കാണിക്കാൻ പ്രയാസമായിട്ടിറങ്ങിയിരുന്നതാണ്".

നംപൂരിയുടെ ഈ വചനം കേട്ടിട്ടു തിരുമനസ്സുകൊണ്ടു സന്തോഷിച്ചു നംപൂരിക്കു സമ്മാനം കല്പിച്ചുകൊടുത്തതല്ലാതെ ഒട്ടും തിരുവിളക്കേടായില്ല. ഇതെല്ലാം ഇദ്ദേഹം ചെയ്ത ആ തിരുമുമ്പിന്റെ മാഹാത്മ്യമാണ്. അദ്ദേഹം എന്തു പ്രവർത്തിച്ചാലും എന്തു പറഞ്ഞാലും അഹോദ്ദേത്തോടു വിരോധം തോന്നുകില്ല. അതു വെറുതെ വരുന്നതല്ലല്ലൊ. അദ്ദേഹം ആണ്ടുതോറും തൃപ്പൂണിത്തുറ ഉത്സവത്തിന്നു പോകാറുണ്ടായിരുന്നു. ആട്ടം, ഓട്ടന്തുള്ളൽ, ശീതങ്കൻതുള്ളൽ, വാളേറു, ചൊപ്പുടിവിദ്യ, അമ്മാനമാട്ടം, കാക്കരിശ്ശിയാട്ടം, തുടങ്ങിയായി എല്ലാക്കൂട്ടരും അദ്ദേഹവും ഓരോന്നു ചാർത്തിത്തരുന്നു പതിവുണ്ട്. മറ്റു ചാർത്തുകാരേക്കൊണ്ടു അദ്ദേഹത്തിന്റെ പേർക്കൂട്ടി ഓരോ പ്രാവശ്യം കല്പിപ്പിക്കും. ആ വകയ്ക്കുള്ള അരിക്കോപ്പുകൾ വാങ്ങി അവർക്കു കൊടുക്കും. പണം മുഴുവനും അദ്ദേഹമുണ്ടാക്കും. അങ്ങിനെയാണ് പതിവ്. പാഠകംപറയുകയെന്നുള്ളതു ഒന്നുമാത്രം ആപ്പേരുകൊണ്ടു സാധിക്കുന്നതാകയാൽ അതു അദ്ദേഹം തന്നെയാണ് നടത്തുക. വേഷംകെട്ടി വിളക്കത്തുവന്നു നില്ക്കുമെന്നല്ലാതെ പാഠകം പറയാനുള്ളതൊന്നും അദ്ദേഹം പഠിച്ചിട്ടുണ്ടായിരുന്നില്ലാത്തതിനാൽ ഒന്നും പറയാറില്ല. യോഗ്യന്മാരായ അനേകം പാഠകക്കാർ വേറെ ഉള്ളതുകൊണ്ടു ആരും ഇദ്ദേഹത്തിന്റെ അടുക്കൽ പോകാറുമില്ല. ഒരുദിവസം പാഠകം കേട്ടുകൊണ്ടിരിക്കുന്നവരേ എല്ലാം തന്റെ അടുക്കൽ വരുത്തണമെന്നു നമ്പൂരി നിശ്ചയിച്ചു ഒരുപായംചെയ്തു. എങ്ങിനെയെന്നാൽ രണ്ടുകയ്യും തറയിൽവെച്ചുകൊണ്ടു "അയ്യോ പാവം" എന്നു ഉറക്കെ ഒരു വിലാപംവിളിച്ചുകൊടുത്തു. അതുകേട്ടു ആളുകളൊ

Digitised By Kerala Sahitya Akademi

ക്കെ പർഭ്രമിച്ച് ഏതാണെന്നറിയാനായിട്ട് ഓടി ഇദ്ദാഹം വേഷം കെട്ടി നിക്കുന്ന ഭിക്കിലേക്കു ചെന്നു. അപ്പോൾ നംപൂരി "ഇങ്ങിനെ നിലവിളിച്ചുംകൊണ്ട് ആ ശൂർപ്പണഖ ഖരന്റെ അടുക്കലേക്കു ചെന്നു" എന്നു പറഞ്ഞു പാഠകവും മതിയാക്കി. കേൾക്കാനാരുമില്ലാതെയായപ്പോൾ മറ്റു പാഠകക്കാരും മതിയാക്കി. അങ്ങിനെ കേൾവിക്കാക്ക് അത്യുമില്ല ഇത്തുമില്ലെന്നാക്കിത്തീർത്തു എന്നു പറഞ്ഞാൽ മതിയല്ലൊ.

പിന്നെയൊരുദിവസം ഒരു നല്ല വ്യുല്പന്നനായ ഒരാൾ നമ്പൂരിയെ ആക്ഷേപിക്കണമെന്നു കരുതിക്കൊണ്ടു നമ്പൂരിയുടെ പാഠകം കേൾക്കാനായിച്ചെന്നു. അപ്പോൾ നമ്പൂരി

"ഹ്രീതാ ഗിരാ ഗിടഗിടാ കടകാട കുടാ കൂടാ കുടാ കുടുകുടാ കുടിയാടിക്കുട."

എന്നൊരു ശ്ലോകം ചൊല്ലി അദ്ദേഹത്തിനു തോന്നിയതുപോലെ ഉള്ള വിസ്തരിച്ചങ്ങളെല്ലാം അതിനർത്ഥമായിട്ടു പറഞ്ഞു. പാഠകം കഴിഞ്ഞയുടനെ ആ വിദ്വാൻ നമ്പൂരിയോടു "ഹെ ഈ ശ്ലോകം ഏതു പ്രബന്ധത്തിലുള്ളതാണ്? ഇതിന്റെ അർത്ഥം ഒന്നുകൂടി പറഞ്ഞു കേട്ടാൽ കൊള്ളാം" എന്നു പറഞ്ഞു.

നമ്പൂരി.—"ഛീ കുശവാ! നീ പറയുമ്പോളൊക്കെപ്പറയാൻ ഞാൻ നിന്റെ ശിഷ്യനാണോ? ഏതു പ്രബന്ധത്തിലുള്ളതാണെന്ന് അറിയണമെങ്കിൽ ഗ്രന്ഥപരിചയമുള്ള ആണങ്ങളോടു വല്ലവരോടും പോയി ചോദിക്ക്. എനിക്കിപ്പോൾ പറയാൻ അവസരമില്ല. വിദ്വാനായിട്ടു ഞാനൊരുത്തൻ മാത്രമേ ഇവിടെ വന്നിട്ടുള്ളു."

മുട്ടസ്സുനംപൂരി ഓരോ സംഗതിവശാൽ അനേകം ഭാഷാശ്ലോകങ്ങളും ഉണ്ടാക്കീട്ടുണ്ട്. അവ അത്ര സഭ്യങ്ങളല്ലാത്തതിനാൽ ഇവിടെ ഒന്നും ചേർക്കുന്നില്ല. ശ്ലോകങ്ങളെല്ലാം സാമാന്യം നന്നായിട്ടുണ്ട്.

യാത്രക്കളിയിൽ ഇദ്ദേഹം കൊങ്ങിണി മുതലായ അനേകം വേഷങ്ങളും കെട്ടാറുണ്ട്. വേഷങ്ങളെല്ലാം വളരെ നന്നായിരുന്നു എന്നാണ് കേട്ടിട്ടുള്ളതു്. വാക്കുകളെല്ലാം ഫലിതമയമായിരിക്കും. മുട്ടസ്സുനംപൂരിയുടെ വേഷം അരങ്ങത്തുവന്നാൽ പോകുന്നതുവരെ കാഴ്ചക്കാരിൽ ഒരുത്തരെങ്കിലും ഒരു സമയവും ചിരിക്കാതെ ഇരുന്നുപോയി എന്നു വരാറില്ല. അദ്ദേഹത്തിന്റെ വേഷം കണ്ടിട്ടുള്ളവരിൽ ഇപ്പോഴും ജീവിച്ചിരിക്കുന്നവർ പലരുമുണ്ട്. ഈ നംപൂരി കുറച്ചുകാലം തിരുവാഴ്പ്പിൽ വലിയമേനോൻ (ദേവസ്വം കോയിമ്മ) ആയിട്ടും ഇരുന്നിട്ടുണ്ട്.

൨൨. പുളിയാമ്പള്ളിനംപൂരി.

ഇദ്ദേഹം ഒരുത്തമബ്രാഹ്മണനും നല്ല ശാസ്ത്രജ്ഞനുമായിരുന്നു. തിരുവാഴംകുന്നു ദേവിയെ ഉപാസന ഇദ്ദേഹത്തിനു പരിചയമുണ്ടായിരുന്നു

Digitised By Kerala Sahitya Akademi

എന്നുമാത്രമല്ല, പൊവ്വാഴ്ച, വെള്ളിയാഴ്ച, കറുത്തവാവു മുതലായ ദിവസങ്ങളിൽ മദ്യമാംസാദി നിവേദ്യസാധനങ്ങളോടുകൂടി വിധിപ്രകാരമുള്ള ശക്തിപൂജയുമുണ്ടായിരുന്നു. പൂജാനന്തരം അദ്ദേഹം ധാരാളമായി മദ്യം സേവിക്കാറുമുണ്ട്. ദേവി അദ്ദേഹത്തിനു പ്രത്യക്ഷമൂർത്തിയായിരുന്നു.

ഇദ്ദേഹം മദ്യമാംസാദികൾ കൂട്ടി ശക്തിപൂജ കഴിക്കയും മദ്യം സേവിക്കയും ചെയ്യുന്ന വിവരം മറവുള്ള ബ്രാഹ്മണർ ധാരാളമായി അറിഞ്ഞു എങ്കിലും ഇദ്ദേഹത്തിന്റെ ദിവ്യത്വം നിമിത്തം അതൊന്നും കണ്ടുപിടിക്കുന്നതിനും ഇദ്ദേഹത്തിനു പതിത്വം കല്പിക്കുന്നതിനും ആർക്കും കഴിഞ്ഞില്ല. ഇദ്ദേഹം ഇല്ലാത്ത സ്ഥലത്തുവെച്ചു നമ്പൂരിമാർ കൂടിയിരുന്നും കൊണ്ട്, "ഇയ്യാൾ ശുദ്ധ നീചനാണ്. ഇതൊക്കെ ബ്രാഹ്മണർക്കു ചേരുന്നതാണോ. നമുക്കിനി ഈ കള്ളുകുടിയനേ നമ്മുടെ ഇല്ലങ്ങളിൽ യാതൊരടിയന്തരത്തിനും ക്ഷണിക്കരുത്. ക്ഷണിക്കാതെ വന്നാൽ അടിച്ചു പുറത്തിറക്കണം. നമുക്കാർക്കും യാതൊരടിയന്തിരത്തിനും ഇയ്യാളുടെയവിടെ പോവുകയും വേണ്ട" എന്നൊക്കെപ്പറയും. എങ്കിലും ഇദ്ദേഹത്തോടു നേരിട്ട് ഒന്നും പറയാൻ ആർക്കും യുക്തിയുണ്ടായില്ല. തക്കതായ ഒരു ലക്ഷ്യം കിട്ടാതെ ഒരാൾക്കു ഭ്രഷ്ടുകല്പിക്കുന്നതെങ്ങിനെയാണ്. അതിനാൽ വല്ലതും ലക്ഷ്യം കണ്ടുപിടിക്കണമെന്നു നിശ്ചയിച്ച സ്വദേശികളായ നംപൂരിമാരെല്ലാംകൂടി അതിനു തരം നോക്കിക്കൊണ്ടിരുന്നു.

അങ്ങിനെയിരിക്കുമ്പോൾ ഒരു വെള്ളിയാഴ്ചനാൾ പുളിയാമ്പള്ളി നംപൂരി ശക്തിപൂജക്കു മദ്യം വാങ്ങാനായിട്ടുപായിരിക്കുന്നു എന്നുള്ള വിവരം നംപൂരിമാക്കറിവുകിട്ടി. ഉടനേ അവർ പലർകൂടി ഇദ്ദേഹം മദ്യവുംകൊണ്ടു വരുമ്പോൾ ഇടക്കുവെച്ചു പിടിക്കണമെന്നു നിശ്ചയിച്ചു വഴിക്കടുത്ത് ഒരു സ്ഥലത്തു ചെന്നൊളിച്ചിരുന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ പുളിയാമ്പള്ളിനംപൂരി മദ്യകുംഭവും തലയിൽ വെച്ചു വരുവായി. ഉടനേ നംപൂരിമാരെല്ലാംകൂടി പുറകം ചെന്നു വളഞ്ഞു. കായ്മം പറഞ്ഞുപ്പോയിയെന്നു വിചാരിച്ചുംകൊണ്ട് ഇവർ "ഈ കുടത്തിലെന്താണ്" എന്നു ചോദിച്ചു. ഇവർ തന്നെ ചതിക്കാൻ വന്നവരിക്കുന്നുവരാണെന്നു പുളിയാമ്പള്ളിനംപൂരിക്കു മനസ്സിലായി. ഇവരുടെ ചതിവൊന്നും തന്നോടു പറകുകില്ലെന്ന് ഇദ്ദേഹത്തിനു നല്ല നിശ്ചയമുണ്ടായിരുന്നു എങ്കിലും, ഇവക്ക് ഇവരുടെ ഉത്സാഹം കലിച്ചു എന്നു വിചാരിച്ചു കുറിച്ചുകൂടി സന്തോഷമുണ്ടായിട്ടു പിന്നീട് അബദ്ധമാക്കി വിടാമെന്നു വിചാരിച്ചു തൽക്കാലം ഒന്നും മിണ്ടാതെ പതുങ്ങൽ ഭാവിച്ചുനിന്നു. അപ്പോഴേക്കും നംപൂരിമാക്ക് ഉത്സാഹം വർദ്ധിച്ചുതുടങ്ങി. "എന്താ കുടത്തിൽ, എന്താ കുടത്തിൽ" എന്നെല്ലാവരും ചോദ്യം മുറുക്കമായി. പുളിയാമ്പള്ളിനംപൂരി ഒരു വലിയ ജളത സംഭവിച്ച ഭാവത്തിൽ ആരുടേയും നേരേ നോക്കാതെ മുഖം കുമ്പിട്ടു കീഴ്പ്പോട്ടു നോക്കിക്കൊണ്ട് "ഇ

Digitised By Kerala Sahitya Akademi

തിൽ വിശേഷിച്ചൊന്നുമില്ല" എന്നു പറയുകയും ചെയ്തു. അപ്പോൾ ചിലർ "എന്നാൽ കുടം അഴിച്ചു കാണണം" എന്നായി. ചിലർ കുടം പിടിച്ചു താഴെയിറക്കിവെച്ചു. അപ്പോൾ മദ്യത്തിന്റെ ഗന്ധം ധാരാളമായി വന്നതുകൊണ്ടു കുടത്തിനകത്തു മദ്യമാണെന്നു നംപൂതിരിമാർക്കു നല്ല നിശ്ചയമായി. അതിനാൽ കുടം അടച്ചുകെട്ടിയിരിക്കുന്നതു് അഴിച്ചുകാണണമെന്നുള്ള മുറുക്കം കലശലായിക്കഴിഞ്ഞു. അപ്പോൾ പുളിയമ്പള്ളിനംപൂതി "എന്തിനഴിച്ചുകാണുന്നു? ഇതിൽ കുറച്ചു കള്ളിയടയ്ക്കയാണ്. അതുകായിരിക്കും മൂന്നുംകൂട്ടാൻ കള്ളിയടയ്ക്ക വേണമെന്നു പറഞ്ഞിട്ടു വാങ്ങിക്കൊണ്ടു പോവുകയാണ്" എന്നു പറഞ്ഞു. അപ്പോൾ നംപൂതിരിമാർ "എന്നാൽ ഈ കള്ളിയടയ്ക്ക ഞങ്ങൾക്കൊന്നു കാണണം" എന്നായി. എന്തിനു വളരെപ്പറയുന്നു. കുടമഴിച്ചുകാണിക്കാൻ ഇദ്ദേഹം മടിക്കും തോറും കുടത്തിൽ മദ്യമാണെന്നുള്ള നിശ്ചയവും അഴിച്ചു കാണണമെന്നുള്ള നിർബ്ബന്ധവും നംപൂതിരിമാർക്കു കലശലായിത്തീർന്നു. അഴിച്ചു കാണിക്കാതെ വിട്ടയയ്ക്കുകയില്ലെന്നു തീർച്ചയായപ്പോൾ പുളിയമ്പള്ളിനംപൂതി "എന്നാൽ കണ്ടോളിൻ" എന്നു പറഞ്ഞു കുടത്തിന്റെ മൂടി അഴിച്ചു. നംപൂതിരിമാർ നോക്കിയപ്പോൾ കുടം നിറച്ചു് ഒന്നാംതരം കള്ളിയടയ്ക്കയായിരുന്നു. നംപൂതിരിമാരെല്ലാം മദ്യമായിപ്പായി എന്നു പറയേണ്ടതില്ലല്ലൊ. എല്ലാവരും പോയപ്പോൾ പുളിയമ്പള്ളിനംപൂതി കുടം പൂർവ്വസ്ഥിതിയിൽ അടച്ചുകെട്ടി എടുത്തുംകൊണ്ടു് അദ്ദേഹത്തിന്റെ ഇല്ലത്തേക്കു പോയി. പൂജയുടെ സമയമായപ്പോൾ കള്ളിയടയ്ക്ക മദ്യംതന്നെ ആയിത്തീരുകയും ചെയ്തു.

ഇങ്ങിനെ പലവിധത്തിൽ പരീക്ഷിച്ചിട്ടും ഇദ്ദേഹം മദ്യപാനംചെയ്യുന്നുണ്ടെന്നുള്ളതിനു തക്കതായ ഒരു ലക്ഷ്യംകണ്ടുപിടിക്കുന്നതിനു നംപൂതിരിമാർവിചാരിച്ചിട്ടു കഴിഞ്ഞില്ല.പൂജിക്കുന്നതും മദ്യംസേവിക്കുന്നതുമെല്ലാം പുരമുറിക്കകത്തുകേറി വാതലടച്ചിരുന്നുംകൊണ്ടാണ്.അപ്പോൾ അവിടെ മെന്നുകാണാൻ നിവൃത്തിയില്ല. പിന്നെ മദ്യപാനംചെയ്യുമ്പോൾ ഛർദ്ദിച്ചു വെളിവില്ലാതെകിടക്കുന്നതും പുരയ്ക്കകത്തുതന്നെയാണ് പതിവ്. അതു രാത്രികാലങ്ങളിലായിരിക്കയും ചെയ്യും. അങ്ങിനെയുള്ള സമയങ്ങളിൽ ആരെങ്കിലും കാണാൻ ചെന്നാൽ "ഇപ്പോൾ സമയമില്ല. രാവിലെ ആവട്ടെ" എന്നു പറയുന്നതിനു ഭൃത്യന്മാരേ ശട്ടംകെട്ടിയിരിക്കും. പിന്നെ രാത്രിസമയത്തു വാതിലടച്ചുകിടക്കുന്ന ഇദ്ദേഹത്തിനേ ആരെങ്കിലും ചെന്നു കാണാൻ കഴിയുമോ? പകൽ പുറത്തു കാണുമ്പോഴെങ്കിലും കുടിച്ചിട്ടുണ്ടായിരിക്കയുമില്ല. പിന്നെ എന്തു നിവൃത്തിയാണുള്ളത്?

ഇങ്ങിനെ ഒരു നിവൃത്തിമാർഗ്ഗവും ഇല്ലാതെ വളരെക്കാലം വിഷമിച്ചതിന്റെശേഷം നംപൂതിരിമാരെല്ലാവരുംകൂടി വിവരം രാജാവിങ്കൽ അറിയിച്ചു. ശക്തിവൃജയുള്ള ദിവസം നിശ്ചയമായി അറിഞ്ഞു പറഞ്ഞാൽ

Digitised By Kerala Sahitya Akademi

നിവൃത്തിയുണ്ടാക്കാതെന്ന രാജാവു കല്പിച്ചു. പിന്നെ നംപൂരിമാരെല്ലാവരുംകൂടി കക്കടകമാസത്തിൽ കറുത്തപാവിൻനാൾ ശക്തിപൂജയുണ്ടെന്നുള്ള വിവരം സൂക്ഷ്മമായി അറിഞ്ഞു രാജാവിങ്കൽ ഗ്രഹിപ്പിച്ചു. പുളിയാമ്പള്ളിനംപൂരി പതിവുപോലെ പൂജയും കഴിച്ചു മദ്യവും സേവിച്ചു മദാന്ധഹൃദയനായിക്കിടക്കുന്നസമയം അദ്ദേഹത്തെ വിളിച്ചുകൊണ്ടുവരുവാനായിട്ടു രാജാവാളയച്ചു. രാജാവിന്റെ ആൾ നംപൂരിയുടെ ഇല്ലത്തുചെന്നു വിവരം ദാസിമുഖാന്തരം അകായിൽ ഗ്രഹിപ്പിച്ചു. അന്തർജ്ജനം ആ വിവരം നംപൂരിയുടെ അടുക്കൽ ചെന്നു പറഞ്ഞു. അപ്പോൾ മദ്യത്തിന്റെ ലഹരികൊണ്ടു ബോധംകെട്ടു കിടക്കുന്ന നംപൂരി "ആട്ടെ നിലാവുദിക്കുമ്പോൾ ചെല്ലാം. ഇപ്പോൾ ഈ ഇരുട്ടത്തു പ്രയാസമുണ്ടെന്നു പറഞ്ഞയയ്ക്കുക" എന്നു പറഞ്ഞു. അന്തർജ്ജനം ആ വിവരം ദാസിമൂലം രാജഭൃത്യനോടു പറഞ്ഞയയ്ക്കുകയും ചെയ്തു.

പുളിയാമ്പള്ളിനംപൂരി വെളിവുകൂടാതെ പറയുന്നതു കാണുന്നതിനും രാജാവിനെക്കൂടി സാക്ഷിയായി വെച്ചുകൊണ്ടു ഭ്രഷ്ടുകല്പിക്കുന്നതിനുമായി അന്നു രാജസന്നിധിയിൽ അസംഖ്യം നംപൂരിമാർ കൂടിയിരുന്നു. അപ്പോൾ ഭൃത്യൻ വന്നു "നംപൂരി നിലാവുദിക്കുമ്പോൾ വരാമെന്നു പറഞ്ഞിരിക്കുന്നു" എന്നു രാജാവിന്റെ അടുക്കൽ അറിയിച്ചു. അതുകേട്ടു നംപൂരി മദ്യപാനംചെയ്തു വെളിവുകൂടാതെ പറഞ്ഞതെയുള്ളുതാണെന്നു് എല്ലാവരും തീച്ചപ്പെടുത്തി. കറുത്തവാവിൻനാൾ ചന്ദ്രനുദിക്കാതെന്നുള്ളതു് ഓർക്കലും ഉണ്ടാകാത്തതാകയാൽ അതു സുബോധമുള്ളവർ പറയുന്നതല്ലല്ലോ. അപ്പോൾ രാത്രി കുറെ അധികമായതിനാൽ നംപൂരിമാരും അവരവരുടെ ഇല്ലങ്ങളിലേക്കു പോയില്ല. രാജാവു പള്ളിയറയിലേക്കെഴുന്നള്ളിയതിന്റെ ശേഷം എല്ലാവരും രാജഭവനത്തിൽതന്നെ ഓരോ സ്ഥലത്തു പോയിക്കിടന്നുറങ്ങി.

ഏകദേശം അർദ്ധരാത്രിയായപ്പോൾ പുളിയാമ്പള്ളി നംപൂരിക്കു ബോധം വിണു. അപ്പോൾ അദ്ദേഹത്തിനു രാജാവിന്റെ ആൾ വന്നു രാജസന്നിധിയിലേക്കു താൻ എന്തോ അസംബന്ധം പറഞ്ഞയച്ചു എന്നോ ഏതാണ്ടൊക്കെ ഒരു സ്വപ്നം കണ്ടതുപോലെ ഓർമ്മതോന്നുകയാൽ വിവരം അന്തർജ്ജനത്തിനോടു ചോദിക്കയും ഉണ്ടായ വസ്തുത അന്തർജ്ജനം പറയുകയും ചെയ്തു. നിലാവുദിക്കുമ്പോൾ ചെല്ലാമെന്നാണ് പറഞ്ഞയച്ചിരിക്കുന്നതെന്നു കേട്ടപ്പോൾ നംപൂരി തൽക്കാലം ഒന്നന്ധാളിച്ചു. എങ്കിലും സർവ്വലോകൈകമാതാവായിരിക്കുന്ന സാക്ഷാൽ ശക്തിയുടെ സഹായമുള്ളതുകൊണ്ടു തനിക്ക് ഒന്നും ദുസ്സാധമായും അവമാനകരമായും വരികയില്ലെന്നുള്ള വിശ്വാസത്തോടുകൂടി അദ്ദേഹം ഉടനെ എണീറ്റു രാജസന്നിധിയിലേക്കു പുറപ്പെട്ടു. പുറത്തിറങ്ങി നോക്കിയപ്പോൾ പൂർണ്ണചന്ദ്രൻ തന്റെ കാശമദ്ധ്യത്തിങ്കൽ പ്രകാശിച്ചു നില്ക്കുന്നതും വെള്ള വിശേഷാൽ ലോകമെല്ലാം നിറഞ്ഞു പരന്നിരിക്കുന്നതും കാണപ്പെട്ടു. അ

Digitised By Kerala Sahitya Akademi

തിനാൽ അത്യന്തം സന്തുഷ്ടഹൃദനായ നമ്പൂരി വേഗത്തിൽ രാജഭവനത്തിലെത്തി രാജാവു കിടന്നുറങ്ങുന്ന പള്ളിയറവാതിൽക്കൽ ചെന്നു മുട്ടിവിളിച്ചു. ഉടനേ രാജാവുണർന്ന് "ആരത്" എന്നു ചോദിച്ചു. "ഞാൻ തന്നെ പുളിയാമ്പള്ളി" എന്നു നംപൂരി ഉത്തരം പറഞ്ഞപ്പോൾ "എന്താ നിലാവുദിച്ചുവോ" എന്നു രാജാവു ചോദിച്ചു. "ഉവ്വ്. പുറത്തിറങ്ങിനോക്കിയാൽ കണാം" എന്നു നംപൂരി പറഞ്ഞു. ഉടനെ രാജാവു പുറത്തിറങ്ങി നോക്കിയപ്പോൾ പൂർണ്ണചന്ദ്രനേയും ചന്ദ്രികാപ്രകാശത്തേയും കണ്ട് അത്യന്തം വിസ്മയിച്ചു. അപ്പോൾതന്നെ രാജാവു ഭൃത്യന്മാരേപ്പറഞയച്ചു നംപൂരിമാരേയെല്ലാം വിളിപ്പിച്ചു വരുത്തി. എല്ലാവരും ഇതു കണ്ട് ഏറ്റവും അത്ഭുതപ്പെട്ടു. രാജാവു പുളിയാമ്പള്ളി നംപൂരിക്ക് അനവധി സമ്മാനങ്ങളും കൊടുത്തു സന്തോഷിപ്പിച്ചയച്ചു. അദ്ദേഹം അദ്ദേഹത്തിന്റെ ഇല്ലത്തെത്തിയപ്പോഴേക്കും ചന്ദ്രനും ചന്ദ്രികയും മറഞ്ഞു നല്ല ഇരുട്ടാവുകയും ചെയ്തു. ആ കാണപ്പെട്ടതു സാക്ഷാൽ ചന്ദ്രനും ചന്ദ്രികയുമല്ലായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. ഭക്തവത്സലയായ ദേവി ഭക്തനായ നംപൂരിക്ക് അവമാനം സംഭവിക്കാതെ ഇരിക്കാൻവേണ്ടി തന്റെ കുണ്ഡലങ്ങളിൽ ഒന്നെടുത്ത് ഉയർത്തിപ്പിടിക്കയായിരുന്നു ചെയ്തത്. അതു കണ്ടവക്കെല്ലാം ചന്ദ്രനായിട്ടും അതിന്റെ ശോഭ ചന്ദ്രികയായിട്ടും തോന്നി എന്നേയുള്ളൂ.

ഇപ്രകാരം പലരും പലവിധത്തിൽ പരീക്ഷിച്ചിട്ടും പുളിയാമ്പള്ളി നംപൂരിയെ അവമാനിക്കുന്നതിനോ, അദ്ദേഹത്തിന്റെ മദ്യപാനത്തെ പ്രത്യക്ഷപ്പെടുത്തുന്നതിനോ അദ്ദേഹത്തിനു ഭ്രഷ്ടുകല്പിക്കുന്നതിനോ കഴിഞ്ഞില്ല. ദേവീപ്രസാദം വേണ്ടതുപോലെ സിദ്ധിച്ചിട്ടുള്ളവരേ ജയിക്കാൻ ആരുവിചാരിച്ചാലും കഴിയുന്നതല്ലല്ലൊ.

പുളിയാമ്പള്ളി നംപൂരി ഒരു നല്ല മന്ത്രവാദിയുമായിരുന്നു. അദ്ദേഹത്തെ മന്ത്രവാദത്തിനായി പലരും ക്ഷണിച്ചു കൊണ്ടുപോവുക പതിവായിരുന്നു. അദ്ദേഹം ഒഴിച്ചാൽ ഒഴിയാത്ത ബാധ ഒന്നും ഉണ്ടായിരുന്നില്ല. നംപൂരി മന്ത്രവാദത്തിനും മറ്റുമായി അന്യസ്ഥലങ്ങളിൽ പോകുമ്പോൾ ദേവി പ്രത്യക്ഷമൂർത്തിയായിട്ട് അദ്ദേഹത്തോടുകൂടി പോവുക പതിവായിരുന്നു. എങ്കിലും അത് അന്യന്മാക്ക് അപ്രത്യക്ഷംതന്നെ ആയിരുന്നതാനും.

ഒരുദിവസം നംപൂരി എവിടെയോപോയി ഒരു മന്ത്രവാദവും കഴിഞ്ഞ് അർദ്ധരാത്രിസമയം നംപൂരി മുമ്പും ദേവി പിമ്പുമായി ഇല്ലത്തേക്കു പുറപ്പെട്ടു. കുറെ വഴി പോന്നതിന്റെ ശേഷം ഒരിക്കൽ നംപൂരി തിരിഞ്ഞു നോക്കിയപ്പോൾ ദേവിയേക്കണ്ടില്ല. എവിടെപ്പോയതായിരിക്കും എന്നു സംശയിച്ചു കുറച്ചുനേരം തിരിഞ്ഞുനിന്നു. എന്നിട്ടും കാണായ്കയാൽ നംപൂരിക്കു വളരെ വ്യസനമായി. ഒന്നന്വേഷിച്ചിട്ടുവേണം പോകാനെന്നു നിശ്ചയിച്ച് അദ്ദേഹം പോന്ന സ്ഥലത്തേക്കുതന്നെ തിരി

Digitised By Kerala Sahitya Akademi

യെപ്പുറപ്പെട്ടു. കുറച്ചു ചെന്നപ്പോൾ വഴിക്കരികിൽ ഒരു പറയന്റെ മാടത്തിൽ ഒരു പറയൻ ഒരുവാളും പിടിച്ചുകൊണ്ടു ദേവിയെ പൂജിക്കുന്നതും കൊട്ടുന്നതും പാടുന്നതും ചില മന്ത്രങ്ങൾചൊല്ലി സ്തുതിക്കുന്നതും ദേവി ആ പൂജ ഏറ്റുകൊണ്ട് ആ പീഠത്തിന്മേൽ ഇരിക്കുന്നതും നമ്പൂരി കണ്ടു (ദേവിയേ പറയനു കാണാൻ പാടില്ലായിരുന്നതാണും) അവന്റെ പൂജയും മറ്റും കഴിയുന്നതുവരെ നമ്പൂരി എല്ലാം കണ്ടുംകൊണ്ടു വഴിയിൽതന്നെ നിന്നു. അതെല്ലാം കഴിഞ്ഞപ്പോൾ ദേവി എണീറ്റു അവിടെനിന്നു പുറപ്പെട്ട നമ്പൂരിയുടെ അടുക്കലേവന്നു. അപ്പോൾ നമ്പൂരി "അല്ലയോ ദേവി! ഈ പറമാടത്തിലും മറ്റും അവിടുന്നെഴുന്നള്ളുന്നതു വലിയ കഷ്ടമാണ്. മന്ത്രതന്ത്രാദികളൊന്നുമില്ലാതെ നീചനായ ആ പറയൻ പൂജിച്ചതിനെ അവിടുന്നു കൈക്കൊള്ളുകയും അവന്റെ നിവേദ്യാംശത്തെ അവിടുന്നനുഭവിക്കയും ചെയ്യുന്നതു കണ്ടിട്ട് എനിക്കു വളരെ വല്ലാതെ തോന്നി. ഇനിമേലാൽക്കിലും ഇങ്ങിനെയുള്ളതിനു പോകാതിരുന്നാൽകൊള്ളാം." എന്നു പറഞ്ഞു. ഇതുകേട്ടു ദേവി ചിരിച്ചുംകൊണ്ട് "അല്ലാ അങ്ങ് ഇതുവരെ എന്റെ സ്വഭാവം നല്ലപോലെ അറിഞ്ഞിട്ടില്ല അല്ലേ? അങ്ങേക്കു മന്ത്രശുദ്ധിയും ഭക്തിയും മതിയായിട്ടില്ല. മറ്റുള്ളോരെക്കുറിച്ചു ഭക്തിയുള്ളു എല്ലാവർക്കും എന്നിലെന്നപോലെയാണ്. ചണ്ഡാലനെന്നും ബ്രാഹ്മണനെന്നുമുള്ള വ്യത്യാസം എനിക്കില്ല. ഭക്തിയുള്ളവർ ആര് വിളിച്ചാലും എന്നെക്കൊണ്ടുപോകാതെയിരിക്കാൻ നിവൃത്തിയില്ല. ഞാൻ മന്ത്രതന്ത്രാദികളേക്കാൾ ഗണിക്കുന്നതു ഭക്തിയേയാണ്. ഈ തത്ത്വം അറിഞ്ഞിട്ടില്ലാത്ത അങ്ങോടുകൂടെ ഞാൻ വരുന്നില്ല. ഇനി അങ്ങേക്ക് എന്നെക്കൊണ്ടൊരാവശ്യം കഴിക്കയില്ല. എങ്കിലും പതിവിനനുസരിച്ചു ഭക്തിയോടുകൂടി എന്നെ ഇപാസിച്ചുകൊണ്ടിരുന്നാൽ അങ്ങു വിചാരിക്കുന്ന കാര്യമെല്ലാം ഞാൻ സാധിപ്പിച്ചു തരികയും ചെയ്യാം" എന്നരുളിച്ചെയ്തു് അവിടെത്തന്നെ അന്തർദ്ധാനവും ചെയ്തു. അതിൽപിന്നെ നമ്പൂരി മാനുഷരൂപത്തോടുകൂടി ദേവിയെ കണ്ടിട്ടില്ല. ദേവി അപ്രത്യക്ഷയായതിന്റെ ശേഷം അധികകാലം അദ്ദേഹം ജീവിച്ചിരുന്നിട്ടുമില്ല.

പുലിയാമ്പള്ളി നമ്പൂരിയെ മലയാളത്തിൽ പലരേഖകളിലും വലജനങ്ങളും ഇന്നും കുടുംബപരമ്പരയായി പൊക്കിപ്പറഞ്ഞുവരുന്നുണ്ട്. കർക്കടകമാസത്തിലും തുലാമാസത്തിലും മറ്റും പുലിയാമ്പള്ളി നമ്പൂരിക്കു വെള്ളംകുടി വെക്കുക എന്നൊരു കാര്യവും പലടത്തും നടപ്പുണ്ട്. പുലിയാമ്പള്ളി നമ്പൂരിക്കു വെള്ളംകുടി പ്രത്യേകം പ്രത്യേകം കല്പിക്കുന്നതിനു കാരണം സന്താനമുണ്ടാകാനായിട്ടും സന്പത്തുണ്ടാകാനായിട്ടും ഭാഗ്യമുണ്ടാകുവാനും രോഗങ്ങൾ മുതലായവ മാറുന്നതിനായിട്ടും നമ്പൂരിക്കു വെള്ളംകുടി പ്രത്യേകം പലടത്തും നടപ്പാണ്". ഭാഗ്യം നന്നാകുന്നതിനുവേണ്ടിയാണെന്നു ഇതുപ്രധാനം.

Digitised By Kerala Sahitya Akademi

പുളിയാമ്പള്ളി നമ്പൂരിക്കു വെള്ളംകുടി പ്രാർത്ഥിച്ചാൽ തെളിയാത്ത മോഷണം ലോകത്തിലില്ലെന്നാണ് പിന്നീർ പറയുന്നത്. വെള്ളംകുടി പ്രാർത്ഥിച്ചാൽ നാല്പത്തൊന്നു ദിവസത്തിനകം മോഷ്ടിച്ചവൻ താപ്പുമോതിച്ചുകൊണ്ടു മോഷണത്തൊണ്ടി ഉടമസ്ഥന്റെ പാർത്തിങ്കൽ കൊണ്ടു ചെന്നു വെച്ചു നമസ്കരിക്കും. അങ്ങിനെ ചെയ്തില്ലെങ്കിൽ ആ മോഷ്ടാവും അവന്റെ തറവാട്ടിലുള്ള എല്ലാവരും രക്തം ഛർദ്ദിച്ചു മരിക്കും. കാര്യം സാധിച്ചിട്ടു പ്രാർത്ഥന നടത്താതെയിരുന്നാൽ മോഷ്ടാവിന്റെ അനുഭവംതന്നെ ഉടമസ്ഥനും സിദ്ധിക്കും. പുളിയാമ്പള്ളി നമ്പൂരിയുടെ സ്വഭാവം കായംകുളം വാള്യപോലെ ഇരുഭാഗത്തും മൂർച്ചയുള്ളതാണ്. ഈദ്ദേഹത്തേപ്പോലെ ഉഗ്രമൂർത്തിയായിട്ടു വേറെ യാതൊരു മൂർത്തിയുമില്ല എന്നിങ്ങിനെ പറയുകയും വിശ്വസിക്കയും ചെയ്യുന്നവർ ഇക്കാലത്തും ധാരാളമുണ്ട്. വളരെക്കാലംമുമ്പു മരിച്ചുപോയിട്ടുള്ള ഈദ്ദേഹത്തേക്കുറിച്ചുള്ള ഭയഭക്തിവിശ്വാസബഹുമാനങ്ങൾ ഇക്കാലംവരെ നിലനിൽക്കണമെങ്കിൽ ഈദ്ദേഹം ജീവിച്ചിരുന്ന കാലത്ത് ഈദ്ദേഹത്തിന്റെ ദിവ്യതപങ്ങളും അത്ഭുതകർമ്മങ്ങളും സാമാന്യമൊന്നുമല്ലായിരുന്നു എന്ന് എല്ലാവർക്കും ഊഹിച്ചറിയാവുന്നതാണ്.

ഈദ്ദേഹത്തിന്റെ ഇല്ലം കോഴിക്കോട്ടായിരുന്നു എന്നും ഈദ്ദേഹം ദ്വാരകഗതിയെ പ്രാപിച്ചിട്ട് ഇപ്പോൾ അഞ്ഞൂറുസംവത്സരത്തിൽ അധികമായിരിക്കുമെന്നുമാണ് കേട്ടിരിക്കുന്നത്.

൧൨. കല്പന്തോരാരിരം ഗുരുക്കൾ

ഒരു കോലത്തുനാട്ടുകാരനായ ഒരു ബ്രാഹ്മണൻ ആയുധവിദ്യ അഭ്യസിക്കണമെന്നുള്ള അത്യുത്സാഹത്തോടുകൂടി കോഴിക്കോട്ടുവന്നു ചേർന്നു. അവിടെ അക്കാലത്തെ സാമൂതിരി രാജാവു വലിയ അഭ്യാസിയായിരുന്നതിനാൽ ഈ ബ്രാഹ്മണൻ അദ്ദേഹത്തെ ചെന്നു കണ്ടു തന്റെ അഭിപ്രായം അറിയിച്ചു. രാജാവു സന്തോഷസമേതം ബ്രാഹ്മണന്റെ അപേക്ഷയെ സ്വീകരിച്ചു. ഒരു സുമുഹൂർത്തത്തിങ്കൽ ബ്രാഹ്മണൻ അഭ്യാസം ആരംഭിക്കയും ചെയ്തു.

ഇങ്ങിനെ ഒരുകൊല്ലം കഴിഞ്ഞപ്പോൾ ഒരു ദിവസം ഗുരുവായ രാജാവു ശിഷ്യനായ ബ്രാഹ്മണനോട് "ഇപ്പോൾ അങ്ങേപ്പടിക്കാരായിട്ടു വല്ല ശത്രുക്കളും വന്നാൽ തടുത്തുനിർത്താ"മെന്നു ചോദിച്ചു. അപ്പോൾ ബ്രാഹ്മണൻ "പതിനായിരം പേരു വന്നാൽ ഒരു പ്രയാസവുംകൂടാതെ ഞാൻ തടുത്തുനിർത്താം" എന്നപ്രകാരം പറഞ്ഞു. "അതുകൊണ്ടു മതിയായില്ല. കുറച്ചുകൂടി അഭ്യസിക്കണം" എന്നും പറഞ്ഞു രാജാവു വീണ്ടും വിട്ടിച്ചുകൊണ്ടിരുന്നു. ബ്രാഹ്മണൻ അതിജാഗ്രതയോടുകൂടി പഠിച്ചു

Digitised By Kerala Sahitya Akademi

കൊണ്ടും താമസിച്ചു. അങ്ങിനെ ഒരു കൊല്ലം കൂടെക്കഴിഞ്ഞപ്പോൾ വീണ്ടും ഗുരു മേൽപ്രകാരം ചോദിച്ചു അപ്പോൾ "അയ്യായിരം പേരു വന്നാൽ തടുത്തുനിൎത്താം" എന്നു ബ്രാഹ്മണൻ പറഞ്ഞു. ഗുരു "ഇനിയും മതിയായില്ല" എന്നു പറഞ്ഞു പിന്നെയും അഭ്യസിപ്പിച്ചു.

ഇങ്ങിനെ ഓരോ കൊല്ലം കൂടുമ്പോൾ മേൽപ്രകാരം ഗുരു ചോദിക്കയും ശിഷ്യൻ "രണ്ടായിരം പേരേത്തടുക്കാം, ആയിരം പേരേത്തടുക്കാം, അഞ്ഞൂറു പേരേത്തടുക്കാം" എന്നിങ്ങിനെ ക്രമേണ കുറച്ചു കുറച്ചു പറയുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങിനെ പന്ത്രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ "ഇപ്പോൾ എന്തു തോന്നുന്നു" എന്നു ഗുരു ചോദിച്ചു. "ഒരാൾ വന്നാൽ തടുത്തു നിൎത്താമെന്നു തോന്നുന്നുണ്ട്" എന്നു ശിഷ്യൻ ഉത്തരം പറഞ്ഞു. "ഇനിയും മതിയായെന്നു തോന്നുന്നില്ല. കുറച്ചുകൂടെ പ്പഠിക്കണം" എന്നു പറഞ്ഞു ഗുരു പിന്നെയും പഠിപ്പിക്കയും ശിഷ്യൻ പഠിക്കയും ചെയ്തുകൊണ്ടിരുന്നു. ഈ ഗുരുശിഷ്യന്മാരുടെ മേൽപറഞ്ഞ ചോദ്യോത്തരങ്ങൾകൊണ്ടു, അല്പജ്ഞാനം അഹമ്മതിയെ ഉണ്ടാക്കുന്നതാണെന്നു സ്പഷ്ടമാകുന്നു. ആദ്യം ബ്രാഹ്മണൻ നിരോധനമാൎഗ്ഗങ്ങളെല്ലാതെ പരാക്രമണപ്രയത്നങ്ങൾ ഗ്രഹിക്കായ്കയും പിന്നീടു അതുകൂടെ ഗ്രഹിച്ചുതുടങ്ങുകയും കൊണ്ടാണു മേൽപ്രകാരം പറഞ്ഞതു്.

ഇങ്ങിനെ കുറച്ചുകാലംകൂടെക്കഴിഞ്ഞപ്പോഴേക്കു് ഈ ബ്രാഹ്മണൻ ഒരൊന്നാന്തരം അഭ്യാസിയായി തീൎന്നു. ഇനി പഠിപ്പുതു മതി എന്നു് അദ്ദേഹത്തിനുതന്നെ തോന്നിത്തുടങ്ങി. എങ്കിലും ഗുരു സമ്മതിച്ചില്ല. ശിഷ്യവത്സലനായ ആ രാജാവു "പോര പോര, മെയ്യു കണ്ണാകണം" എന്നു പറഞ്ഞുംകൊണ്ടു പിന്നെയും അഭ്യസിപ്പിച്ചു.

ഇങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം ഈ ബ്രാഹ്മണൻ രാവിലേ പതിവുള്ള അഭ്യാസവുംകഴിഞ്ഞു തേച്ചുകുളിക്കുന്നായി സൎവ്വാംഗം എണ്ണയുംതേച്ചുംകൊണ്ടു പുറപ്പെട്ടു. ബ്രാഹ്മണൻ അവിടെയുള്ള ഒരു മതിൽക്കെട്ടിനകത്തിരുന്നാണു് എണ്ണതേച്ചതു്. ആ മതിൽക്കെട്ടിൽനിന്നു പുറത്തേക്കിറങ്ങുന്നതിനുള്ള വാതിൽക്കൽ മതിൽക്കകത്തായിട്ടു രണ്ടു വശത്തും ഓരോരുത്തർ ഓരോ കുന്തവും പിടിച്ചുംകൊണ്ടു നില്ക്കുന്നതിനും ബ്രാഹ്മണൻ വാതിൽക്കൽ വന്നിറങ്ങുമ്പോൾ രണ്ടുപേരും രണ്ടുവശത്തും നിന്നു പെട്ടെന്നു കുത്തുന്നതിനും കല്പനകൊടുത്തു രണ്ടുപേരേ ഗുരുവായ രാജാവു നിൎത്തീട്ടുണ്ടായിരുന്നു. രാജാവും അവിടെ ഒരു സ്ഥലത്തു മറഞ്ഞിരുന്നിരുന്നു. ബ്രാഹ്മണൻ ഈ വിവരമൊന്നും അറിയാതെ പതിവുപോലെ വാതിൽക്കൽവന്നു പുറത്തേയ്ക്കിറങ്ങി. പെട്ടെന്നു രണ്ടു വശത്തും നിന്നിരുന്ന കുന്തക്കാർ ഓരോ കുത്തും വെച്ചുകൊടുത്തു. കുത്തുകൊണ്ടതിന്റെ ശേഷമേ ബ്രാഹ്മണൻ കുന്തക്കാരേക്കണ്ടുള്ളു എങ്കിലും ഉടനേ അദ്ദേഹം അവിടെനിന്നു ചാടിക്കളഞ്ഞു. അപ്പോൾ ഗുരുവായ രാജാവു വെളിയിൽ ഇറങ്ങിവന്നു നോക്കി. അപ്പോൾ രണ്ടു കുന്തത്തി

Digitised By Kerala Sahitya Akademi

ന്റെയും അറിവുള്ളതു് എണ്ണപറഞ്ഞിയും ബ്രാഹ്മണന്റെ ദേഹത്തിൽ തൊലിപോലും മുറിയാതെയും ഇരിക്കുന്നതായിക്കണ്ടു രാജാവു വളരെ സന്തോഷിച്ചു്, "ഇതാണു് മെയ്യു കണ്ണാകണം എന്നു ഞാൻ പറയാറുള്ളതിന്റെ അർത്ഥം. ഇനി അഭ്യാസം മതിയാക്കാം" എന്നു ശിഷ്യനോടു പറഞ്ഞു. "എല്ലാം അവിടുത്തെകൃപ" എന്നു ശിഷ്യനും പറഞ്ഞു. രാജാവു കോവിലകത്തേക്കും ബ്രാഹ്മണൻ കുളിക്കാനും പോവുകയും ചെയ്തു. രാജാവു് ഇപ്രകാരം തന്റെ പ്രിയശിഷ്യനെ കുന്തംകൊണ്ടു കുത്തിച്ചതു ശിഷ്യന്റെ അഭ്യാസബലത്തെ പരീക്ഷിക്കുന്നതിനായിട്ടും ഇതുകൊണ്ടു തന്റെ ശിഷ്യനു് അപകടമൊന്നും പിണയുകയില്ലെന്നുള്ള നിശ്ചയമുണ്ടായിട്ടും ആണെന്നുള്ളതു പ്രത്യേകം പറയണമെന്നില്ലല്ലോ. കണ്ണിൽ എന്തെങ്കിലും കൊള്ളാൻ തുടങ്ങുമ്പോൾ എത്രയും വേഗത്തിൽ അതു് അടഞ്ഞുപോകുന്നുവല്ലോ. അതുപോലെയുള്ള സ്വാധീനത ശരീരത്തിനു മുഴുവനുമെന്നാണു് "മെയ്യു കണ്ണാകണം" എന്നുള്ളതിന്റെ അർത്ഥം. ആത്യന്തം ഊക്കോടുകൂടി കുത്തിയ അതിനിശിതങ്ങളായ കുന്തങ്ങളും തന്റെ ദേഹത്തിൽ കൊണ്ടതിന്റെ ശേഷം വിവരമറിഞ്ഞു തൊലി മുറിയുന്നതിനു മുമ്പായി ചാടിക്കളയണമെങ്കിൽ അദ്ദേഹത്തിനു എത്രമാത്രം മെയ്വഴക്കമുണ്ടായിരിക്കണം. അപ്പോൾ അദ്ദേഹത്തിനു മെയ്യു കണ്ണാകണമെന്നു ഗുരുവിനുണ്ടായിരുന്ന അഭിപ്രായം സഫലമായി എന്നറിഞ്ഞതുകൊണ്ടാണു് ഗുരു "ഇനി അഭ്യാസം മതിയാക്കാം" എന്നു സമ്മതിച്ചതെന്നുള്ളതു പറയണമെന്നില്ലല്ലോ.

ബ്രാഹ്മണൻ പിന്നെയും കുറച്ചു കാലം കൂടെ ഗുരുസന്നിധിയിൽ താമസിച്ചു തനിക്കുണ്ടായിരുന്ന സന്ദേഹങ്ങൾ സകലവും തീർത്തതിന്റെ ശേഷം യഥാശക്തി ഗുരുദക്ഷിണയും കഴിച്ചു് അനുഗ്രഹവും വാങ്ങി അവിടെനിന്നു പുറപ്പെട്ടു.

അനന്തരം അദ്ദേഹം ഓരോ ദേശങ്ങളിൽ സഞ്ചരിച്ചു ക്രമേണ കായംകുളത്തുചെന്നുചേർന്നു. ആ രാജ്യം അന്നു തിരുവിതാംകോട്ടുകൂ ചേർന്നിട്ടില്ലായിരുന്നു. കായംകുളത്തു രാജാവിനെച്ചെന്നു കണ്ടു് അദ്ദേഹം കല്പനപ്രകാരം അവിടത്തെ സൈന്യങ്ങളെ ആയോധനവിദ്യ അഭ്യസിച്ചുകൊണ്ടു കുറഞ്ഞൊരു ദിവസം അവിടെ താമസിച്ചു. എങ്കിലും അധികകാലം താമസിക്കാതെ അവിടുത്തെ രാജാവിന്റെ നടപടികൾ അദ്ദേഹത്തിനു് അത്ര രസിക്കായ്കയാൽ അദ്ദേഹം അവിടെ നിന്നുപൊയ്ക്കളഞ്ഞു.

പിന്നെയും പല സ്ഥലങ്ങളിലും സഞ്ചരിച്ചു് ഒടുക്കം അദ്ദേഹം അക്കാലത്തു തിരുവിതാംകൂർ മഹാരാജാക്കന്മാരെഴുന്നള്ളി താമസിച്ചിരുന്ന പദ്മനാഭപുരത്തു ചെന്നുചേർന്നു. അപ്പോൾ ൯൯൨-മാണ്ടു നാടുനീങ്ങിയ പ്രസിദ്ധനായ മാർത്താണ്ഡവർമ്മമഹാരാജാവു നാടുവാഴുന്ന കാലമാ

Digitised By Kerala Sahitya Akademi

യിരുന്നു. അവിടുന്ന് അവിടുത്തേ ഭാഗിനേയനായ ൻെ-ാമാണ്ടു നാടുനീങ്ങിയ രാമവർമ്മമഹാരാജാവിനെ ആയുധവിദ്യ അഭ്യസിപ്പിക്കുന്നതിനായി അനേകം അഭ്യാസികളെ വരുത്തിപ്പരീക്ഷിച്ചിട്ടും ബോധിക്കാതെ എല്ലാവരേയും പറഞ്ഞയച്ചിട്ട് ഇനി എന്തുവേണ്ടു എന്നുവിചാരിച്ചും കൊണ്ടിരിക്കുന്ന കാലത്താണ് ഈ ബ്രാഹ്മണൻ അവിടെ ചെന്നുചേർന്നത്.

ബ്രാഹ്മണൻ അവിടെയെത്തിയതിൻറ ശേഷം മുഖം കാണിക്കണമെന്നാഗ്രഹിച്ച വിവരം തിരുവസ്സിലെ സേവന്മാർമുഖാന്തരം തിരുമനസ്സറിയിച്ചു. ഇദ്ദേഹം ഒരു വലിയ അഭ്യാസിയാണെന്നുള്ള വിവരംകൂടെ തിരുമനസ്സറിയിക്കണമെന്നും പ്രത്യേകം പറഞ്ഞിട്ടുണ്ടായിരുന്നു. സേവന്മാർ എല്ലാവിധവും തിരുമനസ്സറിക്കുകയുംചെയ്തു. പിറേറദിവസം പകൽ പന്ത്രണ്ടുമണിക്കു തിരുമുമ്പാകെ ചെല്ലുന്നതിനു കല്പനയുമുണ്ടായി. ബ്രാഹ്മണൻ കല്പനപ്രകാരം പിറേറദിവസം പന്ത്രണ്ടു മണിയാകാറായപ്പോൾ കോട്ടവാതിൽക്കൽചെന്നു. അപ്പോഴേക്കും മഹാരാജാവിൻെറ കല്പനപ്രകാരം കോട്ടവാതിലുകളെല്ലാം അടയ്ക്കുകയും കോട്ടയ്ക്കകത്തു കോട്ടമതിലിനോടടുത്ത് ഓരോ രാത്തണ്ടാമതി അകലത്തോളമിട വിട്ടുവിട്ടുള്ള സ്ഥലത്തും വലിയ ആനത്തങ്ങൾ (ഒരാൾ പൊക്കത്തിലുള്ള ഇരുമ്പാണികൾ) അടിപ്പിച്ചുറപ്പിച്ചു തറയ്ക്കുകയും ചെയ്തിരുന്നു. ബ്രാഹ്മണൻ കോട്ടയ്ക്കുചുറവും നടന്നുനോക്കീട്ട് എല്ലാവാതിലുകളും അടച്ചിരിക്കുന്നതായിക്കാണുകയാൽ ഇതുതന്നെ പരീക്ഷിക്കാനാണെന്ന് അദ്ദേഹത്തിനു മനസ്സിലായി. ഉടനേ അദ്ദേഹം അരയും തലയുംമുറുക്കി, വാളും പരിചയുമെടുത്തു പിടിച്ചു താണുനിന്ന ചില ചുവടുകൾവച്ചിട്ടു കോട്ടമതിലിൻേറമീതേ അകത്തേക്കു ചാടി. അകത്ത് ആനത്തങ്ങൾ താഴ്ചിരിക്കുമെന്ന് അദ്ദേഹം വിചാരിച്ചിരുന്നില്ല. ചാടിപ്പൊങ്ങി കോട്ടമതിലിൻെറ മീതേക്കൂടി അകത്തേക്കു ചെന്നപ്പോഴാണ് കാലുകൾ നിലത്തുകുത്താനിടയില്ലാതെ അടിപ്പിച്ച് ആനത്തങ്ങൾ താഴ്ചിരിക്കുന്നതു കണ്ടത്. ബുദ്ധിശാലിയും വലിയ അഭ്യാസിയുമായ അദ്ദേഹം മേൽഭാഗത്തുനിന്നു താഴെ എത്തുന്നതിനുമുമ്പായി തൽക്കാലോചിതമായ ഒരു കൌശലം ആലോചിച്ചുനിശ്ചയിച്ച് അപ്രകാരം ചെയ്തു. എങ്ങിനെയെന്നാൽ, തൻെറ കയ്യിലുണ്ടായിരുന്ന പരിചയെടുത്തിട്ടിച്ച് ഒരാനത്തിൻെറ മീതേവെച്ചിട്ടു കാലുകൾ രണ്ടും ആ പരിചയ്ക്കകത്തു ചവിട്ടിയുംകൊണ്ടു ചെന്നചെലവിനെ ഒന്നിരുന്നു. അവിടെയിരുന്നുംകൊണ്ടു പിന്നാക്കംചാടി കോട്ടമതിൽ തൊടാതെ കോട്ടയ്ക്കുപുറത്തു വന്നുനിലക്കുകയുംചെയ്തു. എങ്ങിനെയുള്ള അഭ്യാസികൾക്കും ഒന്നു ചാടിയാൽപിന്നെ അവിടെനിന്നു ചാടണമെങ്കിൽ കാലുകൾ കൂടാതെ നിവൃത്തിയില്ലല്ലൊ. അതിനാലാണ് അദ്ദേഹം അങ്ങിനെ ചെയ്തത്.

ബ്രാഹ്മണൻ കോട്ടക്കുപുറത്തുചാടുന്നതിൻെറശേഷം കോട്ടവാതിൽക്ക

Digitised By Kerala Sahitya Akademi

ൻ കാത്തുനിന്നിരുന്ന ശേവുകക്കാരനോട് ''എന്നെ കല്പിച്ചുനേപഷിച്ചെ ങ്കിൽ ഞാനിവിടെ വന്നിരുന്നതുഎന്നും കോട്ടവാതിൽ അടച്ചിരുന്നതിനാ ൽ അകത്തുകടക്കാൻ നിവൃത്തിയില്ലാതെ മടങ്ങിപ്പോയി എന്നും അറി യിച്ചേക്കണം'' എന്നുപറഞ്ഞ് അദ്ദേഹം പോകാൻഭാവിച്ചു. അപ്പോ ൾ ഇതെല്ലാം നോക്കിക്കണ്ടുകൊണ്ടിരുന്ന മഹാരാജാവു വളരെ വിസ്മയ ത്തോടും സന്തോഷത്തോടുംകൂടി അടുത്തുചെന്നു കോട്ടവാതിൽ തുറപ്പിച്ചു ബ്രാ ഹ്മണനേ വിളിപ്പിച്ചു തിരുമ്പാകൊണ്ടുത്തി, സന്തോഷസൂചകം തൽ ക്കാലം കൊടുത്തതായി ആരുള്ളിപ്പുഴയും അക്കാലത്തു ബാല്യമായിരുന്ന രാമവർമ്മമഹാരാജാവിനെ ആയുധാഭ്യാസം ചെയ്യിക്കുന്നതിനായി കല്പി ച്ചാക്കുകയും ചെയ്തു.

ഇപ്രകാരം ആ ബ്രാഹ്മണൻ രാജഗുരുവായിത്തീരുകയാൽ അദ്ദേ ഹത്തിന്റെ തറവാട്ടുക്കു ''ഗുരുക്കൾ'' എന്നൊരു സ്ഥാനവും കരമൊഴി വായിട്ട് അനവധി വസ്തുക്കളും കല്പിച്ചുകൊടുത്തു. ''കല്ലന്താറ്റിൽ'' എ ന്നുള്ളത് ഈ ബ്രാഹ്മണഗൃഹത്തിനുള്ള ഭവനപ്പേരാണ്. കല്ലന്താറ്റിൽ ഗുരുക്കളെല്ലാ ബ്രാഹ്മണർ മുതലായവർ ഇന്നും ഗുരുക്കളെന്നും ശൂദ്രർമുതലാ യുള്ളവർ ഗുരുക്കുട്ടപ്പൻ എന്നുമാണ് പറയുന്നത്.

തിരുവിതാംകൂർ മഹാരാജാക്കന്മാർ തിരുവനന്തപുരത്തുതന്നെ സ്ഥി രമായി വാഴുന്നുള്ളിഞ്ഞാമസിച്ചു തുടങ്ങിയപ്പോൾ ഗുരുക്കളുടെ താമസ വും തിരുവനന്തപുരത്തായി. അവിടെ അദ്ദേഹത്തിന് അനേകം സ്ഥാന മാനങ്ങൾ കല്പിച്ചുകൊടുത്തതുകൂടാതെ പതിവായിപ്പാക്കുന്നതിന് ഒരു മ റവും കല്പിച്ചു പണിയിച്ചുകൊടുത്തു.

ഇപ്രകാരം അനേകം സ്ഥാനമാനങ്ങളും രാജസന്നിധിയിൽ നിന്നു പല വിധത്തിലുള്ള ആദായങ്ങളും കരമൊഴിവായി വളരെ വസ്തുക്കളും കി ട്ടിയതിന്റെ ശേഷം ഗുരുക്കൾ കോലത്തുനാട്ടിൽനിന്നു തന്റെ കുടുംബം മുഴുവനും ഇവിടെ വരുത്തി, സൗകര്യങ്ങൾ അധികമുള്ള സ്ഥലമായ തിരു വല്ലായിൽ ഒരു ഭവനവുമുണ്ടാക്കി കുടുംബത്തെ അവിടെ സ്ഥിരതാമസി പ്പിക്കുകയും ചെയ്തു.

ഇപ്പോഴും കല്ലന്താറ്റിൽ ഗുരുക്കളുടെ കുടുംബത്തിൽ ഒരു ക്ഷയവും ബാധിച്ചിട്ടില്ല. അവർ നല്ല ധനവാന്മാരായിട്ടുതന്നെ ഇരിക്കുന്നു. അവർക്കു തിരുവനന്തപുരത്തു രാജസന്നിധിയിലുള്ള സ്ഥാനമാനങ്ങൾക്കും ബഹുമാനത്തിനും ഇക്കാലം വരെ കുറവും വന്നിട്ടില്ല. ഇപ്പോഴും മഹാ രാജാവു തിരുമനസ്സുകൊണ്ടു പൂജയെടുപ്പിനു വിദ്യാരംഭത്തിനായി പൂജവ്യ രയിരുപ്പിനു പോകുമ്പോൾ ഗുരുക്കൾക്കു ഗുരുദക്ഷിണ ചെയ്യുന്ന പതിവാണ്. ഇക്കാലത്തു തിരുവിതാംകൂർ മഹാരാജാക്കന്മാർക്ക് ആയോധനവിദ്യാഭ്യാ സം ആവശ്യകമല്ലാത്തതിനാൽ അതു ചെയ്യാറുമില്ല. ഇപ്പോഴുള്ള ഗുരു ക്കന്മാർക്ക് ഈ വിദ്യ അറിഞ്ഞുകൂടാ. എങ്കിലും ഈ രാജവംശത്തിന്റെ കുല ദൈവമായ ഇന്നും വഹിക്കുന്നതു കല്ലന്താറ്റിൽ ഗുരുക്കൾ തന്നെയാണ്.

Digitised By Kerala Sahitya Akademi

സാക്ഷാൽ ഗുരുക്കളുടെ ശിക്ഷാസാമർത്ഥ്യത്തിനുദാഹരണങ്ങളായിട്ട് അനേകം കഥകളുണ്ട്. വിസ്തരഭയത്താൽ അവയെല്ലാം ഇവിടെ വിവരിക്കുന്നില്ല. ഏതെങ്കിലും മൂന്നുകഥമാത്രം ഇവിടെ ചേർക്കാം.

നൂറ്റാണ്ടുകൾക്കുമുമ്പു നാടുനീങ്ങിയ രാമവർമ്മമഹാരാജാവുതിരുമനസ്സിലേക്ക് ഏതുകാരണം കൊണ്ടോ അപ്രീതി ജനിക്കുകയും അതിനെത്തുടർന്നു ശിക്ഷയായി അദ്ദേഹത്തിന്റെ ഭരണകാലത്തു തിരുവനന്തപുരത്തു കൂടിയിരുന്ന അസംഖ്യം ബ്രാഹ്മണരുടെ കൂട്ടത്തിൽ അഭ്യാസികളായിട്ടും ചിലരുണ്ടായിരുന്നു. തിരുമനസ്സുകൊണ്ടു നല്ല അഭ്യാസിയായിരുന്നതിനാൽ അഭ്യാസികളായിട്ടുള്ളവരുടെ പേരിലൊക്കെ അവിടുക്കു വളരെ പ്രിയമുണ്ടായിരുന്നു. അതിനാൽ അഭ്യാസികളായിട്ടുള്ളവരെ ഒക്കെ തിരുമുമ്പാകെവരുത്തി വല്ലതുമൊക്കെ കല്പിച്ചു സമ്മാനിക്കയും പതിവാണിരുന്നു. സാക്ഷാൽഗുരുക്കളുടെ കാലം ഇക്കാലത്തിനു വളരെ മുമ്പുകഴിഞ്ഞുപോയിരുന്നും എന്നുള്ളതു പറയേണ്ടതില്ലല്ലൊ.

ഇങ്ങിനെയിരിക്കുന്ന കാലത്ത് ഒരു ദിവസം "മണ്ഡൂകം" എന്നു പേരുള്ള അഭ്യാസിയായ ഒരു ബ്രാഹ്മണൻ കൌപീനം മാത്രമുടുത്തു് എണ്ണയും തേച്ചുംകൊണ്ടു കുളിക്കാനായി പത്മതീർത്ഥക്കരെ വില്ലുപോലെ വളഞ്ഞായ ഒരു വിരുത്തിക്കാരൻനായർ ഒരു വെള്ളടവും തലയിൽ വെച്ചുകൊണ്ടു അതിലേ കടന്നുപോയി. ആ നായരുടെ കക്ഷത്തിൽ ഒരു നല്ല വടിയിരിക്കുന്നതുകണ്ട് ഈ ബ്രാഹ്മണൻ "എടാ! ആ വടി എനിക്കു തരുമോ?" എന്നുചോദിച്ചു. അപ്പോൾ നായർ "അവിടേക്കു പെരുപ്പമാണല്ലൊ. വടി വയസ്സനായ എനിക്കല്ലേ വേണ്ടത്?" എന്നുചോദിച്ചു. "നീ വേറെ ഒന്നുണ്ടാക്കിക്കോ" എന്നു ബ്രാഹ്മണൻ പറഞ്ഞു. "അത് അവിടേക്കു മാകാമല്ലൊ" എന്നു നായർ പറഞ്ഞു. അപ്പോൾ ബ്രാഹ്മണൻ "നീ തന്നില്ലെങ്കിൽ വടിഞാൻ മേടിക്കും" എന്നു പറഞ്ഞു. ഉടനെ നായർ "എന്നാലങ്ങിനെയാവട്ടെ" എന്നുപറഞ്ഞു നടന്നുതുടങ്ങി. ബ്രാഹ്മണൻ പിന്നാലെചെന്നു നായരുടെ കക്ഷത്തിരിക്കുന്ന വടിയുടെ അറ്റത്തുപിടിച്ചു വലിച്ചു. ഒരു കൈകൊണ്ടു പിടിച്ചുവലിച്ചിട്ടു വരായ്കയാൽ രണ്ടുകൈകൊണ്ടും മുകളറ്റംപിടിച്ചു വളരെ ശക്തിയോടുകൂടി പുറകോട്ടുവലിച്ചു. എന്നിട്ടും വടികിട്ടിയില്ലെന്നതന്നെയുമല്ല, വടി നായരുടെ കക്ഷത്തിൽ ഇരുന്നസ്ഥലത്തുനിന്നു കടുകിടയെങ്കിലും മാറുകയാകട്ടെ നായരുടെ നടപ്പിനു സാമ്യമെങ്കിലും താമസംവരുത്തുകയാകട്ടെ ചെയ്തില്ല. എന്നിട്ടും ബ്രാഹ്മണനു മുഷിച്ചിലാകുന്നില്ലെന്നു കണ്ടപ്പോൾ നായർ അവിടെ നിന്നുംകൊണ്ടു വലത്തുഭാഗത്തു കണ്ട വൃക്ഷത്തിൽ ചുറ്റിത്തിരിഞ്ഞിട്ടു മനോരഥത്തിലേക്കു നടന്നുതുടങ്ങി. അപ്പോൾ ബ്രാഹ്മണൻ എന്തുകൊണ്ടു വടിയിന്മേൽ പിടിച്ചിരിക്കുന്നു പിടിത്തം വിട്ടുകൊടുക്കാൻ പാടില്ലാത്തതായതിനാൽ. അതിനാൽ

Digitised By Kerala Sahitya Akademi

അദ്ദേഹം മുണ്ടുമുടുക്കാതെ, എണ്ണയുംതേച്ചു വെയിലുംകൊണ്ടു വടിയുടെ അറ്റത്തുപിടിച്ചുംകൊണ്ടു നായരുടെ പിന്നാലെതന്നെ പോയി. നായർ ഉത്സവമംത്തിൽ ചന്നം നെയ്ക്കുടം താഴെയിറക്കിവെച്ചു് അവിടെനിന്നു. വടിയുടെ അറ്റത്തു പിടിച്ചുംകൊണ്ടു ബ്രാഹ്മണനും അവിടെ നിലയായി. നായർ നെയ്യെല്ലാം അളന്നേല്പിച്ചു പറകൊടുത്തു വാങ്ങിച്ചു കഴിഞ്ഞപ്പോഴേക്കും ഈ വർത്തമാനങ്ങളെല്ലാം എങ്ങിനെയോ മഹാരാജാവു തിരുമനസ്സുകൊണ്ടറിഞ്ഞ് ഈ നായരെ വിളിച്ചു തിരുമുമ്പാകെ കൊണ്ടുചെല്ലുവാൻ കല്പനയായി ഉടനെ ഒരു കാര്യക്കാരൻ വന്നു പറയുകയാൽ നായർ കൊട്ടാരത്തിലേക്കു നടന്നുതുടങ്ങി. വടി വിട്ടുംവച്ചു പോകാൻ നിവൃത്തിയില്ലായ്കയാൽ പിന്നാലെ ബ്രാഹ്മണനുംപോയി. തിരുമുമ്പാകെ ചെന്നപ്പോൾ "ഹേ! മൂർഖൻ എന്താ ഇങ്ങിനെ," എന്നു കല്പിച്ചുചോദിച്ചു, അപ്പോൾ ബ്രാഹ്മണനു വളരെ ലജ്ജിച്ചു എന്നുള്ളതു പറയണമെന്നില്ലല്ലൊ. താനൊരഭ്യാസിയും ചെറുപ്പുക്കാരനുമായിരുന്നിട്ടു് ഇങ്ങിനെ ഒരു പകടത്തിലകപ്പെട്ടു വൃദ്ധനായ ഒരു നായരുടെ പിന്നാലെ മുണ്ടുമുടുക്കാതെ തിരുമുമ്പാകെ ചെല്ലുന്നതിനു സംഗതിയായല്ലൊ എന്നുവിചാരിച്ചു ലജ്ജയും വ്യസനവും സഹിക്കുവഹിയാതെയായിട്ടു് എന്ത്രാൻ കുറച്ചു കരഞ്ഞുതുടങ്ങി. അപ്പോൾ തിരുമനസ്സുകൊണ്ടു് "ആ സാധുബ്രാഹ്മണനെ വിട്ടേക്കു" എന്നുകല്പിച്ചു. ഉടനെ നായർ "അടിയൻ" എന്നുപറഞ്ഞു അവിടെ നിന്നുംകൊണ്ടു് ഇടത്തുടെ ഒന്നുതിരിഞ്ഞു. അപ്പോൾ ബ്രാഹ്മണന്റെ പിടിവിട്ടു. "ഇനി വേഗംപോയി, ഊണുകഴിച്ചുവരു" എന്നുകല്പിച്ചു. ബ്രാഹ്മണൻ പോവുകയുംചെയ്തു.

നായർ ബ്രാഹ്മണനോടു ചെയ്തപ്രയോഗം തിരുമനസ്സിലേക്കും അറിയാമായിരുന്നു എങ്കിലും അതു സാധാരണക്കാരായ അഭ്യാസികൾക്കു് അറിഞ്ഞുകൂടാത്തതായിരുന്നതിനാൽ ഈ നായർ സാമാന്യനല്ലെന്നും ആ നായരെ കണ്ടപ്പോൾതന്നെ അയാളെ എവിടെവെച്ചോ താൻ മുമ്പൊരിക്കൽ കണ്ടിട്ടുണ്ടെന്നും തിരുമനസ്സിൽ തോന്നുകയാൽ "നീ എവിടുത്തുകാരനാണ്, ആരാണ്?" എന്നൊക്കെ കല്പിച്ചുചോദിച്ചു. അപ്പോൾ നായർ തൊഴുതുകൊണ്ടു താഴെ ചേരുന്നപ്രകാരം വിനയപൂർവ്വം അറിയിച്ചു.

"അടിയൻ കായംകുളത്തുകാരൻ ഒരു ക്ഷുദ്രനാണ്. തിരുമനസ്സിലെ വിരുത്തികാരിൽ ഒരുവനുമാണ്. ഇവിടെ മുഷിപ്പടിയനിരുവകക്കുടെയ്യെല്പിക്കാനായി വിടകൊണ്ടതാണ്. കല്പിച്ചു" അടിയനേക്കുറിച്ചു് ഓർക്കാറിടയുണ്ടു്". ഇത്രയും കേട്ടപ്പോൾ തിരുമനസ്സിലേക്കു് ഓർമ്മയുണ്ടായി. എങ്കിലും സംഗതി അവരുടെകൊണ്ടുതന്നെ പറയിക്കാനായി "ഓർക്കാനുള്ള കാരണമെന്താണു്" എന്നു കല്പിച്ചുചോദിച്ചു. അപ്പോൾ നായർ "തിരുമനസ്സുകൊണ്ടു കായംകുളം പിടിക്കുവാനായി എഴുന്നള്ളിയ കാര്യത്തു കോട്ടയ്ക്കുചുറ്റും കുതിരയോടിച്ചപ്പോൾ കുതിര ഒരു വെട്ടുകുഴിയിൽ കോട്ടയ്ക്കുപുറത്തുള്ള കുഴിയിലേക്കു വീഴുകയും തിരുമേനി കോട്ടയ്ക്കകത്തുള്ള ചാടു

Digitised By Kerala Sahitya Akademi

കയും ചെയ്യുന്നു തിരുമനസ്സിൽ ഓർമ്മയുണ്ടായിരിക്കുമല്ലൊ. അന്നു കൊത്തളത്തിൽ കെട്ടിയിരുന്ന കുതിരയുടെ കാൽ വെട്ടിയതു് അടിയനാണു്. ആ സമയം കല്പിച്ചു് അടിയനെ കണ്ടിട്ടുണ്ടല്ലൊ" എന്നറിയിച്ചു. "ശരി, ഇതു നമുക്കും ഓർമ്മയുണ്ടു്. നിന്നെക്കണ്ടപ്പോൾതന്നെ നമുക്കു മനസ്സിലായി. എങ്കിലും ചോദിച്ചു എന്നു ഉള്ളൂ. നീ കായംകുളം രാജാവിന്റെ ഒരു സൈനികൻ ആയിരുന്നു അല്ലേ" എന്നു കല്പിച്ചു. നായർ "അടിയൻ" എന്നറിയിച്ചു. തിരുമനസ്സുകൊണ്ടു് "എന്നിട്ടിപ്പോൾ ഇവിടെ നെയ്ച്ചുമട്ടുകൊണ്ടുവന്നതെന്താണു്" എന്നു കല്പിച്ചുചോദിച്ചു. നായർ "അന്നു് അടിയന്റെ കരിക്കാടി അതായിരുന്നു. ഇന്നു് അടിയന്റെ കരിക്കാടി ഇതാണു്" എന്നറിയിച്ചു. മഹാരാജാവു സന്തോഷിച്ചു, "ശരി, അന്നന്നു തിന്നുന്ന ചോറിന്റെ നന്ദി കാണിക്കുന്നതു പുരുഷധർമ്മമാണു്. ഇങ്ങിനെതന്നെ വേണം" എന്നു കല്പിച്ചു. പിന്നെയും തിരുമനസ്സുകൊണ്ടും ആ നായരുംകൂടി വിദ്യാഭ്യാസസംബന്ധമായും മറ്റും കുറഞ്ഞൊരുനേരം സംഭാഷണംചെയ്തു. അപ്പോൾ ഈ നായരും സാക്ഷാൽ ഗ്രന്ഥകർത്താക്കളുടെ ശിഷ്യനാണെന്നു മനസ്സിലാവുകയാൽ അയാളെക്കുറിച്ചു വിശേഷിച്ചും തിരുമനസ്സിൽ ഒരു സന്തോഷമുണ്ടായി. തങ്ങളുടെ സ്വതീർത്ഥ്യനാരെക്കുറിച്ചു് ഒരു പ്രത്യേകസ്നേഹം എല്ലാവർക്കും ഉണ്ടാകുന്നതാണല്ലൊ. ഉച്ചതിരിഞ്ഞു വീണ്ടും വരണമെന്നു കല്പിച്ചു് അപ്പോൾ നായരെ പറഞ്ഞയച്ചു.

ഉച്ചതിരിഞ്ഞപ്പോൾ അഭ്യാസികളായിട്ടുള്ള ബ്രാഹ്മണരെല്ലാം തിരുമുമ്പാകെ എത്തി. ആ കൂട്ടത്തിൽ മേൽപറഞ്ഞ ഉണ്ണീരി എന്ന ബ്രാഹ്മണനും ഉണ്ടായിരുന്നു. കായംകുളത്തുകാരൻ നായരും അന്നുചേർന്നു. അപ്പോൾ അവിടെ അണ്ഡാകൃതിയായിട്ടു് ഒരു വലിയ ഇരുമ്പുകട്ടികിടപ്പുണ്ടായിരുന്നു. "ഇതു് ആരെക്കൊണ്ടെങ്കിലും എടുത്തുപൊക്കാമോ?" എന്നു കല്പിച്ചുചോദിച്ചു. അതുകേട്ടു് അഭ്യാസികളായിട്ടുള്ള ഓരോ ബ്രാഹ്മണർ ചെന്നു് എടുത്തുനോക്കി. ആ കട്ടിയൊന്നു് ഇളക്കാൻപോലും ആർക്കും കഴിഞ്ഞില്ല. ഒടുക്കം മുണ്ഡ്യരുബ്രാഹ്മണൻ എടുത്തു മുട്ടോളം പൊക്കി. പിന്നെ നായരെടുത്തു് അരയോളംപൊക്കി. പിന്നെ അരതെടുക്കാൻ ആരുമുണ്ടായിരുന്നില്ല. ഒടുക്കം തിരുമനസ്സുകൊണ്ടു "നമുക്കിപ്പോൾ വാത്സല്യംകൊണ്ടു ക്ഷീണമായി. എങ്കിലും ഒന്നും പരീക്ഷിച്ചുനോക്കാം" എന്നു കല്പിച്ചും കൊണ്ടു ചെന്നെടുത്തു കഴുത്തോളം പൊക്കി. "വിദ്യാഭ്യാസകാലത്തു് ഇതെടുത്തു ദിവസംതോറും ആയിരംപ്രാവശ്യംവീതം തലയ്ക്കുമീതേ പൊക്കി പുരുഷകാട്ടിടാറുണ്ടു്. ഇപ്പോൾ ഒന്നും വയ്യാതെയായി," എന്നും കല്പിച്ചു. വളരെ വയസ്സും ക്ഷീണവുമായ തിരുമനസ്സുകൊണ്ടു് എടുത്തുപൊക്കിയ ഇരുമ്പുകട്ടി ചെറുപ്പക്കാരായ തങ്ങൾക്കു് ഒന്നിളക്കാൻപോലും കഴിഞ്ഞില്ലല്ലൊ എന്നുവിചാരിച്ചു് അഭ്യാസികളെന്ന നാട്യത്തോടുകൂടി അവിടെ കൂടിയിരുന്നവരെല്ലാം ലജ്ജിച്ചുപോയി.

Digitised By Kerala Sahitya Akademi

കായംകുളത്തുകാരൻ നായക്ക് സബഹുമാനം അനേകം സമ്മാനങ്ങൾ കല്പിച്ചുകൊടുത്തതുകൂടാതെ, ആജീവനാന്തം തന്റെ അടുക്കൽ വന്നു ഉഴിയംകൂടാതെ അനുഭവിച്ചുകൊള്ളുന്നതിനും കല്പിച്ചതിനും പുറമെ പ്രതിമാസം ൫൦ പണം അടുത്തുനടയിട്ടും കല്പിച്ചു പതിച്ചുകൊടുത്തു.

ഗ്രന്ഥകർത്താവിന്റെ ശിക്ഷാസാമർത്ഥ്യംനിമിത്തം രാമവർമ്മമഹാരാജാവിനു സിദ്ധിച്ച അഭ്യാസബലം ചരിത്രപ്രസിദ്ധമായിട്ടുള്ളതാകയാൽ അധികം വിസ്തരിക്കണമെന്നില്ല. എങ്കിലും അവിടുന്നു വിദ്യാഭ്യാസംചെയ്തു കഴിഞ്ഞതിനുശേഷം ഉണ്ടായതായ ഒരു സംഗതിമാത്രം പറയാം. തിരുമനസ്സുകൊണ്ടു ഗ്രന്ഥകർത്താവിന്റെ അടുക്കൽ വിദ്യാഭ്യാസം തുടങ്ങി കുറച്ചു കഴിഞ്ഞപ്പോൾമുതൽ അവിടുത്തെ മാതുലനായ മാർത്താണ്ഡവർമ്മമഹാരാജാവു, കോഴിക്കോട്ടുരാജാവു ഗ്രന്ഥകർത്താവിന്റെ അഭ്യാസകാലത്തു ചോദിക്കുമ്പോൾ ഗ്രന്ഥകർത്താവു പറഞ്ഞതുപോലെ പതിനായിരംപേരേ തടുക്കുവാനും അയ്യായിരംപേരെ തടുക്കുവാനുമൊക്കെ തിരുമനസ്സുകൊണ്ടു ഉത്സാഹം അറിയിക്കയും ചെയ്തുകൊണ്ടിരുന്നു. ഒടുക്കം അഭ്യാസം ഒട്ടു കഴിഞ്ഞതിനുശേഷം ഒരിക്കൽ മാർത്താണ്ഡവർമ്മമഹാരാജാവു പദ്മനാഭപുരം കൊട്ടാരത്തിൽ മാളികയിൽ എഴുന്നെള്ളിനിൽക്കുന്നസമയം രാമവർമ്മമഹാരാജാവു മാളികയിലേക്കു കോവണിയിൽക്കൂടെ കയറിച്ചെന്നു. അപ്പോൾ മാർത്താണ്ഡവർമ്മമഹാരാജാവു കോവണിവാതിൽക്കൽ ഒരു വശത്തേക്കു മാറി, ഒളിച്ചുനിൽക്കയായിരുന്നു. രാമവർമ്മമഹാരാജാവിനു തന്റെ മാതുലൻ നിൽക്കുന്നതു കാണ്മാൻ പാടില്ലായിരുന്നു. അവിടുന്നു കോവണിയിൽക്കൂടെ കയറി ഒട്ടു മുകളിലായപ്പോൾ മാർത്താണ്ഡവർമ്മമഹാരാജാവു തന്റെ കയ്യിലിരുന്ന വെള്ളിവാരികൊണ്ടു രാമവർമ്മമഹാരാജാവിന്റെ കഴുത്തുനോക്കി ഒരു വെട്ടുകൊടുത്തു. വെട്ടു കഴുത്തിൽ കൊണ്ടതിനുശേഷമേ രാമവർമ്മമഹാരാജാവ് അറിഞ്ഞുള്ളൂ. എങ്കിലും അവിടുന്നു തൊലി മുറിയുന്നതിനുമുമ്പായി ആ കോവണിപ്പടിയിൽ താണിരുന്നുകളഞ്ഞു. ഉടനെ കൊട്ടാരമാകെ കയ്യടക്കുന്നതിനെക്കൊള്ളുകയാൽ കഴുകോൽ മുറിഞ്ഞുപോയി. ഉടനെ ഗ്രന്ഥകർത്താവു അവിടെയെത്തി, "അവിടുന്ന് ഈ കഠിനപ്രവൃത്തി ചെയ്തതെന്താണെ"ന്നു ചോദിച്ചു. അപ്പോൾ മാർത്താണ്ഡവർമ്മമഹാരാജാവ് "ഒന്നുമില്ല. ഉണ്ണിയുടെ വിദ്യാഭ്യാസം കഴിയാറായതല്ലോ. അയാൾ വല്ലതും പഠിച്ചിട്ടുണ്ടോ എന്നു പരീക്ഷിച്ചുനോക്കുകയായിരുന്നു. ഇപ്രകാരമുള്ള പ്രതിപ്രയോഗങ്ങൾ ശത്രുക്കളിൽനിന്നു സാധാരണമായി നേരിടുന്നതാണ്. അതിൽനിന്നു സ്വാത്മരക്ഷചെയ്യാൻ കഴിയാത്തവൻ ഈ വംശത്തിൽ ജീവിച്ചിരുന്നിട്ടു പ്രയോജനമില്ല. അതിനു കഴിയുന്നവനെങ്കിൽ ഇതുകൊണ്ടു വൈഷമ്യം ഒന്നും വരാനുമില്ലല്ലോ എന്നു വിചാരിച്ച് അങ്ങിനെ ചെയ്തതാണ്" എന്നു കല്പിച്ചു. "എന്റെ അനുഗ്രഹംകൊണ്ട് എന്റെ അടുക്കൽ പഠിച്ച

Digitised By Kerala Sahitya Akademi

നാവക്ക് ഇപ്രകാരമുള്ള പ്രയോഗങ്ങളിലൊന്നാം ഒരവകടം പറയേണ്ട കാര്യമൊന്നുമില്ല" എന്നു ഗ്രന്ഥകർത്താവ് അറിയിച്ചു.

മേല്പറഞ്ഞപ്രകാരം അനേകം പരീക്ഷകരെ കഴിഞ്ഞതിനൊടുവിലാണ് മാർത്താണ്ഡവർമ്മമഹാരാജാവു തന്റെ ഭാഗിനേയനേ കായംകുളം മുതലായ സ്ഥലങ്ങളിലെ യുദ്ധാദികൾക്കു തന്നോടുകൂടി കൊണ്ടുപോവുകയും ചില സമയങ്ങളിൽ തനിച്ചു പറഞ്ഞയയ്ക്കുകയും തുടങ്ങിയത്. ശിഷ്യന്മാരുടെ യോഗ്യത ഗ്രന്ഥകർത്താക്കന്മാരുടെ യോഗ്യതയ്ക്കു ദൃഷ്ടാന്തമാകയാൽ രാമവർമ്മമഹാരാജാവിനു സിദ്ധിച്ച വൈദഗ്ദ്ധ്യമെല്ലാം ഗ്രന്ഥകർത്താക്കളുടെ ശിക്ഷാചാതുര്യത്തിൽ നിന്നുണ്ടായതാണെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലൊ.

൧൩. കോലത്തിരിയും സാമൂരിയും.

പണ്ടൊരിക്കൽ കോലസംക്രുപത്തിങ്കൽരാജാവു കേഴിക്കോട്ടു സാമൂതിരിരാജാവിനെക്കാണാനായി വന്നിരുന്നു. അന്നു രണ്ടുപക്ഷം രാജാധിപത്യമുള്ള കാലമാണ്. തമ്മിൽ കണ്ടാൽ രണ്ടുപേരും പുറമേ ഭംഗിക്കു വളരെ സ്നേഹം ഭാവിക്കുകയും പരസ്പരം അങ്ങോട്ടുമിങ്ങോട്ടും പോവുകയും വരികയുമൊക്കെ പതിവുണ്ടായിരുന്നു. എങ്കിലും ഉള്ളിൽ പരസ്പരം മത്സരവും ആക്ഷേപവും ധാരാളമുണ്ടായിരുന്നു. കോലസംക്രുപത്തിങ്കൽരാജാവ് ഇങ്ങോട്ടു വന്നിരിക്കുന്ന സ്ഥിതിക്കു വേണ്ടതുപോലെ സൽക്കരിക്കാഞ്ഞാൽ ലൌകികത്തിനു പോരല്ലൊ എന്നു വിചാരിച്ച് അദ്ദേഹത്തെ സാമൂതിരിരാജാവു യഥായോഗ്യം സൽക്കരിച്ചു. ഊണുകഴിഞ്ഞു രണ്ടുപേരുംകൂടി വൈകുന്നേരംവരെ സല്ലാപം ചെയ്തുകൊണ്ടിരിക്കുമ്പോൾ കോലസംക്രുപത്തിങ്കൽരാജാവ് അകത്തു നിന്നുവിച്ചുകൊണ്ടു നേരംപോയെന്നുള്ള ഭാവത്തിൽ "സാമൂരി കുത്തുമോ?" എന്നുചോദിച്ചു. (സാമൂതിരി എന്നുള്ളതു ലോപിച്ചു 'സാമൂരി' എന്നും പറയാറുണ്ടല്ലൊ.) സാമൂരി എന്നാൽ ഒരു മാതിരി മൂരി (കാള) എന്നുള്ള അർത്ഥത്തിലാണ് കോലസംക്രുപത്തിങ്കൽ രാജാവു ചോദിച്ചത്. ഇതു കേട്ടു സാമൂതിരിപ്പാടു "കോലത്തിരി കുത്തുമോ?" എന്ന് അങ്ങോട്ടും ചോദിച്ചു. കോലസംക്രുപത്തിങ്കൽ രാജാവിനേ 'കോലത്തിരി' എന്നും പറയാറുണ്ടല്ലൊ. ഇതു കേട്ട കോലസംക്രുപത്തിങ്കൽ രാജാവു "കോലത്തിരി ചിലപ്പോൾ കുത്തിയക്കും. സൂക്ഷിച്ചിരിക്കണം" എന്നു പറഞ്ഞു. അപ്പോൾ സാമൂതിരിപ്പാടു "കോലത്തിരി കുതിയാൽ സാമൂരി കുത്തുകയും ചെയ്യും" എന്നും പറഞ്ഞു. ഇങ്ങിനെ അനേകം നേരംപോക്കുകളും പറഞ്ഞു രസിച്ചിരുന്നതിനൊടുവിശേഷം കോലസംക്രുപത്തിങ്കൽ രാജാവു സന്തോഷഭാവത്തിൽ യാത്രയും ചോദിച്ചു പോവുകയും ചെയ്തു.

Digitised By Kerala Sahitya Akademi

പിന്നെ വളരെക്കാലം കഴിഞ്ഞതിന്റെ ശേഷം കോലത്തിരിരാജാവു വിശേഷാൽ പണികഴിപ്പിച്ചിട്ടുള്ള ഒരു പെട്ടി പൂട്ടി താക്കോലോടുകൂടി ഒരു ഭൃത്യന്റെവശം സാമൂതിരിപ്പാട്ടിലേക്കു സമ്മാനമായി കൊടുത്തയച്ചു. ആ പെട്ടിക്കകത്തു വെടിമരുന്നു നിറച്ചിരുന്നതുകൂടാതെ പെട്ടി തുറന്നാലുടനെ വെടിമരുന്നിനു തീപിടിച്ചു പെട്ടി തുറക്കുന്ന ആളുടെ മുഖവും ദേഹവുമെല്ലാം കത്തിപ്പോകത്തക്കവണ്ണം ഒരു സൂത്രവും പാറിച്ചിരുന്നു. "കോലത്തിരി കത്തുമോ?" എന്നു സാമൂതിരിപ്പാട മുമ്പു ചോദിച്ചിരുന്നതിന് ഒന്നു കത്തിക്കണമെന്നുള്ള വിചാരത്തോടുകൂടിയാണ് ഈ ചതിപ്രയോഗിച്ചതെന്നു പറയണമെന്നില്ലല്ലൊ. ഭൃത്യൻ പെട്ടി താക്കോലോടുകൂടി സാമൂതിരിപ്പാട്ടിലെ അടുക്കൽ കൊണ്ടുചെന്നു കൊടുത്തു, കോലത്തിരിരാജാവിന്റെ സമ്മാനമാണെന്നുള്ള വിവരം അറിയിച്ചു. ഇതു കേട്ടപ്പോൾ സാമൂതിരിപ്പാട്, "ഇപ്പോൾ കോലത്തിരി രാജാവു നമുക്കൊരു സമ്മാനം അയച്ചതാനുള്ള സംഗതി എന്തായിരിക്കും. ഇതെന്തെങ്കിലും ചതിവായിരിക്കാനേയിടയുള്ളു. "കോലത്തിരി കത്തുമോ?" എന്നു നാം ചോദിച്ചതിനു "ചിലപ്പോൾ കത്തിയേക്കും, സൂക്ഷിക്കണം" എന്നാണല്ലൊ മറുപടി പറഞ്ഞിട്ടുള്ളത്. അതിനാൽ ഈ പെട്ടിക്കകത്ത് എങ്ങനെങ്കിലും കത്തുന്ന സാധനമായിരിക്കണം. അതുകൊണ്ട് ഈ പെട്ടി വെള്ളത്തിൽ മുക്കീട്ടുവേണം തുറക്കാൻ. അല്ലെങ്കിൽ അബദ്ധം പറ്റിയേക്കും" എന്നു വിചാരിച്ചിട്ട് പെട്ടി വെള്ളത്തിൽ മുക്കിയെടുത്തു കൊണ്ടുവരുവാൻ തന്റെ ഭൃത്യന്മാരോടു കല്പിച്ചു. ഭൃത്യന്മാർ പെട്ടിയെടുത്തുകൊണ്ടുപോയി മുക്കിക്കൊണ്ടുവന്നു. സാമൂതിരിപ്പാട പെട്ടി തുറന്നു. പെട്ടിക്കകത്തു വെള്ളം കേറി വെടിമരുന്നെല്ലാം നനഞ്ഞുപോയതിനാൽ തീകത്തുകയും അബദ്ധം പറ്റുകയുമൊന്നുമുണ്ടായില്ല. ഈ സംഗതികളെല്ലാം കോലത്തിരിരാജാവിന്റെ ഭൃത്യന്മാർ തിരിച്ചുചെന്ന് അദ്ദേഹത്തിന്റെ അടുക്കൽ അറിയിക്കുകയും ചെയ്തു. തന്റെ പ്രയോഗം പാറിയില്ലല്ലൊ എന്നു വിചാരിച്ച കോലത്തിരിരാജാവിനു വളരെ കുണ്ഠിതമുണ്ടായി എന്നുള്ളതു പറയേണ്ടതില്ലല്ലൊ.

പിന്നെ കുറച്ചുകാലം കഴിഞ്ഞതിന്റെ ശേഷം സാമൂതിരിപ്പാടും മേൽപ്രകാരം ഒരു പെട്ടി തന്റെ ഭൃത്യന്മാർ മുഖാന്തരം കോലത്തിരിരാജാവിനു സമ്മാനമായി കൊടുത്തയച്ചു. ആ പെട്ടി കോലത്തിരിരാജാവിന്റെ അടുക്കൽ എത്തിയപ്പോൾ അദ്ദേഹം, "നാമങ്ങോട്ടു ചെയ്തിനുപകരം ഇതും ഒരു ചതിപ്രയോഗമായിരിക്കണം. നാം കൊടുത്തയച്ച പെട്ടി സാമൂതിരി വെള്ളത്തിൽ മുക്കിയിട്ടാണല്ലൊ തുറന്നത്. അതുപോലെ ഈ പെട്ടിയും വെള്ളത്തിൽ മുക്കിച്ചിട്ടവേണം തുറക്കാൻ. അല്ലെങ്കിൽ വല്ലതും അബദ്ധം പറ്റിയേക്കും" എന്നിങ്ങിനെ വിചാരിച്ച് ആ പെട്ടിയും മുക്കിച്ചുവരുത്തി. സാമൂതിരിപ്പാട പെട്ടിക്കകത്തു കടുന്ന

Digitised By Kerala Sahitya Akademi

ൽക്കൂട്ടുകളായിരുന്നു നിറമ്പയമ്പിരുന്നത്. പെട്ടിക്കെത്തു വെള്ളം കേറിയപ്പോഴേക്കും കുന്നലുകൾ അതികോപത്തോടുകൂടി ഇളകിവശായി. ആ സമയത്താണ് കോലത്തിരി രാജാവു പെട്ടി തുറന്നത്. പിന്നെന്താക്കഥ പറയണമെന്നില്ലല്ലൊ. കുന്നലുകളുടെ കുത്തുകൊണ്ടു കോലത്തിരി രാജാവിനു നിവൃത്തിയില്ലാതെയായ്. അദ്ദേഹം ഇതിലധികം വിഷമിക്കേണ്ടതില്ല. അനേകമാളുകൾകൂടി കുന്നലുകളെ അടിച്ചും തീവെച്ചു ചുട്ടും മറ്റും നശിപ്പിച്ചു രാജാവിന്റെ പ്രാണനെ രക്ഷിച്ചു എന്നു പറഞ്ഞാൽ മതിയല്ലൊ.

൪൪. പാണമ്പാമ്പത്ത കോടൻ ഭരണിയിലെ ഉപ്പുമാങ്ങ.

ഈ ഉപ്പുമാങ്ങ വളരെ പ്രസിദ്ധമായിട്ടുള്ളതാണെങ്കിലും ഇതിന് അനന്യസാധാരണമായ ഈ വിശേഷമുണ്ടാകുവാനുള്ള കാരണവും മേൽപറഞ്ഞ ഭരണിയുടെ ആഗമവും കേട്ടിട്ടുള്ളവർ അധികമുണ്ടാവാനോന്നുന്നില്ല. അതിനാൽ അവയെ ചുരുക്കത്തിൽ മുമ്പടെ വിവരിക്കുന്നം.

പാണമ്പാമ്പത്ത ഭട്ടതിരിയുടെ ഇല്ലം ബ്രിട്ടീഷിലാണ്. ഇപ്പോൾ അവിടെ അസാമാന്യം ധനപുഷ്ടിയുണ്ടെങ്കിലും ആ തറവാട്ടു മുമ്പൊരുകാലത്തു വളരെ ദാരിദ്ര്യമുള്ളതായിരുന്നു. നിത്യവൃത്തിക്കുപോലും യാതൊരു നിവൃത്തിയുമില്ലാതെ വളരെ വിഷമിച്ചുകൊണ്ടാണ് ഇരുന്നിരുന്നത".

അങ്ങിനെയിരിക്കുന്ന കാലത്തു ചീനത്തുകാരൻ ഒരു കപ്പൽക്കച്ചവടക്കാരൻ അവിടെ കപ്പലിൽ വിലപിടിച്ച അനേകം സാമാനങ്ങൾ കയറ്റിക്കൊണ്ടു കച്ചവടത്തിനായി പുറപ്പെട്ടു. ദൈവഗത്യാ മദ്ധ്യമാർഗ്ഗം ആ കപ്പൽ ഉടഞ്ഞുപോയതിനാൽ അതിലുണ്ടായിരുന്ന മിക്ക സാമാനങ്ങളും നഷ്ടപ്പെട്ടു പോയി. കപ്പലിലുണ്ടായിരുന്ന അനേകം ജനങ്ങളും പരമഗതിയെ പ്രാപിച്ചു. ചിലരെല്ലാം പുത്തമാരികളിലായിട്ടും നീന്തിയും മറ്റും കരയ്ക്കു കയറി രക്ഷപ്പെട്ടു. ആ കൂട്ടത്തിൽ കപ്പലിന്റെ ഉടമസ്ഥനും ഒരു പരദേശമാരിയിൽ കയറി കൈവശംകിട്ടിയ പത്തു ചീനഭരണികളും അതിൽ കയറി ഒരുവിധം കരയ്ക്കടുത്തു. തണുപ്പുകൊണ്ടും വിശപ്പുകൊണ്ടും വ്യസനംകൊണ്ടും അത്യന്തം പരവശനായ ആ കച്ചവടക്കാരൻ കരയ്ക്കിറങ്ങിയ ഉടനെ അടുത്തുകണ്ട ഒരു ഗൃഹത്തിലേക്കു ചെന്നു. അതു സാക്ഷാൽ പാണമ്പാമ്പത്ത ഭട്ടതിരിയുടെ ഇല്ലമായിരുന്നു. അന്ന് ആ ഇല്ലം വളരെ ചെറിയതും ഉള്ളതുതന്നെ ചുഴ

Digitised By Kerala Sahitya Akademi

ക്ഷം കൊണ്ടും സാമാന്യം പോലെ കെട്ടി സൂക്ഷിക്കാറുള്ളതാൽ വീണിടത്തു മഹാ മോശമായതുമായിരുന്നു.

ഈ കച്ചവടക്കാരൻ മുറത്തു പെന്നതിനാൽകൊണ്ട് "ഇവിടെ ആരാ ഉള്ളത്? ഇവിടെയൊന്നു കാണട്ടെ" എന്നു ഉറക്കെ വിളിച്ചുപറയുന്നു. അപ്പോൾ അവിടെ ഗൃഹസ്ഥനായ ഭട്ടതിരിക്കും അന്തർജ്ജനത്തിനും നാലഞ്ചു കിടാങ്ങൾക്കുംകൂടി ഇരുനാഴി അരിയിട്ട് ഒരു കഞ്ഞി വെച്ചുണ്ടാക്കി, ഗൃഹസ്ഥൻ കഞ്ഞികുടിക്കാനായി ഇരിക്കാൻ ഭാവിക്കയായിരുന്നു. കച്ചവടക്കാരൻ വിളിക്കുന്നതുകേട്ട് ഉടനെ ഭട്ടതിരി പുറത്തു വന്നു. അപ്പോൾ കച്ചവടക്കാരൻ "ഞാൻ ചീനത്തുകാരനായ ഒരു കുപ്പൽക്കച്ചവടക്കാരനാണ്. എന്റെ കുപ്പൽ തീരംവന്നുപോയി കൂടെയുണ്ടായിരുന്ന പേലുക്കാരും ഒക്കെ മരിച്ചുപോയി. ഞാൻ ഭക്ഷണം കഴിച്ചിട്ടു നേരത്തോടുനേരം കഴിഞ്ഞിരിക്കുന്നു. അതിനാൽ എനിക്കു ഭക്ഷിപ്പാൻ വല്ലതും തന്നാൽ കൊള്ളാം" എന്നു പറഞ്ഞു.

ഇപ്രകാരം ആ കച്ചവടക്കാരന്റെ ദീനവചനങ്ങളെ കേൾക്കുകയും പാരവശ്യത്തെ കാണുകയും ചെയ്തിട്ട് ആർദ്രമാനസനായിഭവിച്ച ആ ഭട്ടതിരി ഉടനെ അകത്തേക്കുപോയി ആ ഉണ്ടായിരുന്ന കഞ്ഞി എടുത്തുകൊണ്ടുവന്നു കച്ചവടക്കാരന് വിളമ്പികൊടുത്തു. കച്ചവടക്കാരൻ കഞ്ഞികുടി കഴിഞ്ഞതിന്റെശേഷം ഭട്ടതിരിയോട് "അവിടന്ന് ഇപ്പോൾ എനിക്കു കുറച്ചു കഞ്ഞിതന്നേ ഉള്ളൂ എന്നു വിചാരിക്കരുതു. ഇതുകൊണ്ട് എന്റെ പ്രാണരക്ഷ ചെയ്തുതാണ് ചെയ്തത്. ഈ കഞ്ഞിയുടെ സ്വാദു ഞാൻ ചത്താലും മറക്കുന്നതല്ല. ഈ ഉപകാരത്തിനു തക്കതായ പ്രതിഫലം തരുന്നതിനു ഞാൻ ശക്തനല്ല. എങ്കിലും ഞാൻ സ്വദേശത്തുപോയി തിരിച്ചുവരാൻ സംഗതിയായെങ്കിൽ എന്റെ ശക്തിക്കു തക്ക പ്രതിഫലം ഞാൻ തരും. പോരാത്തതു ദൈവവും അവിടുത്തെ തന്നുകൊള്ളും. എന്നാൽ എനിക്കിനി ഇവിടന്ന് ഒരു സഹായം കൂടി ചെയ്യേതരണം. എന്തെന്നാൽ എന്റെ സാമാനങ്ങളെല്ലാം നഷ്ടപ്പെട്ടുപോയി എങ്കിലും പത്തു ചീനഭരണികൾ കേടുകൂടാതെ കിട്ടീട്ടുണ്ട്. ഞാൻ നാട്ടിൽപോയി തിരിച്ചുവരുന്നതുവരെ അവ ഇവിടെ വെച്ചു സൂക്ഷിച്ചുതരണം" എന്നു പറഞ്ഞു. അപ്പോൾ ഭട്ടതിരി "ഇവിടെ സ്ഥലം ധാരാളമാണ്. എങ്കിലും ഉള്ള സ്ഥലംകൊണ്ടു സൂക്ഷിച്ചുതരാം. ഭരണിയിൽ വിലപിടിപ്പുള്ള സാമാനമൊന്നുമില്ലല്ലോ. അങ്ങിനെ വല്ലതുമുണ്ടെങ്കിൽ ഇവിടെ വെക്കാൻ പാടില്ല. ഇല്ലം ഒട്ടും ഉറപ്പില്ലാത്തതാണു" എന്നു പറഞ്ഞു.

കച്ചവടക്കാരൻ—"വിലപിടിപ്പുള്ള സാമാനമൊന്നുമില്ല. അതിലൊക്കെയുമുപ്പുനിറച്ചിട്ടുണ്ട്, അത്രേ ഉള്ളൂ"

Digitised By Kerala Sahitya Akademi

ഭട്ടതിരി— "എന്നാൽ വിരോധമില്ല."

ഉടനെ കമ്മവടക്കാരൻ ഭരണികൾ പത്തും അടച്ചുകെട്ടി മുദ്രയും വെച്ച് എടുപ്പിച്ച് ഇല്ലത്തു കൊണ്ടുചെന്നു വെപ്പിച്ച ഭട്ടതിരിയോടു യാത്രയും പറഞ്ഞു പോവുകയും ചെയ്തു.

പിന്നെ കുറഞ്ഞൊരുദിവസം കഴിഞ്ഞപ്പോൾ ഒരു ദിവസം ആ ഇല്ലത്തുള്ളവക്കു ഭക്ഷണത്തിനു യാതൊരു വിവരക്കുറവുമില്ലാതെ വന്നുകൂടി, ഉച്ച തിരിഞ്ഞപ്പോഴേക്കും കുട്ടികളെല്ലാം വിശപ്പു സഹിക്കാൻ പാടില്ലാതെ കരഞ്ഞുകൊണ്ടു കിടന്നുരുണ്ടുതുടങ്ങി. ഗൃഹസ്ഥനും അന്തർജ്ജനവും വിശപ്പുകൊണ്ടും കിടാങ്ങളുടെ പാരവശ്യം കണ്ടിട്ടും ആകപ്പാടെ വളരെ വിഷണ്ണന്മാരായിത്തീർന്നു. അപ്പോൾ അന്തർജ്ജനം "ചീനത്തുകാരന്റെ ആ ഭരണികളിൽ തുവരപ്പരിപ്പാണെന്നല്ലെ പറഞ്ഞത്. നമുക്ക് ഒരു ഭരണിയിൽനിന്നു കുറച്ചു പരിപ്പെടുത്തു വെച്ച് ഈ കുട്ടികൾക്കു കുറുശ്ശു കൊടുത്തെങ്കിലോ? ഇപ്പോൾ ഇവർക്ക് എന്തുകൊടുത്താലും തിന്നോളും. ഇവർ അത്രയ്ക്കു വിഷമിച്ചു. നമുക്കൊന്നുമില്ലെങ്കിൽ വേണ്ട. ഒന്നും അറിയാറായിട്ടില്ലാത്ത ഈ കുട്ടികൾക്ക് ഇനിയും ഒന്നും കൊടുക്കാത്തതു കഷ്ടമല്ലേ? നേരം പത്തുനാഴികപ്പകലായല്ലൊ" എന്നു പറഞ്ഞു.

ഭട്ടതിരി— "പറഞ്ഞതൊക്കെ ശരിയാണ്. എനിക്കും വിശപ്പു സഹിക്കാൻ വഹിയാതെയായിരിക്കുന്നു. അവിടെയും അങ്ങിനെതന്നെ ആയിരിക്കുമല്ലൊ. എങ്കിലും മറ്റാരാൾ നമ്മെ വിശ്വസിച്ചു സൂക്ഷിക്കാനായി ഏല്പിച്ചിരിക്കുന്ന സാമാനം ഉടമസ്ഥന്റെ അനുവാദംകൂടാതെ നാമെടുക്കുന്നതു ശരിയാണോ? മരിച്ചാലും വിശ്വാസവഞ്ചന ചെയ്യരുതു."

അന്തർജ്ജനം— "ഈ കുട്ടികളുടെ പ്രാണരക്ഷയ്ക്കായിട്ട് അതിൽനിന്നു കുറച്ചു പരിപ്പെടുത്തതാൽ നമുക്ക് ഒരു പാപവും പറികയില്ല. പിന്നെ ആ കമ്മവടക്കാരൻ വരുമ്പോഴേക്കും അത്രയും പരിപ്പു നമുക്ക് എങ്ങിനെയെങ്കിലും ഉണ്ടാക്കി തുരിവിട്ടു നിറച്ചുവെക്കുകയും ചെയ്യാം. അതില്ലെങ്കിൽതന്നെയും നമ്മുടെ പരമാർത്ഥം അറിഞ്ഞാൽ അവനൊരു വിരോധവും തോന്നുകയില്ല. അവനും ഒരു മനുഷ്യനല്ലേ? വിശന്നാലുള്ള ബുദ്ധിമോശം അവനും അറിഞ്ഞിട്ടുണ്ടല്ലൊ".

എന്തിനു വളരെ പറയുന്നു. ഇങ്ങിനെ വളരെ നേരത്തെ വാഗ്വാദം കഴിഞ്ഞതിന്റെ ശേഷം ഭട്ടതിരി ഒരു ഭരണിയഴിച്ചു കുറെ പരിപ്പ് എടുക്കുകയെന്നുതന്നെ തീച്ചപ്പെടുത്തി. പുരയ്ക്കകത്തുചെന്ന് ഒരു ഭരണിയുടെ മുദ്ര പൊട്ടിച്ചു കെട്ടഴിച്ച ഭരണിക്കകത്തു കയ്യിട്ടു പരിപ്പു വാരിയെടുത്തു. ഉടനെ അതു തുവരപ്പരിപ്പുമാത്രമല്ലെന്നു തോന്നുകയാൽ അദ്ദേഹം വെളിച്ചത്തുകൊണ്ടുവന്നു നോക്കി. അപ്പോൾ അതു തുവര

Digitised By Kerala Sahitya Akademi

പ്പരിപ്പും മീലാ സ്വർണ്ണനാണയങ്ങളുമായിരുന്നു. പിന്നെ പുരയ്ക്കകത്ത് ഇരിട്ടായിരുന്നതിനാൽ ഒരു വിളക്കു കൊളുത്തിക്കൊണ്ടുചെന്നു നോക്കിയപ്പോൾ ഭരണി നിറച്ചു സ്വർണ്ണനാണയങ്ങൾ ഇട്ടു മീതേ മാത്രം കുറേശ്ശെ പരിപ്പു് ഇട്ടിട്ടേ ഉള്ളൂ എന്നു മനസ്സിലായി. പത്തു ഭരണികളും പരിശോധിച്ചപ്പോൾ എല്ലാം അങ്ങിനെതന്നെ ആയിരുന്നു. ഒമ്പതു ഭരണികളും അദ്ദേഹം പൂർവ്വസ്ഥിതിയിൽതന്നെ അടച്ചുകെട്ടി മുദ്രയിട്ടു വെച്ചു. ഒരു ഭരണിയിൽനിന്ന് ഒരു പവൻ എടുത്തുകൊണ്ടുപോയി വിറ്റു കുറെ അരിയും കറിക്കോപ്പുകളും ശേഷം പണവും വാങ്ങി ഇല്ലത്തുവന്നു. ഉടനെ അന്തർജ്ജനം എല്ലാം പെട്ടെന്നുണ്ടാക്കി കുട്ടികൾക്കൊക്കെ മേപ്പാറകൊടുത്തു. പിന്നെ ആ ദമ്പതിമാരും ഊണുകഴിച്ചു.

ഇങ്ങിനെ കുറച്ചുദിവസം കഴിഞ്ഞപ്പോൾ ഭട്ടതിരി വിചാരിച്ചു "ഏതെങ്കിലും വിശ്വാസവഞ്ചന ചെയ്യുമെന്നുള്ളതു് ഇവിടെക്കഴിഞ്ഞു. ഇനിയും ഈ ദാരിദ്ര്യദുഃഖം അനുഭവിച്ചുകൊണ്ടിരുന്നിട്ടു പ്രയോജനമൊന്നുമില്ല. അതിനാൽ ഇനി സുഖമായിട്ടിരിക്കാനുള്ള മാർഗ്ഗം നോക്കണം. ആ കമ്മവടക്കാരൻ വരാൻ കുറച്ചു താമസിച്ചു എങ്കിൽ എല്ലാം ശരിയാക്കിക്കൊടുക്കുകയും ചെയ്യാം" എന്നിങ്ങിനെ വിചാരിച്ചു നിശ്ചയിച്ചിട്ടു് ആ ഭരണിയിൽനിന്നു് ഏതാനും ദ്രവ്യമെടുത്തു് അതികേമമായി എട്ടുകെട്ടാടും മാളികയോടുംകൂടി ഒരില്ലം പണിയിച്ചു. ശേഷം ആ ഭരണിയിലുണ്ടായിരുന്ന മുതലിനു വസ്തുക്കളും ഭരണിപാത്രങ്ങളും മുതലായവയും സമ്പാദിച്ചു. അങ്ങിനെ കുറച്ചുദിവസംകൊണ്ടു് അദ്ദേഹം ഒരു വലിയ ദ്രവ്യസ്ഥനായിത്തീർന്നു. പരമാനന്ദമായി സകല മീലവും കഴിച്ചു പ്രതിവത്സരം പന്തീരായിരം രൂപ മിച്ചമുണ്ടായിത്തുടങ്ങി. ആ മിച്ചം വരുന്ന മുതലിനു സ്വർണ്ണനാണയങ്ങൾ വാങ്ങി താൻ എടുത്ത ഭരണി നിറച്ചുതുടങ്ങി. അങ്ങിനെ അഞ്ചെട്ടുകൊല്ലംകൊണ്ടു് അദ്ദേഹം ആ ഭരണി പൂർവ്വസ്ഥിതിയിൽ നിറച്ചു അടച്ചുകെട്ടി മുദ്രയുമിട്ടു വെച്ചു. പിന്നെ ആ പത്തു ഭരണികളുടെ വലിപ്പത്തിൽ ഒന്നു പാതിവീതം വലിപ്പമുള്ള പത്തു ഭരണികൾകൂടി അദ്ദേഹം വിലയ്ക്കുവാങ്ങി, അവയിലും സ്വർണ്ണനാണയങ്ങൾ നിറച്ചു. അവയും അടച്ചുകെട്ടി മുദ്രയിട്ടു വെച്ചു.

അടുപ്പുഴക്കേ ആ കമ്മവടക്കാരൻ വേറേ ഒരു കപ്പലിൽ സാമാനങ്ങളും കയറ്റിക്കൊണ്ടു് ആ ദിക്കിൽ വന്നടുത്തു. അപ്പോൾ അവൻ പോയിട്ടു പന്ത്രണ്ടുകൊല്ലം കഴിഞ്ഞിരുന്നു. അവൻ കരയ്ക്കിറങ്ങി, താൻ ഭരണികൾ സൂക്ഷിക്കാൻ വെച്ചിരുന്ന ഇല്ലം അന്വേഷിച്ചു പുറപ്പെട്ടു. ആ സ്ഥലത്തു ചെന്നപ്പോൾ ഇല്ലത്തിന്റെ സ്വഭാവം ആകപ്പാടെ മാറിയിരിക്കുന്നതുകൊണ്ടു് അവനു വളരെ സംശയമായിത്തീർന്നു. പിന്നെ കുറച്ചു ശ്രദ്ധിച്ചപ്പോൾ ആ ഇല്ലം ഇതുതന്നെയായിരിക്കുമെന്നും അതിനു പുതുതായി പണികഴിപ്പിച്ചതായിരിക്കുമെന്നും ഭട്ടതിരിക്കു് ഒരു നിധി

Digitised By Kerala Sahitya Akademi

കിട്ടിയതിനാലാണ് ദാരിദ്ര്യമൊക്കെത്തീർന്നതെന്നും ഇപ്പോൾ അവിടെ സമ്പത്തു ധാരാളമായിട്ടുണ്ടായി എന്നും മറ്റും പറഞ്ഞതു. അതു കേട്ടപ്പോൾ നിധികിട്ടിയെന്നു പറയുന്നതു ഭോഷ്കാണെന്നും ഇതെല്ലാം തന്റെ ഭരണികളിലുണ്ടായിരുന്ന മുതൽകൊണ്ടു സമ്പാദിച്ചതാണെന്നും കച്ചവടക്കാരൻ തീച്ചപ്പെടുത്തി. ഈ സ്ഥിതിക്കു തന്റെ മുതൽ കിട്ടുന്ന കാര്യം പൂജ്യം തന്നെ എന്നും അവൻ നിശ്ചയിച്ചു. എങ്കിലും ഭട്ടതിരിയെക്കണ്ടു് ഒന്നു ചോദിച്ചുനോക്കാം. തരുന്നു എങ്കിൽ തരട്ടെ, ഇല്ലെങ്കിൽ വേണ്ട, എന്നു വിചാരിച്ചു് ആ കച്ചവടക്കാരൻ ഇല്ലത്തുചെന്നു, മാറത്തുനിന്നുംകൊണ്ടു് "ഇവിടത്തെ തിരുമേനി ഇവിടെയുണ്ടോ?" എന്നു ചോദിച്ചു. അപ്പോൾ ഭട്ടതിരി മാളികയിൽ ഇരിക്കുകയായിരുന്നു. കച്ചവടക്കാരന്റെ ഒച്ചകേട്ടപ്പോൾ ആളറിയുകയാൽ ഉടനെ അദ്ദേഹം താഴെയിറങ്ങിവന്നു. കച്ചവടക്കാരനെ വളരെ ആദരവോടുകൂടി വിളിച്ചു തന്റെ പടിപ്പുരമാളികയിൽ കൊണ്ടുചെന്നു കസേരകൊടുത്തിരുത്തി, താനും ഇരുന്നിട്ടു കുശലപ്രശ്നാദികളെല്ലാം ചെയ്തു. പിന്നെ ആ കച്ചവടക്കാരനുംകൂടെ വന്നിരുന്നവക്കും അതികേമമായി ഒരു വിരുന്നുസൽക്കാരവും കഴിച്ചതിന്റെശേഷം ഭട്ടതിരി പറഞ്ഞു. "ഞാൻ നിങ്ങളുടെ അനുവാദംകൂടാതെ ഇവിടെ സൂക്ഷിക്കാനായി വെച്ചിരുന്ന മുതലിൽനിന്നു സ്വല്പമെടുത്തു ചില കൈകാര്യങ്ങൾ ചെയ്തു. അങ്ങിനെ ചെയ്യാൻ സംഗതിയായതു് എന്റെ ദാരിദ്ര്യദുഃഖത്തിന്റെ ശക്തിനിമിത്തമാണു്. എങ്കിലും എന്റെ പ്രവൃത്തി ന്യായവിരോധമായിട്ടുള്ളതാണെന്നു ഞാൻ സമ്മതിക്കുന്നു. ആ തെറ്റിനു നിങ്ങൾ ക്ഷമിച്ചു എനിക്കു മാപ്പുതരണമെന്നു് അപേക്ഷിക്കുന്നു. ഇപ്പോൾ നിങ്ങളുടെ മുതൽ പലിശയോടുകൂടി ഇവിടെ തയ്യാറുണ്ടു താനും".

ഇത്രയും പറഞ്ഞതിന്റെശേഷം കച്ചവടക്കാരന്റെ പത്തു ഭരണികളും അതോടുകൂടി താൻ ശേഖരിച്ചുവെച്ചിരുന്ന പെരിയ ഭരണികൾ പത്തും എടുപ്പിച്ചു പുറത്തു വരുത്തിവെച്ചു. അപ്പോൾ കച്ചവടക്കാരൻ "ഞാനിവിടെ പത്തു ഭരണി മാത്രമേ വെച്ചിട്ടുണ്ടായിരുന്നുള്ളൂ. ഈ പെരിയ ഭരണികൾ എന്റെ വകയല്ല. ഇതിന്റെ കൂടെ അതുകൂടി കൊണ്ടുവന്നു വെച്ചിരിക്കുന്നതെന്തിനാണു്?" എന്നു ചോദിച്ചു.

ഭട്ടതിരി— "നിങ്ങൾ ഈ മുതൽ ഇവിടെ ഏല്പിച്ചിട്ടു പന്ത്രണ്ടു കൊല്ലം കഴിഞ്ഞിരിക്കുന്നു. മുതലിനു് ആര വാശി പലിശകൂട്ടി തരേണ്ടതാണല്ലൊ".

കച്ചവടക്കാരൻ— "സൂക്ഷിക്കാൻ തന്ന മുതലിനെ സൂക്ഷിച്ചുകൂലി അങ്ങോട്ടുതരികയല്ലാതെ പലിശ ഇങ്ങോട്ടുവാങ്ങുക ന്യായമല്ല. അതിനാൽ ഈ പലിശ ഞാൻ വാങ്ങുന്നതല്ല".

ഭട്ടതിരി— "എനിക്കിപ്പോൾ കൊല്ലത്തിൽ ചിലവുകഴിച്ചു പന്തീരായിരായിരത്തിൽ കുറയാതെ ഉറപ്പിക ബാക്കിയുണ്ടാകുന്നുണ്ടു്. അതുകൊ

Digitised By Kerala Sahitya Akademi

ള്ള വസ്തുക്കളും ഈ കാണുന്ന ഇല്ലവും എന്നുവേണ്ടാ എന്റെ സർവ്വ സ്വവും നിങ്ങളുടെ മുതൽകൊണ്ടുണ്ടായതാണ്. അനുവാദം കൂടാതെ നിങ്ങളുടെ മുതലെടുത്തു കൈകായ്യം ചെയ്തതിനായി ഒരു പ്രായശ്ചിത്തമായിട്ടെങ്കിലും ഈ ചെറിയ ഭരണികൾ കൂടെ നിങ്ങൾ സ്വീകരിക്കണം. അല്ലെങ്കിൽ എനിക്കു വളരെ വ്യസനമാണ്".

കച്ചവടക്കാരൻ—"ഞാനിവിടെ കൊണ്ടുവന്നുവെച്ച പത്തു ഭരണികളും പൂർവ്വസ്ഥിതിയിൽ ഇപ്പോഴും ഇരിക്കുന്നുണ്ട്. അതിൽ എനിക്കു യാതൊരു നഷ്ടവും വരുത്തീട്ടില്ല. പിന്നെ ഇവിടെക്കു കുറച്ചു സമ്പാദ്യമുണ്ടായത് ഇവിടത്തെ ഭാഗ്യവും ഉദ്യോഗവും കൊണ്ടെന്നല്ലാതെ വിചാരിപ്പാനില്ല. ഇവിടേക്ക് അപ്രകാരമുണ്ടായ മുതലെല്ലാം ഇവിടത്തെ സ്വന്തം തന്നെയാണ്. അതിനാൽ ആ ബ്രഹ്മസ്വം ഒരിക്കലും ഞാൻ സ്വീകരിക്കുന്നതല്ല. വെറുതെ ഞാൻ ബ്രഹ്മസ്വം സ്വീകരിച്ചാൽ എനിക്കുള്ള ശേഷം മുതൽക്കൂടി നശിച്ചുപോകും".

ഇങ്ങിനെ അവർ തമ്മിൽ വളരെ വാഗ്വാദം കഴിഞ്ഞതിന്റെശേഷം ചെറിയ ഭരണികൾ പത്തും ഭട്ടതിരി തിരിയേ എടുപ്പിച്ച് അകത്തുതന്നെ കൊണ്ടുചെന്നു വെപ്പിച്ചു. അതിന്റെശേഷം ആ കച്ചവടക്കാരൻ പൂവും നീരും വെറ്റിലയും പാക്കും കൂട്ടി തന്റെ സ്വത്തും ഭരണിയിൽ ഒന്നു ഭട്ടതിരിക്കു ദാനമായി കൊടുത്തു. അതു വാങ്ങുന്നതിനും ഭട്ടതിരി വളരെ വിസമ്മതിച്ചു. എങ്കിലും കച്ചവടക്കാരന്റെ നിർബ്ബന്ധം നിമിത്തം ഒടുക്കം വാങ്ങി. ആ ഭരണിയാണ് സാക്ഷാൽ "കോടൻഭരണി" അതിന്റെ വായല്പം കോടീട്ടുള്ളതിനാലാണ് അതിന് ഈ പേരു സിദ്ധിച്ചത്.

ദാനംചെയ്തു കഴിഞ്ഞതിന്റെ ശേഷം കച്ചവടക്കാരൻ "അല്ലയോ മഹാബ്രാഹ്മണ! ഈ ഭരണി കുറച്ചു കോട്ടമുള്ളതാണെങ്കിലും ഇതു വളരെ ഐശ്വര്യവും വിശേഷവുമുള്ളതാണ്. ഈ ഭരണി ഇരിക്കുന്നിടത്തോളം ദാരിദ്ര്യം എന്നുള്ളത് ഒരിക്കലും ഉണ്ടാവുകയില്ല. എന്നു മാത്രമല്ല, ഇതിൽ മാങ്ങ ഉപ്പിലിട്ടാൽ അതിന് അമൃതസാധാരണമായ ഒരു സ്വാദുണ്ടായിരിക്കയും ചെയ്യും" എന്നു പറഞ്ഞു താഴത്ത് അത്യന്തം സന്തോഷത്തോടുകൂടി ഒമ്പതു ഭരണികളും എടുപ്പിച്ചുകൊണ്ടു കച്ചവടക്കാരൻ പോവുകയും ചെയ്തു.

ഭട്ടതിരി ആ ചെറിയ ഭരണികളും കോടൻഭരണിയിലുണ്ടായിരുന്ന ദ്രവ്യം മറ്റൊരു ഭരണിയിലാക്കി അതും തന്റെ നിലവറയിൽ സ്ഥാപിച്ചു. ആ പത്തിനൊന്നു നിക്ഷേപങ്ങളും ഇന്നും അവിടെയിരിക്കുന്നുണ്ടെന്നാണ് കേൾവി.

പിന്നെ ആണ്ടുതോറും കോടൻഭരണിയിൽ മാങ്ങ ഉപ്പിലിടുകയും തുടങ്ങി. ആ ഭരണിയിൽ മാങ്ങ ഉപ്പിലിട്ടാൽ എത്ര നാൾ കഴിഞ്ഞാലും മാങ്ങയുടെ പച്ചനിറം മാറുകയില്ല. അതിന്റെ സ്വാദ് ഇന്നപ്രകാ

Digitised By Kerala Sahitya Akademi

രമെന്ന് അതനുഭവിച്ചിട്ടുള്ളവക്കറിയാമെന്നല്ലാതെ പറഞ്ഞറിയിക്കുന്ന കായ്യം പ്രയാസം. അമൃതുതുല്യമെന്നും പറഞ്ഞാൽ തന്നെ മതിയോ എന്നു സംശയമാണ്. രുചിക്ഷയം നിമിത്തം ജലപാനം പാലും കഴിക്കാൻ പാടില്ലാതെ കിടക്കുന്നവക്ക് ആ മാങ്ങയുടെ ഒരു കഷ്ണം കൊടുത്താൽ അപ്പോൾതന്നെ യിശ്ചയമായിട്ടും മുന്നാഴിയരിയുടെ ചോറുണ്ണും. അത്രയുണ്ട് അതിന്റെ സ്വാദ്. ഈ മാങ്ങയേക്കുറിച്ചു കേട്ടിട്ടുള്ള ഒരുകഥ കൂടി പറയാം.

കൊല്ലം തൊള്ളായിരത്തെഴുപത്തുമൂന്നാമാണ്ടു നാടുനീങ്ങിയ മഹാരാജാവു തിരുമനസ്സുകൊണ്ടു രാജ്യം വാണുകൊണ്ടിരിക്കുമ്പോൾ ഒരു മുറജപകാലത്ത് ഒരു ദിവസം നമ്പൂതിമാർ അത്താഴമുണ്ടുകൊണ്ടിരിക്കുന്ന സമയം അത്താഴത്തെ വെടിപ്പും കേമത്തവുംകൊണ്ട് ഒരു നമ്പൂരി മറൊരു നമ്പൂരിയോടു "എടോ! എന്താ അത്താഴം കേമംതന്നെ അല്ലേ? ഇങ്ങിനെ മറൊരു സ്ഥലത്തു നടക്കാൻ പ്രയാസമുണ്ട്. അങ്ങിനെയല്ലേ?" എന്നു ചോദിച്ചു. അപ്പോൾ മറേറ നമ്പൂരി "അങ്ങിനെ തന്നെ. സംശയമില്ല. എങ്കിലും ആ പാണമ്പാമ്പാമ്പത്തെ ഉപ്പുമാങ്ങയുടെ ഓരോ കഷ്ണം കൂടിയുണ്ടായിരുന്നു എങ്കിൽ ഒന്നുകൂടി ജാത്യമായേനേ. ആ ഒരു കുറവു ഉള്ളൂ" എന്നു പറഞ്ഞു. ആ സമയം തിരുമനസ്സുകൊണ്ടു കോവിലെഴുന്നെള്ളി പ്രദക്ഷിണമായി പോവുകയായിരുന്നു. നമ്പൂരിമാർ തിരുമനസ്സിലേ കണ്ടില്ല. എങ്കിലും അവിടന്ന് ഈ സംഭാഷണം കേൾക്കുകയും അതു പറഞ്ഞ നമ്പൂരി ഇന്നാരാണെന്നു മനസ്സിലാക്കുകയും ചെയ്തു.

അന്നു രാത്രിയിൽ തന്നെ തിരുമനസ്സുകൊണ്ടു ശുദ്ധമായി ഒരാളെ അയച്ചു പിന്നത്തെ മുറയായപ്പോഴേക്കും കോടൻഭരണിയിലേ ഉപ്പുമാങ്ങ വരുത്തി, ഒരു ദിവസം അത്താഴത്തിനു പൂളിവിളമ്പിച്ചു. അവിടെ മുറജപം വകയ്ക്കായി പല വിധത്തിൽ ഉപ്പിലിട്ടിട്ടുള്ള മാങ്ങകൾ പൂളി വിളമ്പിയ കൂട്ടത്തിലാണ് ഇതും വിളമ്പിയത്. കോടൻഭരണിയിലെ മാങ്ങ വരുത്തിയ കഥ യാതൊരാളുത്തരും അറിഞ്ഞിരുന്നുമില്ല. എങ്കിലും മേല്പറഞ്ഞ നംപൂരി ഈ മാങ്ങാക്കഷ്ണം എടുത്തു കടിച്ചയുടനേ "ഓഹോ ആ കുറവും തീർന്നു. എടാ യോഗ്യ! നീയും ഇവിടെ വന്നുചേർന്നോ?" എന്നു പറഞ്ഞതേ്രു. അപ്പോൾ അടുക്കലിരുന്ന വേറേ ഒരു നമ്പൂരി "അതെന്താണ്?" എന്നു ചോദിച്ചു. അപ്പോൾ ഈ നമ്പൂരി "ഈ മാങ്ങ സാക്ഷാൽ കോടൻ ഭരണിയിലേതാണ്" എന്നു പറഞ്ഞു. തിരുമനസ്സുകൊണ്ട് ആ സമയവും കോവിലെഴുന്നെള്ളീട്ടുണ്ടായിരുന്നതിനാൽ ഇതും കേട്ടു. കൊട്ടാരത്തിൽ എഴുന്നെള്ളിയ ഉടനേ ആ നമ്പൂരിയേ വരുത്തി, "അങ്ങേപ്പോലെ സ്വാദറിഞ്ഞു ഭക്ഷിക്കുന്നവർ ചുരുക്കമാണ്". എന്നും മറവും സന്തോഷവും കല്പിക്കുകയും നമ്പൂരിക്ക് ഒരു സമ്മാനം കൊടുത്ത് അയയ്ക്കുകയും ചെയ്തു.

Digitised By Kerala Sahitya Akademi

ഇങ്ങിനെയൊക്കെയാണ് കോടൻഭരണിയുടേയും അതിലേ മാങ്ങകളുടേയും വിശേഷം. ആ മാങ്ങ ഓരിക്കൽ കൂട്ടീട്ടുള്ളവർ അതിന്റെ സ്വാദ് ഒരിക്കലും മറക്കുകയില്ല. ആ കോടൻഭരണി ആ ഇല്ലത്ത് ഇന്നും ഇരിക്കുന്നുണ്ട്. അതിലേ മാങ്ങയ്ക്കുള്ള അനന്യസാധാരണമായ വിശേഷം ഇന്നും കാണുവാനുമുണ്ട്.

൧൫. മംഗലപ്പള്ളിമൂത്തതും പുന്നയിൽപണിക്കരും.

തിരുവിതാംകൂറിൽ തിരുവല്ലാതാലൂക്കിൽ ചേന്ന ആറമ്മുളെ മംഗലപ്പള്ളിയില്ലത്തു പണ്ടു ജ്യോതിശ്ശാസ്ത്രപാരംഗതനും മഹാവിദ്വാനുമായിട്ട് ഒരു മൂത്തതുണ്ടായിരുന്നു. അദ്ദേഹം, കുട്ടമ്പേരൂർ നാലേകാട്ടിൽ ഇപ്പോഴുള്ള ശങ്കരനാരായണപിള്ള അവർകളുടെ പിതാമഹനും, വലിയ വിദ്വാനും പ്രസിദ്ധജ്യോത്സ്യനുമായിരുന്ന സന്ധ്യാപ്പിള്ള അവർകളുടെ സഹപാഠിയും ആത്മമിത്രവുമായിരുന്നു. ഒരിക്കൽ അദ്ദേഹം എവിടെയോ പോകും വഴി തന്റെ സ്നേഹിതനേക്കൂടി കണ്ടിട്ടു പോകാമെന്നു വിചാരിച്ചു നാലേകാട്ടിൽ കേറി. അപ്പോൾ ഒരു പോറ്റി തറിക്കൊണ്ടു വേളി കഴിക്കണമെന്നു വിചാരിച്ചു പല സ്ത്രീജാതകങ്ങളും തന്റെ ജാതകവും കൊണ്ടു സന്ധ്യാപ്പിള്ളയെക്കൊണ്ടു നോക്കിക്കാനായി അവിടെ വന്നു കൂടീട്ടുണ്ടായിരുന്നു. മൂത്തതു ചെന്നു കേറിയ ഉടനെ സന്ധ്യാപ്പിള്ള സബഹുമാനം എഴുന്നേറ്റ് ആസനസൽക്കാരം ചെയ്തിരുത്തി, താനും, യഥാസ്ഥാനം ഇരുന്നതിന്റെ ശേഷം രണ്ടു പേരും കുറച്ചുനേരം പാസ്സുരം കുശലപ്രശ്നാദി സംഭാഷണം ചെയ്തുകൊണ്ടിരുന്നു. അനന്തരം സന്ധ്യാപ്പിള്ള (പോറ്റിയെ ചൂണ്ടിക്കാണിച്ചിട്ട്) "ഇദ്ദേഹം ഒന്നു വേളി കഴിക്കണമെന്നു വിചാരിച്ച ജാതകങ്ങൾ നോക്കിക്കാനായിട്ടാണ് വന്നിരിക്കുന്നത്. സ്ത്രീജാതകങ്ങൾ ഒട്ടുവളരെ കൊണ്ടുവന്നിട്ടുണ്ട്. ഞാനാണെങ്കിൽ ഇതെല്ലാം പരിശോധിച്ച് ഒന്നു തിരഞ്ഞെടുക്കുന്നതിനും വളരെ ദിവസം വേണ്ടിവന്നേക്കും. അവിടുന്നായാൽ എളുപ്പമുണ്ടല്ലൊ. അതിനാൽ അതൊന്നു നോക്കി തീച്ചപ്പെടുത്തി അദ്ദേഹത്തെ അയയ്ക്കുവാൻ എനിക്കും അദ്ദേഹത്തിനും വലിയ സഹായമാകും. പിന്നെ വൃത്തമാനങ്ങൾ പറയുന്നതിനു നമുക്കു മനസ്സിനുസുഖവുമുണ്ടായിരിക്കും" എന്നു പറഞ്ഞു. ഉടനെ മൂത്തത് "ഓഹോ ആ ജോലി ഇപ്പോൾ തീർത്തേക്കാമല്ലൊ" എന്നു പറഞ്ഞു പോറ്റിയോടു ജാതകങ്ങളെല്ലാം വാങ്ങി, ആകപ്പാടെ തിരിച്ചും മറിച്ചും ഒന്നു നോക്കീട്ട് "ഇതും കൊള്ളുകയി

Digitised By Kerala Sahitya Akademi

ല്ല, ഇതു കൊടുക്കുകയില്ല" എന്നു പറഞ്ഞ് ഓരോന്നായിട്ട താഴെയിട്ട ഒടുക്കത്തെ ജാതകം കയ്യിൽ പിടിച്ചുകൊണ്ട് "ഈ സ്ത്രീജാതകം ശാസ്ത്രപ്രകാരം നോക്കിയാൽ ഇദ്ദേഹത്തിനു നല്ലപോലെ ചേർന്നതായിരിക്കും. പക്ഷേ ഈ കന്യകയേ ഇദ്ദേഹത്തിനു വിവാഹം കഴിക്കാൻ കിട്ടുകില്ല എന്നൊരു ദോഷമുള്ളു" എന്നു പറഞ്ഞു. മൂത്തതിന്റെ ഈ വാക്കുകേട്ടു പോറ്റി ആ ജാതകം എവിടത്തെ പെൺകിടാവിന്റേതാണെന്നു നോക്കിട്ട് ജാതകം ചേരുമെങ്കിൽ ഈ കന്യകയേ എനിക്കു കിട്ടാതിരിക്കയില്ല. ആ ഇല്ലത്താരും ഞങ്ങളും തമ്മിൽ പണ്ടേതന്നെ ചാച്ചുക്കാരും സ്നേഹിതരുമാണ്" എന്നു പറഞ്ഞു. "ഉടനേ മൂത്തതു പോയി പരീക്ഷിച്ചു നോക്കു ഒടുക്കം ഫലം ഞാൻ പറഞ്ഞതുപോലെയായിരിക്കും. പക്ഷേ ആ മുഹൂർത്തത്തിനുതന്നെ അങ്ങു വേളി കഴിക്കുമായിരിക്കും. വേറെ ഒരു കന്യകയേ ആയിരിക്കുമെന്നോ ഉള്ളു. ആ വേളികൊണ്ടും ഫലമൊന്നുമില്ലതാനും. പ്രസവിക്കുന്നതിനുമുമ്പ് ആ സ്ത്രീ മരിച്ചുപോകും. സന്തതിയുണ്ടാകണമെങ്കിൽ പിന്നെ ഒന്നുകൂടി വേളി കഴിക്കേണ്ടിവരും" എന്നു പറഞ്ഞു. ഇതൊക്കെകേട്ടിട്ട പോറ്റിക്ക് ഒട്ടും വിശ്വാസമുണ്ടായില്ല. അദ്ദേഹം "ആട്ടെ, ഞാനൊന്നു പരീക്ഷിച്ചു നോക്കട്ടെ" എന്നു പറഞ്ഞു ജാതകങ്ങളും എടുത്തുംകൊണ്ടു പോയി. കുറച്ചുനേരം സന്ധ്യതിപ്പിള്ളയോടു വർത്തമാനങ്ങളും പറഞ്ഞിരുന്നതിന്റെശേഷം യാത്ര പറഞ്ഞു മൂത്തതും പോയി.

പോറ്റി തനിക്കു നിശ്ചയിക്കപ്പെട്ട പെൺകിടാവിന്റെ ഇല്ലത്തുചെന്ന് ഉടമസ്ഥന്മാരോടു വിവരം പറയുകയും കന്യകയെ കൊടുക്കാമെന്ന് അവർ സന്തോഷം സമ്മതിക്കുകയും സജ്ജനങ്ങളിൽ ചിലരുടെ മദ്ധ്യസ്ഥതയോടുകൂടി സ്ത്രീധനത്തുകയും മറ്റും തീർച്ചപ്പെടുത്തുകയും മുഹൂർത്തം നിശ്ചയിക്കുകയും ചെയ്തു. പെൺകിടാവിന്റെ ഇല്ലത്തു വേളിക്കു വേണ്ടുന്ന വട്ടങ്ങളൊക്കെക്കൂട്ടുകയും ശ്രീയാദികർമ്മം വേണ്ടുന്ന ആളുകളേ ക്ഷണിക്കുകയും മുഹൂർത്തദിവസമായപ്പോൾ എല്ലാവരും അവിടെയെത്തുകയും വേളി കഴിക്കാനുള്ള പോറ്റിയും അയറിയുണ്ണം മുതലായതു കഴിച്ചു സമയത്തിനു രാജരാകുകയും ചെയ്തു. അപ്പോൾ അവിടെ കൂടിയിരുന്ന സജ്ജനങ്ങൾ തമ്മിൽ എന്തോ കാരണവശാൽ വിചാരിച്ചിരിക്കാതെ ഒരു വഴക്കും ശണ്ഠയും ഉണ്ടായിത്തീർന്നു. ശണ്ഠ മൂർക്കിയപ്പോൾ പോറ്റിമാർ രണ്ടുകക്ഷികളായിപ്പിരിഞ്ഞു. ഒടുക്കം ഒരു കൂട്ടക്കാർ "ഇയ്യാൾക്കു പെണ്ണിനെ കൊടുക്കുകയാണെങ്കിൽ ഞങ്ങളിവിടെ ഒന്നിനും കൂടുകയില്ല" എന്നും മറ്റേകക്ഷികൾ "ഇയ്യാൾക്കു പെണ്ണിനെ കൊടുക്കാതെയിരിക്കുകയാണെങ്കിൽ ഞങ്ങളവിടെ ഒന്നിനും കൂടുകയില്ല" എന്നുമായി വഴക്ക്. പെണ്ണിന്റെ പിതാവ് ഒരു കക്ഷിയിലും ചേരാൻ നിവൃത്തിയില്ലാതെ വല്ലാതെ വിഷമിച്ചു. രണ്ടു കക്ഷിയിലും തന്റെ ബന്ധുക്കളും ചാച്ചുക്കാരും പ്രബലന്മാരും മാന്യന്മാരും ഒരുപോലെയുണ്ടായിരു

Digitised By Kerala Sahitya Akademi

ന്നു. അതിനാൽ ഒരു കക്ഷിയെയും ഉപേക്ഷിക്കാൻ അദ്ദേഹത്തിനു തൽകാലം മനസ്സു ധൈര്യവുമുണ്ടായിരുന്നില്ല. ഒടുക്കം അദ്ദേഹം സംഘബലം അധികമുള്ള കക്ഷിയെ സ്വീകരിക്കുകയെന്നു നിശ്ചയിച്ചിട്ട് "നിങ്ങൾ രണ്ടുകൂട്ടക്കാരും ഇങ്ങിനെ വാശിപിടിച്ചു വഴക്കു തുടങ്ങിയാൽ ഞാനെന്താണ് ചെയ്യേണ്ടത്? എനിക്കു പെണ്ണിനെ ഏതുവിധവുംകൊടുക്കേണ്ടതു് അത്യാവശ്യമാണല്ലൊ. അതിനുകൂടി നിങ്ങളൊരു നിവൃത്തിമാർഗ്ഗം പറഞ്ഞു തരണം" എന്നു പറഞ്ഞു. ഉടനെ ഒരു പോറ്റി "അതിനെക്കുറിച്ചു് അങ്ങൊട്ടും വ്യസനിക്കേണ്ട. ഈ കന്യകയെ ഇപ്പോൾതന്നെ ഞാൻ വിവാഹം കഴിച്ചുകൊള്ളാം. എനിക്കു സ്ത്രീധനമായി ഒരു കാളപ്പോലും തരികയും വേണ്ട. എന്നാലും ഈ പെണ്ണിനെ ഇയ്യാൾക്കു കൊടുക്കാൻ പാടില്ല. അങ്ങേക്കു സമ്മതമുണ്ടെങ്കിൽ പറയണം. ഞാനിപ്പോൾ കൂളിച്ചു വന്നേക്കാം" എന്നു പറഞ്ഞു. വേറേ നിവൃത്തിയൊന്നും കാണായ്കയാൽ അച്ഛൻ പോറ്റി അതിനു സമ്മതിച്ചു. വേളി കഴിക്കാമെന്നു പറഞ്ഞ പോറ്റി കുളിച്ചു വരികയും അച്ഛൻ പോറ്റി ഉദകപൂർവ്വം ചെയ്കയും ചെയ്തു. അപ്പോൾ വേളി കഴിക്കാനായി അയനിയൂണം കഴിച്ച് ആഭ്യംവന്ന പോറ്റി രുക്മിണീസ്വയംവരത്തിലെ ശിശുപാലനേപ്പോലെ എല്ലാവരും വിഷണ്ണനായിത്തീർന്നു. ഇതു കണ്ടു മറേറക്കക്ഷിയിലുള്ള ഒരു പോറ്റി "അങ്ങ് ഇതുകൊണ്ടൊട്ടും വ്യസനിക്കേണ്ട. ഈ മുഹൂർത്തത്തിനുതന്നെ അങ്ങേക്കൊണ്ടു ഞാൻ വേളി കഴിപ്പിക്കാം. എന്റെകൂടെ വന്നോളൂ. എന്റെ മകളെ ഞാൻ അങ്ങേക്കു തരാമെന്നു നിശ്ചയിച്ചു. ഇവിടെത്തരാമെന്നു പറഞ്ഞിരുന്നതിൽ ഇരട്ടി സ്ത്രീധനം തരാനും ഞാൻ തയ്യാറുണ്ട്" എന്നു പറഞ്ഞു. ഇതു് അദ്ദേഹവും സമ്മതിച്ചു. ആ കക്ഷിയാകെയെല്ലാം കൂടി ഇറങ്ങി മറേറപ്പോറ്റിയുടെ മാത്തിലേക്കു പോവുകയും ആ മുഹൂർത്തത്തിനുതന്നെ രണ്ടു സ്ഥലത്തും വേളി നടക്കുകയും ചെയ്തു. ഈ ഭവിഷ്യൽഫലങ്ങളെല്ലാം മംഗലപ്പള്ളി മൂത്തതു മുമ്പേതന്നെ പറഞ്ഞിരുന്നതായിരുന്നുവല്ലൊ. എങ്കിലും അപ്പോഴത്തെ വാശിയും വഴക്കുമാകൊണ്ടു തൽകാലം അതൊന്നും ആരുമോർത്തില്ല. വേളി കഴിഞ്ഞതിന്റെ ശേഷം താൻ ജാതകം നോക്കിക്കാനായിരുന്നപ്പോൾ നാലേകാട്ടിൽവെച്ചു മൂത്തതു പറഞ്ഞതെല്ലാം ആ പോറ്റിക്ക് ഓർമ്മവരികയും മനസ്സുകൊണ്ടു മൂത്തതിനെ വളരെ ബഹുമാനിക്കുകയുംചെയ്തു. എങ്കിലും ശേഷം കൂടി ഒക്കുമോ എന്നറിയട്ടെ എന്നുവിചാരിച്ച് അദ്ദേഹം സപ്രസ്ഥമായിരുന്നു. ആറുമാസം കഴിയുന്നതിനുമുമ്പു ആ പോറ്റിയുടെ അന്തർജ്ജനം മരിച്ചു. അപ്പോൾ മൂത്തതു പറഞ്ഞിരുന്നതു മുഴുവനും ഒത്തതിനാൽ മൂത്തതിന്റെ പ്രായത്തനുതിൽ പോറ്റിക്കു വളരെവിശ്വാസമായി.

അനന്തരം പോറ്റി ഒന്നുകൂടി വേളികഴിക്കണമല്ലോ എന്നു വിചാരിച്ച് ഒട്ടു വളരെ സ്ത്രീജാതകങ്ങൾ ശേഖരിച്ചു. "ഇവരിൽ മൂത്തതിനുകൊണ്ടുതന്നെ ജാതകം നോക്കിച്ചു നിശ്ചയിച്ചിട്ടുവേണം വേളികഴി

Digitised By Kerala Sahitya Akademi

ക്കാൻ'' എന്നു വിചാരിച്ചു പോറ്റി ജാതകങ്ങളും കൊണ്ട് ആറമ്മുളെ മൂത്തതിന്റെ ഇല്ലത്തെത്തി. അപ്പോൾ മൂത്തത് അമ്പലത്തിൽതൊഴാൻ പോയിരിക്കുകയായിരുന്നു. മൂത്തതു തൊഴീലും കഴിഞ്ഞ് ഇല്ലത്തുചെന്നപ്പോൾ ജാതകക്കെട്ടുമായി പോറ്റി വന്നിരിക്കുന്നതു കണ്ടിട്ട് ''എന്താ, ഞാൻ പറഞ്ഞിരുന്നതൊക്കെ മറന്നില്ലേ? ഇനി ഒന്നു വേളി കഴിക്കണം അല്ലേ?'' എന്നു ചോദിച്ചു. അപ്പോൾ പോറ്റി ''പറഞ്ഞിരുന്നതുപോലെ എല്ലാം സംഭവിച്ചു. ഇനി വേണ്ടതിനെ പറഞ്ഞുതരണം. സ്ത്രീ ജാതകങ്ങൾ പത്തുപന്ത്രണ്ണം കൊണ്ടുവന്നിട്ടുണ്ട്. ഊണു കഴിഞ്ഞ്, ഇതെല്ലാമൊന്നു പരിശോധിച്ച്, ഇതിൽ വല്ലതും കൊള്ളാവുന്നതുണ്ടെങ്കിൽ നിശ്ചയിച്ചു പറഞ്ഞയയ്ക്കണം'' എന്നു പറഞ്ഞു. ഉടനെ മൂത്തത് ''എനിക്കു പരിശോധിക്കാനോ ആലോചിക്കാനോമൊന്നുമില്ല. വല്ലതും മനസ്സിൽ തോന്നുന്നതിനെ പറയുക എന്നേയുള്ളൂ. ഈശ്വരകാരുണ്യംകൊണ്ടും ഗുരുകടാക്ഷംകൊണ്ടും പറഞ്ഞാലധികം തെറ്റാറില്ല. അതിനാൽ ഇതും ഇപ്പോൾത്തന്നെ പറഞ്ഞേക്കാം. ആ ജാതകച്ചെട്ടിൽനിന്നു രണ്ടെണ്ണം മാറ്റിട്ടു മൂന്നാമതിരിക്കുന്ന ജാതകം കാർത്തികനക്ഷത്രം ജനിച്ച ഒരു കന്യകയുടേതായിരിക്കും. അത് അങ്ങേക്കു പോരും. ആ കന്യകയേ വിവാഹം കഴിച്ചോളൂ. ദോഷം വരികില്ല. ആ ഭാര്യയിൽ അങ്ങേക്കു രണ്ടുണ്ണികളും ഒരു പെൺകിടാവും ഉണ്ടാകും. നാലാമത്തെ ഗർഭം അലസിപ്പോകും. പിന്നെ ആ അന്തർജ്ജനം പ്രസവിക്കുകയുമില്ല. ഇതിലധികമൊന്നും ഇപ്പോൾ അറിയണമെന്നില്ലല്ലൊ. ഇനി പോകുന്നെങ്കിൽ പോകാം. ഇരിക്കുന്നെങ്കിൽ ഇവിടെയിരിക്കാം. ഞാൻ ഊണു കഴിച്ചു വേഗം വരാം'' എന്നു പറഞ്ഞു. പോറ്റി പിന്നെ അവിടെ താമസിച്ചില്ല. അപ്പോൾ തന്നെ സസന്തോഷം യാത്രപറഞ്ഞു പോയി. മൂത്തതു് ഉണ്ണാനായിട്ട് അകത്തേക്കും പോയി.

പോറ്റി പോയി മൂത്തതു പറഞ്ഞ കന്യകയേത്തന്നെ വിവാഹം കഴിക്കുകയും രണ്ടുണ്ണികളും ഒരു പെൺകിടാവും ഉണ്ടാവുകയും അന്തർജ്ജനത്തിന്റെ നാലാമത്തെ ഗർഭം അലസുകയും ചെയ്തു. ഇത്രയും കഴിഞ്ഞപ്പോൾ പോറ്റിക്കു മൂത്തതിനേക്കുറിച്ചുള്ള ബഹുമാനവും സന്തോഷവും സഹിക്കവഹിയാതെയായി. പിന്നെ അദ്ദേഹം കേമമായിട്ട് ഒരു സദ്യയ്ക്കു വേണ്ടുന്ന വട്ടങ്ങളെല്ലാം കൂട്ടി ഒട്ടു വളരെ മുണ്ടുകളും റൗക്കകളും പാണനുമൊരുക്കൂട്ടിക്കൊണ്ടു കിടാങ്ങളോടുകൂടി ആറമ്മുളെ മൂത്തതിന്റെ ഇല്ലത്തുചെന്നു. അന്നേരത്തെ അദ്ദേഹം കിടാങ്ങളെയൊക്കെ അന്യത്തിൽ കൊണ്ടുപോയി തൊഴീക്കുകയും താൻ തൊഴുകയും വളരെ വഴിപാടുകളും കഴിക്കുകയും ചെയ്തു. പിറ്റേദ്ദിവസം മൂത്തതിനെ നമ്പൂതിരിക്കാനായി ഇല്ലത്തുവച്ച് അതികേമമായി ഒരു സദ്യ നടത്തുകയും മൂത്തതിനും ഇല്ലത്തുള്ള സകലർക്കും ആബാലവൃദ്ധം വിലയേറിയ, അന്നു

Digitised By Kerala Sahitya Akademi

മാർ മുതല്പായവർവരെ ദക്ഷിണപ്പടവ കൊടുക്കുകയും മറവും ചെയ്തു മൂത്ത തിനെ വളരെ സന്തോഷിപ്പിച്ചുപോരികയും ചെയ്തു.

ഇപ്രകാരം ദൂതലക്ഷണജ്ഞന്മാരായ മഹാന്മാർ മുൻകാലങ്ങളിൽ കേരളത്തിൽ വളരെയുണ്ടായിരുന്നു. ഇപ്പോൾ ഇങ്ങിനെയുള്ളവർ എങ്ങുമുള്ളതായി കേൾക്കുന്നുപോലുമില്ല. ദൂതലക്ഷണജ്ഞതയുടെ മഹാത്മ്യം എത്രമാത്രമുണ്ടെന്നു മേൽപറഞ്ഞിട്ടുള്ള ഐതിഹ്യങ്ങൾകൊണ്ടു സ്പഷ്ടമാകുന്നുണ്ടല്ലൊ. ദൂതലക്ഷണജ്ഞന്മാർക്കു ലക്ഷണം പറയുന്നതിനു പരമ്പരയും പലകയുമൊന്നുമാവശ്യമില്ല. അവർ ദൂതന്മാരുടെ വാക്കും ഭാവവും നിലയും ചേഷ്ടകളും സമയവും മറ്റും നോക്കി മാത്രമാണ് ലക്ഷണങ്ങൾ പറയുന്നത്. അതിനാൽ ദൂതലക്ഷണം വളരെ അത്ഭുതകരവും സൌകര്യമുള്ളതുമാണെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലൊ.

കുമാരനല്ലൂരെടുത്ത നെട്ടാശ്ശേരി എന്ന ദിക്കിൽ "പുന്നയിൽ" എന്നൊരു ശ്രുദ്ധവനം ഇപ്പോഴുണ്ട്. ആ വീട്ടിൽ മഹാവിദ്വാനും പ്രസിദ്ധജ്യോത്സ്യനുമായിട്ട് ഒരാൾ മുമ്പൊരിക്കലുണ്ടായിരുന്നു. ആ തറവാട്ടുകാർ പണിക്കർ സ്ഥാനമുള്ളതിനാൽ അവിടെയുള്ള പുരുഷന്മാരേ പണിക്കന്മാരെന്നാണ് പറയുക പതിവ്. അതിനാൽ നമ്മുടെ കഥാനായകനായ ജ്യോത്സ്യനേയും പുന്നയിൽ പണിക്കരെന്നാണ് പറഞ്ഞു വന്നിരുന്നത്. കുമാരനല്ലൂർ ഗ്രാമത്തിലുള്ള ഒരു നമ്പൂരി തന്റെ പുത്രനെ ഉപനയിക്കുന്നതിന് ഒരു മുഹൂർത്തം പറഞ്ഞുകൊടുക്കണമെന്നു പല ജ്യോത്സ്യന്മാരോടും ആവശ്യപ്പെട്ടിട്ടും ആരും മുഹൂർത്തം പറഞ്ഞുകൊടുത്തില്ല. അക്കാലത്തു തെക്കുംകൂറിൽ ഉൾപ്പെട്ട ചില തമ്പുരാക്കന്മാർ, വട്ടപ്പള്ളി ശങ്കുണ്ണിത്തരു മുതലായി ആ ദിക്കുകളിൽതന്നെ പല ജ്യോത്സ്യന്മാരുണ്ടായിരുന്നു. അവരെല്ലാം നോക്കീട്ടും ആ കൊല്ലത്തിൽ ആ ഉണ്ണിയെ ഉപനയിക്കാൻ കൊള്ളാവുന്ന മുഹൂർത്തമില്ലെന്നു പറയുകകൊണ്ടും ഉണ്ണിയെ ഉപനയിക്കുന്നതിനുള്ള കാലമായിരുന്നതുകൊണ്ടും നമ്പൂരി ഒടുക്കം പുന്നയിൽ പണിക്കരുടെ അടുക്കൽ ചെന്ന് ഒരു മുഹൂർത്തമുണ്ടാക്കിക്കൊടുക്കണമെന്ന് അപേക്ഷിച്ചു. പണിക്കർ ഉടനെ ഒരു പ്രയാസവും സംശയവും കൂടാതെ ഒരു മുഹൂർത്തം ചാർത്തിക്കൊടുക്കുകയും ചെയ്തു. നമ്പൂരി ആ മുഹൂർത്തച്ചാർത്തുംകൊണ്ടു തെക്കുംകൂർ തമ്പുരാക്കന്മാർ മുതലായവരുടെ അടുക്കൽ ചെന്നു. "നിങ്ങളൊക്കെ മുഹൂർത്തമില്ലെന്നു പറഞ്ഞുവെങ്കിലും പുന്നയിൽ പണിക്കർ ഒരു മുഹൂർത്തമുണ്ടാക്കിത്തന്നു" എന്നു പറഞ്ഞു. ഉടനെ അവർ "അത്രയ്ക്കോ? എന്നാൽ ആ ചാർത്തൊന്നു കാണട്ടെ" എന്നുപറഞ്ഞ് അവർ ആ ചാർത്തു വാങ്ങിനോക്കി. അപ്പോൾ പണിക്കർ ചാർത്തിക്കൊടുത്തിരുന്ന മുഹൂർത്തം ഉപനയിക്കാനുള്ള ഉണ്ണിയുടെ അപ്പനമ്മാരുടെ സമയത്തായിരുന്നതുകൊണ്ട് അവർ ആ പണിക്കരെ അവിടെ വരുത്തി. പ

Digitised By Kerala Sahitya Akademi

ണിക്കർ അന്നുണ്ടായിരുന്ന ജ്യോത്സ്യന്മാരെ എല്ലാവരേയും ഓരോ വിധത്തിൽ ജയിച്ചിരുന്നതിനാൽ എല്ലാവർക്കും പണിക്കരുടെ പേരിൽ കിടമത്സരവും അസൂയയുമുണ്ടായിരുന്നു. അതിനാൽ ഈ അവസരത്തിൽ പണിക്കരെ ഒന്നു മദ്ധ്യമമാക്കാമെന്നു നിശ്ചയിച്ചുകൊണ്ടു ശങ്കുണ്ണിത്തുമുതലായവരും അവിടെക്കൂടി. എല്ലാവരും വന്നപ്പോഴേക്കും പണിക്കരും വന്നുചേർന്നു. ഉടനെ എല്ലാവരുംകൂടി "അഷ്ടമരാശിക്കുറു സമയത്ത് ഉപനയനം കഴിക്കാമെന്ന് എന്തു പ്രമാണമാണുള്ളത്?" എന്നു പണിക്കരോടു ചോദ്യമായി. അപ്പോൾ പണിക്കർ "അഷ്ടമരാശിക്കുറുമുഹൂർത്തങ്ങൾക്കു വിജ്ഞ്യമെന്നാണ് പ്രമാണം എങ്കിലും ഈ ഉണ്ണിയെ ഇക്കൊല്ലം തന്നെ ഉപനയിക്കാഞ്ഞാൽ വേറെ തരക്കേടു വരാനുള്ളതുകൊണ്ടും ഇക്കൊല്ലത്തിൽ ഉപനയനത്തിന് ഈ ഒരു മുഹൂർത്തമല്ലാതെ ഇല്ലാത്തതുകൊണ്ടും ഇങ്ങിനെ ചാർത്തിക്കൊടുത്തതാണ്" എന്നു പറഞ്ഞു. ഉടനെ മറ്റവർ "ഈ ഉണ്ണിയെ ഇക്കൊല്ലത്തിൽ തന്നെ ഉപനയിച്ചില്ലെങ്കിൽ എന്തു തരക്കേടാണ് വരാനുള്ളത്?" എന്നു ചോദിച്ചു. അപ്പോൾ പണിക്കർ "അടുത്ത കൊല്ലത്തിൽ ഉണ്ണിക്ക് അമ്മ മരിച്ച ദീക്ഷയായിരിക്കും. പിന്നത്തെ കൊല്ലത്തിൽ ഉപനയനത്തിനു മുഹൂർത്തം തന്നായില്ല. അതിന്റെ പിന്നത്തെ കൊല്ലത്തിൽ ഉണ്ണിയുടെ അച്ഛൻ മരിച്ച് ആ ദീക്ഷയുമായിരിക്കും. ദീക്ഷാകാലത്ത് ഉപനയനം പാടില്ലല്ലൊ. ഇങ്ങിനെ മൂന്നുകൊല്ലം കഴിയുമ്പോൾ ഉപനയനത്തിന്റെ കാലവും കഴിയും. കാലം കഴിയുന്നതിനുമുമ്പ് ഉപനയിക്കുകയാണെങ്കിൽ ഉണ്ണി ബ്രാഹ്മണാചാരപ്രകാരം ഭ്രഷ്ടനായിപ്പോവുകയും ചെയ്യുമല്ലോ. അതിൽ ഭേദം അഷ്ടമരാശിക്കുറു സമയത്ത് ഉപനയിക്കുന്നതല്ലയോ?" എന്നു ചോദിച്ചു. "അങ്ങിനെയൊക്കെയാണെങ്കിൽ ഈ മുഹൂർത്തത്തിനുതന്നെ ഉപനയിക്കുകയാണ് വേണ്ടത്" എന്ന് എല്ലാവരും സമ്മതിക്കുകയും ഉണ്ണിയെ ആ മുഹൂർത്തത്തിനുതന്നെ ഉപനയിക്കുകയും പണിക്കരെ പറഞ്ഞിരുന്നതുപോലെ ആ കൊല്ലങ്ങളിൽ ഉണ്ണിയുടെ മാതാപിതാക്കന്മാർ മരിക്കുകയും ചെയ്തു. അക്കാലം മുതൽ മറ്റുള്ള ജ്യോത്സ്യന്മാർക്കു പണിക്കരോടുള്ള മത്സരവും അസൂയയും അസൂമിക്കുകയും എല്ലാവർക്കും കൂടുതൽ ബഹുമാനമുദിക്കുകയും ചെയ്തു.

൧൯. കാലടിയിൽ ഭട്ടതിരി.

കാലടിയിൽ ഭട്ടതിരിയുടെ ഇല്ലം കുമാരനല്ലൂർ ഗ്രാമത്തിലുൾപ്പെട്ട നെട്ടാശ്ശേരി എന്ന ദിക്കിലാകുന്നു. ഈ ഇല്ലത്തുള്ളവർക്കു പാരമ്പര്യമായിട്ടുതന്നെ മന്ത്രവാദമുണ്ടെന്നും ഗണപതിപ്രത്യക്ഷമാണെന്നും പ്രസിദ്ധമാണല്ലൊ. ഇവരുടെ മന്ത്രവാദത്തിന് അനന്യസാധാരണ

Digitised By Kerala Sahitya Akademi

തപം സിദ്ധിക്കുന്നതിനും ഗണപതി പ്രത്യക്ഷീഭവിക്കുന്നതിനുമുള്ള കാരണങ്ങളും ചുരുക്കമായി ഇവിടെ വിവരിക്കുന്നു.

ഒരിക്കൽ ഈ ഇല്ലത്തുള്ള ഒരു ഭട്ടതിരിയും അദ്ദേഹത്തിന്റെ സ്നേഹിതനായ വേറെ ഒരു നമ്പൂരിയുംകൂടി കുശ്രീവപേത്രര പൂരംകാണാനായി പുറപ്പെട്ടു. ഇരിങ്ങാലക്കുടയ്ക്കു സമീപമായപ്പോൾ നേരം വൈകിയതിനാൽ ഒരില്ലത്തു കയറി പകലെ ഊണും സന്ധ്യാവന്ദനവും കഴിച്ച് അവിടെ നിന്നും പുറപ്പെട്ടു. "യക്ഷിപറമ്പ്" എന്ന സ്ഥലത്തിനു സമീപത്തായപ്പോൾ സർവ്വാംഗസുന്ദരികളായ രണ്ടു മനുഷ്യസ്ത്രീകൾ വഴിയിൽ നിൽക്കുന്നതു കണ്ടു. ആ സ്ത്രീകൾ ഇവർ അടുത്തുചെന്നപ്പോൾ "തിരുമേനികൾ എങ്ങോട്ടാണ് ഈ അസമയത്ത് എഴുന്നെള്ളുത്ത്" എന്നു ചോദിച്ചു. അപ്പോൾ ഭട്ടതിരി "ഞങ്ങൾ പൂരത്തിനു പോവുകയാണ്" എന്നുപറഞ്ഞു. ഉടനെ സ്ത്രീകൾ "ഇവിടെ അങ്ങോട്ടു ചെല്ലുമ്പോൾ യക്ഷിപറമ്പെന്നു പറയുന്ന സ്ഥലമായി. ഇങ്ങിനെയുള്ള അസമയങ്ങളിൽ ഇതിലേ മനുഷ്യരാരും നടക്കാറില്ല. ഇതൊരു വൈഷമ്യസ്ഥലമാണെന്ന് അവിടന്നു കേട്ടിട്ടില്ലായിരിക്കുമോ? എഴുന്നെള്ളുത്ത് ഇന്നു വേണ്ടെന്നാണ് അടിയങ്ങൾക്കു തോന്നുന്നത്. എഴുന്നെള്ളിയാൽ എന്തെങ്കിലും ആപത്തുണ്ടാകും. അങ്ങിനെ വളരെ കണ്ടിട്ടുണ്ട്" എന്നു പറഞ്ഞു. അപ്പോൾ നമ്പൂരി "ഞങ്ങൾക്ക് ഈ ദിക്കിലെങ്ങും പരിചയമില്ല. ഞങ്ങൾ ഈ ദിക്കുകാരല്ല. ഇന്നു പോകേണ്ടെന്നുവെച്ചാൽ കേറിക്കിടക്കുന്നതിന് എവിടെയാണ് സൌകര്യമുള്ളത്. ഇവിടെ അടുക്കലെങ്ങാനും വല്ല ശ്രോത്രവീടുകളൊ മറ്റൊ ഉണ്ടോ?" എന്നുചോദിച്ചു. "അടിയങ്ങളുടെ കൂപ്പുമാടം ഇവിടെ അടുക്കലാണ്. വിരോധമില്ലെങ്കിൽ അങ്ങോട്ടെഴുന്നെള്ളിയാൽ അവിടെ കിടക്കാം" എന്നു സ്ത്രീകൾ പറഞ്ഞു.

ഇങ്ങിനെ ആ സ്ത്രീകളും ഈ ബ്രാഹ്മണരും കൂടി കുറഞ്ഞൊരുനേരത്തെ സംഭാഷണം കഴിഞ്ഞപ്പോഴേക്കും, അസമയത്തു പോയാൽ വല്ലതും ആപത്തു സംഭവിച്ചേക്കുമോ എന്നുള്ള ഭയംകൊണ്ടും ഈ സുന്ദരികളോടു കൂടി പോയാൽ അന്നത്തെ രാത്രി സുഖമായി കഴിച്ചുകൂട്ടാമെന്നുള്ള മോഹംകൊണ്ടും ഭട്ടതിരിയും നമ്പൂരിയും ആ സ്ത്രീകളുടെ വീട്ടിലേയ്ക്കു പോവുകയെന്നതന്നെ തീർച്ചയാക്കി. പിന്നെ അവർ നാലുപേരും കൂടി അവിടെ നിന്നു പോയി കുറച്ചു ചെന്നപ്പോൾ വലിയതായിട്ട് ഒരു മാളിക കണ്ടു. ഈ സ്ത്രീകൾ ബ്രാഹ്മണരെ ആ മാളികയിൽ കൂട്ടിക്കൊണ്ടുപോയി. അവിടെ അടുത്തടുത്തു വിശാലങ്ങളായ രണ്ടു മുറികൾ ഉണ്ടായിരുന്നു. അതിൽ ഒന്നിൽ ഭട്ടതിരിയെയും ഒന്നിൽ നമ്പൂരിയെയും കൊണ്ടു ചെന്നു കിടത്തി. രണ്ടു മുറികളിലും ഓരോ സ്ത്രീകളും ചെന്നുകൂടി. ഭട്ടതിരി കിടന്ന മുറിയിൽ ചെന്ന ആ സ്ത്രീ ഭട്ടതിരിയെ തൊട്ടപ്പോൾതന്നെ ആദ്ദേഹത്തിനു ബോധമില്ലാതെ ആയി. ഉടനെ അവൾ അ

Digitised By Kerala Sahitya Akademi

ദ്ദേഹത്തെ ക്ഷേമിക്കാനും തുടങ്ങി. നമ്പൂരിക്ക പരിഭവായി "ദേവീമാഹാത്മ്യം" പാരായണമുണ്ടായിരുന്നതിനാൽ അദ്ദേഹത്തിന്റെ കയ്യിൽ ദേവീമാഹാത്മ്യം ഗ്രന്ഥമുണ്ടായിരുന്നു. ആ ഗ്രന്ഥം തലയ്ക്കൽ വെച്ചുകൊണ്ടാണ് നമ്പൂരി കിടക്കുക പതിവ്. അന്നും ഗ്രന്ഥം തലയ്ക്കൽ വെച്ചിട്ടുണ്ടായിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നസ്ത്രീ "ആ ഗ്രന്ഥം ഇവിടെ താഴെയെങ്കിലും വെയ്ക്കണം. അതെന്തിന തലയ്ക്കൽ വെച്ചിരിക്കുന്നു" എന്നു ചോദിച്ചു. "ഇതു താഴെ വെക്കാൻ പാടില്ല. തലയ്ക്കൽ വെച്ചുംകൊണ്ടാണ് ഞാൻ കിടന്നുറങ്ങുക പതിവ്" എന്നു നമ്പൂരി പറഞ്ഞു. പിന്നെയും ഗ്രന്ഥം താഴെ വെക്കാൻ ആ സ്ത്രീ വളരെ നിർബ്ബന്ധിച്ചു. എങ്കിലും നമ്പൂരി സമ്മതിച്ചില്ല. അപ്പോഴേക്കും മറ്റേ മുറിയിൽ ഭട്ടതിരിയുടെ എല്ലുകൾ കടിച്ചുപൊട്ടിക്കുന്നതിന്റെയും ചോര കുടിക്കുന്നതിന്റെയും ശബ്ദം കലശലായിട്ട് ഈ മുറിയിൽ കേട്ടുതുടങ്ങി. നമ്പൂരിക്ക കൂടുതൽ ഭയവും പരിഭ്രമവും തോന്നിത്തുടങ്ങി. അവിടെക്കിടന്നുംകൊണ്ട് ഭട്ടതിരിയെ വിളിച്ചു. ഭട്ടതിരിയെ അപ്പോഴേക്കും മുക്കാലും ഭക്ഷിച്ചു കഴിഞ്ഞിരുന്നു. പിന്നെ ആര് വിളികേൾക്കുന്നു. ഭട്ടതിരി വിളികേൾക്കാതിരിക്കുകയും അടുക്കൽനിൽക്കുന്ന സ്ത്രീ ഗ്രന്ഥം താഴെവെക്കാൻ നിർബ്ബന്ധിക്കുകയും ചെയ്യുന്നതുകൊണ്ടും മറ്റുമാകപ്പാടെ കാര്യം നല്ല പരുതിയല്ലെന്നും ഈ സ്ത്രീകൾ കേവലം മനുഷ്യസ്ത്രീകൾ അല്ലെന്നും തോന്നുകയാൽ നമ്പൂരിക്ക ഭയം കലശലായിത്തീർന്നു. അദ്ദേഹം ഗ്രന്ഥം കയ്യിലെടുത്തു പിടിച്ചുംകൊണ്ടു തന്നെ, കിടന്നു. അദ്ദേഹത്തിനു ലവലേശം ഉറക്കം വരികയും അദ്ദേഹം ഉറങ്ങുകയും ഉണ്ടായില്ലെന്നു പറയേണ്ടതില്ലല്ലോ. അന്ത്യയാമമാകുന്നതുവരെ ആ സ്ത്രീ അദ്ദേഹത്തിന്റെ അടുക്കൽ ആ മുറിയിൽനിന്നു. പിന്നെ പുറത്തക്കിറങ്ങിപ്പോയി. നമ്പൂരി നിശ്ശ്വാസനായി ആ കട്ടിലിൽത്തന്നെ ഉറങ്ങാതെ കിടക്കുകയും ചെയ്തു.

നേരം വെളുത്തപ്പോൾ അവിടെ മാളികയുമില്ല, സ്ത്രീകളുമില്ല. നമ്പൂരി ഒരു വലിയ കരിമ്പനയുടെ മുകളിൽ ഇരിക്കുന്നു. പിന്നെ അദ്ദേഹം വളരെ പ്രയാസപ്പെട്ട് ഒരു വിധത്തിൽ താഴേയിറങ്ങി. അപ്പോൾ അതിനടുത്തുള്ള മറ്റൊരു കരിമ്പനയുടെ ചുവട്ടിൽ ഭട്ടതിരിയുടെ നഖങ്ങളും കുടുമ്മയും മാത്രം കിടക്കുന്നതു കണ്ടു. അപ്പോൾ തലേദിവസം കാണപ്പെട്ട സ്ത്രീകൾ മനുഷ്യസ്ത്രീകൾ അല്ലെന്നും യക്ഷികളായിരുന്നു എന്നും അവരുടെ മായാബലംകൊണ്ട് അപര മനുഷ്യസ്ത്രീകളാണെന്നും കരിമ്പന മാളികയാണെന്നും തോന്നിച്ചതാണെന്നും ഭട്ടതിരിയെ യക്ഷി ഭക്ഷിക്കയായിരുന്നു എന്നും ദേവീമാഹാത്മ്യം ഗ്രന്ഥം തന്റെ കയ്യിലുണ്ടായിരുന്നതിനാൽ തന്നെത്തൊടാൻ പാടില്ലാഞ്ഞതിനാലാണ് മറ്റേ യക്ഷി തന്നെ ഭക്ഷിക്കാഞ്ഞതെന്നും മറ്റും നമ്പൂരിക്ക മനസ്സിലായി. ഉടനെ അദ്ദേഹം പുരത്തിനു പോകാതെ തന്നെ തിരിച്ചു പോന്നു.

Digitised By Kerala Sahitya Akademi

അന്നു മരിച്ചുപോയ ആ ഭട്ടതിരിയല്ലാതെ ആ ഇല്ലത്തു പുരുഷന്മാരാരും ഉണ്ടായിരുന്നില്ല. മരിച്ചുപോയ ഭട്ടതിരിയുടെ അന്തർജ്ജനത്തിന് അന്നു ഗർഭമുണ്ടായിരുന്നു. നമ്പൂരി വന്നു ഭട്ടതിരിയുടെ മരണവൃത്താന്തം അന്തർജ്ജനത്തിന്റെ അടുക്കൽ അറിയിച്ചു. അപ്പോൾ വിധവയായിത്തീർന്ന ആ അന്തർജ്ജനം അത്യന്തം വിഷാദഗ്രസ്തയായി എന്നുള്ളതു പറയേണ്ടതില്ലല്ലോ. പിന്നെ ആ പതിവ്രതതന്നെ ഭർത്താവിന്റെ ശേഷക്രിയകളെല്ലാം കഴിച്ചു. അങ്ങിനെയിരിക്കുന്ന കാലത്ത് ഏറ്റവും തേജോമയനായ ഒരു പുത്രനെ അന്തർജ്ജനം പ്രസവിച്ചു.

ഉണ്ണിക്കു ജാതകർമ്മം, നാമകരണം, അന്നപ്രാശനം, ചൌളം, ഉപനയനം, സമാവർത്തനം മുതലായവ യഥാകാലം വേണ്ടതുപോലെയെല്ലാം കഴിച്ചു. അതിനിടയ്ക്കു വിദ്യാഭ്യാസം ചെയ്യിക്കുകയും വേദാദ്ധ്യയനം ചെയ്യിക്കുകയുമെല്ലാം ചെയ്തു. അത്യന്തം ബുദ്ധിമാനായ ആ ബ്രഹ്മണകുമാരനു പതിനാറുവയസ്സു കഴിഞ്ഞപ്പോഴേക്കും അദ്ദേഹം വേദവേദാംഗതത്ത്വജ്ഞനായും സകലശാസ്ത്രപുരാണേതിഹാസപാരംഗതനായും തീർന്നു.

അപ്പോൾ തന്റെ അച്ഛന്റെ മരണവൃത്താന്തം അമ്മ പറഞ്ഞു മനസ്സിലാവുകയാൽ അച്ഛനെക്കൊന്ന ആ യക്ഷിയുടെ കഥ കഴിച്ചുകളഞ്ഞതെന്ന് അദ്ദേഹം നിശ്ചയിച്ചു. ആ ഉദ്ദേശസിദ്ധിക്കായി സൂര്യനെ സേവിച്ചുതുടങ്ങി. അതികഠിനമായിരിക്കുന്ന തപസ്സുകൊണ്ട് അദ്ദേഹം സൂര്യഭഗവാനെ പ്രത്യക്ഷമാക്കി. സൂര്യഭഗവാൻ ഒരു ബ്രഹ്മണന്റെ രൂപം ധരിച്ചു ഭട്ടതിരിയുടെ അടുക്കൽവന്നു ചില ദിവ്യമന്ത്രങ്ങൾ ഉപദേശിക്കുകയും "പോരാത്തതെല്ലാം ഇതിൽ പറയുന്നുണ്ടു്; ഇതിൽ നോക്കിച്ചെയ്യോളൂ" എന്നു പറഞ്ഞു് ഒരു ഗ്രന്ഥംകൊടുക്കുകയും ചെയ്തിട്ടു മറഞ്ഞുപോവുകയും ചെയ്തു. അന്നുമുതൽ ആ ഭട്ടതിരിക്കു "സൂര്യകാലടി" എന്നു നാമം സിദ്ധിക്കുകയും പ്രസിദ്ധമാവുകയും ചെയ്തു. അദ്ദേഹമാണു് വിശ്വവിശ്രുതനായ "സൂര്യകാലടി" എന്നു പറയപ്പെടുന്ന ഭട്ടതിരി. അക്കാലംമുതൽ ആ ഇല്ലത്തു് ഓരോ തലമുറയിൽ ഓരോരുത്തക്കു "സൂര്യനു" എന്നകൂടി പേരിട്ടുതുടങ്ങി. അതിന്നും നടന്നുവരുന്നു.

സൂര്യഭഗവാങ്കൽനിന്നു് ഉപദേശവും ഗ്രന്ഥവും കിട്ടിയതിന്റെശേഷം സൂര്യഭട്ടതിരി വിവാഹംകഴിച്ചു ഗൃഹസ്ഥനായിട്ടു താമസിച്ചു. അക്കാലത്തു സൂര്യദത്തമായ ഗ്രന്ഥാഭ്യസനം നോക്കി ഹൃദിസ്ഥമാക്കി. അതൊരു മന്ത്രവാദഗ്രന്ഥമായിരുന്നതിനാൽ ഭട്ടതിരി പ്രസിദ്ധനായ ഒരു മന്ത്രവാദിയായിത്തീർന്നു. അദ്ദേഹം പിന്നെ അദ്ദേഹത്തിനുണ്ടായ പുത്രന്മാക്കു സൂര്യഭഗവാങ്കൽനിന്നു തനിക്കു കിട്ടിയ വിദ്യയെ ഉപദേശിച്ചുകൊടുത്തു. അങ്ങിനെ തലമുറതോറുമുണ്ടായ ഉപദേശംകൊണ്ടു് ആ പാരമ്പര്യം ഇന്നും ആ ഇല്ലത്തുള്ളവക്കു കാണുന്നുണ്ടു്. കാലടിയിൽ ഭട്ടതിരിമാരുടെ മന്ത്രവാദത്തിനു് ഒരനന്യസാധാരണത്വമുണ്ടായതു് ഇങ്ങിനെയാണു്.

Digitised By Kerala Sahitya Akademi

പിന്നെ സൂര്യഭട്ടതിരിയെ പല സ്ഥലങ്ങളിലും മന്ത്രവാദത്തിനായി കൊണ്ടുപോകയും അദ്ദേഹം പല ബാധകളും ഒഴിക്കുകയുണ്ടായിട്ടുണ്ട്. അദ്ദേഹം മന്ത്രവാദം ചെയ്തിട്ട് ഒഴിയാതെ ഒരു ബാധയും ഉണ്ടായിരുന്നില്ല. അങ്ങിനെ പല ദുഷ്ടാനങ്ങളും കണ്ടുപിപ്പാൻ സൂര്യഭഗവാന്റെ ഉപദേശസാഫല്യത്തെക്കുറിച്ചു ഭട്ടതിരിയുടെ മനസ്സിൽതന്നെ നല്ല വിശ്വാസമുണ്ടായി. സൂര്യഭഗവാന്റെ ഉപദേശപ്രകാരം ചെയ്താൽ എല്ലാം ഫലിക്കുമെന്നു കണ്ടുപിപ്പാൻ ഇനി ഒട്ടും താമസിയാതെ തന്റെ അച്ഛനെ ഭക്ഷിച്ച യക്ഷിയെ ശിക്ഷിക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. പിന്നെ അതിനു വേണ്ടുന്ന ഉപകരണങ്ങളെല്ലാം സമ്പാദിച്ച് അതികഠിനമായ ഒരു ഹോമംതുടങ്ങി. ശിക്ഷ ഏറ്റായ യക്ഷി ഏതാണെന്നു നിശ്ചയമില്ലായ്കയാൽ അദ്ദേഹം ലോകത്തിലുള്ള സകല യക്ഷികളേയും ഒന്നായിട്ടാവാഹിച്ചു. ഇദ്ദേഹത്തിന്റെ മന്ത്രശക്തികൊണ്ടു നിവൃത്തിയില്ലാതെയായിട്ട സകല യക്ഷികളും അദ്ദേഹത്തിന്റെ അടുക്കൽ വന്നു. അപ്പോൾ "ഭട്ടതിരി എന്റെ അച്ഛനേ ഭക്ഷിച്ചതു നിങ്ങളിലാരാണു" എന്നു ചോദിച്ചു. അപ്പോൾ എല്ലായക്ഷികളും "ഞാനല്ല ഞാനല്ല" എന്നുപറഞ്ഞു. ഉടനെ ഭട്ടതിരി യക്ഷികളെ ഓരോരുത്തരെ ആയിട്ടു പൊന്നംവിളക്കും വിടിച്ചു സത്യംചെയ്യിച്ചു വിട്ടയച്ചു. അങ്ങിനെ ശിക്ഷാഫലമായ ആ ഒരു യക്ഷി ഒഴികെ ശേഷമെല്ലാവരും പോയി. അപ്പോൾ ഭട്ടതിരി തന്റെ പുരോഭാഗത്തിങ്കൽ ഭയവിഹ്വലയായി വിറച്ചുകൊണ്ടുനില്ക്കുന്ന ആ യക്ഷിയോടും സത്യംചെയ്യാൻ പറഞ്ഞു. താൻ അപരാധിനിയാകയാൽ സത്യംചെയ്യുന്നതിനു നിവൃത്തിയില്ലാതെ ആ യക്ഷി തന്റെ അപരാധത്തെ ഏറ്റുപറഞ്ഞു. ഉടനെ ഭട്ടതിരി "എന്നാൽ ഞാനിപ്പോൾ നിന്നെ ഹോമിക്കും" എന്നുപറഞ്ഞു. "എന്നെ ഹോമിച്ചാൽ ഇന്നേക്കു നാല്പത്തൊന്നാംദിവസം നിങ്ങൾ വാളൂർക്കാവിൽ ഭഗവതിയുടെ മുമ്പിൽ ചെന്നു ചാകുംവിധം അങ്ങു ചാക്രശ്വാസംവലിച്ചു മരിക്കും" എന്നു യക്ഷിപറഞ്ഞു. അപ്പോൾ ഭട്ടതിരി "അങ്ങിനെ വരാതിരിക്കാൻ ഒരു മാർഗ്ഗമില്ലെന്നുവരുമോ" എന്നുചോദിച്ചു. "നാല്പത്തൊന്നാംദിവസം തിരുവാലൂർക്കാവിൽ ഭഗവതിദർശനം കഴിക്കാൻ സംഗതിയായാൽ മരിക്കയില്ല. അല്ലാതെ ശാപമോക്ഷമുണ്ടാകുന്നതല്ല" എന്നു യക്ഷിപറഞ്ഞു. "എന്തായാലും ഇനി ഞാൻ നിന്നെ വിട്ടയക്കുന്നില്ല" എന്നുപറഞ്ഞു ഭട്ടതിരി ആ യക്ഷിയെ പിടിച്ചു ഹോമിക്കുകയും ചെയ്തു.

അതിന്റെശേഷം കുറച്ചുദിവസം കഴിഞ്ഞപ്പോൾ അന്നു കേരളരാജ്യം വാണുകൊണ്ടിരുന്ന "പള്ളിബാണപ്പെരുമാൾ", ഭട്ടതിരിയുടെ അടുക്കൽ ഒരാളയച്ചു. ഉടനെ ഭട്ടതിരി അവിടെ ചെന്നു. അപ്പോൾ പെരുമാൾ "തന്റെ ഭാര്യയ്ക്ക് ഒരു ഗന്ധർവ്വന്റെ ഉപദ്രവമുണ്ടായിട്ടു വളരെ കാലമായി എന്നും പല മന്ത്രവാദികളെക്കൊണ്ടും മന്ത്രവാദങ്ങളും ചെയ്യിച്ചിട്ടും ഗന്ധർവ്വൻ ഒഴിഞ്ഞുപോയിട്ടില്ലെന്നും ആ ഉപദ്രവംനിമിത്തം ഭാര്യയ്ക്കുണ്ടാകുന്ന ഗർഭമെല്ലാം അലസിപ്പോകുന്നു എന്നും അതിനാൽ ഏകു

Digitised By Kerala Sahitya Akademi

വിധവും ആ ഉപദ്രവം ഒഴിച്ചുതരണ"മെന്നും ഭട്ടതിരിയോടു പറഞ്ഞു. ഭട്ടതിരി അങ്ങിനെ ആ പാപത്തെ സമ്മതിക്കുകയും അരിഷ്ടക്കു വേണ്ടുന്ന ഉപകരണങ്ങൾക്ക് ഒരു പാത്തഴതിക്കൊടുക്കുകയും ചെയ്തു. പാത്തിൻ പ്രകാരമുള്ള ഉപകരണങ്ങളെല്ലാം അന്നുതന്നെ തയ്യാറാക്കി. ഭട്ടതിരി മന്ത്രപാഠവും തുടങ്ങി. ചക്രംവരച്ചു പിണിയാളെയിറക്കി ഭസ്മം ജപിച്ചിടുകയും പല വിധത്തിലുള്ള ഹോമകർമ്മാദികൾ കഴിക്കുകയും ചെയ്തിട്ടും പിണിയാൾ തുള്ളിയില്ല. എന്തൊക്കെയായിട്ടും ആ ഗന്ധർവ്വൻ തന്നേറ ആ കഷ്ടനത്തിൽ ഉൾപ്പെട്ടുന്നില്ലെന്നു കണ്ടുറപ്പാക്കി ഭട്ടതിരിക്കു വാശി കലശലായിത്തീരുകയാൽ ബ്രാഹ്മണക്കു വിഹിതമല്ലാത്ത പല കഠിനകർമ്മങ്ങളും അനുഷ്ഠാനം ചെയ്തു. പല ജന്തുക്കളേയും മറവും അദ്ദേഹം മുറിച്ചുമുറിച്ചു ഹോമിച്ചുതുടങ്ങി. ശില നെയ്യിൽമുക്കി നിലത്തുവിരിച്ച് അതു വിറച്ച് ഉറഞ്ഞാടുമ്പോൾ എടുത്തു ഹോമിക്കുക: ഇങ്ങിനെയുള്ള കഠിനപ്രവൃത്തികൾ സംഖ്യയില്ലാതെ ചെയ്യുമ്പോൾ ഗന്ധർവ്വനു നിവൃത്തിയില്ലാതെയായിത്തീരുകയാൽ പ്രത്യക്ഷമായി ഭട്ടതിരിയുടെ മുമ്പിൽവന്നു. പിന്നെ അവർ തമ്മിൽ മന്ത്രതന്ത്രങ്ങളെക്കുറിച്ച് ഒരു വലിയ വാദമുണ്ടായി. ആ വാദത്തിൽ ഭട്ടതിരിതന്നെ ജയിച്ചു. ഒരുവിധത്തിലും ഭട്ടതിരിയെ ജയിക്കുന്നതിനു നിവൃത്തിയില്ലെന്നു തീർച്ചയായപ്പോൾ ഗന്ധർവ്വൻ വളരെ താഴ്മയോടുകൂടി "അതി വിശിഷ്ടനായിരിക്കുന്ന അങ്ങെ ജയിക്കുന്നതിന് ആരു വിചാരിച്ചാലും കഴിയുന്നതല്ല. അങ്ങയുടെ അച്ഛനെ ഭക്ഷിച്ചവളും എന്റെ പ്രിയതമയുമായ ആ യക്ഷിയെ അങ്ങു സംഹരിച്ചുവല്ലൊ. ഇനി ഈ സ്ത്രീയെയും ഞാൻ വിട്ടുപോകണമെന്ന് അങ്ങു നിർബ്ബന്ധിക്കുന്നതു കഷ്ടമാണ്. എനിക്കു ഈ സ്ത്രീയിൽ അധികമായിരിക്കുന്ന ആസക്തികൊണ്ടുമല്ലാണ് ഞാൻവന്നും ബാധിച്ചത്. ഇവളെ ഉപേക്ഷിച്ചുപോകുന്നതുകാരണം എനിക്കു നല്ലതെ വ്യസനമാണ്. അതിനാൽ അവിടുന്നു കൃപയുണ്ടായി എന്നെ ഉപദ്രവിക്കാതിരിക്കണം" എന്നുപറഞ്ഞു. അപ്പോൾ ഭട്ടതിരി "രാജാവിന്റെ ഭാഗ്യക്കു നേരിട്ടിരിക്കുന്ന ഉപദ്രവം നീക്കിക്കൊടുത്തുകൊള്ളാമെന്നു ഞാൻ രാജാവിന്റെ അടുക്കൽ പറഞ്ഞുപോയി. ഇനി അതിനെ ഭേദപ്പെടുത്തുന്നത് എനിക്കു വളരെ അപമാനവും നിവൃത്തിയില്ലാത്തതുമാണ്. അതിനാൽ വേഗത്തിൽ സത്യംചെയ്ത് ഇവിടെനിന്ന് ഒഴിഞ്ഞുപൊയ്ക്കൊള്ളണം അതാണ് നല്ലത്. പോകാത്തപക്ഷം നിന്റെ യക്ഷിപോയ വഴിയേ നിന്നെയും ഞാനയയ്ക്കും" എന്നുപറഞ്ഞു. ഇതുകേട്ടപ്പോൾ ഗന്ധർവ്വനു ഭയവും വ്യസനവും സഹിക്കവഹിയാതെയായിട്ട് "ഇന്നേക്കു പന്ത്രണ്ടാംദിവസം അങ്ങു മൂത്രംമുട്ടി മരിക്കട്ടെ" എന്നു ഭട്ടതിരിയെ ശപിച്ചു. അപ്പോൾ ഭട്ടതിരി വ്യസനത്തോടുകൂടി ശാപമോക്ഷത്തെ അപേക്ഷിക്കുകയും പന്ത്രണ്ടാംദിവസം തിരുവാലൂർ പോയി ദർശനംകഴിച്ചാൽ മരിക്കയില്ലെന്നു ഗന്ധർവ്വൻ ശാപമോക്ഷം കൊടുക്കുകയും ചെയ്തു. പിന്നെയും ഭട്ടതിരിയുടെ നിർബ്ബന്ധംനിമിത്തം ഗന്ധ

Digitised By Kerala Sahitya Akademi

വ്വൻ സത്യംചെയ്ത് അവിടംവിട്ട പോകുകയും ചെയ്തു. ബ്രാഹ്മണപ്രഭുമാരും, ഭട്ടതിരിക്കു വളരെ സമ്മാനങ്ങളും മറ്റും കൊടുത്തു ബഹുമാനിച്ചയച്ചു. താമസിയാതെ പെരുമാളുടെ ഭാര്യ ഗർഭം ധരിക്കുകയും ഒന്നാം അലസാതെ നാലഞ്ചു കുട്ടികൾ ഉണ്ടാവുകയും ചെയ്തു.

ഭട്ടതിരിയുടെ മരണത്തിന്റെ തലേദിവസം തിരുവാലൂർ ഒരു അശരീരിവാക്കു കേൾക്കപ്പെട്ടു. "നാളെ ഇവിടെ ഒരപമൃത്യു സംഭവിക്കും; അതിനാൽ മൂന്നുമുക്കാൽ നാഴികപ്പകലിനുമുമ്പ് അത്താഴപ്പൂജയും കഴിച്ച് എല്ലാവരും പോയ്ക്കൊള്ളുണം" എന്നായിരുന്നു ആ അശരീരിവാക്ക്. മരണദിവസം പകലെ ആയപ്പോഴേക്കും ഭട്ടതിരി തിരുവാലൂരെത്തി. അപ്പോഴെക്കും അദ്ദേഹത്തിനു യാതൊരു ക്ഷീണവും ഉണ്ടായിരുന്നില്ല. അദ്ദേഹം ശുദ്ധം മാറിയായിരുന്നതിനാൽ തിരുവാലൂർ പെരുന്നയുടനെ കുളത്തിലിറങ്ങി കുളിച്ചു. കുളികഴിഞ്ഞു കരയ്ക്കു കേറിയപ്പോൾ മൂത്രമൊഴിക്കണമെന്നു തോന്നി. ഉടനെ അവിടെ അടുക്കൽതന്നെ ഉണ്ടായിരുന്ന മൂത്രക്കുഴിക്കൽ ചെന്നിരുന്നു. അപ്പോൾ മൂത്രം ഒഴിക്കേണ്ടെന്നുതോന്നി. ഉടനെ എണീറ്റ കുളത്തിലിറങ്ങി ശൌചിച്ചു കാലും മുഖവും ശുദ്ധിവരുത്തി കരയ്ക്കു കേറിയപ്പോൾ പിന്നെയും മൂത്രംമുട്ടിത്തുടങ്ങി. പിന്നെയും മൂത്രമൊഴിക്കാൻ ചെന്നിരുന്നു. അപ്പോൾ വേണ്ടെന്നുതോന്നി. ഇങ്ങിനെ സന്ധ്യവരെ അദ്ദേഹം കുളത്തിലിറങ്ങുകയും കേറുകയുമായിട്ടു കഴിച്ചുകൂട്ടി. സന്ധ്യയായപ്പോഴെക്കും അദ്ദേഹം ക്ഷീണിച്ചു കുളപ്പുരയിൽ വീണു. ഉടനെ ചക്രശ്വാസവും വലിച്ചുതുടങ്ങി. അന്നു പ്രദോഷമായിരുന്നതിനാൽ വ്രതക്കാരായിട്ടും മറ്റും അസംഖ്യം ജനങ്ങൾ അവിടെ കൂടിയിരുന്നു. എങ്കിലും അശരീരിവാക്കിൻപ്രകാരം മൂന്നുമുക്കാൽ നാഴികപ്പകലെ അത്താഴപ്പൂജയും കഴിച്ച് എല്ലാവരും പോയി. ഭട്ടതിരി മാത്രം ശ്വാസംവലിച്ചുംകൊണ്ട് അവിടെ കിടന്നു. മൂത്രമുട്ടിയും ചക്രശ്വാസം വലിച്ചും മരണവേദനയോടുകൂടി അദ്ദേഹം കിടന്നു വിഷമിക്കുമ്പോൾ "ഈശ്വരാ! ഗ്രന്ഥത്തിൽ കണ്ടതാണെല്ലൊ ഞാൻ ചെയ്യുത്" എന്നുപറഞ്ഞു എന്നും അപ്പോൾ അതിനു മറുപടിയായിട്ട് "സൂക്ഷ്മകാലടിവേണം ചെയ്യാൻ എന്നു ഗ്രന്ഥത്തിലുണ്ടായിരുന്നുവോ?" എന്നൊരു അശരീരിവാക്കുണ്ടായെന്നും പ്രസിദ്ധമായി കേൾക്കുന്നുണ്ട്. ഇപ്പോഴും അതൊരു പഴഞ്ചൊല്ലുപോലെ ജനങ്ങൾ ഉപയോഗിച്ചുവരുന്നുമുണ്ട്. എന്നാൽ സംഗതിയെന്തെങ്കിലും മറ്റാരുമില്ലാതിരുന്നപ്പോൾ ഉണ്ടായ ഈ വാക്ക് ഇത്ര പ്രസിദ്ധമായിത്തീർന്നതെങ്ങിനെയെന്നു നിശ്ചയമില്ല.

ഏതെങ്കിലും ഭട്ടതിരി ചക്രശ്വാസം വലിച്ചും മൂത്രം മുട്ടിയും അർദ്ധരാത്രിയായപ്പോഴെക്കും അവിടെക്കിടന്നു മരിച്ചു. അതോടെ ചക്രശ്വാസം വലിച്ചു ചുറ്റിത്തിരിഞ്ഞു നിലത്തുനിന്നു മേല്പോട്ടു പൊങ്ങിയശേഷം മരണവേദനയോടുകൂടി ചാടിക്കടിച്ചിട്ടുള്ള പാടുകൾ ഇന്നും തിരുവാലൂർ

Digitised By Kerala Sahitya Akademi

കുട്ടപ്പൂരയുടെ തട്ടിന്റെ തുലാങ്ങളിന്മേലും മറവും കാണുന്നുണ്ട്. തിരുവാലൂർ ക്ഷേത്രം ആലങ്ങാട്ടുതാലൂക്കിലാണ്.

സൂര്യഭട്ടതിരി ജീവിച്ചിരുന്നതു പള്ളിബ്രാണപ്പുത്രരുമാളുടെ കാലത്താണെന്നു കാണുന്നതുകൊണ്ട് ഉദ്ദേശം കലിവർഷം മൂവായിരത്തിനാന്തരിയോടടുത്താണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

സൂര്യഭട്ടതിരിയുടെ കാലം കഴിഞ്ഞതിൽപിന്നെയും ആ ഇല്ലത്തുള്ള ഭട്ടതിരിമാർ വളരെ തപശ്ശക്തിയുള്ളവരും വേദജ്ഞന്മാരും ശാസ്ത്രജ്ഞന്മാരും നല്ല മന്ത്രവാദികളും തന്നെയായിരുന്നു.

ഒരു ദിക്കിൽ ഒരു വലിയ ജന്മിയുടെവക ഒരു തെങ്ങിൻതോട്ടത്തിൽ കാവല്പായിട്ട് ഒരു മൂത്തമോകോൻ (തീയൻ) താമസിച്ചിരുന്നു. ആ തോട്ടത്തിൽ വളരെ തേങ്ങാ വീഴുന്നതുകൊണ്ടു വലിയ വലിയ തേങ്ങാക്കൂട്ടുകാരും വളരെയുണ്ടായിരുന്നു. മിക്ക സമയങ്ങളിലും കൂട്ടുകാരും ഒഴിയാതെ ഉണക്കുതേങ്ങാ കിടക്കുക പതിവാണ്. അവിടെ ഈ മൂത്തമോകോൻ ഒരു മാടം കെട്ടിയുണ്ടാക്കി അതിലാണ് അവന്റെ കിടപ്പു പതിവ്. രാത്രിയിൽ തീയിടാനായിട്ട് ആ മാടത്തിൽ ഒരു വലിയ നെരുപ്പോടുമുണ്ടായിരുന്നു. അവൻ തണുപ്പുള്ള കാലങ്ങളിൽ വരുത്തേങ്ങായെടുത്തു വെട്ടിക്കീറി അതിന്റെ ചകിരിയിട്ടു തീകത്തിക്കുകയും തേങ്ങാ തീയിലിട്ടു ചുട്ടെടുത്തു തിന്നുകയുംചെയ്യുന്നതും കാഞ്ഞുകൊണ്ടിരിക്കുക പതിവാണ്.

ഒരിക്കൽ ഒരു മഞ്ഞുകാലത്തു വെളുപ്പാൻകാലമായപ്പോൾ മൂത്തമോകോനു തണുപ്പു സഹിക്കാൻ പാടില്ലാതെയായിട്ട് എണീറ്റു മുണ്ടുമുറുക്കി തേങ്ങായെടുത്തു വെട്ടിക്കീറി ചകിരിയിട്ടു തീയും കത്തിച്ചു തേങ്ങയും ചുട്ടുതിന്നു തീയും കാഞ്ഞുകൊണ്ടിരുന്നു. അപ്പോൾ ആ മാടത്തിന്റെ മേടയുടെ (തട്ടിനുടെ) ഇടയിൽക്കൂടി ഒരു കൊച്ചുതുമ്പിക്കയ്യു മൂത്തമോകോന്റെ അടുക്കലേക്കു നീട്ടുന്നതു് അവൻ കണ്ടു. ഉടനെ ഒരു തേങ്ങാക്ഷണം അവൻ തുമ്പിക്കയ്യിലേക്കു വെച്ചുകൊടുത്തു. അതു വാങ്ങിതിന്നിട്ടു പിന്നെയും തുമ്പിക്കൈ നീട്ടി. മൂത്തമോകോൻ പിന്നെയും ഒരു കഷ്ണം വെച്ചുകൊടുത്തു. അങ്ങിനെ പലപ്രാവശ്യം കഴിഞ്ഞപ്പോഴേക്കും ചുട്ട തേങ്ങായെല്ലാം അവസാനിച്ചു. നേരും വെളുത്തു. അപ്പോൾ തുമ്പിക്കൈ കാണാതെയുമായി. മൂത്തമോകോനെണീറ്റ് അവന്റെ ജോലിക്കും പോയി.

പിറ്റേദിവസം വെളുപ്പാൻകാലത്തു മൂത്തമോകോൻ പതിവുപോലെ തേങ്ങാ ചുട്ടുതിന്നാനിരുന്നു തുടങ്ങി. അപ്പോൾ തലേദിവസത്തെപ്പോലെ ആ കൊച്ചുതുമ്പിക്കയ്യും കണ്ടുതുടങ്ങി. അന്നും അവൻ ഓരോ കഷ്ണം ആ തുമ്പിക്കയ്യിൽ വെച്ചുകൊടുക്കുകയും ആ കുട്ടിയാന വാങ്ങിതിന്നുകയും ചെയ്തു. അങ്ങിനെ കുറച്ചുദിവസം കഴിഞ്ഞപ്പോഴേക്കും

Digitised By Kerala Sahitya Akademi

ഇതു പതിവായിത്തീർന്നു. എന്നുമാത്രമല്ല; ആ കുട്ടിയാന മൂത്തചോകോ
ന്റെ അടുക്കൽ വന്നുനിന്നു തേങ്ങാ ചോദിച്ചുതിന്നുംതുടങ്ങി. എന്നിങ്ങ
നെ പലപ്രാവശ്യം അങ്ങിനെ ഏതാനും ദിവസം കഴിഞ്ഞശേഷം മൂ
ത്തചോകോനും കുട്ടിയാനയും പരസ്പരം അത്യന്തം സ്നേഹമായിത്തീർന്നു.
ഒരു സമയവും കുട്ടിയാന മൂത്തചോകോനെ പിരിഞ്ഞുപോകാതെയാ
യി. മൂത്തചോകോൻ ഭക്ഷിക്കുന്ന സാധനങ്ങളിലെല്ലാം ഒരു ഭാഗം കുട്ടി
യാനയ്ക്കും കൊടുക്കാതെ അവൻ ഭക്ഷിക്കയുമില്ല. എന്നാൽ കുട്ടിയാന
യ്ക്കു ചുട്ടതേങ്ങാപോലെ പ്രിയമായിട്ടു മറ്റൊന്നുമില്ല. മൂത്തചോകോൻ
ഭിവസംതോറും രണ്ടും മൂന്നും തേങ്ങാവീതം ചുട്ട കുട്ടിയാനയ്ക്കു കൊട്ട
ക്കും. അസംഖ്യം തേങ്ങാ വിഴുന്ന സ്ഥലമായതുകൊണ്ട് ഈ കാര്യം ഉ
ടമസ്ഥർ അറിയുന്നതിനും ചോദ്യപ്പെടുന്നതിനും ഇടയായുമില്ല. മൂത്ത
ചോകോൻ വടല്ലൂടത്തും കൂലിവേലയ്ക്കു പോയാലും കുട്ടിയാന കൂടെയുണ്ടാ
യിരിക്കും. എന്നുംവണ്ണം കുട്ടിയാനയും മൂത്തചോകോനുമായി പിരിഞ്ഞി
ട്ട് ഒരു സമയവുമില്ലെന്നു പറഞ്ഞാൽ മതിയല്ലൊ. എന്നാൽ ഈ കു
ട്ടിയാനയെ ആ മൂത്തചോകോനല്ലാതെ മറ്റാർക്കും കാണ്മാൻ പാടില്ലായി
രുന്നുതാനും.

അങ്ങിനെയിരിക്കുമ്പോൾ ഒരിക്കൽ ഒരു കാലടിയിൽ ഭട്ടതിരി എ
വിടെയോ മന്ത്രവാദത്തിനോ തന്ത്രത്തിനോ മറ്റോ പോയി തിരിച്ചു
വരുമ്പോൾ നാട്ടുവഴി ഈ തോട്ടത്തിനടുക്കൽ കൂടിയായിരുന്നതിനാൽ
അതിലെ വന്നു. അപ്പോൾ അദ്ദേഹം ഈ കുട്ടിയാനയെ കണ്ടു. ഭട്ട
തിരി ഒരു ദിവ്യനായിരുന്നതിനാൽ ഇതു കേവലമൊരു കുട്ടിയാനയല്ലെ
ന്ന് അദ്ദേഹത്തിനു തോന്നുകയാൽ ഇതിനെ വിലയ്ക്കു തരാമോ എന്നു
മൂത്തചോകോനോടു ചോദിച്ചു. മൂത്തചോകോന് ഈ ആനക്കുട്ടിയുടെ
മേൽ വളരെ വാത്സല്യവും കൌതുകവും ഉണ്ടായിരുന്നതിനാൽ "അ
യ്യോ അടിയൻ ഈ ഓറക്കെന്നവനെ (ആ കുട്ടിയാനയ്ക്ക് ഒരു കൊമ്പു
ഉണ്ടായിരുന്നുള്ളൂ) തരികയില്ല" എന്നു പറഞ്ഞു. എങ്കിലും ഭട്ടതിരിയു
ടെ നിർബ്ബന്ധംകൊണ്ടു നിവൃത്തിയില്ലാതെയായതുകൊണ്ടും പറയുന്ന വി
ല കൊടുക്കാമെന്നു അദ്ദേഹം സമ്മതിച്ചതുകൊണ്ടും ഒടുക്കം കൊടുക്കാ
മെന്ന് അവൻ സമ്മതിച്ചു. പിന്നെ ഭട്ടതിരി മൂത്തചോകോൻ പറ
ഞ്ഞതുപോലെയുള്ള സംഖ്യ എണ്ണിക്കൊടുത്തു കുട്ടിയാനയെ വാങ്ങി.
എങ്കിലും കുട്ടിയാന ഭട്ടതിരിയുടെ കൂടെപ്പോകാതെ മൂത്തചോകോന്റെ
അടുക്കൽതന്നെ നിന്നു. പിന്നെ ഭട്ടതിരി മൂത്തചോകോനോട് അവ
ന്റെ നെരിപ്പോടും രണ്ടുമൂന്നു വരട്ടുതേങ്ങയും വിലകൊടുത്തു വാങ്ങി.
ആ തേങ്ങാ തല്ലിപ്പൊട്ടിച്ചു നെരിപ്പോടിലിട്ടു ചുട്ടു. അതിൽനിന്ന് ഒരു
കഷണം തേങ്ങയെടുത്തു നീട്ടിയപ്പോൾ കുട്ടിയാന ഭട്ടതിരിയുടെ അടു
ക്കൽ വന്നു വാങ്ങിച്ചതിനു. പിന്നെ ഭട്ടതിരി ആ നെരിപ്പോടെടു
ത്തുംകൊണ്ടു നടന്നുതുടങ്ങി. കുട്ടിയാന അദ്ദേഹത്തിന്റെ പിന്നാലെ

Digitised By Kerala Sahitya Akademi

യും ചെന്നു. ഇടയ്ക്കിടയ്ക്കു ഭട്ടതിരി ഓരോ കഷണം തേങ്ങയെടുത്തു കുട്ടിയാനയ്ക്കു കൊടുത്തുംകൊണ്ടാണ് നടന്നത. കുട്ടിയാന അതെല്ലാം വാങ്ങിച്ചു തിന്നുംകൊണ്ടു പിന്നാലെതന്നെ ചെല്ലുകയും ചെയ്തു. അങ്ങിനെ ഭട്ടതിരി കുട്ടിയാനയെയുംകൊണ്ടു് ഇല്ലത്തെത്തി.

മൂത്തേടത്തുകോന് ആ കുട്ടിയാനയുടെ സൂക്ഷ്മസ്ഥിതിയൊന്നും മനസ്സിലായില്ല. അതു ഭട്ടതിരിയുടെ പിന്നാലെ പോയതു തേങ്ങയുടെ കൊതികൊണ്ടുമാത്രമാണെന്നേ അവൻ വിചാരിച്ചുള്ളു. ഭട്ടതിരിക്കു് ഈ കുട്ടിയാന സാക്ഷാൽ ഗണപതിയാണെന്നു കണ്ടപ്പോൾതന്നെ മനസ്സിലായി. അദ്ദേഹം തേങ്ങാ വാങ്ങിച്ചു ഗണപതിഹോമം കഴിച്ചു ഗണപതിയെ ആവാഹിച്ചുംകൊണ്ടാണ് പോന്നത്. അതൊന്നും മൂത്തേടത്തുകോൻ അറിഞ്ഞില്ല.

ഭട്ടതിരി ഇല്ലത്തെത്തിയപ്പോഴേക്കും കുട്ടിയാന സാക്ഷാൽ ഗണപതിയുടെ രൂപത്തിൽ അദ്ദേഹത്തിനു പ്രത്യക്ഷമായി. അദ്ദേഹം ആ ഗണപതിയെ തന്റെ മറവുള്ള തേവാരങ്ങളുടെ കൂട്ടത്തിൽ ഇല്ലത്തുതന്നെ പ്രതിഷ്ഠിക്കുകയും ചെയ്തു. അങ്ങിനെയാണ് കാലടിയിൽ ഭട്ടതിരിമാക്കു ഗണപതി പ്രത്യക്ഷദൈവമിത്തീർന്നതു്.

അക്കാലംമുതൽ അവിടെ എല്ലാവരും ഗണപതിയെ വേണ്ടുവണ്ണം സേവിച്ചുകൊണ്ടിരുന്നു. എന്നുമാത്രമല്ല സംവത്സരം കഴിഞ്ഞാൽ പിന്നെ ആ ഇല്ലത്തുള്ള എല്ലാവരും ദിവസവും ഗണപതിഹോമം കഴിക്കണമെന്നും ഇല്ലത്തെ നേവാരവും ഗണപതിഹോമവും ഒരുദിവസവും മുടങ്ങാതെ കഴിക്കുന്നതിലേക്കായി പുരുഷന്മാരിൽ ആരെങ്കിലും ഒരാൾ എന്നും ഇല്ലത്തുണ്ടായിരിക്കണമെന്നും ഏർപ്പാടും ചെയ്തു. ആ ഇല്ലത്തുള്ള എല്ലാവർക്കും ഗണപതി പ്രത്യക്ഷവുമായിത്തീർന്നു. എന്നുമാത്രമല്ല അവർ വിചാരിക്കുന്ന സകല കാര്യങ്ങളും ഗണപതി സാധിച്ചുകൊടുത്തും തുടങ്ങി. അതുകൊണ്ടു അവർക്കു മന്ത്രവാദത്തിൽ മുമ്പിലാരെയുണ്ടായിരുന്ന പ്രസിദ്ധി ശതഗുണീഭവിച്ചു. അപസ്മാരം ബ്രഹ്മരക്ഷസ്സു മുതലായി സകല ബാധോപദ്രവങ്ങളും ഒഴിക്കുന്നതിനു കാലടിയിൽ ഭട്ടതിരിമാക്കു യാതൊരു പ്രയാസവുമില്ലാതെയായിത്തീർന്നു. എന്തെങ്കിലും ഉപദ്രവമുണ്ടായാൽ ജനങ്ങൾ ഭട്ടതിരിയെ സ്വസ്ഥാനത്തു വരുത്തീട്ടോ കാലടിയിൽപോയി ഭജനമിരുന്നിട്ടോ മന്ത്രവാദം ചെയ്യിക്കുന്നതല്ലാതെ മറ്റൊരു മന്ത്രവാദിയെക്കൊണ്ടു മന്ത്രവാദം ചെയ്യിക്കുകയോ മറ്റൊരു സ്ഥലത്തുപോയി ഭജനമിരിക്കുകയോ അക്കാലത്തു പതിവില്ലായിരുന്നു. കാലടിയിൽ ഗണപതിയുടെ മാഹാത്മ്യങ്ങൾ പറഞ്ഞാൽ വളരെയുണ്ടു്. വിസ്തരഭയത്താൽ അവയെല്ലാം ഇവിടെ വിവരിക്കുന്നില്ല. എങ്കിലും ദൃഷ്ടാന്തത്തിനായി ഒന്നുരണ്ടു സംഗതികൾ മാത്രം ഗ്രന്ഥകർത്താവിൽ പറഞ്ഞു കൊള്ളിക്കുന്നു.

Digitised By Kerala Sahitya Akademi

തിരുവിതാംകൂർ സംസ്ഥാനത്തെ [illegible] താലൂക്കിൽ കാടമുറി
ഗ്രാമത്തി [illegible] ന്ത്രവാദിയെന്നുമാത്രം അ
ത് [illegible] ളുന്നും പ്രസിദ്ധമാണ
[illegible] പ്രത്യക്ഷമായി കാണാ
[illegible] ടെ ആജ്ഞയെ അനുസ
[illegible] സ്ഥലങ്ങളിൽപോയി ചാത്തന്റെ
[illegible] ഞ്ഞാണ്മപ്പാറയിൽ ഒഴിച്ചാൽ ഒഴിയാത്ത
[illegible] ല്ലുനാട്ടുള്ളതു പ്രസിദ്ധമാണ്. ആവശ്യ
[illegible] രൽക്കാലം പോകുന്നതിനു സൌകര്യമി
ല്ലെങ്കിൽ കുഞ്ഞാണ്മപ്പാറയിൽ അവധിവെച്ച് എടുത്തുകൊടുത്തു തൽ
ക്കാലം [illegible] ചാത്തന്മാരെ ഒഴിച്ചുനിർത്തുക ഇന്നും പരിചുള്ളതാണ്.
'ഇവനുസം ഇത്രാം തീയതി നാമ്പിടെ വരുന്നതാണ്. അതുവരെ
നിങ്ങൾ ഇന്ന ഗൃഹത്തിൽ യാതൊരുപദ്രവവും ചെയ്യുപോകരുത്. ഇതു
നമ്മുടെ കുട്ടിച്ചാത്തന്മാർ ഗ്രഹിപ്പാൻ കുഞ്ഞാണ്മപ്പാറയിൽ ഇന്നാര്'' ഇ
പ്രകാരമാണ് അവർ എഴുത്തുകൊടുത്തയയ്ക്കുന്നത്. ഇപ്രകാരം കുഞ്ഞാ
ണ്മപ്പാറയുടെ എഴുത്തു വാങ്ങിക്കൊണ്ടുപോയി ചാത്തന്റെ ഉപദ്ര
വമുള്ള ഗൃഹത്തിൽ വായിച്ചാൽ ആ അവധി കഴിയുന്നതുവരെ ആ ഗൃ
ഹത്തിൽ യാതൊരുപദ്രവവുമുണ്ടാവുകയില്ലെന്നുള്ളതു തീച്ചയായിട്ടുള്ളതും
ഇന്നും കണ്ടുവരുന്നതുമാണ്.

ചാത്തന്മാരേ സേവിച്ചു പ്രത്യക്ഷമാക്കിയ കുഞ്ഞാണ്മപ്പാറയും ഗ
ണപതിയേ പ്രത്യക്ഷമാക്കിയിരുന്ന കാലടിയിൽ ഭട്ടതിരിയും ഒരുകാലത്തു
ജീവിച്ചിരുന്നവരാണ്.

മുമ്പൊരിക്കൽ ഒരു കുഞ്ഞാണ്മപ്പാറ കാലടിയിൽ ഭട്ടതിരിയെ കാ
ണാറായി ചെന്നിരുന്നു. പാറ പരിചെട്ടു രണ്ടുവെച്ചു ഒരു ബോട്ടിലാ
ണ് ചെന്നിരുന്നതു്. ഭട്ടതിരിയുടെ ഇല്ലം പുഴവക്കത്താകയാൽ ബോട്ട്
ആ കടവിൽതന്നെ ചെന്നടുത്തു. ഉടനേ പാറ കരയ്ക്കിറങ്ങി ഇല്ല
ത്തേക്കു ചെന്നു. അപ്പോൾ സന്ധ്യാസമയമായിരുന്നതുകൊണ്ടു ഗൃഹ
സ്ഥനായ ഭട്ടതിരി ജപിച്ചുകൊണ്ടിരിക്കുകയായിരുന്നു. പാറ മുറ്റത്തു
ചെന്നപ്പോൾ ഭട്ടതിരി പുറത്തേക്കു വന്നു "വേഗം കുളികഴിഞ്ഞു വരാം"
എന്നു പറഞ്ഞു പാറയേ കുളിക്കാനയച്ചിട്ട് അകത്തേക്കു തന്നെ പോ
യി. പാറ ബോട്ടിലാണ് വന്നതെന്നു മനസ്സിലാവുകയാൽ പാറ
ക്കും ബോട്ടുകാക്കും വേഗത്തിൽ അത്താഴം കാലമാക്കണമെന്നു ഭട്ടതിരി
ശട്ടംകെട്ടി. ഭട്ടതിരി അന്തിമുടിച്ചുകഴിഞ്ഞപ്പോഴേക്കും പാറയും കുളിക
ഴിഞ്ഞു വന്നു. പിന്നെ ഭട്ടതിരിയും പാറയുംകൂടി പുറത്തളത്തിലിരുന്നു
രണ്ടുപേരുടേയും ജപങ്ങളും മറ്റും കഴിച്ചു കുറച്ചുനേരം കുശലപ്രശ്നവും
ചെയ്തുകൊണ്ട് അങ്ങിനെയിരുന്നു. അപ്പോഴേക്കും അത്താഴം കാലമാവു
കയാൽ രണ്ടുപേരും ഊണുകഴിച്ചു. അവർ ഊണുകഴിഞ്ഞു പിന്നെയും കു

Digitised By Kerala Sahitya Akademi

റത്തളത്തിൽ വന്നു വെടിയും പറഞ്ഞങ്ങിനെ ഇരിക്കുന്ന മദ്ധ്യേ ഭട്ടതിരി മടപ്പള്ളിക്കാരേ വിളിച്ചു, പോറ്റിയുടെ ബോട്ടുകാക്കുടെ വേഗത്തിൽ ചോറുകൊടുക്കാൻ ശട്ടംകെട്ടി. അപ്പോൾ പോറ്റി "അതൊന്നും വേണ്ട. നമ്മുടെ ബോട്ടുകാക്കു ഭക്ഷണം ഞാൻതന്നെ കൊടുത്തുകൊള്ളാം. മറ്റാരും കൊടുത്താൽ അവക്കു തൃപ്തിയാവുകയില്ല" എന്നുപറഞ്ഞു. ഉടനേ ഭട്ടതിരി "എന്നാൽ അങ്ങോട്ടുചെന്നു വിളമ്പികൊടുത്തേക്കണം; നമുക്കങ്ങോട്ടു പോകാം; ഞാൻ കൂടി വരാം" എന്നു പറഞ്ഞു. അപ്പോൾ പോറ്റി "അതും വേണ്ട. ഞാനവക്ക് അത്താഴം കൊടുത്തു. അവർ പോവുകയും ചെയ്തു. ഇനിയിപ്പോൾ അതിനായിട്ടസാഹിക്കണമെന്നില്ല" എന്നു പറഞ്ഞു. ഇതുയും കേട്ടപ്പോൾ ഭട്ടതിരിക്കു കായ്മ്മ മനസ്സിലായി. "ബോട്ടുകാരൊക്കെ ചാത്തന്മാരായിരിക്കും, അല്ലേ" എന്നു ഭട്ടതിരി ചോദിച്ചു. "അതെ, ഒരു മൃത്തിനെ സേവിക്കയെന്നുവെച്ചാൽ ചാത്തനെത്തന്നെ സേവിക്കണം. എങ്കിലെ എല്ലാത്തിനും ഉപയോഗപ്പെടൂ" എന്നു പോറ്റി പറഞ്ഞു. വെറുതെ പത്തിരുപതുപേക്കുടെ രാത്രികാലത്ത് അരിവെക്കുന്നതിനിടയാക്കുകയും പോറ്റി ഇപ്രകാരം പറകയും ചെയ്യുന്നതു തന്നെ അവമാനിക്കുകയായിരുന്നു എന്നും ഗണപതിയെ സേവിച്ചാൽ എല്ലാത്തിനും ഉപയോഗപ്പെടുകയില്ലെന്നാണ് പോറ്റിയുടെ വാക്കിന്റെ സാരമെന്നും മനസ്സിലാവുകയാൽ ഭട്ടതിരിയുടെ മനസ്സിൽ അല്പം വല്ലായ്മയുണ്ടായി. എങ്കിലും അതൊന്നും പുറത്തു കാണിക്കാതെ ചിരിച്ചുകൊണ്ട് "അതു ശരിയാണ്" എന്നു സമ്മതിച്ചു പറഞ്ഞു പിന്നെയും രണ്ടുപേരും കൂടി വളരെ നേരം സംഭാഷണം ചെയ്തുകൊണ്ടിരുന്നശേഷം പോറ്റിക്കു കിടക്കുന്നതിനെല്ലാം തയാറാക്കിക്കൊടുപ്പിച്ചിട്ടു ഭട്ടതിരി അകത്തേക്കു പോയി രണ്ടുപേരും കിടന്നുറങ്ങുകയും ചെയ്തു.

വെളുപ്പാൻകാലത്തു രണ്ടുപേരും ഉണർന്നെണീറ്റു പുറത്തളത്തിൽ വന്നു. പോറ്റി അപ്പോൾതന്നെ യാത്രയും പറഞ്ഞു ബോട്ടുകേറാൻ പോയി. ഭട്ടതിരി കുളിക്കാനും പോയി പോറ്റി കടവിൽ ചെന്നു നോക്കിയപ്പോൾ ബോട്ടവിടെ കാണാനില്ലായിരുന്നു. ബോട്ടു കള്ളന്മാർ വല്ലവരും മോഷ്ടിച്ചുകൊണ്ടു പോയതായിരിക്കുമെന്നു വിചാരിച്ചു പോറ്റിക്കു വളരെ വ്യസനമായിത്തീർന്നു. ബോട്ടു പൂട്ടിയിരുന്ന താഴും തുടലും ഒന്നും കാണാനില്ലായിരുന്നു. ഉടനേ പോറ്റി പരിഭ്രമിച്ചു ഭട്ടതിരി കുളിക്കുന്നിടത്തു ചെന്നു വിവരം പറഞ്ഞു. അപ്പോൾ ഭട്ടതിരി "ഇവിടെനിന്ന് ഒരു സാമാനവും കള്ളന്മാർ കൊണ്ടുപോകാറില്ല. ഇതും കള്ളന്മാർ കൊണ്ടുപോയതാണെന്നു തോന്നുന്നില്ല. ഇവിടെ ഒരാറാക്കൊമ്പനുണ്ട്. ഇതു് അയാളുടെ നേരമ്പോക്കായിരിക്കണം. ഏതായാലും പരിഭ്രമിക്കേണ്ട. വിവരമറിയുണ്ടാകും" എന്നു പറഞ്ഞു. പിന്നെ ഭട്ടതിരി അവിടെ വിറകുകൊണ്ടു മേല്പട്ടു നോക്കിയപ്പോൾ ബോട്ട് ആ കട

Digitised By Kerala Sahitya Akademi

വിൽ നിൽക്കുന്ന ആലിന്റെ മുകളിൽ ഇരിക്കുന്നതു കണ്ടു. ഉടനേ പോ
റിയോടു "എന്നെ കൊട്ടംകൊണ്ടു തല്ലിട്ടു പോക്കു" എന്നു ഭട്ടതിരി പ
റയുകയും പോറ്റി അപ്രകാരം നോക്കുകയും ചെയ്തു. അപ്പോൾ ആലി
ന്റെ മുകളിൽ ഒരു കൊമ്പത്തു ബോട്ടു കേറി ചെച്ചു, തുമ്പിക്കൈകൊ
ണ്ടു താങ്ങിപ്പിടിച്ചുംകൊണ്ടു ഗണപതി ഇരിക്കുന്നതു പോറ്റിയും കണ്ടു.
ഇതു താൻ തലേദിവസം പറഞ്ഞതിനു തന്നെ അബദ്ധനാക്കാനായിട്ട
ള്ള വിദ്യയാണെന്നു പോറ്റിക്കു മനസ്സിലാവുകയാൽ പോറ്റി ഭട്ടതിരി
യോടു മാറ്റുമാദിച്ചു. ഉടനേ ഭട്ടതിരി ഗണപതിയോടു "അതിങ്ങു
കൊടുത്തുക്കു; അദ്ദേഹത്തിനു പോകാൻ വൈകിയെന്നു പറയുന്നു.
പെരുതെ ബുദ്ധിമുട്ടിക്കേണ്ട" എന്നു പറഞ്ഞു. അപ്പോൾ ഗണപതി
അവിടെയിരുന്നുംകൊണ്ടു ബോട്ടെടുത്തു പുഴയിലേക്കു ഇട്ടുകൊടുത്തു.
ആലിന്റെ മുകളിൽനിന്നു ബോട്ടു വെള്ളത്തിൽ വന്നു വീഴുന്നതു കണ്ട
പ്പോൾ ബോട്ടു പൊട്ടിപ്പോയിയെന്നു പോറ്റിക്കുതോന്നി. എങ്കിലും അ
തിനു യാതൊരു കേടും സംഭവിച്ചില്ല. പോറ്റിക്കു വളരെ ബഹുമാനവും
അത്ഭുതവുമുണ്ടായി. ബോട്ടു കിട്ടി എങ്കിലും ബോട്ടുകാരില്ലാതെ പോറ്റി
പിന്നെയും വിഷണ്ണനായിത്തീർന്നു. ഗണപതിയെപ്പേടിച്ചു ബ്രാഹ്മണാ
രും അടുത്തുവരികയില്ല. അതു ഭട്ടതിരിയോടു പറയാൻ പോറ്റിക്കു വ
ളരെ ലജ്ജയും മടിയും തോന്നുകയാൽ ഒന്നുമിണ്ടാതെ കുറച്ചുനേരം അ
ങ്ങിനെ പരുങ്ങലായിട്ടു നിന്നു. ഒടുക്കം നിവൃത്തിയില്ലെന്നു തോന്നുക
യാൽ ആ വിവരവും പോറ്റി ഭട്ടതിരിയോടു പറഞ്ഞു. പിന്നെ ഭട്ടതി
രി "ഭയപ്പെടേണ്ട, അവർ വന്നോട്ടെ; അയാളൊന്നും ഉപദ്രവിക്കാതെ
ഞാൻ നോക്കിക്കൊള്ളാം" എന്നു പറഞ്ഞു. പിന്നെ ബ്രാഹ്മണർ വ
ന്നു ബോട്ടിൽ കയറി. പോറ്റി വഴിപാട്ടിനു പണവും കൊടുത്തു ഗണ
പതിയെ തൊഴുതുംവെച്ചു പോകുകയും ചെയ്തു.

പിന്നെ ഒരിക്കൽ ഒരു കാലടിയിൽ ഭട്ടതിരി കോഴിക്കോട്ടുതാനത്തി
നായിട്ടു പോയിരുന്നു. അവിടെ കൌണാറിനു വടക്കേക്കരെവരെയു
ള്ളവക്കല്ലാതെ താനം പതിവില്ല. കാലടിയിൽ ഭട്ടതിരിയുടെ ഇല്ലം അ
ന്നു കൌണാറിനു തെക്കേക്കരെ ആയിരുന്നതുകൊണ്ടു് അവിടെച്ചെ
ന്നപ്പോൾ അദ്ദേഹത്തിനു താനം ചാർത്തുകയില്ലെന്നു വഴക്കായി. അ
പ്പോൾ താനത്തിനായിട്ടു് അത്രത്തോളം ചെന്നിട്ടു വെറുതെ പോരുന്ന
തു തനിക്കവമാനമാണല്ലോ എന്നു വിചാരിച്ചു ഭട്ടതിരി "എന്റെ ഇല്ലം
കൌണാറിനു വടക്കേക്കരെയാണു്" എന്നു പറഞ്ഞു. ഇല്ലം വാസ്തവ
ത്തിൽ തെക്കേക്കരെയാണെന്നു നല്ല നിശ്ചയമുള്ളവർ അവിടെ പലരു
മുണ്ടായിരുന്നു. അവരെല്ലാവരും ഭട്ടതിരിയുടെ ഇല്ലം തെക്കേക്കരെയാ
ണെന്നു പറഞ്ഞു. ആരു പറഞ്ഞാലും ഭട്ടതിരി സമ്മതിക്കയില്ല. അ
ദ്ദേഹം പിന്നെയും "എന്റെ ഇല്ലം വടക്കേക്കരെയാണു്" എന്നു പറ
യും. ഇങ്ങിനെ വഴക്കു കലശലായി. അപ്പോൾ ഈ വിവരം താമൂതി

Digitised By Kerala Sahitya Akademi

രിപ്പാട്ട തിരുമനസ്സുകൊണ്ടു കേട്ടു. അവിടുന്നു ഒട്ടുക്കും ഒരു തീച്ചു നിശ്ച യിച്ചു. എങ്ങിനെയെന്നാൽ "തൽകാലം ഭട്ടതിരിയെക്കൂടെ താനും ചാത്തുകയും കിഴി കൊടുക്കുകയും ചെയ്കയും ഇവിടെനിന്നും ഒരാളെ അയച്ചു, ഭട്ടതിരിയുടെ ഇല്ലം തെക്കേക്കരെയോ വടക്കേക്കരെയോ എന്നു നോക്കിത്തിട്ടം വരുത്തുകയും പോകുന്നയാൾ തിരിച്ചു വരുന്നതുവരെ ഭട്ടതിരിയെ ഇവിടെ താമസിപ്പിക്കുകയും ഭട്ടതിരി സത്യമാണ് പറഞ്ഞതെങ്കിൽ അദ്ദേഹത്തെ സബഹുമാനം വിട്ടയയ്ക്കുകയും വ്യാജമാണെങ്കിൽ കിഴി തിരിയെ വെപ്പിക്കുകയും യഥായോഗ്യം ശിക്ഷിക്കുകയും വേണ്ടതാണ്" എന്നായിരുന്നു കല്പന. ആ കല്പനയെ ഭട്ടതിരിയും മറ്റല്ലാവരും സമ്മതിക്കുകയും ഭട്ടതിരിയെക്കൂടെ താനും ചാത്തുകയും ചെയ്തു. കല്പനപ്രകാരം കോഴിക്കോട്ടുനിന്ന് അയച്ചയാൾ വന്നുനോക്കിയപ്പോൾ ഭട്ടതിരിയുടെ ഇല്ലം വടക്കേക്കരെ ഇരിക്കുന്നതും കൌണാവു തെക്കുവു കര പ്രവഹിക്കുന്നതും കണ്ടു. ആ വിവരം അവിടെച്ചെന്നു തിരുമനസ്സറിയിച്ചു. ഉടനെ താമൂതിരിപ്പാടുതന്നെ തിരുമനസ്സുകൊണ്ടു ഭട്ടതിരിയെ തിരുമുമ്പാകെ വരുത്തി വളരെ സമ്മാനങ്ങളും കൊടുത്തു ബഹുമാനിച്ചയയ്ക്കുകയും ചെയ്തു. വാസ്തുവത്തിൽ ഭട്ടതിരിയുടെ ഇല്ലം മുമ്പു കൌണാറിന്റെ തെക്കേക്കരെത്തന്നെയായിരുന്നു. ഈ രക്കുണ്ടായപ്പോൾ ഭട്ടതിരിക്ക് അവമാനം വരുത്തല്ലോ എന്നു വിചാരിച്ചു ഗണപതി തന്നെ ഒറാക്കൊന്നുകൊണ്ടു കുത്തി ആ ആറിനെത്തിരിച്ചു ഭട്ടതിരിയുടെ ഇല്ലത്തിനു തെക്കുവുറെ ആക്കിവിടുകയായിരുന്നു. ആറു പണ്ടു ഭട്ടതിരിയുടെ ഇല്ലത്തിനു വടക്കുവുറെ ആയിരുന്നു എന്നുള്ളതു ഇപ്പോഴും അവിടെച്ചെന്നു നോക്കിയാൽ ആ സ്ഥലത്തിന്റെ കിടപ്പുകൊണ്ട് അറിയാവുന്നതാണ്.

കാലടിയിൽ ഭട്ടതിരിക്കു പ്രത്യക്ഷമായിരുന്ന ഗണപതി പിന്നെ അങ്ങിനെയല്ലാതെ ആയതിന്റെ കാരണംകൂടി പറയാതെ ഈ ഉപന്യാസം ഉപസംഹരിക്കുന്നതു വിഹിതമല്ലെന്നു വിചാരിച്ച് അതുകൂടി പ്രസ്താവിച്ചുകൊള്ളുന്നു. ഒരിക്കൽ ഒരു കപ്പൽക്കച്ചവടക്കാരൻ വില പിടിച്ച പലവയായ അനേകം സാമാനങ്ങൾ കേറിക്കൊണ്ടു വടക്കുനിന്നു തെക്കോട്ടു കൊണ്ടുപോയ ഒരു കപ്പൽ സമുദ്രത്തിൽ താണുപോയി. കപ്പലിലുണ്ടായിരുന്നവർ മിക്കപേരും ഒരുവിധം മരിക്കാതെ കരയ്ക്കു കയറി. കപ്പലിന്റെ ഉടമസ്ഥനും മരിച്ചില്ല. കപ്പൽമുങ്ങിയതുകൊണ്ടു വളരെ നഷ്ടമുള്ളതിനാൽ കപ്പലിന്റെ ഉടമസ്ഥൻ വ്യസനിച്ചുകൊണ്ടു നടക്കുമ്പോൾ കാലടിയിൽ ഭട്ടതിരിക്കു ഗണപതി പ്രത്യക്ഷമാണെന്നും അവിടെച്ചെന്നു പറഞ്ഞാൽ ഇതിനെന്തെങ്കിലും നിവൃത്തിയുണ്ടാകുമെന്നും ആരോ അവനോടു പറഞ്ഞു. ഉടനേ ആ കപ്പൽക്കച്ചവടക്കാരൻ കാലടിയിലെത്തി ഭട്ടതിരിയെക്കണ്ടു വിവരമെല്ലാം പറയുകയും സാമാനങ്ങൾക്കൊ

Digitised By Kerala Sahitya Akademi

ന്നും നഷ്ടവും കപ്പലിനു കേടും കൂടാതെ കപ്പൽ ഉയർത്തിക്കൊടുത്താൽ കപ്പലിലുള്ള സാമാനത്തിന്റെ പകുതി വില ഭട്ടതിരിക്കു കൊടുത്തക്കാമെന്നു സമ്മതിക്കുകയും ചെയ്തു. ഉടനെ ഭട്ടതിരി കപ്പൽ ഉയർത്തിച്ചു കൊണ്ടുകൊള്ളാമെന്നു സമ്മതിച്ചു. പിന്നെ ഗണപതിയുടെ അടുക്കൽചെന്ന് ഈ വിവരം പറഞ്ഞു. അപ്പോൾ ഗണപതി "ഇങ്ങിനെയുള്ള കാര്യങ്ങളൊക്കെയും നിസ്സാരപ്രയാസമാണ്" എന്നുപറഞ്ഞു. അപ്പോൾ ഭട്ടതിരി "ഈ കാര്യം സാധിച്ചുകൊടുക്കാമെന്നു ഞാൻ വിചാരപറഞ്ഞു പോയതാണ്. ഇത് എങ്ങിനെയും നിർവ്വഹിച്ചുതരണ"മെന്നു നിർബ്ബന്ധിച്ചു പറഞ്ഞു. ഉടനെ ഗണപതി പോയി സമുദ്രത്തിൽമുങ്ങി കപ്പൽ തന്റെ ഒറ്റക്കൊമ്പുകൊണ്ട് ഉയർത്തിക്കൊടുക്കുകയും കപ്പൽപടക്കാർ പറഞ്ഞിരുന്നതുപോലെയുള്ള ദ്രവ്യം ഭട്ടതിരിക്കു കൊടുക്കുകയും ചെയ്തു. അതിന്റെ ശേഷം ഗണപതി ഭട്ടതിരിയോടു "നിങ്ങൾക്കു ദ്രവ്യമതിയെന്നുള്ള അത്യാഗ്രഹംകൊണ്ട് ഇന്നതു പറയുവാൻ എന്നില്ലാതെയായിരിക്കുന്നു. അതു ഞാൻ നിങ്ങൾ പറയുന്നതുപോലെയെല്ലാം ചെയ്തുകൊണ്ടു പ്രത്യക്ഷമായിട്ടിരുന്നിട്ടുണ്ടായിട്ടുള്ള അഹമ്മതി നിമിത്തമാണ്. അതിനാൽ ഇനി നിങ്ങൾ എന്നെ പ്രത്യക്ഷമായി കാണുകയില്ല. എങ്കിലും നിങ്ങൾ എന്നെ വളരെ സേവിച്ചിട്ടുള്ളതുകൊണ്ട് ഇനിയും നിങ്ങൾ വിചാരിക്കുന്ന കാര്യങ്ങളെല്ലാം ഞാൻ സാധിപ്പിച്ചു തന്നുകൊള്ളാം. ദുസ്സാധമായിട്ടുള്ള കാര്യങ്ങൾ അന്യന്മാർക്കു സാധിച്ചുകൊടുക്കുന്നതിനായിട്ടും അത്യാഗ്രഹം നിമിത്തവും യാതൊന്നും എന്നോടുപേക്ഷിക്കരുതരുത്" എന്നു പറഞ്ഞിട്ടു മറയുകയും ചെയ്തു. അതിൽ പിന്നെ ആ ഇല്ലത്തുള്ളവർ ഗണപതിയെ പ്രത്യക്ഷമായി കണ്ടിട്ടില്ല. എങ്കിലും അവർ വിചാരിക്കുന്ന കാര്യമെല്ലാം സാധിച്ചുകൊണ്ടു തന്നെ ഇരുന്നു. കാലക്രമേണ ആ ഇല്ലത്തുള്ളവർക്കു മുമ്പുണ്ടായിരുന്നവരെപ്പോലെയുള്ള തപശ്ശക്തിയും ഗണപതിയെക്കുറിച്ചുള്ള ഭക്തിയും സേവയും കുറഞ്ഞുതുടങ്ങി. അപ്പോൾ കാര്യസിദ്ധികളും അങ്ങിനെതന്നെയായിത്തീർന്നു. എങ്കിലും കാലടിയിൽ ഗണപതിയുടെ ശക്തിയും മാഹാത്മ്യവും ഇന്നും അശേഷം നശിച്ചിട്ടില്ലായെന്നായി എന്നു പറഞ്ഞുകൂടാ. അപ്രകാരംതന്നെ കാലടിയിൽ തന്ത്രിമാരുടെ മന്ത്രവാദവും മറവുള്ള പാരമ്പര്യക്കാരായ മന്ത്രവാദികളുടെ മന്ത്രവാദങ്ങളെക്കാൾ ഇപ്പോഴും വലിച്ചു കാണുന്നുണ്ട്. കലിയുഗം മൂത്തിരിക്കുന്ന ഇക്കാലത്തു മുൻകാലങ്ങളിലെപ്പോലെ ദൃഷ്ടാന്തങ്ങൾ കാണാൻ പ്രയാസമുണ്ടായിട്ടില്ല.

൬൭. വെണ്മണിനാംപൂരിപ്പാടന്മാർ.

വെണ്മണിനാമ്പൂരിപ്പാട്ടിലെ ഇല്ലം കൊച്ചിരാജ്യത്തു "വെള്ളാരപ്പള്ളി" എന്ന ദേശത്താണ്. ആ ഇല്ലത്തു ഒരു കാലത്തു [illegible]

Digitised By Kerala Sahitya Akademi

നിട്ട് ഒരു ബ്രാഹ്മണകുമാരൻ ഉണ്ടായിത്തീർന്നു. അദ്ദേഹത്തെ അദ്ദേഹത്തിന്റെ അച്ഛൻ യഥാകാലം ഉപനയനം, സമാവർത്തനം മുതലായവ കഴിച്ച വേദാദ്ധ്യയനത്തിനായി തൃശ്ശിവപേരൂർ ബ്രഹ്മസ്വംമഠത്തിൽ കൊണ്ടുചെന്നാക്കി. അദ്ദേഹം വേദാദ്ധ്യയനം ചെയ്തു തൃശ്ശിവപേരൂർ താമസിച്ചിരുന്നതു സഹപാഠികളുടെ പരിഹാസപാത്രമായിട്ടാണ്. ഇദ്ദേഹം ഒരു ഭോഷനും സാധുവുമായിരുന്നതിനാൽ ദുസ്സാമർത്ഥ്യക്കാരായ ഉണ്ണിനമ്പൂരിമാർ ഇദ്ദേഹത്തെ പല വിധത്തിൽ ഭോഷങ്കുളിപ്പിക്കുകയും പരിഹസിക്കുകയും ഉപദ്രവിക്കുകയും പല അപകടങ്ങളിൽ അകപ്പെട്ടുത്തി ബുദ്ധിമുട്ടിക്കുകയും മറ്റും ചെയ്തുകൊണ്ടിരുന്നു.

അക്കാലത്തു തൃശ്ശിവപേരൂർ വടക്കുന്നാഥക്ഷേത്രത്തിൽ ശ്രീകോവിലിന്റെ ഭിത്തിയിൽ ഒരു ചിത്രമെഴുത്തുകാരൻ ഒരു യക്ഷിയുടെ രൂപം എഴുതുകയും ആ ചിത്രം സകലലക്ഷണങ്ങളും തികഞ്ഞതായിത്തീരുകയാൽ അവിടെ ഒരു യക്ഷിയുടെ സാന്നിദ്ധ്യമുണ്ടാകുകയും ചെയ്തിരുന്നു. ആ യക്ഷി രാത്രികാലങ്ങളിൽ സഞ്ചാരശയനത്തിനായി ആ ദിക്കിലുള്ള യൌവനയുക്തന്മാരായ പുരുഷന്മാരുടെ അടുക്കൽ ചെല്ലുകയും അങ്ങിനെ പലരെ ഉപദ്രവിക്കുകയും പതിവായിരുന്നു. അക്കാലത്ത് ആ ദിക്കിൽ യക്ഷിയാൽ ബാധിതരായി, ആ ദിവ്യരതിക്രീഡയേ അനുഭവിക്കാൻ തരമകന്മാരായ പലർ പിറോദിവസത്തേക്കു മരിച്ചുപോവുകയും ചിലർ എഴുനീക്കുവാൻ പാടില്ലാത്തവണ്ണം ക്ഷീണിച്ച് അവശന്മാരായിത്തീരുകയും നല്ലപോലെ ദേഹബലവും മെയ്മുറുമുള്ള ചിലർ മാത്രം അപകടമൊന്നും കൂടാതെ സുഖമനുഭവിക്കുകയും ചെയ്തുകൊണ്ടിരുന്നു. യക്ഷി ആരെയാണ് പിടിക്കുന്നതെന്നു നിശ്ചയമില്ലായിരുന്നതിനാൽ അക്കാലത്ത് ആ ദിക്കിലുള്ള പുരുഷന്മാരെല്ലാം വളരെ ഭയപ്പെട്ടാണ് രാത്രികാലങ്ങൾ കഴിച്ചുകൂട്ടിക്കൊണ്ടിരുന്നത്. മെല്ലാറഞ്ഞ ചിത്രത്തിന്റെ അടുക്കൽ പുരുഷന്മാരാരെങ്കിലും ചെന്ന് "ഇന്നു രാത്രിയിൽ എന്റെ അടുക്കൽ വരണം" എന്നു പറഞ്ഞാൽ അന്നു രാത്രിയിൽ ആ യക്ഷി ആ പുരുഷന്റെ അടുക്കലെത്തുന്നതാണ്. ആ യക്ഷിക്ക് അങ്ങിനെ ഒരു വിശേഷം കൂടിയുണ്ടായിരുന്നു.

ഇങ്ങിനെയിരിക്കുന്ന കാലത്ത് ഒരു ദിവസം വൈകുന്നേരം ചില ഉണ്ണിനമ്പൂരിമാരും ചേരണമന്നിനമ്പൂരിപ്പാടും കൂടി വടക്കുന്നാഥക്ഷേത്രത്തിൽ പോകാനായിട്ടു പോയി. അവിടെച്ചെന്നു യഥാക്രമം ഓരോ ദേവന്മാരെ തൊഴുതുകഴിഞ്ഞ് ആ യക്ഷിയുടെ ചിത്രത്തിന്റെ അടുക്കൽച്ചെന്നപ്പോൾ ഉണ്ണിനമ്പൂരിമാരെല്ലാവരും കൂടി പറഞ്ഞിട്ടുകൊണ്ട് ചേരണമന്നിനമ്പൂരിപ്പാടിനെ കൊണ്ട് ആ യക്ഷിയുടെ അടുക്കൽ "ഇന്നു രാത്രിയിൽ എന്റെ അടുക്കൽ വരണം" എന്നു പറയിച്ചു. എല്ലാവരുംകൂടി അങ്ങിനെ പറയണമെന്നു നിർബ്ബന്ധിച്ചതുകൊണ്ട് അങ്ങിനെ പറഞ്ഞു എന്നല്ലാതെ അങ്ങിനെ പറയുന്നതു് എന്തിനായിട്ടാണെന്നും അങ്ങി

Digitised By Kerala Sahitya Akademi

നെ പറഞ്ഞതുകൊണ്ടാകുന്ന ഫലമെന്താണെന്നും ഒന്നും അദ്ദേഹത്തിന് അറിവില്ലായിരുന്നു. തൊഴുക കഴിഞ്ഞ്. എല്ലാവരും കൂടി ബ്രഹ്മസ്വം മഠത്തിലേക്കു പോയി, സന്ധ്യാവന്ദനാദികളും അത്താഴവും കഴിഞ്ഞു പതിവുപോലെ എല്ലാവരും അവരവരുടെ കിടപ്പുസ്ഥലത്തു ചെന്നു കിടക്കുകയും ചെയ്തു. എല്ലാവരും ഉറക്കമായപ്പോൾ യക്ഷി ആ മഹൻനമ്പൂരിപ്പാട്ടിലെ അടുക്കൽ എത്തി. യക്ഷി ചെന്നു തൊട്ട ഉടനെ അദ്ദേഹം ഉണർന്നു. പിന്നെ അവർ യഥേഷ്ടം സുഖാനുഭൂതിയോടുകൂടി സംശയനം ചെയ്തു. ആ ദിവസംവരെ ബ്രഹ്മചര്യത്തോടുകൂടിയും സ്ത്രീസുഖമറിയാതെയും ഇരുന്നിരുന്ന നമ്പൂരിപ്പാട്ടിലേക്ക് ഈ യക്ഷിയുടെ സഹശയനം പരമാനന്ദകരമായി ഭവിച്ചു. അപ്രകാരം തന്നെ യക്ഷിക്കും അദ്ദേഹത്തിന്റെ സഹശയനം ഏറ്റവും തൃപ്തികരവും സന്തോഷാവഹവുമായിത്തീർന്നു. ആ യക്ഷിക്ക് അന്നുത്തപ്പോലെ ഒരു സുഖവും തൃപ്തിയും അതിനുമുമ്പ് ഒരിക്കലും ഉണ്ടായതായി തോന്നില്ല. സുഖാനുഭവങ്ങളെല്ലാം കഴിഞ്ഞ് അന്ത്യയാമം ആകാറായപ്പോൾ യക്ഷി, "എനിക്ക് ഇനി ഇവിടെ താമസിക്കാൻ പാടില്ല. മനുഷ്യസഞ്ചാരം തുടങ്ങുന്നതിനു മുമ്പ് എനിക്കു സ്വസ്ഥാനത്ത് എത്തണം. അതിനാൽ ഇപ്പോൾ ഞാൻ പോകുന്നു" എന്നു പറഞ്ഞു. ഉടനേ നമ്പൂരിപ്പാട് "ഇന്നു രാത്രിയിലും വരാമോ?" എന്നു ചോദിച്ചു. അപ്പോൾ യക്ഷി "അതിനെക്കുറിച്ച് അങ്ങിനെ ആഗ്രഹം എന്റെ പേരിൽ സന്തോഷമുണ്ടെങ്കിൽ ഞാൻ ഇന്നെന്നല്ല, എല്ലാദിവസവും രാത്രിയിലും അവിടുത്തെ അടുക്കൽ വന്നുകൊള്ളാം. എന്നാൽ ഒരു കാര്യമുണ്ട്. അതുകൂടി പാലിക്കണം. അവിടുന്ന് എന്റെ സമ്മതം കൂടാതെ അന്യസ്ത്രീകളെ തൊടരുത്. പിന്നെ ഒരു സ്ത്രീയെ അവിടുന്നു തൊട്ടാൽപ്പിന്നെ ഞാൻ അവിടുത്തെ അടുക്കൽ വരികില്ല".

നമ്പൂരിപ്പാട് — "ഇല്ല; എന്റെ അച്ഛനാണ് ഇല്ല. നിന്റെ അനുവാദം കൂടാതെ ഞാൻ യാതൊരു സ്ത്രീയെയും തൊടുകില്ല".

ഇതു കേട്ടപ്പോൾ യക്ഷി സന്തോഷത്തോടുകൂടി "എന്നാൽ ഞാൻ പതിവായി വന്നുകൊള്ളാം" എന്നു പറഞ്ഞു പോവുകയും പിന്നെ പതിവായി രാത്രിതോറും നമ്പൂരിപ്പാട്ടിലെ അടുക്കൽ വന്നുകൊണ്ടിരിക്കുകയും കുറച്ചുദിവസം കഴിഞ്ഞപ്പോൾ അവർ പരസ്പരസ്നേഹികളന്മാരായിത്തീരുകയും ചെയ്തു.

അങ്ങിനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ മഹൻനമ്പൂരിപ്പാട്ടിലെ വേദാദ്ധ്യയനം നിവൃത്തി, ഇല്ലത്തേക്കു കൂട്ടിക്കൊണ്ടുപോകാനായി അച്ഛൻനമ്പൂരിപ്പാട് ഒരുദിവസം തൃശ്ശിവപേരൂർ ചെന്നു. അച്ഛൻ, തന്നെ കൂട്ടിക്കൊണ്ടുപോകാനായിട്ടാണ് വന്നിരിക്കുന്നത് എന്നറിഞ്ഞപ്പോൾ, യക്ഷിയേ പിരിഞ്ഞുപോകണമല്ലോ എന്നവിചാരിച്ചു മഹൻനമ്പൂരിപ്പാട്ടിലേക്കു വളരെ വ്യസനമായി. അന്നു രാത്രിയിൽ യക്ഷിവന്നപ്പോൾ നമ്പൂ

Digitised By Kerala Sahitya Akademi

രിപ്പാടു വളരെ മനസ്സാപത്തോടുകൂടി, "എന്നെ ഇല്ലത്തേക്കു കൊണ്ടുപോകാൻ അച്ഛൻ വന്നിട്ടുണ്ട്. നാളെ രാവിലെ പോകണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഞാനെന്താണ് വേണ്ടത്?" എന്നുചോദിച്ചു. അപ്പോൾ യക്ഷി "അവിടുന്ന് ഒട്ടും വ്യസനിക്കേണ്ട. അവിടുന്ന് ഇല്ലത്തേക്കു പോയാൽ പിന്നെ പതിവായി ഞാൻ അവിടെ വന്നുകൊള്ളാം" എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ നമ്പൂരിപ്പാട്ടിലേക്കു വ്യസനമെല്ലാം തീർന്നു, വളരെ സന്തോഷമായി. പിന്നെ പതിവുപോലെ അവർ സുഖമായി കഴിച്ചു രമിക്കുകയും വെളുപ്പാൻകാലമായപ്പോൾ യക്ഷി പോവുകയും ചെയ്തു. രാവിലെ അച്ഛൻനമ്പൂരിപ്പാടു മഹനേ കൂട്ടിക്കൊണ്ട് ഇല്ലത്തേക്കു പോയി. മഹൻനമ്പൂരിപ്പാട് ഇല്ലത്തുചെന്നു താമസമായതിന്റെ ശേഷവും യക്ഷി രാത്രിതോറും പതിവായി അവിടേയും ചെന്നുകൊണ്ടിരുന്നു.

അങ്ങിനെ കുറച്ചുകാലം കഴിഞ്ഞശേഷം അച്ഛൻനമ്പൂരിപ്പാടു മഹനെക്കൊണ്ട് ഒന്നു വേളികഴിപ്പിക്കണമെന്നു നിശ്ചയിച്ചു ചില സ്ത്രീജാതകങ്ങൾ വരുത്തി നോക്കിക്കുക മുതലായ ചില ശ്രമങ്ങൾ തുടങ്ങി. ഈ വിവരമറിഞ്ഞശേഷം, താൻ വേളികഴിച്ചാൽ പിന്നെ യക്ഷി തന്റെ അടുക്കൽ വരികില്ലല്ലൊ എന്നവിചാരിച്ചിട്ട് അത്തും മഹൻനമ്പൂരിപ്പാട്ടിലേക്ക് അത്യന്തം വ്യസനകാരണമായിത്തീർന്നു. അതിനാൽ അദ്ദേഹം താനിക്കു വേളികഴിക്കാൻ മനസ്സില്ലെന്നും അതിനായി അച്ഛൻ നിർബന്ധിക്കരുതെന്നും മറ്റൊരാൾ മുഖാന്തരം അച്ഛനെ ഗ്രഹിപ്പിച്ചു. അച്ഛൻനമ്പൂരിപ്പാട്ടിലേക്ക് അതു കേട്ടശേഷം വ്യസനവും കോപവും സഹിക്കവഹിയാതെയായിത്തീർന്നു. ഉടനെ അദ്ദേഹം മഹനെവിളിച്ചു നേരിട്ടതന്നെ "എന്താ ഉണ്ണിക്കു വേളികഴിക്കാൻ മനസ്സില്ലേ? നീ ഇതു കഥയില്ലാത്തവനായിതീർന്നല്ലൊ. നീ ഒന്നു വേളികഴിച്ചു, അതിൽ ചില സന്താനങ്ങളുണ്ടായിക്കണ്ടിട്ടു നമ്മുടെ കാലംകഴിഞ്ഞാൽ കൊള്ളാമെന്നാണ് എന്റെ ആഗ്രഹം. അതൊന്നും സാധിച്ചില്ലെങ്കിലും ഈ തറവാടു നശിക്കാതെയിരിക്കണമല്ലൊ. അതിനു നീ വേളികഴിക്കാതെയിരുന്നാൽ പിന്നെ എന്താ മാർഗ്ഗം?"

മഹൻ—"അച്ഛൻ പറയുന്നതൊക്കെ കാര്യമാണ്. ഇതിനൊക്കെ സമാധാനംപറയാൻ എനിക്കറിഞ്ഞുകൂടാ. എന്തൊക്കെയായാലും ഞാൻ വേളികഴിക്കയില്ല. അതിന് അച്ഛൻ എന്നോടു നിർബന്ധിക്കയുമരുത്."

അച്ഛൻ—"വേളികഴിക്കയില്ല എന്നുപറഞ്ഞാൽ മതിയോ? കഴിക്കയില്ലാത്തതിന്റെ കാരണമെന്താണ്? അതു കേൾക്കട്ടെ".

മഹൻ—"കാരണമൊന്നുമില്ല. എനിക്കതിന്നു മനസ്സില്ല, എന്നേ ഉള്ളൂ".

അച്ഛൻ—"വേണ്ടുന്നകാര്യം ചെയ്യാൻ മനസ്സില്ലെങ്കിൽ നീ ഈ തറവാട്ടിൽ കേറരുത്. എവിടേയെങ്കിലും പൊയ്ക്കൊള്ളണം. ഏഭ്യ! നിനക്കു മനസ്സില്ല അല്ലേ? എന്റെ മുമ്പിൽനിന്നു നിനക്കിങ്ങിനെ പറയാൻ

Digitised By Kerala Sahitya Akademi

ധൈര്യമുണ്ടായല്ലൊ. പോ, എന്റെ മുമ്പിൽനിന്ന്. കുശവനേ ഇനി ഇവിടെ കണ്ടാലറിയാം".

ഇങ്ങിനെ അച്ഛൻ കോപത്തോടുകൂടി ശകാരിച്ചതുകേട്ടപ്പോൾ സാധുവും ശുദ്ധഹൃദയനുമായ മഹൻനമ്പൂരിപ്പാട്ടിലേക്ക വ്യസനം സഹിക്കവഹിയാതെയായി. ഈ സംഭാഷണമുണ്ടായതു രാത്രിയിൽ അത്താഴത്തിനുമുമ്പായിട്ടായിരുന്നു. അതിനാൽ മഹൻനമ്പൂരിപ്പാടു വ്യസനംനിമിത്തം അത്താഴമുണ്ണാതെ കഞ്ഞിതാകൊണ്ടു പോയികിടന്നു. പതിവുസമയമായപ്പോൾ യക്ഷി അടുക്കൽ വന്നു. അപ്പോൾ അദ്ദേഹം വ്യസനിച്ചു കരഞ്ഞുകൊണ്ടു കിടക്കുകയായിരുന്നു. അദ്ദേഹം എന്തോ വ്യസനിച്ചുകിടക്കുകയാണെന്നു യക്ഷിക്കു മനസ്സിലായതിനാൽ, വ്യസനകാരണമെന്താണെന്നു ചോദിച്ചു. ഈ സംഗതി യക്ഷിയോടു പറയാൻ അദ്ദേഹത്തിന്നു വളരെ മടിയും ലജ്ജയുമുണ്ടായിരുന്നതിനാൽ ആദ്യം ഒന്നും പറയാതെ ഉപായത്തിൽ കഴിച്ചുകൂട്ടാൻ അദ്ദേഹം കഴിയുന്നതും ശ്രമിച്ചു നോക്കി. എങ്കിലും യക്ഷിയുടെ നിർബ്ബന്ധംനിമിത്തം ഒടുക്കം പരമാർത്ഥമൊക്കെ അദ്ദേഹം യക്ഷിയോടു പറഞ്ഞു. അപ്പോൾ യക്ഷി "അവിടുന്ന് ഒട്ടും വ്യസനിക്കേണ്ട. വേളികഴിക്കുന്നതിന് എനിക്കു യാതൊരു വിരോധവുമില്ല. അവിടുന്നു വേളികഴിക്കാതെയിരുന്നാൽ ഈ തറവാടു നശിച്ചുപോകുമല്ലൊ. ഞാൻ നിമിത്തം അങ്ങിനെവരുന്നത് എനിക്കും വളരെ വ്യസനമാണ്. അവിടുന്നു വേളികഴിച്ചാലും എന്നെ ഉപേക്ഷിക്കരുത് എന്നു മാത്രമേ എനിക്കു നിർബ്ബന്ധമുള്ളു. വേളികഴിച്ചാൽ ഒന്നരാടൻദിവസം ആ അന്തർജ്ജനത്തിന്റെ അടുക്കൽ സഹശയനം ചെയ്തുകൊള്ളണം. ഒന്നരാടൻ മാറി വേറെ സ്ഥലത്തു കിടന്നുകൊള്ളണം. ആ ദിവസങ്ങളിൽ ഞാൻ അവിടുത്തെ അടുക്കൽ വന്നുകൊള്ളാം. അതിനാൽ നാളെ രാവിലെ അച്ഛന്റെ അടുക്കൽച്ചെന്നു വേളികഴിക്കാൻ സമ്മതമാണെന്നു പറയണം. അച്ഛൻ പറഞ്ഞതിനെ കേൾക്കാതെയിരിക്കുന്നതു ശരിയല്ല" എന്നുപറഞ്ഞു. ഇതു കേട്ടപ്പോൾ മഹന്റെ നമ്പൂരിപ്പാട്ടിലേക്കു വളരെ സന്തോഷമായി. പിന്നെ പതിവുപോലെ അവർ രണ്ടുപേരുംകൂടി രാത്രിയെ സുഖമായി നയിച്ചു. വെളുപ്പാൻകാലമായപ്പോൾ യക്ഷി പോയി. മഹൻനമ്പൂരിപ്പാടു രാവിലെ എണീറ്റ് അച്ഛന്റെ അടുക്കൽച്ചെന്നു വേളികഴിച്ചുകൊള്ളാമെന്നു സമ്മതിച്ചുപറയുകയും അച്ഛൻനമ്പൂരിപ്പാട് അതുകേട്ടു സന്തോഷിക്കുകയും താമസിയാതെ ഒരു സുമുഹൂർത്തത്തിൽ മഹന്റെ വേളിയും കൂടിപ്പുറപ്പും കേമമായും ഭംഗിയായും നടത്തിക്കുകയും ചെയ്തു.

വേളികഴിച്ചതിന്റെശേഷം മഹൻനമ്പൂരിപ്പാടു യക്ഷിപറഞ്ഞിട്ടുള്ളതുപോലെ ഒന്നരാടൻദിവസം അന്തർജ്ജനത്തിന്റെ അടുക്കലും ഒന്നരാടൻ വേറെയും കിടന്നുകൊണ്ടിരിക്കുകയും ദിവസമൊഴിയാതെ യക്ഷി അദ്ദേഹത്തിന്റെ അടുക്കൽ ചെന്നുകൊണ്ടിരിക്കുകയും ചെയ്തു.

Digitised By Kerala Sahitya Akademi

അങ്ങിനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ അന്തർജ്ജനം ഗർഭംധരിക്കുകയും പത്തുമാസവും തികഞ്ഞ് ഒരു പുത്രനേ പ്രസവിക്കുകയും ചെയ്തു. മഹാൻനമ്പൂരിപ്പാട് പുത്രന്റെ ജാതകർമ്മം, നാമകരണം, അന്നപ്രാശനം മുതലായവ അച്ഛന്റെ സഹായത്തോടും ആജ്ഞാപ്രകാരവും യഥാകാലം വേണ്ടതുപോലെനടത്തി. അപ്പോഴെക്കും അച്ഛൻനമ്പൂരിപ്പാട് തദ്ദേഹത്തിന്റെ ആഗ്രഹംപോലെതന്നെ പൌത്രമുഖംകണ്ടു സന്തോഷിച്ചുകൊണ്ടു പരമഗതിയേ പ്രാപിച്ചു. പിന്നെ മഹാൻനമ്പൂരിപ്പാട് അച്ഛന്റെ പിണ്ഡം, സംവത്സരദീക്ഷ, പന്ത്രണ്ടാംമാസം മുതലായവ യഥാശക്തി കഴിച്ചുകൂട്ടി.

അപ്പോഴെക്കും മറ്റവനേ ഉപനയിക്കാനുള്ള കാലമായി. പിന്നെ അതിനു മുഹൂർത്തം നിശ്ചയിക്കുകയും ക്രിയാദ്രവ്യങ്ങൾക്കും മറ്റും വേണ്ടുന്ന ആളുകളേ ഒക്കെ ക്ഷണിക്കുകയും സാമാനങ്ങളെല്ലാം വട്ടംകൂട്ടുകയുംചെയ്തു. ഉപനയനത്തിന്റെ തലേദിവസം രാത്രി യക്ഷിയുടെ മുറയായിരുന്നതിനാൽ യക്ഷി പതിവുപോലെ നമ്പൂരിപ്പാട്ടിലേ അടുക്കലെത്തി. അപ്പോൾ നമ്പൂരിപ്പാട് പ്രസംഗവശാൽ "നാളെ കാലത്തു കുംഭരാശി മുഹൂർത്തത്തിന് ഉണ്ണിയുടെ ഉപനയനംകഴിച്ചാൽ കൊള്ളാമെന്നു വിചാരിക്കുന്നുണ്ട്" എന്നുപറഞ്ഞു. അപ്പോൾ യക്ഷി, "എന്നാൽ എനിക്ക് ഒരാഗ്രഹമുണ്ട്. അത് അവിടുന്നു സാധിപ്പിച്ചുതരണം. അവിടുത്തേ പ്രധാനഭാര്യ അഗ്നിസാക്ഷികമായി വിവാഹംചെയ്യപ്പെട്ട ആ അന്തർജ്ജനമാണെങ്കിലും ആദ്യഭാര്യ ഞാനാണല്ലൊ. അതിനാൽ അവിടുത്തേ പുത്രനായ ആ ഉണ്ണിക്കു ഞാൻ വലിയമ്മയാണ്. അതുകൊണ്ടു നാളെ ഉപനയന സമയത്ത് ഉണ്ണി ക്രിയാംഗമായി ഭിക്ഷയാചിക്കുമ്പോൾ ആദ്യം ഭിക്ഷകൊടുക്കാൻ തോന്നായാൽ കൊള്ളാമെന്ന് എനിക്കു വളരെ ആഗ്രഹമുണ്ട്. അത് അവിടുന്ന് അനുവദിക്കുകയും എന്നേക്കൊണ്ടു നടത്തിക്കുകയും വേണം. സമയമാകുമ്പോൾ ഞാൻ ഒരന്തർജ്ജനത്തിന്റെ വേഷത്തിൽ ഇവിടെ വന്നുകൊള്ളാം" എന്നുപറഞ്ഞു. ഉടനെ നമ്പൂരിപ്പാട്, "അതിനെന്തു വിരോധമാണ്? എനിക്കതു വളരെ സന്തോഷമാണ്. സമയമാകുമ്പോൾ ഇവിടെ വന്നോളൂ. കാര്യം ഞാൻ നടത്തിച്ചുകൊള്ളാം" എന്നു സമ്മതിച്ചു പറയുകയും ചെയ്തു.

ക്രിയയ്ക്കു വേണ്ടുന്ന ആളുകളും ഓതിക്കോനും പാചകക്കാരും വേഴ്ചക്കാരും മറ്റുമായിട്ടുള്ള വേറേ അനേകം ബ്രാഹ്മണശ്രേഷ്ഠന്മാരും അന്തർജ്ജനങ്ങളും കിടാങ്ങളുമൊക്കെ തലേദിവസംതന്നെ അവിടെ എത്തീട്ടുണ്ടായിരുന്നു. പിറ്റേദിവസം നേരം വെളുത്തപ്പോഴേക്കും എല്ലാവരും കുളിച്ചുവന്നു. നമ്പൂരിപ്പാട്ടീന്നും കുളിച്ചു തറവാട്ടുത്തു ഹാജരായി. ഉടനെ ക്രിയകൾ ആരംഭിക്കുകയും ചെയ്തു. ഭിക്ഷകൊടുക്കാനുള്ള സമയമായപ്പോഴെക്കും മറ്റുകുടയും പുതപ്പും ധരിച്ച് അന്തർജ്ജനത്തിന്റെ വേഷമായി കുറേ അരിയും ഒരു പാത്രത്തിലെടുത്തുംകൊണ്ടു യക്ഷിയും ആ സ്ഥലത്തെത്തി. യക്ഷി

Digitised By Kerala Sahitya Akademi

പെന്ന യാതൊരു ശങ്കയുംകൂടാതെ അന്തർജ്ജനങ്ങളുടെ കൂട്ടത്തിൽ കേറി നിലയായി. അന്തർജ്ജനപ്രധാരിണിയായ യക്ഷിയെ കണ്ടപ്പോൾതന്നെ നംപൂരിപ്പാട്ടിലേക്ക ആളെ മനസ്സിലായി. എങ്കിലും ശേഷമുള്ള ബ്രാഹ്മണരുടെയും അന്തർജ്ജനങ്ങളുടേയും ഇടയിൽ "ഈ അന്തർജ്ജനം എങ്ങോണ്; എവിടുത്തേതാണ്; എന്തിനാണ് വന്നത്?" എന്നും മറ്റും അപ്പോൾ സംസാരംതുടങ്ങി. "എങ്ങായാലും തൊടരുത്" എന്നുപറഞ്ഞു ശേഷമുള്ള അന്തർജ്ജനങ്ങളെല്ലാം ഒതുങ്ങി മാറിനിന്നു.

ഭിക്ഷയാചിക്കുക എന്നുള്ള ക്രിയയായപ്പോൾ നംപൂരിപ്പാട് ഓതിക്കോടനാട്, "ഇപ്പോൾ വിശേഷാൽ വന്നിരിക്കുന്ന ആ അന്തർജ്ജനത്തിന്റെ അടുക്കൽ ചെന്നം ഭിക്ഷയാചിപ്പിക്കാൻ. ആദ്യം ഭിക്ഷയിടാനും ആ അന്തർജ്ജനം വേണം. ഉണ്ണിയുടെ അമ്മ രണ്ടാമത്തെ ഭിക്ഷയിട്ടുകൊള്ളട്ടെ. അതുമതി" എന്നുപറഞ്ഞു.

ഓതിക്കോൻ—"അതു വിഹിതമല്ല. ഉണ്ണിയുടെ അമ്മയാണ് ആദ്യം ഭിക്ഷയിടേണ്ടത്. അതു കഴിഞ്ഞല്ലാതെ മറ്റാർക്കും ഭിക്ഷയിടാൻ പാടില്ല".

നംപൂരിപ്പാട്—"ഇപ്പോൾ വന്നിരിക്കുന്നത് ഉണ്ണിയുടെ വലിയമ്മയാണ്. ഞാൻ ആദ്യം വേളികഴിച്ചത് ഈ അന്തർജ്ജനത്തെയാണ്. അതിനാൽ ഈ അന്തർജ്ജനം വേണം ആദ്യം ഭിക്ഷയിടാൻ".

ഇതു കേട്ടപ്പോൾ നമ്പൂരിപ്പാട്ടിലെ ചാച്ചുക്കാരായും സ്നേഹിതന്മാരായും മറ്റും അവിടെ വന്നുകൂടിയിരുന്ന നമ്പൂരിമാരും അന്തർജ്ജനങ്ങളും ഓതിക്കോനും ഏല്ലാവരും, "അങ്ങ് ഈ ഉണ്ണിയുടെ അമ്മയേ വേളികഴിക്കുന്നതിനുമുമ്പ് ഒന്നുകൂടി വേളികഴിച്ചിട്ടുണ്ടെങ്കിൽ അതു ഞങ്ങളാരും അറിയാതെയിരിക്കുമോ? അങ്ങ് ഈ പറഞ്ഞതു ശുദ്ധമേ ഭോഷ്കാണ്. അല്ലെങ്കിൽ പറയൂ; കേൾക്കട്ടെ; ഈ അന്തർജ്ജനം ഏവിടുത്തേതു, ആരുടെ മകളാണ്" എന്നും മറ്റും ചില ചോദ്യങ്ങളും വഴക്കുകളും തർക്കങ്ങളും കലശലായി. ഈ വന്നിരിക്കുന്നതു തന്റെ സഹോദരിയാണെന്നും തന്നേക്കൊണ്ട് ആദ്യം ഭിക്ഷയിടുവിക്കുകയില്ലെന്നും അറിഞ്ഞപ്പോൾ ആ ഉണ്ണിയുടെ അമ്മയായ അന്തർജ്ജനത്തിനു കോപവും മനസ്താപവും ദുസ്സഹമായിത്തീരുകയാൽ ആ അന്തർജ്ജനം, "എനിക്കു കാണാൻ കൊതിച്ച് ആദ്യമുണ്ടായ ഈ ഉണ്ണിക്ക് ആദ്യമെന്നല്ല, ഒരിക്കലും ഈ കുലത്തിലേറിവന്ന വരത്തിയേക്കൊണ്ടു ഭിക്ഷയിടിയിക്കാൻ ഞാൻ സമ്മതിക്കില്ല. എന്റെ ഉണ്ണിക്കു ഞാൻ ഭിക്ഷയിട്ടാൽ മതി. ഈ വിശാല വല്യമ്മചമഞ്ഞ് ഇപ്പോൾ എടുവിട്ടുനാണ് കേറിവന്നത്? എന്റെ ഉണ്ണിക്ക് ഇവൾ ഭിക്ഷയിടുകയാണെങ്കിൽ ഇവളുടെ മുഖത്തു ഞാൻ തൂലെട്ടുതുടിക്കും" എന്നും മറ്റും ശകാരവും വഴക്കും പൊടിപൊടിച്ചുതുടങ്ങി. എല്ലാവരും ഇങ്ങിനെ തനിക്കു വിരോധമായിപറഞ്ഞുതുടങ്ങുകയാൽ നംപൂരിപ്പാട് ഒന്നും പറയാൻ ശക്തനല്ലാതെ അങ്ങിനെ വല്ലാതെ വിഷണ്ണ

Digitised By Kerala Sahitya Akademi

നായിത്തീർന്നു. അപ്പോൾ യക്ഷി, "ഞാൻ ഈ ഉണ്ണിക്കു ഭിക്ഷയിടാനായിട്ടാണ് വന്നത്. ഉണ്ണിയുടെ അച്ഛന് അതു സമ്മതവുമാണ്. അതിനാൽ നിങ്ങളൊക്കെ എന്തെല്ലാം പറഞ്ഞാലും ഭിക്ഷയിടാതെ ഞാൻ പോവുകില്ല. നിശ്ചയം തന്നെ." എന്നു പറഞ്ഞു. ഉടനേ അന്തർജ്ജനം, നിനക്ക് അത്ര നിശ്ചയവും പിടിക്കുമുണ്ടോ? എന്നാലത്തന്നെ ഒന്നറിയണം. നീ ഇവിടെനിന്നു പുറത്തിറക്കിയല്ലാതെ ഇവിടെ ഇനി ഉപനയനത്തിന്റെ ക്രിയയൊന്നും പാടില്ല. ഞാനാണ്. പറഞ്ഞത്. ഭിക്ഷ യാചിക്കാനും ഭിക്ഷയിടാനും ഇവളേ ഇവിടെനിന്ന് ഇറക്കിവിട്ടിട്ടുവേണം. വരുവിൻ, ആത്തോമ്മാരുകളെല്ലാരും വരുവിൻ നമുക്കിവളേപ്പിടിച്ച് ഇവിടെനിന്നു പുറത്താക്കാം. പിന്നെ നമ്പൂരിമാരും വാല്യക്കാരും കൂടി ഇവളേ പടിക്കു പുറത്താക്കി അയയ്ക്കോളും." എന്നു പറഞ്ഞു ശേഷിച്ചുള്ള അന്തർജ്ജനങ്ങളുടെ സഹായത്തോടുകൂടി യക്ഷിയേ പിടിച്ച് ആ അകത്തുനിന്നു പുറത്തു തള്ളി. ഉടനേ ചില ഉണ്ണിനമ്പൂരിമാരും അവരുടെ ചില ഭൃത്യന്മാരും കൂടി ആ സാധുശീലയായ യക്ഷിയേ അവിടെനിന്നും പിടിച്ചുതള്ളി പടിക്കു പുറത്താക്കി. നമ്പൂരിപ്പാട്, "അയ്യോ! നിങ്ങൾ സാഹസം പ്രവർത്തിക്കരുത്" എന്നു പറഞ്ഞു നിലവിളിച്ചുംകൊണ്ടു പിന്നാലെ ചെന്നു. പടിക്കു പുറത്തു കൊണ്ടുപോയി തള്ളിയ ഉടനേ ലജ്ജയും കോപവും സഹിക്കാൻ പാടില്ലാതെ യക്ഷി തന്റെ സ്വന്തമായ രൂപത്തേത്തന്നെ സ്വീകരിച്ച് അവിടെനിന്നുകൊണ്ടു നമ്പൂരിപ്പാടിനോടായിട്ട്, "അവിടുന്ന് ഒട്ടും വ്യസനിക്കരുത്. ഇതൊന്നും അവിടുത്തെ ദോഷംകൊണ്ടല്ലെന്ന് എനിക്കറിയാം എനിക്ക് അങ്ങിടുത്തേപ്പേരിൽ ലേശംപോലും പരിഭവവുമില്ല. എങ്കിലും ഈ സ്ഥലത്തും ഈ അടിയന്തരത്തിങ്കലും വെച്ച് എന്നെ ഇപ്രകാരം അവമാനിച്ചതിനാൽ ഇനി മൂന്നു തലമുറ കഴിഞ്ഞാൽപ്പിന്നെ ഈ തറവാട്ടിൽ ഉണ്ണിയുണ്ടായിട്ട് ഉപനയനംകഴിക്കാൻ സംഗതിയാവുകയില്ല. നിശ്ചയംതന്നെ. എന്നാൽ, ഇപ്പോൾ ഒരു വ്യാഴവട്ടത്തിലധികം കാലമായി എന്റെ സാന്നിദ്ധ്യം ഈ സ്ഥലത്ത് ഉണ്ടായിട്ടുള്ളതിന്റെ ഫലമാഹാത്മ്യം കൊണ്ടുവായിട്ട് ഒടുവിൽ രണ്ടു തലമുറയ്ക്കുണ്ടാകുന്ന രണ്ടു പുരുഷന്മാർ പരസ്പരപ്രിയംകൊണ്ടു വിശ്രുതന്മാരായിത്തീരുകയും ചെയ്യും. ഇത്രയും കാലം മനുഷ്യസഹവാസത്തോടുകൂടി ഞാൻ ഭൂലോകത്തിൽത്തന്നെ താമസിച്ചുപോയതുകൊണ്ട് ഇനി ഞാൻ ഞങ്ങളുടെ ലോകത്തിൽ ചെന്നാൽ എന്നെ അവിടെ യഥാപൂർവ്വം സ്വീകരിക്കുമെന്നു തോന്നുന്നില്ല. എന്നുമാത്രമല്ല; ഈ അവമാനം അനുഭവിച്ചിട്ട് ഇനി ജീവിച്ചിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നുമില്ല. അവിടുന്ന് എന്നെക്കുറിച്ചു വിചാരിച്ച വ്യസനിക്കരുത്". അകത്തുപോയി ഉപനയനത്തിന്റെശേഷം ക്രിയകൾകൂടി നടത്തി, ഇനിയും വളരെക്കാലം ഭാര്യാപുത്രാദികളോടുകൂടി സുഖമായി ജീവിച്ചിരുന്നാലും ഞാൻ ഇതാ യോഗാ

Digitised By Kerala Sahitya Akademi

ഗ്നിയിൽ എന്നെ ഈ ദേഹത്തെ ഭസ്മീകരിക്കുന്നു" എന്നു പറയുകയും ഉടനെ ആ യക്ഷി എല്ലാവർക്കും അദൃഷ്ടയായി ഭവിക്കുകയും ഒരു തേജസ്സു മേല്പെട്ടുയർന്നു മേഘമണ്ഡലത്തിൽ കേറി മറയുന്നതു് എല്ലാവരാലും കാണപ്പെടുകയും ചെയ്തു. യക്ഷിയുടെ ഈ വാക്കു കേൾക്കുകയും ഈ അത്ഭുതം കാണുകയും ചെയ്തപ്പോൾ തങ്ങൾ പ്രവർത്തിച്ചതു സാഹസവും അവിവേകവുമായി എന്നു് എല്ലാവർക്കും തോന്നി. എങ്കിലും "അതീതകാര്യാനുശോചനം കിം സ്യാൽ".

വെണ്മണിനംപൂരിപ്പാടന്മാരുടെ സാക്ഷാൽ തറവാടു് ഇപ്പോൾ പുരുഷന്മാരില്ലാതെ ശൂന്യപ്രായമായിരിക്കുന്നതു് ആ യക്ഷിയുടെ ശാപം കൊണ്ടും ഒട്ടുവിലത്തെ തലമുറക്കാരും കൊല്ലം ഫന്നന്നു-ാമാണ്ടു വൃശ്ചികമാസത്തിലും ഫന്നന്നു-ാമാണ്ടു മകരമാസത്തിലുമായി ദേഹവിയോഗം ചെയ്തു പോയ വെണ്മണി അച്ഛൻനംപൂരിപ്പാടും മഹൻനംപൂരിപ്പാടും വിശ്വവിശ്രുതന്മാരായിത്തീർന്നതു് ആ യക്ഷിയുടെ അനുഗ്രഹമാഹാത്മ്യം കൊണ്ടുമാണെന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലോ. ഇപ്പോൾ ഉള്ള വെണ്മണിനംപൂരിപ്പാടന്മാർ പണ്ടേതന്നെ ഈ കുടുംബത്തിൽ നിന്നു പിരിഞ്ഞുപോയിട്ടുള്ള ഒരു അപ്പൻനംപൂരിപ്പാട്ടിലെ ശാഖയിലുണ്ടായിട്ടുള്ള വരാണു്.

ഫന്ന. കുഞ്ഞമൺപോറ്റിയും മറ്റപ്പള്ളിനംപൂരിപ്പാടും

ചാതുരാശ്രമ്യവിച്ഛേദപ്രത്യക്ഷമാകിയ പ്രസിദ്ധനാമ കുഞ്ഞമൺപോറ്റിയും ശ്രീപോക്കലിയിൽപ്പായി ഭദ്രകാളിയെ സേവിച്ചു പ്രത്യക്ഷപ്പെടുത്തിയ വിശ്വവിശ്രുതനായ മറ്റപ്പള്ളിനംപൂരിപ്പാടും ഒരു കാലത്തു ജീവിച്ചിരുന്നിരുന്നവരാണു്. മറ്റപ്പള്ളിനംപൂരിപ്പാട്ടിലെ ഇല്ലപ്പേരു് ആദ്യകാലത്തു "മറ്റപ്പള്ളി" എന്നു മാത്രമായിരുന്നു. ആ ഇല്ലത്തുനിന്നു് ഒരാൾ ശ്രീപോക്കലിയിൽ പോയി ഭദ്രകാളിയെ സേവിച്ചു പ്രത്യക്ഷമാക്കിവന്നതിനാൽ അക്കാലംമുതൽ ഇല്ലപ്പേരു് "ഭദ്രകാളിമറ്റപ്പള്ളി" എന്നു പ്രസിദ്ധമായിത്തീർന്നു. അതിനാൽ എല്ലാവരും പറയുന്നതും ആ ഇല്ലത്തുള്ളവർ എഴുത്തുകുത്തുകളിൽ പേരുകൊടുക്കുന്നതുമെല്ലാം ഇന്നും "ഭദ്രകാളിമറ്റപ്പള്ളിനംപൂരി" (പ്പാടു്) എന്നുതന്നെയാണു്.

സാക്ഷാൽ ഭദ്രകാളിമറ്റപ്പള്ളിനംപൂരിപ്പാടു് ഒരിക്കൽ ഒരു തോണിയിൽക്കയറി വെമ്പനാട്ടുകായലിൽക്കൂടി തിരുവനന്തപുരത്തേക്കു പുറപ്പെട്ടു. വൈക്കത്തു പടിഞ്ഞാറുഭാഗത്തായപ്പോൾ അവിടെ കേറുഞ്ഞി

Digitised By Kerala Sahitya Akademi

ൻ ഒരു പാണി കൊട്ടുന്നതു കേട്ടു. ആ പാണി ഒരു അസാധാരണരീതിയിൽ ആയിരുന്നതിനാൽ, ''ശാസ്ത്രപ്രകാരം ഇത്ര ശരിയായി ഈ പാണികൊട്ടുന്നത് ആരാണെന്ന് അറിയണം. ഇതു മനുഷ്യരിലാരുമാണെന്നു തോന്നുന്നില്ല. ദേവന്മാരിൽ ആരെങ്കിലുമായിരിക്കണം. എങ്ങനെങ്കിലും തോണി ഇവിടെ അടുക്കട്ടെ'' എന്നു പറഞ്ഞു തോണി അടുപ്പിച്ചു നംപൂരിപ്പാടു കരയ്ക്കിറങ്ങി, കുളിയും കഴിച്ചു ക്ഷേത്രത്തിൽ എത്തി. അപ്പോൾ അവിടെ ഉത്സവകാലമായിരുന്നു. ഉത്സവബലിയുടെ പാണികൊട്ടാണ് നംപൂരിപ്പാടു കേട്ടത്. ആ പാണി കൊട്ടിയിരുന്നത് ഒരു സ്ത്രീയായിരുന്നു.

വൈക്കത്തുക്ഷേത്രത്തിൽ പ്രവൃത്തിക്കാരും അവകാശികളുമായവരിൽ ഒരു മാരാന്റെ വീട്ടിൽ ഒരു കാലത്തു പുരുഷന്മാരാരുമില്ലാതെയായിത്തീർന്നു. ഒരു സ്ത്രീയും രണ്ടുമൂന്നു പെൺകുട്ടികളും മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. അവർക്കു പതിവായി ക്ഷേത്രത്തിൽനിന്നുള്ള ചോറില്ലാതെ ഉപജീവനത്തിനു യാതൊരു മാർഗ്ഗവും ഉണ്ടായിരുന്നുമില്ല. ആ വീട്ടുകാർ ക്ഷേത്രത്തിൽ പ്രതിദിനം നടത്തേണ്ടുന്ന കൊട്ടു, പാട്ടു മുതലായ പ്രവൃത്തികൾ ആ സ്ത്രീ ശേഷമുള്ള മാരാന്മാരോടു നല്ലവാക്കു പറഞ്ഞ് അവരേക്കൊണ്ടു നടത്തിച്ചു ചോറുവാങ്ങി ഉപജീവനം കഴിച്ചുവന്നു.

അങ്ങിനെയിരിക്കുമ്പോൾ ഒരുത്സവകാലത്ത് അവിടെ ശേഷമുള്ള മാരാന്മാരെല്ലാവരുംകൂടി, ആ സ്ത്രീയുടെ വീട്ടിൽനിന്നു നടത്തേണ്ടുന്ന പ്രവൃത്തികൾ നടത്താതെ മുട്ടിച്ചാൽ അവർക്കുള്ള അവകാശം പോവുകയും ആ അവകാശവും അതിനുള്ള ആദായങ്ങളുംകൂടി തങ്ങൾക്കു കിട്ടുകയും ചെയ്യുമല്ലോ എന്നുവിചാരിച്ച് അവരുടെ ആൾപ്പേരായി ആരും അടിയന്തരം നടത്തിക്കൊടുക്കരുതെന്നു പറഞ്ഞുനിശ്ചയിച്ചു. പിന്നെ അവരെല്ലാവരുംകൂടി ആ സ്ത്രീയേ വിളിച്ചു, ''നിങ്ങളുടെ ആളുപ്പേരായിട്ടു ക്ഷേത്രത്തിലെ പ്രവൃത്തികൾ നടത്താൻ ഞങ്ങൾക്കൊക്കെയും മനസ്സില്ല. നാളെ ഉത്സവബലിയാണ്. അതിന്റെ പാണി നടത്തുന്നതിനുള്ള പ്രധാനപ്പെട്ടവർ നിങ്ങളുടെ തറവാട്ടുകാരല്ലൊ. അതിനാൽ ആരെയെങ്കിലും വരുത്തി അടിയന്തിരം നടത്തിച്ചുകൊള്ളണം. അല്ലെങ്കിൽ അടിയന്തിരം മുട്ടും. ഞങ്ങൾ മുൻകൂട്ടിപ്പറഞ്ഞിരിക്കുന്നു'' എന്നു പറയുകയും ചെയ്തു. അവർ വൈക്കത്തു പെരുന്തൃക്കോവിൽക്ഷേത്രം മിലനമ്പൂരിപ്പാടുകളുടെ ഊരാണ്മയാണെങ്കിലും രാജ്യാധിപതിയായ വടക്കുംകൂർ രാജാവിന്റെ മേൽക്കോയ്മസ്ഥാനത്തോടും കൂടിയതായിരുന്നതിനാൽ ആ മാരാന്മാർ ആ സ്ത്രീയുടെ ആൾപ്പേരായിക്ഷേത്രത്തിലെ അടിയന്തിരങ്ങൾനടത്താൻ തങ്ങൾക്കു മനസ്സില്ലെന്നുള്ള വിവരം ഊരാണ്മക്കാരുടേയും രാജാവിന്റേയും അടുക്കലുംകൂടി അറിയിക്കുകയും ചെയ്തു. ആ സാധുസ്ത്രീ വളരെ താഴ്മയോടുകൂടി പല പ്രകാരത്തിൽ പറഞ്ഞതിലും ദുഷ്ടന്മാരും ദുരാഗ്രഹി

Digitised By Kerala Sahitya Akademi

കള്ളമായ ആ മാരാന്മാർ സമ്മതിച്ചില്ല. ആകപ്പുരായിട്ട് അടിയന്തിരം നടത്താൻ മനസ്സില്ലെന്നു തന്നെ അവർ വീണ്ടും തീർത്തുപറഞ്ഞു. അപ്പോഴേക്കും സൂര്യൻ അസ്തമിക്കാറായിരുന്നതിനാൽ പിറ്റേദിവസത്തേക്കു ദൂരസ്ഥലങ്ങളിൽനിന്ന് ആളുവരുത്തി അടിയന്തിരം നടത്തിക്കാൻ നിവൃത്തിയില്ലായിരുന്നു. പാണി പരിചയമുള്ള മാരാന്മാർ അടുക്കലെങ്ങും വേറെ ഉണ്ടായിരുന്നുമില്ല. ആകപ്പാടെ ആ സ്ത്രീ വിചാരവും വിഷാദവുംകൊണ്ടു പരവശയായിത്തീർന്നു. അവർ വ്യസനംകൊണ്ട് ആത്താഴവുമുണ്ണാതെ, "എന്റെ പെരുന്തൃക്കോവിലപ്പാ! അന്നദാനപ്രഭോ! എനിക്കു ചോറുമുട്ടിക്കല്ലെ. ഇനിയ് അവിടുന്നുതന്നെ എന്തെങ്കിലും ഒരു മാർഗ്ഗമുണ്ടാക്കിത്തരണമെന. അല്ലാതെ ഞാൻ വിചാരിച്ചിട്ട് ഒരു നിവൃത്തിയും കാണുന്നില്ല" എന്നുപറഞ്ഞു കരഞ്ഞുംകൊണ്ടു പോയിക്കിടന്നു. കുറച്ചുകഴിഞ്ഞപ്പോൾ ആ സ്ത്രീ ഉറങ്ങുകയും ഉറക്കത്തിൽ അവൾക്കു, "നീ ഒട്ടും വ്യസനിക്കേണ്ട. നിനക്കു ഞാൻ ഗർഭം ധരിപ്പിട്ടുണ്ട്. നിന്റെ ഉദരത്തിൽ കിടക്കുന്നത് ഒരു പുരുഷപ്രജയാണ്. അതിനാൽ നാളെ ഉത്സവബലിക്കു നീ തന്നെ പാണികൊട്ടിയാൽ മതി. നീ രാവിലേ കുളിച്ച ക്ഷേത്രത്തിൽ ചെല്ലണം. അപ്പോൾ പാണികൊട്ടാനുള്ള എണ്ണങ്ങളെല്ലാം നിനക്കു ഞാൻ തോന്നിച്ചു തന്നുകൊള്ളും" എന്നു പെരുന്തൃക്കോവിലപ്പന്റെ ദർശനമുണ്ടാവുകയുംചെയ്തു. അപ്രകാരംതന്നെ ഉത്സവബലിക്ക് ഈ സ്ത്രീയേക്കൊണ്ടു പാണികൊട്ടിച്ചുകൊള്ളണമെന്നു രാജാവിനും ഊരാണ്മക്കാർക്കും തന്ത്രിക്കുംകൂടി അന്നു ദർശനമുണ്ടായി. അതിനാൽ പിറ്റേദിവസം രാവിലേ ആ സ്ത്രീ കുളിച്ചു ക്ഷേത്രത്തിൽ ചെല്ലുകയും പാണികൊട്ടിത്തൊള്ളുന്നതിനു രാജാവു മുതലായവർ അനുവദിക്കുകയും അവർ പാണികൊട്ടിത്തുടങ്ങുകയുംചെയ്തു. ഇപ്രകാരമാണ് അന്ന് ആ ദിവസത്തെ ഉത്സവബലിക്ക് ഒരു സ്ത്രീ പാണികൊട്ടാനിടയായത്.

ആ സ്ത്രീ കുളിച്ച ക്ഷേത്രത്തിൽ ചെന്നതിന്റെശേഷം ഉത്സവബലി കഴിയുന്നതുവരെ അവൾക്കു സാധാരണബോധമുണ്ടായിരുന്നില്ല. പെരുന്തൃക്കോവിലപ്പൻതോന്നിച്ചതുപോലെയൊക്കെ അവർ പ്രവർത്തിച്ചുഎന്നേ ഉള്ളൂ. ഭഗവാൻ തോന്നിച്ചിട്ടു കൊട്ടിയ പാണി ശ്രീപ്രകാരവും അസാധാരണമായിരുന്നതു ഒരത്ഭുതമല്ലല്ലൊ. പാണി വിധിപ്രകാരമായിരുന്നതിനാൽ ഉത്സവബലി ഭുജിക്കുന്നതിനു ഭൂതങ്ങളെല്ലാം പ്രത്യക്ഷമായി വായും പിളർന്നുകൊണ്ടു തന്ത്രിയുടെ അടുക്കലേക്കു് അടുത്തുതുടങ്ങി. അന്നു വൈക്കത്തു ക്ഷേത്രത്തിൽ തന്ത്രി "മേക്കാട്ടുനമ്പൂരി" ആയിരുന്നു. അദ്ദേഹം ഉത്സവബലിയും മറ്റും ഒരുവിധം കഴിച്ചുകൂട്ടുമായിരുന്നു എന്നല്ലാതെ ദിവ്യമായ ആ പാണിക്കു ചേർന്നവിധം തുടാൻതക്കവണ്ണമുള്ള പഠിത്തവും പരിചയവും തപശ്ശക്തിയും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഭൂതങ്ങളെ പ്രത്യക്ഷമായി കണ്ടപ്പോഴേക്കും തന്ത്രി പേടിച്ചു വിറച്ചുതുടങ്ങി. ഉത്സവബലി വേണ്ടതുപോലെ ആയില്ലെങ്കിൽ ഭൂതങ്ങൾ തന്ത്രി

Digitised By Kerala Sahitya Akademi

രണ്ടുപേരെയും പിടിച്ചു ഭക്ഷിച്ചുകളയുമെന്നു് അദ്ദേഹത്തിനു തോന്നി. ഉടനെ തന്ത്രിനമ്പൂരി, നമ്പൂരിപ്പാടിനോടു "നമ്പൂരി എന്നെ രക്ഷിക്കണം. അല്ലെങ്കിൽ ഇവർ ഇപ്പോൾ എന്നെ പിടിച്ചു ഭക്ഷിക്കും. ഈ ക്ഷേത്രത്തിലെ തന്ത്രം പകുതി ഞാൻ നമ്പൂരിക്കു തന്നിരിക്കുന്നു" എന്നു പറഞ്ഞു. അപ്പോൾ നമ്പൂരിപ്പാടു തറകെട്ടുള്ള മണ്ഡപത്തിൽ ജപിച്ചുകൊണ്ടിരിക്കുകയായിരുന്നു. തന്ത്രിനമ്പൂരി പറഞ്ഞപ്രകാരം അഭിപക്ഷിച്ചു പറഞ്ഞതു കേട്ടു നമ്പൂരിപ്പാടു മണ്ഡപത്തിൽനിന്നിറങ്ങിച്ചെന്നു കൈവട്ടകയും പൂപ്പറയും കയ്യിലെടുത്തു വിധിപ്രകാരം തുടങ്ങിയിരുന്ന ഭൂതങ്ങളെല്ലാം പ്രത്യക്ഷമായി ഉത്സവബലി ഉഴിഞ്ഞുതുടങ്ങി. ഉത്സവബലി കഴിഞ്ഞപ്പോൾ ഭൂതങ്ങളെല്ലാം പട്ടരെ തൃപ്തിയോടും സന്തോഷത്തോടുംകൂടി അനുഗ്രഹിച്ചു പോകുകയുംചെയ്തു. ഭദ്രകാളിയെ സേവിച്ചു പ്രത്യക്ഷമാക്കിയ ആളും സകല ശാസ്ത്രപാരംഗതനും നല്ല മന്ത്രവാദിയും തന്ത്രിയുമായ നമ്പൂരിപ്പാടു ഭൂതങ്ങളെ അയപ്പാടാതെയിരുന്നതും അദ്ദേഹം ഉത്സവബലി കഴിച്ചിട്ടു ഭൂതങ്ങളെ പിരിച്ചയപ്പാടുകയും സന്തോഷിക്കുകയും ചെയ്തതും ഒരു ദിവസമല്ലായിരുന്നു. ഈപ്രകാരമാണു് ഭദ്രകാളിമറപ്പള്ളിനമ്പൂരിപ്പാടിനു തറവാട്ടിൽനിന്നു കൊടുങ്ങല്ലൂർക്കുള്ള വഴിയിലുള്ള തന്ത്രം പകുതി കിട്ടിയതു്. ഇപ്പോഴും കൊടുങ്ങല്ലൂരുള്ള തന്ത്രം മേപ്പാട്ടുനമ്പൂരിയും മറപ്പള്ളിനമ്പൂരിപ്പാടും കൂടിയാണു് നടത്തിവരുന്നതു്.

ഈ കഴിഞ്ഞ ഭദ്രകാളിമറപ്പള്ളിനമ്പൂരി കൊടുങ്ങല്ലൂർ ക്ഷേത്രത്തിൽ തന്ത്രിയായി താമസിച്ചിരുന്ന കാലത്തു് ഒരു ദിവസം കുഞ്ഞമ്മൻപിഷാരടി പുലിപിടിയായി പോയി വടക്കുംവഴി കൊടുങ്ങല്ലൂർ പൊന്നുചേ

ഇങ്ങനെ കഴിഞ്ഞു നമ്പൂരിപ്പാടും പോറ്റിയുംകൂടി ഓരോ വെടികൾ പറഞ്ഞുകൊണ്ടിരുന്നപ്പോൾ മദ്ധ്യേ പ്രസംഗവശാൽ പോറ്റി, "ഒരു മൂർത്തിയെ സേവിക്കുകയാണെങ്കിൽ ഭദ്രകാളിയെത്തന്നെ സേവിക്കണം. എങ്കിലേ എല്ലാകാര്യങ്ങൾക്കും ഉപയോഗപ്പെടുകയുള്ളൂ" എന്നു പറഞ്ഞു. അപ്പോൾ നമ്പൂരിപ്പാടു്, "അങ്ങിനെയല്ല; ഒരു മൂർത്തിയെ സേവിക്കുകയാണെങ്കിൽ ഭദ്രകാളിയെത്തന്നെ സേവിക്കണം. ഭദ്രകാളി പ്രസാദിച്ചാൽ സാധിക്കാത്ത കാര്യം യാതൊന്നുമില്ല" എന്നു പറഞ്ഞു. ഇങ്ങിനെ പറഞ്ഞുപറഞ്ഞു് ഒടുക്കം അവർ തമ്മിൽ വാദം വലിയ കലശലായി. വാദം മൂക്കുമ്പോഴപ്പോൾ പോറ്റി, "എന്നാൽ നമുക്കു് അതു് ഇപ്പോൾത്തന്നെ ഒന്നു പരീക്ഷിച്ചുനോക്കാം. നമുക്കു് അമ്പലത്തിലേക്കു പോകാം" എന്നു പറഞ്ഞു. "അങ്ങിനെതന്നെ" എന്നു നമ്പൂരിപ്പാടും പറഞ്ഞു രണ്ടുപേരും കൂടി പോയി ക്ഷേത്രത്തിൽ മണ്ഡപത്തിൽ കേറിയിരുന്നു. ഉടനെ പോറ്റി "ആരുവിടെ? മുറുക്കാൻ കൊണ്ടുവരട്ടെ" എന്നു പറഞ്ഞു. അപ്പോൾ ഒരു കുട്ടിച്ചാത്തൻ ഒരു ഭൃത്യന്റെ വേഷത്തിൽ വെറ്റിലയും അടയ്ക്കയും തേച്ചുതയ്ച്ചു മുറുക്കാൻ തയ്യാറാക്കി പോറ്റിക്കു കൊണ്ടുചെന്നു കൊടുത്തു. ഉടനെ നമ്പൂരിപ്പാടു്, "കാളിയെവിടെ? മുറുക്കാൻ

Digitised By Kerala Sahitya Akademi

കൊണ്ടുവരട്ടെ" എന്നു പറഞ്ഞു. അപ്പോൾ സാധുവായ ഭദ്രകാളി അതിസുന്ദരിയായ ഒരു മനുഷ്യസ്ത്രീയുടെ രൂപത്തിൽ മുറക്കൽ രയ്യാറാക്കി നംപൂരിപ്പാട്ടിലേക്കും കൊണ്ടുചെന്നു കൊടുത്തു. ഉടനേ പോറ്റി, "അതുവിടെ? കോളാമ്പി കൊണ്ടുവരട്ടെ" എന്നു പറഞ്ഞു. അപ്പോൾ ഭ്രഷ്ടുശം കൂടാതെ ഒരാൾ ഒരു കോളാമ്പിയുംകൊണ്ടു പോറ്റിയുടെ അടുക്കൽ ആവിർഭവിച്ചു. പോറ്റി ആ കോളാമ്പിയിൽ തുപ്പുകയും ആ ഒരാൾ കോളാമ്പിയുംകൊണ്ടു മേൽഭാഗത്തേക്കു പോയി അന്തർദ്ധാനം ചെയ്കയും ചെയ്തു. ഉടനെ നംപൂരിപ്പാടും "കാളിയെവിടെ? കോളാമ്പി കൊണ്ടുവരട്ടെ" എന്നു പറഞ്ഞു. അപ്പോൾ ഒരു സ്ത്രീ നിലംതൊടാതെ കോളാമ്പിയുംകൊണ്ടു നംപൂരിപ്പാട്ടിലെ അടുക്കൽ ചെല്ലുകയും നംപൂരിപ്പാടും കോളാമ്പിയിൽ തുപ്പുകയും ആ സ്ത്രീയും മേൽഭാഗത്തേക്കു പോയി മറയുകയുംചെയ്തു.

ഉടനെ കുഞ്ഞമൺപോറ്റി നംപൂരിപ്പാടിനോട്, "അവിടുന്നു തന്നെ ജയിച്ചു. ഞാൻ മടങ്ങിയിരിക്കുന്നു. ഞാൻ ഇത്രത്തോളം വിചാരിച്ചിരുന്നില്ല" എന്നു സമ്മതിച്ചു യാത്രയും പറഞ്ഞു പോയി. ഉടനേ ഭദ്രകാളി, നംപൂരിപ്പാട്ടിലെ അടുക്കൽ വീണ്ടും ആവിർഭവിക്കുകയും "ഈ പ്രകാരമുള്ള പ്രവൃത്തി എന്നോടുകൂടെ ചെയ്തുകളയാമെന്നു വിചാരിച്ചതു ശരിയായില്ല. ഈ വകയൊക്കെ എനിക്കു പ്രയാസമാണ്. അതിനാൽ ഇനി അവിടുന്ന് എന്നോടുകൂടുകയില്ല. എങ്കിലും അങ്ങ് എന്നെ വളരെക്കാലം സേവിച്ചിട്ടുള്ളതുകൊണ്ട് അങ്ങു ന്യായമായി വിചാരിക്കുന്ന കാര്യങ്ങളെല്ലാം ഇനിയും ഞാൻ സാധിപ്പിച്ചു തന്നുകൊള്ളാം" എന്ന് അരുളിച്ചെയ്തിട്ടു മറയുകയും അന്നുമുതൽ ഭദ്രകാളി നംപൂരിപ്പാട്ടിലേക്കു പ്രത്യക്ഷയായി ഭവിക്കുകയും ചെയ്തു.

൧൯. വയക്കരെ അച്ചൻമൂസ്സ്

വൈദ്യന്മാക്കു പ്രധാനമായി വേണ്ടതു ഗ്രന്ഥപരിചയവും കൈപ്പുണ്യവുമാണെന്നു പ്രസിദ്ധവും സർവ്വസമ്മതവുമാണല്ലോ. രണ്ടിനും നല്ല പോലെ ശാസ്ത്രനൈപുണ്യവും ബുദ്ധിയും യുക്തിയുമുള്ളവരായിരുന്നാലും ഗ്രന്ഥപരിചയവും കൈപ്പുണ്യവുമില്ലെങ്കിൽ അവരുടെ ചികിത്സ ഫലിക്കയില്ലെന്നുള്ളതു തീർച്ചയാണ്. ശാസ്ത്രജ്ഞാനവും യുക്തിയും ബുദ്ധിയുമില്ലാത്തവക്കു ഗ്രന്ഥപരിചയവും കൈപ്പുണ്യവും മാത്രമുണ്ടായിരുന്നതുകൊണ്ടു മതിയാവുന്നതല്ലെങ്കിലും ഗ്രന്ഥപരിചയവും കൈപ്പുണ്യവുമുള്ളവക്കു ശാസ്ത്രപരിചയവും മറ്റും കുറച്ചു കുറവായിരുന്നാലും അബദ്ധമൊന്നും വരുവാനുള്ളതല്ല. ഗ്രന്ഥപരിചയവും കൈപ്പുണ്യവുമുള്ളവക്കു ശാസ്ത്രജ്ഞാനവും യുക്തിയും ബുദ്ധിയും കൂടിയുണ്ടായിരുന്നാൽ പിന്നത്തെക്കഥ [illegible]

Digitised By Kerala Sahitya Akademi

അച്ഛൻവൈദ്യന്മാരിൽ അദ്വിതീയന്മാരെന്നു പണ്ടേക്കുപണ്ടേ പ്രസിദ്ധന്മാരായിരിക്കുന്ന വയക്കരെ മൂസ്സന്മാർക്കു മേല്പറഞ്ഞ വയെല്ലാം പൂർണ്ണമായിട്ടുള്ളതിനാലാണ് അവർ സർവ്വാൽകർഷണം വഹിക്കുന്നത്. ഇങ്ങിനെ ദിഗ്വിജയം കഴിഞ്ഞുപോയ ആത്മൻ നാരായണൻമൂസ്സ് അവർകളുടെ അച്ഛനായ അച്ഛൻമൂസ്സ് അവർകളുടെ ചില അത്ഭുതകർമ്മങ്ങളെ താഴെ പ്രസ്താവിക്കുന്നു. കേവലം കേട്ടുകേൾവിയേ മാത്രം അടിസ്ഥാനപ്പെടുത്തിയെഴുന്നള്ളുന്ന ഈ വക ഐതിഹ്യങ്ങളുടെ വാസ്തവാവസ്തവത്തെപ്പറ്റി അധികം ആലോചിക്കണമെന്നില്ല. "മഹാത്മാക്കളെന്തു ചെയ്യരുത്?" എന്നു മാത്രം വിചാരിച്ചാൽ മതി.

൧. ഒരാൾക്കു മലവും മൂത്രവും പോകാതെ വയറു വല്ലാതെ അടച്ചുവീർത്തു വേദന സഹിക്കവയ്യാതെയായിത്തീർന്നു. വേദനയുടെ ശക്തികൊണ്ടു കിടക്കുവാനുമിരിക്കുവാനും ഉണ്ണുവാനുമുറങ്ങുവാനും എന്തുവേണ്ടു, യാതൊന്നും വയ്യാതെയായി രോഗി ഉറക്കെ നിലവിളിച്ചുകൊണ്ടു കിടന്നുരുണ്ടുതുടങ്ങി. പല വൈദ്യന്മാർ വന്നു കാണുകയും പല പ്രയോഗങ്ങൾ ചെയ്തുനോക്കുകയുമൊക്കെ ചെയ്തിട്ടും ഒരു ഫലവുമുണ്ടായില്ല. മരിച്ചുപോകുമെന്നുതന്നെ രോഗിയും വൈദ്യന്മാരും ശേഷമുള്ളവരും എല്ലാം നിർച്ചപ്പെടുത്തി. എങ്കിലും വയക്കരെ അച്ഛൻമൂസ്സിന്റെ അടുക്കൽകൂടി ഒന്നുപോയി പറഞ്ഞുനോക്കാം എന്നു വിചാരിച്ച രോഗിയുടെ അനന്തിരവൻ വയക്കരെ എത്തി. അതു ദീനം തുടങ്ങിയതിന്റെ പിറേറദിവസം രാവിലെ ആയിരുന്നു. അപ്പോൾ അച്ഛൻമൂസ്സ് വാലിയക്കാർ കാക്കരുതു കക്ഷത്തിടുന്നതു പോലെ എന്തോ പറഞ്ഞുകൊണ്ടു നില്ക്കുകയായിരുന്നു. ഈ പ്രയാസമായ അവിടെച്ചെന്നു കണ്ടു ദീനത്തിന്റെ വിവരമെല്ലാം അറിയിച്ചു. ഉടനെ അച്ഛൻമൂസ്സ് അവിടെക്കിടന്നിരുന്ന മത്തങ്ങായുടെ ഒരു ഞെട്ടി (ഞെടുപ്പ്) എടുത്തുകൊടുത്തിട്ട് "ഇതു കൊണ്ടുപോയി കാഞ്ഞവെള്ളത്തിൽ അരച്ചു കലക്കികൊടുത്താൽ മതി" എന്നു പറഞ്ഞു. അയാൾ അതു ഭക്തിയോടുകൂടി വാങ്ങിക്കൊണ്ടുപോയി, അവിടുന്നു പറഞ്ഞതുപോലെ അതിൽ പകുതിയെടുത്തു കാഞ്ഞവെള്ളത്തിൽ അരച്ചു കലക്കി രോഗിക്കു കൊടുത്തു. അതു കുടിച്ചു മാത്രമേരം കഴിഞ്ഞപ്പോൾ മലവും മൂത്രവും ഒഴിയുകയും സകല വേദനകളും മാറി രോഗിക്കു നല്ല സുഖമാകയും ചെയ്തു. എങ്കിലും മലവും മൂത്രവും പോയിത്തുടങ്ങീട്ടു വിട്ടാതെ സദാ പൊയ്ക്കൊണ്ടിരുന്നു. നേരം വെകിയപ്പോഴേക്കും മൂത്രംപോക്കു നിന്നു. വയറിളകി പിന്നെയും പൊയ്ക്കൊണ്ടുതന്നെയിരുന്നു. അതും ക്രമേണ നിന്നോളുമെന്നു വിചാരിച്ച് അന്നത്തെ അങ്ങിനെ കഴിഞ്ഞു. പിറേറദിവസമായപ്പോഴേക്കും വയറ്റിൽനിന്നു പോക്കു കുറച്ചുകൂടി അധികമായി. അപ്പോഴേക്കും രോഗിക്കു ക്ഷീണവും പരവശ്യവും കലശലായി. ഉടനെ രോഗിയുടെ അനന്തിരവൻ ഓടി പിന്നെയും അച്ഛൻമൂസ്സിന്റെ അടുക്കലെത്തി വിവരം

Digitised By Kerala Sahitya Akademi

അറിയിച്ചു. അപ്പോൾ അച്ചൻമൂസ്സ് "ആ തന്നയച്ച മരുന്നു മുഴുവനും അരച്ചു കലക്കിക്കൊടുത്തുവോ?" എന്നു ചോദിച്ചു. "ഇല്ല. പകുതിയേ കൊടുത്തുള്ളൂ. ശേഷം ഇരിക്കുന്നുണ്ട്" എന്ന് ഈ വൈദ്യന്മാരോടു അറിയിച്ചു. "എന്നാൽ ശേഷമുള്ളതുകൂടി അരച്ചു കലക്കിക്കൊടുത്തേക്കൂ. സുഖമാവും" എന്നു അച്ചൻമൂസ്സു പറഞ്ഞു. ഉടനെ അയാൾ ചെന്നു മത്തങ്ങായുടെ ഞെട്ടിശേഷമുണ്ടായിരുന്നതുകൂടി കാഞ്ഞിരവെള്ളത്തിൽ അരച്ചു കലക്കിക്കൊടുത്തു. അതു കുടിച്ചപ്പോഴുണ്ടായ വയറിൽനിന്നു പോക്കുനിന്നു. പിന്നെ മലമൂത്രങ്ങൾ പരിപൂർണ്ണമായി പോയിത്തുടങ്ങുകയും ക്രമേണ രോഗിയുടെ രൂപം മാറി സുഖമാകയും ചെയ്തു.

൨. ഒരു സ്ത്രീക്ക് ഒരു വയറുവേദന തുടങ്ങി പല വൈദ്യന്മാരുടെ ചികിത്സകൾ ചെയ്തിട്ടും ഒരു ഭേദവുമുണ്ടായില്ല. അടിവയറ്റിൽനിന്നു പന്തുപോലെ എന്തോ ഒരു സാധനം മേല്പട്ടു കയറിവരികയും വയറിലൊക്കെ ഉരുണ്ടുരുണ്ടു നടക്കുകയുമാണു് ദീനത്തിന്റെ സ്വഭാവം. ചിലപ്പോൾ അതു മേല്പട്ടു നെഞ്ചുവരെ കേറും. അപ്പോഴാണ് സഹിക്കാൻ പാടില്ലാത്ത വേദന. വയറ്റിൽ ഉരുണ്ടു വടക്കുഭാഗം കല്പശലായിട്ടു വേദനയുണ്ട്. എങ്കിലും ആ വേദന അതു മേല്പട്ടു കേറുമ്പോഴത്തേപ്പോലെ ഇല്ല. ചിലപ്പോൾ അതു അടിവയറ്റിൽ അമർന്നുകിടക്കും. അപ്പോൾ വേദനയൊന്നുമില്ല. ഈ ദിനം അസാദ്ധ്യം തന്നെയാണെന്നു സകല വൈദ്യന്മാരും തീർച്ചപ്പെടുത്തി പിൻമാറിയതിന്റെ ശേഷം രോഗിണി സഹായക്കാരോടുകൂടി വയക്കരെ അച്ചൻമൂസ്സിന്റെ അടുക്കലെത്തി, ദീനത്തിന്റെ സ്വഭാവവും അതുവരെ ചെയ്തിട്ടുള്ള ചികിത്സകളുടെ വിവരങ്ങളും എല്ലാം അറിയിച്ചു. അച്ചൻമൂസ്സ് എല്ലാം കേട്ടു ധരിത്രിയുടെശേഷം "ഒരു ചെറിയ മൂണ്ടലും ഒരു ചരടും ഒരു വാഴപ്പഴവും ഒരു പാത്രത്തിൽ കുറെ വെള്ളവും കൊണ്ടുവരുവാൻ" പറഞ്ഞു. ഉടനെ അവർ അതെല്ലാം അവിടെ ഹാജരാക്കി. ദീനക്കാർ വന്നാൽ വല്ലതും മരുന്നു കൊടുക്കുകയോ കുറിച്ചു കൊടുക്കുകയോ ആണല്ലൊ സാധാരണ പതിവ്. അങ്ങിനെയൊന്നുമല്ലാതെ അച്ചൻമൂസ്സ് ഇങ്ങിനെ പറഞ്ഞപ്പോൾ അതെന്ന ഇവിടെ എന്തെങ്കിലും വിശേഷവിദ്യകളുണ്ടാകുമെന്നു് അവിടെയുണ്ടായിരുന്ന മറ്റാരുക്കും നിശ്ചയിച്ചു. ഈ വർത്തമാനം കേട്ടുകൊണ്ടിരുന്ന രോഗിണിയുടെ പുറത്തു മുറത്തു് രണ്ടു സംബന്ധക്കാരുണ്ടായിരുന്നു. ഇവിടെയിരുന്നു ഉണ്ടാകുന്നതു് എന്തൊരു വിദ്യയായിരിക്കുമെന്നു നിരീക്ഷിച്ചുകൊണ്ട് എല്ലാവരും അങ്ങിനെ നിലയായി. രോഗിണി [illegible] മുറത്തു കിടന്നുരുളുന്നു. അപ്പോൾ അച്ചൻമൂസ്സ് ഒരു ചരടു മൂണ്ടലിന്റെ കുഴയിൽ കോർത്തു മുകളിൽ കെട്ടാൻ പറഞ്ഞതു. രോഗിണിയുടെ കൂടെയുണ്ടായിരുന്നയാൾ അപ്രകാരം ചെയ്തു. പിന്നെ ആ പഴത്തിന്റെ

Digitised By Kerala Sahitya Akademi

തൊണ്ട (തൊലി) കളഞ്ഞിട്ട് മൂണ്ടൽ ആ പഴത്തിനകത്തു കടത്താൻ അച്ഛൻമൂസ്സു പറയുകയും മറിയാമ അപ്രകാരം ചെയ്കയും ചെയ്തു. പിന്നെ അച്ഛൻമൂസ്സ് രോഗിണിയോട് ആ പഴം വായിലിട്ടു വിഴുങ്ങാൻ പറഞ്ഞു. രോഗിണി പഴം വാങ്ങി വായിലിട്ടു വിഴുങ്ങി. ഒരു മാത്രനേരം കഴിഞ്ഞപ്പോൾ അച്ഛൻമൂസ്സുതന്നെ രോഗിണിയുടെ അടുക്കൽചെന്ന വായപൊളിച്ചുകൊണ്ടിരിക്കാൻ പറഞ്ഞു. അവൾ അങ്ങിനെ ഇരുന്നു. അച്ഛൻമൂസ്സ് ഇടത്തുകൈകൊണ്ടു രോഗിണിയുടെ മൂക്കു പൊത്തിപ്പിടിച്ചുകൊണ്ടു വലത്തുകൈകൊണ്ടു മൂണ്ടൽ ചരടുപിടിച്ചു പതുക്കെ വലിച്ചുതുടങ്ങി. ഉടനെ സ്ത്രീ ഒന്നനക്കാനിച്ചു. അതോടുകൂടി അച്ഛൻമൂസ്സു ചരടുപിടിച്ച് ഒരു വലിയും വലിച്ചു. ചരടു വലിച്ചെടുത്തപ്പോൾ ചരടിന്റെ അറ്റത്തു മൂണ്ടൽ വിഴുങ്ങിക്കൊണ്ടു ചെറിയ ആമയോളമുള്ള ഒരു ജന്തു തൂങ്ങിക്കിടക്കുന്നതായി കാണപ്പെട്ടു. ആ ജന്തുവിനെ ആ പാത്രത്തിൽ കൊണ്ടുവന്നു വെച്ചിരുന്ന വെള്ളത്തിലിട്ടു. ആമയപ്പോലെ കുറച്ചുനേരം നീന്തിനടക്കുകയും ഉടനെ മരിച്ചുപോവുകയും ചെയ്തു. ഇതെല്ലാം കണ്ടു നിന്നിരുന്നവർക്കുണ്ടായ വിസ്മയം ഇത്രമാത്രമെന്നു പറയണമെന്നില്ലല്ലോ. ഈ ജന്തു പുറത്തു പോന്നതിനോടുകൂടി സ്ത്രീയുടെ സകല വേദനകളും മാറി അവൾ സ്വസ്ഥതയെ പ്രാപിച്ചു. എല്ലാവരും അച്ഛൻമൂസ്സിനെ വന്ദിച്ചു പുകഴ്ത്തിക്കൊണ്ടു പോവുകയും ചെയ്തു.

൩. ദേഹത്തിന്റെ സ്ഥൗല്യം നിമിത്തം ഇരിക്കാനും നില്ക്കാനും നടക്കാനും കിടക്കാനും നിവൃത്തിയില്ലാതെയായിത്തീർന്ന ഒരു മാപ്പിള ഒരിക്കൽ അച്ഛൻമൂസ്സുവർകളുടെ അടുക്കൽ വരികയുണ്ടായി. അയാൾക്കു ശരീരം ക്രമത്തിലധികം തടിച്ചുപോയതുകൊണ്ടുള്ള അസൗകര്യമല്ലാതെ വേറെ യാതൊരു സുഖക്കേടുമില്ല. സാമാന്യത്തിലധികം തടിച്ചുകഴിഞ്ഞിട്ടു പിന്നെയും ദിവസംപ്രതിയെന്നപോലെ സ്ഥൗല്യം വർദ്ധിച്ചുകൊണ്ടുമിരുന്നതിനാൽ അയാൾ പല വൈദ്യന്മാരെക്കാണുകയും പല ചികിത്സകൾ ചെയ്കയും ചെയ്തിട്ട് ഒരു ഫലവും കാണാഞ്ഞതിനാലാണ് ഒടുക്കം വയക്കരെ വന്നത്. "കാര്യമേവ വയം സ്ഥൗല്യാന്നഹി സ്ഥൂലസ്യ മേഷജം" എന്നുള്ളതിനാൽ വൈദ്യന്മാരുടെ ചികിത്സകൾ ഫലിക്കാഞ്ഞതിൽ അത്ഭുതപ്പെടാനുമില്ല.

അച്ഛൻമൂസ്സുവർകൾ വിവരമെല്ലാം കേട്ടതിന്റെ ശേഷം രോഗിയുടെ ആപാദമൂർദ്ധം രണ്ടുമൂന്നു പ്രാവശ്യം സൂക്ഷിച്ചുനോക്കീട്ട് "നിനക്കിപ്പോൾ ചികിത്സയൊന്നും ചെയ്യണമെന്നില്ല. മുപ്പത്തുദിവസത്തിനകം നീ മരിച്ചുപോകും. മരണലക്ഷണങ്ങൾ പൂർണ്ണമായിട്ടുകാണുന്നുണ്ട്". ഈശ്വരകാരുണ്യംകൊണ്ടും ആയുസ്സിന്റെ ബലംകൊണ്ടും ഒരു വേള മരിക്കാതെയിരിക്കുകയാണെങ്കിൽ ഒരു മാസം കഴിഞ്ഞിട്ട് ഇവിടെ വന്നാൽ വല്ലതും ചികിത്സ നിശ്ചയിക്കാം. അല്ലാതെ ഇപ്പോളൊന്നും നിശ്ച

Digitised By Kerala Sahitya Akademi

യിക്കാനില്ല" എന്ന പറഞ്ഞു. ഇതു കേട്ടപ്പോൾത്തന്നെ മാപ്പിളയുടെ മനസ്സിൽ വല്ലാതെ ഒരു വ്യസനവും ആധിയുമുണ്ടായി പെട്ടെന്ന് അയാൾ മൂക്കരിച്ചു വീണു. വയക്കരെയച്ചൻമൂസ്സുവർകൾ പറഞ്ഞാൽപിന്നെ അതിനു കടുകിടയ്ക്കു വ്യത്യാസം പരികപിച്ചില്ലെന്നുള്ളതു പ്രസിദ്ധവും എല്ലാവക്കും അൻഭവസിദ്ധവുമാണ്. അങ്ങിനെയിരിക്കുന്ന അവിടുന്ന് ഇപ്രകാരം പറഞ്ഞാൽ ആക്കാണ് വ്യസനമുണ്ടാകാത്തത്? മരണഭയമെന്നുള്ളതു് എല്ലാവക്കുമുള്ളതാണല്ലൊ.

മൂന്നുനാക്കാൽ നാഴിക കഴിഞ്ഞപ്പോൾ മാപ്പിളയ്ക്കു ബോധംവീണു. ഉടനെ കൂടെയുണ്ടായിരുന്നവരിൽ അഞ്ചാറുപേരുകൂടി ഒരുവിധമെടുത്തു തോണിയിലാക്കിക്കൊണ്ടുപോവുകയും ചെയ്തു. വീട്ടിൽ എത്തിയതിന്റെ ശേഷം മാപ്പിളയ്ക്കു കഞ്ഞിക്കും ചോറിനും ഒന്നിനും രുചിയുമില്ല, ഉറക്കവുമില്ല, ഒരു കാര്യത്തിലും ഒരുത്സാഹവും മനസ്സുമില്ലെന്നുള്ള സ്ഥിതിയിലായിത്തീർന്നു. ഭാര്യയും പുത്രന്മാരും വളരെ നിർബന്ധിച്ചാൽ കുറച്ചു കഞ്ഞി കുടിക്കും. അല്ലാതെ അയാളുടെ മനസ്സാലെ സ്നാനാശനാദികൾ ഒന്നും തന്നെയില്ലാതെയായിതീർന്നു. ക്രമേണ ദേഹം ചടച്ചുതുടങ്ങുകയും ചെയ്തു. എന്തിനു വളരെപ്പറയുന്നു? ഒരു കുട്ടിയാനയേപ്പോലെയിരുന്ന ആ കുറുൻ ഇങ്ങിനെ ഒരുമാസം കഴിഞ്ഞപ്പോഴേക്കും കൃശശരീരനായ ഒരു മനുഷ്യന്റെ ആകൃതിയായിത്തീർന്നു ഒരു മാസം കഴിഞ്ഞപ്പോൾ ഇനി ഇപ്പോൾ മരിച്ചുപോവുകില്ലായിരിക്കുമെന്നുള്ള ഒരു വിചാരവും മാപ്പിളയുടെ മനസ്സിൽ ഉണ്ടായിത്തുടങ്ങി. ക്ഷീണം നല്ലപോലെയുണ്ടെങ്കിലും ആയാൾക്ക് എണീറ്റു നടക്കുന്നതിനും മറ്റും യാതൊരസ്വാധീനവും ഇല്ലാതെയാവുകയും ചെയ്തു. എങ്കിലും "ഒരു മാസം കഴിഞ്ഞിട്ടു മരിച്ചില്ലെങ്കിൽ പിന്നെയും ചെല്ലുന്നതെന്നാണല്ലൊ വയക്കരെത്തിരുമേനി കല്പിച്ചിരിക്കുന്നത്. അതിനാൽ ഒന്നുകൂടി പോകണം" എന്നു നിശ്ചയിച്ച് അയാൾ പരിവാരസമേതം വീണ്ടും അച്ചൻമൂസ്സ് അവർകളുടെ അടുക്കലെത്തി വിവരമെല്ലാം അറിയിച്ചു. അപ്പോൾ അവിടുന്നു "നീ ഇനി ഇപ്പോഴെങ്ങും മരിച്ചുപോവുകയില്ല. ഞാനാണ് അങ്ങിനെ പറഞ്ഞതു മരിച്ചുപോകുമെന്നു വിചാരിച്ചിട്ടുമല്ല. ചടച്ചവരുടെ ദേഹം തടിക്കാനല്ലാതെ തടിച്ചവരുടെ ദേഹം ചടയ്ക്കാൻ ചികിത്സയൊന്നുമില്ല. പിന്നെ ദേഹം ചടയ്ക്കുന്നതിനു മനോവിചാരംതന്നെയാണ് ചികിത്സ. മരണഭയം വിചാരം ഉണ്ടാകുന്നതിലധികം പ്രബലമായ മനോവിചാരമുണ്ടാകാൻതരമില്ലല്ലൊ. അതിനാൽ അന്ന് അങ്ങിനെ പറഞ്ഞതു് ഒരു ചികിത്സയാണെന്നു വിചാരിച്ചാൽമതി. ആ ചികിത്സ ഫലിക്കുകയും ചെയ്തുവല്ലൊ. ഇപ്പോൾ ദേഹത്തിന്റെ സ്ഥിതിക്കുറവൊക്കെ മാറിയില്ലെ? പിന്നെ ക്ഷീണമൊന്നുമില്ലാതായതിനാൽ ഇനി ചികിത്സയൊന്നും വേണമെന്നില്ല. ഇനിയും പണ്ടത്തപ്പോലെ ദേഹം തടിക്കാതെ സൂക്ഷിക്കുക മാത്രം ചെയ്താൽ മതി. താങ്കൾ പരിവാരസമേതം ദേഹം

Digitised By Kerala Sahitya Akademi

നല്ലപോലെ വിയക്കത്തക്കവണ്ണം വല്ലതും അദ്ധ്വാനം ചെയ്തുകൊണ്ടിരുന്നാൽ മതിയാകും. സന്തതിയും സമ്പത്തും ധാരാളമുണ്ടായിരിക്കുക; മനോവിചാരത്തിനു കാരണമൊന്നുമില്ലാതെയിരിക്കുക; സുഖമായി യഥേഷ്ടം ഭക്ഷണവും കഴിച്ചു് അദ്ധ്വാനമൊന്നും ചെയ്യാതെ സുഖമായിരിക്കുക ഇതൊക്കെക്കൊണ്ടാണു് പലരും ക്രമത്തിലധികം തടിക്കുന്നത്. ശക്തിക്കു തക്കവണ്ണം വ്യായാമം മനുഷ്യർക്ക് അത്യാവശ്യകമാണ് അതു പതിവായി ചെയ്തുകൊണ്ടാൽ സുഖമായിരിക്കാം. അതിനാൽ ഇനി പതിവായി അദ്ധ്വാനം ചെയ്തുകൊണ്ടിരുന്നാൽ മതി" എന്നു പറഞ്ഞു. ഇതുകേട്ടു മാപ്പിള വല്ലരെ സന്തോഷിച്ചു പോവുകയും പതിവായി വ്യായാമം ചെയ്തുകൊണ്ട് ആജീവനാന്തം സുഖമായി ഇരിക്കുകയും ചെയ്തു.

൪. ഒരിക്കൽ ഒരു സ്ത്രീക്കു പ്രസവവേദനയാരംഭിച്ചതിന്റെ ശേഷം നാലഞ്ചു ദിവസം കഴിഞ്ഞിട്ടും പ്രസവിച്ചില്ല. അഞ്ചാംദിവസം പ്രജയുടെ ഒരു കാലിന്റെ അറ്റം പുറത്തു കാണായി. സാധാരണ പ്രസവത്തിൽ കുട്ടിയുടെ ശിരസ്സാണല്ലൊ ആദ്യം കാണപ്പെടുന്നത്. അങ്ങിനെയല്ലാതെ ആദ്യം കാൽ പുറത്തുവന്നു കണ്ടതിനാൽ വയറാട്ടിലുള്ള പരിഭ്രമവും വ്യസനവുമായി. അക്കാലത്തു സൂതികർമ്മാണികളും അപ്പോത്തിക്കരിമാരും മറ്റും ഈ ദിക്കുകളിൽ ഇല്ലാതിരുന്നതിനാൽ ഇങ്ങിനെയുള്ള സംഗതികളിൽ നാട്ടുകാർക്കു വാട്ടവൈദ്യന്മാരല്ലാതെ ഒരു ശരണവുമില്ലായിരുന്നുവല്ലൊ. അതിനാൽ സ്ത്രീയുടെ ഉടമസ്ഥന്മാർ ഓടി വയക്കരെയെത്തി, വിവരം അച്ഛൻമൂസ്സുവരുകളുടെ അടുക്കൽ അറിയിച്ചു. അച്ഛൻമൂസ്സുവർകൾ കുറച്ചാലോചിച്ചിട്ട് "ഒരു ബ്രാഹ്മണസ്ത്രീയെ പ്രാപിക്കുന്നതിലധികം വല്ലതും തീയത്തു കാണിച്ചു നല്ലപോലെ കഴുവിച്ച് ആ കുട്ടിയുടെ കയ്യിലമൽ വെച്ചാൽ മതി" എന്നു പറഞ്ഞു. സ്ത്രീയുടെ ഉടമസ്ഥന്മാർക്ക് അങ്ങിനെ ചെയ്യാൻ വല്ലമായ്മയില്ലായിരുന്നു. വീട്ടിലും വേറെ മാറ്റുമൊന്നും ഇല്ലാതിരുന്നതിനാലും അച്ഛൻമൂസ്സുവർകൾ പറഞ്ഞിട്ടു ചെയ്താൽ ഒന്നും അപകടമായി വരികയില്ലല്ലൊ എന്നു വിശ്വസിച്ചുകൊണ്ടും അവർ അങ്ങിനെ ചെയ്തു. ഇരുമ്പു കഴുവിച്ചു വെച്ച ഉടനെ പിന്നെ കൈ അകത്തേക്കു വലിച്ചു. മാത്രമല്ല കഴിഞ്ഞതിനുശേഷം സ്ത്രീ ശുഭപ്രകാരം പ്രസവിക്കുകയും ചെയ്തു. തള്ളയ്ക്കും പിള്ളയ്ക്കും യാതൊരു തരക്കേടും പറ്റിയില്ല. കുട്ടിയുടെ കൈ പൊള്ളിയിരുന്നു. ഈ വിവരം പിന്നെ അച്ഛൻമൂസ്സുവകളുടെ അടുക്കൽ അറിയിക്കുകയും അതിനു പ്രതിവിധി ചികിത്സകൾ അവിടുന്നു നിശ്ചയിച്ചു പറയുകയും അതിനുപ്രകാരം ചെയ്തുവരികയും കുട്ടിക്കു സുഖമാവുകയും ചെയ്തു.

൫. വേറൊരു സ്ത്രീ ഒരിയൽ പ്രസവവേദന ആരംഭിച്ചു നാലഞ്ചു ദിവസം കഴിഞ്ഞിട്ടും പ്രസവിച്ചില്ല. വിവരം അച്ഛൻമൂസ്സുവർകളുടെ അടുക്കൽ അറിയിച്ചു. "സ്ത്രീയെ ഒന്നും കാണാതെ ഒന്നും ചെയ്യാൻ

Digitised By Kerala Sahitya Akademi

നിവൃത്തിയില്ല. പ്രസവവേദന ആരംഭിച്ചിരിക്കുന്ന സ്ഥിതിക്കു സ്ത്രീയെ ഇങ്ങോട്ടു കൊണ്ടുവരുവാൻ നിവൃത്തിയില്ലല്ലൊ. ഞാൻ അങ്ങോട്ടു വന്നു നോക്കാം" എന്ന് അച്ചൻമൂസ്സുവർകൾ പറഞ്ഞു. ഉടനെ സ്ത്രീയുടെ ഉടമസ്ഥന്മാർ ഒരു മഞ്ചൽ കൊണ്ടുവന്ന് അച്ചൻമൂസ്സുവർകളെ അതിൽ കയറ്റിക്കൊണ്ടുപോയി. അവിടുന്ന് അവിടെയെത്തി, സൂതികാഗൃഹത്തിൽ കടന്നു, സ്ത്രീയുടെ വയറ് ആകപ്പാടെ കൈകൊണ്ട് ഒന്നു തടവിനോക്കിയതിനെറ ശേഷം ഒരു സൂചി കൊണ്ടുവരുവാൻ പറഞ്ഞു. ഓടനെ ഒരാൾ ഒരു സൂചി കൊണ്ടുചെന്നുകൊടുത്തു. അവിടുന്നു സൂചിയെടുത്തു സ്ത്രീയുടെ വയറത്ത് ഒരു വശത്തായിട്ട് ഒരു കുത്തുകൊടുത്ത ഉടനെ പുറത്തേക്കു പോരികയും ചെയ്തു. സപ്പുസമയം കഴിഞ്ഞതപ്പോൾ സ്ത്രീ പ്രസവിച്ചു! അപ്പോൾ അച്ചൻമൂസ്സുവർകൾ "കുട്ടി തള്ളയുടെ കുടൽ വള്ളിയിൽ മുറുകെപ്പിടിച്ചിരുന്നു. ആ പിടുത്തം വിടാഞ്ഞിയാലാണ് പ്രസവത്തിനു താമസം വന്നത്. സൂചികൊണ്ടു കുത്തിയ കുത്തു കൊണ്ടപ്പോൾ കുട്ടി പിടി വിട്ടു. ഉടനെ പ്രസവിക്കുകയും ചെയ്തു. സൂക്ഷിച്ചുനോക്കിയാൽ സൂചികൊണ്ടു കുത്തിയ മുറിവു കുട്ടിയുടെ കയ്യിമേൽ കാണുമായിരിക്കും" എന്നു പറഞ്ഞു. കുട്ടിയേ കുളിപ്പിച്ചതിന്റെ ശേഷം പരിശോധിച്ചപ്പോൾ കുട്ടിയുടെ കയ്യിന്റെ പ്രതിക്കു ചോരത്തുള്ളി തുറിച്ചുനില്ക്കുന്നതായ സൂചിപ്പഴുത കാണുകയും ചെയ്തു. പിന്നെ അച്ചൻമൂസ്സുവർകൾ ഒരു പച്ചയില പറിച്ചു പിഴിഞ്ഞുകൊടുത്തു കുട്ടിയുടെ കയ്യിന്മേലും തള്ളയുടെ വയറത്തുമുള്ള മുറിവുകളിൽ പുരട്ടുവാൻ പറഞ്ഞു. അതു പുരട്ടിയപ്പോൾ ആ മുറിവുകളുടെ പാടുപോലും കാണാനില്ലാത്ത വിധത്തിൽ മായുകയും ഇങ്ങിനെ തള്ളയും പിള്ളയും രക്ഷപ്പെടുകയും ചെയ്തു.

൩. ഒരിക്കൽ വാതരോഗിയും വയറ്റിൽ വേദനക്കാരനുമായ ഒരാൾ പല ചികിത്സകരെ കൊണ്ടിട്ടും സുഖം കാണായ്കയാൽ വയക്കരെ അച്ചൻമൂസ്സ് അവർകളുടെ അടുക്കൽ വന്ന വിവരം അറിയിച്ചു. ആ രോഗി ചെത്തുന്നാർക്കാരനോ മറോ ആണെന്നാണ് കേട്ടിട്ടുള്ളത്. ഭിഷഗ്വരന്റെ വിവരമെല്ലാം കേട്ടപ്പോൾ അച്ചൻമൂസ്സ് അവർകൾ "നിങ്ങളുടെ ചികിത്സ മതിയാം വണ്ണം ധാരാളം കിട്ടുകില്ലേ?" എന്നു ചോദിച്ചു. രോഗി "ധാരാളം കിട്ടും. അടിയനു തന്നെ ആണ്ടുതോറും ഇരുനൂറുപറ മതിയായിൽ കുറയാതെ കിട്ടുന്നുണ്ട്" എന്നു പറഞ്ഞു. "എന്നാൽ മതിയ വറുത്തു കുത്തി പരിപ്പാക്കി, അതു കുറേശ്ശ പുഴുങ്ങി, ദിവസത്തോറും രാവിലെ അതും കൂട്ടി കഞ്ഞി കുടിച്ചാൽ മതി" എന്നു പറഞ്ഞു. ഇതു കേട്ട രോഗിക്കു ഒട്ടും തൃപ്തിയായില്ല. എങ്കിലും അവിടുത്തെ അടുക്കൽ ഒന്നും മരുന്നുപറയാൻ പാടില്ലല്ലൊ എന്നു വിചാരിച്ച് ഒന്നും മിണ്ടാതെ കുണ്ഠിതത്തോടുകൂടി തിരിച്ചുപോയി. വീട്ടിൽ ചെന്നപ്പോൾ അയാളുടെ ഭാര്യ ചികിത്സയുടെ വിവരം ചോദിച്ചു. അപ്പോൾ രോ

Digitised By Kerala Sahitya Akademi

ഗി "എൻ്റാ ദിനം ഭേദമാകുന്നതാണെന്നു തോന്നുന്നില്ല. കുതിരകളെ പ്പോലെ ദിവസന്തോറും ഞാൻ കാണും വുഴങ്ങിത്തിന്നാറാണ് അവിടു ന്നു കല്പിച്ചത്. ഭേദപ്പെടുന്ന ദിനമാണെങ്കിൽ അവിടുന്ന് അങ്ങിനെ കല്പിക്കുകയില്ലല്ലൊ. ഞാൻ അവിടെ ചെന്നപ്പോൾ അനേകം രോഗി കൾ അവിടെ കൂടിയിരുന്നു. അവരെക്കൊക്കെ കഷായത്തിനും മറ്റും പാ ത്തിക്കൊടുക്കുകയും ചിലർക്കു മരുന്നുകൾ കൊടുക്കുകയും മറ്റും ചെയ്തു. ഏ ന്നോടു മാത്രം ഇങ്ങിനെ കല്പിച്ച സ്ഥിതിക്ക് എൻ്റെ ദീനം മാറുന്നതു ല്ലെന്നു നിശ്ചയിക്കാം" എന്നുപറഞ്ഞു. അപ്പോൾ ഭാര്യ "അങ്ങിനെ നി ശ്ചയിക്കാൻ പാടില്ല. ഏതായാലും അവിടുന്നു കല്പിച്ചതുപോലെ കുറ ച്ചു ദിവസം ചെയ്തു നോക്കണം. ഭേദമായില്ലെങ്കിൽ വേണ്ട. ഇതുചെയ്തു തുകൊണ്ടു നമുക്കു വിഷമമൊന്നും വരാനില്ലല്ലൊ" എന്നു പറഞ്ഞു. "ഏ ന്നാലങ്ങിനെയാവട്ടെ" എന്നു രോഗിയും സമ്മതിച്ചു. അച്ഛൻമൂസ്സ് അവർകൾ പറഞ്ഞതുപോലെ പത്തു പന്ത്രണ്ടു ദിവസം ചെയ്തപ്പോൾ രോഗിക്കു കുറച്ചു സുഖമുണ്ടെന്നു തോന്നുകയാൽ നാല്പതു ദിവ സം മുടങ്ങാതെ അങ്ങിനെ ചെയ്തു. അപ്പോൾ രോഗി സകല സുഖ ക്കേടുകളും മാറി സ്വസ്ഥതയെ പ്രാപിക്കുകയും ചെയ്തു.

൬. ഒരിക്കൽ ഒരു സ്ത്രീ തൻ്റെ ഗൃഹത്തിലുള്ള ഉത്തരത്തിൽ നി ന്ന് ഏതോ ഒരു സാധനം എടുക്കുന്നതിനായി വലതുകൈ കയറ്റി. പി ന്നെ ആ കൈ ഏതായാലും മേല്പോട്ടു തന്നെ നിലനിൽക്കുന്നതല്ലാതെ കീഴ്പ ട്ടിടാൻ വയ്യാതെയായിത്തീർന്നു. പല വൈദ്യന്മാർ പല ചികിത്സകൾ ചെയ്തു. ഞരമ്പിൻ്റെ നിശ്ചയമുള്ളവരായ തിരുമ്മുകാരേക്കൊണ്ടു തിരു മ്മിച്ചു നോക്കി. ചിലർ ഈ രോഗം വാതസംബന്ധമായിട്ടുള്ളതാണെന്നും മറ്റു ചിലർ ഞരമ്പു പിണങ്ങിപ്പോയതാണെന്നും വേറെ ചിലർ ഇതൊ രു ഭേദവുമില്ലാതെ ശരിയാണെന്നും മറ്റും അഭിപ്രായപ്പെട്ടു. പല ചികിത്സക ളും മന്ത്രവാദങ്ങളുമൊക്കെ ചെയ്തിട്ടും ഒരു ഭേദവുമുണ്ടായില്ല. സ്ത്രീയുടെ കൈ യാതൊരു മേല്പോട്ടുതന്നെന്നു നിന്നതല്ലാതെ കീഴ്പോട്ടു വന്നില്ല. ഒടുക്കം ആ സ്ത്രീയെ വയക്കരെ അപ്പൻമൂസ്സവർകളുടെ അടുക്കൽ കൊണ്ടുവന്നു കാ ണിച്ചു വിവരമൊക്കെപ്പറഞ്ഞു. അപ്പൻമൂസ്സവർകൾ കുറച്ചുനേരം ത ൻ്റെ മനസ്സുകൊണ്ടു കുറേ ആലോചിച്ചിട്ട്, ആ സ്ത്രീയെ ഇറയത്തു കേറിനി ന്നാൻ പറഞ്ഞു. സ്ത്രീയുടെ ഭർത്താക്കന്മാർ അപ്രകാരം ചെയ്തു. പിന്നെ ആ സ്ത്രീയുടെ അസാധാരണമല്ലാത്ത ഇടതുകൈ കൊണ്ടു കയറിട്ടു മുറുക്കി പുരയു ടെ മുകളിലത്തെ വള്ളത്തിൽ കെട്ടാൻ പറഞ്ഞു. അതും അങ്ങിനെ ചെയ്തു. അപ്പോൾ വയക്കരെ തൊഴുത്തിൽ മുറത്തിൽ ദീനക്കാരായും മറ്റും വള്ള രെ ആളുകൾ കൂടിയിരുപ്പുണ്ടായിരുന്നു. ഈ സ്ത്രീയുടെകൂടെ അവരുടെ ഭർത്താ വും സമീപവാസികൾ കുറെപേരായി അവരും പലരുണ്ടായിരുന്നു. ഈ ആ ളുകളെല്ലാം നോക്കിക്കൊണ്ടു നിൽക്കുന്ന സ്ഥലത്തുവെച്ചാണ് ഈ വിദ്യ

Digitised By Kerala Sahitya Akademi

കാണിക്കുന്നതെന്നു കൂടി വായനക്കാർ ഓർത്തുകൊള്ളണം. സ്ത്രീയുടെ ഇടത്തേതൈക്കെ മേല്പട്ട പിടിച്ചു കെട്ടിക്കഴിഞ്ഞപ്പോൾ അച്ഛൻമൂസ്സുവർകൾ സ്ത്രീയുടെ ഭർത്താവിനെ വിളിച്ചു് അവൾ ഉടുത്തിരിക്കുന്ന വസ്ത്രം അഴിച്ചു കളയാൻ പറഞ്ഞു. ഇതുകേട്ടപ്പോൾ സ്ത്രീയുടെ ഉടമസ്ഥന്മാർക്കൊക്കെ വളരെ വ്യസനമായി. സ്ത്രീയുടെ കഥ പറയാനുമില്ലല്ലൊ. ഈ ബഹുജനസമക്ഷം ഇങ്ങിനെ പ്രവർത്തിക്കാനും ഇങ്ങിനെ ചെയ്യാൻ മനസ്സില്ലെന്നു് അച്ഛൻമൂസ്സ് അവർകളോടു പറയാനും ധൈര്യമില്ലാതെ സ്ത്രീയുടെ ഭർത്താവും ഉടമസ്ഥന്മാരും അങ്ങിനെ പരുങ്ങിക്കൊണ്ടു നിന്നു. അപ്പോൾ അച്ഛൻമൂസ്സ് അവർകൾ "നിങ്ങൾക്കു മടിയാണെങ്കിൽ ഞാൻതന്നെയാവാം" എന്നും പറഞ്ഞു ചെട്ടനു സ്ത്രീയുടെ അടുക്കലേക്കു ചെന്നു വസ്ത്രത്തിന്റെ തുമ്പത്തു പിടിക്കാനായി ഭാവിക്കുകയും സ്ത്രീയുടെ വലത്തേ കൈ കീഴ്പ്പെട്ടു വരികയും ഒതുമിച്ചു കഴിഞ്ഞു. വസ്ത്രമഴിച്ചപ്പോൾ അഴിച്ചു കളയുമെന്നുള്ള ഭീഷണയപ്പോൾ സ്ത്രീ "അയ്യോ! അരുത്" എന്നു പഠഞ്ഞുകൊണ്ടു വലത്തേതൈക്കൈകൊണ്ടു വസ്ത്രത്തിന്റെ തുമ്പത്തു മുറുകെ പിടിച്ചു. അച്ഛൻമൂസ്സുവർകൾ പിന്നാക്കം പോന്നു യഥാസ്ഥാനം ഇരിയ്ക്കുകയും ചെയ്തു. സ്ത്രീയുടെ കൈ കീഴ്പ്പെട്ടു വന്നതിനോടുകൂടി അതിന്റെ അസ്വാധീനതയും തീർന്നു. പിന്നെ ആ കൈ പൊക്കുകയോ താഴ്ത്തുകയോ എന്തുവേണമെങ്കിലും ഇഷ്ടംപോലെ പ്രവർത്തിക്കാറായി. ഇതു കണ്ടു് എല്ലാവരും വളരെ അത്ഭുതപ്പെട്ടു. സ്ത്രീയുടെ ഇടത്തെ കയ്യിന്റെ കെട്ടഴിച്ചു കൊണ്ടുപൊയ്ക്കൊള്ളുന്നതിനു് അച്ഛൻമൂസ്സുവർകൾ പറയുകയും അവർ കൊണ്ടുപോവുകയും ഇങ്ങിനെ ആ സ്ത്രീ സ്വസ്ഥതയേ പ്രാപിക്കുകയും ചെയ്തു.

വ്യ. ഒരിക്കൽ ഒരു പുരുഷൻ കോട്ടുവായിടുന്നതിനായി വായ പൊളിച്ചിട്ടു പിന്നെ വായ കൂട്ടാൻ പാടില്ലാതെയായിത്തീർന്നു. എല്ലാവരും വായ പൊളിച്ചുകൊണ്ടു തന്നെയിരുന്നു. മുക്കുട്ടം കൂഴമ്പുമൊക്കെ പുരട്ടിത്തിരുമ്മിക്കുകയും മറ്റുപല ചികിത്സകൾ ചെയ്കയും മറ്റും ചെയ്തിട്ടും അയാൾക്കു വായ പൊളിച്ചുപടിതന്നെ ഇരുന്നതല്ലാതെ കൂട്ടാറായില്ല. ഒടുക്കം അയാളെ വയക്കരെ അച്ഛൻമൂസ്സ് അവർകളുടെ അടുക്കൽത്തന്നെ കൊണ്ടുവന്നു. വിവരമെല്ലാം കേട്ടതിന്റെശേഷം അച്ഛൻമൂസ്സ് അവർകൾ അടുത്തു ചെന്നു വലത്തുകൈകൊണ്ടു രോഗിയുടെ താടിക്കു് ഒരു തട്ടം ഇടത്തുകൈകൊണ്ടു മൂർദ്ധാവിൽ ഒരിടിയും ഒതുമിച്ചു വെച്ചുകൊടുത്തു. അത്താടുകൂടി അയാളുടെസുഖക്കേടു ഭേദമായി. വായ യഥാപൂർവ്വം അടയ്ക്കുകയും തുറക്കുകയും ചെയ്യാറായി അയാൾ പോവുകയും ചെയ്തു. ഇങ്ങിനെ അച്ഛൻമൂസ്സ് അവർകളുടെ ദിവ്യതപങ്ങളും അത്ഭുതകർമ്മങ്ങളും പറഞ്ഞാൽ അവസാനമില്ലാതെയുണ്ടു്. ഇതെല്ലാം പ്രധാനമായി അവിടുത്തെ ഗുരുത്വവും കൈവല്യവും കൊണ്ടാ

Digitised By Kerala Sahitya Akademi

ണെന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലൊ. ഈരുതപുള്ളവക്കുത ൽകാലോചിതങ്ങളായ പ്രവൃത്തികളും യുക്തികളും അപ്പോളുപ്പോൾ തോ ന്നിക്കൊള്ളും. കൈപ്പുണ്യമുള്ളവർ എന്തു ചെയ്യാലും ഫലിക്കാതെയിരി ക്കുകയുമില്ലല്ലൊ.

൨൦. കോഴിക്കോട്ടങ്ങാടി.

൨൫ാണ്ടു കോഴിക്കോട്ടു രാജാവിനു രാജ്യാധിപത്യമുണ്ടായിരുന്ന കാ ലത്ത് ഒരിക്കൽ അന്നു നാടുവാണിരുന്ന സാമൂതിരിപ്പാട്ടുതമ്പുരാന്റെ വലത്തേത്തോളിന് ഒരു വേദന തുടങ്ങി. അതു പ്രതിക്ഷണം വർദ്ധിച്ചു വർദ്ധിച്ചു തമ്പുരാനു സഹിക്കവയ്യാതെയായിത്തീർന്നു. അപ്പോഴേക്കും വൈ ദ്യന്മാരും മന്ത്രവാദികളും പ്രശ്നക്കാരുമൊക്കെ എത്തി അവരുടെ വിദ്യ കളേ പലവിധം പ്രകടിപ്പിച്ചുതുടങ്ങി. സംഖ്യയില്ലാതെ വൈദ്യന്മാരും മന്ത്രവാദികളും വരികയും അവർപറിച്ച വിദ്യകളെല്ലാം പ്രയോഗിച്ചു നോക്കുകയും ചെയ്തിട്ടും തമ്പുരാനു വേദനയ്ക്ക് ഒരു കുറവും ഉണ്ടായില്ലെ ന്നു തന്നെയുമല്ല, ക്രമേണ കൂടുതലായിക്കൊണ്ടുമിരുന്നു. ഒടുക്കം വൈ ദ്യന്മാരും മന്ത്രവാദികളുമെല്ലാം അസാദ്ധ്യമെന്നു നിശ്ചയിച്ചു പിൻമാറി. ഒരു നിവൃത്തിയുമില്ലെന്നായിത്തീർന്നു. അങ്ങിനെയിരിക്കുമ്പോൾ നല്ല ബുദ്ധിമാനും സൂക്ഷ്മഗ്രാഹിയും ആലോചനാശക്തിയുള്ളയാളുമായ ഒരുവി ദ്വാൻ സാമൂതിരിപ്പാട്ടിലെ തിരുമുമ്പാകെ ചെന്ന് ആലസ്യത്തിന്റെ വിവരമെല്ലാം ചോദിച്ചറിഞ്ഞു. ഉടനെ അയാൾ "ഈ വേദന ഞാ ൻ ഭേദമാക്കാം. ഇതിനു വിശേഷിച്ചൊന്നും വേണ്ട. ഒരു തോർത്തുമു ണ്ടു നനച്ചു പിഴിഞ്ഞ് ആ വേദനയുള്ള സ്ഥലത്തു വെച്ചാൽ ക്ഷണത്തി ൽ വേദന ഭേദമാകും" എന്നു പറഞ്ഞു. ഇതുകേട്ടിട്ടു ഫലിക്കുന്ന പ്ര യോഗമാണെന്നുള്ള വിശ്വാസം സാമൂതിരിപ്പാട്ടു തമ്പുരാനെന്നല്ല, അ വിടെ ആർക്കും തന്നെയുണ്ടായില്ല. എങ്കിലും വേദനയുടെ ദുസ്സഹത്വം കൊണ്ട് ഇതും ഒന്നു പരീക്ഷിച്ചുനോക്കിയേക്കാം എന്നുവിചാരിച്ചു തമ്പു രാൻ അപ്രകാരം ചെയ്തു. മുണ്ടു നനച്ചുപിഴിഞ്ഞു വലത്തേത്തോളിൽ വെച്ചു മാത്രനേരം കഴിഞ്ഞപ്പോൾ വേദന അശേഷം മാറി തമ്പുരാനു നല്ല സുഖമായി. അപ്പോൾ ആ വിദ്യ പറഞ്ഞുകൊടുത്ത വിദ്വാന്റെ പേരിൽ തമ്പുരാനു വളരെ സന്തോഷവും ബഹുമാനവും ഉണ്ടായി എ ന്നുള്ളതു പറയേണ്ടതില്ലല്ലൊ. ഉടനെ തമ്പുരാൻ ആ വിദ്വാനു വീരശൃം ഖല മുതലായ സമ്മാനങ്ങൾ കൊടുത്തു സന്തോഷിപ്പിക്കയച്ചു. കുറച്ചു സമയം കഴിഞ്ഞപ്പോൾ ഈ സംഗതികളെല്ലാം ദിവാൻജി കേട്ടു. എ റ്റവും സഹൃദയനും ബുദ്ധിമാനുമായ ദിവാൻജിക്ക് ഈ വർത്തമാനം കേട്ടപ്പോൾ അസൂയയുള്ള മനസ്സുപോരാതെവന്നു. ഉടനെ ദിവാൻജി

Digitised By Kerala Sahitya Akademi

"അയ്യോ! കായ്യം തെറ്റിയല്ലോ" എന്നു പറഞ്ഞു് വിഷാദത്തോടുകൂടി പുറപ്പെട്ടു. ആരെയോ അന്വേഷിക്കുന്നതുപോലെ പല സ്ഥലങ്ങളിൽ ചുറ്റിനടന്നു് കുറെ സന്ധ്യയോടുകൂടി അങ്ങാടിയിൽ ചെന്നുചേർന്നു. അപ്പോൾ അവിടെ സർവ്വാംഗസുന്ദരിയായ ഒരു യുവതി നിൽക്കുന്നതു കണ്ടു്, അവളുടെ അടുക്കൽചെന്നു വിനയസമേതം "എനിക്കു നിങ്ങളോടു് അത്യാവശ്യമായി ഒരു സഹായം പറയാനുണ്ടു്" എന്നു പറഞ്ഞു. 'എന്താണെന്നുവെച്ചാൽ പറയാമല്ലോ' എന്നു സ്ത്രീ പറഞ്ഞു. അപ്പോൾ ദിവാൻജി ഒരു പരിഭ്രമഭാവത്തോടുകൂടി "അയ്യോ! എന്റെ മുദ്ര ഞാൻ കമ്മേരിയിൽവെച്ചു മറന്നിട്ടാണു് പോന്നതു്. ഞാൻ ചെന്നു് അതെടുത്തുകൊണ്ടു ക്ഷണത്തിൽ വന്നേക്കാം. അതുവരെ നിങ്ങൾ ദയചെയ്തു് ഇവിടെ നിൽക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. എനിക്കു പറയാനുള്ളതു് കുറച്ചാവശ്യകായ്യമാകയാൽ ഞാൻ വന്നു് അതു പറയാതെ നിങ്ങൾ പൊയ്കളയരുതു്" എന്നു പറഞ്ഞു. "നിങ്ങൾ തിരിച്ചുവരുന്നതുവരെ ഞാൻ ഇവിടെത്തന്നെ നിൽക്കാം" എന്നു സ്ത്രീ സമ്മതിച്ചുപറഞ്ഞു. "അങ്ങിനെ സാധാരണയായിപ്പറഞ്ഞാൽ പോരാ. ഞാൻ തിരിച്ചുവന്നല്ലാതെ പോവുകയില്ലെന്നു നിങ്ങൾ സത്യം ചെയ്യണം" എന്നു ദിവാൻജി വീണ്ടും നിർബന്ധിക്കുകയാൽ സ്ത്രീ അപ്രകാരം സത്യം ചെയ്കയും ദിവാൻജി പോവുകയും ചെയ്തു.

ഉടനെ ദിവാൻജി വിഷാദത്തോടുകൂടി സാമൂതിരിപ്പാടു തമ്പുരാന്റെ തിരുമുമ്പാകെചെന്നു "ഇപ്പോൾ തിരുമേനിക്കു സുഖമായിരിക്കുന്നുവല്ലേ?" എന്നു ചോദിച്ചു. ഉടനെ തമ്പുരാൻ "നല്ല സുഖമായി. ചികിത്സയുടെ വിവരമൊക്കെ കേട്ടിരിക്കുമല്ലോ. ആ പ്രകൗശലം പറഞ്ഞുതന്നയാൾ യോഗ്യൻതന്നെ. സംശയമില്ല" എന്നു കല്പിച്ചു. അപ്പോൾ ദിവാൻജി "അയാൾ യോഗ്യൻതന്നെ. കായ്യം പറഞ്ഞിച്ചുവല്ലോ. അതു ലോപിക്കാതെ അയാൾ പറഞ്ഞതുപോലെ കല്പിച്ചു ചെയ്തതു വല്ലാത്ത കഷ്ടമായിപ്പോയി. ഇനി അതു പറഞ്ഞിട്ടും വിചാരിച്ചിട്ടും പ്രയോജനമില്ലല്ലോ. തിരുമേനിക്കുണ്ടായിരുന്ന ആലസ്യത്തിന്റെ കാരണം അവിടുന്നു് അറിഞ്ഞിരുന്നു എങ്കിൽ ഇങ്ങിനെ ചെയ്കയില്ലായിരുന്നു. ഇവിടെ ഇത്രമാത്രം ഐശ്വര്യം വർദ്ധിച്ചതു തിരുമേനിയിൽ ലക്ഷ്മീഭഗവതിയുടെ അധിവാസമുണ്ടായിരുന്നതിനാലാണു്. ദാരിദ്ര്യലക്ഷ്മി അവിടുത്തെ വലത്തേത്തോളിൽ തൃത്തം ചെയ്തുകൊണ്ടിരുന്നതിനാലാണു് അവിടേക്കു സഹിക്കവഹിയാതേകണ്ടുള്ള ശത്രുതയുണ്ടായതു്. ഈവക മുണ്ടു വലത്തേത്തോളിൽ വെക്കുന്നതുപോലെ അശ്രീകരമായിട്ടു മറ്റൊന്നുമില്ല. അങ്ങിനെ ചെയ്യുമ്പോൾ ചെയ്യുന്ന ആളുടെ ദേഹത്തിൽനിന്നു ലക്ഷ്മീഭഗവതി ഉടനെ വിട്ടുമാറുകയും ജ്യേഷ്ഠാഭഗവതി ആ സ്ഥാനത്തു ബാധിക്കുകയും ചെയ്യും. ഈ തത്ത്വവും തിരുമേനിയുടെ ആലസ്യ

Digitised By Kerala Sahitya Akademi

ത്തിന്റെ കാരണവും അറിഞ്ഞിരുന്നതിനാലാണ് ആ വിദ്വാൻ ഈ ഉപായം പറഞ്ഞുതന്നത്. ഇതു നമ്മുടെ കാലദോഷംകൊണ്ടുണ്ടായതാണ്. ഇനി പറഞ്ഞിട്ടു കാര്യമില്ല. ലക്ഷ്മീദേവി ഇവിടെ നിന്നിറങ്ങിയെങ്കിലും രാജ്യംവിട്ടുപോകാതെയിരിക്കാൻ അടിയൻ ഒരുപായം പ്രയോഗിച്ചിട്ടുണ്ട്. അതിനാൽ അടിയറവിനി ജീവിച്ചിരിക്കാൻ നിവൃത്തിയില്ല" എന്നു പറഞ്ഞു ദിവാൻജി തിരുമുമ്പാകെ നിന്നു വേഗത്തിൽ ഇറങ്ങിപ്പോവുകയും ഉടനെ ആത്മഹത്യ ചെയ്കയും ചെയ്തു. ദിവാൻജി സത്യം ചെയ്തിച്ച് അങ്ങാടിയിൽ നിർത്തിയ സ്ത്രീ സാക്ഷാൽ മഹാലക്ഷ്മി തന്നെ ആയിരുന്നു എന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലൊ. ദിവാൻജി തിരിച്ചു വന്നു കാണാതെ പോകാൻ പാടില്ലാത്തതിനാൽ ലക്ഷ്മീദേവി ഇന്നും കോഴിക്കോട്ടങ്ങാടിയിൽ നില്ക്കുന്നുണ്ടെന്നാണ് വിശ്വാസം. കോഴിക്കോട്ടങ്ങാടിയുടെ ഐശ്വര്യം ഇന്നും നശിക്കാതെ വർദ്ധിച്ചുകൊണ്ടിരിക്കുന്നതും സന്ധ്യാസമയത്തുതന്നെ നോക്കിയാൽ ആ സ്ഥലത്തിനു വിശേഷാൽ ഒരു ശ്രീയുണ്ടായിരിക്കുന്നതായി കാണപ്പെടുന്നതും അവിടെ ലക്ഷ്മീദേവിയുടെ അധിവാസമുണ്ടായിട്ടാണെന്നുള്ള ഇതിഹാസത്തിൽ എന്തോ ചില വാസ്തവമുണ്ടെന്ന് ആക്ഷം തോന്നിപ്പോകത്തക്കവണ്ണം ഐശ്വര്യവും സന്ധ്യാസമയത്ത് ഒരു വിശേഷഭംഗിയും ആ അങ്ങാടിക്ക് ഇന്നും കണ്ടുവരുന്നുണ്ട്.

കാന്തന്റെ സൂക്ഷ്മസ്ഥിതി ദിവാൻജി പറഞ്ഞതു മനസ്സിലായപ്പോൾ സാമൂതിരിപ്പാടു തമ്പുരാൻ അത്യന്തം വ്യസനിക്കുകയും പശ്ചാത്തപിക്കുകയും ചെയ്തു. "അതിതീക്ഷ്ണാനുശയേനകിം സ്യാദ്ശേഷവിദ്വജ്ജനഗർഹിതസ്യ". ഈ സംഗതി നടന്നിട്ടു വളരെ താമസിയാതെ തന്നെ സാമൂതിരിപ്പാടു തമ്പുരാന്റെ രാജലക്ഷ്മി (രാജ്യാധിപത്യം) അന്യാധീനപ്പെട്ടുപോകയുംചെയ്തു.

൨൨ കിടങ്ങൂർ കണ്ടങ്കോരൻ

തിരുവിതാംകൂർ സംസ്ഥാനത്തുള്ള പ്രസിദ്ധക്ഷേത്രങ്ങളിൽവെച്ചു ഒട്ടും അപ്രധാനമല്ലാത്തതായി, ഏറ്റുമാനൂർ താലൂക്കിൽ, കിടങ്ങൂർ ദേശത്ത് ഒരു സുബ്രഹ്മണ്യക്ഷേത്രമുണ്ട്. ഇതു കിടങ്ങൂർ ഗ്രാമത്തിലുൾപ്പെട്ട ചില നമ്പൂതിരിമാരുടെ ഊരാണ്മക്ഷേത്രമാണ്. ഇവിടെ "കണ്ടങ്കോരൻ" എന്നപ്രസിദ്ധനായിട്ട് ഒരു കൊമ്പനാനയുണ്ടായിരുന്നു. ആകൃതികൊണ്ടും പ്രകൃതികൊണ്ടും തത്തുല്യനായൊരാന വേറെ ഒരു ദിക്കിലും ഉണ്ടായിരുന്നതായും ഉള്ളതായും കേട്ടുകേൾവിപോലുമില്ല. ഈ ആനയ്ക്കു വലിപ്പവും ഭംഗിയും പ്രസിദ്ധനായിരുന്ന വൈക്കത്തെ തിരുനീലകണ്ഠനാനക്കാൾ വളരെ അധികമുണ്ടായിരുന്നു. തിരുനീലകണ്ഠനാനയ്ക്കാൾ ഇവനു പൊക്കവും കൂടുതൽ വീതിയും ഒരു മുഴത്തിൽ കുറയാതെ ഉണ്ടായിരുന്നു എന്നാ

Digitised By Kerala Sahitya Akademi

ണ്" കേട്ടിരിക്കുന്നത്". തലയെടുപ്പും ഒട്ടും കുറവല്ലായിരുന്നു. മുന്പോട്ട വളഞ്ഞുള്ള ആ വലിയ കൊമ്പുകളുടെ ഭംഗിയും തിരുവിലകണ്ണനേക്കാൾ വലുപ്പം അധികമുണ്ടായിരുന്നു, പിഴറെന്നുള്ളിച്ചാലുള്ള ഭംഗിയും അങ്ങിനെതന്നെ.

ഈ ആനയുടെ ബുദ്ധിവിശേഷമാണ് ഇതിലെല്ലാത്തിനെയും വിസ്മയനീയമായിട്ടുള്ളത്. സാധുക്കളും ദുർബലന്മാരുമായ മനുഷ്യരെ ഉപദ്രവിച്ചു ജീവിക്കുവാനായി കാണുന്നതിനു പ്രയാസമുണ്ട്. അവൻ മദം പിടിച്ചുള്ള സമയങ്ങളിൽപ്പോലും യാതൊരാളുകളെയും കൊന്നിട്ടില്ല. കുട്ടിയാനകളെ കുന്തംകൊണ്ടു കുത്തുകയെന്നുള്ള സന്പ്രദായവും കണ്ടങ്കോരനുണ്ടായിരുന്നില്ല. ഒരാൾ അറിഞ്ഞുകൂടാതെ കുട്ടികൾപോലും അടുത്തുചെന്നാൽ യാതൊരുപദ്രവവും അവൻ ചെയ്കയില്ല. അത്ര സാധുവാണെങ്കിലും ഏതൊരാനക്കാരൻറെയും കല്പനയെ അവൻ അനുസരിക്കാതിരിക്കുകയില്ല. ആനക്കാരന്മാരെല്ലാം അവനോടു അടിപ്രായം അറിഞ്ഞു നടന്നുകൊള്ളണം എന്നായിരുന്നു അവനോടുള്ള ഭാവം. സാധാരണ ആനകളെപ്പോലെ കണ്ടങ്കോരനെ അടക്കുക പതിവില്ല. അതിനവൻ സമ്മതിക്കയുമില്ല. യഥേഷ്ടം നടക്കുന്നതിനു അവനെ വിട്ടേക്കുകയാണ് പതിവ്. എന്നാൽ രാത്രിസമയങ്ങളിൽ വല്ലപ്പുടവും പോയി കിടന്നുകൊള്ളും, അല്ലാതെ യാതൊരുപദ്രവവും ചെയ്കയില്ല. ക്ഷേത്രത്തിനു വടക്കുഭാഗത്തുള്ള പുഴയിൽ ഒരു വലിയ കയമുണ്ട്. പകൽസമയം മിക്കവാറും ആ കയത്തിലാണ് അവൻറെ കിടപ്പ്. പോത്തുകളോടും എരുമകളോടും കണ്ടങ്കോരനു വലുതായ സ്നേഹമായിരുന്നു. അവൻ കിടക്കുന്ന കയത്തിൽ വല്ലതരം പോത്തുകളും എരുമകളും ചെന്നുകൂടുക പതിവായിരുന്നു. എന്നാൽ അവയ്ക്കു തിന്നാനൊന്നും കിട്ടാതെ വിശന്നിരിക്കുന്ന സമയങ്ങളിൽ കണ്ടങ്കോരൻ അവയെയെല്ലാം കരയ്ക്കുകൊണ്ടുപോകും. കിടങ്ങൂർ കരയ്ക്കുകയറി ധാരാളമുള്ള പ്രദേശമേതാണ്, വഴിയാക്കുന്നതെന്നു കരുതുകയുണ്ടായാൽ സ്ഥലം ധാരാളമുണ്ട്. എങ്കിലും ഒരു വേലി കുറെ പൊളിച്ചു, പോത്തുകളേയും എരുമകളേയും വേലിക്കകത്തു കടത്തി, ആ വേലിമുറിക്കൽ കണ്ടങ്കോരനും വിട്ടുകൊടുക്കും. എരുമകളേയും മറ്റും അടിച്ചുകയറ്റുവാനായി വല്ലവരും വന്നാൽ, അവരോടു കണ്ടങ്കോരൻ പറയുന്നതു്. എങ്കിലും അതിനെയും ഉപദ്രവിക്കയില്ലെന്നാണ്. കണ്ടങ്കോരൻ പറഞ്ഞതുകഴിഞ്ഞാൽ ഉടനെ എല്ലാവരും പോത്തുകളും എരുമകളും തിന്നു വിശന്നുകഴിഞ്ഞതായാൽ അവയെയെല്ലാം കൂട്ടിക്കൊണ്ടു് ആ കയത്തിലേക്കുതന്നെ പോരികയുംചെയ്യും. എന്നാൽ കണ്ടങ്കോരൻ ഒരു കാരിയുംപോലും തിന്നുകയുമില്ല. അവനു പതിവുള്ള തിറി അതാതവരെക്കൊണ്ടു് വാങ്ങിക്കൊടുത്തുകൊള്ളണം. ദിവസംതോറും ക്ഷേത്രത്തിൽനിന്നും പതിവുള്ള ചോറും പായസവും കൊടുത്തുകഴുകണം വേണം. അല്ലാതെ പരോപദ്രവംചെയ്യുന്നതിനൊന്നും തിന്നുക പതിവില്ല.

Digitised By Kerala Sahitya Akademi

ഒരുദിവസം രാത്രിയിൽ കണ്ടങ്കോരൻ ആ കയത്തിൽ കിടക്കുമ്പോൾ, ഇഞ്ചി, മഞ്ഞൾ, നാളികേരം, അടയ്ക്ക മുതലായ സാമാനങ്ങൾ കയറിയ ഒരു വഞ്ചി കിഴക്കുനിന്ന് ഒഴുക്കു താഴ്ന്നിവന്നു. അവൻ അവിടെ കിടക്കുന്നതു വഞ്ചിക്കാർ അറിഞ്ഞിട്ടില്ല. വഞ്ചികൊണ്ടുവന്ന കണ്ടങ്കോരന്റെ മണ്ണെ കയറി. അവൻ വഞ്ചി പിടിച്ചുവിടെ മുക്കി, എല്ലാമടിച്ചു പൊടിച്ചുകളഞ്ഞു. വഞ്ചിക്കാരെല്ലാം പേടിച്ചു വെള്ളത്തിൽചാടി നീന്തിക്കരി ഓടിക്കളഞ്ഞു. അവൻ അവരെ ഒന്നും ചെയ്തില്ല. അന്നുമുതൽ കണ്ടങ്കോരനു വഞ്ചിക്കാരോടും വഞ്ചിക്കാരൊരോടും ബദ്ധവൈരമായിത്തീർന്നു. പിന്നെ അവൻ കയത്തിൽ കടക്കുമ്പോൾ ആ വഴിയിൽകൂടി ഒരു വഞ്ചിയും കടത്തിവിടാതെയായി. വഞ്ചികണ്ടാൽ അടിച്ചുപൊടിക്കും. അതിനാൽ വഞ്ചിക്കാർ കണ്ടങ്കോരന്റെ കാലംകഴിയുന്നതുവരെ അവൻ കയത്തിൽ ഇപ്പോൾത്തന്നെയും നോക്കിയല്ലാതെ വഞ്ചി കടത്തിക്കൊണ്ടുപോയിട്ടില്ല. കഴക്കുനിന്നു പടിഞ്ഞാട്ടും പടിഞ്ഞാറുനിന്നു കിഴക്കോട്ടും പോകുന്ന വഞ്ചികൾ ആ കയത്തിന്റെ വളരെ ദൂരെ മുകളിലും താഴേയും വന്നടുത്തു കെട്ടി, വഞ്ചിക്കാർ കരയ്ക്കിറങ്ങിവന്നു നോക്കി, വിവരമറിഞ്ഞല്ലാതെ കടന്നുപോകുക പതിവില്ല. കണ്ടങ്കോരനെ കയത്തിൽ കാണാതെയിരിക്കാനായിട്ടു കിടങ്ങൂർ സുബ്രഹ്മണ്യസ്വാമിക്കു സകല വഞ്ചിക്കാരും അന്നു വഴിപാടുകൾ കൊടുക്കാറുണ്ടു്. അങ്ങിനെയുണ്ടായ മുതൽകൊണ്ടു കിഴക്കേനടയിൽ ഒരു ദീപസ്തംഭമുണ്ടാക്കീട്ടുള്ളതു് ഇന്നും നിലകൊള്ളുന്നുണ്ടു്.

ക്ഷേത്രത്തിൽ എഴുന്നെള്ളിക്കാറാകുമ്പോൾ കണ്ടങ്കോരനെ ആനക്കാരന്മാർ വിളിച്ചോ പാടിച്ചോ കൊണ്ടുവരിക പതിവില്ല. എഴുന്നെള്ളിക്കുന്നതിനു പാണികൊട്ടുന്നതു കേട്ടാൽ, അവൻ സ്വയമേവ കയത്തിൽനിന്നു കയറി കൊടിമരത്തിൻചുവട്ടിൽ ഹാജരാകും. തലയിൽകെട്ടു കെട്ടിക്കുന്നതിനായി ആനക്കാരന്മാർ ചെന്നാൽ പിൻഭാഗത്തുകൂടി കയറിക്കൊള്ളുന്നതിനു കാൽ പൊക്കിക്കൊടുക്കും. അതിലെ കേറി, തലയിൽ കെട്ടുകെട്ടിച്ചു്, അതിലെതന്നെ ഇറങ്ങിക്കൊള്ളുകയാണു പതിവു്. അങ്ങിനെയാണ് അവന്റെ ഏർപ്പാടു്. എഴുന്നെള്ളിക്കുന്ന ഒരാളുടെയും വേറെ ആരും മുൻഭാഗത്തുകൂടി കേറുന്നതിനു് അവൻ സമ്മതിക്കയില്ല. എഴുന്നെള്ളിക്കുന്നതിനു് ആരും പറയാതെതന്നെ കാൽ മടക്കിക്കൊടുക്കുകയും തൊഴുകയും കുടയാലുവട്ടം വെൺചാമര എന്നിവയുമായി നടക്കുന്നവരും മുറകിൽകൂടിവേണം കയറുവാൻ ശീലിച്ചതു്, വിളക്കുമുതലായതിനു് എഴുന്നെള്ളിക്കുമ്പോൾ കാച്ച വേഗം നടക്കുന്നതിനോ പാത്തുക്കെ നടക്കുന്നതിനോ ആ പക്കക്കാരന്മാർ ഉത്സാഹിപ്പിച്ചാൽ ഒന്നും അവൻ അനുസരിക്കയില്ല; അവനൊരു നിശ്ചയമൊക്കെയുണ്ടു്; അതുപോലെ ഒക്കെ നടക്കും. അവന്റെ നിശ്ചയം ഒട്ടു തരക്കെടുപ്പുള്ളതായിരുന്നതാനും. ചെണ്ടമേളത്തിനും മറ്റും ഒരുത്തരാരെയും നില്ക്കുകയില്ല. ഇന്നിന്ന സ്ഥലങ്ങളിൽ ഇത്രയിത്ര താമസിച്ചു് എന്നൊരു നിശ്ചയമുണ്ടു്. അതുപോലെയൊക്കെത്താമസിക്കും.

Digitised By Kerala Sahitya Akademi

അതുപോലെതന്നെ നാഗസ്വരപ്രക്ഷിണത്തിനും അവിടെ ഒരു പതിവുണ്ട്. അപ്രകാരംതന്നെ ഉത്സവത്തിൽ രണ്ടാംദിവസത്തേക്കാൾ മൂന്നാം ദിവസം കുറച്ചധികം താമസിക്കും. അതിനേക്കാളധികം വിശേഷദിവസം താമസിക്കും. അങ്ങിനെ ഉത്സവത്തിന്റെ കേമത്തം കൂടിവരുന്ന ക്രമത്തിനു തക്കവണ്ണമൊക്കെ അവൻ നില്ക്കും. പള്ളിവേട്ട, ആറാട്ട് ഇങ്ങിനെയുള്ള ദിവസങ്ങളിൽ യഥാക്രമം വെളിപ്പാൻകാലമാകുന്നതുവരെ നില്ക്കുന്നതിന് അവനൊരു വിരോധവുമില്ല. അതിനൊന്നും ആരും പറയേണ്ട. ഒക്കെ അവനറിയാം. എന്നാൽ ഒരുദിവസം വിളക്കോ ശീവേലിയോ കുറച്ചു വേഗം കഴിച്ചുകളയാമെന്നു വിചാരിച്ചാൽ, അവൻ സമ്മതിക്കയില്ല. അവൻ നടക്കാതെ എന്തുചെയ്യും? അപ്രകാരംതന്നെ ഒരുദിവസം പതിവിൽ കുറച്ചധികം വിസ്തരിച്ചുവേണമെന്നുവെച്ചു പതിവിൽ അധികം താമസിക്കുന്നും കണ്ടങ്കോരൻ സമ്മതിക്കയില്ല, പതിവുള്ള സമയമായാൽ അവനങ്ങോട്ടു നടന്നുതുടങ്ങും. പിന്നെ വാദ്യക്കാർ മുതലായവർ നടക്കുകയല്ലാതെ എന്തുചെയ്യും? ഉത്സവത്തിൽ ഓരോ ദിവസത്തെ വിളക്കിനു പതിവിൻപടിയുള്ള വെളിച്ചെണ്ണ അളന്നെടുത്താൽ പതിവുപോലെയുള്ള തീവെട്ടിയുണ്ടായാൽ വിളക്കുകഴിയുമ്പോൾ ശരിയിട്ടിരിക്കും. വെളിച്ചെണ്ണ പതിവിൽ കുറച്ചധികമെടുത്താൽ വിളക്കു കഴിയുമ്പോൾ അധികമെടുത്തതധികമുണ്ടായിരിക്കും. കുറച്ചെടുത്താൽ കുറവുള്ളതുകൂടെ എടുക്കാതെ തികയുകയുമില്ല. അത്ര കണിശമാണ് കണ്ടങ്കോരന്റെ കാര്യം. കണ്ടങ്കോരനുണ്ടായിരുന്ന കാലത്തു വിളക്കുവകയ്ക്കുള്ള വെളിച്ചെണ്ണയ്ക്കു കള്ളക്കണക്കെഴുതാൻ ദേവസ്വക്കാരുടെ കഴിഞ്ഞിട്ടില്ല. എന്നെങ്കിലും വ്യത്യാസംചെയ്താൽ ഉടനെ വെളിപ്പെട്ടുപോകും. കണ്ടങ്കോരൻ നേരുനീക്കം വരുത്തുകയില്ലെന്നു സർവ്വസമ്മതമാണ്. കണ്ടങ്കോരന്റെ സ്വഭാവഗുണത്തിനു ദൃഷ്ടാന്തമായി അനേകസംഗതികളുണ്ടായിട്ടുള്ളതിൽ ഒന്നുപറയാം. ഒരുദിവസം ശീവേലികഴിഞ്ഞു കണ്ടങ്കോരൻ ഒരിടവഴിൽ കൂടിപ്പോകുമ്പോൾ, ഒരു കോണേതിരിയുന്ന ഭിക്കിൽവെച്ച് ഒരു വയോധികയായ അന്തർജ്ജനവുമായി തൊട്ടുതൊട്ടില്ല എന്ന വിധത്തിൽ അടുക്കുന്നതിനിടയായി. ആനയെ അടുത്തുകണ്ടപ്പോഴേക്കും ആ വൃദ്ധയായ അന്തർജ്ജനം പേടിച്ചുവിറച്ച് അവിടെ വീണു. പിന്നാലെ തുണയായി വന്നിരുന്ന അമ്പിട്ടപ്പണ്ണൻ പേടിച്ചു പിന്നാക്കം ഓടിപ്പോയി. ആനയ്ക്കു പോകുന്നതിനും തിരിഞ്ഞുപോരുന്നതിനും ആ ഇടുക്കുവഴിക്കു വിസ്താരമില്ലായിരുന്നു. കണ്ടങ്കോരൻ കുറച്ചുസമയം അവിടെനിന്നു. എന്നാലും അന്തർജ്ജനം എണീറ്റുമാറായ്കയാൽ അവൻ അവരെ പതുക്കെയെടുത്ത് ഒരുവശത്തുള്ള കയ്യാലയുടെ മുകളിലേക്കുവെച്ചു. അന്തർജ്ജനത്തിന്റെ കുടയും എടുത്തങ്ങോട്ടുവെച്ച്, അവൻ നേരെ പോവുകയും

Digitised By Kerala Sahitya Akademi

ചെയ്തു. ആനക്കാരന്മാർ ആരും കൂടെയില്ലായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ആ അന്തർജ്ജനത്തിനു ലവലേശം ബുദ്ധിയുണ്ടായില്ല. ഇതും ബുദ്ധിഹീനം എന്താണാവുന്നത്? ആന കടന്നുപോയി, കുറച്ചുകഴിഞ്ഞപ്പോൾ അന്തർജ്ജനവും പത്തുപതിനേഴു കൂടയുമെടുത്തു പോവുകയും ചെയ്തു. ഇങ്ങിനെ അവരുടെ അത്യന്തകർമ്മങ്ങൾ വ്യത്യസ്തമായുണ്ട്.

കണ്ടങ്കോരനെ തടിപിടിപ്പിക്കുവാൻ പലരും കൊണ്ടുപോവുകപതിവുണ്ട്. എത്ര വണ്ണവും എത്ര നീളവും ഉണ്ടായാലും അവനു പിടിക്കാൻ വയ്യാത്ത ഒരു തടിയില്ല. വക കെട്ടിക്കൊടുത്താൽ ഏതുതടിയും അവൻ കൊണ്ടുപോകും. എന്നാൽ അതും അവന്റെ മനസ്സുകൂടാതെ ആരു വിചാരിച്ചാലും പറകയില്ല. ആനക്കാരന്മാർക്കും ദേവസ്വത്തിലേക്കും വല്ലതും മുൻപ്രകാരം കൊടുക്കുന്നതുകൂടാതെ, കണ്ടങ്കോരനുകൂടി വല്ലതും കൊടുക്കാതെ അവനെക്കൊണ്ടൊരു തടി പിടിപ്പിപ്പാൻ ആരു വിചാരിച്ചാലും സാധിക്കയില്ല. എന്നാൽ ആനക്കാരന്റെ മനസ്സുകൂടാതെ കഴിയുമോ, അതുമില്ല. അഞ്ചാറാനക്കാരന്മാരുണ്ടായിരുന്നു എങ്കിലും അവരിൽ പ്രധാനമായി ഒരുത്തനുണ്ട്. അവൻ കൂടെയില്ലാതെ കണ്ടങ്കോരൻ ആ കിടങ്ങൂർക്ഷേത്രത്തിൽനിന്നു കാൽനാഴിക തികച്ചു ദൂരെ പോവുകയില്ല; യാതൊരു തടിയും പിടിക്കയുമില്ല. അതിനാൽ ദേവസ്വക്കാരുടെ സമ്മതം വാങ്ങിയതിനുശേഷം ആനക്കാരനു വല്ലതും കൊടുത്ത് അവനേയും സമ്മതിപ്പിക്കേണം. പിന്നെ കണ്ടങ്കോരന് ഇന്നതു കൊടുക്കാമെന്ന് ഒരു ഉടമ്പടിയും പറയേണം. കണ്ടങ്കോരനുള്ളതു തടിപിടിച്ചു പറയുന്ന സ്ഥലത്തുവെച്ചതിന്റെശേഷം കൊടുത്താൽമതി. തടി പിടിച്ചുകഴിഞ്ഞാൽ ഉടനെ കൊടുത്തില്ലെങ്കിൽ തടി തിരിയെ പിടിച്ചു മുമ്പു കിടന്നിരുന്നടിക്കിൽ കൊണ്ടുചെന്നിടും. അങ്ങിനെയാണ് കണ്ടങ്കോരന്റെ പതിവ്. പിടിക്കാനുള്ള തടിയുടെ നീളവും വണ്ണവും പിടിച്ചാൽ കൊടുക്കുന്ന പ്രതിഫലവും ആദ്യമേ പറയേണം. അപ്പോൾ കണ്ടങ്കോരൻ സമ്മതിച്ചാലും ഇല്ലെങ്കിലും ശിരഃകമ്പനം, ഗർജ്ജിതം മുതലായവകൊണ്ട് അവൻ അറിയിക്കും. സമ്മതിച്ചില്ലെങ്കിൽ, കുറച്ചുകൂടി വല്ലതും കൊടുക്കാമെന്നു പറഞ്ഞാൽ അപ്പോൾ സമ്മതിച്ച് അവൻ നല്ലപോലെ തലകുലുക്കും.

കണ്ടങ്കോരന്റെ പ്രതിഫലം സാധാരണ പഴക്കുല, നാളികേരം, ശർക്കര, പായസം മുതലായവയാണ്. ഒരിക്കൽ ഒരാൾ ഒരു വലിയ തടി പിടിക്കുന്നതിനാവശ്യപ്പെട്ടപ്പോൾ പതിവുപോലെ ദേവസ്വക്കാരും ആനക്കാരനും സമ്മതിച്ചു. "കണ്ടങ്കോരനെന്തു കൊടുക്കു"മെന്നാനക്കാരൻ ചോദിച്ചു. "പത്തുകുല റൂവൻപഴവും, പത്തു നാളികേരവും, ഒരു തുലാം ശർക്കരയും കൊടുക്കാ"മെന്ന് ആവശ്യക്കാരൻ പറഞ്ഞു. ഉടനെ ആനക്കാരൻ പതി

Digitised By Kerala Sahitya Akademi

വുപോലെ കണ്ടങ്കോരന്റെ അടുക്കൽചെന്ന്, "എന്താ മക്കളെ! ഇയ്യാ ൦ക്ക് ഒരു തടിപിടിക്കാനുണ്ട്" അത്ര പിടിച്ചുവെച്ചു കൊടുക്കാമോ? ദിനം ക്ഷ പത്തു പൂവൻകുലയും, പത്തു നാളികേരവും, ഒരു തുലാം ശർക്കരയും താരാമെന്നു പറയുന്നുണ്ട്. എന്റെ മക്കൾ അതു പിടിച്ചുവെച്ചു കൊടുക്കേണം" എന്നുപറഞ്ഞു. കണ്ടങ്കോരൻ സമ്മതിച്ചു തലകുലുക്കി. ഉടനെ ആനക്കാരോടു കൂടിപ്പോയി, തടിപിടിച്ചു പറഞ്ഞ സ്ഥലത്തു കൊണ്ടുചെന്നുവെച്ചു. അപ്പോൾ തടിയുടെ ഉടമസ്ഥൻ പറഞ്ഞിരുന്നതിൽ കുറേ കുറച്ചു പ്രതിഫലം കൊടുത്തുള്ളൂ. പത്തു പൂവൻകുലയെന്നു പറഞ്ഞിരുന്നത് അഞ്ഞൂറായി ആറായിപ്പോയി. കണ്ടങ്കോരൻ അതൊന്നും വാങ്ങിയില്ല. തടി തിരിയെ പിടിച്ചു വളരെ ആഴമുള്ള കിണറ്റിൽ കൊണ്ടുചെന്നിട്ടു. ഇന്നും ആ തടി ആ കിണറ്റിൽ കിടക്കുന്നുണ്ട്. തടി സാമാന്യത്തിലധികം വലിപ്പമുള്ള ഒന്നാംതരം അയനിയായിരുന്നു. എന്തുഫലം! കണ്ടങ്കോരനല്ലാതെ മറ്റൊരാൾ വിചാരിച്ചാലും ആ തടി പിടിച്ചുയർത്തിക്കാൻ പ്രയാസമുണ്ട്. അത്ര കൂറ്റനായിരുന്നു.

കണ്ടങ്കോരനു പടിക്കെട്ടിന്റെ കമ്പക്കാൽ നിവർത്തുന്നതിനു പ്രത്യേകം ഒരു വാസനയുണ്ടായിരുന്നു. പല ക്ഷേത്രങ്ങളിലും കണ്ടങ്കോരൻ നിവർത്തിയ കമ്പക്കാലുകൾ ഇന്നും നില്ക്കുന്നുണ്ട്. തെക്കുതടികൾ ആകയാൽ കേടുവന്നിട്ടില്ല. കമ്പക്കാലിനുള്ള തടിയും അതു നാട്ടാനുള്ള കുഴിയും തയാറാക്കിക്കൊണ്ടു കണ്ടങ്കോരനു വല്ലതും ഒരുടമ്പടി തീർച്ചയാക്കിയാൽ അവൻവന്നു നിവർത്തിക്കൊടുക്കും. കമ്പക്കാൽ നാട്ടാൻ കണ്ടങ്കോരൻ ചെന്നാലുടനെ തുമ്പിക്കൈകൊണ്ടു കുഴി തപ്പിനോക്കും. കുഴികുത്താഴ്ച പോരെങ്കിൽ, അവൻ ദൂരെ മാറിനില്ക്കും അപ്പോൾ കുഴി കുറച്ചുകൂടി താഴ്ത്തിക്കൊടുക്കേണ്ടതാണ്. മതിയെന്നവനു തോന്നിയാൽ ഉടനെ കമ്പക്കാൽ പിടിച്ചു കുഴിയിലിട്ടു നിവർത്തി, പിടിച്ചുകൊണ്ടുനില്ക്കും. ആളികൾ കല്ലും മണ്ണുമിട്ടിടിച്ചുറപ്പിച്ചു കഴിഞ്ഞല്ലാതെ അവൻ വിടുകയില്ല. ഇങ്ങിനെ കണ്ടങ്കോരന്റെ ദിവ്യതങ്ങൾ അനേകമുണ്ട് ഈ യോഗ്യനായ ആനപാരിഞ്ഞിട്ട് ഇപ്പോൾ അമ്പതു സംവത്സരത്തിൽ അധികമായിട്ടുണ്ടെന്നു തോന്നുന്നില്ല.

Digitised By Kerala Sahitya Akademi

Digitised By Kerala Sahitya Akademi